# ചിത്രയോഗം

അഥവാ

# താരാവലീചന്ദ്രസേനം

**മണിപ്രവാളമഹാകാവ്യം**


ഗ്രന്ഥകർത്താ

**വള്ളത്തോൾ നാരായണമേനോൻ**

ടിപ്പണിക്കാരൻ

**കുററിപ്പുറത്തു കിട്ടുണ്ണിനായർ**



*1090*

ഒന്നാം പതിപ്പ് കോപ്പി 1000



ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം
വ്യാജനിർമ്മിതമായിരിക്കും.
(പകർപ്പവകാശം ഗ്രന്ഥകർത്താവിന്നുതന്നെ)



Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പ് 1000 കോപ്പിക്ക്

അവകാശംവാങ്ങിയ

ടി. എം. ആർ. നെടുങ്ങാടിക്കുവേണ്ടി

കോട്ടക്കൽ

ലക്ഷ്മീസഹായം അച്ചുക്കൂടത്തിൽ

അച്ചടിച്ചത്.

1914

Digitized By Kerala Sahitya Akademi



വള്ളത്തോൾ നാരായണമേനോൻ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മുഖവുര

'ചിത്രയോഗ'മെന്ന ഈ കാവ്യം സോമദേവകവി ഉണ്ടാക്കിയ 'കഥാസരിൽസാഗരത്തിലെ' ശശാങ്കവതീലംബകത്തിൽ 34-ാം തരംഗം 41-ാം ശ്ലോകം മുതൽ 343-ശ്ലോകങ്ങളെക്കൊണ്ടു വിവരിച്ചിരിക്കുന്ന "മന്ദാരവതീസുന്ദരസേനകഥ"യെ അവലംബിച്ച് എഴുതിയതാണ്. കഥയുടെ ആകൃതിക്കു കാര്യത്തിൽ പറയത്തക്ക ഭേദഗതികളൊന്നും വരുത്തിട്ടില്ല. എന്നാൽ ദേശനാമങ്ങളും പാത്രനാമങ്ങളും മിക്കതും സൌകര്യമോ സൌഭാഗ്യമോ പ്രമാണിച്ചു ഭേദപ്പെടുത്തിയിട്ടുണ്ട്.

1086 വൃശ്ചികത്തിലാണ് പ്രസ്തുതകാവ്യം എഴുതുവാൻ തുടങ്ങിയത്. എങ്കിലും ഇടക്കു ദൈവദുർവ്വിലസിതത്താൽ നിഷ്ഫലമായി വേണ്ടിവന്ന ബാധിര്യചികിത്സയാലും മററും മുടക്കം നേരിട്ടതിനാൽ 88 മകരത്തിലേ എഴുതി അവസാനിപ്പിക്കുവാൻ കഴിഞ്ഞുള്ളു. അതിനു ശേഷവും, കേരളീയരെ ഒട്ടുക്കു ദുഃഖസാഗരത്തിൽ മുഴുകിച്ചുകൊണ്ട് ഇയ്യിടയിൽ യശശ്ശരീരശേഷനായി ഭവിച്ച മഹാമഹിമശ്രീ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്, പന്തളത്തു കേരളവർമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ട്, ഉള്ളൂർ എസ്. പരമേശ്വരയ്യരവർകൾ, കണ്ടൂർ നാരായണമേനോനവർകൾ മുതലായവർ സശ്രദ്ധം വായിച്ചു തനിക്ക് ഉത്സാഹവും വിശ്വാസവും ജനിക്കത്തക്കവണ്ണമുള്ള അഭിപ്രായം അറിയിക്കുന്നതുവരെ ഗ്രന്ഥകർത്താവു കാവ്യം പ്രസി

Digitized By Kerala Sahitya Akademi

ബദ്ധപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല. ഇത്തരം പ്രതിബന്ധങ്ങൾ ഇല്ലായിരുന്നെങ്കിൽ ചിത്രയോഗം ഇതിന്നെത്രയോ മുമ്പുതന്നെ അതിന്റെ സജാതീയസംഘത്തോടു ചേൎന്നു ശോഭിക്കുമായിരുന്നു. ഈ കാവ്യം വായിപ്പാൻ സദയം ശ്രമപ്പെട്ട തന്റെ അഭ്യുദയകാംക്ഷികളായ മേൽവിവരിച്ച മാന്യമഹാശയന്മാരോടെല്ലാം ഗ്രന്ഥകൎത്താവ് എത്രയും കൃതജ്ഞനാണ്.

പ്രൌഢസരസമായ പ്രസ്തുതമഹാകാവ്യത്തിന്നു വിസ്താരമേറിയ ഒരു വ്യാഖ്യാനം തന്നെ ആവശ്യമാണ്. എന്റെ ടിപ്പണി "ഞങ്ങാഴി തന്നക്കരെചാറവാൻ ഞാൻ ചങ്ങാടമേറിത്തുഴയുന്നു മോഹാൽ" എന്ന മഹാകവിവാക്യത്തെ സ്മരിപ്പിക്കുന്നതായിരിപ്പാനേ അവകാശമുള്ളൂ. ഈ വസ്തുത എനിക്കുതന്നെ അറിവുള്ളതാണ്. എങ്കിലും ഗ്രന്ഥവിസ്താരഭീരുവായ എനിക്ക് ഈ വിഷയത്തിൽ ഇതിലധികം കൃതാൎത്ഥതയ്ക്കു വഴിയില്ല.

കാറിപ്പുറത്തു കിട്ടുണ്ണിനായർ. (ഒപ്പ്)

12—10—914

Digitized By Kerala Sahitya Akademi

# ചിത്രയോഗം

## അല്ലെങ്കിൽ താരാവലീചന്ദ്രസേനം

ഒരു മണിപ്രവാളകാവ്യം

### ഒന്നാം സർഗ്ഗം

ധരാതലത്തിൽ, ധനപുഷ്ടിയൊത്തു-
ണ്ടൊ, രാഷ്ട്രദേശം നിഷധാഭിധാനം
ചിരാൽ വിളങ്ങുന്നു, കുബേരദിക്കാം
വരാംഗിയാൾ തൊട്ടൊരു പൊട്ടുപോലെ. ൧

ഒരുന്നതശ്രീപുരി മുന്നമുണ്ടാ-
യിരുന്നു പോല, ങ്ങളകാഖ്യയായി,
പെരുത്തു ശില്പങ്ങളുമൊത്തു, സാക്ഷാൽ
മരുൽപ്പുരത്തിന്റെ പകർപ്പുപോലെ. ൨

ധനാഭിവൃദ്ധിത്തികവൊത്തു, പുണ്യ-
ജനാഢ്യമായ്, ത്തുംഗവിമാനഭംഗ്യാ
അനാരതം മിന്നിയൊരപ്പുരത്തി-
ന്നനാർത്ഥമായീല, ളകാഭിധാനം. ൩

അനർഘസച്ചക്രമണിഞ്ഞു മേവു-
മനന്തഭോഗാസ്പദമാമതിങ്കൽ,

---

൧. കുബേരദിക്ക് = വടക്കേ ദിക്ക്.

൨. ശില്പങ്ങൾ = നല്ല പണിത്തരങ്ങൾ. മരുൽപ്പുരം = സ്വർഗ്ഗം.

൩. പുണ്യജനശബ്ദത്തിനു, സുകൃതികൾ എന്നും, യക്ഷന്മാരെന്നും; വിമാനശബ്ദത്തിനു, ഏഴുനിലമാളിക എന്നും, പുഷ്പകമെന്നും ഈ

Digitized By Kerala Sahitya Akademi

അനല്പമൃത്തോടളിവൎണ്ണനിൽപ്പോ-
ലനൎഗ്ഗളം ഭാൎഗ്ഗവി കേളിയാടി. ൪

ശ്രുതിക്കു ചേരും പല വാദ്യഘോഷ-
മുതിൎത്ത നാലുത്തമഗോപുരത്താൽ,
പ്രതിക്ഷണാത്യത്ഭുതസൃഷ്ടി ചെയ്യു-
മതിന്നു ശോഭിച്ചു ചതുൎമ്മുഖത്വം. ൫

നിതാന്തമൌന്നത്യമൊടും പരപ്പു-
ള്ളതാം കരിങ്കന്മതിലങ്ങു കണ്ടാൽ,
അതാസ്ഥയിൽക്കാത്ത ഭടക്കു ചേരും
പ്രതാപവഹ്നിപ്പുകയെന്നു തോന്നും. ൬

പരാൎദ്ധ്യമാം ഭൃതിഭരം ഭരിച്ചു
ദുരാപദുൎഗ്ഗാവൃതമാപ്പുരാഗ്ര്യം
പുരാരിമെയ്പോലെ വിളങ്ങിയാലും,
ചിരാൽ ദ്വിജിഹ്വാശ്രിതമായതില്ലാ. ൭

---

രണ്ടൎത്ഥം. അനാൎയ്യം= ആൎയ്യം (ശ്രേഷ്ഠം) അല്ലാത്തത്. യോജിച്ചതന്നെ ഇരുന്നു എന്നു ഭാവം.

൪. സച്ചക്രം=സജ്ജനസമൂഹം, സുദൎശനം. അനന്തഭോഗാസ്പദം=അനന്തങ്ങളാം (അനവസാനങ്ങളാം) ആയ ഭോഗങ്ങളുടെ (സുഖസാമഗ്രികളുടെ) ആസ്പദം; വിഷ്ണുപക്ഷത്തിൽ അനന്തന്റെ ഭോഗം (ശരീരം) ആകുന്ന ആസ്പദത്തോടു (സ്ഥാനത്തോടു)കൂടിയവൻ. അന്തികൽ=പുരത്തിങ്കൽ. അനൎഗ്ഗളം= തടവില്ലാതെ. ഭാൎഗ്ഗവി=ലക്ഷ്മി.

൫. ശ്രുതിക്കു ചേരും=ചെവിക്കു സുഖകരമാകുന്ന, വേദത്തിനു തുല്യമാകുന്ന. പ്രതി—സൃഷ്ടി=ക്ഷണംതോറും അത്യത്ഭുതത്തെ ഉണ്ടാക്കൽ, അത്യത്ഭുതമായ സൃഷ്ടി. ചതുൎമ്മുഖത്വം— നാലുമുഖങ്ങളോടുകൂടിയ നില. ബ്രഹ്മത്വം എന്നും.

൬. അളു=പരി

൭. പരാൎദ്ധ്യം=ശ്രേഷ്ഠം. ഭൃതി=സമ്പത്തു, ഭസ്മം. ദുരാ—വൃതം=[illegible]

Digitized By Kerala Sahitya Akademi

---

പരം പരപ്പൊത്തു, ജനാരവത്താ-
ലിരമ്പലുള്ളോപ്പുര,മപ്രകമ്പ്യം,
വരദ്വിപപ്രൗഢതിമിംഗലങ്ങൾ
നിരന്നു രത്നാകരമായ് വിളങ്ങീ. ൮

അതിങ്കൽ വാഴും മകരങ്ങളെസ്സമീക്ഷി-
പ്പതിന്നു വന്നെത്തിയൊരാഴിതന്റെ
മതിന്റ വീചീനിരപോലെ കാണായ്,
കുതിച്ചു പായുന്ന തുരംഗസംഘം. ൯

തഥാവിധശ്രീഭരതാനുഷക്ത-
പ്രഥാർഹരാമാലയരമ്യയായി,
കഥാതിഗപ്രാഭവഗോത്രപങ്ക്തി-
രഥാഢ്യയാം പൂരതയോദ്ധ്യയാക്ഷം. ൧൦

---

ക്കാൻ വയ്യാത്ത കിടങ്ങിനാൽ ആവൃതം (ചുററപ്പെട്ടതു), ഉരാപ(ദുർല്ലഭ) ആയ ദുർഗ്ഗയാൽ വൃതം(വരിക്കപ്പെട്ടതു). ധനിജിഹ്വാശ്രിതം= സംപ്രാശ്രിതം, ധനിജിഹ്വന്മാർ (എഷണിക്കാർ) ഉള്ളതു്.

൮. അപ്രകമ്പ്യം=അതിക്രമിക്കാൻ കഴിയാത്തതെന്നു സാരം. വര—ലങ്ങൾ=വലിയ കൊമ്പനാനകളാകുന്ന തിമിംഗലങ്ങൾ. രത്നാകരം=രത്നങ്ങളുടെ ആകരം (വിളനിലം) ശ്രേഷ്ഠവസ്തുസമൃദ്ധമെന്നു സാരം; സമുദ്രം (സമുദ്രതുല്യം) എന്നും.

൯. മകരം=ലക്ഷ്മി. തുരംഗസംഘം= അശ്വസമൂഹം.

൧൦. തഥാ—രമ്യ=തഥാവിധശ്രീഭരത (അപ്രകാരമിരിക്കുന്ന ശ്രീഭരത്തോടുകൂടിയതാവൂ എന്നഅവസ്ഥ ) യോടു അനുഷക്തങ്ങൾ (ചേർന്നവ) ആയി പ്രഥാർഹങ്ങൾ (ശ്ലാഘ്യങ്ങൾ) ആയിരിക്കുന്ന രാമകളുടെ (സുന്ദരിമാരുടെ) ആലയങ്ങളെക്കൊണ്ടു രമ്യ; അയോദ്ധ്യാപക്ഷത്തിൽ സ്പഷ്ടം. കഥാ—ഢാഢ്യ=കഥാതിഗപ്രാഭവങ്ങൾ (അവർണ്ണ്യമാഹാത്മ്യങ്ങൾ) ആയി ഗോത്ര(പർവ്വത) പങ്ക്തികൾ പോലെയുള്ള രഥങ്ങളെക്കൊണ്ടു് ആഢ്യ; കഥാതിഗപ്രാഭവഗോത്രനായ പങ്ക്തിരഥനെ (ദശര

Digitized By Kerala Sahitya Akademi

സമസ്തശസ്ത്രാസ്ത്രസമുദ്ധരായ,-
പ്രമത്തരായ്, സ്വാമിഹിതസ്ഥരായി,
അമർത്ത്യരെപ്പോലുമമർത്തടക്കാൻ
സമർത്ഥരാം സൈനികരങ്ങസംഖ്യം. ൧൧

സദാശയാവർജ്ജകമാപണം പു-
ക്കദാരപൌരാവൃതമാമതിങ്കൽ
സദാശയാവർജ്ജകമാപണം താ-
നുദാത്തരാം വാണിജർ നേടി മേന്മേൽ. ൧൨

കിടയ്ക്കുകില്ലാ മുയലിന്റെ കൊമ്പു,
കടൽപ്പുഴം തൊട്ടവ,യെന്നുമൂലം
തുടന്നു ദൃഷ്ടേർ മൃഗനാഭിത്രപ-
ത്തൊടങ്ങു കാണായ്, കടയിൽപ്പലേടം. ൧൩

പ്രശാന്തപങ്കോദയമായ്, പ്രകാമം
വിശാലമായ്, വീതരജസ്സമായി,
ഭൃശാത്മസൌഖ്യപ്രദമാം വഴിയ്ക്കേ
വിശാം ഗണം തത്ര നടന്നതുള്ളൂ. ൧൪

---

ധമന)കൊണ്ട് അധ്യ എന്നും. അയോദ്ധ്യ=യോദ്ധ്യ (ആക്രമിയ്ക്കത്തക്കതു) അല്ലാത്തത്.

൧൨. സദാ അശയാവർജ്ജകം=മനോഹരം. ആപണം=അങ്ങാടി. സദാശയാ=നല്ല അശയോടുകൂടി. അവർജ്ജകം=അയെ (അ എന്ന അക്ഷരത്തെ) വർജ്ജിയ്ക്കുന്ന ആപണം (പണം).

൧൩. മൃഗനാഭി=കസ്തൂരി. ലോകത്തിലുള്ള പദാർത്ഥമെല്ലാം അങ്ങാടിയിൽ കിട്ടുമെന്നു ഭാവം.

൧൪. പങ്കം=ചളി, പാപം. രജസ്സ്=പൊടി, രജോഗുണം. ആത്മസൌഖ്യം=ദേഹസുഖം, മുക്തി. വിശാം=പ്രജകളുടെ. ഗണം=സമൂഹം. അളകാപുരിയിലെ നിരത്തുകൾ ശുചിതരങ്ങളെന്നും, പൌരന്മാർ സദാചാരപരന്മാരെന്നും ഭാവം.

Digitized By Kerala Sahitya Akademi

കളുത്ത നീർ പാററിയ പാതതോറും
വെളുത്ത പൂമേടകൾ രണ്ടുപാടും
തുളുമ്പിടും ഭംഗിയൊടാപ്പുരത്തിൻ-
പളുങ്കുമാലക്കതിരായ് വിളങ്ങീ. ൧൪

സുരാഭരാം പൂരുഷർ നന്ദനശ്രീ-
സുരാജമാനോപവനങ്ങൾതോറും
വരാപ്സരസ്ത്രീകൾ വണങ്ങുമിന്ദീ-
വരാക്ഷിമാരൊത്തിഹ മത്തടിച്ചു. ൧൫

കരാർപ്പണത്തിന്നവിടത്തിലെത്തും
ധരാപർ കാര്യം നിറവേററിയാലും
സുരാലയം തോല്ക്കുമതിങ്കൽനിന്നാ
സ്വരാജ്യയാനത്തിനമാന്തമാർന്നു. ൧൬

ധൃതാദരാഹൂതമഹേന്ദ്രയജ്ഞ-
ശതാഢ്യയാമപ്പുരി വേഴ്ചമൂലം,
പതാകയാൽ ഭർത്തൃവിയോഗതാപ-
പ്രതാന്തയാം ദ്യോവിനെ വീശി നിത്യം. ൧൭

൧൫. അളകാപുരം സ്വർഗ്ഗതുല്യമെന്നു ധ്വനി.

൧൬. കരാർപ്പണം=കപ്പംകൊടുക്കൽ. ധരാപർ= (കീഴ്)രാജാക്കന്മാർ. അത്ര സുഖം മറെറാരേടത്തില്ലെന്നു സാരം.

൧൭. ധൃതാ—ഢ്യ=ആദരവോടെ ഇന്ദ്രനെ ആവാഹിച്ചുവരു

പാഠാന്തരം (യുഗ്മകം)

ഒരിക്കലങ്ങെത്തിയൊരമ്പർകോനു
തിരിച്ചുപോകാൻ കഴിയാത്തമട്ടിൽ
വരിഷ്ഠയാഗങ്ങൾ മുടങ്ങിടാതെ
ശരിക്കിയന്നാശ്ശുഭരാജധാനി, ൧൭

Digitized By Kerala Sahitya Akademi

പൊരുത്ത ഹോമപ്പുകകൊണ്ടു കാർകൊ-
ണ്ടിരുണ്ട വാനൊന്നതിട്ടമപ്പുരത്തിൽ
പുരുപ്രമോദേന സദാപി പീലി-
വിരുത്തിയാടീ ഗൃഹബർഹിണങ്ങൾ. ൯

മരീചി ത്തുകം മഹനീയരത്ന-
പരീതമായുള്ളൊരു രാജഗേഹം,
പുരീമഹാലക്ഷ്മിയണിഞ്ഞ ദിവ്യ-
കിരീടമായങ്ങു വിളങ്ങി ഭംഗ്യാ. ൧൦

നിതാന്തമാസ്സൌധവരത്തിനൊക്ക-
ന്നതായിരുന്നു ഭുവി മേടനാമം;
പ്രതാപവാൻ ഗോപതിയുച്ചമായോ-
രതാശ്രയിച്ചേറെ വിളങ്ങിയല്ലോ. ൧൧

---

ത്തിയ അസംഖ്യം യാഗങ്ങളുള്ളത്. വേഴ്ച=സാഹ്യംകൊണ്ടുള്ള സ്നേഹം. ഭർത്തൃശബ്ദത്തിന്ന സഖിയെന്നും അർത്ഥം. അപ്പുരിയിൽ യജ്ഞാനുഷ്ഠാനമില്ലാത്ത സമയമില്ലെന്നു ഭാവം.

൯. ഗൃഹബർഹിണങ്ങൾ=വളർത്തുമയിലുകൾ. സദാപി=ഗ്രീഷ്മാദികാലങ്ങളിൽപോലും. മയിലുകൾക്കു മേഘദർശനം ആനന്ദകരമാണല്ലോ.

൧൦. മരീചി=രശ്മി. മഹ—രീതം=മഹനീയങ്ങൾ (പൂജ്യങ്ങൾ) ആയ രത്നങ്ങളാൽ (ശ്രേഷ്ഠവസ്തുക്കളാൽ) പരീതം (ചുററപ്പെട്ടത്). പുരീമഹാലക്ഷ്മി=പുരിയിങ്കലുള്ള മഹാലക്ഷ്മി.

൧൧. മേടനാമം=മേട എന്ന നാമം, മേടം എന്നനാമം. ഗോപ

---

നിരന്തരം ഭർത്തൃവിയോഗതാപ-
ഭരം പെട്ടും ദ്യോവിനെ വേഴ്ചമൂലം
പുരദ്വിഷൽക്കൊന്നതിർഗോപുരാഗ്ര-
സ്ഥിരൽക്കൊടിക്കൂറകൾകൊണ്ടു വീശി.

Digitized By Kerala Sahitya Akademi

കുളിൎത്തിളന്നീരൊളിനീർ നിറഞ്ഞ
കളിത്തടാകങ്ങളതിങ്കൽ മിന്നി,
വിളിപ്പെടുന്നാപ്പുരലക്ഷ്മിയാൾതൻ
തെളിഞ്ഞ കണ്ണാടികളെന്നപോലെ. ൧൨

കരയ്ക്കെഴും പൂമലർവാടി നീരിൽ
നിരക്കവേ താൻ നിഴലിച്ചുമൂലം
ഇരട്ടിയായ്ക്കാട്ടി നരാശയത്തെ
മിരട്ടി പോലങ്ങു തടാകജാലം. ൧൩

മുലച്ചുണിക്കങ്കുമപങ്കമോലും
ചലച്ചകോരാക്ഷികളങ്ങു ഭംഗ്യാ
ജലത്തിലോറം വിഹരിക്കെ രാഗം
കലൎന്നലഞ്ഞു, ജഡമാം സരസ്സും. ൧൪

നലപ്പെട്ടും വാപിയിലങ്ങു നഗ്ന
നിലച്ചു നീന്തും ചില മുഗ്ദ്ധമാർകൾ,
സലജ്ജമാരായ് പ്രിയരാത്തു ചെൽകേ
മുലച്ചു വെള്ളത്തിൽ വൃഥൈവ നിന്നു. ൧൫

നിരന്ന പാതസ്സിതപാട്ടമുള്ള
പുരങ്ങളിൽക്കത്തിന ദീപജാലം,

തി=രാജാവു, സൂൎയ്യൻ. സൂൎയ്യനു ഭേടം ഉച്ചമാകുന്നു.

൧൨. തടാകങ്ങൾ=കുളങ്ങൾ

൧൩. തടാകജാലം=തടാകജാലമാകുന്ന ജാലം, (ജാലവിദ്യ).

൧൪. രാഗം=ചുകപ്പു, അനുരാഗം. ജഡം=തണുപ്പുള്ളതു, അചേതനം.

൧൫. മുഗ്ദ്ധമാർ=അപ്രൌഢകൾ. ജലനൈൎമ്മല്യത്താൽ അംഗസംവരണോദ്ദേശം അസാദ്ധ്യമായെന്നു താല്പൎയ്യം.

Digitized By Kerala Sahitya Akademi

നിരർഗ്ഗളമാം പൊന്മണിമാലപോല-
ങ്ങൊരപ്രമേയപ്രഭ രാവിനേകീ. ൨൬

വിരിഞ്ചിവിഷ്ണുപ്രിയമാർകൾ തമ്മിൽ
പ്പിരിഞ്ഞിടാതങ്ങു രമിച്ചജസ്രം
ഒരിക്കലും ചേർന്നിവരെങ്ങുമൊന്നി-
ച്ചിരിക്കുകില്ലെന്നൊരകീർത്തി തീർത്തു. ൨൭

പുരാണപാരായണമങ്ങൊരേടം,
പരാർദ്ധ്യവിദ്വൽസഭ മറ്റൊരേടം,
വരാംഗിമാർ തങ്ങടെ പാട്ടൊരേടം,
ദരാനകാദിധ്വനി മറ്റൊരേടം, ൨൮

ചിലേടമാശ്ചര്യമഹേന്ദ്രജാലം,
ചിലേടമാരോവക നാടകങ്ങൾ,
ചിലേടമത്ത്യുൽഭടസൈന്യഘോഷം,
ചിലേടമോ മാഗധസൂതഗീതം, ൨൯

സ്വയംവരാഡംബരമപ്പുറത്തു,
നയജ്ഞമന്ത്രക്രമമന്യഭാഗേ,
സുയന്ത്രശില്പം ചില ദിക്കിലപ്ര-
പ്പയോഗ ചേറിട്ടൊരിടത്തിവണ്ണം; ൩൦

൨൬. പുരങ്ങൾ=ഗൃഹങ്ങൾ. രാവിനു (രാവാകുന്ന സ്ത്രീക്കു)

൨൭. വിരിഞ്ചി—മാർകൾ=വിരിഞ്ചിപ്രിയയും വിഷ്ണുപ്രിയയു (സരസ്വതിയും ലക്ഷ്മിയും). അജസ്രം=എപ്പോഴും. വിദ്യയും സമ്പത്തു അളകയിൽ സുലഭമെന്നു സാരം. 'തീർത്തു' എന്നേടത്തു 'നീക്കി' എന്നു പാഠഭേദം.

൨൮. ദരം=ശംഖം ആനകം=പെരുമ്പറ. ധ്വനി=ശബ്ദം

Digitized By Kerala Sahitya Akademi

നിരർഗ്ഗളാനേകമഹോത്സവങ്ങൾ
നിരക്കെയൊത്താപ്പുരമുല്ലസിച്ചു,
നരർക്കു കണ്ടാൽ നയനങ്ങൾ രണ്ടും
കരൾക്കുമൊന്നും കളിരും പ്രകാരം. ൩൪
(കലാപകം)

അതിങ്കൽ വാണാനൊരു മേദിനീശ-
നതിപ്രസിദ്ധൻ, ശ്രിതമന്ത്രിവൃദ്ധൻ;
പ്രതിക്ഷണം ലോകസുരക്ഷയിൽക്കൺ
പതിച്ചു വിണ്ണിൽ ശ്ശതമന്യുപോലെ. ൩൫

ശിവപ്രിയൻ, സ്വസ്ഥവിരോധിഹിംസാ-
പ്രവർത്തനാഭ്യുദ്യതശക്തിയുക്തൻ,
അവസ്ഥയാലും, ഭുവി പോരിനാൽപ്പോ-
ലവൻ മഹാസേനപദാഭിധേയൻ. ൩൬

വിരിഞ്ഞ മാർ, വിസ്തൃതനേറി, വൻക-
യ്യേ,രിഞ്ഞ തേജസ്സിവയൊത്തോരങ്ഗം

൨൯. മാഗധന്മാർ=വംശകീർത്തകന്മാർ. സൂതന്മാർ=സ്തുതിപാഠകന്മാർ.

൩൦. നയജ്ഞമന്ത്രക്രമം=നയജ്ഞന്മാരുടെ (നീതിശാസ്ത്രജ്ഞന്മാരുടെ) മന്ത്രക്രമം (കാര്യവിചാരണശൈലി.)

൩൪. നിര—മഹോത്സവങ്ങൾ= ഇടവിടാതെയുള്ള പലതരം ഘോഷങ്ങൾ.

൩൫. മേദിനീശൻ=രാജാവ്. ശ്രിതമന്ത്രിവൃദ്ധൻ=പഴക്കമേറിയ മന്ത്രികളാൽ ആശ്രയിക്കപ്പെട്ടവൻ. ശതമന്യു= ഇന്ദ്രൻ.

൩൬. ശിവപ്രിയൻ=മംഗളങ്ങളിൽ പ്രിയമുള്ളവൻ, ശിവനു പ്രിയൻ എന്നും, സ്വസ്ഥശബ്ദത്തിന് ഉദാസീനന്മാരെന്നും, സ്വർഗ്ഗസ്ഥന്മാർ (ദേവകൾ) എന്നും അർത്ഥം. ശക്തി=ഊക്ക്, വേൽ. മഹാ—ധേയൻ=മഹാസേനനെന്നു (സ്കന്ദപര്യായമായ) പദംകൊണ്ട് അഭിധേയൻ (വാച്യൻ) രാജാവിന്റെ മഹാസേനനെന്ന പേർ അന്വർത്ഥമെന്നു സാരം.



Digitized By Kerala Sahitya Akademi

ധരിച്ചെഴും ക്ഷത്രിയധമ്മമാണാ,-
ദ്ധരിത്രിതൻ നായകനെന്നതോന്നും. ൩൭

ശരിഷ്ഠസംഖ്യാഗമസാഗരങ്ങൾ
ധരിച്ചണുപ്രായമനസ്സിൽ നിത്യം,
ഒരിക്കൽ നാലാഴികൾ കയ്യെടുത്ത
വരിഷ്ഠനും വിസ്മയമേകി വമ്പൻ. ൩൮

ശിരസ്സിലാഗമ, മാത്മനി ശ്രീ-
കരം സദാചാരമിവാറിനാലേ
ഹരന്റെ മട്ടാകിലുമാദ്ധരാധീ-
ശതാരങ്കലില്ലാ വിഷമേക്ഷണതാം. ൩൯

അമായമായ് മന്ത്രവിചാരമാന്നു,-
മമാന്തമെന്ന്യേ നയമാചരിച്ചും
അമാനുഷപ്രാഭവരീതി കാട്ടു-
മമാത്യരൊത്തൂഴി ഭരിച്ചു ഭൂപൻ. ൩

ശരിപ്പെട്ടും വിപ്രവരാനുവൃത്തി-
യ്യൊരിക്കലും താഴ്ചവരാതെതന്നേ,

---

൩൮. അസം—രണ്ടാം=അനവധി ശാസ്ത്രസമുദ്രങ്ങൾ. മനസ്സ് അണുപ്രായമെന്നത്രെ, താക്കികമതം. നാലാഴികൾ കൈയ്യെടുത്തവരിഷ്ഠൻ (അഗസ്ത്യൻ)

൩൯. ആഗമം=ആറുശാസ്ത്രം (വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ്, കല്പം, ശിക്ഷ) ആറിന്റെ (ഗംഗാനദിയുടെ) ആഗ (പ്രാപ്തി) എന്നും. ആത്മനി=മനസ്സിൽ, ദേഹത്തിൽ. സദാചാരം=നല്ലനടപ്പ്, സദാ ചാരം (ഭസ്മം) വിഷമേക്ഷണതാ= സമദൃഷ്ടിതയില്ലായ്മ, ത്രിണേത്രതയെന്നും. ശിരസ്സിൽ എന്നതിനു രാജപക്ഷത്തിൽ ബുദ്ധിയിലെന്നർത്ഥം. ധരത്തിന്റെ (പർവ്വതത്തിന്റെ) അധീശ്വരതകൊണ്ടു ധരാധീശ്വരതാ ശിവനുമുണ്ട്.

Digitized By Kerala Sahitya Akademi

ഗരിഷ്ഠർ തന്മന്ത്രികൾ സൽ പഥത്തിൽ-
ച്ചരിച്ചപോലു,ജ്ഝിതപക്ഷപാതം. ൧൮

ഉണർന്നവൻ നിത്യമഹീനവൃത്തി-
യിണങ്ങുമാറാഴിമരം ശിരസ്സിൽ
അണച്ചുവെച്ചിട്ടു,മിതരന്ത,ശേഷ-
ഗുണപ്പടാലംകൃതനായിരുന്നു! ൧൯

ഒരാറുകൂട്ടത്തെയകററി, വേറി-
ട്ടൊരാറുകൂട്ടത്തെ മനസ്സിലാക്കി,
നിരാകുലം മൂന്നിനെയാശ്രയിച്ചു
ചിരായ കാത്താനവനേഴിനേയും. ൨൦

കയർത്തു ശത്രുക്കളെ വെല്ലുകെന്ന
പയററു ശീലിപ്പതിനെന്നപോലെ,
സയത്നമാബാല്യ പതി, തൻെറ പഞ്ചേ-
ന്ദ്രിയങ്ങളെത്തന്നെ ജയിച്ചിതാദ്യം. ൨൧

---

൧൮. വിപ്ര—വൃത്തിഃ= വിപ്രവരന്മാരെ (ബ്രാഹ്മണശ്രേഷ്ഠരെ) വിപ്രവരനെ (പക്ഷിശ്രേഷ്ഠനെ) അനുസരിച്ചൂൽ. ഗരിഷ്ഠർ=ഗൌരവമുള്ളവർ, കനമുള്ളവരെന്നും. സല്പഥത്തിൽ= സന്മാർഗ്ഗത്തിൽ. ആകാശത്തിൽ. കനമുള്ളവർ പക്ഷപാതം (ചിറകടി) കൂടാതെ, പക്ഷിശ്രേഷ്ഠനെപ്പോലെ ആകാശത്തിൽ ചരിച്ചത് ആശ്ചര്യം.

൧൯. നിത്യ—വൃത്തി=നിത്യയായ മഹീനന്മാരുടെ (രാജാക്കന്മാരുടെ) നിത്യം അഹീനന്റെ (ശേഷന്റെ) എന്നും, വൃത്തി. അശേ— കൃതൻ=എല്ലാഗുണങ്ങളാലും അലംകൃതൻ, ശേഷഗുണപ്പടാലംകൃതൻ (ശേഷന്റെ ഗുണങ്ങളുള്ളവൻ) അല്ലാത്തവൻ.

൨൦. ഒരാറുകൂട്ടം=(കാമക്രോധലോഭമോഹമദമാത്സര്യങ്ങൾ) വേറിട്ടൊരാറുകൂട്ടം (സന്ധിവിഗ്രഹയാനാസനദ്വൈധീഭാവസമാശ്രയങ്ങൾ) മൂന്നിനെ (ഉത്സാഹപ്രഭുമന്ത്രശക്തികളെ) ഏഴിനേയും (സ്വാമ്യമാത്യസുഹൃൽകോശരാഷ്ട്രദുർഗ്ഗബലങ്ങളെ)

Digitized By Kerala Sahitya Akademi

നയോപദേശപ്പടി ശുദ്ധമന്ത്ര-
പ്രയോഗമാർന്നാ പ്രഭു നെഞ്ഞുറപ്പാൽ
ഭയോപസർഗ്ഗം പിണയാതെയാത്മ-
ജയോദയം നേടി, മഹർഷിപോലെ. ൪൭

പടുത്വമോടുത്തമശുദ്ധമന്ത്ര-
മെടുത്തു, ഘോരാഹിഭയപ്രസംഗം
തടുത്തെളുപ്പത്തിലവൻ പ്രകാശ-
പ്പെടുത്തിനാൻ, തന്റെ നരേന്ദ്രശബ്ദം. ൪൮

ദുരാപചാരക്രമചാരവർഗ്ഗം,
പുരാണശാസ്ത്രാന്തരതത്വബോധം,
ധരാധിപൻ കണ്ണിതു രണ്ടുമാക്കി
പരാത്മവീക്ഷയ്ക്കു, പയോരുഹാക്ഷൻ. ൪൯

ഗുരുക്കളിൽ താണു; സുരാസുരേന്ദ്ര-
ഗുരുക്കളിൽപ്പൊങ്ങി നയോദയത്താൽ;

൪൭. മന്ത്രം = കാര്യാലോചന, ജപ്യമന്ത്രം. ഭയോപസർഗ്ഗം = ഭയബാധ. ആത്മജയോദയം = ആത്മാവിന്റെ (തന്റെ, മനസ്സിന്റെ) ജയംകൊണ്ടുള്ള ഉദയം (ഉല്ക്കർഷം)

൪൮. ഘോരാ—സംഗം = ഘോരമായ അഹിഭയത്തിന്റെ (സ്വപക്ഷപ്രഭവഭയത്തിന്റെ, സർപ്പഭയത്തിന്റെ എന്നും) പ്രസംഗം. നരേന്ദ്രൻ = രാജാവ്, വിഷവൈദ്യൻ എന്നും.

൪൯. ദുരാ—വർഗ്ഗം = ദുരാപം (ദുർജ്ഞേയം) ആയ ചാരക്രമ (സഞ്ചാരപരിപാടി) ഉള്ള ചാരന്മാരുടെ വർഗ്ഗം. പുരാ—ബോധം = പുരാണങ്ങളുടെയും, ശാസ്ത്രങ്ങളുടെയും അന്തരതത്വത്തിന്റെ (അന്തസ്സാരത്തിന്റെ) ബോധം (ജ്ഞാനം). പരാത്മവീക്ഷ = അന്യരേയും തന്നെയും കാണൽ. ചാരമുഖേന പരന്മാരുടെ ഗതിയറിഞ്ഞു ശാസ്ത്രോക്തരീതിയിൽ ആത്മസംരക്ഷചെയ്യുവെന്നു സാരം.

Digitized By Kerala Sahitya Akademi

പെരുകി നിത്യം വരവത്ത്യുദാരൻ്റ
ചുരുക്കി മാറം ചിലവർത്ഥവേദി. ൪൫

വിലപ്പെട്ടും നീതിയെ മുൻനിറുത്തി
സ്വലബ്ധസംരക്ഷകൾ ചെയ്തു,പിന്നെ
ഫലപ്രസംഗം വരെയുദ്യമം പൂ-
ണ്ടലബ്ധമാർജ്ജിച്ചിതു ലബ്ധവർണ്ണൻ. ൪൬

നതാന്തമാമാസ്ഥയൊടന്നു,മന്ദ-
പ്രതാപരാം മാറ നൃപാലരെല്ലാം
നതാർദ്രനാമാ നരനായകന്റെ
സിതാതപത്രത്തണലിൽസ്സുഖിച്ചു. ൪൭

എതിർത്ത മാറ്റാരുടെ മെയ്നിണത്താൽ
കുതിർത്തു കൊണ്ടീടിന മണ്ണിടത്തിൽ,
ക്ഷിതിക്കു ഭർത്താവവനപ്രയാസ-
സ്ഥിതിക്കു നാട്ടിച്ചു ജയധ്വജങ്ങൾ: ൪൮

അരാതിമാതംഗശിരസ്സുടക്കു-
ന്നൊരാ നൃപൻതന്നര തന്നെ പോരും,
പരാക്രമത്തിന്നു പരുങ്ങലെന്യം
വരാത്ത കണ്ഠീരവരെജ്ജയിപ്പാൻ. ൪൯

൪൫. സുരാസുരഗുരുക്കൾ=വ്യാഴശുക്രന്മാർ. അർത്ഥവേദി=ധനശാസ്ത്രജ്ഞൻ.

൪൬. സ്വലബ്ധസംരക്ഷകൾ=തനിക്കു കിട്ടിയതിനെ സൂക്ഷിക്കൽ. ലബ്ധവർണ്ണൻ=വിദ്വാൻ.

൪൭. നതാർദ്രൻ=ആശ്രിതവത്സലൻ. സിതാതപത്രം=വെൺകൊറ്റക്കുട. മഹാസേനൻ ചക്രവർത്തിയായിരുന്നു.

൪൮. കുതിർത്ത നിലത്തു ധ്വജങ്ങൾ നാട്ടിപ്പാൻ എളുപ്പമുണ്ടല്ലൊ.

൪൯. അരാ—രസ്സ്=അരാതികൾ (ശത്രുക്കൾ) ആകുന്ന മാതംഗ

Digitized By Kerala Sahitya Akademi

സ്വരാജ്യലക്ഷ്മീകുളർകൊങ്കയിങ്ക-
ലരാതിരക്തപ്പുതുകുങ്കുമത്താൽ
വരാർദ്ധ്യപത്രാളി ചമച്ചു, മറ്റും
വരാതവൻ ചേർത്തിതു കീർത്തിഹാരം. ൧൦

ഭയസ്ഥ വീടാമവനെത്ര സമ്പ-
ത്തിയററി, രക്തം പുരളാതെ തന്നേ!
ജയത്തിനായ് വില്ലിനെയല്ല, മററം
നയത്തെയല്ലോ, പെരുമാറി വീരൻ. ൧൧

അവന്നു ചിത്തത്തിലിരുട്ടു ചേർത്തീ-
ല,വർദ്ധ്യമൈശ്വര്യമദാഭിമർശം;
ഇവൻ ജനങ്ങൾക്കൊരു ദാസനെന്നേ
ദിവസ്പതിപ്രൌഢനു ഭാവമുള്ളൂ. ൧൨

യശസ്സിലേ ലോഭ, മപാത്രകത്തിൽ
ഭയം പിശുക്ക,ഞ്ഞത ഭോഷ്കുവാക്കിൽ;
പ്രശംസനീയസ്ഥിതിയാമവന്നു
നൃശംസശീലത്വമനാര്യരിൽത്താൻ. ൧൩

ഖലദ്വിഷത്താ പ്രഭു, സജ്ജനങ്ങൾ
നലത്തൊടേകുന്നൊരനുഗ്രഹം താൻ,

---

ങ്ങളുടെ (ആനകളുടെ) ശിരസ്സ്, അര=മദ്ധ്യഭാഗം, പകതി എന്നും ആ രാജാവു സിംഹത്തെപ്പോലെ കൃശമദ്ധ്യനും വിക്രമിയുമായിരുന്നു.

൧൦. പത്രാളി=പത്തിക്കീററ്.

൧൧. രക്തം പുരളാതെ യുദ്ധംകൂടാതെ എന്നു ഭാവം.

൧൨. ഐശ്വര്യമദാഭിമർശം=സമ്പന്മദസ്പർശം; അകന്ന അവദ്യം ദോഷം. ദിവസ്പതി=ഇന്ദ്രൻ.

൧൩. നൃശംസശീലത്വം=ഘാതുകത്വം. അനാര്യർ=ദുഷ്ടർ.

Digitized By Kerala Sahitya Akademi

തലച്ചു തൻ പൊന്മകുടത്തിനേക്കാൾ
വിലപ്പെട്ടും ഭൂഷണമെന്നറച്ചു. ൧൪

ഹയങ്ങളെസ്സാദി കണക്കെ, ദണ്ഡ-
നയപ്രയോഗക്കടിഞ്ഞാണിനാലേ
നിയന്ത്രണംചെയ്തു ജനത്തെയെല്ലാം
സ്വയം നൃപൻ നേർവഴിയേ നടത്തീ. ൧൫

പരക്കെ വാർത്താഭ്യുദയത്തിനൊക്കും
തരത്തിലേർപ്പാടുകൾ ചെയ്കയാലേ
നിരന്തരം വാർത്തസമൃദ്ധി നാട്ടിൽ
നിരസ്തദുർഭിക്ഷമവൻ വരുത്തീ. ൧൬

ഉദാരസംരക്ഷകനാ നൃപാല-
നുദാത്തവേഷൻ മുതയോത്ഥഷസ്സിൽ
നിദാനമാസ്ഥാനസദസ്സണഞ്ഞാൻ;
കദാപി കാര്യാർത്ഥികളില്ലിതിങ്കൽ. ൧൭

അനല്പരക്ഷാകരനാമവന്നു
ജനങ്ങൾ പുണ്യങ്ങളിൽ നാലിലൊന്നും,
ധനത്തിൽനിന്നാവിധമാറിലൊന്നും
മനസ്സോടേകീ, മതി വന്നിടാതേ. ൧൮

൧൪. ഖലദപിഷത്ത് = ദുഷ്ടദ്വേഷി. നല = സ്നേഹം.

൧൫. സാദി = കുതിരക്കാരൻ. നിയന്ത്രണംചെയ്തു = അടക്കിനിർത്തി.

൧൬. വാർത്താഭ്യുദയം = വാർത്തയുടെ (കൃഷിഗോരക്ഷാവാണിജ്യങ്ങളുടെ) അഭ്യുദയം. വാർത്തസമൃദ്ധി = ക്ഷേമാഭിവൃദ്ധി. നിരസ്തദുർഭിക്ഷം = ദാരിദ്ര്യംകൂടാതെ.

൧൭. രാജാവു പതിവായി രാവിലെ ശോഭനവേഷനായി ആസ്ഥാനത്തെഴുന്നെള്ളണമെന്നാണു നീതിശാസ്ത്രമതം.

൧൮. പ്രജകളുടെ പുണ്യങ്ങളിൽ നാലിലൊന്നും, ധനത്തിൽ ആ

Digitized By Kerala Sahitya Akademi

കലാഘവൃത്ത്യാ ധൃതപുഷ്കരാക്ഷ-
വിലാസനായി, കലിബാധ നീക്കി,
നളാഭനായ്ത്താൻ നിഷധത്തിൽ വാണാ-
നിളാധിപൻ, ഭീമജയാനുഷക്തൻ. ൧൯

ഊറ്റച്ച തൽപ്രാഭവമോർത്തസൂയ
കാച്ച തന്നുള്ളിലുദിച്ചതെല്ലാം
മാറ്റമൊറിന്ദ്രനു തുഷ്ടി ചേർത്തു
മാസ്സവൻ മുഖ്യമഖങ്ങളാലേ. ൨൦

പ്രതാപനാമത്തൊടവന്റെ കൈവേ-
ന്ന,താളു ദുഷ്ടാടവി ചുട്ടെരിപ്പാൻ
ധൃതാസ്ഥനാമഗ്നിയെ നിത്യയജ്ഞ-
കൃതാർത്ഥനാം ഭൂപതി തൃപ്തനാക്കി. ൨൧

സുവർണ്ണകൂടം ക്രതുലക്ഷ്മിണാർത്ഥ-
മവന്റെ പാർശ്വത്തിലുയന്നു കാണ്കെ,
സ്വവസ്യശൈലവ്യയഭീതി പൂണ്ടു
വിവർണ്ണരായ് വർണ്ണവരൊട്ടു നേരം: ൨൨

രിലെന്നും രാജാവിനവകാശപ്പെട്ടയാണെല്ലാം അതുകളെക്കൊട്ടത്തി ട്ടും പ്രജകൾക്കു തൃപ്തിവരാതിരിപ്പാൻ കാരണം അദ്ദേഹത്തിന്റെ അനശ്വരക്ഷാകരത്വമാകുന്നു.

൧൯. കലാഘവൃത്ത്യാ=വാദ്യശാചിതവ്യാപാരംകൊണ്ട്. ധൃത—ലാസൻ=പുഷ്കരാക്ഷന്റെ (വിഷ്ണുവിന്റെ) വിലാസത്തെ, പുഷ്കരനോടുകൂടിയുള്ള അക്ഷവിലാസത്തെ (ചൂതുകളിയെ) ധരിച്ചവൻ. ഇളാധിപൻ=രാജാവ്. ഭീമ—ഷക്തൻ=ഭീമങ്ങളായ ജയങ്ങളോടു ചേന്നവൻ ഭീമജയാ (ഭീമജയോടു, ദമയന്തിയോട്) ചേന്നവനെന്നും.

൨൦. തന്നുള്ളിൽ=ഇന്ദ്രന്റെ മനസ്സിൽ. മഖങ്ങൾ=യാഗങ്ങൾ.

൨൨. സുവർണ്ണകൂടം=കൂട്ടിയപൊന്ന്. സ്വവസ്യ—ഭീതി=തങ്ങളുടെ വസ്യം (വാസസ്ഥാനം) ആയ ശൈലം (മഹാമേരു ചിലവാ

Digitized By Kerala Sahitya Akademi

നിശേശഭാസ്സാകിയ സപ്തസന്തു-
വിശേഷസാക്ലപ്തയശഃപടത്താൽ
കൃശേതരാശ്ചൎയ്യചരിത്രനൂഴി-
യശേഷവും മൂടിവിരിച്ചു ഭൂപൻ. ൨൩

അവന്ധ്യശൌൎയ്യോഷ്മളമാം കരത്തെ
ധ്രുവം തണുപ്പിപ്പതിനാസ്ഥയോടേ;
അവഗ്രഹം വിട്ടൊരുദാരഭാവാ-
ലവൻ സദാ ദാനജലം ഗ്രഹിച്ചു. ൨൪

ഉദാരനായ്, ദ്ദാനജലം കരത്താൽ
മുദാ പൊഴിച്ചീടുമവൻ നടപ്പിൽ
സദാ ഗജേന്ദ്രോപമ നേടിയാലും,
മദാന്ധനായീലൊരു മാത്ര പോലും. ൨൫

കുശാഗ്രധീയാമവനിപ്രകാരം
പ്രശാസനം ചെയ്യുമുള്ളന്ന കാലം

---

യേക്കമോ എന്ന ഭയം. വിണ്ണവർ= ഹവിരാദാനത്തിന്നെത്തിയ ദേവകൾ.

൨൩. നിശേശഭാസ്സ്=ചന്ദ്രനെപ്പോലെ വെളുത്തത്. സപ്ത-പടം=സപ്തതന്തുവിശേഷങ്ങൾ (യാഗവിശേഷങ്ങൾ, ഏഴുനൂലുകൾ എന്നും) കൊണ്ടു ക്ലപ്തം (നിൎമ്മിതം)ആയ യശസ്സ് (കീൎത്തി) ആകുന്ന പടം (വസ്ത്രം) ഏഴു നൂലുകൊണ്ടുമാത്രം നെയ്ത വസ്ത്രംകൊണ്ടു ഭൂമിമുഴുവൻ മൂടിവിരിക്കുക എന്നതു് അത്യാശ്ചൎയ്യചരിത്രമാണല്ലോ.

൨൪. അവന്ധ്യശൌൎയ്യോഷ്മളം=സഫലമായ ശൌൎയ്യംകൊണ്ടു ചൂടുള്ളതു്. അവഗ്രഹം=തടവു്. ധ്രുവം എന്നതു് ഉൽപ്രേക്ഷാവാചകമാകുന്നു.

൨൫. ഗജപക്ഷത്തിൽ കരം=തുമ്പിക്കയ്യ്; ദാനജലം=മദനീർ. നടപ്പിൽ=ആചാരത്തിൽ, നടത്തത്തിൽ. രാജപക്ഷത്തിൽ മദാന്ധൻ=ഗൎവ്വിഷ്ഠൻ.



Digitized By Kerala Sahitya Akademi

വിശാലമാ നാടതിപുഷ്ടി നേടി,
പ്രശാന്തവും രമ്യവുമായിരുന്നു. ൬൬

നവപ്രതാപാൽ തപനാഭനായോ-
രവന്റെ നാട്ടിൽത്തപനന്റെ പുത്രൻ
ധ്രുവം വരത്തീലപമൃത്യുവാക്ഷ:-
മിവണ്ണമല്ലോ, പിതൃഭക്തി വേണ്ടു. ൬൭

ശരിക്കു ദോഷജ്ഞകിരീടമുത്താ-
യിരിപ്പുമാബ്ബ്ഭൂപന,പത്ഥ്യമെന്ന്യേ
ഭരിക്കയാലാമയവാൎത്തപോലു-
മൊരിഷ്ടലും നാട്ടിലുദിച്ചതില്ലാ. ൬൮

സുവക്രവാർകേശികൾ ശുദ്ധമായി
സപത്ന്യനാം കാമനെയോൎമനിൎത്തി
യുവവ്രജത്തിൻ കരൾ കട്ടെടുത്താ-
ര,വന്റെ നാട്ടിൽക്കളെവിത്രമാത്രം. ൬൯

സമസ്തവൎണ്ണങ്ങളുമാത്മധൎമ്മ-
ക്രമത്തിൽനിന്നേതുമനങ്ങിടാതെ,
അമന്ദസത്യവ്രതനിഷ്ഠരായി-
ച്ചമഞ്ഞു മോദിച്ചിതു,വന്റെ നാട്ടിൽ. ൭൦

൬൬. പ്രശാസനം=രക്ഷണം.

൬൭. തപനന്റെ പുത്രൻ=യമൻ. പിതൃതുല്യനെ പിതാവിനെ പ്പോലെ കരുതുന്നതാണല്ലൊ പിതൃഭക്തിയുടെ ലക്ഷണം.

൬൮. ദോഷജ്ഞശബ്ദം വിദ്വൽവൈദ്യവാചിയും, ആമയശബ്ദം ദുഃഖരോഗവാചിയുമത്രെ.

൭൦. സമസ്തവൎണ്ണങ്ങൾ=എല്ലാജാതിക്കാരും.

Digitized By Kerala Sahitya Akademi

വിരക്തിയാൽ ഭർത്തൃഹിതത്തെ രോധി-
ച്ചാരക്രമം വിട്ടു, ളകേശനാട്ടിൽ
പുരന്ധ്രിമാർ മാറമരുന്ധതിക്കു-
ത്തുരത്ത ചാരിത്രവുമാർന്നു വാണു. ൧൬

സുരോത്തമൻ ഗീഷ്പതിവാക്കുപോലെ,
പുരോഹിതാചാര്യവരോപദേശം
ശിരോമണിപ്രായമണിഞ്ഞു ധർമ്മ-
വിരോധമേല്ക്കാതവനൂഴി കാത്തു. ൧൭

സുരാസുരാക്ഷോഭ്യമഹത്ത്വമാന്നാ-
ധാരാധിപപ്പാൽക്കടലിങ്കൽനിന്നും
വരാഭനായ് പൊങ്ങിന കീർത്തിചന്ദ്രൻ
നിരാകുലം രാപ്പകലുല്ലസിച്ചു. ൧൮

നിരങ്കമാം തൽപ്പൂകളോടെതിർത്തു
പരം വശംകെട്ട ശശാങ്കബിംബം
സ്ഫുരൽസിതച്ഛത്രത പൂണ്ടു വെൺചാ-
മരങ്ങളോടൊത്തതവനെബ്ഭജിച്ചു. ൧൯

൧൬. വിരക്തി=അനുരാഗമില്ലായ്മ. ഭർത്തൃഹിതത്തിന്നെതിരായിച്ചെയ്യുക എന്ന അക്രമം. പുരന്ധ്രിമാർ=ഗൃഹിണികൾ.

൧൭. സുരോത്തമൻ=ഇന്ദ്രൻ. ഗീഷ്പതി=വ്യാഴം. ശിരോമണിപ്രായമണിഞ്ഞ് (ഏറ്റവും താഴ്മയോടെ അനുസരിച്ച്)

൧൮. പണ്ടു സുരാസുരന്മാർ ഒത്തു കടഞ്ഞ പാൽക്കടലിൽനിന്നുണ്ടായ ചന്ദ്രൻ രാത്രിമാത്രമേ പ്രകാശിക്കാറുള്ളുവല്ലോ. സുരാസുരാക്ഷോഭ്യമഹത്ത്വമുള്ള ഈ രാജാവാകുന്ന പാൽക്കടലിൽനിന്നുണ്ടായ കീർത്തിചന്ദ്രൻ രാവും പകലും പ്രകാശിച്ചു എന്നു സാരം. വരാഭനായ് എന്ന വിശേഷണം നിഷ്കളങ്കതയെ ദ്യോതിപ്പിക്കുന്നു.

൧൯. നിരങ്കം=നിർമ്മലം. സ്ഫുരൽസിതച്ഛത്രതപൂണ്ടു=ശോഭയുള്ള വെൺകൊറ്റക്കുടയായിത്തീർന്ന്.

Digitized By Kerala Sahitya Akademi

തടസ്ഥമാറത്ഥികരാഗ്രശുക്തി-
പുടങ്ങളിൽദ്ദാനപയസ്സു വീഴ്ത്തി,
സ്ഫുടം യശോമൗക്തികൾ ശേഖരിച്ചാൻ
കടൽഗ്ഗഭീരാശയനാക്ഷിതീശൻ. ൧൫

അസംഖ്യസൂൎയ്യാദരമാൻ, പങ്ക-
പ്രസക്തിവിട്ടെപ്പൊഴുമൊന്നുപോലെ
പ്രസന്നമായ് ച്ചിത്രമവന്റെ കീൎത്തി-
വിസപ്രസൂനപ്രകരം വിളങ്ങീ. ൧൬

ക്ഷമയ്ക്കധീശന്റെ യശസ്സു വെന്നു-
ള്ളമന്ദമുക്താദികൾ തൽപദത്തെ
സമം ഭജിച്ചു, വിവിധാടവീശ-
സമപ്പിതോപായനകൈതവത്താൽ. ൧൭

ശരന്നിലാവാൽ മണലിൻവെളുപ്പെ-
ട്ടിരട്ടിയായ് മിന്നിന ഗംഗതന്റെ
കരങ്ങൾ കാറേററലയുന്ന കാശ-
നിരക്കുനേരായിതവന്റെ കീൎത്തി. ൧൮

൧൫. അൎത്ഥി—പുടങ്ങൾ=യാചകന്മാരുടെ കൈത്തലങ്ങളാകുന്ന മുത്തുച്ചിപ്പികൾ. മുത്തുച്ചിപ്പികളിൽ വീഴുന്ന പയസ്സ് (വെള്ളം) മുത്തായിത്തീരുമല്ലോ.

൧൬. അസം—ദരം=അനവധി സൂരികളുടെ, (വിദ്വാന്മാരുടെ സൂൎയ്യന്മാരുടെ എന്നും, ആദരം. പങ്കപ്രസക്തി=പാപപ്രസംഗം, ചളിയേച്ച്. കീൎത്തി—പ്രകരം=കീൎത്തിയാകുന്ന താമരപ്പൂക്കളുടെ കൂട്ടം.

൧൭. അമന്ദമുക്താദികൾ=ശ്രേഷ്ഠങ്ങളായ മുത്തുമണിമുതലായവ. വിവിധാ—കൈതവം=പല കാട്ടു(പുളിന്ദ)രാജാക്കന്മാരാൽ സമൎപ്പിക്കപ്പെട്ട കാഴ്ച്ചദ്രവ്യമെന്ന വ്യാജേന.

൧൮. കാശനിര=കതിരവാൽപ്പുല്ലിൻകൂട്ടം.

Digitized By Kerala Sahitya Akademi

സരാഗമായ് വിണ്ണിലവന്റെ കീൎത്തി
സുരാംഗനാമൌലികൾ പാടിടുമ്പോൾ,
ഒരാശ, കണ്ണപ്പടി കണ്ണമായി
വരാൻ സഹസ്രാക്ഷനടിച്ചു പോലും! ൭൩

ഈ മട്ടങ്ങുദരാൎത്തി തീൎത്തു സുമനോവൃന്ദത്തിനാത്മാവിനാൽ
ക്ഷേമം നന്മയിലാണ്ടുനിന്നരതകിയും, തേജോഭരം തേടിയും,
പ്രേമംകൊണ്ടു ശിരസ്ഥലീധൃതനമായാൎയ്യാചലാധീശരാ-
ലാ മന്നൻ പരമത്രിനേത്രജസമാഭിഖ്യൻ വിളങ്ങീടിനാൻ.

ഇങ്ങിനെ രാജവൎണ്ണനം ഒന്നാംസൎഗ്ഗം.

൭൩. സരാഗം=രാഗത്തോടു (സ്നേഹത്തോടു, സ്വരസമുദായത്തോടു) കൂടി.

വ്യാ. ഈ ശ്ലോകത്തിനു സുബ്രഹ്മണ്യപരമായിട്ടും ചന്ദ്രപരമായിട്ടുംകൂടി അൎത്ഥമുണ്ട്. രാജസുബ്രഹ്മണ്യപക്ഷത്തിൽ ദരാൎത്തി=ഭയപീഡ. ചന്ദ്രപക്ഷത്തിൽ അങ്ങ് ഉദരാൎത്തി (വിശപ്പ്)എന്നു പദച്ഛേദം. സുമനോവ്രജത്തിന്=സജ്ജനസമൂഹത്തിന്, ദേവസമൂഹത്തിനെന്നും. ആത്മാവിനാൽ=തന്നെക്കൊണ്ടു. നന്മയിലാണ്ടു=നല്ലതിൽ ശ്രദ്ധിച്ചു, നല്ല മയിലിന്റെ പുറത്തു കേറിഎന്നും. ആൎയ്യാചലാധീശരാൽ=ആൎയ്യന്മാരായ അചലാധീശരാൽ, (രാജാക്കന്മാരാൽ) ആൎയ്യയാലും (പാൎവ്വതിയാലും) അചലാധീശനാലും (ശിവനാലും) എന്നും. ശിരസ്ഥലീധൃതൻ=ശിരസ്സാലിതൻ, ശിരോലാളിതൻ, ശിരസ്സിൽ ധരിക്കപ്പെട്ടവൻ എന്നും. പര—ഭിഖ്യൻ=പരമൻ (ശ്രേഷ്ഠൻ) ആയ ത്രിനേത്രജനു (സ്കന്ദനു) സമയായ അഭിഖ്യയോടു (പേരോടു, ശോഭയോടു എന്നും) കൂടിയവൻ, മഹാരാജാവ് പേരുകൊണ്ടും അവസ്ഥകൊണ്ടും സുബ്രഹ്മണ്യതുല്യനെന്നു സാരം. പരം അത്രിനേത്രജസമാഭിഖ്യൻ എന്നും പദച്ഛേദം. അത്രിനേത്രജൻ=അത്രിമഹൎഷിയുടെ നേത്രത്തിൽനിന്നുണ്ടായവൻ (ചന്ദ്രൻ) ചന്ദ്രന്റെ അത്രിനേത്രോല്പത്തി പുരാണപ്രസിദ്ധം. ദേവകൾ കറുത്തപക്ഷത്തിൽ ചന്ദ്രകലകളെ പാനംചെയ്യുന്നുവെന്നു വേദപ്രസിദ്ധം.

Digitized By Kerala Sahitya Akademi

## രണ്ടാംസൎഗ്ഗം

ആ രാജവീരനവരോധവധൂജനങ്ങൾ
ധാരാളമുള്ളതിൽ മനോരമയെന്ന രാജ്ഞി
പേരാണ്ട പട്ടമഹിഷീപദമാൎന്നു വാണാൾ,
താരാധിനായകനു രോഹിണിയെന്നപോലെ. ൧

ഹൃദ്യാകൃതിപ്രകൃതിശാലിനിയായ്, നിജാന-
വദ്യാനുരൂപ്യമെഴുമാ പ്രിയരാജ്ഞിയാലേ,
സദ്യാചിതാഭ്യുദയനാം നൃവരൻ വിളങ്ങീ,
വിദ്യാനുഷംഗമിയലും വിനയം കണക്കെ. ൨

നാലബ്ധിയായ മണികാഞ്ചിയണിഞ്ഞ ഭൂമി,
ഭൂലക്ഷ്മിയാകുമവളീയിരുഭാൎയ്യമാരെ
സ്ഥൂലപ്രസാദമൊടൊരേവിധമാദരിച്ചാ-
നാലബ്ധകാമനരചൻമുരവൈരിപോലെ. ൩

മുക്കാലുമൂഴിഭരമുത്തമമന്ത്രിയായ
നൽക്കാൎയ്യവേദി നയഗുപ്തനിലാക്കി നന്ദ്യാ
അക്കാശ്യപീപതി മനോരമയായ് രമിച്ചാ-
നൾക്കാമ്പഴിഞ്ഞു, ശചിയൊത്തു വലാരിപോലെ. ൪

---

൧. അവ—ജനങ്ങൾ=അന്തഃപുരസ്ത്രീകൾ. താരാധിനാഥൻ=ചന്ദ്രൻ

൨. ഹൃദ്യാ—ശാലിനി=സൌന്ദൎയ്യസൌശീല്യങ്ങളുള്ളവൾ. നിജാ—രൂപ്യം=തനിക്ക് അനവദ്യമായ ആനുരൂപ്യം. സദ്യാ—ദയൻ=സത്തുക്കളാൽ യാചിതം (ആശംസിതം) ആയ അഭ്യുദയത്തോടു കൂടിയവൻ.

൩. ലബ്ധകാമൻ= കാമങ്ങൾ നേടിയവൻ, കാമനെ (മകനായി) നേടിയവനെന്നും.

൪. കാശ്യപീപതി=ഭൂപതി. ശചി= ഇന്ദ്രാണി.

Digitized By Kerala Sahitya Akademi

സന്താപമേതുമറിയാതെ സുഖിച്ചുമാത്ത-
സന്താനമാം നിജപതിക്കുഥ വാഞ്ഛപോലെ
സന്താനസൌഖ്യവുമണപ്പതിനാ,ത്തപുണ്യ-
സന്താനയാസ്സതി വഹിച്ചിതു ഗൎഭഭാരം. ൫

തൻപുണ്യകല്പതരുവിൻ പുതുപൂവു പോലെ
സംപൃഷ്ടപാണ്ഡുനിറമാം പ്രിയതൻ മുഖാബ്ജം,
വൻപുള്ള മന്നവനവൻ മതിവന്നിടാതെ
യൻപുള്ളിലാൎന്ന മിഴികൊണ്ടനിശം നുകൎന്നു. ൬

അക്കാന്തിയെഴലി താന്റെ നിസൎഗ്ഗസിദ്ധ-
സൽക്കാന്തിയന്തിന വപുസ്സഥ ഗൎഭസാദാൽ
മുക്കാലുമാത്തമധ്യതരതാവിഭൂഷണങ്ങൾ-
ക്കൾക്കാമ്പിലുത്തമപദച്യുതിഖേദമേകി. ൭

ചേലേറുമാ വയറമന്നിതരാങ്കകങ്ങൾ-
പോലേ, നിജത്രിവലിഭൂഷ വെടിഞ്ഞുയൎന്നു;
ചാലേ ധരാഭരണമാം ശിശുവുള്ളിലുള്ള
കാലേ പുറത്തയഴകെന്തിനു നോക്കിടുന്നു? ൮

൫. അത്തസന്താന=ദുഃഖിതന്മാൎക്ക കല്പവൃക്ഷം. ആത്തപുണ്യസന്താന=പുണ്യസന്താനത്തെ (സുകൃതസമൂഹത്തെ) നേടിയവൾ. സതി=പതിവ്രത.

൬. സമ്പൃഷ്ടപാണ്ഡുനിറം=വിളൎപ്പുവൎദ്ധിച്ചത്. അൻപ്=സന്തോഷം.

൭. നിസൎഗ്ഗസിദ്ധസൽക്കാന്തി=സ്വഭാവേനയുള്ള നല്ല ശോഭ. വപുസ്സ്=ദേഹം. ഗൎഭസാദാൽ=ഗൎഭംനിമിത്തമുള്ള തളൎച്ചയാൽ. ആത്ത——ഷണങ്ങൾ=താൻ ധരിച്ച ആഭരണങ്ങൾ. ഉത്തമ—ഖേദം=വലിയസ്ഥാനത്തുനിന്നു ഭ്രംശിച്ചതുകൊണ്ടുള്ള ഖേദം.

൮. ഇതരാംഗകങ്ങൾ=മററവയവങ്ങൾ. പോലെ(ആഭരണങ്ങൾ

Digitized By Kerala Sahitya Akademi

നീരന്ധ്രനിഷ്ഠുരനിജോരസിജങ്ങളന്നാ
ഹാരം ത്യജിച്ചതവൾക്കും സമമാചരിച്ചു;
ഭാരം പൊറാതെതൊരവയോ ബത! പങ്കുകൊണ്ടീ
ലാരമ്യഗർഭിണി വഹിച്ചു രുചിക്ഷയത്തിൽ: ൧൯

ആ രാജ്ഞിതന്നുദരമാകൃതി മാറിയാലും
പേരാലിലയ്ക്കു ശരിയായിതവസ്ഥയാലേ;
സാരാഭരോമലതയായൊരു കൃഷ്ണമൂർത്തി
നേരായതിങ്കലതുനാളിൽ വിളങ്ങിയല്ലോ. ൨൦

ശൃംഗാരസാരമയമാകിയ സാഗരത്തിൻ-
ഭംഗാളിയിൽച്ചതരം വിഹരിക്കയാലേ
ഭൃംഗാഭമാം മിഴി തളർന്ന വിധത്തിലന്നു
തുംഗാലസത്വമൊടിരുന്നിതവൾക്കജസ്രം. ൨൧

നല്ലാർമണിക്കു നവഗർഭപരിക്ലമത്താ-
ലുല്ലാസലീലയൊഴിവാകിയ ചില്ലി രണ്ടും,
നില്ലാതെ മൂവുലകു വെന്നഥ വിശ്രമിക്കും
മല്ലായുധന്റെ പടവില്ലിനു തുല്യമായി. ൨൨

---

ഉപേക്ഷിച്ചതുപോലെ) നിജത്രിവലിഭൂഷ=തന്റെ ത്രിവലികളാകുന്ന ആഭരണം. ധരാഭരണം=ഭൂമിക്ക് ആഭരണം.

൧൯. നീരന്ധ്ര—നീരന്ധ്രങ്ങൾ=ഇടതിങ്ങിക്കൂടുന്ന തന്റെ കുചങ്ങൾ. ഹാരം=മുത്തുമാല. അന്ന് ആഹാരം എന്നു പദച്ഛേദം. രുചിക്ഷയം=രുചിയില്ലായ്മ. ശോഭക്കുറവെന്നും. ഭാരംപൊറാത്ത=ചുമതല വഹിക്കാനൊരു ചാരിക്കുന്ന (സ്വാർത്ഥപരന്മാരായ) നിഷ്ഠുരപ്രകൃതികളുണ്ടോ മൈത്രിക്കനുരൂപമായി പ്രവർത്തിക്കുന്നു എന്നുഭാവം.

൨൦. രോമലത=രോമാവലി. കൃഷ്ണമൂർത്തി=കറുത്ത (വിഷ്ണു) സ്വരൂപം. വിഷ്ണുവിന്റെ വടപത്രശയനം പുരാണപ്രസിദ്ധം.

൨൧. ഭംഗാളി=തിരക്കൂട്ടം. തുംഗാലസത്വം=വലിയമാന്ദ്യം.

൨൨. നവ—ക്ലമം= പുതിയ ഗർഭംകൊണ്ടുള്ള ക്ഷീണം.

Digitized By Kerala Sahitya Akademi

ഊണിൽക്കൊണ്ടു രുചിയെന്നു സഗർഭ്യായ
റാണിക്കു; മെയ്യിലതു കൂട്ടതലായ് ച്ചമഞ്ഞു;
ക്ഷീണിക്കയാൽഗ്ഗതിയിലെന്നതുപോലെ, മഞ്ജു-
വാണിക്കു വാക്കിലുമിയന്നിതു മന്ദഭാവം. ൫൨

തുംഗസ്തനാക്രമണമുഷ്ക്ക പൊറായ്കയാലേ
ഭംഗം ഭവിച്ച കൃശമദ്ധ്യപദത്തിനന്നാൾ
മംഗല്യഗാത്രിയുടെ മാറ മുട്ടക്കളാകു-
മംഗങ്ങൾ, തങ്ങളുടെ പുഷ്ടി കൊടുത്തു നൂനം. ൫൩

ആ രമ്യമെയ്യിലിടതിങ്ങിയൊലിച്ച ചാട്ടം
നീരന്ധ്രഗർഭരുചിയായ സുധാരസത്താൽ
പാരം നിറഞ്ഞതു കണക്കെ നികന്നു കാണായ്,
സ്ത്രീരത്നമാകുമവൾതൻ ശുഭനാഭികൂപം. ൫൪

മാണിക്യകുംഭസദൃശാത്മസമാക്രമത്താൽ
ക്ഷീണിച്ചിരുന്ന കൃശമാമര മെല്ലെ, മെല്ലെ
ത്രാണിപ്പെട്ടംപടി തടിച്ചു വരുന്നതോർത്താ,
റാണിക്കെഴും കുളുർമുലക്കു മുഖം കറുത്തു! ൫൫

൫൨. രുചി=അഗ്രഹം, ശോഭ. ഗതിയിലും, വാക്കിലും മന്ദഭാവമുണ്ടായി എന്നതിനു പതുക്കെ നടന്നുഎന്നും, താഴ്ന്ന സ്വരത്തിൽ സംസാരിച്ചുവെന്നും അർത്ഥം.

൫൩. തുംഗസ്തനാക്രമണം=ഉയൎന്ന കുചങ്ങളുടെ അതിക്രമണം. ഭംഗം=നമ്രത, തോലി എന്നും. കൃശ—പദം=ചടച്ച അര. നൂനം, ഉൽപ്രേക്ഷാവാചകം. മുട്ടക്കൾ (ഭയാലുക്കൾ) പരസങ്കടത്തിൽ തക്കതായ സഹായം ചെയ്യുമല്ലോ.

൫൪. നീര—രുചി=നിബിഡമായ ഗർഭശോഭ. സുധാരസത്താൽ=അമൃതിനാൽ. ശുഭനാഭികൂപം=നല്ലനാഭിയാകുന്നകൂപം (കിണർ).

൫൫. മാണി—ക്രമത്താൽ=മാണിക്യകുംഭ (കുട)ത്തോടു സദൃശ



Digitized By Kerala Sahitya Akademi

പാരാതെ ഭാവിശിശുവിന്നതകം നറുമ്പാൽ
നേരായ് നിറച്ചു,സിതചൂചുകലാക്ഷയാലേ
വാരാത്ത മട്ടിലൊരു മുദ്രപതിച്ച ദൈവ,-
മാ രാജ്ഞിതൻ കുചഘടങ്ങളിലെന്നു തോന്നും. ൧൭

തെല്ലോ രസം പുളിയിലാ മധുരാധരിക്കു-
ന്നുല്ലോലലീല,മതു കണ്ടു സഖീജനങ്ങൾ
"നല്ലോരു മാധുരി തികഞ്ഞു ചമഞ്ഞ പൈത-
ലല്ലോ വയറ്റിലു;തിനാലിതു ചേരു" മെന്നാർ. ൧൮

സീമന്തിനിക്കുടലുമന്തിമമാം കടത്തി-
ലാമന്നുവന്ന ഭയവും കൃശമായിതൊപ്പം;
ആമട്ടവൾക്കരിയ ഗർഭു, മായവന്ന-
ക്ഷാമപ്രമോദവുമടിക്കടി കൈവളന്നു. ൧൯

നൽസ്സാരസാക്ഷി നവഗർഭനിമിത്തമെത്ര-
ക്കുത്സാദമേററലസതാവശയായ് ച്ചമഞ്ഞു;
ഉത്സാരിതാശ്രുചരിത്രനജസ്രമത്ര-
ക്കുത്സാഹിയായ് മരുവിനാനവൾതൻ മണാളൻ.

---

മായ താൻെറ (കുളർമുലയുടെ) അക്രമണത്താൽ. തൻെറ അക്രമണത്ത ന കീഴ്പ്പെട്ടിരുന്നവർ അഭിവൃദ്ധിയെ പ്രാപിച്ചുകാണുമ്പോൾ, അക്കം ഖം കുറുക്കമല്ലൊ.

൧൭. ഭാവിശിശുവിന്ന്=ഉണ്ടാകുവാൻ പോകുന്ന കുട്ടിക്കു. അമ ത — ലാക്ഷ=കറുത്തമുലക്കണ്ണാകുന്ന അരക്ക്. കുചഘടങ്ങൾ=മുലക്കു ങ്ങൾ.

൧൮ ഉല്ലോലലീലം=നേരംപോക്കായി. മാധുരി=മനോജ്ഞത, മ ധുര്യം. അതിമധുരമായ പദാർത്ഥം വയററിൽനിറഞ്ഞിരിക്കുമ്പോൾ പ ളിയിൽ രുചിതോന്നുന്നതു സാധാരണമാണല്ലൊ. ഗർഭിണികൾക്കു പ ളിരസം പ്രിയമായിരിക്കും.

൧൯. സീമന്തിനിക്ക്=സുന്ദരിക്കു. (ഗർഭകാലത്തുനാരിക്കുണ്ടാ

എട്ടാശകൾക്കധിപർതൻകല ചേൎന്നു ദിവ്യ-
തപിട്ടാൎന്ന ഗൎഭമരചപ്രിയയാൾ വഹിച്ചു,
എട്ടാശയിങ്കലുമെഴുന്ന മഹാജനങ്ങൾ-
ക്കൊട്ടാകെയുള്ളിലൊരു തുഷ്ടി വളൎന്നു വന്നു. ൨൧

ധൎമ്മജ്ഞനാം ധരണിപാലനശേഷശാസ്ത്ര-
മൎമ്മം ഗ്രഹിച്ച മറയോരെയുടൻ വരുത്തി,
ശൎമ്മപ്രസക്തിയൊടു പുംസവനാദിയായ
കൎമ്മങ്ങളൊക്കെ വഴിപോലെ കഴിച്ചു കാലേ. ൨൨

തെല്ലാശയെന്തിലിഹ ഗൎഭിണിയാം പ്രിയക്കു,-
തെല്ലാമുടൻ നൃപനറിഞ്ഞു വരുത്തി നല്കീ;
വില്ലാളിയാമിവനു ദുൎല്ലഭമാം പദാൎത്ഥ-
മില്ലായിരുന്നു ഭുവനങ്ങളിലെങ്ങുമല്ലോ. ൨൩

പാരാതെ ഭാസ്കരനുദിച്ചുയരാൻ തുടങ്ങു-
ന്നോരാദിതേയവരദിക്കിനെയെന്ന പോലേ,
വാരാൎന്ന ഗൎഭരുചിയേന്തിയ കാന്തയെക്ക-
ണ്ടാ രാജവീരനു വിടൎന്നു വിലോചനാബ്ജം. ൨൪

യി, സീമന്തമെന്ന ഒരു ക്രിയയുണ്ടു്.) അന്തിമമാം കടം=പിതൃകടം. അ
ക്ഷാമപ്രമോദം=അനല്പമായ സന്തോഷം.

൨൦ ഉത്സാദം=തളൎച്ച. അലസതാവശ=ഉത്സാഹംകെട്ടവൾ. ഉ
ത്സാ—ചരിത്രൻ= ദോഷങ്ങളകററിയവൻ.

൨൧ എട്ടാശകൾക്കധിപർ= അഷ്ടദിക്പാലകന്മാർ. കല=അംശം
"അഷ്ടാനാം ലോകപാലാനാം മാത്രാഭിൎന്നിൎമ്മിതോനൃപഃ". ദിവ്യതപി
ട്ട്=ദിവ്യശോഭ.

൨൨. അശേ—മൎമ്മം=എല്ലാ ശാസ്ത്രങ്ങളുടേയും സാരം. മറയോരെ=
ബ്രാഹ്മണരെ. ശൎമ്മപ്രസക്തി=സുഖപ്രതിപത്തി. പുംസവനാദി=പുംസ
വനം (പ്രജയെ പുരുഷനാക്കുന്ന കൎമ്മവിശേഷം) മുതലായതു്.

൨൩. "ശ്രദ്ധാവിഘാതേ ഗൎഭസ്യ വികൃതിശ്ച്യുതിരേവവാ" എന്നുണ്ടു്.

൨൪. ഭാസ്കരൻ=സൂൎയ്യൻ. ആദി—ദിക്കിനെ=കിഴക്കേദിക്കിനെ. വി

Digitized By Kerala Sahitya Akademi

ഭൂലോകപാലനരിസമ്മതരായിരിക്കം
ബാലോപചാരവിദഗ്ദ്ധ ഭിഷഗ്വരന്മാർ
ആലോലനീലമിഴിയാളുടെ ഗർഭരക്ഷ
കാലോചിതസ്ഥിതിയിലാംവിധമാചരിച്ചു. ൨൫

പൌരാഢ്യനാം നൃപതിതൻ നിനവൊത്തപായം
ചേരാതെ ഗർഭമൊരു പൂർണ്ണതയാന്ന ശേഷം,
ആ രാജ്ഞി പെററിതൊരു പുത്രനെ നല്ലനാളിൽ,-
പ്പേരാണ്ട നീതി വിജയത്തിനെയെന്ന പോലെ. ൨൬

ഭൂമണ്ഡലാംബരകുടുംബിനി സൌഖ്യമായി
ശ്രീമത്തമാന്ന സുതനെ പ്രസവിച്ചനേരം
ഓമന്മുഖത്തെളിവുയന്ന ദിശാവധുക്ക-
ളാമഞ്ജുളാനിലമിഷാൽ നെടുവീപ്പു വിട്ടു. ൨൭

രാജൽകുമാരവടിവൊന്നു വഹിച്ച സാക്ഷാൽ
തേജസ്സുപോലെയഴമാ പ്രിയപുത്രനാലേ
രാജന്യപത്നി, ശരജന്മസവിത്രിപോലെ-
വ്യാജപ്രഭാവമൊടു സൂതിഗൃഹേ വിളങ്ങി. ൨൮

---

ലോചനാബ്ജം=കണ്ണാകുന്ന താമരപ്പൂവ്.

൨൫. ബാലോപചാരവിദഗ്ദ്ധ്=ബാലചികിത്സാസാമത്ഥ്യം.

൨൬. പൌരാഢ്യനാംനൃപതിതൻ എന്നതിന പൌരന്മാരുടേയും രാജാവിന്റെയുമെന്നത്ഥം. നിനവൊത്ത്=മനോരഥത്തോടുകൂടി.

൨൭. ദിശാവധുക്കൾ=ദിശകൾ (ദിക്കുകൾ) ആകുന്ന സ്ത്രീകൾ. ആമഞ്ജുളാനിലമിഷാൽ=ആമഞ്ജുളം (മനോജ്ഞം) ആയ അനിലൻ (കാററ്) എന്ന വ്യാജേന. അപ്പോൾ ദിക്പ്രസാദം മുതലായ ശുഭലക്ഷണങ്ങളുണ്ടായി എന്നു സാരം.

൨൮. ശരജന്മസവിത്രി=സുബ്രഹ്മണ്യനെ പ്രസവിച്ചവൾ (പാർവ്വതി) സൂതിഗൃഹേ=ഈററില്ലത്തിൽ.

Digitized By Kerala Sahitya Akademi

ആനന്ദസാരമയമുണ്ണി പിറന്ന വർത്ത-
മാനം ശ്രവിച്ചൊരളകേശനുദാരശീലൻ
ദാനങ്ങൾ തൃപ്തിയടയാതെ തുടർന്നമൂലം
നൂനം ജഗത്തിലളകേശരനേകരായി. ൧൯

ഫുല്ലാംബുജപ്രതിമപുത്രമുഖം, നിമേഷ-
മില്ലാതെയായ മിഴിയാൽ നുകരുന്ന നേരം
നില്ലാതെകണ്ടരചനുള്ളിലുയർന്ന ഹർഷം
തെല്ലാശ്രു ബാഷ്പവടിവിൽപ്പുറമേ വഴിഞ്ഞു. ൨൦

ഉല്ലാസമോടഥ പുരോഹിതർ ജാതകർമ്മ-
മെല്ലാം കഴിച്ചളവിലാ നിഷധേശപുത്രൻ,
ചൊല്ലാർന്ന ശില്പികളെടുത്തു കടഞ്ഞുവെച്ച
നല്ലാകരോത്ഥമണിപോലധികം വിളങ്ങി. ൨൧

ദൂരാൽ മുഴങ്ങി പല മംഗളവാദ്യഘോഷം;
വാരാംഗനാമണികളുത്തമനൃത്തമാടി;
വാരാണ്ട പാതകളിലാളുകൾ തിങ്ങുമാറ-
ന്നാ രാജധാനി പരമോത്സവപൂർണ്ണമായി. ൨൨

---

൧൯. അളകേശൻ=മഹാസേനൻ. തൃപ്തിയടയാതെ=മതിവരാതെ. അളകേശൻ=വൈശ്രവണൻ. അനേകർ=ഒന്നിലധികംപേർ. ഓരോരുത്തരും വൈശ്രവണതുല്യന്മാരാവാൻതക്കവണ്ണം ദാനം ചെയ്തുവെന്നു ഭാവം.

൨൦. നിമേഷം=ഇമവെട്ടൽ. ബാഷ്പവടിവിൽ=കണ്ണുനീരിന്റെ ആകൃതിയിൽ.

൨൧. നിഷ—പുത്രൻ=നിഷധേശന്റെ (മഹാസേനന്റെ) പുത്രൻ. ആക—മണി=ഖനിയിൽനിന്നുണ്ടായ രത്നം.

൨൨. വാരാ—മണികൾ=വേശ്യാസ്ത്രീരത്നങ്ങൾ. വാരാണ്ട=വലിയ.

Digitized By Kerala Sahitya Akademi

തേർവീഥിതോറുമൊരുപോലെ വിളക്കുവെച്ചു,
തൂവീ സുമങ്ങളും, കുലകാൽക്കുലവാഴ നാട്ടീ,
ദേവീസുതപ്രസവദിവ്യമഹോത്സവത്തി-
ലാവീക്ഷണീയപുരമൊന്നു പുതുക്കി പൌരർ. ൨൨

നാനാജനപ്പരിഷയെപ്പരമോന്നമത്ത-
ദാനാദികൊണ്ടു പരിതോഷിതമാക്കി മന്നൻ
സേനാനിയോടു സമനായ മകന്നു ചന്ദ്ര-
സേനാഖ്യ നൽകി സമയേ ശമിതാരിസേനൻ.

കാമാനുകൂലതരമാം പിതൃലാളനത്താൽ,
കാമാതികോമളകളേബരനക്കുമാരൻ
ശ്രീമാൻ ദിനംപ്രതി വളർന്നിതു, സൂര്യരശ്മി-
സ്തോമാപ്തിയാൽശ്ശിശുനിശാകരനെന്നപോലെ. ൨

മാലോകരാൽ മഹിതയായ മനോരമയ്ക്കു,-
മാലോലലീലമളകേശനമാശയത്തിൽ
പൌലോമിയാംക്കുമമരേശ്വരനും ജയന്തൻ
പോലോമലർക്കനവൻ പരിതുഷ്ടി ചെയ്തു. ൨

൨൨. ദേവീ—ത്സവത്തിൽ=ദേവിയുടെ (രാജ്ഞിയുടെ) സുത-
സവമാകുന്ന ദിവ്യം (ഭൂലോകാതീതം) ആയ മഹോത്സവത്തിൽ. വീക്ഷ-
ണീയപുരം=വീക്ഷണീയം (ദർശനീയം, മനോഹരം) ആയ പുരം.

൨൩. സേനാനി=സുബ്രഹ്മണ്യൻ. ചന്ദ്രസേനാഖ്യ=ചന്ദ്രസേന
എന്ന ആഖ്യ (പേർ) സമയേ=യഥാകാലം. ശമിതാരിസേനൻ=ശ(ത്രു)
സൈന്യത്തെ മുടിച്ചവൻ.

൨൪. കാമാ—ബരൻ=കാമനേക്കാൾ കോമളമായ കളേബ-
രത്തോടു (ദേഹത്തോടു)കൂടിയവൻ. സൂര്യരശ്മിസ്തോമാപ്തിയാൽ=സൂര്യര(ശ്മി)
പരമ്പരാ തട്ടുകയാൽ. ശിശുനിശാകരൻ=ബാലചന്ദ്രൻ. ചന്ദ്രനു പ്രകാ(ശ)-
മുണ്ടാകുന്നതു സൂര്യരശ്മിസംബന്ധത്താലാണത്രെ.

൨൫. മഹിത=പൂജിത. ആലോലലീലം=കളി ഉടന്തുകൊണ്ട്

Digitized By Kerala Sahitya Akademi

സോമാഭിരാമതനുവാം സുതനെ സ്വഭാഗ്യ-
ഭൂമാവിനാൽ മടിയിൽവെച്ചു പുണൎന്നു ഗാഢം
പ്രേമാൎദ്രനായമൃതിലാണ്ടതുപോലുദഞ്ചേ-
ദ്രോമാഞ്ചകഞ്ചുകിതനായി വിളങ്ങി മന്നൻ. ൩൭

തുമ്പമൊട്ടിനെതിർപല്ലുകളുല്ലസിക്കു-
മാമുഗ്ദ്ധഹാസമൊട്ടു,മഞ്ചിതമാം മുഖത്തിൽ
ശ്രീമുത്തൊളിശ്രമജതോയകണങ്ങളോടും
കാൽമുട്ടു, കയ്യിതുകളൂന്നി നടന്നു ബാലൻ. ൩൮

കൊണ്ടാട്ടമായയുടെ കൈവിരലും പിടിച്ചു-
കൊണ്ടായവൻ കിമപി പിച്ച നടന്നിടുമ്പോൾ,
കണ്ടാഞ്ഞെടുത്തലിവൊടമ്മ നറുംമുലപ്പാൽ-
കൊണ്ടാൎദ്രമാമുരസി ചേൎത്തുടനുമ്മവെച്ചു. ൩൯

പൂഞ്ചായൽ, പുഞ്ചിരി പുരണ്ട മുഖത്തു ചിന്നി-
ച്ചാഞ്ചാടിയോടിയു, മിടയ്ക്കു തടഞ്ഞു വീണും,
തേൻ ചാറുമാറു പല കൊഞ്ചൽ പൊഴിച്ചുമുണ്ണി
താൻ ചാരെ നില്പവരെ മോദരസത്തിൽ മുക്കി. ൪൦

പൌലോമി=ഇന്ദ്രാണി. അൎഭകൻ=ബാലൻ.

൩൭. സോമാ—തനു=ചന്ദ്രസുന്ദരദേഹൻ. സ്വഭാഗ്യഭൂമാവിനാൽ=തന്റെ ഭാഗ്യാതിശയത്താൽ. ഉദ—കിതൻ=ഉദഞ്ചത്ത് (ഉണ്ടായത്) ആയ രോമാഞ്ചംകൊണ്ടു കഞ്ചുകിതൻ (കുപ്പായമിട്ടവൻ)

൩൮. ആമുഗ്ദ്ധഹാസം=ഏറ്റവും ഭംഗിയുള്ള പുഞ്ചിരി. ശ്രീമു—കണങ്ങൾ=നല്ല മുത്തുകൾപോലെയുള്ള ശ്രമജതോയകണങ്ങൾ (വിയൎപ്പുതുള്ളികൾ)

൩൯. ആയ=ധാത്രി. ആൎദ്രം=നനഞ്ഞതു്. ഉരസി=ഉരസ്സിൽ (മാറിൽ)

൪൦. മോദരസം=സന്തോഷമാകുന്ന രസം (വെള്ളം)

Digitized By Kerala Sahitya Akademi

കൈവല്ലിയാൽത്തടവിയങ്കതലേ കിടത്തി-
ബ്ഭാവം തെളിഞ്ഞു മുല നൽകിയ തായയാളെ,
'പാവയ്ക്കുമമ്മ മുല നൽകണ'മെന്നു കൊഞ്ചു-
മാ വത്സനാർദ്രഹസിതാഞ്ചിതവക്ത്രയാക്കി. ൪൫

സന്നാംഗനങ്ങിനി വിഴുമെന്ന ഭയാലെടുപ്പാൻ
പിന്നാലെ ചെല്ലുമവരെപ്പുതുഹാസമോടും
തന്നാനനാംബുജമിടയ്ക്കു തിരിച്ചു നോക്കി-
സ്സന്നാഹമോടിടറിയോടി ഗൃഹാങ്കണത്തിൽ. ൪൬

കണ്ണഞ്ചിരട്ടകൾ നിലത്തു കമിഴ്ത്തി വെച്ചു
മണ്ണപ്പമൻപൊടു ചമച്ചു,തു കുട്ടികൾക്കായ്
എണ്ണം കുറിച്ചു വിഭജിച്ചു, യഥേച്ഛമാകും-
വണ്ണം കളിച്ചു കുലഭൃതികരൻ കുമാരൻ; ൪൭

ശ്രേയസ്കരാകൃതിയെഴും സുതനങ്ങു തുല്യ-
പ്രായത്തിലുള്ള സചിവാത്മജരോടുകൂടി
സ്സ്ഥായദ്രസേന വിഹരിപ്പതു കണ്ടു ഭൂഭൃ-
ജ്ജായയ്ക്കു നാളുകൾ കഴിഞ്ഞിതു കാൽക്ഷണത്താൽ.

൪൫. ആർദ്ര—വക്ത്ര=ആർദ്രഹസിതാ (അനുകമ്പാസഹിതമായ പുഞ്ചിരി)കൊണ്ടു് അഞ്ചിതം(മനോഹരം)ആയ വക്ത്രത്തോടുകൂടിയവൾ.

൪൬. സന്നാംഗൻ=ദേഹം തളർന്നവൻ. സന്നാഹം=ഉത്സാഹം. ഗൃഹാങ്കണം=മുററം

൪൭. കുലഭൃതികരൻ=വംശത്തിനു് അഭ്യുദയമുണ്ടാക്കുന്നവൻ. പ്രതിഭൂപതികളെ അടിവണങ്ങിച്ചു, ഭൂമിയെല്ലാം കീഴടക്കി, ഓരോ ഖണ്ഡത്തെ സാമന്തന്മാർക്കു് ഏററം വീതിച്ചുകൊടുക്കുന്നതുപോലെയുള്ള ഈ ലീലകളാൽ അവന്റെ കുലഭൃതികരത്വത്തെ വ്യഞ്ജിപ്പിക്കുന്നു. ഈ മാതിരി വ്യംഗ്യങ്ങളും, ആശയങ്ങളും ഇതിൽ പലേടത്തും ഉള്ളതു സൂക്ഷ്മദൃക്കുകൾക്കു കാണാവുന്നതാണു്.

൪൮. സ്ഥായദ്രസേന—വർദ്ധമാനമായ രസത്തോടുകൂടി. വിഹരിപ്പതു—കളിക്കുന്നതു.

Digitized By Kerala Sahitya Akademi

പാടേ സമാനവടിവാൎന്ന സഖാക്കളോട്ടും
കൂടെ, മുറയ്ക്കു കൃതചൌളനിളേശപുത്രൻ
ചോടെ ലിപിഗ്രഹണമായ നദീമുഖത്തി-
ലൂടെ ഗഭീരതരവാങ്മയസിന്ധു പുക്കാൻ. ൪൬

നീചാഹിതൻ നൃപതി പിമ്പുപനീതനായ
ധീചാതുരീമികവെഴും മകനെസ്സഹൎഷം
ആചാരശാലികളിലഗ്രഗരായ വിദ്വ-
ദാചാൎയ്യർതന്നരികിലദ്ധ്യയനത്തിനാക്കി. ൪൭

നാലഗ്ര്യവിദ്യകൾ ഗുരുപ്രണയാനുകൂല-
ശീലം കലൎന്ന നൃപനന്ദനനെബ്ഭജിച്ചു;
ഭൂലക്ഷ്മിമാരുമഗജാസുരഗങ്ഗമാരും
ലീലയ്ക്കു ചേൎന്ന ഹരിശങ്കരനെക്കണക്കേ. ൪൮

ഭൂവാസവപ്രിയസുതാനനമായ നീരിൽ-
പ്പൂവാൎന്നു, ദോഷപദലോഭകൃതാൎത്ഥയായി
ശ്രീവാണിടുന്ന നിലകണ്ടു,തിലാശ തേടി
ശ്രീവാണിമാരുമവിടെ സ്ഥിരവാസമാക്കി. ൪൯

൪൬. കൃതചൌളൻ=ചൌളം കഴിച്ചവൻ. ലിപിഗ്രഹണം=അക്ഷരംപഠിക്കൽ. ഗഭീ——സിന്ധു= ഏററവും ഗഭീരമായ ശബ്ദജാതമാകുന്ന സമുദ്രം. അക്ഷരഗ്രഹണാനന്തരം ശബ്ദബോധമുണ്ടാക്കി എന്നഭാവം.

൪൭. നീചാഹിതൻ= നീചശത്രു. ധീ= ബുദ്ധി. അദ്ധ്യയനം= വേദപാഠം.

൪൮. നാലഗ്ര്യവിദ്യകൾ=ആന്വീക്ഷികി, ത്രയി, വാൎത്ത, ദണ്ഡനീതി എന്നിവ. ഗുരു——ശീലം=ഗുരുപ്രണയത്തിന്ന് (ഗുരുജനങ്ങളുടെപ്രണയത്തിന്ന്, ഗുരുവായ=മഹത്തായ പ്രണയത്തിന്ന് എന്നും) അനുകൂലമായശീലം. ഹരിശങ്കരനെ=വിഷ്ണുമഹേശ്വരന്മാർ ചേൎന്നിരിച്ചേൎന്ന മൂൎത്തിവിശേഷത്തെ (ഇരട്ടപ്പനെ).

൪൯. ഭൂ——നനം= ഭൂവാസവന്റെ (രാജാവിന്റെ) പ്രിയസുത



Digitized By Kerala Sahitya Akademi

ധീമദ്വരിഷ്ഠനഥ, മന്ത്രസമന്വിതാസ്ത്ര-
ഗ്രാമം ഗ്രഹിച്ചു തുടങ്ങുനിൽനിന്നതന്നേ:
ആമന്നവേന്ദ്രനെതിരാംവിധമന്തികൽ-
സ്സാമർത്ഥ്യമുള്ളോരവനൂഴിയിലില്ലയല്ലോ. ൪൯

താനംഗ്ഗരോട്ട ശരിയാംപടി ചക്രവർത്തി-
സ്ഥാനം ഭരിപ്പതിനു തക്കവനാം പ്രകാരം,
ജ്ഞാനം സമസ്തവിഷയത്തിലുമാർന്നു **ചന്ദ്ര-**
**സേനൻ** ക്രമാൽ സുജനസമ്മതനായ്ച്ചമഞ്ഞു. ൫൦

സത്തുക്കളോയ്സ്സഹവസിച്ചു കലാസമൃദ്ധി-
യൊത്തുള്ള ചന്ദ്രസുഭഗാകൃതി **ചന്ദ്രസേനൻ**
അത്തുല്യമാരൊരളകാപുരസാഗരത്തെ-
യുത്തുംഗകൌതുകതരംഗിതമാക്കി മേന്മേൽ. ൫൧

എത്രയ്ക്കു നല്ലറിവു കൂട്ടതലായ്, നൃപാല-
പുത്രന്നു പുണ്യതരമായ പഠിപ്പിനാലേ;
അത്രയ്ക്കു ചേർന്നിതൊരൊതുക്കവു; മെന്തിതിങ്കൽ-
ച്ചിത്രം? നിറഞ്ഞ കുടമെങ്ങു തുളുമ്പിടുന്നു? ൫൨

---

ന്റെ ആനനം (മുഖം) വീഴിൽപ്പൂവ്=താമരപ്പൂവ്. ഉദാ—താൽ=മ ന്യസ്ഥാനം കിട്ടുകയാൽ കൃതാർത്ഥ. ശ്രീ=ലക്ഷ്മി. ശ്രീ വാണിമാരും=ശ്രീ സരസ്വതിയും. കമാരനു വിദ്യയെല്ലാം മുഖസ്ഥമായെന്നു സാരം.

൪൯. ധീമദ്വരിഷ്ഠൻ=ബുദ്ധിമാന്മാരിൽവെച്ചു ശ്രേഷ്ഠൻ, മന്ത്ര-ഗ്രാമം=മന്ത്രത്തോടുകൂടിയ അസ്ത്രങ്ങളുടെ ഗ്രാമം (സമൂഹം)

൫൧. സത്തുക്കൾ= സജ്ജനങ്ങൾ (കലാനിപുണന്മാർ), നക്ഷത്രങ്ങളും. കലാസമൃദ്ധി=കലകളുടെ (അറുപത്തിനാലു കലകളുടെ പതിനാറു കലകളുടെ) സമൃദ്ധി. അള—ഗരം= അളകാപുരമാകുന്ന സമുദ്രം. ഉത്തു—ംഗിതം=വലിയ കൌതുകംകൊണ്ട് ഇളകിയത്

൫൨. "നിറകുടം തുളുമ്പില്ല" എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ.

Digitized By Kerala Sahitya Akademi

ആ രുക്മിണീതനയനും തലതാഴ്ത്തുമാറു-
ചാരുത്വമേറിന കുമാരകളേബരത്തിൽ
ചേരുന്ന ബാല്യതയെ ലാക്കിലകറ്റി മെല്ലെ-
താരുണ്യലക്ഷ്മി പെരുമാറിടുവാൻ തുടങ്ങീ. ൩൫

ഔദാൎയ്യവാനരചനന്നു ധനാന്നവസ്ത്ര-
ഗോദാനപൂൎവ്വകമശേഷജനങ്ങളേയും
മോദാൎണ്ണവത്തിൽ മുഴുകിച്ചു മാൎഗ്ഗവന്നു
ഗോദാനകൎമ്മവുമനാകുലമായ്ക്കഴിച്ചു. ൩൬

അത്തങ്കവാതിലൊളിമാറു, നകത്തിനൊക്കും
കൈത്തണ്ടു, കാളയൊടെതിൎത്ത കഴുത്തി, വണ്ണം
പുത്തൻവയസ്സിലവനേറെ വിളങ്ങിനാൻ, ന-
ല്ലൊത്തങ്ഗമേന്തിയൊരു വീരരസം കണക്കെ. ൩൭

പാൎത്ഥൻമണാളനെയവൻ ഗുണപൂൎത്തികൊണ്ടു
പേൎത്തങ്ങുമാതിശയിച്ചതിതുഷ്ടനാക്കി
താതന്നു നല്ല വിജയം, ഗുണവാഴ്വിലാത്ത-
ജാതങ്കൽനിന്നൊരു പരാജയമേല്പതല്ലോ. ൩൮

൩൫. രുക്മിണീതനയൻ= പ്രദ്യുമ്നൻ (കാമൻ). ബാല്യതയെ=ബാല്യത്തെ.

൩൬. ധനാ—പൂൎവ്വകം= ധനം, അന്നം, വസ്ത്രം, പശു ഇവയുടെ ദാനത്തോടുകൂടി. മോദാൎണ്ണവം= സന്തോഷസമുദ്രം. ഗോദാനകൎമ്മം=കേശാന്തം (സമാവൎത്തനം)

൩൭. പുത്തൻവയസ്സിൽ= യൌവനത്തിൽ. ഒത്ത= നീളം, വണ്ണം മുതലായവയ്ക്കു കൂടുതൽകുറവില്ലാത്ത. അംഗം= ശരീരം.

൩൮. അതിശയിച്ചു= താഴെയാക്കി. ഗുണവാഴ്വിൽ= ഗുണാധിക്യമെന്ന വിഷയത്തിൽ, സൎവ്വത്ര ജയമന്വിച്ഛേത പുത്രാദിച്ഛേൽ പരാജയം.

Digitized By Kerala Sahitya Akademi

പേരാറ ഭൂപനഥ, താൻ സുചിരാൽ ഭരിച്ചു
പോരുന്ന ഭൂമിഭരമൊന്നു ലഘൂകരിപ്പാൻ
ചാരുസ്വഭാവമിയലും പ്രിയനന്ദനന്നു
ചേരുംപടിക്കരുളിനാൻ യുവരാജപട്ടം. ൩൭

ആ രാജപുത്രനൊ,ടുമിച്ചു വളൎന്ന തോഴ-
ന്മാരാം സുബാഹു, ജയപാലൻ, ശോകസേനൻ
പേരാൎന്ന ഭാനു, ഗുണമിത്രനിവണ്ണമഞ്ചു-
പേരായിരുന്നു സചിവേന്ദ്രരതന്ദ്രിതന്മാർ. ൩൮

ആവശ്യമായ വിഷയഗ്രഹണപ്രവീണ-
ഭാവം പെടും സചിവരാമവരഞ്ചുപേരും
ആ വമ്പെഴും നൃപസുതങ്കൽ, വന്നു വേറെ
കൈവന്ന പഞ്ചകരണങ്ങൾകണക്കിണങ്ങി. ൩൯

ശ്രീയാളുമാറിളമയായതുളന്നിളേശ-
ദായാദനാസ്സചിവരൊത്തൊരു നാളുഷസ്സിൽ,
വ്യായാമസാധനവിനോദവിശേഷമായ
നായാട്ടിനായി നടകൊള്ളുവതിന്നൊരുങ്ങി. ൪൦

ലീലാനുകൂലശുഭവേഷമൊടാധരിത്രീ-
പാലാനപായകലശാൎന്നവപൂൎണ്ണചന്ദ്രൻ,

൩൭. ലഘൂകരിപ്പാൻ= കുറപ്പാൻ.

൩൮. സചിവേന്ദ്രർ= പ്രധാനമന്ത്രിമാർ. അതന്ദ്രിതന്മാർ= ഉത്സാഹികൾ. ഇവരെയാണ് ൪൪-ാംശ്ലോകത്തിൽ സൂചിപ്പിച്ചിരിക്കുന്നത്.

൩൯. വിഷ—ഭാവം= വിഷയങ്ങളുടെ (കാൎയ്യങ്ങളുടെ, രൂപരസാദികളുടെ എന്നും) ഗ്രഹണത്തിലുള്ള പ്രവീണഭാവം (സാമൎത്ഥ്യം) പഞ്ചകരണങ്ങൾ= പഞ്ചേന്ദ്രിയങ്ങൾ.

൪൦. ഇളേശദായാദൻ= രാജപുത്രൻ. വ്യായാ—ശേഷം= വ്യായാമത്തെ ഉണ്ടാക്കുന്ന വിനോദവിശേഷം.

Digitized By Kerala Sahitya Akademi

ചേലാർന്ന കോപ്പുകളണിഞ്ഞൊരു ശാരദാഭ്ര-
ജാലാഭമാം കുതിരതന്റെ പുറത്തു കേറി. ൩൮

'സങ്കാശമാനമിതൊ,രഞ്ജമെടുത്ത ശംഖ-
സങ്കാശമാം നൃപകുമാരയശസ്സുതാനോ?'
വൻകാശപുഷ്പമെഴുമാ ഹയമിത്ഥമാത്ത-
ശങ്കാശയത്വമവനേകുകയില്ല കണ്ടാൽ? ൩൯

നൽക്ഷീരവാരിധിജലക്ഷ്മിയെ മെയ്യിലേറ്റി,-
പ്പക്ഷീന്ദ്രനെഗ്ഗതിയിലൻപൊടു താഴെയാക്കി,
അക്ഷീണദേവമണി ചാർത്തിയൊരാ ഹയത്തെ-
ലക്ഷീകരിച്ചു പറയും ഹരിവാക്യഭേദം. ൪൦

നല്ലാ ഹയത്തിനുടെ, ദാശകദംബകത്തെ-
പ്പുല്ലാക്കി വിട്ട പുതുകേസരപങ്ക്തി കണ്ടാൽ,

൩൮. ചേലാർന്ന—വേഷം=ചേലുള്ള (നായാട്ടിനു) യോജിച്ചതായ നല്ല വേഷം. ധരി—ചന്ദ്രൻ = ധരിത്രീപാലനായ ചന്ദ്രൻ (രാജവംശം) ആകുന്ന കലശാർണ്ണവത്തിന് (പാലാഴിക്ക്) ഉ ണ്ണിച്ചന്ദ്രൻ. ശാര—ലാഭം=ശരൽക്കാലത്തിലെ മേഘത്തിന്റെ ശോഭയുള്ളത്. (വെളുത്തത്).

൩൯. സങ്കാശമാനം=ശോഭിക്കുന്നത്. ശംഖസങ്കാശം= ശംഖിനോടു തുല്യം. വൻകാശപുഷ്പം= വലിയ കാശപ്പുല്ലിന്റെ നിറം. ആത്ത—ശയത്വം=മനസ്സിൽ ശങ്ക തോന്നൽ. അവനേകുകയില്ലേ?=എല്ലാർക്കും ഏകും.

൪൦. നൽക്ഷീ—ലക്ഷ്മി=നല്ല ക്ഷീരവാരിധിജന്റെ (പാലാഴിയിൽനിന്നുണ്ടായ അശ്വത്തിന്റെ—ഉച്ചൈശ്രവസ്സിന്റെ) ലക്ഷ്മി; ക്ഷീരവാരിധിയിൽനിന്നുണ്ടായ ശ്രീദേവി എന്നും. പക്ഷീന്ദ്രൻ=ഗരുഡൻ. താഴെയാക്കി എന്നതിനു, വിഷ്ണുപക്ഷത്തിൽ മേലേകരിയിരിക്കുന്നതുകൊണ്ടു ചുവട്ടിലാക്കി എന്നർത്ഥം. അക്ഷീണദേവമണി=അക്ഷീണം (പ്രൗഢം) ആയ ദേവമണി (സല്ലക്ഷണമായ ഒരു ചുഴിപ്പ്; കൌസ്തുഭമെന്നും). ലക്ഷീകരിച്ചു=ലാക്കാക്കി(കരിച്ച്). ഹരിശബ്ദം കുതിരയുടെയും വിഷ്ണുവിന്റെയും പര്യായമാകുന്നു.

Digitized By Kerala Sahitya Akademi

മല്ലാന്ന മാതതനെ യാത്രയിൽ വെന്നമുലപ്പാ
നില്ലാതുയന്നൊരു യശോധരമെന്നു തോന്നും. ൬൪

വാട്ടത്തിൽ നിന്നകലെ മേവിന കണ്ണന്നോടശ്വ-
കൂട്ടത്തിടമ്പതു കഴുത്തുമുയർത്തി നിന്നു,
മോട്ടത്തിലൃഷിമതിയായ്പ്പഴമോ തനിക്കൊ-
രോട്ടത്തിനെന്നറിവതിന്നു മതിന്നുപോലെ. ൬൫

ആലസ്യമാറിളകിടുന്ന ഖുരാഞ്ചലങ്ങ-
ളാലങ്ങരാജസുതവാജി നിലം കുഴിച്ചു,
പാലബ്ധിവീചികളെ മെയ്യൊളിയാൽ ജ്ജയിച്ചു-
യാലജ്ജയക്കൊടി നടുന്നതിനെന്ന പോലെ. ൬൬

ഘോരായുധം പലതെടുത്തു, കരുത്തുടപ്പി-
ട്ടാരാൽ ഭടഘട ചുഴന്നു നൃപാത്മജാശ്വം,
ധാരാധരപ്പരിഷ താഴ്ന്നു ചൂഴ്ന്നു നില്ക്കു-
ള്ളോരാത്തുഷാരഗിരിതൻ പരിപാടി നേടി. ൬൭

ശശ്വൽഗതിക്കു ശരിയാം ഗതിവേഗമെഴു-
മശ്വത്തെ മെല്ലവെ നടത്തി നരേന്ദ്രപുത്രൻ
വിശ്വപ്രസിദ്ധഗരുഡാദികമാക്കൊണ്ടു
വിശ്വസ്തമിത്രഭടരൊത്തെഴുനള്ളി വീരൻ. ൬൮

---

൬൪. [illegible] സ്കന്ധ[illegible]മൂഹം;

൬൫. അശ്വക്കൂട്ടത്തിടമ്പ്=കുതിരകളിൽവെച്ചു മുന്തിയതു്.

൬൬. അലസ്യമാറ്—ഇടവിടാതെ. ഖുരാഞ്ചലങ്ങൾ=കുളമ്പുകളുടെ അറ്റങ്ങൾ. വാജി=കുതിര.

൬൭. ആരാൽ=അരികിൽ. ഭടഘട=യോധസമൂഹം. ധാരാധരപ്പരിഷ=മേഘക്കൂട്ടം. തുഷാരഗിരി=ഹിമവാൻ. പരിപാടി=മട്ട്.

൬൮. ശശ്വൽഗതിക്കു=സദാഗതിക്കു (വായുവിന്)

Digitized By Kerala Sahitya Akademi

പൌരാക്ഷികൾക്കു പരമോത്സവമേകിയും കൊ-
ണ്ടാരാജപുത്രനഴകോടഴുന്നള്ളിടുമ്പോൾ,
വാരാണ്ട മാളികജനാലകളിൽസ്സുകേശി-
മാരാത്തു മഞ്ജുമുഖപങ്കജമാല ചാർത്തി. ൯

മല്ലായുധപ്രതിമനാകുമിവന്റെ മെയ്യി-
ലെല്ലാം വഴിഞ്ഞൊരഴകാമമൃതാവതോളം
ഉല്ലാസമാർന്നു മിഴികൊണ്ടു നുകർന്നുകൊണ്ടാ
മല്ലാക്ഷമാർ മതി മറന്നു പറഞ്ഞിതേവം. ൧൦

“നീലോൽപലശ്രുഗനെറിഞ്ഞിതു, പാർവ്വതീശ-
ഫാലോജ്ജ്വലാനലനിലെന്നതു ഭോഷ്കുതന്നെ;
ആ ലോകവീരനൊരു വെൺകുതിരപ്പുറത്തു
ചേലോടു കേറി നഗരത്തിലിതാ! വരുന്നു. ൧൧

ഹാ! ഹന്ത! മുമ്പു പല ജന്മവുമെത്ര പുണ്യ-
വ്യൂഹങ്ങളിക്കതിര ചെയ്തു കഴിഞ്ഞിരിക്കും!
മോഹം കരൾക്കരുളുമീത്തരുണന്റെ ദിവ്യ-
ദേഹം വഹിപ്പതിനിതിന്നിട വന്നുവല്ലോ” ൧൨

ദേവൻ വിരിഞ്ചി വശമാപ്പുരുഷക്കു വേണ്ടും
ലാവണ്യശേഖരമിരുന്നതു ബാഹ്യിയെന്ന്യ

൯. പൌരാക്ഷികൾ= പൌരന്മാരുടെ അക്ഷികൾ (കണ്ണുകൾ). സുകേശിമാർ=സുന്ദരിമാർ. മഞ്ജു— മാല=ഭംഗിയുള്ള മുഖങ്ങളാകുന്ന താമരപ്പൂക്കളുടെ മാല.

൧൦. നീലോല്പലശ്രുഗൻ=കാമൻ. പാർവ്വ— നലനിൽ=ശിവന്റെ നെററിക്കണ്ണിലെ തീയ്യിൽ.

൧൧. വ്യൂഹങ്ങൾ=സമൂഹങ്ങൾ. മോഹം=ലയനം.

൧൨. വിരിഞ്ചി=ബ്രഹ്മാവ്. ലാവണ്യശേഖരം= ഈട്ടുവെപ്പായ സൌന്ദര്യം.

Digitized By Kerala Sahitya Akademi

ഈ വൻപനാം സുഭഗനിങ്ങിനിലവാശിയാനു-
മീവണ്ണമിങ്ങിതരപൂരുഷനില്ലയല്ലോ. ൧൬

എട്ടാശയിങ്കലുമിവന്നനുരൂപമാകും
മട്ടാർന്ന കന്യയെ മഹീപതി തേടിയിട്ടും
കിട്ടാഞ്ഞതിൽച്ചെറുതുമത്ഭുതമില്ല; ദിവ്യ-
തപ്പിട്ടാമിവന്നുചിതയായവൾ മന്നിലുണ്ടോ? ൧൭

ഈ രാജപുത്രനുടെ, യൌവനചൈത്രലക്ഷ്മി-
യ്ക്കാരാമമായ തിരുമെയ്യൊടൊരിക്കൽമാത്രം
ചേരാൻ തരം വിധിവശാലൊരുവൾക്കുദിച്ചാ-
ലാ, രാമ തൻ പിറവി ഹന്ത! ഫലത്തിലായി." ൧൮

ഇമ്മട്ടിരിക്കു പലതോതി, നൃപാത്മജങ്കൽ,
കംമാലകൾ ഞെരിമ വെടിഞ്ഞുഴമക്ഷിയോടും
പൂമാളികാഗ്രഭുവി നിന്ന പുരസ്ത്രീമാർകൾ
വൈമാനികാംഗനകൾപോലെ വിളങ്ങി ഭേജ്യാം. ൧൯

ശൂരാഗ്ര്യരാം ഭടരൊടും, തുരഗാധിരൂഢ-
ന്മാരായ് സപാർശ്വചരരായ സഖാക്കളോടും
പൌരാവലീമിഴികളാലനുയാതനായി-
ട്ടാ രാജവീരതനയൻ നഗരം കടന്നു. ൨൦

---

൧൮. യൌവ—ലക്ഷ്മി=യൌവനമാകുന്ന വസന്തത്തിന്റെ ശോഭ. ആരാമം=പൂങ്കാവ്. രാമ=സുന്ദരി.

൧൯. വൈമാ—നകൾ=ദിവ്യസ്ത്രീകൾ.

൨൦. തുരഗാധിരൂഢന്മാർ= കുതിരപ്പുറത്തു കേറിയവർ. സപാർശ്വചരർ=തന്റെ ഇരുപാട്ടും നടക്കുന്നവർ. സഖാക്കളോടു=മന്ത്രികളായ ഇഷ്ടസ്നേഹിതന്മാരോടും കൂടി, അനുയാതൻ=അനുഗമിക്കപ്പെട്ടവൻ.

Digitized By Kerala Sahitya Akademi

പാരാതെ പാർത്ഥിവകുമാരനെ മാർഗ്ഗമദ്ധ്യേ
ദൂരാൽ വരുന്നൊരു തപസ്വിനി കണ്ടുമുട്ടീ
"ആരാണിതെന്തു കഥ! രോഹിണിയായ്പ്പിരിഞ്ഞോ
താരാധിപൻ? മദനനാ രതിയെ ത്യജിച്ചോ?" ൭൮

ആ ദിവ്യരൂപനുടെ രൂപസമൃദ്ധി കണ്ടി-
ട്ടാദിഷ്ടിവണ്ണമവളൊട്ടു പകച്ചുനിന്നു;
മോദിച്ചുമാറഥ പടജ്ജനമോടടുത്തു
ചോദിച്ചറിഞ്ഞു, വിധിതൻ വിരുതോർത്തു വാഴ്ത്തീ. ൭൯

"ശ്രീമൻ, കുമാര, വിജയിക്കുക!" യെന്നു പിന്നെ
പ്രേമത്തൊടോതിയവളൊന്നു വണങ്ങിനിന്നു;
ആ മന്ത്രിമുഖ്യർ ചൊരിയുന്ന കഥാരസത്തി-
ലാമഗ്നനുണ്ണിനൃപനാ മൊഴി കേട്ടതില്ലാ. ൮൦

കേൾക്കാതെ പോകുമവനോട്ടു, വിധംപകർന്നു
നോക്കാന്തു താപസിയുറക്കെ യുരച്ചിതേവം:—
"ധിക്കാരലേ നീയൊരുവനെന്നിയെ മാമകാശീ-
ർവ്വാക്കാരഹോ! മഹിയിലാദരിയാതെയുള്ളൂ? ൮൧

ഈ രാമണീയകഗുണാദികൾമൂലമിത്ര
ഘോരാഭിമാനമിയലുന്ന ഭവാനു മേലിൽ
'താരാവലി'തരുണി ഭാര്യയുമാകില്ലെ,ന്തോ!
നീ രാജപുത്ര! തുണമാകിട്ടുമിന്ദ്രനേയും." ൮൨

൭൮. പാരാതെ= താമസംകൂടാതെ ഉടനേ. തപസ്വിനി=താപസി.
൭൯. രൂപസമൃദ്ധി= സൌന്ദര്യാതിശയം. പകച്ചു= അത്ഭുതസ്തബ്ധയായി. വിധി= സൌന്ദര്യസൃഷ്ടിസാമർത്ഥ്യം.
൮൦. പ്രേമം=വാത്സല്യം. ആമഗ്നൻ=മുഴുകിയവൻ.
൮൧. ധിക്കാരം=ഗർവ്വ്. മാമകാശീർവ്വാക്ക്=എന്റെ ആശീർവ്വാദം
൮൨. രാമണീയകഗുണാദികൾ= സൌന്ദര്യോൽക്കർഷം മുതലായ



Digitized By Kerala Sahitya Akademi

അ'ക്കാത്യായനി'യെന്ന താപസി കഥ-
ത്തെല്ലാം കഥിക്കൂ, ക്ഷമി-
പ്പിക്കാൻ വാജിയിൽനിന്നിറങ്ങി വിനയാൽ
വന്ദിച്ചിളേന്ദ്രാത്മജൻ,
'അക്കാന്താകഥയിൽക്കുതൂഹലവുമാ-
ന്നാ, മാന്യയെസ്സൽക്കരി-
പ്പിക്കാൻ ഭാനു'ഗേഹത്തിലേക്കു തനതാം-
ക്കാരൊത്തയച്ചീടിനാൻ. ൨൩

വീണ്ടും വാഹനമേറി മന്ത്രിയുതനായ്,-
സ്സസ്യാദി സമ്പത്തിനാൽ
വേണ്ടുംപോലെ തെളിഞ്ഞ നാട്ടുപുറവും
മാറം കടന്നായവൻ,
നീണ്ടും, നീളെയിരുണ്ടുമുള്ള വിപിനം
ദൂരത്തു കണ്ടുന്മദം
പൂണ്ടാക്കൊണ്ടു പുളച്ചുമുത്ഭടഭട-
ന്മാരൊത്തെഴുന്നള്ളിനാൻ. ൨൪

ഇങ്ങിനെ ചന്ദ്രസേനകാത്യായിനീസമാഗമം രണ്ടാം സർഗ്ഗം.

---

൨൨. ഘോരാളിമാനം=ഭയങ്കരമായ ഗർവ്വ്. തൃണമാക്കിട്ടും=പുല്ലിനൊപ്പം കരുതും.

൨൩. അക്കാന്താകഥയിൽ=മേൽപറഞ്ഞ താരാവലിയുടെ കഥയിൽ. കുതൂഹലം=കൗതുകം (ജിജ്ഞാസ). ഭാനു=മന്ത്രിമാരിൽ ഒരാൾ. തനതു്=സ്വന്തം.

൨൪. മന്ത്രിയുതൻ=മന്ത്രിമാരോടുകൂടിയവൻ. വിപിനം=കാട്. ഉന്മദം=ഉത്സാഹലഹരി. ഉത്ഭടന്മാർ=ശൂരയോധന്മാർ.

Digitized By Kerala Sahitya Akademi

## മൂന്നാം സൎഗ്ഗം

വരസചിവഭടന്മാരൊത്തുപോയി ക്രമത്താൽ,
നിരവധി തരുഷണ്ഡം ചേൎന്നിരുണ്ടോരു കാട്ടിൽ
അരചനുടെ കുമാരൻ ചെന്നുകേറീ, കരിങ്കാർ-
നിരയിലരുണദേവൻപോലെ വൃദ്ധപ്രതാപൻ. ൧

ഗിരിവനമതിൽ നീളെ, ക്കാളമേഘാഭ പൂണ്ടും,
ഹരിതദളഗണത്താലംബരാന്തം മറച്ചും,
പെരിയ മരമസംഖ്യം പ്രൌഢശാഖോപശാഖ-
പ്പരിഷയൊടിടതിങ്ങിപ്പൊങ്ങി നില്ക്കുന്നു ഭംഗ്യാ. ൨

കരി, കരടികൾ, ചെന്നായ്, പ്പോത്തു, ഘണ്ടാമൃഗം, വൻ
നരി, കിരി, ഹരി മുന്നാം ഹിംസ്രജാതിക്കിരിപ്പാൻ
അരിമയൊടുചിതംപോലീശ്വരൻ തീൎത്തതാണോ-
ക്കരിനിറമിടചേൎന്നീടുന്ന കാടെന്നു തോന്നും. ൩

പ്രതിദിനമുലകത്തിന്നുൾപ്രബോധം പ്രവൃത്തി-
പ്പതിനുതകിന സൂൎയ്യാലോകമേശാത്തമൂലം
അതിമലിനതമസ്സാൎന്നാലുമന്യൂനമത്ര-
സ്ഥിതി തടവിടുമക്കാടെത്രതാൻ ഘോരമല്ലാ. ൪

---

൧. തരുഷണ്ഡം = മരക്കൂട്ടം. അരുണദേവൻ = സൂൎയ്യൻ. വൃദ്ധപ്രതാപൻ = വലിയ പ്രതാപമുള്ളവൻ.

൨. ഗിരിവനമതിൽ = ആ മലങ്കാട്ടിൽ. ഹരി—ഗണം = പച്ചിലക്കൂട്ടം. അംബരാന്തം = ആകാശമദ്ധ്യം.

൩. കിരി = പന്നി. ഹരി = സിംഹം. ഹിംസ്രജാതി = ക്രൂരമൃഗവൎഗ്ഗം. അരിമ = ശ്ലാഘ

൪. ഉൾപ്രബോധം = ഉണൎച്ച, ജ്ഞാനമെന്നും. സൂൎയ്യാലോകം =

Digitized By Kerala Sahitya Akademi

നലമൊടു ഭുവി തങ്ങൾക്കത്രെ നല്ലോരു വാസ-
സ്ഥലമരുളിയ ദൈവത്തിന്റെ നാനാമഹത്ത്വം
പല പറവകൾ പാടിപ്പാടിവാഴ്ത്തുന്ന കോലാ-
ഹലമവിടെ മുഴങ്ങീടുന്നു, കർണ്ണാമൃതാഭം. ൬

അടവിയതില, നല്പം വേരുറച്ചും, പഴക്കം
തടവിയു, മളവില്ലാതുള്ള മാഹാത്മ്യമാർന്നും,
സ്ഫുടതരബഹുശാഖാലംബിതുഷ്യദ്ദ്വിജേന്ദ്ര-
ച്ഛടയൊടു വിലസുന്നു വേദമട്ടായ് മരങ്ങൾ. ൭

ദ്വിരദതതി തരിപ്പുൾത്തങ്കിടും തൻ കവിൾത്ത-
ട്ടുരസിയ മദഗന്ധിസ്കന്ധഭാഗങ്ങളോടും,
സുരഭിലമലർ തിങ്ങും കൊമ്പൊടും തത്ര നില്ക്കും
മരനിര മധുപങ്ങൾക്കിഷ്ടമാമൂലചൂഡം. ൮

സ്ഫുടമിതരഗജത്തിൻ ദാനഗന്ധാൽ ദ്വിപാഗ്ര്യൻ
കട ഝടിതി പുഴക്കിത്തള്ളി വീഴ്ത്തും മരങ്ങൾ

സൂര്യരശ്മി, സൂരികളുടെ (വിദ്വാന്മാരുടെ) ആലോകം (ദർശനം) എന്നും. അതി—തമസ്സ് = ഏററവും മലിനമായ തമസ്സ് (ഇരുട്ട്, തമോഗുണമെന്നും). അന്യൂനസത്വസ്ഥിതി= സത്വങ്ങളുടെ (ജന്തുക്കളുടെ, സത്വഗുണത്തിന്റെ എന്നും) സ്ഥിതിക്കു കുറവില്ലാത്ത.

൬. കർണ്ണാമൃതാഭം= ചെവിക്കമൃതുപോലിരിക്കുന്നത്.

൭. വേദപക്ഷത്തിൽ വേരുറയ്ക്കുക= ലബ്ധപ്രതിഷ്ഠമാവുക. വൃക്ഷപക്ഷത്തിൽ മാഹാത്മ്യം= വലിപ്പം. സ്ഫുട—യോടു=ഏററവും സ്പഷ്ടകളായ പല ശാഖകളെ (കൊമ്പുകളെ, അശ്വലായനതൈത്തിരീയാദികളെ എന്നും) ആശ്രയിച്ചു തോഷിക്കുന്ന ദ്വിജേന്ദ്രരുടെ (ശ്രേഷ്ഠപക്ഷികളുടെ, ഉത്തമബ്രാഹ്മണരുടെ എന്നും) സമൂഹത്തോടുകൂടി.

൮. ദ്വിരദതതി=ആനക്കൂട്ടം; മദ—ഭാഗങ്ങൾ=മദജലത്തിന്റെ മണമുള്ള തടികൾ. സുരഭിലമലർ= സുഗന്ധിപുഷ്പം. മധുപങ്ങൾ=വണ്ടുകൾ. ആമൂലചൂഡം= കടമുതൽ തലവരെ.

Digitized By Kerala Sahitya Akademi

ചടചടരടിതത്താല,ങ്ങുറങ്ങും മൃഗേന്ദ്ര-
ന്നുടനുണർവു വരുത്തിശ്ശ്രുണ്ഠിയുണ്ടാക്കിടുന്നു. ൭

ചലകിസലയരാഗം പൂണ്ടു, തെല്ലൊന്നണിപ്പൂ-
ങ്കുലകളുടെ കനത്താൽച്ചാഞ്ഞ വല്ലീസമൂഹം
മലർ മുടിയിലണിഞ്ഞോരഗ്ര്യവൃക്ഷങ്ങളായ്ച്ചേ-
ന്നലഘുരുചി വിളങ്ങീടുന്നിതാക്കാനനത്തിൽ. ൯

കൊടിയ പുലികളുള്ളിൽപ്പുള്ളികൊള്ളുന്ന വള്ളി-
ക്കുടിലുകളിട തിങ്ങുന്നുണ്ടങ്ങുമിങ്ങും;
ഞൊടിയിടയുമവററിൽത്തൻ കരത്തെക്കടത്താൻ
ചൊടിയുടയ ഹരിക്കും ധൈൎയ്യമില്ലെന്നു തോന്നും. ൧൦

ഘനതരമൃദുപച്ചപ്പുല്ലിനാൽ, പച്ചവില്ലീ-
സ്സുനഘരുചി വിരിക്കപ്പെട്ട മട്ടായ ദിക്കിൽ
തനതിണകളൊടൊത്തങ്ങൊന്നിടുന്നുണ്ടു, നന്മാ-
നിനമയവുമിറക്കിക്കൊണ്ടു ശയ്യാസുഖത്തെ. ൧൧

ധൃതരുചി പുലി തീണ്ടും പുള്ളിമാനിൻെറ കണ്ഠ-
ച്യുതനിണമൊടു പച്ചപ്പുല്ലിടം തത്ര കാണാം,

---

൭. ഇതരഗജത്തിൻ= മററൊരാനയുടെ. ദാനഗന്ധാൽ= മദഗന്ധംനിമിത്തം. ദ്വിപാഗ്ര്യൻ= ഗജവരൻ. ആനകൾക്ക് ഇതരഗജങ്ങളുടെ മദത്തിൻെറ ഗന്ധം അസഹ്യമാണത്രെ. രടിതം= ശബ്ദം. മൃഗേന്ദ്രന്ന്= സിംഹത്തിന്.

൯. ചല—രാഗം=ഇളകുന്ന തളിരുകളുടെ ചുകപ്പ്. അലഘുരുചി= വളരെ ശോഭയോടുകൂടുംവണ്ണം. തരുണിമാർ അലംകൃതകാമുകരോടു ചേരുന്നതിനെ വ്യഞ്ജിപ്പിച്ചിരിക്കുന്നു.

൧൦. കരത്തെ—രശ്മിയെ, കയ്യിനെ. ഹരിക്കും=സൂൎയ്യനും, സിംഹത്തിനും. സൂൎയ്യരശ്മി തീരെ ഉള്ളിൽ കടക്കാത്തവിധം, അവ അത്ര നിബിഡങ്ങളായിരിക്കുന്നുവെന്നു സാരം.

൧൧. നന്മാനിനം=നല്ല മാനിൻകൂട്ടം.



Digitized By Kerala Sahitya Akademi

ചിതമുടയ വനശ്രീതന്റെ, കാശ്മീരപങ്കം
ചിതറിന ശുകവർണ്ണപ്പോർമുലക്കച്ച പോലേ. ൧൨

മൃഗപതികൾ പിളർക്കും കുംഭികുംഭത്തിൽനിന്നാ
നഗവനഭുവി ചിന്നും നല്ല വെണ്മുത്തു കണ്ടാൽ,
ഗഗനതലമുരുമ്മും വന്മരക്കൊമ്പു തട്ടി
പ്രഗളിതമുഡുജാലം താനിതെന്നോർത്തുപോകും. ൧൩

വടിവിനൊടുയരുന്നു തത്ര നാഗങ്ങൾ ഞെട്ടും
പടി, പടനടുവികൽപ്പോലവേ സിംഹനാദം,
ഇടിനിഭമിതു കേൾക്കെ, ബ്ഭീരുചിത്തങ്ങൾ പോലേ
ഝടിതി മയിലിനം നിന്നാടിടുന്നു ചിലേടം. ൧൪

പരിഗളിതമദാംഭോനിർഝരം പൂണ്ടു ക്രൂരാ-
കരികളവിടെ, മെയ്യിൽച്ചേർന്ന ചെമ്മണ്ണുമായി
ഗരിമയൊടു നടന്നീടുന്ന നല്ലാഴ്ച കണ്ടാൽ
തരളിതതരമെട്ടുകാലം ഗോത്രഭിത്താത്മശസ്ത്രം. ൧൫

൧൨. ധൃതശുചി=രുചി (കാന്തി)യോടുകൂടുംവർണ്ണം. കണ്ഠച്യുതനിണമൊടു=കഴുത്തിൽനിന്നു തെറിച്ച രക്തത്തോടുകൂടി. വനശ്രീ=വനലക്ഷ്മിയാകുന്ന സുന്ദരി. കാശ്മീരപങ്കം=കുങ്കുമച്ചാറ്. ശുക—കച്ച=പച്ചനിറത്തിലുള്ള മുലപ്പടം.

൧൩. കുംഭികുംഭം=ഗജമസ്തകം. നഗവനഭുവി=മലങ്കാട്ടിൽ. ഗഗനതലം=ആകാശം. പ്രഗളിതം=ഉതിർന്നുവീണത്. ഉഡുജാലം=നക്ഷത്രസമൂഹം.

൧൪. നാഗങ്ങൾ=ആനകൾ, സർപ്പങ്ങൾ. സിംഹനാദം=സിംഹശബ്ദം, അലച്ചു. ഇടിനിഭം=ഇടിമുഴക്കംപോലെയുള്ളത്. ഭീരുചിത്തങ്ങൾ=ഭയശീലന്മാരുടെ മനസ്സുകൾ. ആടിടുന്നു=നൃത്തംവെക്കുന്നു, ചലിക്കുന്നു.

൧൫. പരി—ഝരം=ഒലിച്ച മദജലമാകുന്ന ചോല. കരികൾ=ആനകൾ. ഗരിമ=കനം. തരളിതതരം=അതിവേഗത്തിൽ. ഗോത്രഭി

Digitized By Kerala Sahitya Akademi

കളകുവലയഭാസ്സാം മെയ്ക്കു ചെമ്മണ്ണു ചാൎത്തി-
ക്കളഭനികരം കളിക്കുന്നേടമക്കാട്ടുതന്നിൽ,
വളരുമഴകൊടന്തിച്ചോപ്പണിക്കാർമുകിൽച്ചാ-
ൎത്തിളകിന ഗഗനത്തിൻ കാന്തിയുണ്ടേന്തിടുന്നു. ൨൬

അതിപൃഥുതരമെയ്യാൎന്നാപ്പെരുമ്പാമ്പിരക്കും-
ക്കൊതിയൊടൊരിടമൂകൻ വാ പിളൎത്തിക്കിടക്കെ,
ഗതിയിൽ വഴി പിഴച്ചങ്ങന്ധതാമിസ്രമട്ടാ-
മതിനകമണയുന്നൂ ഹന്ത! ദുൎജ്ജന്തുവൎഗ്ഗം ൨൭

മുകളിൽ മയിലിനേയും, താഴെയോ കീരിയേയും
പ്രകടഭയമവേക്ഷിച്ചാകുലപ്പെട്ട സൎപ്പം
സ്വകതനു തടിയിന്മേൽച്ചുറ്റവേ, ശാഖികൾക്ക-
ങ്ങകലുഷരജതാഭികാണ്ഡുള്ളരപ്പെട്ടു കാണാം. ൨൮

നെടിയ തനുവിണങ്ങും പച്ചിളിപ്പാമ്പു പച്ച-
ച്ചെടികളിൽ മരുവുന്നൂ തത്ര നിൎബ്ബാധമായി
വടിവൊടു സമവൎണ്ണക്കാരുമായ്ച്ചേൎച്ച കൊണ്ടാൽ,
കുടിലനു മതിനാലേ രക്ഷ കിട്ടുന്നു നൂനം. ൨൯

---

ത്=ഇന്ദ്രൻ. ആത്മാസ്ത്രം=തന്റെ ആയുധം (വജ്രം). പണ്ടു താൻ ചിറകറുത്ത പൎവ്വതങ്ങൾ വീണ്ടും സഞ്ചരിച്ചുതുടങ്ങിയോ എന്ന ഭ്രമം ഇന്ദ്രനുണ്ടാകുമെന്നു ഭാവം.

൨൬. കള—ഭാസ്സ്=ഭംഗിയുള്ള കരിങ്കുവളപ്പൂവിന്റെ ശോഭയോടുകൂടിയത്. കളഭനികരം=ആനക്കുട്ടികളുടെ കൂട്ടം.

൨൭. അതിപൃഥുതരം=വളരെ വളരെ വലുത്. ഗതി=സഞ്ചാരം. അന്ധതാമിസ്രമെന്ന് ഒരു നരകത്തിന്റെ പേരാണ്. ദുഷ്ടന്മാൎക്കു നരകപാതം എങ്ങിനെയെങ്കിലും സംഭവിക്കുമല്ലോ.

൨൮. പ്രകടഭയം=പേടി വെളിവാകുംവിധം. അവേക്ഷിച്ച്=കണ്ടിട്ട്. സ്വകതനു=തന്റെ ദേഹം. ശാഖികൾ=മരങ്ങൾ. അകലുഷരജതം=ചളികളഞ്ഞ വെള്ളി.

൨൯. സമവൎണ്ണക്കാർ=തുല്യജാതിക്കാർ, തുല്യനിറമുള്ളവ എ

Digitized By Kerala Sahitya Akademi

സ്വവപുഷി സുഖമേറും പൊയ്കയെച്ചീർത്ത ദർപ്പാൽ
ജവമൊടു മഹിഷൌഘം അത്ര മർദ്ദിച്ചിടുന്നു
അവനവനുപകാരം ചെയ്യുവോർക്കീദൃശോപ-
ദ്രവമുതകുവതല്ലോ, പോത്തുകൾക്കൊത്ത ധർമ്മം. ൨൦

കരിമല കഴൽക്കൂപ്പും കാട്ടുപോത്തങ്ങിനം ചെ-
ന്നരിയ കുളുർസരസ്സാണ്ടിട്ടു കൊമ്പിട്ടടിക്കേ,
പരിചലദുദബിന്ദുശ്രേണിയാൽ മുത്തണിശ്രീ
പരിസരലത തോറും കാണുമാറായ് വരുന്നു. ൨൧

'പെരുകിന കൊതി തേനിൽ ചേരുവോരാമിവർക്കു-
ള്ളുരുതരഴലു കടുന്നൽക്കരത്തിനാലെ'ന്നു ദൈവം
ഇരുളൊളിനെടുരോമശ്രേണി കുപ്പായമായി-
ട്ടരുളിയ കരടിക്കൂട്ടങ്ങളുണ്ടങ്ങസംഖ്യം. ൨൨

കെട്ടുചളിയിലിറങ്ങി, ക്കൽക്കരിക്കുന്നിനൊക്കും
കൊടുമുടിയെതിർക്കോലം പൂണ്ട കോലവ്രജങ്ങൾ
പടുതയൊടു കിടന്നോടുന്നിതങ്ങോ, വനത്തിൽ-
പ്പെട്ടുമിരുൾനിര ചെററുണ്ടായ പൈതങ്ങൾപോലെ

---

ന്നും. കടിലൻ=ദുഷ്ടൻ, വളഞ്ഞവനെന്നും.

൨൦. സ്വവപുഷി=തന്റെ ദേഹത്തിൽ. ദർപ്പാൽ=ഗർവ്വിനാൽ. മഹിഷൌഘം=പോത്തിൻകൂട്ടം. മർദ്ദിക്കു=കലക്കിമറിക്കുക, ഈദൃശോപദ്രവം=ഇത്തരം പീഡ. വിവേകശൂന്യരെ 'പോത്തുക'ളെന്ന് അപഹസിക്കാറുണ്ടല്ലോ.

൨൧. സരസ്സ്=പൊയ്ക, പരി—ശ്രേണി=ചുററും തെറിക്കുന്ന നീർത്തുള്ളികളുടെ കൂട്ടം. മുത്തണിശ്രീ=മുത്തണിഞ്ഞ ഭംഗി. പരിസരലത=അടുത്തുള്ള വള്ളി.

൨൨. കടുന്നൽക്കൂട്ടുകൾ പിളന്നു തേൻകുടിക്കുക കരടികളുടെ സ്വഭാവമാണ്.

൨൩. കോലവ്രജങ്ങൾ=പന്നിക്കൂട്ടങ്ങൾ.

Digitized By Kerala Sahitya Akademi

അവരസരസി മുങ്ങി,ബ്ഭൂവിനെത്തേററയാല
യുവകിടികളതിങ്കൽദ്ധാരണം ചെയ്തിടുന്നു:
അവ, നിജകുലകൂടസ്ഥന്റെ ഭൂദാരശബ്ദം
ശിവ! ശിവ! വിപരീതാർത്ഥത്തിലല്ലോ വഹിപ്പു. ൧൪

തരുശിരസി കരേറി,ത്തത്ര നൽത്തേൻ കുടിപ്പാൻ
പെരുകിന കൊതിയോടെ കൂടടുത്തും കുരങ്ങൻ
കരുമനകൾ കടുന്നൽക്കൂട്ടത്തെക്കൊണ്ടേററമേറി-
ട്ടൊരു നില കിടയാതേ പല്ലിളിച്ചാർത്തിടുന്നു. ൧൫

വിരുതിലവഹരിച്ചീടുന്നു, തേനീച്ച നേടി-
ക്കരുതിയ ചെറുതേൻകൂടങ്ങു ശാഖാമൃഗങ്ങൾ:
ഒരു കൃപണനരഷ്ടിച്ചാർജ്ജനം ചെയ്തു വെച്ചു-
ന്നൊരു മുതലി,തരന്മാരാകുമല്ലോ ഭുജിപ്പാൻ. ൧൬

ഇളയിൽ മരമനേകം വേർ പറിഞ്ഞാശു വീഴു-
ന്നളവെഴുമൊലിയോടും, ഘോരഹുങ്കാരമോടും,
പ്രളയജലധി പോലാക്കാടു പാടേ കിടന്നൊ-
ന്നിളകി മറിയുമാറങ്ങു,ററമാം കാററടിച്ചു. ൧൭

സുമനിചയവിരാജല്ലോധ്രശുഭ്രാതപത്രം,
ചമരികളുടെ വീശും വാല്യ, സിംഹാസനങ്ങൾ,

---

൧൪. അവരസരസി= അല്പസരസ്സിൽ, യുവകിടികൾ= യൌവന യുക്തങ്ങളായ പന്നികൾ. ധാരണംചെയ്ക =പിളക്കുക. നിജ—ടസ്ഥൻ= തങ്ങളുടെ വംശത്തിലെ ആദിമൻ (ശ്രീവരാഹമൂർത്തി, വിഷ്ണു) ഭൂദാരശബ്ദം=ഭൂധാരൻ (ഭൂമിഭാർയ്യയായവൻ) എന്ന ശബ്ദം. വിപരീതാർത്ഥത്തിൽ= ഭൂവിനെ, ദാരണംചെയ്യുന്ന എന്നർത്ഥത്തിൽ. ഭൂദാരപദം പന്നിയുടെ പര്യായമാകുന്നു.

൧൫. തരുശിരസി=മരത്തിൻമുകളിൽ.

൧൬. ശാഖാമൃഗങ്ങൾ=കുരങ്ങന്മാർ. കൃപണൻ=ലുബ്ധൻ. ഭുജിപ്പാൻ= അനുഭവിപ്പാൻ.

Digitized By Kerala Sahitya Akademi

സമദഗജചമൂരുപ്രൌഢിയിത്യാദിയോടൊ-
ത്തമരുമതു സമസ്താരണ്യസമ്രാട്ടു തന്നേ. ൨൮

ചിലയിടമൊരിരമ്പം കേൾക്കുമാറായു് വരുന്നു,
പല പല ജനസംഘം ചേൎന്നിടത്തെന്ന പോലേ;
ചിലയിടമവിടത്തിൽശ്ശാന്തമായിക്കിടപ്പൂ,
നലമെഴുമൃഷിമാൎതന്നാശ്രമക്ഷോണി പോലേ. ൨൯

ക്ഷിതിരുഹനിര തിങ്ങി, ദുഷ്ടജന്തുക്കളൊപ്പ-
ട്ടതിഗഹനതയുള്ളാക്കാടു കണ്ടാലെ വന്നും,
പ്രതിനവഭയഹൎഷാദ്യങ്ങളാലങ്ഗമൊട്ട-
ക്കതിനൊടു കിടയായ്ത്താൻ കണ്ടകാകീൎണ്ണമാകും.

നഗരചിതനവശ്രീ, സ്വാഗമസ്ഥദ്വിജാസ്യ-
പ്രഗളിതമൃദുഘോഷം, മാൎഗ്ഗസൌഖ്യാനുകൂല്യം
അഗണിതഗുണമീമട്ടൊക്കെയാക്കാട,മത്യാ-
നുഗരൊടു നൃപപുത്രൻ കണ്ടു, തൻനാടുപോലേ.

൨൮. സ്വ—ച്ഛത്രം= പൂനിലാകൊണ്ടു ശോഭിക്കുന്ന പാൎച്ചാരമി രമാകുന്ന വെൺകൊററക്കുട. സിംഹാസനങ്ങൾ= സിംഹങ്ങളുടെ ഇരിപ്പിടങ്ങൾ, രാജാസനങ്ങളെന്നും. സമ—പ്രൌഢി= മദത്തോടുകൂടിയ ഗജങ്ങൾ, ചമൂരുക്കൾ (മൃഗവിശേഷങ്ങൾ) ഇവയുടെ പ്രൌഢി; മദഗജങ്ങളോടുകൂടിയ ചമുവിന്റെ (സൈന്യത്തിന്റെ) ഉരു (മഹത്തു്) ആയ പ്രൌഢി. അതു=ആ കാടു്. സമ—മ്രാട്ടു് =എല്ലാ കാടുകളുടേയും ചക്രവൎത്തി.

൩൦. ക്ഷിതിരുഹനിര= മരക്കൂട്ടം. ഗഹനത=ദുൎഗ്ഗമത്വം. അതിനൊടു= കാടിനൊടു. കണ്ടകാകീൎണ്ണം= കണ്ടകം (മുള്ളു്, രോമാഞ്ചം) നിറഞ്ഞതു്.

൩൧. നഗ—ശ്രീ=നഗങ്ങളാൽ (വൃക്ഷങ്ങളാൽ) രചിത ഉണ്ടാക്കപ്പെട്ടതും) ആയ, നഗരങ്ങളിൽ ചിത (വ്യാപ്ത) ആയ എന്നും. നവശ്രീ (പുതുശോഭ, അസാമാന്യസമ്പത്തു്). സ്വാഗ—ഘോഷം=തങ്ങളു

Digitized By Kerala Sahitya Akademi

സുകൃതികൾ ചിലർമാത്രം കണ്ടറിഞ്ഞാസ്വദിക്കും
പ്രകൃതിയുടെ വിലാസം മൂർത്തമായ്ത്തീൎന്നപോലെ
അകൃതകരുചിയാൎന്നോരക്കാട്ടം കാട്ടു,മേര-
പ്രകൃതിയെഴുമിവന്നുൾക്കൊണ്ടൊരുന്മേഷമേകി. ൩൨

നവമവിടെ നിരന്നു കൎണ്ണികാരപ്രദീപം;
ശ്രവണസുഖമുയൎന്നു ഭൃംഗഝങ്കാരവാദ്യം;
പ്രവരതരുവിലാടീ പൂങ്കൊടിച്ചാൎത്തി;—വൎണ്ണം,
യുവസുപനണയുമ്പോൾ കാട്ടമന്നുത്സവാഢ്യം. ൩൩

ദളഗതഹിമതോയം തൂകി വൃക്ഷങ്ങൾ;കാറേ-
റ്റിളകി മലർ പൊഴിച്ചു നല്ല വല്ലീഗണങ്ങൾ;
കളരുതമൊടു പാടീ കോകിലക്കൂട്ടു;—മിമ-
ട്ടി,ളമയുടെയെഴുന്നള്ളത്തു കൊണ്ടാടി കാട്ടം. ൩൪

ശിരസി പതിയുമൎണ്ണിസ്സൂൎയ്യതേജസ്സിനാലേ
പുരടമയകിരീടം വെച്ചു മട്ടാം മരങ്ങൾ

---

ടെ അഗമ (വൃക്ഷ)ങ്ങളിൽ ഇരിക്കുന്ന, നല്ല ആഗമ(ശാസ്ത്ര)ങ്ങളിൽ നിഷ്ഠയുള്ള എന്നും; ദ്വിജരുടെ (പക്ഷികളുടെ, ബ്രാഹ്മണരുടെ) ആസ്യത്തിൽ (മുഖത്തിൽ) നിന്ന് ഉതിൎന്ന് മൃദുവായ ഘോഷം. മാൎഗ്ഗ—തുല്യം=മാൎഗ്ഗസൌഖ്യത്തിന്ന് (മൃഗസംബന്ധിയായ സൌഖ്യത്തിന്ന്, മാൎഗ്ഗസുഖത്തിന് എന്നും) അനുകൂല്യം. അഗണിതഗുണം=അഥിതമായ ഗുണം. അമാത്യാനുഗർ=അമാത്യരും അനുഗരും (അനുചരരും)

൩൨. മൂൎത്തം=ദേഹപ്പെട്ടതായ്. അകൃതകരുചി=അകൃത്രിമശോഭ.

൩൩. കൎണ്ണി—ദീപം=കൊന്നപ്പൂവാകുന്ന വിളക്ക്. പൂങ്കൊടിച്ചാൎത്ത്=പൂവുള്ള കൊടികൾ (വള്ളികൾ) ആകുന്ന കൊടികളുടെ ചാൎത്ത് (കൂട്ടം).

൩൪. ദള—തോയം=ഇലകളിലെ മഞ്ഞുവെള്ളം. കളരുതം=മധുരശബ്ദം;

Digitized By Kerala Sahitya Akademi

സരസമവിടെയപ്പോൾ കാണമാറായി,ളങ്കു-
റരചനെയെതിരേല്പാൻ വന്ന സാമന്തർപോലേ. ൧൪

ഹിമജലകണജാലം വേണ്ടുവോളം വഹിച്ചും,
ദ്രുമശിഖകളിളക്കിപ്പൂക്കളൊരാൽ കൊഴിച്ചും,
വിമലതരവിഭാതക്കാറ്റണഞ്ഞാദ്ധരിത്രീ,
രമണസുതനു പാദ്യാർഘ്യങ്ങളങ്ങാചരിച്ചു. ൧൫

പല വിടപിയിൽനിന്നും വീണ നാനാനിറത്തു-
മലർനിരകൾ നിരക്കെച്ചിന്നി മിന്നും പ്രദേശം,
നലമൊടു നൃപപുത്രന്നായ് വനശ്രീ വിരിച്ചോ-
രലഘുപരമധാനിയ്ക്കൊത്തു കാണായി വന്നു. ൧൬

ഉലകുണരുമുഷക്കാറേറാരുന്മേഷമേന്തും
പല പറവകളപ്പോൾ കൂകലിൻ കൈതവത്താൽ,
ബലമുടയ മഹീഭൃൽപുത്രനെപ്പാർത്തു കൌതു-
ഹലമൊടു ജയശബ്ദം പേർത്തുമങ്ങുച്ചരിച്ചു. ൧൭

ഘനഹരിനിനദത്താൽ സ്വാഗതം സാധു ചൊല്ലി,-
പ്പുനരനിലചലല്ക്കും ശാഖയാം കയ്യുനീട്ടി,
വനസമുദയസമ്രാട്ടാകുമാക്കാടു സമ്രാട്-
തനയനിലുപചാരം തക്കമട്ടാചരിച്ചു. ൧൮

൧൪. പുര—രീടം=പൊൻകിരീടം. സാമന്തർ=കീഴ്‌രാജാക്കന്മാർ

൧൫. ഹിമ—ജാലം=മഞ്ഞുനീർത്തുള്ളിക്കൂട്ടം. ദ്രുമശിഖകൾ=മക്കൊമ്പുകൾ. വിമ—ക്കാററ്=തെളിഞ്ഞ രാവിലെനേരത്തെ ക്കാററ്

൧൬. വിടപി=വൃക്ഷം.

൧൭. ബലം=സൈന്യം. മഹീഭൃൽപുത്രനെ=രാജകുമാരനെ.

൧൮. ഘനഹരിനിനദം=കനത്ത സിംഹശബ്ദം. സാധു=വഴിപോലെ. വന—സമ്രാട്ട്=വനഗണചക്രവർത്തി.

Digitized By Kerala Sahitya Akademi

സ്഼ുടമളിരുതവാദ്യം, പെൺകുയിൽപ്പാട്ടു, മൈലിൻ-
നടനമിതുകളാലാ രാജപുത്രൻ സുമിത്രൻ
അടവിയിലുമഭംഗം നേടി തൌൎയ്യത്രികത്തെ:—
ത്തടവു സുഖനിലയ്ക്കെങ്ങു, ത്തരക്കാൎക്കു പാരം? ൪൦

കൃതികൾ സചിവരഞ്ചാറാളൊത്തു ചുററം ചരിക്കും
ക്ഷിതിപസുതനെയന്നാക്കാട്ടിലെദ്ദേവതൌഘം,
ധൃതിയൊടു സഖിയാകും ശ്രീവസന്തത്തെ വീക്ഷി-
ച്ചതിനുഴറിടുമയ്യന്താരമ്പനെപ്പോലെ കണ്ടു. ൪൧

ഉടനവനിതലോദ്യച്ചന്ദ്രനാം ചന്ദ്രസേന-
ന്നുടയ, കിരണജാലംപോലെഴും കിങ്കരന്മാർ
കടലിനെതിർകൊടുങ്കാടാണ്ട നേരത്ത, തൊന്നൽ-
ക്കടമിളകി മറിഞ്ഞു ഭൈരവാരാവമോടും. ൪൨

യുവനൃപനുടെയാൾക്കാർ നായ്ക്കളൊത്തുമലിലാപ്പി-
ട്ടുവശമുഴറിയോടിക്കാടിളക്കുന്ന ഘോഷം,
അവനുടെ നെടുവിൽഞാണൊച്ച, സംഭ്രാന്തസത്വാ-
രവമിവയിടചേൎന്നാൎത്തങ്ങു വാനം മുഴങ്ങീ. ൪൩

ചില ഭടർ വലകെട്ടീ ചേൎച്ചപോലങ്ങുമിങ്ങും;
ചിലർ മുയലുകളേയും മാറമോടിച്ചു ചുററം;

൪൦. സുമിത്രൻ=സ്നേഹിതരോടുകൂടിയവൻ. അഭംഗം=കുറവില്ലാതെ. വാദ്യഗീതനൃത്തങ്ങൾ കൂടിച്ചേൎന്നതിനു തൌൎയ്യത്രികമെന്നു പറയും.

൪൧. കാട്ടിലെദ്ദേവതൌഘം= വനദേവതാഗണം. ധൃതിയോടു= പ്രീതിയോടു. ഐന്താരമ്പൻ= കാമൻ.

൪൨. അവ— ചന്ദ്രൻ= ഭൂമിയിലെ, ചന്ദ്രൻ. കിരണജാലം=രശ്മിസമൂഹം. കിങ്കരന്മാർ= ഭടന്മാർ. ഭൈരവാരാവം= ഭയങ്കരശബ്ദം. ചന്ദ്രരശ്മിസമാഗമത്തിൽ സമുദ്രം ക്ഷോഭിക്കുമല്ലോ.

൪൩. സംഭ്രാന്തസത്വാരവം= സംഭ്രമിച്ച ജന്തുക്കളുടെ ശബ്ദം.



Digitized By Kerala Sahitya Akademi

ചിലർ തരുമുകളേറിത്തല്കംവും നോക്കിവാണു;
ചിലരൊരുവക വള്ളിക്കെട്ടിലുൾപ്പുക്കിരുന്നു. ൮൮

പൊരുതി മടയിലില്ലെന്നാകയാലങ്ങുമിങ്ങും
കരനരികൾ കുതിച്ചു; കുക്കുരൌഘം കുരച്ചു;
മറുദിശി മറിമാനിൻക്കൂട്ടമാംഹന്ത! പേടി-
ച്ചിറകി മിഴികളാലങ്ങുൽപ്പലപ്പൂക്കൾ ചിന്നി. ൮൯

തരുമുകളിലൂടമ്പാം ജന്തുവെക്കണ്ടൊരമ്പ-
യ്യോ, ഝടിതമുയിർ പോക്കിത്താഴെ വീഴിച്ചനേരം,
“കരുതിയതിലുമേറും നന്നെടോ, കയ്യുറയ്ക്കീ-
യുരുവിനുടെയ തോലെ”ന്നാർത്തു കൊണ്ടാടിയന്യൻ. ൯൦

ഹരിണികൾ ചുഴലും നൽകൃഷ്ണസാരത്തെയമ്പെ-
യ്യരികിലലറി വീഴ്ത്തീട്ടോഴനോടേകനോതി:
“പരിചിയലുമിതിൻ തോലോ, മന്നത്തമ്പുരാനി-
ന്നരിയൊരതിഥിയാമത്താപസിക്കേകിടേണം!” ൯൧

പൊരുമതിനു തുനിഞ്ഞിട്ടെന്നപോലങ്ങുമൊട്ട-
ക്കൊരുവക നെടുക്കുരമ്പേന്തി നേരിട്ട മുള്ളൻ
വിരുതിയലിന നായിൻവായിലാക്കണ്ണുമാപ്പെ-
ട്ടൊരുനിലയിലറിഞ്ഞാനാത്മശല്യാഭിധാർത്ഥം. ൯൨

---

൮൯. കുക്കുരൌഘം = നായ്ക്കളുടെ കൂട്ടം. ഭയപ്പെട്ട മാനുകളുടെ കറുത്ത കണ്ണുകളെക്കൊണ്ടുള്ള നോട്ടം കരിങ്കുവളപ്പൂക്കൾ വിതറുംപോലെയിരുന്നു.

൯൦. ഉടുമ്പിന്റെ തോൽകൊണ്ടാണ്, വില്ലാളികൾ കയ്യുറയുണ്ടാക്കാറുള്ളത്. നായാട്ടിൽ കിട്ടുന്ന ജന്തുവിന് ഉരു എന്നു പറയും.

൯൧. ഹരിണികൾ = മാൻപേടകൾ. കൃഷ്ണസാരം = കൃഷ്ണമൃഗം. താപസി = മുൻസർഗ്ഗത്തിൽ പ്രസ്താവിച്ച കാത്യായിനി.

൯൨. ആത്മശല്യം = തന്റെ ശല്യമെന്ന പ്രേരിതാർത്ഥം. മ

Digitized By Kerala Sahitya Akademi

അടവിയിലിടചേരുന്നശ്വഹേഷാരവത്താൽ
മട ചൊടിയൊടു കൈവിട്ടോടിയെത്തും വരാഹം
ഭടരുടെ ശരജാലം മെയ്യിലെങ്ങും തറച്ചി-
ട്ടുടനടിയൊരു മുള്ളൻപന്നിപോലായ്ച്ചമഞ്ഞു. ൪൯

ഹിതമുടയ ഭടന്മാർ സാഹസം, വേഗരോധം
മുതൽ പലതുമപേതസ്നേഹമായാചരിച്ചു,
പതിയ കിടികൾക്കാണാക്ഷയം വന്നതെ,ന്ത-
ത്ഭുതമിതു! കുരയേറാം പെട്ടതോ പട്ടികൾക്കും. ൫൦

ഒരു ഭടനുടെ വേലാൽ പ്രാണസഞ്ചാരമാപ്പെ-
ട്ടൊരു കരടി മരം പാഞ്ഞേറിടുമ്പോള,തിന്മേൽ
മരുവുമിരുഭടന്മാർ 'ഞങ്ങൾ നിൻകൂട്ടരല്ലേ'-
ന്നുരുരസമൊടതിൻനേർക്കുഗ്രശൂലങ്ങൾ നീട്ടീ. ൫൧

ധൃതിയൊടു പല ചെന്നായ്ക്കൂററെക്കൂട്ടു കൂടാ-
തതിപടുവൊരു യോധൻ * കുന്തമേല്പിച്ചു വീഴ്ത്തീ;
കൃതിസമുചിതമട്ടിൽ പ്രാസമൂന്നി പ്രയോഗി-
ച്ചതിനു കഴിയുവോനെങ്ങർത്ഥഭംഗപ്രസംഗം? ൫൨

ള്ളൻപന്നിക്കു ശല്യമെന്നു പേരുണ്ട്. നായ ചാടി കഴുത്തിൽപിടിച്ചപ്പോൾ ശല്യത്തെ (സങ്കടത്തെ) അനുഭവിച്ചുവെന്നു സാരം.

൪൯. അശ്വ—രവത്താൽ = കുതിര ചെനക്കുന്ന ശബ്ദത്താൽ. വരാഹം = പന്നി.

൫൦. വേഗരോധം = വേഗത്തെ (ഓട്ടത്തെ) തടുക്കുക, മലമൂത്രാദിവേഗത്തെത്തടുക്കുക എന്നും. അപേതസ്നേഹം = സ്നേഹമില്ലാതെ, എണ്ണ നെയ് മുതലായവ പെരുമാറാതെ എന്നും. ക്ഷയം = നാശം, ക്ഷയരോഗമെന്നും. ചുമക്കു കുര എന്നും പറയാറുണ്ട്. "സാഹസം വേഗസംരോധഃ ശുക്രൌജഃസ്നേഹസംക്ഷയഃ" ഇത്യാദികൾ ക്ഷയഹേതുക്കളും, ചുമ ക്ഷയത്തിന്റെ ഉപദ്രവവ്യാധിയുമാകുന്നു.

൫൧. വേലാൽ = വേൽ എന്ന ആയുധം തട്ടുകയാൽ.

൫൨. അതിപടു = അതിസമർത്ഥൻ. കൃതി—മട്ടിൽ = മിടുക്കന്മാ

Digitized By Kerala Sahitya Akademi

കുടിലചടുലദംഷ്ട്രാഘോരമാം വാ പിളർത്തി-
ക്കൊടിമരമെതിർവാലും പൊക്കി വൻവ്യാഘ്രവർഗ്ഗം
ചൊടിയൊടിളകി, യോധന്മാർക്കൊരുന്മേഷഘോഷം
ഝടിതി വളരുമാറായ്ഗ്ഗർജ്ജനം ചെയ്തടുത്തു. ൩൩

യുവനൃപസചിവാസ്ത്രത്രസ്തരാം ദ്വീപിവീര-
ക്കവശതയൊടു വള്ളിക്കെട്ടിലുൾപ്പൂകലപ്പോൾ
ധ്രുവമൊരു മൃതിവക്ത്രപ്രാപ്തിയായ്; തത്ര സൈന്യ-
പ്രവരർ പരിയിരിപ്പുണ്ടായിരുന്നു നിഗൂഢം. ൩൪

പുനരുടനളകേശസ്നിഗ്ദ്ധബാലാവലംബൻ,
കനലെതിർകടുതേജോഭാസുരൻ ഭാനു താനും
വനനടുവിൽ വസിക്കും പുണ്ഡരീകത്തിനെല്ലാം
തനതുകരബലത്താൽ മിലനം ചെയ്തു, ചിത്രം! ൩൫

---

ക്കൊത്തവിധം, കാവ്യരചനയ്ക്കു യോജിച്ചമാതിരി എന്നും. പ്രാസം= കുന്തം, ശബ്ദാലങ്കാരമെന്നും. അർത്ഥ—സംഗം= അർത്ഥഭംഗം (കാര്യഹാനി, നിരർത്ഥകത എന്നും) പററിപ്പോവുക.

*മേന്തിത്തടുത്തു;

പുതിയ നിലയിലുള്ളാപ്രാസമേററിട്ടനർത്ഥ-
സ്ഥിതിയിലവ പതിച്ചു, ക്ഷുദ്രകാവ്യങ്ങൾപോലെ.
(പാഠാന്തരം)

൩൩. കുടി—ഘോരം= വളഞ്ഞ ഇളകുന്ന ദംഷ്ട്രകളെക്കൊണ്ടു ഭയങ്കരം.

൩൪. യുവ—ത്രസ്തർ= യുവരാജാമാത്യരുടെ അസ്ത്രങ്ങളിൽനിന്നു ഭീതർ. ദ്വീപിവീരർ= വമ്പിച്ച പുലികൾ. മൃതിവക്ത്രപ്രാപ്തി= മൃത്യുമുഖത്തുചെല്ലൽ. തത്ര= അവിടെ (വള്ളിക്കെട്ടിൽ) സൈന്യപ്രവരർ= സേനാമുഖ്യർ.

൩൫. അള—ലംബൻ= അളകേശന്റെ (മഹാസേനന്റെ) സ്നിഗ്ദ്ധബാലൻ (പ്രിയപുത്രൻ) ആകുന്ന അവലംബത്തോടുകൂടിയവൻ; സൂര്യപക്ഷത്തിൽ, അളകേശസ്നിഗ്ദ്ധന്റെ (കുബേരസുഹൃത്തിന്റെ—ശിവന്റെ) ബാലം (തലമുടി) എന്നർത്ഥംമാറേറണം. ശിവന്റെതലമുടി ആകാശമാക

Digitized By Kerala Sahitya Akademi

അവികലഹയശബ്ദം കേട്ടു വട്ടം പിടിയ്ക്കും
ചെവിയിണയൊടു, ചുറം ചീർത്ത കണ്ണിട്ടു നോക്കി,
സവിധതരുവിലൂക്കൻകൊമ്പുകൊണ്ടൊഞ്ഞു വെട്ടി,-
ക്കവിയുമരിശമോടേ കാട്ടുപോത്തെററ മുട്ടി. ൩൯

ജയപടുഭടരാലേ മെയ്യിലങ്ങിങ്ങു കുപ്പേ-
റിയ കണകൾ താഴ്ക്കപ്പെട്ടൊരാക്കാസരങ്ങൾ,
സ്വയമുപരി ചിലേടം ചെങ്ങണപ്പുൽ മുളച്ചി-
ട്ടുയരെ വിലസുമാനപ്പാറകൾക്കൊത്തു കാണായ്. ൪൦

ചടുചടെയരവാളാൽ മന്ത്രിമാരാഞ്ഞു വെട്ടും
കൊടുമഹിഷഗണത്തിന്നുത്തമാംഗങ്ങളേററം
തുടുനിണമൊടു കൂടി,ക്കാവി ചേന്നഞ്ജനാദ്രി-
ക്കൊടുമുടികൾകണക്കെക്ഷോണിമേൽവീണിതപ്പോൾ.

അടവിയിലിരുൾവർണ്ണക്കാട്ടുപോത്തിൻ ഗണങ്ങൾ-
ക്കിടയിലിളയ രാജാവിട്ടിളക്കുന്ന ഖഡ്ഗം
സ്ഫുടരുചിയൊടുകാണായ്,വാനിൽ നീർകൊണ്ടകൊണ്ടൽ-
പ്പടലിയിലൊളി മിന്നീടുന്ന തൂമിന്നൽപോലേ. ൪൨

ന്നു. ഭാനു=ചന്ദ്രസേനമന്ത്രിമാരിൽ ഒരാൾ, സൂര്യനെന്നും. വനം=കാട്, വെള്ളം. പുണ്ഡരീകം=പുലി, താമരപ്പൂവ്. കരബലത്താൽ=കയ്യൂക്കിനാൽ, രശ്മിശക്തിയാൽ. മീലനം=മരണം, കൂമ്പൽ. ചിത്രം=ആശ്ചര്യം.

൩൯. പനിയ്ക്കും, പോത്തിനും കുതിരയുടെ ശബ്ദം അസഹ്യമാണ്.

൪൦. കാസരങ്ങൾ=പോത്തുകൾ. ഉപരി=മുകളിൽ. ഏതാണ്ട് ആനയുടെ ആകൃതിയിലുള്ള ഒരുതരം വലിയ പാറയെ ആനപ്പാറയെന്നുതന്നെയാണു വ്യവഹരിയ്ക്കാറുള്ളത്.

൪൧. അഞ്ജനാദ്രി=അഞ്ജനപർവ്വതം.

൪൨. ഖഡ്ഗം=വാൾ. പടലി=കൂട്ടം.

9 *

Digitized By Kerala Sahitya Akademi

ചലിതനിശിതവാളാൽപ്പാഴ്കഴുത്തററ, വല്ലാ-
ത്തൊലിയൊടലറി, മന്നിൽച്ചാഞ്ഞു, ചത്തിട്ടുപോലും
ബലിമഹിഷകദംബം ഹന്ത! തന്മട്ടൊഴിയ്ക്കാ-
തൊലിവിയലിന ചോരച്ചോലയിൽക്കേളിയാടീ. ൯൦

മഹിരമണതനൂജൻതന്റെ, കാളായലക്ഷ്മീ-
മഹിമകളെ മറയ്ക്കും വാളഹോ! കാളിപോലേ
മഹിഷമഥനകർമ്മം ചെയ്തു സല്ലീലമായ്ത്ത-
ന്മഹിതരുധിരപൂരം തന്നിലാറാടി മിന്നീ. ൯൧

അലറമൊരൊലി മേന്മേൽച്ചെന്നലച്ചണ്ഡഭാണ്ഡം
നില പതറി വിഴായ്വാൻ തുമ്പിയാം തൂണയത്തി,
കുലഗിരികൾ കണക്കാക്കാട്ടിലെക്കൊമ്പനാന-
ത്തലവരി,ളകലുങ്ങും പാട്ടടൻ പാഞ്ഞണഞ്ഞു.

ഭടവരർ ചിലരെയ്യോരർദ്ധചന്ദ്രങ്ങളേററി-
ട്ടുടനെ മുറികൾ ചേരും കുംഭികുംഭങ്ങളപ്പോൾ,
സ്ഫുടരുചി യുവഭൂപാസാദിതാഖേടലക്ഷ്മി-
യ്ക്കുടയ നവനഖാങ്കക്കൊങ്കകൾക്കൊത്തു കാണായ്.

---

൯൦. ചലി—വാളാൽ=ഇളകിയ മൂർച്ചയുള്ള വാൾതട്ടി. ബലി—കരുത്തുള്ള. വെള്ളത്തിൽകളി പോത്തുകൾക്ക് ഏററവും പ്രിയമാണല്ലോ.

൯൧. മഹി—തനൂജൻ=രാജപുത്രൻ. കാളാ—കളെ=കാശാവിൻപൂശോഭയുടെ മാഹാത്മ്യങ്ങളെ മറക്കും (കാശാവിൻപൂവിനേക്കാൾ കറുപ്പുള്ള). മഹി—കർമ്മം=മഹിഷമർദ്ദനകർമ്മം. സല്ലീലം=നല്ല ലീലയോടുകൂടുംവണ്ണം. തന്മഹി—പൂരം=അതിന്റെ (പോത്തിന്റെ) വലിയ രക്തപ്രവാഹം. കാളി (ദേവി) യുടെ മഹിഷമർദ്ദനം പുരാണപ്രസിദ്ധം.

൯൨. അണ്ഡഭാണ്ഡം=ബ്രഹ്മാണ്ഡം. കുലഗിരികൾ=കുലപർവ്വതങ്ങൾ. അലച്ച് ബ്രഹ്മാണ്ഡത്തെ ഉടച്ചു വീഴ്ത്തുവാനും, തുമ്പി അതിനെ വീഴാതെ നിർത്തുവാനും മതിയാകുമെന്നുള്ളതുകൊണ്ട് ആനകളുടെ അമിതമായ മഹത്വം ധ്വനിക്കുന്നു.

൯൩. അർദ്ധചന്ദ്രങ്ങൾ=അഗ്രം ചന്ദ്രക്കലയുടെ ആകൃതിയിലുള്ള

Digitized By Kerala Sahitya Akademi

സിതമണികൾ പെരുത്തുൾക്കൊണ്ട ഹസ്തീന്ദ്രമസ്തം
ദ്രുതമഹഹ! തകൎന്നൂ രാജപുത്രായുധത്താൽ
മതൽ വെളിയിലിറക്കാതത്രയും മൂടി മെയ്യും
വ്രതമുടയ കട്ടപ്പക്കാൎക്ക നാശം കലാശം. ൯൪

ദ്വിരദനികരകുംഭം രാജസിംഹാത്മജൻതൻ
ഖരശരനഖരൌഘംകൊണ്ടു രണ്ടായ്പ്പിളൎക്കെ,
പരമടവിയു, മാ വീരന്റെ കയ്യൂക്കു കാണ്കെ
വരഭടരുടെയുള്ളും മുത്തു ചിന്നിത്തെളിഞ്ഞു. ൯൫

സപദി പെരിയ തുമ്പിക്കൈ ചുരുട്ടിപ്പിടിച്ചും,
കൃപണരവമൊടാൎത്തും, മസ്തകാന്തം മലൎന്നും,
നൃപഭടമഴ മൎമ്മത്തേററ പിന്നോട്ടിരുത്തും
ദ്വിപ,മൊരുതള പോലായ്പ്പാരിടത്തിൽപ്പൊടിഞ്ഞു. ൯൬

ചില കരികളുലച്ചൂക്കൊത്തിട്ടും കൊമ്പു രണ്ടും,
തല കുനിഞ്ഞ നിലത്തായ് കുത്തി നിന്നസ്തഗൎവ്വം,
ജ്വലദിഷുനിര തൂകും രാജപുത്രക്കലത്രാ-
കലമഭയമിരക്കും പോലെ ചിന്നം വിളിച്ചു. ൯൭

---

ഒരുവകബാണങ്ങൾ. സ്ഫുട—ലക്ഷ്മി=താല്പൎയ്യം വെളിവായ യുവരാജാവിനാൽ അത്യപഹസിക്കപ്പെട്ട മൃഗയാശ്രീ (അതാകുന്ന സുന്ദരി). നവ—ക്ഷോദങ്ങൾ=പുതിയ നഖവ്രണമുള്ള മുലകൾ.

൯൪. സിതമണികൾ=മുത്തുകൾ. ഹസ്തീന്ദ്രമസ്തം=ഗജേന്ദ്രമസ്തകം.

൯൫. രാജസിംഹാത്മജൻ=രാജസിംഹൻ (രാജശ്രേഷ്ഠൻ) ആകുന്ന സിംഹത്തിന്റെ പുത്രൻ. ഖര—നഖരൌഘം=കട്ടത്ത അമ്പുകളാകുന്ന നഖങ്ങളുടെ കൂട്ടം. അടവി=കാട്. ഉള്ള്=മനസ്സ്. മുത്ത്=മുക്താഫലം, സന്തോഷം.

൯൬. കൃപണരവം=ദീനസ്വരം.

൯൭. ജ്വലദിഷുനിര=ജ്വലിക്കുന്ന ശരസമൂഹം. ഇരക്കുക=അപേ

Digitized By Kerala Sahitya Akademi

അരിശമൊടലറിക്കൊണ്ടാശു കുത്താനടുക്കും
കരികളുടെ കടുക്കും തുമ്പിയും, കാലുമെല്ലാം
അരിവിജയി കുമാരൻ വാളിനാൽ, വാഴ വെട്ടും
പരിചിലവിടെ വെട്ടിക്കൂട്ടിനാൻ കൂട്ടരോടും. ൮

ഉര പെരുകിടുമാറാ,ത്തങ്ങൾതൻ ധർമ്മമാകും
ദ്വിരദഹതി നരന്മാർ ചെയ്യുതായ്ക്കാണ്കമൂലം
കരളിലുദിതമായോരീർഷ്യകൊണ്ടെന്നപോലേ
പരമിളകിയടുത്തു ഘോരകണ്ഠീരവങ്ങൾ. ൯

ചടുലസടകൾ ശൌര്യക്കാതലാൽത്തീർത്തതായ്ത്തോ-
ന്നിടുമരുണമുഖത്തിൽച്ചിന്നിയുച്ചണ്ഡമട്ടിൽ,
ചുടുകനലെരിനോട്ടം പൂണ്ടി,ടിക്കൊപ്പമാർത്ത-
ത്തിടുമവ നൃപപുത്രന്നുൾപ്രഹർഷം വളർത്തി. ൧൦

പ്രതിഘഭരിതഭാവാൽ പ്രൌഢി ജൃംഭിച്ച കുംഭി-
പ്രതിഭടനിര ചൂഴച്ചെന്നൊരാച്ചന്ദ്രസേനൻ
പ്രതിനവരുചി തേടി, പൂത്ത പാച്ചോററിവൃക്ഷം
പ്രതിതടമിട ചേരും പർവ്വതേന്ദ്രൻകണക്കേ. ൧൧

---

കുറിക്കുക. ആനയുടെ നിലവിളിക്കു ചിന്നംവിളി എന്നാണു പറയുക.

൮. അരിവിജയി=ശത്രുക്കളെ ജയിക്കുന്നവൻ.

൯. ദ്വിരദഹതി=ഗജവധം. ഉദിതം=ഉണ്ടായത്. കണ്ഠീരവങ്ങൾ=സിംഹങ്ങൾ.

൧൦. ചടുലസടകൾ=ഇളകുന്ന സടകൾ. അരുണമുഖത്തിൽ=ചുകന്ന മുഖത്തിൽ. ഉച്ചണ്ഡം=ക്രൂരം. ഉൾപ്രഹർഷം വളർത്തി എന്നതു നായകന്റെ സത്വാതിശയത്തെ വ്യഞ്ജിപ്പിക്കുന്നു.

൧൧. പ്രതി—ഭാവാൽ=കോപംനിറഞ്ഞ സ്വഭാവത്താൽ. ജൃംഭിച്ച=വളൎന്ന. കുംഭി—നിര=സിംഹവൃന്ദം. പ്രതിനവരുചി=പുതുശോഭ, പ്രതിതടം=തടംതോറും.

Digitized By Kerala Sahitya Akademi

ഭുവനവിദിതമാം തൻവിക്രമം കാട്ടി മേന്മേൽ
യുവനൃപനെ രസിപ്പിച്ചുഗ്രപഞ്ചാസ്യരപ്പോൾ,
അവനരുളിയ നാനാശസ്ത്രസമ്മാനമേററി-
ട്ടവനുടെ സചിവന്മാക്കൊത്തു പഞ്ചതൎയോഗാൽ. ൧൫

മൃഗപതിനിലയിങ്കൽത്തങ്ങൾ പാലിച്ചിടേണ്ടും
മൃഗതതിയെ മഥിച്ചീടുന്ന സിംഹങ്ങളെല്ലാം
വിഗതമദമുഴന്നു വീരശസ്ത്രാഭിഘാതാൽ:
ജഗതി ഫലദമധൎമ്മം ചെയ്കിലാപത്തു തന്നേ. ൧൬

അരദഗളമിവയാൽത്താൻമുന്നമേ വെന്നസിംഹോൽ-
കരമിഹ പകവീട്ടാനെന്നപോലോടുകക്കേ,
വിരവിലതിനെവീണ്ടും,വിക്രമക്രീഡകൊണ്ടാ-
ധരണിപതികുമാരൻ ഹന്ത! തോല്പിച്ചുവിട്ടു. ൧൭

തെരുതെരെ നൃപപുത്രൻ ശസ്ത്രമേല്പിച്ചു വീഴ്ത്തും
പരുഷമൃഗശതത്തിൻമെയ്യിൽനിന്നങ്ങുമിങ്ങും
പെരുതൊഴുകിന രക്തം, വേട്ടയാം ദേവതയ്ക്കു-
ള്ളൊരു കുരുതി കണക്കെത്താൻ തളം കെട്ടി നിന്നു.

നരി നരകമണഞ്ഞു; നായിനുണായി ചെന്നായ്-
പ്പരിഷ; ശമനനെപ്പോയ്ക്കണ്ടു ഘണ്ടാമൃഗങ്ങൾ;

---

൧൫. ഭുവനവിദിതം=ലോകപ്രസിദ്ധം. ഉഗ്രപഞ്ചാസ്യർ=ക്രൂരസിംഹങ്ങൾ. പഞ്ചതൎയോഗാൽ=പഞ്ചതൎത്തിന്റെ (മരണത്തിന്റെ, അഞ്ചുപേർ എന്ന അവസ്ഥയുടെ എന്നും) ചേച്ചനിമിത്തം.

൧൬. മൃഗപതിനിലയിങ്കൽ=മൃഗരാജതൎമുള്ള സ്ഥിതിയ്ക്കു. മൃഗതതിയെ=മൃഗസംഘത്തെ. മഥിച്ചീടുന്ന=മൎദ്ദിയ്ക്കുന്ന; വിഗതമദം=ഗൎവ്വില്ലാതായി. വീര—ഘാതാൽ=വീരന്മാരുടെ ആയുധങ്ങളേററിട്ടു.

൧൭. ഗളം=കഴുത്തു. സിംഹോൽക്കരം=സിംഹവൃന്ദം.

൧൮. പരുഷമൃഗശതം=വളരെ ക്രൂരമൃഗങ്ങൾ.

Digitized By Kerala Sahitya Akademi

ഹരി 'ഹരിഹരി'ച്ചൊല്ലീ; പോണ്ണു പോരാത്തതായീ;
പെരിയ നൃപസുതൻതൻ ക്രീഡയാലാ വനത്തിൽ.

അരചസുതവിഹാരാലീവിധം ശ്വാപദങ്ങൾ-
ക്കരമരതി പിണഞ്ഞിട്ടാ വനം ശാന്തമായീ,
വിരതിപരിചയത്താൽ ദ്വേഷരോഷാദിദോഷോൽ-
കരമൊഴിയെ വിളങ്ങും യോഗിചിത്തം കണക്കേ. ൧൪

പ്രതിഭയമൃഗബാധാമുക്തയായോരരണ്യ-
ക്ഷിതിയുടെ നെടുവീർപ്പാണെന്നു തോന്നും വിധത്തിൽ,
പുതിയ മലർമണത്തെപ്പൂണ്ട വാർതെന്നലുർവ്വീ-
പതിസുതനു വിഹാരശ്രാന്തി തീർത്തു വീശീ. ൧൫

നെടിയ വിഹരണത്താൽത്തങ്കലെ ക്ലാന്തി നീങ്ങും
പടി സമുപചരിച്ചും മാരുതന്നായ് കുമാരൻ
നിടിലഭുവി ലസിച്ചും സ്വേദമുത്തൊക്കെ നൽകീ;
വടിവിയലിന താദൃക്സേവനം വ്യർത്ഥമാമോ? ൧൬

൧൩. ഹരിഹരി ചൊല്ലി=ഭയപ്പെട്ടു ഭഗവന്നാമങ്ങളുച്ചരിച്ചു. പോരാത്തതായി=അത്തരക്കാർക്കു ത്രാണിയില്ലാത്തതായി. ശമനശബ്ദം യമപരമാകുന്നു.

൧൪. അരചസുതവിഹാരാൽ= രാജകുമാരന്റെ മൃഗയാവിനോദത്താൽ. ശ്വാപദങ്ങൾക്കു=ദുഷ്ടജന്തുക്കൾക്കു്. അരം=ഏററം. വിര—യത്താൽ=വൈരാഗ്യാഭ്യാസത്താൽ. ദ്വേഷ—രം=മത്സരം, ക്രോധം മുതലായ ദോഷങ്ങളുടെ സമൂഹം. ഒഴിയെ=നീങ്ങി.

൧൫. പ്രതി—മുക്ത=ഭയങ്കരമൃഗബാധയൊഴിഞ്ഞതു്. അരണ്യക്ഷിതി=വനഭൂമി. വിഹാരശ്രാന്തി=വിനോദംകൊണ്ടുള്ള തളച്ച.

൧൬. വിഹരണം=ക്രീഡ. ക്ലാന്തി=തളച്ച. സമുപചരിക്കുംപടി=നന്നായി ശുശ്രൂഷചെയ്യുന്ന. മാരുതൻ=കാററു്. നിടിലഭുവി=നെററിത്തടത്തിൽ. സ്വേദമുത്തു്=വിയർപ്പുതുള്ളിയാകുന്ന മുത്തുമണി. താദൃക്സേവനം= അപ്രകാരമുള്ളവരുടെ (ഔദാര്യശാലികളുടെ) സേവനം. വ്യർത്ഥം= നിഷ്ഫലം.

Digitized By Kerala Sahitya Akademi

പെരിയ നൃപസുതൻതൻ വേട്ടയാൽക്കാട്ടിലുള്ളാ
ഹരികളുടെ വിനാശം കണ്ടു പേടിച്ചു പോലെ
പരിഗളിതമഹസ്സായപ്പോഴേ, വാനിൽ മേവും
ഹരിയുമപരദിക്കിൽപ്പോയൊളിപ്പാനൊരുങ്ങി. വൃ൦

നിരവധിമൃഗരക്തത്താലെയാകാട്ടു പോലേ,
ചരമദിശ വിളങ്ങി ചിന്തുമന്തിച്ചുകപ്പാൽ;
വിരവൊടു നിയലത്തിന്നായ് ഗ്ഗമിപ്പാൻ കുമാരൻ
തുരഗമുകളിലേറി, സൂര്യനസ്താദ്രിമേലും. വൃ൧

പകലറുതിയിൽ വാനത്തുള്ള വൈചിത്ര്യമോരോ-
ന്നകലുഷരുചി കണ്ടും, തെല്ക്കുള്ളർക്കാററ കൊണ്ടും,
അകമലരിലമന്ദാനന്ദമാർന്നാ മഹീഭൃ-
ന്മകനുടനെ മടങ്ങി മന്ത്രിസേനാസമേതൻ. വൃ൨

ത്വരയൊടു തൊഴിൽ നിർത്തിത്തൻഗൃഹത്തിൽഗമിക്കും
നരരുടെ നവഘോഷം ചേർന്ന നാട്ടിൻപുറങ്ങളും,
പറവകളിര നേടിക്കൂട്ടു നോക്കിപ്പറക്കെ-
ച്ചിറകടിയൊലി ചേരും വാനു പോലായിതപ്പോൾ. വൃ൩

ഇടയരൊടിട ചേർന്നിട്ടു മേച്ചിൽപ്പുറം വി-
ട്ടു,ടലിനൊരഴകേറും ഗോക്കൾ ഗോശാല പൂകാൻ,
കുടമെതിരകിടേന്തിക്കൊണ്ടു മന്ദം നടക്കു-
ന്നിടവഴികളിവൻതൻ കണ്ണു രണ്ടും കവന്നു. വൃ൪

വൃ൦. ഹരികളുടെ= സിംഹങ്ങളുടെ. പരി—സ്സായ്= തേജസ്സ ക്ഷയിച്ചവനായി. ഹരി= സൂര്യൻ. അപരദിക്കിൽ= പടിഞ്ഞാറെദിക്കിൽ, മററാരേടത്ത് എന്നും.

വൃ൧. ചരമദിശ= പശ്ചിമദിക്ക്. നിലയം= ഗൃഹം,അസ്തമയം.

വൃ൨. വൈചിത്ര്യം= നാനാവർണ്ണഭംഗി. അകലുഷരുചി= നിറം മങ്ങാതെ. മന്ത്രിസേനാസമേതൻ= മന്ത്രിമാരോടും, സേനയോടും കൂടിയവൻ.

വൃ൩. ത്വരയൊടു= വേഗേന.

വൃ൪. മഹാസേനന്റെ രാജ്യഭാരകാലത്തു ഗോ…യാൽ എററ

Digitized By Kerala Sahitya Akademi

ദിനവിരതിയിൽ നാനാവൎണ്ണമുൾക്കൊണ്ടു നല്ലാ-
റിനമിളകിന വാനം മാനസോല്ലാസമേകീ
അനഘജനവനു, നാനാവേഷമാൎന്നുള്ള നാനാ
ജനമവിടവിടെയ്ക്കായ്പ്പോകുമാറ്റ്പാതപോലേ. വൃ൫

പുരജനമവമോലും പട്ടണത്തിങ്കൽ വീഥി-
ക്കിരുവരിയിലുമുള്ളാ രമ്യഹൎമ്മ്യങ്ങൾ തോറും
സുരുചിരതരദീപശ്രേണി കാണായി, സന്ധ്യാ-
തരുണിയുടെ വിശേഷപ്പെട്ട പൊന്മാല പോലേ

ഈവൎണ്ണം വാസരാന്തപ്പൊലിമ വഴികളിൽ-
കണ്ടുകൊണ്ടും, സഖാക്കൾ-
ക്കൈവക്കം നൎമ്മസംഭാഷണകലവികളിൽ-
ക്കൌതുകം ചേൎത്തുകൊണ്ടും
ആ വൻപൻ പോന്നണഞ്ഞാനരുണനുദധിയിൽ-
പ്പോലെ, ശുദ്ധാന്തവൃദ്ധ-
സ്ത്രീവൎഗ്ഗം മുറമന്തിത്തിരി വകതിരിവായ്
വെച്ചിട്ടും തൻഗൃഹത്തിൽ. വൃ൭

ചന്ദ്രസേനൻെറനായാട്ട് മൂന്നാംസൎഗ്ഗം.

---

വും ശുഷ്കാന്തിയുണ്ടായിരുന്നുവെന്ന് ഒന്നാംസൎഗ്ഗത്തിൽ ൩൬-ാംശ്ലോക
ത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

വൃ൫. ദിനവിരതി= സന്ധ്യാസമയം.

വൃ൬. വീഥി= പാത. രമ്യഹൎമ്മ്യങ്ങൾ= അഴകുള്ള മാളികകൾ
സുരു—ശ്രേണി= നന്നായിശോഭിക്കുന്ന ദീപപരമ്പര.

വൃ൭. വാസരാന്തപ്പൊലിമ= സന്ധ്യാഭംഗി. നൎമ്മ—കളിൽ=
പലതരം നേരമ്പോക്കുകൾ പറയുന്നതിൽ സഖാക്കളുടെ വിനോദസം
ഭാഷണത്തിൽ യഥോചിതം പങ്കുകൊണ്ട് അവൎക്കതിൽ ഉത്സാഹജനി
പ്പിച്ച് എന്നു സാരം. ഉദധി= സമുദ്രം. ശുദ്ധാ—വൎഗ്ഗം= അകത്തു പ്ര
വൎത്തിക്കാരായ വൃദ്ധസ്ത്രീജനങ്ങൾ;

Digitized By Kerala Sahitya Akademi

## നാലാം സർഗ്ഗം

ഒരുങ്ങി നന്നായഥ സാന്ധ്യമാചരി-
ച്ചൊരുത്സുകത്വം കലരും നൃപാത്മജൻ
വരുത്തിനാൻ, മന്ത്രിഗൃഹത്തിൽ വിശ്രമി-
ച്ചിരുന്ന സന്ന്യാസിനിയെ സ്വമന്ദിരേ. ൧

വരാംഗമാ സ്നേഹിതരഞ്ചു പേരുമായ്-
പ്പുരാന്തരേ മേവിന ചന്ദ്രസേനനെ,
പരാർദ്ധ്യരാം പാണ്ഡവരോടു ചേർന്നഴം
മുരാരിയെപ്പോലഥ കണ്ടു യോഗിനി. ൨

ശരിക്കെഴുന്നേററതിരേററ കൊണ്ടു പോ-
ന്നിരിക്കുവാനാസനവും കൊടുത്തു, വൻ
വരിഷ്ഠയാം താപസിയെ പ്രകാമമാ-
ദരിച്ചുടൻ താനുമിരുന്നു ചാരവേ. ൩

വിശാലപുണ്യവ്രതനിഷ്ഠയുള്ളോരാ-
ക്കൃശാനുതേജസ്വിനിയോടനന്തരം,
നിശാതധീയായ നൃപാലനന്ദനൻ
പ്രശാന്തഗംഭീരമിവണ്ണമോതിനാൻ. ൪

"ശമാത്മികേ! ഭാഗവതോത്തമേ! ഭവൽ-
സമാഗമം സമ്പ്രതി സംഭവിക്കയാൽ

൧. സാന്ധ്യം=സന്ധ്യോചിതകർമ്മം. ഉത്സുകത്വം= താരാവലീകഥ കേൾപ്പാനുള്ള ഔത്സുക്യം. സ്വമന്ദിരേ= തന്റെ ഗൃഹത്തിൽ.

൨. പുരാന്തരേ=ഗൃഹാന്തർഭാഗത്തിൽ.

൩. വരിഷ്ഠ=ശ്രേഷ്ഠ.

൪. വിശാ—നിഷ്ഠ=വലിയ സൽകർമ്മസ്ഥൈര്യം. കൃശാനുതേജസ്വിനി= അഗ്നിയ്ക്കൊത്ത തേജസ്സുള്ളവൾ. നിശാതധീ=തീക്ഷ്ണബുദ്ധി; പ്രശാന്തഗംഭീരം=ശാന്തവും, ഗംഭീരവുമാകുംവണ്ണം.



Digitized By Kerala Sahitya Akademi

ശമാന്വയം മന്നിൽ മഹത്വമാന്നിതി;-
യമാത്യരും ഞാനുമതീവ ധന്യരായ്.

ജവാലവിജ്ഞാനഗദത്തെ നീളവേ
നിവാരണംചെയ്യതിനൊരൌഷധം
ഭവാദൃശാഭ്യാഗമമല്പപുണ്യരാ-
ലവാപ്യമാമോ? ഭുവനാഭിപൂജിതേ!

ഒരുത്സവം താനിഹ, നീ യദൃച്ഛയാ-
യരുന്ധതീസോദരി! വന്നതോക്കിൽ;
മരുസ്ഥലത്താന്ന മഴക്കുതുല്യമേ
തരുന്ന ഞങ്ങൾക്കിതു ഹഷമേററവും.

അനഗ്ഗളം ലോകതമസ്സകറമീ-
യനഘമാം താവകദശനത്തിനാൽ
മനസ്സനല്പം തെളിയുന്നിതിന്നെനി-
ക്കി,നപ്രകാശാൽ കമലം കണക്കിനേ. ൮

൫. ശമാത്മികേ!=ശമം (മനോനിഗ്രഹം) മൂത്തിമത്തായവളേ! എന്നു സംബുദ്ധി. ഭാഗ—ത്തമേ!=ഭഗവൽഭക്തോത്തമേ! ഭവൽസമാഗമം=ഭവതിയുടെ ചേച്ച. മമ=എന്റെ. അന്വയം=വംശം. അതീവ=ഏററവും. ധന്യർ=സുകൃതികൾ.

൬. ജവാൽ=വേഗേന. അവിജ്ഞാനഗദം=അജ്ഞാനമാകുന്ന രോഗം. ഭവാദൃശാഭ്യാഗമം=ഭവതിയെപ്പോലെയുള്ളവരെ നേരിട്ടുകാണൽ. അല്പപുണ്യർ=സുകൃതം കുറഞ്ഞവർ. അവാപ്യം=ലഭ്യം. ഭുവനാഭിപൂജിത=ലോകപൂജിത.

൭. അരു—ദരി=അരുന്ധതീതുല്യ. മരുസ്ഥലം=നിജ്ജലപ്രദേശം.

൮. അനഗ്ഗളം=തടവില്ലാതെ. തമസ്സ്=അജ്ഞാനം, ഇരുട്ടു. ഇനപ്രകാശാൽ=സൂര്യരശ്മിയേററിട്ട്. ലം=പത്മം. ൫ൌ൬

Digitized By Kerala Sahitya Akademi

രവിപ്രഭേ! സാമ്പ്രതമെത്തു ദിക്കിനെ
സ്വവിപ്രയോഗാലിരുളിൽപ്പെടുത്തി നീ?
അവിഘ്നമാൎയ്യേ! നിജപാദപാംസുവാൽ
പവിത്രമാക്കാൻ കരുതുന്നതെത്തിടം? ൯

പരം ത്വദീയാഭിധയാകമൂലമ-
ക്ഷരങ്ങളേതൊക്കെ മഹത്തരങ്ങളായ്?
നിരൎത്ഥമാകാത്തൊരഭീഷ്ടമെന്തു, നിൻ
കരത്തെക്കേകം വരുമാ വിശുദ്ധമായ്? ൧൦

വിരക്തരാം നിങ്ങളിലെത്തുവാൻ സദാ
തിരഞ്ഞു നില്ക്കുന്നവയാണു സിദ്ധികൾ;
ഒരൻപൊടെ, ന്നാലുമഭീഷ്ടമിന്നതെ-
ന്നുരയ്ക്കുകെന്നാക്കൃതകൃത്യനാക്കുവാൻ. ൧൧

പ്രമാദജാതം പഥി മേ ഭവാദൃതി-
ക്രമാപരാധം സകൃപം പൊറുക്കയാൽ,
ക്ഷമാഖ്യദേവിക്കു സമാനമായ നിൻ
ക്ഷമാഗുണത്തിന്നടിമപ്പെടുന്നു ഞാൻ, ൧൨

൯. രവിപ്രഭ=സൂൎയ്യനൊത്ത കാന്തിയുള്ളവൾ. സാമ്പ്രതം= ഇപ്പോൾ. സ്വവിപ്രയോഗാൽ=തന്റെ വേർപാടിനാൽ. പാംസു=പൊടി. പവിത്രം=ശുദ്ധം. എവിടെനിന്നുവരുന്നു? എന്നു സാരം.

൧൦. പരം=കേവലം. ത്വദീയാഭിധ= അങ്ങയുടെ പേർ. നിരൎത്ഥം= നിഷ്ഫലം. പേരെന്തെന്നും, അഗ്രഹമെന്തെന്നും സാരം. “യോഗ്യോത്തരത്വമാൎന്നക്ഷരപംക്തിയെത്തുവാൻ” എന്നു പാഠഭേദം.

൧൧. വിരക്തർ=വൈരാഗ്യം ലഭിച്ചവർ. അൻപോടു ദയ. കൃതകൃത്യൻ= വേണ്ടതു ചെയ്യുവൻ.

൧൨. ഞാൻ അങ്ങയ്ക്കു കടപ്പെട്ടിരിക്കുന്നുവെന്നു പറയുന്നു. പ്രമാദജാതം=അറിയാതെ പറ്റിയതു്. പഥി= വഴിക്കുവെച്ചു. ഭവ—രാധം=

Digitized By Kerala Sahitya Akademi

കിമപ്യഹോ! നിൻമുഖപത്മഹംസിയായ്
ച്ചമഞ്ഞ താരാവലിയെന്തേതവാം?
സമസ്തവൃത്താന്തവുമംബ! കേൾക്കുവാ_
നമന്ദകൌതൂഹലമഗനമിജ്ജനം". ൬൩

അമാത്യർ ചേരുന്നോരവൻെറ വാക്കു കേ-
ട്ടമായമാത്താപസി താനുമോതിനാൾ
"കുമാര! കല്യാണമിയാറകണ്ടയിൽ
കുമാരമാതാവു കുലാദ്രിനന്ദിനി! ൬൪

നിജാഭിജാത്യത്തിനു തക്കമട്ടു താൻ,
സുജാതനാം നിൻ മൊഴിക ചിത്രമെന്തിതിൽ?
പ്രജാദൃഗാഹ്ലാദകരാമൃതാംശുവാം
ദ്വിജാധിരാജൻ ഗരളം പൊഴിക്കുമോ? ൬൫

കുമാര! കാത്യായിനിയെന്നോരുത്തി, ഞാ-
നുമാപദാബ്ജൈകനിവിഷ്ടചിത്തയായ്

---

ഭേതിയെ ബഹുമാനിക്കാതെ കടന്നുപോയ തെററ്. സകൃപം=സദയം. ക്ഷ്മാഖ്യദേവി=ഭൂദേവി.

൬൩. കിമപി=കുറഞ്ഞൊന്നു. അഹോ എന്നതു ഹർഷത്തെ ദ്യോതിപ്പിക്കുന്നു. നിൻമുഖപത്മഹംസി എന്നതിനു ഭേതിയാൽ പറയപ്പെട്ട എന്നുസാരം. സമസ്തവൃത്താന്തവും=എല്ലാ വർത്തമാനവും. അംബ!=മാതാവേ! എന്നു സംബുദ്ധി. അമ—മഗ്നം= വലിയ കൌതുകമുള്ളത്.

൬൪. അമായം=കളവില്ലാതെ. കല്യാണം=ശുഭം. കുമാരമാതാവ്=കുമാരൻെറ (സുബ്രഹ്മണ്യൻെറ) അമ്മ. കുലാദ്രിനന്ദിനി=പാർവ്വതി.

൬൫. നിജാ—ത്തിനു=തൻെറ കുലീനതക്കു. സുജാതൻ=സുഭഗൻ. പ്രജാ—ശു=ജനങ്ങളുടെ കണ്ണുകൾക്കു് ആഹ്ലാദമുണ്ടാക്കുന്ന അമൃതമയങ്ങളായ രശ്മികളോടുകൂടിയവൻ. ദ്വിജാധിരാജൻ=ചന്ദ്രൻ. ഗരളം=വിഷം.

Digitized By Kerala Sahitya Akademi

പ്രമാണസിദ്ധം പല തീൎത്ഥമാടുവാൻ
ക്ഷമാതലം ചുററി നടന്നിടുന്നവൾ. ൬൩

സമൃദ്ധിതൈകത്രനിവാസയായ് സ്സദാ
മുമുക്ഷു ഞാനിങ്ങിനെ സഞ്ചരിക്കവേ
സമുദ്രമാകുന്ന കിടങ്ങു ചൂഴുമാ-
സ്സുമല്ലലദ്വീപിലണഞ്ഞിതേകദാ ൬൪

നദീമണാളന്റെ മകൾക്കു നൽകിയോ-
രദീൎണ്ണകേളിസ്ഥലമെന്നപോലവേ
പ്രദീപ്തമാം ദ്വീപു ഭരിച്ചിടുന്നിതി-
ന്നദീനസത്വൻ വസുദത്തനെന്നവൻ. ൬൫

സ്വവശ്യരത്നോച്ചയനത്യഗാധഹൃ-
ത്തവൎണ്ണ്യസത്വൻ, ബഹുവാഹിനീവൃതൻ,
ധ്രുവം സദാ സാഗരമദ്ധ്യവാസ്സയാ-
ലവൻ വഹിക്കുന്നിതു സാഗരാഭയെ. ൬൬

൬൩. ഉമ—ച്ഛിത്ത=പാൎവ്വതീദേവിയുടെ തൃക്കാലിൽതന്നെ മനസ്സുവെച്ചിരിക്കുന്നവൾ. മററു യാതൊരു അഗ്രഹവുമില്ലാത്തവളെന്നു താല്പൎയ്യം.

൬൪. സമൃ—വാസ=ഒരിടത്തുതന്നെ പാൎപ്പു വെടിഞ്ഞവൾ. മുമുക്ഷു=മോക്ഷത്തെ ഇച്ഛിക്കുന്നവൾ. ഏകദാ=ഒരിക്കൽ.

൬൫. നദീമണാളൻ=സമുദ്രം: ഉദീ—സ്ഥലം=വമ്പിച്ചകളിസ്ഥലം. പ്രദീപ്തം=ശോഭിച്ചത്. അദീനസത്വൻ=നല്ലമനക്കരുത്തുള്ളവൻ.

൬൬. സ്വവ—ച്ചയൻ= രത്നസമൂഹങ്ങൾ സ്വാധീനങ്ങളായിട്ടുള്ളവൻ. അത്യഗാധഹൃത്ത്=ഉള്ളിനു വളരെ അഴമുള്ളവൻ. അവൎണ്ണ്യസത്വൻ=വൎണ്ണിക്കാൻ വയ്യാത്തവിധം സത്വം (സത്വഗുണം) സത്വങ്ങൾ (ജന്തുക്കൾ) എന്നും, ഉള്ളവൻ. ബഹു—വൃതൻ= വളരെ വാഹിനികളാൽ (സേനകളാൽ, നദികളാൽ) വൃതൻ (ചുററപ്പെട്ടവൻ, വരിക്കപ്പെട്ടവൻ) ധ്രുവം, ഉൽപ്രേക്ഷാവാചകം. സാഗരമദ്ധ്യം= ദ്വീപം. സാഗരാഭ= സമുദ്രസാമ്യം.

Digitized By Kerala Sahitya Akademi

ഉറച്ച ഭാഗ്യത്തികവാലവന്നു, പാൽ-
നിറഞ്ഞൊരാഴിക്കുലർമങ്ക പോലവേ
പിറന്നൊരോമനമകളാണു, ഷസ്സിൽ ഞാൻ
പറഞ്ഞ താരാവലിയെന്ന തന്വിയാൾ.

വിരിഞ്ചിതന്നത്ഭുതരൂപസൃഷ്ടിയാ-
യൊരിക്കമോരിസ്സ്തിരായൊരത്തിയെ,
ശരിക്കു ഭൂഗോളമടച്ചു സഞ്ചരി-
ച്ചിരിക്കിലും കണ്ടറിയുന്നതില്ല ഞാൻ.

പ്രമാദമെന്ന്യേ വിജയം കൊതിക്കുമ-
സ്സുമാശുഗൻ മൂന്നുലകിങ്കൽനിന്നുമേ
സുമാന്യസൌന്ദര്യഗുണം ഗ്രഹിച്ചു നൽ-
സ്സമാധിയാൽത്തീർത്തവളാപ്പുരാമവൾ.

സരസ്വതീലക്ഷ്മികളൈകമത്യമോ-
ടൊരംഗമാർന്നിങ്ങു പിറന്നതിൻ വിധം
സുരമ്യവർണ്ണാകൃതിയായ്, സ്സുമാസ്ത്രന-
ല്പരം ജനിപ്പിച്ചു വിളങ്ങുവോളവൾ.

പ്രസക്തതാരുണ്യതരംഗിതാഭമാ
പ്രസന്നചന്ദ്രാനനതൻ കളേബരം

൨൦. പാൽ നിറഞ്ഞൊരാഴി = പാൽക്കടൽ.

൨൨. സുമാശുഗൻ = കാമൻ. ഗ്രഹിച്ചു = ശേഖരിച്ചു. സമാധി = സങ്കല്പം.

൨൩. ഒരംഗം = ഏകശരീരം. സുരമ്യവർണ്ണാകൃതി = സുന്ദരമായ നിറമുള്ള ആകൃതിയോടു കൂടിയവൾ. മനോഹരാകാരസ്വരൂപിണി എന്നും. സുമാസ്ത്രനെ എന്നതിന്നു കാമവികാരത്തെ എന്നും, പ്രദ്യുമ്നനെ എന്നർത്ഥം. ജനിപ്പിക്ക = ഉണ്ടാക്കുക, പ്രസവിക്കുക.

Digitized By Kerala Sahitya Akademi

രസം തരുന്നു മിഴികൾക്കു നിർഭരം,
വസന്തമൊക്കും മലർവാടി പോലവൾ ൧൪

ചിരാൽ പുകഴ്ന്നോരുപമാനവസ്തുവാൽ
പരാതി വിട്ടിട്ടുപമേയഭാവവും
ദുരാപമാം മട്ടിൽ വിളങ്ങിടുന്നിതാ
വരാംഗിതന്നംഗമഭംഗുരപ്രഭം. ൧൫

മനോജ്ഞതാരുണ്യമവൾക്കണപ്പതാ-
മനോപമാംഗദ്യുതിയൊന്നു കാൺകിൽ,
മനോരഥം, പൂരുഷനായ് ഭവിക്കുവാൻ
മനോജകാന്തയ്ക്കുമുദിച്ചിടും ദൃഢം. ൧൬

അലോകസാധാരണരൂപമൊക്കുമാ
വിലോലനീലാക്ഷി വരിപ്പവന്റെമേൽ
പുലോമജാവല്ലഭനാം വലാരിയും
തുലോമസൂയപ്പെടുമില്ല സംശയം. ൧൭

---

൧൪. പ്രസ—താരംഭം = യൗവനപ്രാരംഭത്താൽ ശോഭവർദ്ധിച്ചതു്.

൧൫. ഉപമേയഭാവം = ഉപമേയത്വം. ദുരാപം = ദുഷ്പ്രാപം. അഭംഗുരപ്രഭം = കാന്തിക്കു് ഉടവില്ലാത്തതു്. ഇതേവരെ പ്രസിദ്ധപ്പെട്ട ഉപമാനവസ്തുക്കളായിരുന്ന ചന്ദ്രപത്മാദികളെ (ചന്ദ്രൻതാരാവലിയുടെമുഖംപോലെ, പത്മം നേത്രംപോലെ എന്നും മറ്റും) ഉപമേയങ്ങളാക്കി കല്പിച്ചാൽകൂടി പരാതി (നല്ലപന്തിയായില്ലെന്ന ആക്ഷേപം) പറപ്പെടുമാറു്, എല്ലാ ഉപമാനവസ്തുക്കളെയും അതിശയിച്ചുവർത്തിക്കുന്നതാണു് അവളുടെ കളേബരം എന്നു ഭാവം.

൧൬. അനോ—ദ്യുതി = എതിരില്ലാത്ത ദേഹകാന്തി. മനോജകാന്ത = രതിദേവി.

൧൭. അലോ—രൂപം = ലോകസാധാരണമല്ലാത്ത സൌന്ദര്യം. പുലോമജാവല്ലഭൻ = ശചീകാന്തൻ.

Digitized By Kerala Sahitya Akademi

പ്രവാദമെന്തിന്നഃവളുഴിയിങ്കലെ
പ്രവാളതുല്യാധരിമാരിൽ മീതെയായ്
നവാങ്ഗഭംഗ്യാ വിലസുന്നു സാമ്പ്രതം,
ഭവാൻ പുമാന്മാർകളിലെന്ന പോലവേ". ൧൭

ശരത്തിലങ്ങിത്രയുമോതി, മൌനമാ-
ന്നരക്ഷണം പാത്ത്,ഥ വീണ്ടുമായവൾ
സ്ഫുരൽപ്രഹർഷാത്ഭുതകൌതുകാഢ്യനാം
നരപ്രവീരാത്മജനോടു ചൊല്ലിനാൾ:— ൧൯

"അവണ്ണ്യലാവണ്യവിലാസമാളുമാ-
യവൾക്കൊരന്യാദൃശവൈദഷീഭരം,
സുവണ്ണവല്ലിക്കു സുഗന്ധമെന്നപോ-
ളളവസ്ഥ നൽകുന്നിതശേഷമോഹനം. ൨൦

അനച്ചിതെന്നിൽബ്ബഹുതോഷ,മാ വധൂ-
ഗണത്തിടമ്പിൻെറ സുശീലതാദികൾ,
'ഗുണങ്ങൾ, നല്ലാകൃതിയുള്ളെടത്തു വ-
ന്നിണങ്ങു'മെന്നീ മൊഴിയെത്ര വാസ്തവം! ൨൧

പ്രത്യദ്ധമാം ദീനജനാനുകമ്പയും,
ഗുരുത്തമബ്രാഹ്മണദൈവഭക്തിയും,

൧൭. പ്രവാദം = ബഹുക്തി, പ്രവാളം = തളിര്; അല്ലെങ്കിൽ പവിഴം. പുമാന്മാർ = പുരുഷന്മാർ.

൧൯. അഥ = പിന്നെ. സ്ഫുരൽ—കാഢ്യൻ = സ്ഫുരിക്കുന്ന പ്രഹർഷം, അത്ഭുതം, കൌതുകം ഇവയുള്ളവൻ.

൨൦. അന്യാ——ഭാരം = അസാമാന്യമായ വൈദഗ്ദ്ധ്യാതിശയം.

൨൧. "യത്രാകൃതിസ്തത്ര ഗുണാഃ" എന്നു സാമുദ്രികശാസ്ത്രക്കാർ;

൨൨. പ്രത്യദ്ധം = ബഹുലം, സുത്രപ!=സുഭ് 1 ഊനം—ന്യേ= കുറവില്ലാതെ,

Digitized By Kerala Sahitya Akademi

സുരൂപ! ഞാൻ കണ്ടു പുകഴ്ന്ന നിങ്ങൾനി-
ന്നൊരൂനമെന്ന്യേ വസുദത്തപുത്രിയിൽ. ൩൨

പ്രഭാവദാകാരവു, മായവൾക്കു സൽ-
സ്വഭാവവും തങ്ങളിൽ മത്സരിക്കയാം;
പ്രഭാവമേതിന്നിഹ കൂടുമെന്നതോ
വിഭാവനം ചെയ്ക ഞെരുക്കമേവനും. ൩൩

മനസ്സുവെച്ചത്ര വെടുപ്പിലംബുജാ-
സനൻ ജനിപ്പിച്ച കുമാരിയാമവൾ
കനത്ത കൂറേന്തിയ തൽപ്രിയക്കെഴും
സ്തനങ്ങൾ രണ്ടും സുഖമാസ്വദിച്ചതേ. ൩൪

സ്വകാംക്ഷപോലാ,യവളാളിമാരുമായ്-
സ്സുകാന്തഗാനം തുടരുന്ന പൂവനം,
പികാളിതൻ കാകളി ചേർന്ന മട്ടിലാ-
യകാലവാസന്തവിലാസമേന്തിടും. ൩൫

൩൩. പ്രഭാവദാകാരം= പ്രഭാവത്ത് (ശോഭയുള്ളത്) ആയ ആകൃതി. പ്രഭാവം=മഹത്വം. ഇഹ= ഇവയിൽ (ആകാരസ്വഭാവഗുണങ്ങളിൽ) വിഭാവനംചെയ്ക= തീർച്ചപ്പെടുത്തുക.

൩൪. അംബുജാസനൻ= ബ്രഹ്മാവ്. കൂറ്=സ്നേഹം. തൽപ്രിയ= അവന്റെ (ബ്രഹ്മാവിന്റെ)പ്രിയ (സരസ്വതി)"സംഗീതമപി സാഹിത്യം സരസ്വത്യാസ്തനദ്വയം" നായികക്കു സംഗീതസാഹിത്യങ്ങളിൽ ഒരേമാതിരി നൈപുണ്യമുണ്ടെന്നു ഭാവം.

൩൫. സ്വകാംക്ഷപോൽ= സ്വേച്ഛപോലെ. ആളിമാർ= സഖികൾ. സുകാന്തഗാനം= മനോഹരമായ പാട്ട്. പികാളി=കുയിൽക്കൂട്ടം. കാകളി= സൂക്ഷ്മമധുരശബ്ദം. അകാലവാസന്തവിലാസമാന്തിടും= അകാലത്തു (വസന്തേതരകാലത്തു)കൂടി, വസന്തം വന്നാലുണ്ടാകുന്ന വിലാസത്തെ പ്രാപിക്കും.



Digitized By Kerala Sahitya Akademi

പരാർദ്ധ്യശാരീരഗുണാഢ്യയാ മനോ-
ഹരാങ്ഗി ഗീതാമൃതധാര തൂകവേ
നരാഗ്ര്യ! വീണാമയശുഷ്കദാരുവും
സരാഗസൽപല്ലവദാവമാർന്നിടും. ൩൬

നിരർഗ്ഗളം കോമളമായ തൽഗള-
സ്വരത്തിനാൽ, 'കമ്പി പിണഞ്ഞിടും'വിധം
നിരസ്തയായ് വീണ വിപഞ്ചി വീണയെ-
ന്നരക്ഷവാൻ തക്കതു തന്നെയോർക്കുകിൽ. ൩൭

അമാനുഷാങ്ഗദ്യുതികൊണ്ടു മാത്രമ-
ല്ല,മായസാരസ്യസമൃദ്ധയാമവൾ
കുമാര! നൽത്തൂലികകൊണ്ടുമത്ര നി-
സ്സമാനചിത്രം വിരചിപ്പതുണ്ടഹോ! ൩൮

കലാധിനാഥന്റെ പരാജയം മുഖാ-
ത്തുലാഭയാലേകിയൊരീക്കുമാരിയെ

൩൬. പരാർദ്ധ്യ—ണാഢ്യ= ശ്രേഷ്ഠമായ ശാരീരഗുണമുള്ളവൾ. ഗീതാമൃതധാര= പാട്ടാകുന്ന അമൃതധാര. നരാഗ്ര്യ!= നരശ്രേഷ്ഠ!എന്നു സംബുദ്ധി. വീണാ—ദാരു= വീണയാകുന്ന ഉണങ്ങിയ മരം. സരാ—ഭാവം=രാഗം(ചുകപ്പ്, സ്വരസമുദായം) ഉള്ള പല്ലവങ്ങളോടു (തളിരുകളോടു, പല്ലവികളോടു) കൂടിയനില. ശ്രേഷ്ഠമായ ശാരീരഗുണം(ദേഹസൌഷ്ഠവം) ഉള്ള അവൾ പാടുമ്പോൾ ശുഷ്കവൃക്ഷംപോലും രാഗത്തോടുകൂടി വിടരുന്നതു പ്രാപിക്കും—അവളെ കാമിച്ചുപോകും എന്നും വ്യാഖ്യാനിക്കാം.

൩൭. തൽഗളസ്വരം=അവളുടെ കണ്ഠസ്വരം. അബദ്ധം പറയുന്നതിനു കമ്പിപിണയുക എന്നുപറയാറുണ്ട്. നിരസ്ത=പിടിച്ചുതള്ളപ്പെട്ടത്. വിപഞ്ചി, വീണയുടെ പര്യായപദം.

൩൮. അമാ—ദ്യുതി=ദിവ്യമായ ശരീരശോഭ. അമാ—മൃദ്ധാ=ശരിയായ സാരസ്യം ധാരാളമുള്ളവൾ. തൂലിക=തൂവൽ. നിസ്സമാനചിത്രം= നിസ്തുല്യമായ ആശ്ചര്യം; ആലേഖ്യമെന്നും. വിരചിക്കു=ഉണ്ടാക്കുക.

Digitized By Kerala Sahitya Akademi

സ്വാലാളനത്തിന്നു ഭജിച്ചിടുന്നു സൽ-
കലാഗണം, തോഴിജനം കണക്കിനേ. ൩൯

ഇവണ്ണമെല്ലാഗ്ഗുണവും തികഞ്ഞെഴു-
ന്നവൾക്കു ചേരുന്നൊരു പൂരുഷാഗ്ര്യനെ
നൃവൎഗ്ഗമൌലേ! ഭുവി കണ്ടതില്ല ഞാൻ,
ഭവൽസകാശത്തിലണഞ്ഞിടും വരേ. ൪൦

ഭവാനൊരാൾ മാത്രമവൾക്കു മേദിനീ-
ധവാഗ്ര്യസൂനോ! ഭുവി തക്ക പൂരുഷൻ;
തവാദ്യ താരാവലി ഭാൎയ്യയാകിലോ,
പ്രവാളവും മുത്തുമിണങ്ങി തങ്ങളിൽ. ൪൧

സ്മരന്റെ മന്ത്രാക്ഷരശക്തിയാകുമാ-
പ്പുമഭ്ധ്രിരത്നത്തൊടു ചേൎന്നിടായ്കിലോ,
പരം ഭവദ്രൂപസമൃദ്ധി കാട്ടിടാ-
മരത്തിനൊക്കും മലർപോലെ നിഷ്ഫലം. ൪൨

---

൩൯. ചിത്രമെഴുത്തിലെന്നപോലെ മററു കലാവിദ്യകളിലും അവൾക്കു സാമൎത്ഥ്യമുണ്ടെന്നു സംക്ഷേപിച്ചുപറയുന്നു. കലാധിനാഥനു= കലകളുടെനാഥനു (ചന്ദ്രനു). മുഖാതുലാഭ=മുഖത്തിന്റെ അതുല(സാമ്യമില്ലാത്തത്)ആയശോഭ. സ്വാമിയുടെ പരാജയത്തിൽ, ഭൃത്യജനം ജേതാവിനെ ആശ്രയിക്കുക പതിവാണല്ലൊ.

൪൦. നൃവൎഗ്ഗമൌലി=പുരുഷശിരോമണി. ഭവൽസകാശം=അങ്ങയുടെ സമീപം.

൪൧. തവ, അദ്യ=അങ്ങേക്കിപ്പോൾ. പ്രവാളം=പവിഴം. ചന്ദ്രസേനനു താരാവലി ഭാൎയ്യയായാൽ, അതായതു ഈ കഥ അവസാനിച്ചാൽ, പ്രവാളവും മുത്തും ഇണങ്ങി (നല്ല ഒരു മണിപ്രവാളകാവ്യമുണ്ടായി) എന്നോൎത്ത്, നമുക്കു തീൎച്ചയായും സന്തോഷിക്കാം.

൪൨. ഭവദ്രൂപസമൃദ്ധി=അങ്ങയുടെ സൌന്ദൎയ്യസ്വത്ത്.

Digitized By Kerala Sahitya Akademi

ഒരിക്കിലെന്നാലു, മമർത്ത്യവീരനും
വരിഷ്ഠമാക്കോമളദിവ്യഗാത്രിയെ
വിരിഞ്ഞ കൺകൊണ്ടു നുകർന്നിടാൻ തരം
വരില്ലയെന്നാല,വർ ദൈവവഞ്ചിതർ.” ൪൩

ഇവണ്ണമാഭിക്ഷുകി വിസ്മരിക്കവേ,
യുവക്ഷമാഭൃത്തരുൾചെയ്തു കൌതുകാൽ:—
“അവൾക്കെഴും താദൃശമായ രൂപമൊ-
ന്നിവൾക്കു കാണ്മാൻ കഴിവെന്തു? സുവ്രതേ!” ൪൪

“വരച്ചിട്ടുണ്ടേൻ കുതുകാൽപ്പടത്തിലാ,-
സ്സുരമ്യമെയ്യാളുടെ രൂപമന്നു ഞാൻ;
പരജ്ഞ! നോക്കാമതു വേണമെങ്കിലെ-”
ന്നുരച്ചുടൻ ഭാണ്ഡമഴിച്ചു താപസി. ൪൫

“തുടർന്നിതിമ്മട്ടിനി മറ്റൊരത്ഥിയെ
സ്ഫുടം ചമപ്പാനെളുതല്ലജന്നുമേ;
കടന്നു നാമത്ര മികച്ച തന്വിതൻ
പടം വരച്ചാല,തു പന്തിയാകുമോ? ൪൬

ഇതാ,യവൾക്കുള്ള ശരീരശോഭയിൽ-
ശ്ശതാംശമേ ചേർന്നൊരു ചിത്ര” മെന്നുമായ്

൪൩. അമർത്ത്യവീരനും=ദിവ്യവീരന്മാരും. വരിക്കും=വിവാഹാർത്ഥം അവശ്യപ്പെടുന്ന. ദൈവവഞ്ചിതർ=ദൈവത്താൽ ചതിക്കപ്പെട്ടവർ (ഭാഗ്യമില്ലാത്തവർ). അവളെ വിവാഹം ചെയ്ക എന്നതിരിക്കട്ടെ. കാണുവാൻതന്നെ അതിഭാഗ്യം വേണം.

൪൪. ഭിക്ഷുകി=സന്ന്യാസിനി. യുവക്ഷമാഭൃത്ത്=യുവരാജാവ്, താദൃശം=അപ്രകാരമുള്ളത്.

൪൫. പരജ്ഞൻ=അന്യരെ (അന്തരം) അറിയുന്നവൻ.

൪൬. സ്ഫുടം=സ്പഷ്ടമായി, അജൻ=ബ്രഹ്മാവ്.

Digitized By Kerala Sahitya Akademi

നതാംഗിതൻ ഛായ കുറിച്ചുവെച്ചിരു-
ന്നതാക്കുമാരന്നു കൊടുത്തു യോഗിനി. ൪൭

സുചിത്രസംസ്ഥാപിതയെന്നിരിക്കിലും,
വിചിത്രരൂപാഞ്ചിതയാം വധൂടിയെ
രുചിച്ചു കണ്ണാൽ നിഭൃതം നുകന്നവൻ
വചിച്ചുകൂടാത്തൊരവസ്ഥ തേടിനാൻ. ൪൮

അവന്നു തദ്രൂപസുധാനിമജ്ജനാൽ
സുവർണ്ണമെയ്യിൽ പുളകങ്ങളക്ഷണം
നിവന്നുകാണായി, നിരന്തരം മനോ-
ഭവന്റെ ബാണങ്ങൾ തറച്ചതിൻവിധം. ൪൯

സുലക്ഷണസ്ത്രീമണിതന്റെ ചിത്രമു-
ച്ചലൽപ്രഹർഷത്തൊടു പാർത്തവൻ ക്രമാൽ
അലംഘ്യനിശ്ചേഷ്ടതയാന്നു, താനുമാ-
നിലച്ചു ചിത്രാർപ്പിതതുല്യനായ് ചിരം. ൫൦

൪൭. ശതാംശമേ=നൂററിലൊരംശംമാത്രം.

൪൮. സുചി—പിത=നല്ല ചിത്രത്തിൽ സ്ഥാപിക്കപ്പെട്ടവൾ. വിചി—ഞ്ചിത=വിചിത്രം (ചിത്രത്തോടുകൂടാത്ത, ആശ്ചര്യകരമായ എന്നും) ആയ രൂപംകൊണ്ട് അഞ്ചിത (മനോഹര) വധൂടി=സ്ത്രീ. നിഭൃതം=നിശ്ചലം.

൪൯. തദ്രൂ—ജ്ജനാൽ=അവളുടെ സൗന്ദര്യമാകുന്ന അമൃതിൽ മുങ്ങൽ. സുവർണ്ണമെയ്യിൽ=നല്ല നിറമുള്ള ദേഹത്തിൽ. പുളകങ്ങൾ=രോമാഞ്ചങ്ങൾ. നിരന്തരം=ഇടവിടാതെ. മനോഭവൻ=കാമൻ.

൫൦. സുല—മണി=നല്ല ലക്ഷണങ്ങളോടുകൂടിയ സ്ത്രീരത്നം. ഉച്ചലൽ—ത്തൊടു=ഉച്ചലത്ത് (ഉയന്നത്) ആയ ഉൾക്കളിരോടുകൂടി. അലംഘ്യ—ശ്ചേഷ്ടത=അലംഘ്യയായ (അതിക്രമിക്കാൻ വയ്യാത്ത—മടക്കാൻകഴിയാത്ത) നിശ്ചേഷ്ടത (ചേഷ്ടകളില്ലായ്മ). ചിത്രാർപ്പിതതുല്യൻ=ചിത്രത്തിലെഴുതപ്പെട്ടവനെപ്പോലെ. ചിരം=ഏറെനേരം.

Digitized By Kerala Sahitya Akademi

ഒരങ്ഗനയ്ക്കുമവരെ സ്ഥലം കൊടാ-
ത്തൊരധരേശാത്മജചിത്തമപ്പൊഴേ,
വിരക്തയാം താപസി കൌതുകാൎത്ഥമായ്
വരച്ചു വാർപൂങ്കുഴലാൾക്കധീനമായ്! ൧൭

തരത്തിലാച്ചിത്രഗയായ തന്വിതൻ
നിരൎഗ്ഗളശ്രപഭൃതി പാൎത്തമാത്യരും
“ഒരല്പമേ താപസി ചൊന്നതുള്ളൂ”വെ-
ന്നുരച്ചിതാശ്ചൎയ്യവശേന തങ്ങളിൽ. ൧൮

‘അവശ്യമായ് ച്ഛായയെയെഴുതിനെത്രയു-
ണ്ടി,വൾക്കു വമ്പെന്നറിയേണ’മെന്നുമായ്
“യുവക്ഷമാഭൃൽപ്പടമംബ! തീൎക്കുകൊ-
ന്നിച്ഛണ്ണ”മെന്നാരവളോടു താഴ്മയിൽ. ൧൯

അമാത്യരൎത്ഥിച്ചതു ചെയ്യുവാൻ, മന-
സ്സമാധി പൂണ്ടോരവൾ കൈ നടത്തിനാൾ
സുമാന്യരാം ചിത്രകരൎക്കു മുമ്പനാ-
കുമാരനും ചിത്രഗനായ് വരും വിധം. ൨൦

ഉടൻ തദാ മറ്റൊരു ചന്ദ്രസേനനെ-
പ്പടത്തിൽ നിൎമ്മിച്ചു തപോധനാഗ്ര്യയെ

---

൧൭. ഒരംഗനയ്ക്കു് = യാതൊരു സുന്ദരിയ്ക്കും. കൌതുകാൎത്ഥമായ് = തന്റെ ആഗ്രഹനിവൃത്തിയ്ക്കുമാത്രമായി.

൧൮. ചിത്രഗ = ചിത്രത്തിലുള്ളവൾ. പാൎത്ത് = നോക്കി.

൧൯. അവശ്യമായ് = തീൎച്ചയായി. യുവ—പടം = യുവരാജചിത്രം. എന്നാർ = എന്നു പറഞ്ഞു.

൨൦. അൎത്ഥിച്ചതു് = അപേക്ഷിച്ചതു്. ചിത്രകരർ = ചിത്രമെഴുത്തുകാർ. ചിത്രഗൻ = ചിത്രത്തെ (ആശ്ചൎയ്യത്തെ, ആലേഖ്യത്തെ എന്നും) പ്രാപിച്ചവൻ. അനായാസേന യുവരാജാവിന്റെ ഛായാചിത്രം എഴുതിത്തുടങ്ങി എന്നു സാരം.

Digitized By Kerala Sahitya Akademi

കിടയ്ക്കൊരാളെത്തവ ചിത്രവിദ്യയിൽ
കിടയ്ക്കുകില്ലെ'ന്നു വ്യകല്പി മന്ത്രിമാർ. ൫൫

കുമാരനച്ചിത്രവധൂനിമഗ്നമാം
സ്വമാനസം ചെററു വലിച്ചെടുത്തുടൻ
'മമാദ്യ പോകാൻ വിട നൽകുഷസ്സിലെ'-
ന്നമായമോതുന്നവളോടു ചൊല്ലിനാൻ:— ൫൬

"ഇദം ദിനം മേ സുദിനം തപോധനേ!
വിദഗ്ദ്ധയാം നിൻെറ സമാഗമത്തിനാൽ
മദക്ഷികൾക്കോക്കിലിന്നു മാത്രമാ-
ണഭ്രമാം ജന്മഫലം ലഭിച്ചതും. ൫൭

മഹത്തരത്വാദൃശസന്നിധാനമെ-
ന്നിഹ പ്രിയാവാപ്തി വരുത്തുമേവനും;
സ്പൃഹക്കു കീഴ്പെട്ടവർ ഞങ്ങൾ നിന്നനു-
ഗ്രഹത്തിനെന്നിങ്ങറിയിച്ചിടട്ടെയോ! ൫൮

സമിദ്ധമാം മൽസുകൃതത്തിനാൽസ്സമാ-
ഗമിച്ചൊരങ്ങന്നിവിടെക്കുറച്ചു നാൾ,

൫൫. തദാ=അപ്പോൾ. മററൊരു ചന്ദ്രസേനനെപ്പടത്തിൽ നിർമ്മിച്ചു=ചന്ദ്രസേനൻെറ ഛായ 'തൽസ്വരൂപ'മായി എഴുതിയ.

൫൬, ചിത്ര—മഗ്നം= ചിത്രസ്ഥയായ സുന്ദരിയിൽ മുഴുകിയിരിക്കുന്നത്. സ്വമാനസം=തൻെറ മനസ്സിനെ. ഉഷസ്സിൽ= രാവിലെ പോകാൻ, അദ്യ=(ഇപ്പോൾ) വിടനൽക (സമ്മതം തരിക)

൫൭. ഇദം ദിനം=ഈ ദിവസം. വിദഗ്ദ്ധത=സമർത്ഥത. മദക്ഷികൾ= എൻെറ കണ്ണുകൾ. അഭദ്രം=അനല്പം.

൫൮. മഹ—ധാനം=ഏററവും മാഹാത്മ്യമുള്ള അങ്ങയെപ്പോലെയുള്ളവരുടെ സന്നിധാനം. ഇഹ=ഈലോകത്തിൽ. പ്രിയാവാപ്തി= അഭീഷ്ടസിദ്ധി; ഭാര്യാലാഭമെന്നും വ്യഞ്ജിക്കുന്നു. സ്പൃഹക്കു കീഴ്പെട്ടവർ= ആശാപരതന്ത്രന്മാർ.

Digitized By Kerala Sahitya Akademi

സമിത്രനാമെൻ പരിചര്യയേററ വി-
ശ്രമിക്കകെ,ന്നെപ്പരിശുദ്ധനാക്കയോൻ. ൩൯

ഒരിക്കലും താമസബാധയെന്നിയേ
ചരിക്കുമങ്ങേക്കിഹ തെല്ലു താമസം
വരിക്കുമീത്തെററിനു, നിൻ സപര്യയിൽ
സ്ഫുരിക്കുമെന്നാഗ്രഹമാണു കാരണം". ൪൦

നരേന്ദ്രദാരാദനോടോതിനാൾ തദാ,
വരേണ്യപുണ്യവ്രതയാം തപസ്വിനി:—
"തരേണമിപ്പോളനവദ്യ-മൊന്നു ചോ-
ദ്യരേണ്ടതുണ്ടി,ന്നിയടുത്തു കാണുവാൻ." ൪൧

"ഭവാന്റെ സൌജന്യവിശേഷമൊന്നു താ-
നവാച്യസൽക്കാരസുഖം വളർത്തി മേ,
ഭവാനി ഭവ്യം തവ നൽകു" മെന്നുമായ്-
ജ്ജവാലെഴുന്നേററിതു സിദ്ധതാപസി. ൪൨

വിവർജ്ജിതാന്തഃസ്പൃഹയെന്നിരിക്കിലും,
യുവക്ഷമാഭൃത്തുടനാ വിശിഷ്ടയെ
സുവർണ്ണവസ്ത്രാദികൾകൊണ്ടു സൽക്കരി-
ച്ചവസ്ഥപോലഞ്ജലിനെ യാത്രയാക്കിനാൻ. ൪൩

൩൯. സമിദ്ധാം= വർദ്ധിച്ചത്. പരിചര്യ= ശുശ്രൂഷ.

൪൦. താമസബാധ= തമോഗുണപീഡ. ചരിക്കും_സഞ്ചരിക്കുന്ന. താമസം= തമോഗുണത്തെ സംബന്ധിച്ചത്, വിളംബം. വരിക്കുക= അപേക്ഷിക്കുക. സപര്യ=പൂജ. സ്ഫുരിക്കുക= ഉണ്ടായ്വരിക.

൪൧. വരേ—വ്രത= അശാസ്യമായസദ്വ്രതത്തോടു കൂടിയവൾ.

൪൨. അവാച്യം= പറഞ്ഞറിയിപ്പാൻ വയ്യാത്തത്. ഭവ്യം= ശുഭം.

൪൩. വിവ—സ്പൃഹ= അന്തഃസ്പൃഹ (ആശ)ഇല്ലാത്തവൾ.

Digitized By Kerala Sahitya Akademi

പ്രിയപ്പെട്ടും മന്ത്രിജനത്തെയും പിരി-
ച്ചയച്ചുടൻ, യാമിനി പാതി ചെൽകവേ,
സ്വയം വധൂചിത്രവുമേന്തിയാമഹാ-
ശയൻ ശയിപ്പാൻ മണിമച്ചു പൂകിനാൻ. ൩൧

അതിങ്കൽ, നിദ്രാഖ്യദേവിതൻ സ്മിത-
ദ്യുതിച്ഛടയ്ക്കൊത്തൊരു വെൺകിടക്കമേൽ
പതിച്ചു വീണ്ടും പടസംസ്ഥതന്വിയെ
പ്രതിപ്രതീകം പലപാടു നോക്കിനാൻ: ൩൨

"അനോപമാകാരമിതാനനാബ്ജമോ,
വിനോദിതാങ്കം വിധുവിന്റെ ബിംബമോ!
മനോജ്ഞമിക്കാണ്മവ പോർകുചങ്ങളോ,
മനോജമങ്ഗല്യമണിക്കുടങ്ങളോ! ൩൩

ഘനാസിതശ്രീയിതു രോമരാജിയോ,
സ്തനാബ്ജിനീകുഡ്മളയുഗ്മനാളമോ
അനാകുലാഭോഗമിതാ നിതംബമോ,
ജനാക്ഷിരമ്യം രതികേളിതല്പമോ! ൩൪

---

൩൧. യാമിനി=രാത്രി. സ്വയം= താൻതന്നെ. മഹാശയൻ=മഹാമനസ്കൻ. ശയിപ്പാൻ=കിടക്കുക.

൩൨. നിദ്രാഖ്യദേവി=നിദ്ര എന്ന ദേവി. സ്മിതദ്യുതിച്ഛട=മന്ദഹാസശോഭാപരമ്പര. പടസംസ്ഥതന്വി= ചിത്രഗതയായ സുന്ദരി. പ്രതിപ്രതീകം=അവയവങ്ങൾതോറും. കിടക്കമേൽ പതിച്ചു (വീണു) എന്നതു ഔത്സുക്യജന്യമായ അസ്വാസ്ഥ്യത്തെ കാണിക്കുന്നു.

൩൩. അനോപമാകാരം= നിസ്തുല്യാകൃതി. വിനോദിതാങ്കം= കളങ്കം കളഞ്ഞതു്. വിധു=ചന്ദ്രൻ.

൩൪. ഘനാസിതശ്രീ= ഘനം (നിബിഡം) ആയ അസിതശ്രീയോടു (കറുപ്പോടു) കൂടിയതു്. സ്തനാ—നാളം= സ്തനങ്ങളാകുന്ന രണ്ടു താമരമൊട്ടുകളുടെ തണ്ടു്. അനാകുലാഭോഗം=വിസ്താരമേറിയതു്.



Digitized By Kerala Sahitya Akademi

അരാളമായൊരിത്തു ചില്ലിവല്ലിയോ,
ഹരാഗ്നിപ്ലുഷ്ടാഖിലകാമചാപമോ!
വിരാഗികൾക്കും കൊതിയാമിതോഷ്ഠമോ,
സരാഗസൌന്ദര്യതരുപ്രവാളമോ!" ൯൮

ഇതിൻവിധം ചിത്രവധൂവിഭാവനം
മതിന്നതായ്ക്കണ്ടു മുഷിഞ്ഞപോലവേ
കൊതിച്ചുപേക്ഷിച്ചിലു,മൊന്നധീനയാ-
യതില്ലവന്നാ, നിശി നിദ്രയെന്നവൾ. ൯൯

ഉറച്ചു നിശ്ശബ്ദത പൂണ്ടു പാരടേ-
ച്ചുറങ്ങുമാ രാവിനു കാവലാംവിധം
കറച്ചുമേ കണ്ണടയാതെ മേവിനാൻ
മുറയ്ക്കു ഭൂമണ്ഡലപാലകാത്മജൻ. ൱

ഉടൽക്കയോന്നരഞ്ഞകാൽ സ്മരന്റെ വൻ-
പുടയ്ക്കുമാമദിരനിൽ വൈരശുദ്ധിയെ
നടത്തുവാൻ താർശരനന്നു തക്കതായ്-
ക്കിടച്ചു, താരാവലിയായൊരായുധം. ൱൧

൯൮. അരാളം=വളഞ്ഞത്. ചില്ലിവല്ലി=പുരികക്കൊടി. ഹരാ—ചാപം= ശിവന്റെ കണ്ണിൽനിന്നുണ്ടാവുന്ന തീപ്പൊരിതട്ടി കരിഞ്ഞതായ കാമന്റെ വില്ല്. വിരാഗികൾ=വൈരാഗ്യം വന്നവർ. ഓഷ്ഠം=ചുണ്ട്. സരാ—വാളം=ചുകന്ന സൌന്ദര്യമരത്തിന്റെ തളിര്.

൯൯. ചിത്ര—വനം= ചിത്രത്തിലുള്ള സ്ത്രീയെ നോക്കിക്കണ്ടൽ. നിശി=രാത്രിയിൽ. നിദ്രയെ ഖണ്ഡിതയായ ഒരു സ്ത്രീയാക്കല്പിച്ചിരിക്കുന്നു.

൱. പാരടച്ചുറങ്ങും= ലോകമാസകലം ഉറങ്ങിക്കിടക്കുന്ന.

൱൧. വൈരശുദ്ധി= പകവീട്ടൽ. താർശരന്നു, താരാവലി (താരകളുടെ=പൂക്കളുടെ, അവലി സമൂഹം) തന്നെയാണല്ലോ, ആയുധം.

Digitized By Kerala Sahitya Akademi

പ്രിയാവിയോഗവ്യഥ താങ്ങുവാൻ പെട്ടും
പ്രയാസ,മന്നാദ്യമവൻ ധരിച്ചുവേ,
ജയാർത്ഥി പഞ്ചാസ്രനസമ്മിതാസ്രനായ്;
ത്രിയാമയും ഹന്ത! സഹസ്രയാമയായ്. ൧൨

കിടന്നിടും, തെല്ലെഴുന്നേററിരുന്നിടും,
നടന്നിടും, ചിന്തയിലാണ്ടു നിന്നിടും,
കിടക്കമേൽ വീണ്ടുമിരുന്നു കാന്തതൻ
പടത്തെ നോക്കും നെടുവീർപ്പു വിട്ടിടും. ൧൩

ഇവണ്ണമായീ നില രാത്രിതോറു;-മാ
യുവക്ഷിതീശൻ പകൽ വല്ലവണ്ണവും,
വിവർദ്ധിതോൽക്കണ്ഠ മറച്ചു, കാര്യസ-
മ്പ്രവർത്തനംകൊണ്ടു കഴിച്ചുകൂട്ടിടും. (യുഗ്മകം) ൧൪

സ്മരാഭിതാപം ഹൃദി മൂടി വെച്ചു, പോ
വരാതെ കാര്യസ്ഥിതനാം കുമാരനെ,
നിരാകുലം ബാഡവവഹ്നിയുള്ളിലു-
ള്ളൊരാഴിയെപ്പോലഥ കണ്ടു മന്ത്രിമാർ. ൧൫

ഊക്കു,മൂണെന്നിവയൊക്കെ നാൾക്കുനാൾ
കുറഞ്ഞു, മെയ്യൊറെ മെലിഞ്ഞു വാടിയും,

൧൨. പ്രിയാ—വ്യഥ=പ്രിയയുടെ വിരഹംകൊണ്ടുള്ള ക്ലേശം. അസമ്മിതാസ്രൻ= അസമ്മിതങ്ങളായ (വളരെ) അസ്രങ്ങളോടു കൂടിയവൻ. ത്രിയാമ= രാത്രി. സഹസ്രയാമ= അനേകം യാമമുള്ളതു്. അത്യന്തം ദീർഘമായി എന്നു സാരം.

൧൩. പടം= ചിത്രം.

൧൪. വിവ—ക്കണ്ഠ= വളൎന്ന ഔത്സുക്യം. കാര്യസമ്പ്രവർത്തനം= കാര്യങ്ങളിൽ പെരുമാറൽ.

൧൫. കുമാരന്റെ കാമതാപം പൊതുവിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ലെന്നു ഉപമകൊണ്ടു സാധിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

നിറം വിളൎത്തും, ദിവസേന്ദുപോലെയായ്
നിറഞ്ഞൊരാൎത്തൎത്തിപൂണ്ടുടൻ മേവിനാനവൻ. ൧൬

ഘനാന്ധകാരാതനുബാധയേല്ക്കിലും,
ജനാധിനാഥാത്മജമാനസാംബരേ
അനാരതം ചേൎന്നു വിളങ്ങിനാൾ, വിമോ-
ഹനാദ താരാവലിയെന്തൊരത്ഭുതം! ൧൭

"മനോധനം കട്ടവളല്ലി നീ? തടി-
ത്തനോ! വിടാ ഞാനിനി നിന്നെ"യെന്നവൻ
മനോരഥോപാനതയായ കാന്തയെ
സ്തനോപമൎദ്ദം തഴുകീ രഹഃസ്ഥലേ. ൧൮

"സുരോപഭോഗോചിതദിവ്യരൂപയീ
വരാതുവെങ്ങിങ്ങു വരാകനായ ഞാൻ?
നിരോധനംചെയ്ക, ദുരാപവസ്തുവിൽ-
ച്ചിരോത്സുകത്വം, മമ ചിത്തമേ! ഭവാൻ!" ൧൯

൧൬. ദിവസേന്ദു = പകലത്തെ ചന്ദ്രൻ.

൧൭. ഘനാ—ബാധ = നിബിഡമായ അന്ധകാരത്തെ (മോഹത്തെ) ഉണ്ടാക്കുന്ന അതനുബാധ (കാമപീഡ); ഘനങ്ങൾ (മേഘങ്ങൾ) കൊണ്ടുള്ള അന്ധകാരത്തിന്റെ അതനു (മഹത്ത്) ആയ പീഡ എന്നും. ജനാ—ബരേ = രാജകുമാരന്റെ മനസ്സാകുന്ന ആകാശത്തിൽ. അനാരതം = എല്ലായ്പോഴും. താരാവലീപദത്തിനു നക്ഷത്രസമൂഹമെന്നും അൎത്ഥമുണ്ട്. മേഘങ്ങൾ തിങ്ങിയ ആകാശത്തു നക്ഷത്രങ്ങൾ പ്രകാശിക്കുന്നതല്ലല്ലോ.

൧൮. മനോധനം = മനസ്സാകുന്നധനം. തടിത്തനോ = തടിത്ത് (മിന്നൽ) പോലെയുള്ള തനു (ദേഹം) ഉള്ളവളേ! എന്നു സംബുദ്ധി. മനോരഥോപാനത = മനോരഥംകൊണ്ട് ഉപാനത (സമീപപ്രാപ്ത); അടുത്തുവന്നതായി സങ്കല്പിക്കപ്പെട്ടവൾ. സ്തനോപമൎദ്ദം = സ്തനങ്ങളെ മൎദ്ദിച്ചുകൊണ്ട് (ഗാഢമായി). രഹഃസ്ഥലേ = വിജനസ്ഥലത്തിൽ.

൧൯. സുരോ—രൂപ = ദേവകൾക്കനുഭവിക്കത്തക്ക ദിവ്യ

Digitized By Kerala Sahitya Akademi

"വിസപ്രസൂനാസ്ത്ര! വിയോഗികൾക്കടൻ
വിസംസ്ഥുലപ്രാണത നൽകിടുന്നതായ്,
വിഷഹ്യമല്ലാത്ത തവാശുഗം വെറം-
വിഷത്തിലുണ്ടായൊരു പൂവുതാൻ ദൃഢം." ൭൦

"ധ്രുവം! വിധേ! ശൈവരിൽ മുമ്പനത്രിയും,
ശിവൻ കണക്കക്ഷിയിലഗ്നിയാണവൻ;
ഇവണ്ണമല്ലെങ്കില,തിൽപ്പിറന്ന നി-
ന്നവസ്ഥയഗ്നിജ്ജ്യോതിരായതെങ്ങിനെ." ൭൧

ക്രമം വെടിഞ്ഞിങ്ങിനെയൊക്കെയോതിനാ-
നമന്ദതാപാൽ വിജനസ്ഥലത്തവൻ,
മമത്വമേറം സചിവക്ക സാന്ത്വന-
ശ്രമം ക്ഷണാൽ നിഷ്ഫലമായ്വരും വിധം. ൭൨

സ്മരൻ ചുട്ടും നെഞ്ചിലവന്നു, ക്രൂരകാ-
തരക്കുമാശ്വാസനമേശിടാതെയായ്;
പരം, പഴുപ്പിച്ചൊരിരുമ്പുമേലൊഴി-
പ്പൊരജ്ജലത്തിൻറയവസ്ഥയെന്തുവാൻ? ൭൩

സൗന്ദര്യമുള്ളവൾ. വരാകൻ= നിസ്സാരൻ. നിരോധനംചെയ്യുക=തടുക്കു
ക. ചിരോത്സുകത്വം= അത്യാസക്തി.

൭൦. വിയോഗികൾ= വിരഹികൾ. വിസം—ണത= സ്ഖലിത
പ്രാണത്വം (പ്രാണസഞ്ചാരം"). വിഷഹ്യം= സഹ്യം. ആശുഗം=ശരം.
വിഷത്തിന്നു വെള്ളമെന്നും അർത്ഥമുണ്ട്. കാരണഗുണം കാര്യത്തിൽ കാ
ണുന്നതാണല്ലോ.

൭൧. ധ്രുവം= തീർച്ചയായും. അത്രി= അത്രിയെന്ന മുനി. അഗ്നി
ജ്ജ്യോതിരായത്= സന്താപപ്രദമായത്.

൭൨. മമത്വം= സ്നേഹം. സാന്ത്വനശ്രമം= ആശ്വാസനയത്നം:

൭൩. ചുട്ടം=തപിപ്പിക്കും. "സന്തപ്തായസി സംസ്ഥിതസ്യ പ
യസോ നാമാപി ന ശ്രൂയതേ

Digitized By Kerala Sahitya Akademi

വിളങ്ങുമാക്കാന്തയെ നോക്കി വാൎത്തലാം
വളം കലൎന്നശ്രുജലാവസിക്തമായ്,
വളൎന്നിളംതൂട്ടിലവന്നു, രാഗമാ-
മിളങ്കുരന്നേന്തിയ മന്മഥദ്രുമം. ൮൪

"എന്താണിങ്ങുപശാന്തി"യെന്നു സഖിമാ-
രോരോന്നു മാറ്റി, ക്കൊട്ടം-
ചെന്താരമ്പനവജ്വരത്തിനടിമ-
പ്പെട്ടോ, ട്ടനാളിന്നകം
ഹന്താഹാരവിഹാരനിദ്രകളുമി-
ല്ലാതായ്ച്ചമഞ്ഞു, ഝടം
വെന്താളി, ദൃശനായ്, വിളൎത്തു, വിഷമി-
ച്ചാനാവിശാലാശയൻ. ൮൫

ഇങ്ങിനെ താരാവലീചിത്രദൎശനം നാലാം സൎഗ്ഗം.

---

൮൪. അശ്രു—സിക്തം = കണ്ണീർകൊണ്ടു നനയ്ക്കപ്പെട്ടതു്. മന്മഥദ്രുമം = കാമവികാരമാകുന്ന വൃക്ഷം.

൮൫. ജ്വരം = താപം, ഇതിൽ വിയോഗികൾക്കുണ്ടാകുന്ന "അനംഗദശകൾ" പലതും സംഗ്രഹിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

## അഞ്ചാം സർഗ്ഗം

യുവരാജനാ നിലയിലുൾക്കനം വെടി-
ഞ്ഞവശപ്പെടുന്നതിനുദിച്ച കാരണം,
അവനുള്ള മന്ത്രികളിൽനിന്നു സർവ്വവും
വിവരിച്ചറിഞ്ഞു പുനരച്ഛനമ്മമാർ. ൧

ഉടനാത്തപസ്വിനി കൊടുത്ത തന്വിതൻ
പടവും വരുത്തി, വഴിപോലെ പാർത്തവർ
'സ്ഫുടമുണ്ണിതന്റെ കരൾ വേണ്ടെടുത്തതാൻ
തടവുന്നതെ'ന്നു പരിതുഷ്ടി തേടിനാർ. ൨

"തനയന്റെ വേളി കഴിയായ്കയാൽ ചിരം
മനമാർന്ന ശല്യമൊഴിവായ് വരും വിധം,
ഇനമൊത്ത കന്യയെ നമുക്കു കാട്ടിയോ-
രനഘാഗ്ര്യ താപസി മഹോപകാരിണി." ൩

അവർ തമ്മിലിങ്ങിനെയുരച്ചശേഷ,മ-
ങ്ങവശാനുകമ്പി നിഷധാധിനായകൻ
യുവരാജമന്ത്രികളൊടോതിനാൻ, തനൂ-
ഭവനാശ്വസിപ്പതിനു തക്കവണ്ണമേ:— ൪

"മനതാരിലെന്തിനൊരധൈര്യ?മെൻചിര-
ന്തനമിത്രമാണു, വസുദത്തനന്നവൻ;
തനതിച്ഛപോലെ ലഘുസാദ്ധ്യമാം നമു-
ക്കു,നഘം കുമാരനുടെയീ മനോരഥം." ൫

൧. അച്ഛനമ്മമാർ=ഭാനുസേനനും, മനോരമയും.
൩. ഇനമൊത്ത=അനുരൂപയായ.
൪. തനൂഭവൻ=പുത്രൻ.
൫. ചിരന്തനമിത്രം=പഴയസ്നേഹിതൻ; ലഘുസാദ്ധ്യം=എളു

Digitized By Kerala Sahitya Akademi

സ്വയമേവമോതി, മനതാർ കുളുർത്തൊരാ
പ്രിയപുത്രമന്ത്രികളെയങ്ങയച്ചുടൻ,
നയഗുപ്തനാദിസചിവേന്ദ്രർ വന്നിണ-
ങ്ങിയ തന്റെ മന്ത്രസഭ പൂകിനാൻ നൃപൻ: ൬

ശുചിവേഷനായ നൃപമൌലി ചെൽകവേ
സചിവാദിമാന്യരെഴുമാസ്സഭാതലം,
രുചിരൻ നിശാകരനുദിച്ച താരകാ-
നിചിതാംബരത്തിനുടെ മോടി നേടിതേ. ൭

ധരണീമണാളനെഴുനള്ളവേ, കൃതാ-
ദരരാം സദസ്യരുടെ കൂപ്പുകൈകളാൽ
അരവിന്ദകോരകശതാഭിരാമയാം
സരസിക്കുചേന്നു വടിവാന്നിതാസ്സഭ. ൮

അവികല്പവർണ്ണ്യമണിശില്പരമ്യമാ-
മവിടത്തിൽ നല്ലൊരു ഹിരണ്മയാസനം
സവിശേഷമായവനലങ്കരിച്ചതേ,
രവി പൂർവ്വശൈലശിഖരം കണക്കിനേ. ൯

---

പ്പത്തിൽ സാധിക്കുന്നതല്ലെന്ന്. അനല്പം=നിർദ്ദോഷം. വസുഭൂതൻ, വാസ്തവത്തിൽ മഹാസേനന്ന് ഒരു പഴയ പരിചിതൻ മാത്രമേ ആകുന്നുള്ളു; മിത്രമെന്നു തികച്ചും പറഞ്ഞതു മഹാനെ അശംസിപ്പിക്കാൻ വേണ്ടിയാണ്.

൭. നിശാകരൻ=ചന്ദ്രൻ. താര—ബരം=നക്ഷത്രവ്യാപ്തമായ ആകാശം.

൮. കൃതാദരർ=ആദരിച്ചവർ. അര—രാമ=അനേകം താമരമൊട്ടുകളെക്കൊണ്ടു ഭംഗിയുള്ള. സരസി=പൊയ്ക.

൯. അവി—രമ്യം=വർണ്ണിച്ചു (ശ്ലാഘിച്ചു) കഴിയു എന്നുള്ള മണിശില്പങ്ങളെക്കൊണ്ടു സുന്ദരം. ഹിരണ്മയാസനം=സ്വർണ്ണസിംഹാസനം. പൂർവ്വ—ഖരം=ഉദയാദ്രിയുടെ കൊടുമുടി.

Digitized By Kerala Sahitya Akademi

വിലയേറിടും വിമലമാമുടുപ്പൊടാ,–
ത്തുലയാത കാഞ്ചനസഭാസ്ഥലത്തവർ
വിലസീ വിശിഷ്ടരുചി, നെൽവിളഞ്ഞ കോൾ–
നിലമാർന്ന സാരസഖഗങ്ങൾപോലവേ. ൨൦

പരമാത്ഭുതാഭ പെടുമാസ്സഭാതലേ
വരമന്ത്രിമാരൊടൊരുമിച്ചു മന്നവൻ
തരമൊത്തിരുന്നരുളിനാൻ, സുധർമ്മയിൽ–
സ്സുരരോടു കൂടി വലവൈരി പോലവേ. ൨൧

കലിതപ്രസാദമഥ കാശ്യപീശ്വരൻ,
തുലിതാഭ്രമന്ദ്രമധുരസ്വരത്തിനാൽ
വലിയോരു ഭാസ്വരസഭാന്തരത്തിൽ മാ–
റൊലി ചേർത്തു മന്ത്രിവരരോടു ചൊല്ലിനാൻ:— ൨൨

“ചിരകാലമായ് മമ മകന്നു വേൾക്കുവാൻ
തരമൊത്ത കന്യകയെ നാലുദിക്കിലും
തിരയുന്ന വേലയിൽ നമുക്കു വിശ്രമം
കരലബ്ധമായിതധുനാ യദൃച്ഛയിൽ. ൨൩

---

൨൦. വിശിഷ്ടരുചി= നല്ല ശോഭയോടുകൂടുംവണ്ണം. സാരസഖഗങ്ങൾ= ഒരുതരം വെളുത്തപക്ഷികൾ; പണ്ടാരക്കോഴികളെന്നു ചിലർ.

൨൧. സുധർമ്മ=ദേവസഭ.

൨൨. കലിതപ്രസാദം= പ്രസാദത്തോടുകൂടുംവണ്ണം. കാശ്യപീശ്വരൻ=രാജാവ്. തുലി—സ്വരം=ഇടിമുഴക്കംപോലെ ഗംഭീരവും മനോഹരവുമായ ശബ്ദം. മാറൊലി=പ്രതിധ്വനി.

൨൩. കരലബ്ധം= കയ്യിൽകിട്ടിയു. രാജാവിന്റെ കന്യകാന്വേഷണം രണ്ടാം സർഗ്ഗത്തിൽ, ൭൪–ാം ശ്ലോകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.



Digitized By Kerala Sahitya Akademi

നനു നമ്മൾതൻപരിചിതൻ സമുൽക്കല-
ത്തിനു നാഥനായ വസുദത്തനില്ലയോ?
അനുരൂപയാണവളവന്റെ പുത്രിയെൻ-
തനുജാതനെന്നതറിവായി തഥ്യമേ. ൫൪

നിരവദ്യരൂപഗുണയുക്തയാകുമാ
നരവര്യകന്യയുടെ നൽപ്രതിച്ഛദം,
ഒരസംഗതാപസി കൊടുത്തതുണ്ണിതൻ-
കരമിൽ ഗാഢമായുപഹരിച്ചിരിപ്പു പോൽ! ൫൫

അനുരാഗമേവമുളവാമവർക്കതെൻ-
തനുജന്നുമന്നു കലരാവതല്ലയോ?
അനുകൂലസൂര്യരുചി കാൺകിലബ്ജിനി-
ക്കനുവേലമെങ്ങിനെ വികാസമാറിടാ? ൫൬

അതിനാലിതെന്തു വിധമാണു വേണ്ടതെ-
ന്നതിനെക്കുറിച്ചു നിരൂപിപ്പിനിപ്പൊഴേ!
ധൃതിയേറെയുണ്ടു, മഹനെ ഗൃഹാശ്രമ-
സ്ഥിതിയാർന്നു കാണ്മതിനെനിക്കു മാനസേ.” ൫൭

പ്രിയവാദിയാം നൃപനൊടിംഗിതജ്ഞനാം
നയഗുപ്തനാമകനമാത്യസത്തമൻ

---

൫൪. സമുൽക്കലം= സമുൽക്കലമെന്ന ദ്വീപ്, അലം= എന്റെ
വും. തനുജാതൻ= പുത്രൻ. അദ്യ= ഇന്ന്.

൫൫. പ്രതിച്ഛദം= ഛായാചിത്രം. അസംഗ= വിരക്ത

൫൬. അബ്ജിനി= താമരപ്പൊയ്ക. അനുവേലം= സമയം
തോറും.

൫൭. ധൃതി= ബദ്ധപ്പാട്. ഗൃഹാശ്രമസ്ഥിതി=ഗൃഹസ്ഥാശ്രമത്തി
ലുള്ള ഇരിപ്പ്.

Digitized By Kerala Sahitya Akademi

സ്വയമന്യമന്ത്രിവദനങ്ങൾ പാർത്തു ചെ-
ലിയലും പടിഷ്ഠിതജ്ഞനേവമരുളിനാൻ:— ൧൮

“അവനീന്ദ്ര ഭാഗ്യവിഭവാലഭീപ്സിതം,
തവ നന്ദനന്നു തരമൊത്തെടത്തു താൻ;
ധ്രുവ,മീ നമുക്കു വന്നുചേർന്നതെന്ന മ-
ന്നവനോടു ചാർച്ച പലമട്ടിലും ശുഭം. ൧൯

അവനും ഭവാനൊടനുഷംഗമാഗ്രഹി-
പ്പവനാം: മഹൽപ്രണയമാരൊഴിച്ചിടും?
ഭുവനത്തിൽ നിങ്ങളുടെ ചാർച്ച, രാഘവോ-
ദ്വഹമൈഥിലാധിപരുടേതു പോലെയാം. ൨൦

പുരുപൂർണ്ണമട്ടിൽ നിജനാടിനെച്ചുഴ-
ന്നൊരു സിന്ധുവിൻ മഹിമ കാണുമാ നൃപൻ,
നിരുപിച്ചിലാത്മജയെ നിൻകുമാരനാം
പുരുഷോത്തമന്നിഹ തരാതിരുന്നിടാ. ൨൧

ചിരചിന്തയെന്തിനിതിലോ? സ്വമൽക്കലേ-
ശചരനോടു കന്യയെ വരിക്കുവാനിനി,

൧൮. പ്രിയവാദി= പ്രിയത്തെ പറയുന്നവൻ. ഇംഗിതജ്ഞൻ= അന്തർഗ്ഗതമറിയുന്നവൻ. അന്യ—നങ്ങൾ= മററുമന്ത്രിമാരുടെ മുഖങ്ങൾ.

൧൯. അഭീപ്സിതം= ആഗ്രഹം. തരമൊത്തെടത്ത്= ഉചിതസ്ഥാനത്ത്.

൨൦. അനുഷംഗം= ചേർച്ച. മഹൽപ്രണയം= മഹാന്മാരുടെ സ്നേഹം. രാഘ—ധിപർ= ദശരഥജനകന്മാർ.

൨൧. തന്റെ രാജ്യത്തെ ചുററികിടക്കുന്ന പരിപൂർണ്ണമായ സിന്ധുവിന്റെ (സമുദ്രത്തിന്റെ) മഹിമ, പുരുഷോത്തമനെ (വിഷ്ണുവിനെ) മകളെക്കൊടുത്തതുകൊണ്ടുണ്ടായതാണെന്നു മനസ്സിലാക്കി, ആ രാജാവു പുത്രിയെ ഇവിടത്തെ പുത്രനായ പുരുഷോത്തമനെ (പുരുഷശ്രേഷ്ഠനെ) തീർച്ചയായും തരുന്നതാണ്,

Digitized By Kerala Sahitya Akademi

വിരവിൽക്കുമാരനുടെ ചിത്രവും കൊട്ടു-
ത്തൊരഭിജ്ഞദൂതനെ മുൻപയച്ചിടാം. ൨൨

യുവരാജചിത്രപടദർശനാൽ ദൃഢം
നവരാഗമാർന്നു വസുദത്തപുത്രിയും
വിവശീഭവിച്ചിടു;—മതില്ലയെങ്കിലീ-
ത്തവ പുത്രനെന്തിനഗുണജ്ഞയാമവൾ?" ൨൩

ഹിതമീയമാത്യമൊഴി കേട്ടിളേശ്വരൻ
ശ്രുതദേവനെന്നൊരു വിദഗ്ദ്ധദൂതനെ,
വ്രതശാലിനീലിഖിതപുത്രചിത്രവും
ദ്രുതമേകി, വേണ്ടതരുൾചെയ്തയച്ചതേ. ൨൪

കൃതകാര്യനായഥ സഭാനികേതനാൽ
സുതവത്സലൻ നൃപനകത്തു പൂകിനാൻ;
ശ്രുതദേവനാ പ്രഭുനിയോഗമേററു വി-
ദ്രുതമശ്വമേറി നടകൊണ്ടു സാനുഗൻ. ൨൫

പല നാടു, കാടു, വയൽ, തോടു, പട്ടണം,
മല, തോട്ടമാറിവ കടന്നു പോയവൻ

൨൨. ചിരചിന്തം= ഏറെനേരത്തെ ആലോചന. വിരവിൽ വേഗത്തിൽ. അഭിജ്ഞദൂതൻ=സമർത്ഥനായ ദൂതൻ.

൨൩. വിവശീഭവിച്ചിടും= വിവശയായിത്തീരും. അഗുണജ്ഞ= ഗുണമറിഞ്ഞുകൂടാത്തവൾ.

൨൪. വ്രത—ചിത്രം= താപസിയാൽ എഴുതപ്പെട്ട മകന്റെ ചിത്രം.

൨൫. കൃതകാര്യൻ= കാര്യം നടത്തിയവൻ. സഭാനികേതനാൽ അസ്ഥാനത്തിൽനിന്ന്. പ്രഭുനിയോഗം= സ്വാമികല്പന. വിദ്രുതം നല്ല വേഗമുള്ളത്. സാനുഗൻ= അനുഗന്മാരോടു (കൂട്ടുകാരോടു) കൂടിയവൻ.

Digitized By Kerala Sahitya Akademi

ജലധികരെയ്ക്കു ജയകേതുമന്നവൻ
വിലസുന്ന വേതസപുരത്തിലെത്തിനാൻ. ൧൬

ജയകേതുരാജനിഹ ചക്രവർത്തിതൻ
പ്രിയദൂതനർഹണകൾ ചെയ്തു,ട്ടത്തനാൾ
സ്വയമാളെ വിട്ടു വഴിപോലെയേല്പിച്ചെട്ട-
ത്തിയ കപ്പലേററിയഥ യാത്രയാക്കിനാൻ. ൧൭

ശ്രുതദേവനാട്ടു തിഥികൾക്കകം പര-
ശ്ശതയോജനാംബുധി കടന്നു കപ്പലാൽ,
ചിതമോടണഞ്ഞിതു സമുൽക്കലത്തിലു,-
ന്നതചന്ദ്രസേനനിനവെന്ന പോലവേ. ൧൮

ഭയദായി വൻകടൽ കടന്നു, സത്വര-
ക്രിയനങ്ങണഞ്ഞു തെളിവാർന്നിതായവൻ:
സ്വയമീബ്ഭവാർണ്ണവമതിക്രമിച്ചു, നി-
ർല്ലയമായ ചിൽപദമണഞ്ഞതിൻവിധം. ൧൯

ഇളയിങ്കൽ മുന്തിയ സമൃദ്ധി നീളവേ
വിളയും പ്രദേശമതു കണ്ടു നേരമേ,

---

൧൬. ജയകേതു = മഹാസേനന്റെ കീഴ്‌രാജാക്കന്മാരിൽ ഒരാൾ.

൧൭. ഇഹ = വേതസപുരത്തിൽ. അർഹണകൾ = സൽക്കാരങ്ങൾ.

൧൮. പര—ബുധി = അസംഖ്യം യോജനദൂരമുള്ള സമുദ്രം. ഉന്നത—നവ° = ഉന്നതമായ (മഹത്തായ) ചന്ദ്രസേനന്റെ മനോരഥം ഉപമകൊണ്ടു, ദൂതൻ കഴിയുന്നേടത്തോളം വേഗത്തിൽ സമുൽക്കലത്തിലെത്തി എന്നു ധ്വനിക്കുന്നു.

൧൯. ഭയദായി = ഭയങ്കരം. ഭവാർണ്ണവം = സംസാരസമുദ്രം. അതിക്രമിച്ചു = കടന്നു. നിർല്ലയം = നാശരഹിതം. ചിൽപ്പദം = ബ്രഹ്മസായൂജ്യം. ഉപമകൊണ്ടു, സമുൽക്കലത്തിലേയ്ക്കുള്ള സമുദ്രമാർഗ്ഗത്തിന്റെ ദുസ്തരതയും, ആ രാജ്യത്തിന്റെ സുഖകരത്വവും വ്യഞ്ജിക്കുന്നു.



Digitized By Kerala Sahitya Akademi

അളകേശദൂതനതിദൂരയാത്രയാ-
ലുളവായ ഖേദമഖിലം മറന്നുപോയ്. ൩൦

നിയമേന ഭേദഗതി വേഷഭാഷകൾ-
ക്കിയലുന്നൊരാളുകളെയങ്ങു കാൺകയാൽ,
സ്വയമൂഴി വിട്ടു പുതുലോകമൊന്നിലെ-
ത്തിയപോലെ കൌതുകരസത്തിൽ മുങ്ങിനാൻ. ൩൧

കടലുള്ളിൽനിന്നു കരപാറിയോ, ഗുണോൽ-
ക്കടമാം വികുണ്ഠപുരിയെന്നൊരുൾഭ്രമം
തടവിച്ചു സാനുചരനായ ദൂതനാ-,
സ്ഫുടലക്ഷ്മി ചേർന്ന വസുഭൂതപത്തനം. ൩൨

പുരമദ്ധ്യസീമ്നി പുതുശില്പകൌശലം
തിരളുന്ന രത്നമയരാജധാനിയിൽ
സരസം കടന്നു, ഭടരോടു കൂടവേ
സുരലോകമാർന്ന നില നേടിനാനവൻ. ൩൩

പ്രതിഹാരിയോടു, 'തിരുമുമ്പിലൊന്നു പോ-
വതിനേനമാക്കുകിവനെ'ന്നു ചൊന്നവൻ
അതിനുള്ള സമ്മതി മുറയ്ക്കു നേടിയാ
ക്ഷിതിപന്റെ സന്നിധിയണഞ്ഞു സാദരം. ൩൪

൩൧. പുതുലോകം = മുൻ കണ്ടിട്ടില്ലാത്ത ലോകം.

൩൨. ഗുണോൽക്കടം = വളരെ ഗുണങ്ങളുള്ളത്. വികുണ്ഠപുരം = വൈകുണ്ഠം. സാനുചരൻ = കൂട്ടുകാരോടു കൂടിയവൻ. സ്ഫുടലക്ഷ്മി = സ്പഷ്ടമായ സമ്പത്ത്. പത്തനം = പട്ടണം.

൩൩. പുരമദ്ധ്യസീമ്നി = നഗരത്തിന്റെ നടുവിൽ. പുതു—ശലം = മുമ്പു കണ്ടിട്ടില്ലാത്ത പണിത്തരം. രത്നമയരാജധാനി = ശ്രേഷ്ഠവസ്തുക്കൾ നിറഞ്ഞ കൊട്ടാരം. സുരലോകം = സ്വർഗ്ഗം.

൩൪. പ്രതിഹാരി = ദ്വാരപാലൻ. ഏനം = തരം. സമ്മതി = അ

Digitized By Kerala Sahitya Akademi

തിരുമേടയിങ്കൽ മണികാഞ്ചനാസനേ
മരുവും മഹീശനെ മനം കുളുക്കവേ!
ഒരു രത്നസാനുശിഖരസ്ഥനാം മൃഗ-
പ്പെരുമാളെയെന്ന പടി കണ്ടിതായവൻ. ൨൪

"എവിടത്തിൽനിന്നു വരവോനഘ! ഭവാ-
നിവിടത്തിലെന്തു കരണീയ"മെന്നുടൻ,
സവിധേ വണങ്ങി നിലവായ ദൂതനോ-
ടവിരുദ്ധശീലനരുൾചെയ്തിതാ, നൃപൻ. ൨൫

ശ്രുതദേവവാക്യന,മിതശ്രുതാഢ്യനാം,
ശ്രുതദേവദൂതനടി കുപ്പി വീണ്ടുമേ,
ഹിതമായ ചൊൽവിരുതൊടീവിധം യഥോ-
ചിതമായതാദരനിലയ്ക്കുണർത്തിനാൻ:— ൨൬

"അളകാപുരിക്കധിപനായ്, ശിവപ്രിയം-
തളരാതെ പുണ്യജനസേവ്യമാനനായ്,
ഇളവുക്കു വൈശ്രവണനെന്ന കീർത്തികൈ-
വളരും നൃപേന്ദ്രനുടെ ദൂതനാണു ഞാൻ. ൨൭

അരുൾചെയ്തിട്ടിന്നിതിവിടുത്തോടൊന്നു, ത-
ന്തിരുമേനി സപ്രണയമെന്മുഖത്തിനാൽ:—

സംവാദം.

൨൪. രത്ന—രസ്ഥൻ = മഹാമേരുവിന്റെ കൊടുമുടിയിലിരിക്കുന്നവൻ. മൃഗപ്പെരുമാൾ = സിംഹം

൨൫. കരണീയം = കാര്യം. അവിരുദ്ധശീലൻ = സുശീലൻ.

൨൬. ശ്രുത—വാക്യൻ = ദേവന്റെ (ബ്രഹ്മാവിന്റെ) വാക്കു കേട്ടവൻ. അമിത—താഢ്യൻ = വളരെ പഠിപ്പുള്ളവൻ. ഹിതം = പ്രിയം. ആദര—നിലയ്ക്ക് = വലിയ ആദരവോടു കൂടെ.

൨൭. ശിവപ്രിയം = നല്ലകാര്യങ്ങളിൽ പ്രീതി, ശിവങ്കൽപ്രിയം

Digitized By Kerala Sahitya Akademi

"അരുളട്ടെ ഭദ്രമവിടെയ്ക്കു ദൈവ!—മി-
ന്നൊരു കാൎയ്യമങ്ങയൊടിരന്നിടുന്നു ഞാൻ. ൩൭

ചിതമോടു നാമിരുവർ തങ്ങളിൽച്ചിരോ-
ദിതമായ വേഴ്ച പുതിയോരു ചാൎച്ചയാൽ
സുതരാമുറച്ചു നില നില്ക്കുമാറു, മൽ-
സുതനായി നൽകുക ഭവാന്റെ കന്യയെ! ൪൦

അകളങ്കമായ തവ മൈത്രികൊണ്ടു, പൂ-
മകളങ്കമേല്ക്കുമഴകുള്ള നിന്മകൾ
സുകളത്രശാലികളിൽ മേലെയെന്നൊരീ-
പ്പുകളത്ര പുത്രനു വുലൎത്തിടട്ടെ മേ! ൪൧

തവ പുത്രിതൻ പ്രതിമയിങ്ങു കൊണ്ടുവ-
ന്നവളായ താപസവധൂടി താൻ തരാ-
നവമാണ്ടൊരീച്ചൊരു കുമാരചിത്രമ-
ങ്ങി,വർ പക്കലാസ്ഥയൊടയച്ചിടുന്നു ഞാൻ." ൪൨

ഇതശേഷമോതിയിവിടെത്തരാനിതാ,
കൃതകേതരാഭയുവരാജചിത്രവും
ശ്രുതദേവനെന്ന മമ കയ്യിലേകിനാ-
നതനപ്രതാപനളകാധിനായകൻ. ൪൩

൩൬. പുണ— മാനൻ= പുണ്യജനങ്ങളാൽ (സജ്ജനങ്ങളാൽ, യക്ഷന്മാരാൽ) സേവിക്കപ്പെടുന്നവൻ. സമ്രാട്ട്ചന്ദ്രൻ=ചക്രവൎത്തി.

൩൭. സപ്രണയം=സ്നേഹത്തോടേ. ഭദ്രം= മംഗളം.

൪൦. ചിരോദിതം=വളരെക്കാലമായുള്ളതു്. സുതരാം=ഏററവും.

൪൧. അകളങ്കം = നിൎവ്യാജം. മൈത്രി = സ്നേഹം. അങ്കമേൽക്കുന്ന=പോരടിക്കുന്ന (ലക്ഷ്മിയോടു സദൃശമായ). സുക—കൾ = നല്ല ഭാൎയ്യയുള്ളവർ.

൪൨. പ്രതിമ= ഛായാചിത്രം. താപസവധൂടി=താപസി. തരാമെന്നു്. ആസ്ഥ=ആദരം.

൪൩. അശേഷം=മുഴുവേ. കൃത— ചിത്രം=അകൃത്രിമശോഭ

Digitized By Kerala Sahitya Akademi

നരചന്ദ്ര! നോക്കിട്ടുക, ചന്ദ്രസേനനാം
ധരണീശപുത്രനുടെ ചിത്രമുത്തമം;
സരസം രസാലമൊടണഞ്ഞു മല്ലയെ-
പ്പരമോദ്യമത്തൊടിടചേൎക്ക ശക്തിയെ." ൪൪

ശരിയായിതോതി, യുവരാജചിത്രമ-
ങ്ങരികത്തു വെച്ച നൃപദൂതനോടുടൻ,
പരിതോഷപൂൎവ്വമതെടുത്തു കയ്യിൽ വെ-
ച്ചരിയാടി,യേവമുചിതജ്ഞനൃപൻ. ൪൫

"കൃതിയായിതിപ്പൊഴുതു, നൈഷധക്ഷമാ-
പതിവേഴ്ചയാലിതറിയിച്ചുകൊണ്ടു ഞാൻ:
മതിമൻ! ഭവാനു കുറെയൊന്നു വിശ്രമി-
പ്പതിനാണി,തിൻ മറുവടിയ്ക്കു താമസം." ൪൬

ഇതുരച്ചു സാനുചരനായ ദൂതനെ-
ക്കതുകേന തക്കപടി സൽക്കരിക്കുവാൻ
ചതുരതപമുള്ള സചിവൎക്കൊരാജ്ഞ ചെ-
യ്യതുനാളിലായവനു നൽകി വിശ്രമം. ൪൭

യുള്ള യുവരാജാവിൻെറ ചിത്രം. അതനുപ്രതാപൻ=അനല്പമായ പ്രതാപത്തോടു കൂടിയവൻ.

൪൪. രസാലം=തേന്മാവ്. പരമോദ്യമം=ശ്രേഷ്ഠമായ ഉത്സാഹം. താരാവലീചന്ദ്രസേനദാമ്പത്യം, മുല്ല മാവിനോടും, ശക്തി ഉത്സാഹത്തോടും ചേൎന്നതുപോലെ കാൎയ്യയിൽ കൌതുകകരവും, ഉത്തമഫലപ്രദവും ആയിത്തീരുമെന്നു സാരം.

൪൬. കൃതി=കൃതാൎത്ഥൻ. ദൂരയാത്രാക്ലിഷ്ടനായ ഭവാനെ തെല്ലൊന്നു വിശ്രമിപ്പിക്കുവാൻ മാത്രമാണ്, ഞാൻ ഇപ്പോൾതന്നെ മറുവടി തരാതിരിക്കുന്നത്.

൪൭. ചതുരത=സാമൎത്ഥ്യം, ആജ്ഞ=കല്പന.



Digitized By Kerala Sahitya Akademi

ജവമോടു പിന്നെ നിജപതി പുത്രിയാ-
ളിവരൊരുമാപതി വരുത്തിയന്തികേ,
വിവരങ്ങളോതി, യവരോടു കൂടവേ
യുവരാജചിത്രമതു നോക്കിനാൻ മുദാ. ൪൮

എതിരറ്റ രൂപഗുണമേന്തിടും ധരാ-
പതിപുത്രചിത്രമതു പാർത്തു പാർത്തവർ
അതിമാത്രമാനസലയംകൊണ്ടു തന്മയ-
സ്ഥിതിയാർന്നു പോയഹൊ, ശുഭചിത്രഭാവരായ്: ൪൯

'അനുരൂപനാമെകമി തികഞ്ഞൊരാനനമകൾ-
ക്കനുരൂപനെന്നിതിലുതന്നിലെന്നഹോ!
മനതാരിലെന്നും പ്രിയമേകിന ചിന്ത-
യ്ക്കിന്നു ശാന്തി നൽകി നൃപസൂനുവിൻ പടം. ൫൦

പരമാകും കാന്തി മകൾതങ്കലാവിധം
വിരചിച്ച വിട്ടു വിധിതൻ പരിശ്രമം,
വരനെയതിന്നു ലഭിച്ചതാൽ ഫലോ-
ത്തരമായിതെന്നു പരിഹൃഷ്ടരായവർ. ൫൧

൪൮. അന്തികേ=അരികിൽ.

൪൯. അതി—മാനസലയം=ഏറ്റവും മനസ്സിരുത്തൽ. തന്മയസ്ഥിതി=അതുതന്നെയായ നില. ശുഭ—ഭാവർ=ചിത്രഭാവത്തെ (ചിത്രത്തെ) ധരിച്ചവർ; ശുഭചിത്രം (അത്ഭുതയുക്തം)ആയ ഭാവത്തോടു (മനസ്സോടു)കൂടിയവർ എന്നും.

൫൦. രാജൻ=രാജാവ്, ശാന്തി=ശമം, ചന്ദ്രസേനൻ മകൾക്ക് ഏറ്റവും അനുരൂപനാണെന്ന് രാജാവ് ബോദ്ധ്യപ്പെട്ടു.

൫൧. പര=ശ്രേഷ്ഠ. വിരചിക്കുക=സൃഷ്ടിക്കുക. ഫലോത്തരം=സഫലം. പരിഹൃഷ്ടർ=ഹർഷിച്ചവർ.

Digitized By Kerala Sahitya Akademi

ധ്രുവമത്ര ചിത്രപടപാത്രസംസ്ഥമാം
യുവരാജരൂപവിഭവാമൃതദ്രവം,
നവഹർഷമാർന്ന മിഴിയാൽച്ചിരം നുക-
ർന്നവശാം മയങ്ങി വസുമതനന്ദിനി. ൧൨

അതനുപ്രകാശവരചിത്രമുത്തമാം
ചിതമോടു കാണ്മതിനനന്ത ചാപലവേ,
ധൃതഹർഷമപ്പൊഴുയർന്നു നിന്നിതാ,
നതഗാത്രിയാളുടെ തനൂരുഹങ്ങളും. ൧൩

വരനെക്കുറിച്ചുടനകം കവിഞ്ഞൊഴു-
ന്നൊരനല്പരാഗമിട ചേർന്നതിൻ വിധം
തരസാ ജ്വലിച്ചു പനിനീർമലർക്കു നിർ-
സ്ഫുരദാഭ തേടി, തളിരാംഗിതൻ മുഖം. ൧൪

അലർബാണതാപമകമേ കഴച്ചതിൻ
ഫലമായ്പ്പൊടിഞ്ഞൊരു വിയർപ്പിനാൽത്തദാ,
ജലശീകരങ്ങളിയലും മൃണാളിതൻ-
നില നേടി നീലകചതൻ കളേബരം. ൧൫

൧൨. ചിത്ര—സംസ്ഥാം=ചിത്രപടമാകുന്ന പാത്രത്തിലിരിക്കുന്നത്. യുവ—ദ്രവം=ചന്ദ്രസേനന്റെ സൗന്ദര്യാതിശയമാകുന്ന അമൃത്. അമിതമായ അമൃതപാനം മയക്കമുണ്ടാക്കുന്നതാണല്ലോ.

൧൩. അത—ചിത്രം=അതനുപ്രകാശം (കാമന്റേതു പോലുള്ള കാന്തിയുള്ളത്. അഥവാ അനല്പമായ ശോഭയുള്ളത്) ആയ വരന്റെ (വരണത്തിനാഗ്രഹിക്കപ്പെടുന്നവന്റെ) ചിത്രം. ധൃതഹർഷം=ഹർഷത്തോടുകൂടി. തനൂരുഹങ്ങൾ=രോമങ്ങൾ.

൧൪. അനല്പരാഗം=മഹത്തായ അനുരാഗം. തരസാ=വേഗേന. അനുരാഗഭാജനമായ പുരുഷന്റെ സന്ദർശനത്തിൽ സ്ത്രീകളുടെ മുഖം ചുവക്കുന്നതു സ്വാഭാവികമാണ്.

൧൫. ജലശീകരങ്ങൾ=നീർത്തുള്ളികൾ. മൃണാളി=താമരവളയം.

Digitized By Kerala Sahitya Akademi

ജനകന്റെ പക്ഷമറിയാതെ കന്യ താൻ
മനമാക്കമാരന്ന കൊടുത്തു പോയതിൽ
വിനയെന്തു പററുമിനി?യെന്ന പേടിയോ
വനജാക്ഷിയാൾക്കു വിറ ചേർത്തു മേനിയിൽ? ൩൬

സ്വവികാരമപ്പൊഴുതിലാപ്പിതാക്കൾതൻ-
സവിധേ മറപ്പതിനശക്തയായവൾ:
അവിദഗ്ദ്ധയാമബലയായ ബാലയെ-
ങ്ങു?വിജേയവീൎയ്യനസമാസ്ത്രനെങ്ങുവാൻ? ൩൭

അവസാനമററാരഴകാൽച്ചിരം രതി-
സ്സ്തവമാനമേററിയ കുമാരിയെത്തദാ
വിവശീകരിച്ചിതു രതിപ്രിയൻ ബലാൽ
സ്വവധൂപരാഭവമെവൻ സഹിച്ചിടും? ൩൮

എവരം മുമ്പു ചിത്രവടിവാന്നടുത്തു ചെ-
ന്നവശപ്പെടുത്തിയളകേശപുത്രനെ;
അവളന്നു നേടിയതിനൊത്തവസ്ഥ താൻ:
ഭുവനേ സ്വകൎമ്മഫലമാൎക്കു കൈവരാ? ൩൯

൩൬. ജനകന്റെ=അച്ഛന്റെ. വിന= അപത്തു്. രോമഹർഷ സ്വേദാദികൾ സാത്വികഭാവങ്ങളാകുന്നു.

൩൭, സ്വവികാരം=തന്റെ വികാരം. പിതാക്കൾ=അച്ഛനമ്മമാർ. അവിദഗ്ദ്ധ=അപ്രഗത്ഭ. അവിജേയവീൎയ്യൻ =ജയിപ്പാൻ വയ്യാത്തവീൎയ്യമുള്ളവൻ, അസമാസ്ത്രൻ= കാമൻ.

൩൮. വിവശീകരിക്ക= അസ്വാസ്ഥ്യപ്പെടുത്തുക. സ്വവധൂപരാഭവം= തന്റെ ഭാൎയ്യയെ അവമാനിക്കൽ.

൩൯. അതിനൊത്തവസ്ഥ= അവശപ്പെടുത്തിയതിന് അനുരൂപമായ അവസ്ഥ.

Digitized By Kerala Sahitya Akademi

‘സുരലോകസുന്ദരികളും കൊതിക്കുമീ
സ്മരതുല്യരൂപി വരനായ് വരാഞ്ഞിലോ
പരമെന്റെ ജന്മമിതു പാഴിലെ’ന്നു താൻ
കരൾകൊണ്ടുരച്ചിതു ഗുണജ്ഞയാമവൾ. ൯൦

സ്ഫുടം, ‘മെന്മകൾക്കു ഹിതമോ വരന്റെ യീ-
പ്പെട’മെന്ന ചോദ്യമിനിയച്ഛനമ്മമാർ
തുടരായ്കതിന്നുപകരിച്ചു, മുഗ്ദ്ധയാൾ-
ക്കുടലിൽത്തെളിഞ്ഞൊരു വിധപ്പകച്ചകൾ. ൯൧

മകൾതൻ മനോഗതമറിഞ്ഞു, ഭാഗ്യയാം
മകരാക്ഷിയാളു,മഥ മന്ത്രിമാരുമായ്
സകലം ശരിക്കു നിരൂപിച്ചുറച്ചുതേ
സകലജ്ഞണിക്കുറി, **സമല്ലകേശപുരൻ**; ൯൨

കൃതനിശ്ചയൻ നൃപനടുത്ത നാളിലാ
**ശ്രുതദേവ**നോടു വഴിപോലിതോതിനാൻ:—
“സുത മേ സുഭർത്തൃമതിയായ്ബ്ഭവിക്കവേ-
ണ്ടതകുന്ന നിൻവരവിതിങ്ങൊരുത്സവം. ൯൩

മമ മാന്യമിത്രമമല്ലകേശപുരൻ; മഹാ-
കമനീയരൂപഗുണശാലി തൽസുതൻ;

൯൦. വരൻ= ഭർത്താവ്. പരം=കേവലം.

൯൧. ഹിതമോ= ഇഷ്ടപ്പെട്ടതോ? മുഗ്ദ്ധ=അപ്രഗൽഭ.

൯൨. മനോഗതം=അഭിപ്രായം. മകരാക്ഷി എന്നതു താരാവലീമാതാവിന്റെ പേർ. സകലജ്ഞർക്ക്=വിദ്വാന്മാർക്ക്. അണിക്കുറി= തിലകം (വിശേഷശ്രേഷ്ഠൻ)

൯൩. കൃതനിശ്ചയൻ= നിശ്ചയം ചെയ്തവൻ. സുഭർത്തൃമതി= നല്ല ഭർത്താവുള്ളവൾ.

Digitized By Kerala Sahitya Akademi

ക്രമമോർക്കിലന്യധനമാണു കന്യയും,
സുമതേ! നമുക്കിനി വിചിന്ത്യമെന്തിതിൽ? ൩൪

സതിയാമിവൾക്കു സുരതുല്യനാം പുമാൻ
പതിയാകുമെന്നു ഗണകേന്ദ്രർ മുന്നമേ
സ്ഥിതിയോർത്തുരച്ചതു യഥാർത്ഥമായിതി-
ക്ഷിതിശക്രപുത്രനൊടു ദിവ്യരൂപി താൻ. ൩൫

ഇളകാത്ത ധർമ്മപഥനിഷ്ഠയോടുമീ-
യിളകാത്ത ബാഹുജരിലഗ്രഗണ്യനായ്,
അളകാധിപന്നു സദൃശപ്രഭാവനാ-
മളകാധിപങ്കലറിയിക്കകീവിധം:— ൩൬

‘അവിടുത്തൊടീയുവനിരന്നിടേണ്ടതാ-
ണവിടുന്നു ചൊന്നതു;- തിരസ്കാരമെന്തിതിൽ?
ഭുവി വീരപത്നി മകളെന്നിരിപ്പതിൽ-
ക്കവിയും കൃതാർത്ഥത പിതാവിനെന്തുവാൻ? ൩൭

അഭിവർദ്ധിതാർജ്ജുനയശോവിശേഷനീ-
യഭിജാതവീരനിഹ വേൾക്കുമെന്മകൾ,
അഭിമന്യുവല്ലഭ, വിരാടപുത്രിപോ-
ലതിമാനമെങ്ങിനെ കലർന്നിടേകിടാ? ൩൮

---

൩൪. കമനീയം=മനോഹരം. തൽസുതൻ=അവരുടെ (അളകേശന്റെ) പുത്രൻ. വിചിന്ത്യം=ആലോചിക്കേണ്ടതു്. സർവ്വഥാ, താരാവലിയെ ചന്ദ്രസേനനു കൊടുക്കാവുന്നതാണു്.

൩൫. ഗണകേന്ദ്രർ=വലിയ ജ്യോത്സ്യന്മാർ. സ്ഥിതി=ഗ്രഹസ്ഥിതി. ക്ഷിതിശക്രപുത്രൻ= രാജകുമാരൻ.

൩൬. ബാഹുജർ=ക്ഷത്രിയർ. അളകാധിപനു്=വൈശ്രവണനു്

൩൮. അഭി—ശേഷൻ= അർജ്ജുനനം (വെളുത്തതു്) ആയ, അർജ്ജ

Digitized By Kerala Sahitya Akademi

സ്പൃഹണീയമാകിയ ഭവൽസ്നുഷാപദം
സഹസാ ലഭിച്ചൊരു കുമാരിമൂലമായ്,
മഹളുള്ള മാനുഷരിൽവെച്ചു സാമ്പ്രതം
മഹനീയനായി, മഹിഷീസഹായി ഞാൻ! ൯

ഇവിടെയ്ക്കു പുത്രനെയയയ്ക്കയോ മുറ-
യ്ക്കവിടെയ്ക്കയച്ചിടുകയോ കുമാരിയെ,
അവിശങ്കമേതു വിധമാണു വേണ്ടതെ-
ന്നവിടുന്നരുൾക്ക, വിവാഹലഗ്നവും. ൧൦

ഹിതവേദിയാകുമവിടുന്നു നിശ്ചയി-
പ്പതശേഷമിപ്പിവനു പൂർണ്ണസമ്മതം;
കൃതകൃത്യനായൊരിവനാലിതാ! സമ-
ർപ്പിതയായ് ഭവാന്റെ വശമെൻകുമാരിയാൾ". ൧൧

ഇതിവണ്ണമോതി മണിഭൂഷണാദിയാൽ
മതിയാകുവോളമഥ സൽക്കരിച്ചുടൻ,
പ്രഹിതാനേകരൊടു കൂടെയാ മഹീ-
പതിദൂതനെ പ്രഭു തിരിച്ചയച്ചുതേ. ൧൨

നന്റെ എന്നും; കീർത്തിയെ വർദ്ധിപ്പിച്ചവൻ. അഭിജാതൻ=കുലീനൻ. വിരാടപുത്രി= ഉത്തര.

൯. സ്പൃഹണീയം= ആഗ്രഹിക്കത്തക്കതു്. ഭവൽ—പദം= ഭവാന്റെ പുത്രഭാര്യ എന്നുള്ള സ്ഥാനം. സഹസാ= പെട്ടെന്നു്. മഹനീയൻ=പൂജ്യൻ. മഹിഷീസഹായി ഞാൻ= മഹിഷി(ഭാര്യ)യും, ഞാനും.

൧൦. അവിശങ്കം= സംശയംകൂടാതെ. വിവാഹലഗ്നം=വേളിമുഹൂർത്തം.

൧൧. ഹിതവേദി= വേണ്ടതറിയുന്നവൻ. സമർപ്പിത= സമർപ്പിക്കപ്പെട്ടവൾ.

൧൨. പ്രഹിതാനേകരൊടു= ഒരു ഭൃത്യന്മാരോടുകൂടി. ആ മഹീപതി

Digitized By Kerala Sahitya Akademi

ഫലവൽപ്രയത്നപരിഹൃഷ്ടനായ്, സ്സമുൽ
ക്കലനാഥദൂതനൊടുമൊത്തു പോന്നവൻ
നലമാർന്ന കൂട്ടരൊടു കൂടവേ മര-
ക്കലമേറി വേതസപുരത്തിലെത്തിനാൻ. ൧൫

വിവരങ്ങളങ്ങു ജയകേതുവോടുര-
ച്ചു, വനാദരിച്ച നിഷധേശകിങ്കരൻ
ജവനാശ്വമേറി നടകൊണ്ടു തൻപ്രഭു-
പ്രവരന്റെ പത്തനമണഞ്ഞു സാനുഗൻ. ൧൬

ശ്രുതദേവനങ്ങു വസുദത്തദൂതനൊ-
ത്തതനുപ്രഹൃഷ്ടമഥ രാജധാനിയിൽ,
ഗതനായ്, നൃപങ്കൽ നതനായ്, ക്രമാലഭീ-
പ്സിതകാര്യസിദ്ധി വിവരിച്ചുണർത്തിനാൻ. ൧൭

മകളെക്കുമാരനു കൊടുപ്പതിൽത്തുലോ-
മകമേ കുതൂഹലി സമുൽക്കലേശ്വരൻ
പ്രകടാദരത്തൊടു പറഞ്ഞയച്ചതും
സകലം നൃപാലനൊടു ദൂതനോതിനാൻ. ൧൮

ദൂതനെ= ശ്രുതദേവനെ.

൧൫. ഫല—ഹൃഷ്ടൻ=പ്രയത്നം സഫലമായതിനാൽ സന്തോഷിച്ചവൻ. മരക്കലം=കപ്പൽ.

൧൬. ജവനാശ്വം= വേഗമുള്ള കുതിര. തൻപ്രഭുപ്രവരന്റെ= മഹാസേനന്റെ.

൧൭. ഗതൻ= പോയവൻ. നതൻ= നമസ്കരിച്ചവൻ, അഭീ-സിദ്ധി= ഉദ്ദേശംസാധിച്ചത്.

൧൮. കുതൂഹലി= കൗതുകമുള്ളവൻ.

൧൯. പ്രിയംവദർ= പ്രിയത്തെ പറയുന്നവർ. വേണ്ടതാചരിച്ച്= സമ്മാനിച്ചു. അവനതർ= വണങ്ങിയവർ. എന്ന്= എന്നു പറഞ്ഞ്. അവരോധനാഥ= പട്ടമഹിഷി (മനോരമ)

Digitized By Kerala Sahitya Akademi

അവനാ പ്രിയംവദരിൽ വേണ്ടതാചരി-
ച്ചു,വനമ്രരാമവരെ വിശ്രമിപ്പുവാൻ
'വിവരം കഥിപ്പു മഹനോടു'മെന്നയ-
ച്ചു,വരോധനാഥയൊടിതൊക്കെയോതിനാൻ. ൫

ശ്രീമാനായ കുമാരചന്ദ്രനെ,യുടൻ
താരാവലീയുക്തനായ്-
ക്കാണ്മാൻ കൌതുകമാന്ന ബാന്ധവചകോ-
രങ്ങൾക്കു മാറും തദാ,
'നാമാശിച്ച വിവാഹലഗ്നമിവിടെ-
ത്തൊണ്ണൂറു നാൾക്കില്ല'യെ-
ന്നീ മാന്യഗ്രഹശാസ്ത്രകോവിദമതം
കാർമേഘമായ്ത്തീന്നതേ. ൬

ഓരോ നാളുമൊരാണ്ടു പോലെ കഴിയു-
ന്നാച്ചന്ദ്രസേനന്നു, ത-
ന്നാരോമൽക്കമലാക്ഷിയോടഭിമതം
പോലൊത്തിണങ്ങുന്നതിൽ

൧൫. പ്രിയംവദർ=പ്രിയത്തെ പറയുന്നവർ. വേണ്ടതാചരിച്ച്= സമ്മാനിച്ച്. അവനമ്രർ=വണങ്ങിയവർ. എന്ന്=എന്നുപറഞ്ഞ്. അവരോധനാഥ=പട്ടമഹിഷി (മനോരമ).

൧൬. കുമാരചന്ദ്രനെ = കുമാരനാകുന്നചന്ദ്രനെ. താരാവലീയുക്തനായ്= താരാവലിയാകുന്ന താരാവലിയോടു (നക്ഷത്രസമൂഹത്തോടു) കൂടിച്ചേന്ന്. ബാന്ധവ—രങ്ങൾ = ബന്ധുക്കളാകുന്ന ചെമ്പോത്തുകൾ. മാന്യ—മതം= മാന്യന്മാരായ ഗ്രഹശാസ്ത്രകോവിദന്മാരുടെ(ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ)അഭിപ്രായം. മൂന്നുമാസത്തിനു ശേഷമേ വേളിക്കു മുഹൂത്തമുള്ളു എന്നത് ബന്ധുക്കൾക്കെല്ലാം വൈമനസ്യത്തിനു കാരണമായെന്നു താല്പര്യം.



Digitized By Kerala Sahitya Akademi

ഘോരോദർക്കവിളംബമിങ്ങിനെ പറ-
ഞ്ഞുണ്ടാകയാൽ, 'ജ്യോതിഷ-
ക്കാരോളം കഠിനതപമാക്കലകിലെ-'
ന്നാരന്നു തന്മന്ത്രിമാർ. ൧൯

"മാസം മൂന്നിന്നു മേലുള്ളോരു മഹിതമുഹൂ-
ർത്തത്തിനങ്ങോട്ടയയ്ക്കാം,-
മാസമേതാൽക്കണ്ണേനാകും മമ മഹനെ മാ-
ള്ളേ"ന്ന സന്ദേശമോടും,
വാസസ്സൌവർണ്ണഭൂഷാദികളരുളി വധൂ-
താതദൂതാഗ്ര്യനെസ്സോ-
ല്ലാസം തൻദൂതനോടൊത്തഥ തിരികെയയ-
ച്ചീടിനാൻ നൈഷധേന്ദ്രൻ. ൨൦

ചെന്നാദ്ദൂതർ സമുൽക്കല്ലോധിപതിയോ-
ടെല്ലാമുണർത്തിച്ചവാ-
റെ, 'ന്നാലങ്ങിനെ തന്നെ'യെന്നനുവദി-
ച്ചാചാരവിത്താമവൻ
നന്നായ്ത്തൃപ്തി വരും വിധം വിവിധമാം
സമ്മാനമേകി ദ്രുതം
തന്നാട്ടിന്നു തിരിച്ചയച്ചിതു, മഹാ-
സേനന്റെ നൽദൂതരെ. ൨൧

൧൯. ഘോരോ—ളംബം=ഭയങ്കരമായ ഭാവിഫലത്തോടുകൂടിയ താമസം. തന്മന്ത്രിമാർ=ചന്ദ്രസേനസചിവന്മാർ.

൨൦. അസ—ണ്ണൻ=ഔത്സുക്യമുള്ളവൻ. വാസ—ദികൾ=വസ്ത്രം, സ്വർണ്ണാഭരണം മുതലായവ. അരുളി=കൊടുത്ത്. വധൂതാതദൂതാഗ്ര്യൻ=വസുദത്തന്റെ ശ്രേഷ്ഠദൂതൻ.

൨൧. ആചാരവിത്ത്=നാട്ടുനടപ്പ് അറിയുന്നവൻ. വിവിധം=പ

Digitized By Kerala Sahitya Akademi

കാലം തെല്ലൊന്നു വൈകീടില്ല, മശുഭമുഹൂ-
ൎത്തത്തെ വൎജ്ജിപ്പുവാനായ്-
ക്കാലജ്ഞന്മാർകളാകും ജനകരിതുവിധം
തീൎപ്പുചെയ്യോരുശേഷം,
ലോലന്മാരാം വധൂവല്ലഭർ ദിനഗണനം
ചെയ്തുടപ്പിച്ചിട്ടുന്നോ-
രാ ലഗ്നം കാത്തിരിപ്പായ് പരമിരുപരിഷ-
ക്കാരുമുൽക്കണ്ഠയോടേ. വൃ൨

ഇങ്ങിനെ വിവാഹനിശ്ചയം അഞ്ചാം സൎഗ്ഗം.

---

ലതാരത്തിലുള്ളത്. ദ്രുതം=വേഗത്തിൽ.

വൃ൨. കാലജ്ഞന്മാർ=കാലത്തെഅറിയുന്നവർ. ജനകർ=പിതാക്കന്മാർ. ലോലന്മാർ=ഉൽക്കണ്ഠിതർ. വധൂവല്ലഭർ=താരാവലിയും, ചന്ദ്രസേനനും. ദിനഗണനം ചെയ്ത്=ദിവസങ്ങളെ എണ്ണി. ലഗ്നം=മുഹൂൎത്തം.

## ആറാം സർഗ്ഗം

തുലിതാംഗജചന്ദ്രസേനചിത്രം
ചലിതാന്തർദ്ധൃതി കണ്ടനാൾ മുതല്ക്കേ
വലിയൊരു കുഴക്കിലായിതു, താരാ-
വലിയാം കന്യക താർശരന്റെ ചുഷ്ടാൽ. ൧

വെളിവാം വിധമാദ്യവീക്ഷണത്തിൽ-
ത്തെളിവാർന്നീടിന കണ്ണിനും, കരാംഗം
കുളിർചേർത്ത കുമാരചിത്രരൂപം
തളിർമെയ്യാൾക്കഥ താപഹേതുവായി. ൨

മനമൊന്നു തണുക്കുവാൻ മനസ്സിൽ
സ്വനമദ്ധ്യാപ്പിതമാം പ്രിയന്റെ ചിത്രം
അനലദ്യുതികൊണ്ടു മാത്രമല്ലാ
കനലായി, കമനിക്കവസ്ഥകൊണ്ടും. ൩

മനോനലതപ്തനല്ലി മുന്നേ,
ഹൃദയാധിഷ്ഠിതനായ ചന്ദ്രസേനൻ?
സുദതിക്കുവനാസ്ഥിതിക്കു താപ-
പ്രദനായ്ത്തീർന്നതു കുറ്റമല്ലയല്ലോ. ൪

സ്വയമാപ്തസഖീജനത്തൊടൊപ്പം
പ്രിയസംബന്ധികഥാപ്രവൃത്തി താനും

---

൧. തുലി—ചിത്രം=കാമതുല്യനായ ചന്ദ്രസേനന്റെ ഛായ. ചലി-ദ്ധൃതി=ഉൾക്കരുത്തിളക്കുമാറ്.

൩. തീക്കനൽപോലെ തിളങ്ങുന്ന പ്രിയന്റെ ചിത്രം കമനിയെ തപിപ്പിച്ചു വെന്നു താല്പര്യം.

൪. ഹൃദയാധിഷ്ഠിതൻ=മനസ്സിലിരിക്കുന്നവൻ. അഗ്നിതപ്തരായ

Digitized By Kerala Sahitya Akademi

ഭയദവ്യഥ ബാലികകൾക്കിയറ്റീ:
പ്രിയവും വിപ്രിയമാം ദശാവിശേഷാൽ: ൭

കമനീയത തൻപ്രിയയ്ക്കിടില്ലം
കമനീമുത്തവളെക്കയെത്തു വെൽവാൻ
സുമബാണനു ബാണമായ്ച്ചമഞ്ഞു,
സുമനസ്സും ഗുണവതി ചന്ദ്രസേനൻ· ൮

അതിചാരുതയാൽ സ്വവൈരിയാകും
ക്ഷിതിഭൃൽപുത്രനെ മുമ്പു പാട്ടിലാക്കി,
രതിതൻപതി തൽസഹായനായി-
ദ്ധൃതി കൂട്ടുമന്നാരവൾക്കു പീഡയേറി. ൯

സ്മരനന്നു വിരോധിയാകയാലേ,
പരകാന്ത്യാ രതിയായ പങ്കജാക്ഷി
അരതിസ്ഥിതിയെയുമാർന്നു ഹാ!ഹാ!
ചിരമസ്വസ്ഥത തോഴികൾക്കു ചേർത്തു: ൰

ദിവസം പ്രതിയൂണു,റക്കമെന്നു–
ള്ളവയും ഹന്ത! ചുരുങ്ങി, മൌനമാർന്നും

---

വസ്തു, അതിനെ വഹിക്കുന്നോൾക്ക് എങ്ങിനെ ചൂടുണ്ടാകാതിരിക്കും?

൭. ആപ്തസഖീജനം=ഇഷ്ടതോഴിമാർ. പ്രിയ—വൃത്തി=പ്രിയനെസ്സംബന്ധിച്ച കഥകളെപ്പറയൽ. ഭയദവ്യഥ=ഭയങ്കരദുഃഖം. ദശാവിശേഷാൽ=അവസ്ഥാഭേദത്താൽ·

൮. സുമനസ്സുശബ്ദത്തിനു നിർമ്മലഹൃദയനെന്നും, പുഷ്പമെന്നും, ഗുണത്തിനു സൌന്ദര്യൌദാര്യാദി എന്നും, ഞാണ് എന്നും ശ്ലേഷം.

൯. തൽസഹായൻ=അവൻ (രാജപുത്രൻ) ഏകുന്ന സഹായത്തോടുകൂടിയവൻ. ധൃതി=ധൈര്യം. കാര്യസിദ്ധിക്കു ശത്രുക്കളെക്കൂടിപാട്ടിൽ വെക്കുക നീതിതന്ത്രജ്ഞന്മാരുടെ പതിവാണ്.

൰. പരകാന്ത്യാ=ശ്രേഷ്ഠശോഭകൊണ്ട്. അരതിസ്ഥിതി=രതിയ



Digitized By Kerala Sahitya Akademi

അവൾ പഞ്ചശരാഗ്നികുണ്ഡമദ്ധ്യേ
നിവസിച്ചും വിരഹവ്രതം ചരിച്ചു. ൯

അനഘക്കളർവെണ്ണിലാവു മെയ്യിൽ-
ക്കനമേറുന്നൊരു ചൂടണയ്ക്കയാലോ,
വനജേക്ഷണതൻ മുഖം വെടിഞ്ഞൂ
ഘനമാം പുഞ്ചിരിവെണ്ണിലാവിനേയും. ൧൦

കരളാണ്ട പരാത്മകാന്തരൂപം
ചിരമീക്ഷിച്ചുവളർന്നവലിഞ്ഞ കണ്ണാൽ,
ഒരു യോഗിനിയല്ലെങ്കിലും, സമാധി-
സ്ഥിരയാം യോഗിനിപോലനന്യഹൃത്തായ്. ൧൧

കരളാലവൾ, ഭീരു താൻ തനിച്ചേ
കരകാണാക്കടലും കടന്നു ചിത്രം!
വരനാം നിഷധേശ്വരാത്മജൻതൻ
ചരണാന്തത്തിലണഞ്ഞു വിശ്രമിച്ചു. ൧൨

“പൂവിട്ടന്യകാൽജ്ജയിച്ച കാമൻ
സവിശേഷാദരം തവ ദാസിയാകുമെന്നിൽ

ല്ലാതെ നില, ഒന്നിലും താല്പര്യമില്ലാത്ത എന്നും.

൯. ആഹാരനിദ്രാവർജ്ജനം, മൌനം, പഞ്ചാഗ്നിമദ്ധ്യവാസം ഇവ വ്രതത്തിന്റെ അംഗങ്ങളാണല്ലോ.

൧൧. പരാ—രൂപം=പരാത്മാവ് (ശ്രേഷ്ഠനായവൻ) ആയ കാന്തന്റെ രൂപം, പരാത്മാവിന്റെ (ബ്രഹ്മത്തിന്റെ) കാന്തമായ രൂപമെന്നും. ചിരം—വലിഞ്ഞ=കണ്ടിരിക്കുന്ന ആയ, അന്തർമുഖമായ എന്നും. അയോഗിനി=വിരഹിണി, യോഗിനി അല്ലാത്തവളെന്നും; അനന്യഹൃത്ത്=മറ്റൊന്നിൽ മനസ്സില്ലാത്തവൾ.

൧൨. ഭീരു=ഭയശാലിനി.

Digitized By Kerala Sahitya Akademi

വിവിധാൎത്തി വളൎത്തിടുന്നു; നാഥൻ
ഭുവി മേ മാറവനാ,യ്യപുത്രനെന്നോ?" ൧൩

മതിഭാവനയാലടുത്തു കാണും
പതിയോടീവിധമാവലാതി ചൊൽകെ,
പ്രതിബോധിതയായ് സ്സഖീജനത്താ-
ലതിലജ്ജാവശയായിതാക്കമൊഴി. ൧൪

"ജയ, മന്മഥ, ദേവ! ദൂരസംസ്ഥ-
പ്രിയയാമീയബലക്കു വിക്രമത്താൽ
ഭയപീഡകളേകിടുന്ന നീയേ
നിയതാം നിസ്തുലനായ ലോകവീരൻ." ൧൫

സ്ഥിതി കണ്ടു സഖീജനങ്ങളേവം
സ്തുതിനിന്ദാവചനങ്ങൾ ചൊൽകയാലേ
അതിരോഷിതനായ് ച്ചമഞ്ഞ പോലാ,
മതിബിംബാസ്യയെ മാലിലാഴ്ത്തി മാരൻ.(യുഗ്മകം) ൧൬

"സ്മര, ദിവ്യപുമാന, ശേഷലോക-
ശരണനാം ശ്രീപതിതൻ തനൂഭവൻ നീ;
ശരമെന്നിൽ വിടൊല്ല! യോഗ്യരോതേ
പരമീപ്പെൺകൊലയായ പാപകൎമ്മം.? ൧൭

൧൩. സവിരോധം=വൈരത്തോടുകൂടി. കലിയുഗം ഭൎത്താവിനെ അയ്യപുത്രനെന്നാണു വ്യവഹരിക്കുക.

൧൪. മതിഭാവനം=മനസ്സങ്കല്പം. പ്രതിബോധിത=ഉണൎത്തപ്പെട്ടവൾ.

൧൫. സപരേ അബല; ഭൎത്താവരികത്തില്ലതാനും; ഇങ്ങിനെയുള്ള ഒരുവളെ ഉപദ്രവിക്കുന്ന നിന്റെ വീരത്വം കേമംതന്നെ!

൧൬. സ്തുതി—നങ്ങൾ=സ്തുതികൊണ്ടു നിന്ദയെസ്സൂചിപ്പിക്കുന്ന വാക്കുകൾ. അതിരോഷിതൻ=അധികം കോപിച്ചവൻ.

൧൭. ശ്രീപതി=കൃഷ്ണൻ.

Digitized By Kerala Sahitya Akademi

ധൃതശൈശവനായ നിൻപിതാവാൽ
ഹതയാം പൂതന രാക്ഷസത്തിയല്ലോ;
കൃതസാഹസനായിടായ്ക, ലക്ഷ്മീ-
സുത! നീ മാനുഷനാരിയാകുമെങ്കൽ!" ൯൭

ഹിതമിങ്ങിനെ ചൊൽകിലും, കലേശ-
സ്മിതയാൾക്കർദ്ദനകാരിയായി കാമൻ:
ജിതകാശിയിവൻ, ജനാർദ്ദനൻതൻ-
സുതനെന്നെട്ടു മറിച്ചു തീർന്നിടുന്നു? ൯൮

മതിനേർമുഖിയാൾക്കു, പൂക്കളേക്കാൾ
മൃതിരും മാർദ്ദവമുള്ള മഞ്ജുദേഹം
രതിനായകബാണമായ പൂവേ-
ററതിഖേദാകുലമാകിലെന്തു ചിത്രം? ൯൯

ധരണീശ്വരപുത്രിതന്റെ ചേതോ-
ഹരഗാത്രം സ്വതവേ സുവർണ്ണമല്ലോ;
സ്മരപാവകതപ്തമാമതിന്നു-
ന്നൊരപൂർവ്വച്ഛവി നാൾക്കുനാളുയർന്നു. ൱

൯൭. "എന്റെ അച്ഛൻതന്നെ സ്ത്രീവധം ചെയ്തിട്ടുണ്ടല്ലോ" എന്നാണെങ്കിൽ; ധൃതശൈശവൻ=ശിശു. ഹത=കൊല്ലപ്പെട്ടവൾ.

൯൮. കലേശസ്മിതയാൾ=ചന്ദ്രനെപ്പോലെയുള്ള പുഞ്ചിരിയോടു കൂടിയവൾ. അർദ്ദനകാരി=പീഡയെച്ചെയ്യുന്നവൻ. ജിതകാശി=ജയംകൊണ്ടു ശോഭിക്കുന്നവൻ. ജനാർദ്ദനനെന്നതിനു ജനങ്ങളെ പീഡിപ്പിക്കുന്നവനെന്നും അർത്ഥമുണ്ട്. അച്ഛന്റെ പ്രകൃതി മക്കളിൽ പ്രതിഫലിക്കുന്നതാണല്ലോ.

൯൯. കാമബാണങ്ങൾ പുഷ്പങ്ങളാണെങ്കിലും പുഷ്പാധികസൗകുമാര്യമുള്ള അവളുടെ ദേഹത്തിൽ പരിക്കേല്പിച്ചതിൽ ആശ്ചര്യമില്ലെന്നു ഭാവം.

൱. സുവർണ്ണം=നല്ല നിറമുള്ളത്, സ്വർണ്ണമെന്നും. അപൂർവ്വച്ഛ

Digitized By Kerala Sahitya Akademi

തരളായതനേത്രയാൾക്കു, തീവ്ര-
സ്മരതാപാകുലമാം മുഖാരവിന്ദം
തരണിദ്യുതിയാൽത്തളച്ച്ച പാരം
തിരളും തിങ്കളൊടങ്കമേല്പതായീ. ൧൨

തടവററ വിയോഗവഹ്നി തൻപാ-
ർപ്പിടമാം നെഞ്ചിനകത്തെരിഞ്ഞ മൂലം
തടവാർമുല തപ്തമായി തന്വി-
സ്തി:—ടരാക്കൾ പുരവേകിലേച്ചുരമല്ലോ. ൧൩

ദയിതൻെറ കഴുത്തിൽ വെച്ചിടേണ്ടും
കയിൽവാണീഭുജവല്ലി രണ്ടു,മേററം
തുയിരേകിയ വിപ്രയോഗതാപാൽ,
വെയിലത്തിട്ട മൃണാളിപോലെ വാടീ. ൧൪

ശിവനേ! വിരഹോഷ്മളങ്ങളായോ-
രവൾതൻ നൽത്തുടകൾക്കു സാമ്യമോതാൻ,
ഉവർമണ്ണെരിയും മരുസ്ഥലത്തു-
ള്ളവയാം വാഴകൾ വേണമെന്നുവന്നു. ൧൫

നളകൂബരതുല്യരൂപനായോ-
രളകേശപ്രിയസൂനുവിൻ വിയോഗാൽ

---

വി=മുമ്പില്ലാത്ത കാന്തി. തീയ്യിൽ കാച്ചിയ സ്വർണ്ണത്തിനെന്നപോലെ, കാമരൂപമായ രാജകുമാരിയുടെ ദേഹത്തിന് ഒരു പുതിയ ശോഭ വർദ്ധിച്ചുവന്നു.

൧൨: തരണിദ്യുതി=സൂര്യരശ്മി.
൧൩. വിയോഗവഹ്നി=വിരഹാഗ്നി.
൧൪. തുയിർ=പീഡ. വിപ്രയോഗതാപാൽ=വിരഹച്ചൂടാൽ.
൧൫. വിരഹോഷ്മളങ്ങൾ=വിരഹനിമിത്തം ചൂടുള്ളവ.

Digitized By Kerala Sahitya Akademi

വളരെപ്പരിതാപമാൎന്നജസ്രം
വിട്ടുറം തന്നുട രംഭതന്നെയായി. ൬൬

വിതതം വിരഹോഷ്മഭാരമേററം,
ബത! തൻനെഞ്ചു കനത്ത പോൎകചത്താൽ
കൃതമാം തടവാൎന്നപോലെ, പൊട്ടി-
ച്ചിതറാഞ്ഞിട്ടവളാത്മനിന്ദ ചെയ്യും. ൬൭

കരിവാർകുഴലാം വിയോഗവൃഷ്ട്യൽ-
പരിതാപാൽപ്പുതുമെയ്ച്ചടച്ച പാരം,
എരിവെയിലുയരുന്ന വേനലിങ്കൽ-
പ്പരിശോഷിച്ചൊരു പൊയ്കപോലെയായി. ൬൮

സുവിലാസവിയുക്തമായ്, വിപാണ്ഡു-
ച്ഛവിയായ്ത്തീൎന്ന കൃശാങ്ഗിതൻമുഖത്തെ,
കവിളൊട്ടി വരണ്ട ചുണ്ടുമായ്ക്ക-
ണ്ടവിടെത്തോഴികളല്ലലാൎന്നിതേററം. ൬൯

മിതഭാഷിണിതന്നുരോജഭാരം
ബത! കാഠിന്യവിഹീനമായ് ഭവാനീ:
അതനുവ്യസനാനുഭൂതിയാലേ
ദ്രുതമാക്കാം കഠിനത്വമൊന്നു നീങ്ങും. ൭൦

൬൬. ഇദ്ദയാ അവളുടെ തുട രംഭ(വാഴ)പോലെയായ് അയിരുന്നുള്ളു; ഇപ്പോൾ രംഭ (അപ്സരസ്ത്രീ) തന്നെയായി. രംഭ അളകേശൻെറ (വൈശ്രവണൻെറ) പുത്രനായ നളകൂബരൻെറ ഭാൎയ്യയാകുന്നു.

൬൭. വിതതം=വ്യാപിച്ചത്. കൃതം=ചെയ്യപ്പെട്ടത്.

൬൮. വിയോ—ഗതാപാൽ=വിരഹം നിമിത്തം വൎദ്ധിക്കുന്ന ചൂടാൽ. പരിശോഷിച്ചു=വററിവരളുക.

൬൯. സുവി—യുക്തം=നല്ല വിലാസങ്ങളോടു വേർപെട്ടത്. വിപാണ്ഡുച്ഛവി=വിളൎത്ത നിറത്തോടുകൂടിയത്.

൭൦. മിതഭാഷിണി=അല്പം മാത്രം സംസാരിക്കുന്നവൾ. ഉരോജ

Digitized By Kerala Sahitya Akademi

ദിവസേന മെലിഞ്ഞു, മദ്ധ്യമേററം
വിവശപ്പെട്ടു, വിളൎത്തു, തോളിടിഞ്ഞും,
അവൾതൻതനു ചാരുതാവശേഷം
നവചന്ദ്രകലപോലെ കാണുമാറായ്. ൩൭

ഉയരും സ്മരതാപശക്തിയാൽ സ്വാ-
ശ്രയമാം നെഞ്ചുപൊടിഞ്ഞുപോകുമെന്നായ്
ഭയമാൎന്നവിധം വിറച്ചു കൊങ്ക-
ദ്വയമഞ്ചാലിക നീണ്ടു വീൎപ്പയച്ചു. ൩൮

ഘനവേണി വിയോഗശോകനമ്രാ-
നനയായ്ത്തൂകിന കണ്ണുനീർക്കണങ്ങൾ
അനലംകൃതഗാത്രിയാമവൾക്കാ-
സ്സ്തനകുംഭങ്ങളിൽ മുത്തുമാല ചാൎത്തി. ൩൯

കദനം പെട്ടുമാറകത്തു കത്തും
മദനത്തീയ്യു കെടുത്തുകൊള്ളുവാനോ
ഹൃദയേ നയനാംബുധാര തൂകീ,
വദനം താഴ്ത്തിയിരുന്നു വാരിജാക്ഷി. ൪൦

---

ദോരംകനത്ത കൂചം. അത—ഭ്രതി=അതനവായ (അനല്പമായ) വ്യസന ത്തെ, കാമദുഃഖത്തെ എന്നും അനുഭവിക്കൽ. ദുഃഖാനുഭവത്തിനു, കാഠിന്യമുള്ളവരെ മൃദുകരിപ്പാൻ ഒരു ശക്തിയുണ്ടല്ലൊ.

൩൭. ചാരുതാവശേഷം=ചാരുത (സൌന്ദൎയ്യം) മാത്രം ബാക്കിയുള്ളതു.

൩൮. സ്വാശ്രയം=പാൎപ്പിടം.

൩൯. വിയോ—നന=വിരഹദുഃഖംനിമിത്തം മുഖം താഴ്ത്തിയവൾ. അന—ഗാത്രി= മെയ്യാഭരണങ്ങളണിയാത്തവൾ. കണ്ണുനീൎത്തുള്ളികൾ അനലംകൃതങ്ങളായ സ്തനങ്ങളിൽ മുത്തുമാലയണിഞ്ഞതുപോലെ ശോഭിച്ചു.

൪൦. കദനം=പീഡ. ഹൃദയേ=മാറിൽ.

Digitized By Kerala Sahitya Akademi

“സ്വയമെങ്കലണഞ്ഞരക്ഷണം മേ
പ്രിയനായ്ച്ചേർച്ചപെടുന്നതിന്നു, നിദ്രേ!
ദയ ചെയ്യിടയാക്കകെ,ന്റെ ദുഃഖോ-
ദയമൊന്നോക്കുക! നാരിയല്ലി നീയും?” ൱൫

ഇതുമാതിരി രാത്രിതോറമർത്ഥി-
ച്ചതുകൊണ്ടും തെളിയാതെ, നിദ്ര നിത്യം
പുതുതേന്മൊഴിയോടകന്നു നിന്നു:
പൊതുവിൽ സ്ത്രീകളസൂയയുള്ള കൂട്ടർ. (യുഗ്മകം)

ശിവ:രാമ! ശിരീഷപുഷ്പമെയ്യാ-
ളിവളെങ്ങേതെങ്ങെരിയും വിയോഗതാപം?
ധ്രുവമീയൊരു ചിന്തകൊണ്ടു നക്ത-
ന്ദിവമാളീ മന,മാളിമാർക്കശേഷം. ൱൭

കളിരേല്പതിനാ,ളിമാരിളഞ്ചെ-
ന്തളിരാൽത്തീർത്തു ചമച്ച മെത്തയിന്മേൽ
ലളിതാംഗി ശയിച്ചു, സാന്ധ്യരാഗം
തെളിയും വാനിൽ മൃഗാങ്കലേഖപോലെ. ൱൮

ശിവനേ! വിരഹം പൊറാഞ്ഞു മൃത്യു-
ത്സവലബ്ധിക്കൊരിതിങ്കിൽ വീണപോലെ,
നവപല്ലവമെത്തമേൽക്കിടക്കു-
ന്നവളോമൽസ്സഖിമാർക്കു ശോകമേകി. ൱൯

൱൬. അർത്ഥിക്ക=അപേക്ഷിക്കുക.

൱൭. ശിരീഷപുഷ്പം=നെന്മേനിവാകപ്പൂവ്. നക്തംദിവം=രാപ്പകൽ. ആളിമാർ=സഖികൾ.

൱൮. ഇതുമുതൽ ഏതാനും ശ്ലോകങ്ങളെക്കൊണ്ടു ശീതോപചാരത്തെ വർണ്ണിക്കുന്നു. സാന്ധ്യരാഗം=അന്തിച്ചുകപ്പ്. മൃഗാങ്കലേഖ=ചന്ദ്രക്കല.

൱൯. മൃത്യുത്സവലബ്ധിക്ക്=മൃത്യുവാകുന്ന ഉത്സവം ലഭിപ്പാൻ.

Digitized By Kerala Sahitya Akademi

സ്മരനമ്പുകളായ പൂക്കളാലേ
വിരചിച്ചോരു വിശേഷമെത്തയിന്മേൽ,
വിരഹാതുരയായ തന്വി നൂനം
ശരശയ്യാശയനം സമാചരിച്ചു. ൪൦

കനിവിൽസ്സഖിമാരിടയ്ക്കിടയ്ക്കാ-
പ്പനിനീർ പാററിയ പല്ലവൌഘതല്പാ
വനിതാമണിയാൾക്കു വൻവിയോഗ-
പ്പനി മൂപ്പിച്ചതിലെന്തു ചിത്രമുള്ളൂ? ൪൧

നിശി, നീളെ നിലാവിൽ നീർ ചുരത്തും
ശശികാന്താപലവേദിയും ക്ഷണത്താൽ,
ശിശിരാംശുമുഖിയ്ക്കു മെയ്യണയ്ക്കേ
നിശിതാക്രാതപമേററ പാറ പോലായ്. ൪൨

കളഭാഷിണിതൻ, മൃണാളഗർവ്വം
കളയും കൈകളിലൂററ ചൂടു മാറാൻ
വളയായ്സ്സഖിമാരിടുന്ന താണ്ടാർ-
വളയം വാടി വരണ്ടു കാൽക്ഷണത്താൽ. ൪൩

---

൪൦. നൂനം, ഉൽപ്രേക്ഷാവാചകം. ശരശയ്യാശയനത്തെ, സമാചരിച്ചുവോ എന്നുതോന്നും. പുഷ്പശയ്യയിലുള്ള കിടപ്പ്, ശരശയനം പോലെ ദുസ്സഹമായി എന്നു ഭംഗ്യം.

൪൧. പനിനീർ എന്നതിനു പനിയെ ഉണ്ടാക്കുന്ന നീരെന്നും അർത്ഥം.

൪൨. ശശി—വേദി=ചന്ദ്രകാന്തക്കൽത്തിണ്ണ. നിലാവു തട്ടുമ്പോൾ ചന്ദ്രകാന്തക്കല്ലിൽനിന്നു വെള്ളം കിനിയുമത്രെ. നിശി—തപം=തീക്ഷ്ണമായ വെയിൽ.

൪൩. പരാജിതൻ ജേതാവിൻെറ സന്നിധിയിൽ എത്രനേരം കുണ്ഠതയോടുകൂടി നിൽക്കും?



Digitized By Kerala Sahitya Akademi

ചലമീന്മിഴിയാൾക്കു ചൂടുമാറാൻ
മുലമേൽച്ചേർത്ത നറും മൃണാളനാളം
വിലകെട്ടു വൃഥാവിലായ്ച്ചമഞ്ഞു:
ഫലമെന്തൊന്നു തരുന്നു ദീർഘസൂത്രം? ൪൪

ഭയമാർന്നി,ഹ താപകാരി മാരൻ
നിയതം പാഞ്ഞൊഴിയേണമെന്നു വെച്ചോ,
പ്രിയതോഴികൾ തന്വിതന്റെ നെഞ്ചിൽ
സ്വയമുണ്ടാക്കിയുദാരഹാരവാസം! ൪൫

അനഘദ്യുതി മുത്തുമാല, മുഗ്ദ്ധാ-
നനപാഥോജമൃണാളവല്ലിപോലേ,
സ്തനചന്ദനപങ്കലഗ്നയായി-
ക്കനകാംഗിയ്ക്കു, വിളങ്ങി മാറിടത്തിൽ. ൪൬

അവശം, ചെറുമുത്തുമുള്ളിലില്ലാ-
ത്തവൾതൻ നെഞ്ചു പുറത്തു വേണ്ടുവോളം
ധവളോത്തമമുത്തു ചേർത്തിതന്നാ-
ളെ:-വനം നോക്കിട്ടു,മുള്ളുകള്ളി മൂടാൻ. ൪൭

൪൪. ചെയ്യേണ്ടുന്നവയെ 'പിന്നെയാവാം പിന്നെയാവാം' എന്നിങ്ങിനെ നീട്ടിവെക്കുന്ന സമ്പ്രദായമാണു ദീർഘസൂത്രം. താമരവളയവും, ദീർഘമായ സൂത്രത്തോടു (നൂലോടു)കൂടിയതാണല്ലോ.

൪൫. ഇഹ=ഇവിടെ (നെഞ്ചിൽ) ഹാരവാസം മുത്തുമാലകളുടെ ഇരിപ്പു്; ഹരസംബന്ധിയായ വാസം (ശിവന്റെ പാർപ്പ്) എന്നും. കാമൻ, രുദ്രനുള്ളേടത്തു നില്പാൻ ധൈര്യപ്പെടുന്നതല്ലല്ലോ.

൪൬. മുഗ്ദ്ധാ—വല്ലി=സുന്ദരമായ മുഖമാകുന്ന താമരപ്പൂവ്വിന്റെ നീണ്ട മൃണാളം. സ്തന—ലഗ്ന=സ്തനങ്ങളിലെ (ചൂടു മാറാൻ പൂശിച്ച) ചന്ദനപങ്കം (ചന്ദനച്ചാറ്) ആകുന്ന പങ്കത്തിൽ (ചളിയിൽ) പറ്റിയതു്.

൪൭. മുത്തിനു സന്തോഷമെന്നും, മുക്താമണി എന്നും അർത്ഥം. അ

Digitized By Kerala Sahitya Akademi

ഘനസാരപടീരസാരമോറം,
ഘനസാരാപഹവേണിതൻവപുസ്സിൽ
തനതാളികൾ പൂശിടുമ്പൊഴെല്ലം
ഘനസന്താപവശാൽ പൊടിഞ്ഞുതിന്നു. ൪൮

കളഭാഗനിനാദിഗന്ധമോലും
കളഭം തങ്കലണഞ്ഞിടുമ്പൊഴേറം
മിളദാമയയായ്, വിയോഗമാന്നു-
ള്ളിളകം പത്മിനിയായ ഘോരാക്ഷമാരി. ൪൯

മട്ടത്തേന്മൊഴി തൻെറ മന്ദഹാസ-
ത്തൊടു മാത്സര്യമെഴും പടീരസാരം
കടുതാപമിവൾക്കു നീക്കുവാൻ നോ-
ക്കിടുമോ? തോഴികൾ പാഴ്വേല ചെയ്തു. ൫൦

വിഷഭൃത്തുകളോടു ചേച്ചമൂലം
വിഷമുൾപ്പെട്ടിതു ചന്ദനത്തിനെന്നോ!

---

കഞ്ഞ ദാരിദ്ര്യത്തെ, പുറമോടികൊണ്ടു മറയ്ക്കാൻ നോക്കുന്നതു പ്രായേണ ലോകസ്വഭാവമാണല്ലോ.

൪൮. ഘന—സാരം=കർപ്പൂരം ചേൎത്ത ചന്ദനച്ചാറ്. ഘന—വേണി=ഘനസാരത്തെ (മേഘസൗന്ദര്യത്തെ) കളഞ്ഞ തലമുടിയോടു കൂടിയവൾ.

൪൯: ഗന്ധത്തിനു മദജലമെന്നും, കളഭത്തിന് ആനക്കുട്ടി എന്നും, വിയോഗത്തിനു പക്ഷികളുടെ ചേച്ച് എന്നുംകൂടി അൎത്ഥമുണ്ടു. നാലുതരം സ്ത്രീജാതിയിൽവെച്ചു ശ്രേഷ്ഠയായ പത്മിനിയുടെ ലക്ഷണങ്ങൾ കാമശാസ്ത്രത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

൫൦. തൻെറ വൈരിയായ മന്ദഹാസത്തിൻെറ ആവിർഭാവത്തിനു ഹേതുഭൂതമായ താപശമനത്തെ വരുത്തുന്നതിൽ, പടീരസാരം വിമുഖമായിട്ടേ ഇരിക്കയുള്ളുവല്ലോ.

Digitized By Kerala Sahitya Akademi

വിഷധരിസ്തൃതതാഞ്ഞെ, തിൻ വിലേപാൽ
വിഷമിച്ചു വിരഹാൎത്തയാം കുമാരി.

നിജതോഴികൾ ശീതളദ്രവാൎദ്ര-
വ്യജനംകൊണ്ടു ശരിക്കു വീശിടുമ്പോൾ,
ദ്വിജരാജമുഖിക്കു കാമധൂമ-
ദ്ധ്വജനൂൎജ്ജസ്വലനായ് സ്സമുജ്ജ്വലിച്ചു.

“ചിരമിങ്ങിനെ വീശു തോഴി, വീണ്ടും
സ്മരഘോരാഗ്നി പടൎന്നു കത്തിയെന്നെ
തരസാ പൊടിഭസ്മമാക്കവാനെ”-
ന്നരചെയ്യാളവൾ, വീശുമാളിയോടായ്.

സമയോചിതമീദൃശോപചാരം
സമനുഷ്ഠിച്ചിട്ടുമാളിമാൎജ്ജനസ്രം
ശ്രമദായകമാം സജീവിതത്തെ-
സ്സുമനസ്സാമവൾ കേവലം വെറുത്തു.

പരിതാപശമാദ്യുപായമോക്ഷം
പരിചുള്ളാളികളാൽ ഗൃഹീതയായി,
കരിഗാമിനിയന്നൊരിക്കൽ മേട-
സ്ഥരികത്തുള്ളൊരു പുഷ്പവാടി പൂകാൻ.

൬൧. വിഷഭൃത്തുകൾ=സൎപ്പങ്ങൾ. പാമ്പുകൾക്കു ചന്ദനവൃക്ഷവാസം പ്രിയതരമാണ്. വിലേപം=തേയ്ക്കൽ.

൬൨. ശീത—ജനം=പനീർമുതലായവ തളിച്ച വീശറി. കാമ—ധ്വജൻ=കാമാഗ്നി. ഊൎജ്ജസ്വലൻ=പ്രബലതരൻ. വീശുന്ന കാറ്റ് അഗ്നിയെ ഉജ്ജ്വലിപ്പിക്കുമല്ലോ.

൬൪. ഈദൃശോപചാരം=ഇപ്രകാരമുള്ള ശുശ്രൂഷ സമനുഷ്ഠിക്കു=നന്നായിചെയ്യുക. ശ്രമദായകം=ക്ലേശകരം. സുമനസ്സ്=നിൎമ്മലഹൃദയ.

൬൫. ഗൃഹീത=ഗ്രഹിക്കു (പിടിക്കു)പ്പെട്ടവൾ.

Digitized By Kerala Sahitya Akademi

പുരുപുഷ്പസമൃദ്ധി പൂണ്ടു നാനാ-
തരുവല്ലീനിര തിങ്ങുമാ പ്രദേശം
ഒരു ഭീതി വിയുക്തയാമിവൾക്ക-
ന്നരുളീ പുഷ്പശരാസ്ത്രശാലപോലെ. ൩൬

ഭുവനാക്ഷിമനോഹരം, വസന്തോ-
ത്സവലക്ഷ്മീവിളയാട്ടമാർന്ന മൂലം
നവമാമഴകൊത്തൊരാ മലർക്കാ-
വവൾതൻ ചേതസി! പീഡ ചേർത്തു വീണ്ടും: ൩൭

ചുണ പൂണ്ടു നൃപാത്മജാജയത്തിൽ-
ക്കിണയും പഞ്ചശരന്നു, വേണ്ടി വന്നാൽ
തുണചെയ്‌വതിനോ, ചിരാലവങ്കൽ
പ്രണയം വാച്ച വസന്തമങ്ങണഞ്ഞു. ൩൮

അരുണാധരിയെ ക്ഷണേന നില്പാ-
നരുതാഞ്ഞാർത്തി കലർന്നു കാൺകയാലേ
പുരുസംഭ്രമമോടു തോഴിമാര-
ങ്ങൊരു വെൺകൽക്കുളിർതിണ്ണമേൽക്കിടത്തി. ൩൯

പടുതോഴികൾ പാരമാശ്വസിപ്പി-
ച്ചിട്ടുമാപ്പേശലഗാത്രി പേർത്തുപേർത്തും
ചുടുവീർപ്പുകളിട്ടു ചുണ്ടു വാട്ടി-
ക്കടുഖേദാകുലമായ് കഥിച്ചിതേവം:— ൪൦

൩൬. പുഷ്പ—ശാല=കാമന്റെ ആയുധശാല.

൩൭. ഭുവ—ഹരം=ലോകങ്ങളുടെ കണ്ണും കരളും കവരുന്നത്.

൩൮. ജയിക്കപ്പെടേണ്ടവൾ രാജപുത്രി; കാമനോ പഞ്ചശരൻ; ഈ സ്ഥിതിക്ക് അവന്റെ മിത്രമായ വസന്തം സഹായത്തിന്നെത്തുന്നത് ആവശ്യകമാണല്ലോ.

Digitized By Kerala Sahitya Akademi

"സുമബാണശതങ്ങളം, പഞ്ചബാണ-
ന്നമരാടാനുളവാക്കിടും വസന്തം
പ്രമദാൽപ്പെരുമാറുമീ സ്ഥലത്തോ,
മമ സൌഖ്യം വരുമെന്നുറച്ചു നിങ്ങൾ? ൧൭

വിടരും പല പൂക്കളം കണ്ടു വണ്ടിൻ-
പടലം പാടി മുരണ്ടിടുന്ന ഘോഷം
സ്ഫുടമാമൃതുരാജഘോഷയാത്രാ-
പടഹച്ചാർത്തൊലിപോലുയർന്നിടുന്നു. ൧൮

ഒരു നീറൽ, വിഷം കണക്കു മെയ്യി-
ന്നരുളന്നീച്ചെറുതെന്നൽ തെന്നലല്ലാ;
പെരുതാകിയ ചന്ദനാദ്രിയിന്മേൽ
മരുവും പാമ്പുകളൂതിടുന്നതത്രേ. ൧൯

അവിയുക്തജനങ്ങളെക്കഴക്കാ-
നിവിടെത്തണി ചെടാഞ്ഞു ദുർവ്വസന്തം
സ്വവിഭങ്ഗമിതോർത്തു വീർപ്പിടുന്നു
സവിഷാദം, മൃദുലാനിലച്ഛലത്താൽ. ൨൦

ഭുവനാന്തകദിക്കകാരനാമീ-
പ്പവനൻ വന്നതിൽ ഞാൻ വൃഥാ രസിച്ചു;
ഇവനെന്നുയിർ കൊണ്ടുപോയിടാതേ,
വിവശാവസ്ഥ വളർക്കയാണു വീണ്ടും. ൨൧

൧൭. സുമബാണശതങ്ങൾ=അസംഖ്യം പുഷ്പങ്ങൾ. പ്രമദാൽ=വലിയ ഗർവ്വാൽ.

൧൮. പടലം=കൂട്ടം. ഋതുരാജൻ=വസന്തം.

൨൦. അവിയുക്തജനങ്ങൾ=വിരഹികളല്ലാത്ത ജനങ്ങൾ. സ്വവിഭംഗം=തന്റെ തോൽമ. സവിഷാദം=മനോഭംഗത്തോടുകൂടി. മൃദു—ച്ഛലത്താൽ=മന്ദമാരുതവ്യാജേന.

൨൧. ഭുവ—കാരൻ=തെക്കൻ. പവനൻ=കാറ്റ്.

Digitized By Kerala Sahitya Akademi

പരപുഷ്ടകദുഷ്ടരെൻ ചെകിട്ടിൽ
തരസാ പഞ്ചമരാഗകൈതവത്താൽ
ഹരനേത്രഹുതാശതപ്തമാകും
സ്മരനാരാചമിതാ! കടത്തിടുന്നു. ൩൩

"കളഗാനമിതൊന്നു നിർത്തി, നീയൊ-
ട്ടിളതാം മാന്തളിരുണ്ടു വിശ്രമിയ്ക്കൂ!
കളകണ്ഠ! രസം കലർന്നിവണ്ണം
വളരെപ്പാടുകിൽ വായ് കഴയ്ക്കുമല്ലോ". ൩൪

പികമേ! മമ പത്ഥ്യവാക്കു കേട്ടീ-
ട്ടുകയാലോ തവ കൺ ചുകന്നു, കൊള്ളാം!
പക തൻകുലപോഷകർക്കുമേററം
വകയല്ലേ പരപുഷ്ടരായ നിങ്ങൾ?" ൩൫

സ്മരബന്ധു വസന്ത,മാളിമാരേ!
വിരഹിക്കുട്ടരെയൊക്കെ വെന്തെരിപ്പാൻ,
നിരപായമശോകശാഖിതോറും
വരപുഷ്പക്കനൽ ശേഖരിച്ചിടുന്നു. ൩൬

സ്മരനായുധമാണിതെന്നറിഞ്ഞും
ദുരശോകങ്ങളിലാശു പൂവുതിർപ്പാൻ

൩൩. പര—ദുഷ്ടർ=ദുഷ്ടരായ കുയിലുകൾ. ഹര—തപ്തം=ശിവന്റെ കണ്ണിലെ തിയ്യുതട്ടി ചുട്ടുപഴുത്തത്. സ്മരനാരാചം=കാമബാണം.

൩൪. കളകണ്ഠ=കുയിലേ!

൩൫. കുലപോഷകർ=വംശത്തെ വളർത്തുന്നവർ (കാക്കകൾ). കുയിലുകൾ സ്വതേ ലോഹിതാക്ഷങ്ങളും, തങ്ങളെ പോററിവളർത്തുന്ന കാക്കകളോടു വൈരമുള്ളവയുമാകുന്നു.

൩൬. വരപുഷ്പക്കനൽ= നല്ല പുവ്വാകുന്ന തീക്കനൽ.

Digitized By Kerala Sahitya Akademi

ചരണത്തളിരാൽ വളം കൊടുക്കും
തരളാപാംഗികളെത്ര സാഹസക്കാർ! ൧൦

ശിവനേ! സഹകാരമോടു ചേർന്നീ-
നവമല്ലീലത നല്ല പൂക്കളാലേ
അവലേപവശാൽ ഹസിച്ചിടുന്നു
വിവശപ്പെട്ട വിയുക്തയാകുമെന്നെ. ൧൧

വിരഹിവ്രജരക്തഭുക്തി ചെയ്യും
ദുരഹങ്കാരി വസന്തരാക്ഷസന്റെ
പരമോൽക്കടദംഷ്ട്രയെജ്ജനാന്തഃ-
കരണഭ്രാന്തി പലാശപുഷ്പമാക്കി. ൧൨

സുമചാപന ചാപമൌർവ്വിയാകും
ഭ്രമരൌഘത്തെയടുത്തു കിട്ടിയെന്നാൽ
വിമദിച്ചുവിടും മണം കലർന്നീ-
യമരും ചമ്പകമെത്ര പുണ്യശാലി! ൧൩

---

൧൦. ദുരശോകങ്ങൾ=ദുഷ്ടങ്ങളായ അശോകങ്ങൾ. അത്ര=വേഗത്തിൽ, അകാലത്തും എന്നു ഭാവം. സുന്ദരിമാരുടെ പാദതാഡനം അശോകവൃക്ഷങ്ങളെ പുഷ്പിപ്പിക്കുമത്രേ.

൧൧. സഹകാരം=മാവ്. നവമല്ലീലത=പുതിയ മുല്ലവള്ളി. അനുരൂപനായ ഭർത്താവോടു ചേർന്ന യുവതി എന്നു പ്രതീതി. അവലേപവശാൽ=ഗർവ്വനിമിത്തം. വിയുക്ത=വിരഹിണി.

൧൨. വിരഹിവ്രജരക്തഭുക്തി=വിരഹികളുടെ ചോരകുടിക്കൽ. ജനാ—ഭ്രാന്തി=ജനങ്ങളുടെ മനസ്സിലുള്ള തെറ്റിദ്ധാരണ. വിരഹികളുടെ ദേഹം പിളക്കമാറ് തദ്രക്തപാനം ചെയ്തു തകക്കുന്ന വസന്തമാകുന്ന രാക്ഷസന്റെ ഉഗ്രത ദംഷ്ട്രയെ പലാശപുഷ്പം (പ്ലാശിൻപൂവ്) ആണെന്നു ജനങ്ങൾ തെറ്റിദ്ധരിക്കുന്നു.

൧൩. സുമചാപൻ=കാമൻ. ചാപമൌർവ്വി=വിൽഞാണ്. ഭ്രമരൌഘം=വണ്ടിൻകൂട്ടം, "ധനുഃ പൌഷ്പം മൌർവ്വീ മധുകരമയീ" എ

Digitized By Kerala Sahitya Akademi

ഒരു വാസന, കർണ്ണികാരമാകും
തരുവിൻ പൂവിനു പൂജ്യമാണുപോലും!
ഗുരുവാമഴൽ മന്ദഭാഗ്യയാം മേ
തരുവാൻ വാസന വേണ്ടതുണ്ടിതിന്നും. ൧൮

മുതിരുന്നു, വസന്തനാളിലാപ-
ത്തതിമാത്രം വിരഹിവ്രജത്തിനെല്ലാം;
അതിനാലെ, 'വസന്തമെന്നു ചൊല്ലു-'
ന്നതിനാപന്മയമെന്നൊരർത്ഥമുണ്ടായ്". ൧൯

"സുരതുല്യ! വസന്ത! വേദരത്നാ-
കരമാം ബ്രഹ്മനിൽനിന്നു ജാതനാം നീ
പരമിപ്പടി വിപ്രയോഗിഹിംസാ-
പരനായ്ത്തീർന്നതിനെന്തു ഹന്ത! ബന്ധം? ൨൦

ഭുവനത്തെ വസന്തമേ! മുടിക്കും,
തവ ദുശ്ചേഷ്ടിതമെന്നൊരിണ്ടൽകൊണ്ടോ
വിവശം നെടുവീർപ്പു വിട്ടു മുന്നേ
ഭവദുൽപ്പാദനതൽപ്പരൻ വിരിഞ്ചൻ!" ൨൧

ന്നു പ്രസിദ്ധം. വിമഥിക്കും=മർദ്ദിക്കും. ചമ്പകപുഷ്പഗന്ധം വണ്ടുകൾക്കു മര ണകരമാണ്.

൧൮. ആദ്യത്തെ വാസനയ്ക്കു സൌരഭ്യമെന്നും, രണ്ടാമത്തേതിനു താല്പര്യമെന്നും അർത്ഥം. ഗുരു=കനത്തത്.

൧൯. ഒന്നിലധികം ആപത്തുകൾ നേരിട്ടുമ്പോൾ, അതിനെ വസന്തമെന്നു ചിലേടങ്ങളിൽ ജനങ്ങൾ പറയാറുണ്ട്.

൨൦. വേദരത്നാകരം=വേദങ്ങളാകുന്ന രത്നങ്ങളുടെ വിളനിലം. വിപ്ര—പരൻ=വിപ്രയോഗികളുടെ (വിരഹികളുടെ, ബ്രാഹ്മണസന്ന്യാസികളുടെ എന്നും) ഹിംസയിൽ തൽപ്പരൻ.

൨൧. ഭവദുൽപ്പാദനതൽപ്പരൻ=നിന്നെ സൃഷ്ടിപ്പാൻ ഒരുങ്ങിയവൻ,



Digitized By Kerala Sahitya Akademi

മധുരപ്രണയാർദ്രനായ്, ത്തുണക്ഷ്മീ
മധുവെക്കൂട്ടി മദാന്ധനാം മനോജൻ
വിധുചൂഡനൊടേററ വെന്തടിഞ്ഞു;
മധുസേവാഫല,മാത്മനാശമല്ലോ. ൭൪

വിധുരർക്കു വിപത്തണയ്ക്കുവോരീ
മധുവെ സ്വാത്മജമിത്രമെന്നു വെച്ചോ,
വിധുരാവനജാഗരൂകനാകും
മധുവിദ്വേഷി വധിച്ചിടാതിരുന്നു! ൭൫

പ്രണയാററ വിയോഗിപീഡനത്തി-
ന്നണയും ദുഷ്ടവസന്തമോടിദാനീം
'ക്ഷണമെൻമലർവാടി വിട്ടു പൊയ്ക്കൊ-
ള്ളണ'മെന്നോതുക തോഴി, മദ്വചസ്സാൽ." ൭൬

"താപം മൂത്തു വസന്തമേ, വിവശയാം
ഞാനങ്ങയെക്കൊണ്ടധി-
ക്ഷേപം ചൊന്നതിനെ,ന്നസൂക്കൾ പിഴയായ്-
ക്കല്പിച്ചു വാങ്ങി ക്ഷണാൽ

ശ്രീമഹാശിവപുരാണം, രുദ്രസംഹിത, ദ്വിതീയഖണ്ഡം, എട്ടാമദ്ധ്യായത്തിൽ ബ്രഹ്മാവിന്റെ വാക്കായ "ചിന്താവിഷ്ടസ്യ മേ തസ്യ നിശ്വാസോ യോ വിനിസ്സൃതഃ—തസ്മാദ്വസന്തഃ സഞ്ജാതഃ പുഷ്പവ്രാതവിഭൂഷിതഃ" എന്ന ശ്ലോകമാണു, വസന്തോല്പത്തി ബ്രഹ്മനിശ്വാസത്തിൽനിന്നാണെന്നുള്ളതിനു പ്രമാണം.

൭൪. മധുവെ=വസന്തത്തെ. വിധുചൂഡൻ=ശിവൻ. മധുസേവാഫലം=മദ്യപാനത്തിന്റെ ഫലം.

൭൫. വിധുരപദത്തിനു വിരഹികളെന്നും, ആർത്തന്മാരെന്നും അർത്ഥമുണ്ട്. സ്വാത്മജമിത്രം=സ്വാത്മജന്റെ (കാമന്റെ) സ്നേഹിതൻ, മധുവിദ്വേഷി=മധു എന്ന അസുരനെ നിഗ്രഹിച്ചവൻ (വിഷ്ണു).

Digitized By Kerala Sahitya Akademi

പാപം നീക്കിയനുഗ്രഹിപ്പു, മറജ-
ന്മത്തിൽശ്ശരിഷ്ഠാ യുവ-
ക്ഷ്മാപൻതൻ കഴൽ ചേരുമാറടിയനെ
ബ്രഹ്മാത്മജാതൻ ഭവാൻ!'' വൃ൮

ഘോരം പ്രേയോവിയോഗവ്യസനമിതൊരു നാഠം
പോലുമിന്നിസ്സഹിപ്പാൻ
പോരല്ലോ തോഴിമാരേ, പരമവിവശ ഞാൻ
പിന്നെയോ മൂന്നുമാസം?
ദൂരസ്ഥം ദേശവും, കാലവു;—മിതിനകമാ-
ക്കെന്തു പാറീട്ടമെന്നി-
ങ്ങാരാശ്ചര്യം! കണ്ടിരിപ്പൂ? വിധിയുടെ വിളയാ-
ട്ടങ്ങൾ നാനാവിധങ്ങൾ. വൃ൯

എന്നാലി,ത്തോഴിമാക്കെൻ പരിചരണപരി-
ക്ലേശമേല്ക്കേണ്ട മേലാ-
ലെന്നാക്കി,ക്കെട്ടോരെൻ ജീവിതമുടനെയെട-
ക്കേണമേ ദൈവമേ, നീ!''
എന്നാർത്തിപ്പെട്ടപേക്ഷിച്ചിട്ടമവള,തിസം-
ഭ്രാന്തി കണ്ടാലെവന്നും
വന്നാളുംമാറ ചല്ലാതൊരു നിലയിലക-
പ്പെട്ട നിശ്ചേഷ്ടയായീ. വൃ൰

---

വൃ൦. ഘൃണാ=ദയ. ഭവദ്വചസ്സ്=അങ്ങയുടെ വാക്കാൽ.

വൃ൮. അസുക്കൾ=പ്രാണങ്ങൾ. സാക്ഷാൽ ബ്രഹ്മാവിന്റെ പുത്രന പാപംനീക്കി അനുഗ്രഹിപ്പാൻ അർഹതയുണ്ടല്ലോ.

വൃ൯. പ്രേയോ—വ്യസനം=പ്രിയവിരഹദുഃഖം.

വൃ൰. പരി—ക്ലേശം=ശുശ്രൂഷാക്ലേശം. അതിസംഭ്രാന്തി=ഏററവും പരിഭ്രമം: നിശ്ചേഷ്ടയായി=മൂർച്ഛിച്ചുവീണു.

Digitized By Kerala Sahitya Akademi

അന്നേരത്താളിമാർതൻ കരുണകളകളം
കേട്ടു വൃത്താന്തമോടി-
ച്ചെന്നേറ്റസ്സംഭ്രമത്തിൽപ്പരിജനമറിയി-
ച്ചപ്പൊഴു,ദ്വേഗമോടും
വന്നെത്തിത്തത്ര താരാവലിയുടെ പിതൃമാ-
താക്കളും 'ഭദ്രം കുമാരി-
ക്കെ'ന്നേവം, ബോധമാർന്നോരടിയിണ പണിയും
പുത്രിയെപ്പൂണ്ടുകൊണ്ടാർ. വൃ ൪

'ആലസ്യം തയ്യൽ തങ്ങില്ലിഹ ദൃഢം;-അളകാ-
ധീശനെൻ മിത്രമല്ലോ,
വൈലക്ഷ്യം പിന്നെയെന്താണിതിലി?വളെ വിവാ-
ഹത്തിനങ്ങോട്ടയക്കാം;
കാലക്ഷേപം സഹിപ്പാൻ, കണവനുടെയടു-
ത്താകിലുണ്ടാം കരുത്തീ-
ബ്ബാലയ്ക്കെ'ന്നോർത്തുരച്ചാൻ സഭയിലഥ വസു-
താരഭൂപൻ സഭാര്യൻ. വൃ ൫

അപ്പടിക്കവനടുത്ത നൽത്തിഥിയിലുത്തമോപ-
കരണാഢ്യമാം
കപ്പലേറിയഥ യാത്രയാക്കിയളകാപുരിക്കു-
നിജപുത്രിയെ;

വൃ ൪. കരുണകളകളം=ദീനസ്വരകോലാഹലം. ഉദ്വേഗം=ഞെട്ടിപ്പ്. തത്ര=അവിടെ (പൂങ്കാവിൽ). പിതൃമാതാക്കൾ=വസുഭൂതനും ചകോരാക്ഷിയും. ഭദ്രം കുമാരിക്ക്=മകൾക്കു മംഗളം ഭവിക്കട്ടെ. എന്നേവം=എന്നു പറഞ്ഞുകൊണ്ട്.

വൃ ൫. ആലസ്യം=പാരവശ്യം. ഇഹ=ഇവിടെയായാൽ. വൈലക്ഷ്യം=ലജ്ജ. കാലക്ഷേപം=കാലതാമസം. വസു—ഭൂപൻ=വസുഭൂതൻ.

Digitized By Kerala Sahitya Akademi

അപ്പയോജകുചി താതമന്ത്രിയുടെ രക്ഷയിൽ—
പ്പരിജനങ്ങളോ—
ടൊപ്പമുൽക്കടവിശങ്കടക്കടൽ വഴിക്കു പോന്നി—
തുദിതോത്സുകം. ൮൬

ഒട്ടനാൾകളിലനിഷ്ടമൊന്നുമണയാതെ—
ദൂരവഴിയാത്ര പി—
ന്നിട്ടുപോതമവൾതൻെറ കപ്പൽ—വിധിയോഗ—
മെന്തു പറയേണ്ടു ഹാ!
മട്ടു മാറിയിളകിച്ചുമഞ്ഞലവമാഴിയിൽ,—
ക്കൊടിയ കാററിലും—
പ്പെട്ടുടഞ്ഞിതതിലുള്ള കൂട്ടരുടെ ജീവിത—
സ്പൃഹയൊടൊപ്പമേ ൮൭

ആ മാന്യപ്രിയദർശനോത്സവമട്ട—
ത്താക്കും ക്ഷണംതോറുമേ
സീമാതീതമനോരഥങ്ങളകമേ
ചിന്നുന്ന തന്വംഗിയെ
പ്രേമാവാസപിതാക്കൾതൻമടിയിൽനി—
ന്നാകർഷണം ചെയ്തിതാ!
ഭീമാംഭോധിയിലാഴ്ത്തിവിട്ടു ശിവനേ!
ചെട്ടന്നു ദുഷ്ടൻ വിധി. ൮൮

൮൬. ഉത്ത—ണാഢ്യ=വേണ്ടുന്ന ഉപകരണങ്ങൾ ധാരാളമുള്ളത്. വിശങ്കടം=പരപ്പുള്ളത്. ഉദിതോത്സുകം=ഉൽക്കണ്ഠയോടേ.

൮൭. ജീവിതസ്പൃഹ=ജീവിക്കുന്നതിലുള്ള അഗ്രഹം.

൮൮. പ്രേമാ—താക്കൾ=പ്രേമത്തിന്നിരിപ്പിടങ്ങളായ അച്ഛനമ്മമാർ.

Digitized By Kerala Sahitya Akademi

ആരീയാപത്തു ബന്ധുപ്പരിഷയൊടറിയി-
പ്പാനു?—മാക്കപ്പൽയാത്ര-
ക്കാരീടേറം കടൽക്കോളിനു പരമിരയായ്-
ത്തീർന്നിതെൻപുത്രമൊപ്പം;
'ഈ രീതിക്കുള്ള രത്നം വെടിയുക ശരിയ-
ല്ലെ'ന്നു വെച്ചോ, പിടിച്ചാ-
നാരീരത്നത്തെ രത്നാകരമഹഹ! ഛലാ-
ലന്നു തൻകീഴടക്കി!! ൨൯

പണ്ടാത്മാധീനയാകും രമ സുരഹൃതയായ്-
പ്പോയ ഹാനിക്കു, നിന്നാൽ
തദ്ദാർമാതൊത്ത **താരാവലി** സലിലനിധേ!
നീതയായെന്നു കേട്ടാൽ,
കൊണ്ടാടത്തക്ക മട്ടാമിവളുടെ നിനവേ
ചേർന്നൊരാ ചന്ദ്രസേന-
നുണ്ടാം പ്രക്ഷോഭമെന്നോർത്തിവളെ വിടണമേ
രാമവീര്യജ്ഞനാം നീ. ൩൦

ഇങ്ങിനെ താരാവലീസമുദ്രപാതം ആറാംസർഗ്ഗം

൨൯. രത്നാകരമുണ്ടോ, ഉത്തമരത്നത്തെ ഉപേക്ഷിക്കുന്നു?

൩൦. ആത്മാധീന=സ്വാധീന. രമ=ലക്ഷ്മി. സുരഹൃത=ദേവകളാൽ അപഹരിക്കപ്പെട്ടവൾ. ഹാനിക്കു=കുറവു തീർപ്പാൻ. നീത=കൊണ്ടുപോകപ്പെട്ടവൾ. നിനവേ=വിചാരമാത്രം. രാമവീര്യജ്ഞൻ=രാമന്റെ വീര്യത്തെ അറിയുന്നവൻ. വിടാഞ്ഞാൽ നിനക്കു പണ്ടു രാമന്റെ കോപംനിമിത്തം ഉണ്ടായതുപോലെയുള്ള അസ്വാസ്ഥ്യം തുല്യനായ ചന്ദ്രസേനന്റെ ക്ഷോഭംകൊണ്ടും സംഭവിച്ചേക്കും.

Digitized By Kerala Sahitya Akademi

## ഏഴാം സൎഗ്ഗം

ഘോരാപത്തിത്തുവിധമാത്മജീവനാഡി-
സ്ഥാരാലേററൊരു കഥ ചെറററിഞ്ഞിടാതേ,
ആ രാമാമണിയുടെ വേളിവേള താനും-
ത്താരാശലോൽക്കളികയിൽ വാണു ചന്ദ്രസേനൻ. ൧

ചെന്നാത്മപ്രണയിനിയോടു ചേരുവാനു-
ള്ളന്നാളിന്നിടയിലെഴുന്ന വാസരങ്ങൾ
ഒന്നായിട്ടറുപതു നാഴികകൾ നാല-
ഞ്ചെന്നാലും ബത! കഴിയാഞ്ഞവൻ മുഷിഞ്ഞു. ൨

പ്രേമത്താലവനനിശം മനസ്സിലോൎക്കു-
ന്നോമൽപ്പെണ്മണിയുടെ യാനമേററമട്ടോ
ആ മട്ടിൽ ദിനതതിയാനവും സമുൽക-
ണ്ഠാമഗ്നന്നതിതരമന്ദമെന്നു തോന്നീ. ൩

നീണ്ടും, തൻഗതിയിലതീവ മന്ദഭാവം
പൂണ്ടും, ദുർദ്ദിനവടിവാർന്നൊരാദ്ദിനൌഘം
വീണ്ടും സോൽസുകതരനാമിവന്നു താപം
തീണ്ടും മററൊരു 'ശനിയായ്' ച്ചമഞ്ഞു പാരം. ൪

൧. ആത്മജീവനാഡി=തന്റെ പ്രാണൻ (താരാവലി). ആരാൽ=ദൂരെവെച്ച്. രാമാമണി=സുന്ദരീരത്നം. വേളിവേള=വിവാഹസമയം.

൨. വാസരങ്ങൾ=ദിവസങ്ങൾ.

൩. ദിനതതിയാനം=ദിവസക്കൂട്ടത്തിന്റെ പോക്ക്. സമുൽക്കണ്ഠാമഗ്നൻ=ഔത്സുക്യത്തിൽ മുഴുകിയവൻ. അതിതരമന്ദം=ഏററവും പതുക്കെയുള്ളത്.

൪. സോത്സുകതരൻ=അത്യുൽക്കണ്ഠിതൻ. ശനി=ഉപദ്രവകരം. ആ ദിനൌഘത്തിനു (വിവാഹത്തിന്നിടക്കുള്ള ദിവസങ്ങൾക്ക്) പ

Digitized By Kerala Sahitya Akademi

'ചൊറില്ലങ്ങിളവ,തുകൊണ്ടു കാലചക്രം
ചുറ്റിക്കുന്നവനിഹ കൈ കഴച്ചയാലോ
പാറിപ്പോയ് ദിനഗതിമാന്ദ്യ'മെന്നകക്കെ-
ല്ലുററിട്ടാസ്സഖികളൊടോതിനാൻ കുമാരൻ. ൫

സൂതാഗ്ര്യൻ ഗരുഡസഹോദരൻ തെളിച്ചും
വാതാശപ്രത്തലവർ വഹിച്ച തേരിലേറി
വീതാഘം വിയതി ചരിക്കുമീ രവിക്കും
കൈതന്നു ഗതിജവമെന്നവന്നു തോന്നീ. ൬

'അത്താരാവലിയൊടു ചേൎന്നു ഞാനുമങ്ങ-
ക്കൊത്താളായ് വിലസിടുമന്നു തൊട്ടു നിത്യം
സത്താമങ്ങിതുവിധമേറെ നീണ്ടുകൊൾകെ-'
ന്നുത്താപാകുലനവനല്ലിനോടു ചൊല്ലീ. ൭

ലോലാത്മാവവനു മഹോത്സവങ്ങൾ തിങ്ങി-
ച്ചേലാർന്നാപ്പുരിയിൽ വിനോദഹേതു രണ്ടു:
നീലാക്ഷീമണിയുടെ ചിത്രവും, നരംന-
ർമ്മാലാപം പ്രിയസഖരൈവർ ചെയ്‌വതും താൻ. ൮

ഞ്ഞ വിശേഷണങ്ങളെല്ലാം ശനിഗ്രഹത്തിനും യോജിക്കും. ശനിയുടെ നീളം (ശരീരദൈർഘ്യം), മന്ദത, ഒട്ടിനവടിവ് (കറുപ്പ്), ദുഃഖകരത്വം ഇവ ജ്യോതിശ്ശാസ്ത്രപ്രസിദ്ധങ്ങളാകുന്നു.

൫. ഇളവ്=വിശ്രമം. ദിനഗതിമാന്ദ്യം=ദിവസങ്ങളുടെ പോക്കിനു മന്ദത്.

൬. ഗരുഡസഹോദരൻ=അരുണൻ. വാതാ—ലവർ=കാററുപോലെ വേഗമുള്ള പികച്ച കുതിരകൾ. വീതാഘം=ദുഃഖംകൂടാതെ; തടവില്ലാതെ എന്നു സാരം. വിയതി=ആകാശത്തിൽ. കൈതന്നു=കുറഞ്ഞു. ഗതിജവം=ഗമനവേഗം.

൭. സത്ത്=നല്ലവൻ. ഉത്താപം=ഉയൎന്ന താപം. അല്ല്=രാത്രി. താരാവലിക്കു നക്ഷത്രസമൂഹമെന്നും അൎത്ഥമുണ്ടല്ലോ.

൮. നരംനൎമ്മാലാപം=മധുരമായ കേളീസല്ലാപം.

Digitized By Kerala Sahitya Akademi

ആരോമൽപ്പരിണയലഗ്നമൊട്ടടുപ്പി-
ച്ചോരോരോ ഞൊടിയിടയും ഗമിച്ചിടുമ്പോൾ,
ദൂരോൽക്കണ്ഠിതനവനാശ്വസിച്ചയല്പം
സ്ഥൂരോച്ഛ്വാസസമമനുയാത്ര ചെയ്തിരുന്നു: ൯

അത്താരാവലിയെ നിജാശയത്തിലിച്ഛ-
യ്ക്കൊത്താഴ്ത്തീടിന കടലിങ്കലെന്നപോലെ,
തത്താദൃശദശ പെട്ടുമായവങ്കലന്നാ-
ളുത്താലപ്രചുരമനോരഥോർമ്മി ചിന്നീ. ൧൦

ഭീമാംഭോനിധിതലമാണ്ട തന്വിയാളെ-
ങ്ങീ? മാന്യന്നുടയ മനോരഥങ്ങളെങ്ങോ?
വാമാവസ്ഥയിലമരും വിധിക്കു, ദേഹി-
സ്തോമാശാവിഘടനമല്ലയോ വിനോദം! ൧൧

ആ രാജാത്മജനിഹ തന്റെ ജീവിതത്തെ
സ്വാരാജ്യോത്സവമയമാക്കുമാ മുഹൂർത്തം
ദൂരാലെത്തിടുമളവെത്രതന്നെയുള്ളാ-
ലാരാധിക്കിലുമൊരു തൃപ്തി വന്നതില്ലാ. ൧൨

൯. ദൂരോൽക്കണ്ഠിതൻ=അത്യുൽസുകൻ. സ്ഥൂരോച്ഛ്വാസം=ദീർഘശ്വാസം. വല്ലവിധത്തിലും ഒരു നിമിഷനേരം കഴിഞ്ഞു പോകുന്നുള്ളതന്നെ അവനു നെടുവീർപ്പുണ്ടാകുമാറ് ആശ്വാസപ്രദമായിരുന്നു.

൧൦. നിജാശയത്തിൽ=തന്റെ അടിത്തട്ടിൽ. തത്താദൃശദശ=താരാവലിയെ നിജാശയത്തിൽ (തന്റെ മനസ്സിൽ) ആഴ്ത്തുക എന്ന സമുദ്രതുല്യമായ അവസ്ഥ. ഉത്താ—രഥോർമ്മി=ഉയർന്ന വളരെ മനോരാജ്യമാകുന്ന തിരമാല.

൧൧. വാമാവസ്ഥ=പ്രതികൂലസ്ഥിതി. ദേഹി—ടനം=പ്രാണിവർഗ്ഗത്തിന്റെ ആഗ്രഹങ്ങളെ കെടുക്കൽ.

൧൨. ഇഹ=ഭൂമിയിൽ. സ്വാരാ—മയം=സ്വർഗ്ഗസുഖപൂർണ്ണം. ദൂരാൽ=അകലത്തുനിന്ന്. തൃപ്തി=അലംഭാവം.



Digitized By Kerala Sahitya Akademi

എത്തേണ്ടും സുദിനമടുത്തവാറു വേളി-
ക്കോ,ത്തേജസ്വിയലിന കൊച്ചതമ്പുരാനെ
മൂത്തന്തി ശത്രുപുരത്തിലേക്കുയപ്പാ-
നൊത്തപ്പോട്ടകളഥ ചെയ്തു താതഭൂപൻ.

വീരശ്രീയുവനൃവരോപയാമയാത്രാ-
പ്രാരംഭപ്രസൃതമഹോത്സവോദയത്താൽ
പൌരന്മാരഖിലരുമൊന്നുപോലെ ഹർഷി-
ച്ചാരമ്യം പുരമൊരപൂർവ്വമോടി തേടി.

സല്ലാപം നൃപസുതവേളിയാത്രയെക്കൊ-
ണ്ടല്ലാതില്ലെവിടെയുമപ്പുരത്തിലെന്നായ്;
ഉല്ലാസം പെരുകിന പൌരർതൻ തിരക്കും,
വല്ലാതെ കളകളവും ക്രമാൽ വളൎന്നു. ൧൬

തന്നാലെ ചിരമഭിവാഞ്ഛിതം വിവാഹ-
ത്തിന്നായിസ്സുതനെയയക്കുകെന്ന കാൎയ്യം
മന്നാളും പ്രഭുവഥ നല്ല നാളിൽ വേണ്ടും
സന്നാഹത്തോടു സകളത്രനായ് നടത്തി. ൧൭

ദോഷജ്ഞപ്രിയസഖപക്ഷവേളിയാത്രാ-
വേഷത്താൽസ്സുഭഗതമൻ കുമാരനന്നാൾ,
തോഷശ്രീയുടയ പിതാക്കളെ,സ്സഭക്ത്യ-
ന്വേഷം ചെന്നവനതമൌലിയായ് വണങ്ങി. ൧൮

൧൪. മൂലം=സന്തോഷം. ശത്രുപുരം=സമുൽകലം.

൧൫. വീര—ദയത്താൽ=യുവരാജാവിന്റെ വിവാഹയാത്രാരംഭത്താൽ വ്യാപിച്ച മഹോത്സവസമൃദ്ധിയാൽ. അപൂൎവ്വമോടി=നൂതനഭംഗി.

൧൭. അഭിവാഞ്ഛിതം=ആഗ്രഹിക്കപ്പെട്ടതു. മന്നാളുംപ്രഭു=മഹാസേനൻ. സന്നാഹം=ഒരുക്കം. സകളത്രൻ=ഭാൎയ്യയോടുകൂടിയവൻ.

൧൮ ദോഷ—വേഷാ=ഗുണദോഷങ്ങളറിയുന്നവരായ പ്രിയസ

Digitized By Kerala Sahitya Akademi

പ്രീനാഹ്ളാദമൊടച്ഛനും 'കുമാരനായു-
ഷ്മാനാകെ!'ന്നിടറിന തൊണ്ടകൊണ്ടു ചൊല്ലി
നാനാനൽപ്പടയ ഗൃഹസ്ഥഭാവമേന്തി-
ട്ടാനായ്പ്പോം മഹനുടെ മൂർദ്ധ്നി കൈകൾ വെച്ചു:

കാലൻപിൽത്തൊഴുത കുമാരനെദ്ധരിത്രീ-
പാലൻ സുപ്രിയനഥ മാറണച്ചു പുൽകി,
ആലക്ഷ്യാൽപുളകമനുഗ്രഹിച്ചു വീണ്ടും
നാലംഗപ്പടയൊടു കൂടി യാത്രയാക്കി. ൧൯

ഓരോരോ ശുഭവിധി ചെയ്തു തൽഗ്ഗുരുക്ക-
ന്മാരോടൊക്കയുമടി കൂപ്പി യാത്രചൊല്ലി,
ആരോമൽസ്സഹചരരാകുമഞ്ചമാത്യ-
ന്മാരോടൊത്തവനിപസൂനു നിർഗ്ഗമിച്ചു. ൨൦

സൽക്കാന്താസമുദയരത്നലാഭമായോ-
രിക്കാര്യം വരുവതിനാരൊരാദിമൂലം;
അക്കാത്യായിനിയൊടു,മാകൃതജ്ഞനൻപൊ-
ടുൾക്കാമ്പാലനവധി വന്ദനം പറഞ്ഞു. ൨൧

---

ഖന്മാർ (സുബാഹുമുഖ്യന്മാർ) അണിയിച്ച വിവാഹയാത്രാവേഷം. സുഭഗതമൻ=സൌന്ദര്യം കൂടിയവൻ. തോഷശ്രീ=സന്തോഷസമൃദ്ധി. സഭൃത്യാമാത്യഃ=ഭൃത്യാമാത്യന്മാരോടുകൂടി. അവനതമൌലി=തല കുനിഞ്ഞവൻ.

൧൮. പ്രീനാഹ്ളാദം=വലിയ സന്തോഷം. ആയുഷ്മാൻ=ദീർഘായുസ്സോടുകൂടിയവൻ. നാനാനൽപ്പ്=പലഗുണം. മൂർദ്ധ്നി=തലയിൽ.

൧൯. സുപ്രിയൻ=സഭാര്യൻ. ആലക്ഷ്യാൽപുളകം=വെളിവായിപ്പൊങ്ങിയ രോമാഞ്ചത്തോടുകൂടുംവണ്ണം.

൨൦. നിർഗ്ഗമിച്ചു=പുറപ്പെട്ടു.

൨൧. സൽക്കാ—ലാഭം=നല്ല സുന്ദരീരത്നത്തിന്റെ ലാഭം. ൯

Digitized By Kerala Sahitya Akademi

പിമ്പാ,രാലെഴുമൊരു കൊമ്പനാനതൻ ന-
ല്ലമ്പാരിച്ചമയമണിപ്പുറത്തു കേറി,
തൻപാർശ്വേ സചിവരുമായ,വൻ ഗമിച്ചാ-
നെ,മ്പാട്ടും പടഹകൾ ചുഴന്നുദ്ഘോഷം. ൨൨

ദാനത്തിൻ പൃഥുലതരപ്രവൃത്തി, ലീലാ-
യാനത്തിൻവടിവിവ കൂട്ടമാക്കുമാരൻ
സ്ഥാനംകൊണ്ടിഭതിലകന്നു മേലെയായി,-
ട്ടാനന്ദം ജനമിഴികൾക്കു കൈവളർത്തി. ൨൩

ശ്രീവന്മാളികമുകളേറി വൃദ്ധപൌര-
സ്ത്രീവർഗ്ഗം മലരവനിൽപ്പൊഴിപ്പതപ്പോൾ,
ധാവള്യോല്ലസിതതദാതപത്രചന്ദ്രാ-
സേവക്കായ് വരുമുഡുരാജി പോലെ കാണായ്. ൨൪

മോടിക്കൊത്തിട്ടമൊരുടുപ്പുകൊണ്ടു ദേഹം
മൂടിപ്പൊൻപിടിമനട്ടവാളരക്കു തൂക്കി,
കേടില്ലാക്കുതിരകൾതൻ പുറത്തു കേറി-
ഝാടിക്കാർ ചില ഭടർ മുന്നിലായ് ഗമിച്ചു. ൨൫

തജ്ഞൻ=ഉപകാരസ്മരണയുള്ളവൻ.

൨൨. അരാൽ=സമീപത്ത്. പാർശ്വേ=രണ്ടു വശത്തും. ഉദ്ഘോഷം=കോലാഹലം ഉയരുമാറ്.

൨൩. ദാനത്തിന്നു മദജലമെന്നും അർത്ഥം. കൂട്ടം=കൂട്ടതലായുള്ള. ഇഭതിലകന്നു=നല്ല കൊമ്പനാനയ്ക്കു.

൨൪. ധാവ—സേവക്കായ്=നല്ലവെളുപ്പുള്ള അവന്റെ വെണ്കൊററക്കുടയാകുന്ന ചന്ദ്രനെ സേവിപ്പാൻ. ഉഡുരാജി=നക്ഷത്രസംഘം. രാജാവിന്റെ യാത്രാവസരത്തിൽ വൃദ്ധപൌരസ്ത്രീകൾ ലാജവർഷം ചെയ്യുക എന്നതു് ഒരാചാരവിശേഷമാകുന്നു.

൨൫. ഇനി എതാനും ശ്ലോകങ്ങൾകൊണ്ടു സൈന്യത്തെ വർണ്ണിക്കുന്നു.

Digitized By Kerala Sahitya Akademi

ചെന്താരിൻപ്രിയനൊടെ ഖാജികൾക്കെല്ലാം
വെന്താളിച്ച പജയമേകമാ ഹയങ്ങൾ,
യന്താക്കൾക്കടയ നവാതപാപ്തിദീപ്യൽ-
കുന്താഗ്രച്ചെറുകൊടി പാറിയുല്ലസിച്ചു. ൨൬

പൊൽക്കൊള്ളാ രവിവിജയിപ്രതാപനാകു-
ന്നക്കൊച്ചുക്ഷിതിപതിതന്നകമ്പടിക്കാർ
കൈക്കൊണ്ടോരസിഫലകങ്ങളേറെ മിന്നാ-
നായ്ക്കൊണ്ടാ നവരവി തൻകരം നടത്തീ. ൨൭

സാമന്തപ്രവര,രിടപ്രഭുക്കൾ, രക്ഷാ-
സാമത്ഥ്യം തടവിന ശൂരർ, പൌരമുഖ്യർ,
ഗ്രാമത്തിൽപ്പെരിയവർ, സാങ്ഗവേദശാസ്ത്ര-
ഗ്രാമത്തിൽപ്പരിചയമേറുമാരണന്മാർ, ൨൮

വേട്ടക്കാര,രയർ; പടജ്ജനങ്ങൾതൻമേൽ-
നോട്ടക്കാര,ഗദകരേന്ദ്രർ, വാണിഭക്കാർ,
ആട്ടക്കാർ ഗണികകൾ, പാട്ടുകാർ, കഴക്കൂ-
ത്താട്ടക്കാർ, ബഹുവിധവാദ്യവാദകന്മാർ, ൨൯

൨൬. ചെന്താരിൻപ്രിയൻ=സൂര്യൻ. യന്താക്കൾ=സാദികൾ. നവാ—കോടി=ഇളവെയിൽതട്ടി പ്രകാശിക്കുന്ന, കുന്തത്തലയ്ക്കലെ ചെറുകൊടി. വിജയം നേടിയവർ കൊടി പാറിക്കുക സാധാരണയാണല്ലോ.

൨൭. രവി—താപൻ=ആദിത്യനെ ജയിച്ച പ്രതാപമുള്ളവൻ. അസിഫലകങ്ങൾ=വാളും പരിചയും. നവരവി=ബാലസൂര്യൻ. കരം=രശ്മി, കയ്യ്. പ്രഭാതസമയത്തായിരുന്നു ചന്ദ്രസേനന്റെ യാത്ര.

൨൮. സാംഗ—മത്തിൽ=വേദവേദാംഗശാസ്ത്രസമൂഹത്തിൽ. പരിചയം=അറിവ്. ആരണന്മാർ=ബ്രാഹ്മണർ.

൨൯. അഗദകരേന്ദ്രർ=വൈദ്യവരന്മാർ.



Digitized By Kerala Sahitya Akademi

ദൈവജ്ഞദ്വിജർ, പലജാതി ശില്പവേല-
ക്കാർ, വന്ദിപ്പരിഷ തുടങ്ങസംഖ്യമാളുകാർ
സ്വാവസ്ഥാസദൃശവിശുദ്ധവേഷരായാ-
ദ്ദേവൻതൻ മകനെ രസേന പിന്തുടർന്നു ൩൦
(വിശേഷകം)

ആ മോടിപ്പൊലിമയൊടും ജനങ്ങളെല്ലാ-
മാമോദം പുറമെയുമുള്ളിലും വഹിച്ചു;
വ്യാമോചിച്ചിതു പരമേവനും, മുഷിപ്പെ-
ന്നീ മോശപ്രകൃതിയിൽനിന്നു മെയ്യുമുള്ളും. ൩൧

യാനത്തിൽക്കയറിയുമാറു കാൽനടയ്ക്കും
ധ്വാനം പൂണ്ടിളകിടുമാജ്ജനോൽക്കരത്താൽ,
വാനത്തെക്കുള്ളർപ്പുഴയാൽ ഭഗീരഥൻപോ-
ലാനന്ദിച്ചനുഗതനായവൻ വിളങ്ങി. ൩൨

ആനപ്പാറകൾ, പല തേർത്തുരുത്തു, വാജി-
ഗ്രാമപ്പുത്തിരകൾ, പദാതിജന്തുവർഗ്ഗം
ഊനം വിട്ടിവയെ വഹിച്ചവന്റെ പശ്ചാൽ-
സ്ഥാനത്തൊത്തിളകി മഹാചമൂസമുദ്രം. ൩൩

൩൦. ദൈവജ്ഞദ്വിജർ=ജ്യോത്സ്യബ്രാഹ്മണർ. വന്ദിപ്പരിഷ=സ്തുതിപാഠകസമൂഹം. സ്വാവ—വേഷർ=തങ്ങളുടെ അവസ്ഥയ്ക്കു തക്കതും, വിശുദ്ധവുമായ വേഷത്തോടു കൂടിയവർ. ദേവൻ=രാജാവ്.

൩൧. ആമോദം=സൗഖ്യം, സന്തോഷം. വ്യാമോചിച്ചിതു=വേർപെട്ടു. മുഷിപ്പ്=മാലിന്യം, അനുന്മേഷത. എല്ലാരും സുഗന്ധദ്രവ്യങ്ങളെ പെരുമാറിയവരും, സന്തുഷ്ടന്മാരും, വിശുദ്ധവേഷന്മാരും, ഉന്മേഷഭരിതന്മാരുമായിരുന്നു.

൩൨. യാനം=വാഹനം. ധ്വാനം=ശബ്ദം. വാനത്തെക്കുള്ളർപ്പുഴയാൽ=ഗംഗയാൽ. അനുഗതൻ=പിന്തുടരപ്പെട്ടവൻ.

൩൩. പശ്ചാൽസ്ഥാനത്ത്=പിന്നിൽ. മഹാചമൂസമുദ്രം=വമ്പിച്ച സൈന്യമാകുന്ന കടൽ.

Digitized By Kerala Sahitya Akademi

ധാരാളം വസുകൃതവൃഷ്ടിയുണ്ടു്, ഭാര-
ന്നാരാമശപികളോടു കൂടി ശുദ്ധഘോഷം
ആ രാജാഭരണകുമാരകന്നു പിൻപേ-
ന്നാരാജിച്ചിതു പട ദേവസേന പോലെ. ൩൪

ആ വാച്ചീടിന പടതൻഭരം സഹിപ്പാ-
നാവാഞ്ഞിട്ടു്, വിരളധൂളികൈതവത്താൽ
ഭൂവാരാൽ സുരപഥസീമ്നി ചെന്നു പാരീ:
സേവാർഹം, ഹരിപദമാത്തരക്ഷിയല്ലോ. ൩൫

ചൊല്ലാർന്നു നൃപസുതമൌലിയാത്ര കാൺമാ-
നെല്ലാരും പലപടി മോളി കൂട്ടി നിൽക്കെ,
വല്ലാതപ്പടകളുയർത്തിടും രജസ്സാ-
ലുല്ലാസിപ്പതുപുട ചാർത്തി ദിഗ്വധുക്കൾ. ൩൬

ചോലത്തും വഴികളിലാർച്ചമൂവിമർദ്ദ-
ത്താലോരം ചിതറിയ ശോണരേണുജാലം
ചാലേ ദിക്കരിവരകുംഭസീമ്നി സിന്ദൂ-
രാലേപം ശുഭകരമാചരിച്ചു നൂനം. ൩൭

൩൪. വസുകൃതവൃഷ്ടി=വസുക്കളാൽ (ദ്രവ്യങ്ങളാൽ, അഷ്ടവസുക്കളാലെന്നും) ഉണ്ടാക്കപ്പെട്ട വൃഷ്ടി. അശപികൾ=കവിപാഠകന്മാർ. അശപി ദേവകളെന്നും. രാജാ—കൻ=രാജശ്രേഷ്ഠപുത്രൻ, ചന്ദ്രശേഖരസുതൻ (സ്കന്ദൻ) ആരാജിച്ചു=ശോഭിച്ചു. സ്കന്ദൻ ദേവസേനാപതിയെന്നു പ്രസിദ്ധം.

൩൫. അവി—വത്താൽ=അനല്പമായ പൊടിയെന്ന വ്യാജേന. ആരാൽ=ദൂരെ. സുരപഥസീമ്നി=ആകാശത്തു്. ഹരിപദം=വിഷ്ണുപദം, അഥവാ സൂക്ഷ്മസ്ഥാനം (ആകാശം) വിഷ്ണുപദമെന്നും. ആത്ത—ക്ഷി=കഴിഞ്ഞവരെ രക്ഷിക്കുന്നതു്.

൩൬. എല്ലാരും=എല്ലാ സ്ത്രീകളും. രജസ്സാൽ=പൊടിയാൽ. ദിഗ്വധുക്കൾ=ദിക്കുകളാകുന്ന സ്ത്രീകൾ.

൩൭. ചമൂവിമർദ്ദം=സൈന്യമർദ്ദനം, ശോണരേണുജാലം=ചുകന്ന

Digitized By Kerala Sahitya Akademi

സൂതപ്രേരിതഹയചംക്രമോത്ഥപാംസു-
വ്രാതത്താൽ ദ്യുമണി മറഞ്ഞിരുണ്ട വാനിൽ
തേർതൻ വെൺകൊടിനിര കാററിലാടി മിന്നീ,
കാർതങ്കംപൊഴുതണിവെള്ളിൽമാല പോലെ. ൩൮

വാനം തേരുരുളൊലിയാൽ മുഴങ്ങവേ, നൽ-
ഗാനംപൂണ്ടുപവനബർഹിണങ്ങൾ ഭംഗ്യാ
പീനശ്രീയുവസുഘോഷയാത്ര കണ്ടി-
ട്ടാനന്ദം പെരുകിയപോലെ നൃത്തമാടീ. ൩൯

ഉന്നിക്കം മുകിലുകൾപോലെ, മിന്നലൊക്കം
പൊന്നിൻകോപ്പുഴകിലണിഞ്ഞ കുഞ്ജരങ്ങൾ
മന്നിങ്കൽപ്പുതുമദവാരി തൂകി, വാനം
ചിന്നിപ്പോരിടിയെതിർബൃംഹിതം മുഴക്കീ. ൪൦

തേരിന്നുള്ളൊലി, ഗജഗർജ്ജിതങ്ങൾ, ചേതോ-
ഹാരിത്വം തടവുമനേകവാദ്യനാദം
പാരിഷ്ഠം വിധമിവയൊത്തു ചേർന്ന ഘോഷം
പൂരിച്ചു ഭുവനകടാഹകത്തിലെങ്ങും. ൪൧

---

പൊടിപടലം. ഭിക്ക—സീമ്നി=ദിഗ്ഗജങ്ങളുടെ മസ്തകത്തിൽ. സന്ധ്യാരാഗലേപം=സിന്ദൂരം തേയ്ക്കൽ. ആനയുടെ മസ്തകത്തിൽ സിന്ദൂരംതേയ്ക്കൽ നടപ്പുണ്ട്.

൩൮. സൂത—വ്രാതത്താൽ=സൂതന്മാരാൽ തെളിക്കപ്പെട്ട കുതിരകളുടെ സഞ്ചാരത്താലുണ്ടായ ധൂളിജാലത്താൽ. ദ്യുമണി=സൂര്യൻ. വെള്ളിൽമാലയ്ക്ക് (വെള്ളിൽ പക്ഷിക്കൂട്ടത്തിനു) മേഘം സഖ്യം വളരെ പ്രിയമാണ്.

൩൯. ഉപവനബർഹിണങ്ങൾ=ഉദ്യാനമയൂരങ്ങൾ. രഥശബ്ദം കേട്ടിട്ടു മയിലുകൾക്ക് ഇടിമുഴക്കമാണെന്ന ഭ്രമം ജനിച്ചുവെന്നു സാരം.

൪൦. മിന്നലെന്നതിനു തടിത്തെന്നും, ഉജ്ജ്വലത എന്നും അർത്ഥം. ബൃംഹിതം=ചിന്നംവിളി.

൪൧. ചേതോഹാരിത്വം=മനോഹരത്വം. പൂരിച്ചു=നിറഞ്ഞു.

Digitized By Kerala Sahitya Akademi

മാതംഗപ്പിറകിലെഴും മഹാജവാശ്വ-
വ്രാതത്തെക്കിമപി പതുക്കവേ നടത്താൻ
ചേതസ്സിൻതടവിനു യോഗനിഷ്ഠർ തേടു-
ന്നാതങ്കം സമനുഭവിച്ചു സാദിമുഖ്യർ. ൪൨

വാളും, കുന്തം, വടിയിവ തോളിൽ വെച്ചോ,രേമ-
ട്ടാകും മെയ്യുളവുമുടുപ്പുമാർന്ന യോധർ
തൂകും നല്ലഴകൊടൊരേ പദക്രമത്തിൽ-
പ്പോകും പോക്കതിസുഖമക്ഷികൾക്കു നൽകീ. ൪൩

ആരാവം പെരുകിടുമാറു പിൻനടക്കും
വാരാശിപ്രതിനിധിയായ സേനയാലേ
പാരാകെ പ്രബലതരം കുലുക്കിയുംകൊ-
ണ്ടാ രാജാത്മജനെഴുനള്ളിനാനുദാരം. ൪൪

യാനംചെയ്തിടുമവനെ സ്വമാളികാഗ്രേ
സാനന്ദം മരുവിന മന്നവൻ സദാരൻ
'സേനത്തേർക്കൊടിനിരയും ക്രമാലദൃശ്യ-
സ്ഥാനത്താംവരെ മിഴികൊണ്ടു പിന്തുടർന്നു. ൪൫

൪൨. മാതംഗപ്പിറകിൽ=ആനകളുടെപിന്നിൽ. മഹാ—ത്തെ=വമ്പിച്ചവേഗമുള്ള കുതിരക്കൂട്ടത്തെ. കിമപി=കുറഞ്ഞൊന്ന്. ചേതസ്സിൻ തടവിനു=ചിത്തനിരോധത്തിനു. യോഗനിഷ്ഠർ=യോഗം ശീലിക്കുന്നവർ. ആതങ്കം= ക്ലേശം. സമനുഭവിച്ചു=വഴിപോലെ അനുഭവിച്ചു.

൪൩. മെയ്യുളവ = ദേഹത്തിന്റെ വലിപ്പം. ഒരേപദക്രമത്തിൽ=കാലടികൾ ഒപ്പം വെച്ചുകൊണ്ടു.

൪൪. വാരാശിപ്രതിനിധി= സമുദ്രതുല്യം.

൪൫. യാനംചെയ്യുക=പോവുക. മഹാസേനനും മനോരമക്കും ഏകപുത്രനിലുള്ള വാത്സല്യാതിശയം സവിശേഷം സൂചിക്കുന്നു.

Digitized By Kerala Sahitya Akademi

സ്വാലോകാൽ ജ്ജനപദപട്ടണങ്ങൾ തോറും
മാലോകർക്കഭിനവസൌഭാഗ്യമേകി,
വ്യാലോലോത്സവമവർതൻ ശുഭോപചാരം
ഭൂലോകേശ്വരസുതനാസ്ഥയോടുമേററു. ൪൩

പൂവല്ലീനിരകളെ മെല്ലെയൊന്നിളക്കി,-
ക്കാർവണ്ടിൻകളരവമാർന്ന കാറ്റുതെന്നൽ,
കൈവന്നോരവസരമാദരിച്ചു മാർഗ്ഗേ
ഭൂവല്ലീപ്രിയസുതനെസ്സുഖം ഭജിച്ചു. ൪൪

പാലായിപ്പൊഴുതജലം കുളുത്ത കാററിൽ-
ച്ചേലൊന്നൊന്നിളകി, നനുത്തോരോളമേന്തി
ലീലാർഹം പ്രകൃതിയണിഞ്ഞ താരഹാരം-
പോലാകും പല പുഴ കണ്ടവൻ രസിച്ചു. ൪൫

മെച്ചപ്പെട്ടഭിനവസസ്യമണ്ഡലത്താൽ
പച്ചപ്പട്ടുചിതതരം വിരിച്ചപോലെ
നൽച്ചന്തം തടവിന മന്നിടങ്ങൾ കണ്ടി-
ട്ടുച്ചസ്സപ്രതിമന കൺ കുളുർത്തിതേററം. ൪൬

---

൪൩. സ്വാലോകാൽ = തന്റെ ദർശനത്താൽ. ജനപദം = നാട്ടുപുറം. വ്യാലോലോത്സവം = ഉത്സവങ്ങളിളകുമാറു്. ഏററു = സ്വീകരിച്ചു.

൪൪. തനിക്കു ദുർല്ലഭതരമായ ഭൂവല്ലീപ്രിയസുത(രാജകുമാര)ഭജനം സാധിപ്പാൻ അനായാസേന ലഭിച്ച അവസരത്തെ കാറ്റുതെന്നൽ എങ്ങിനെ ശുഷ്കാന്തിയോടുകൂടി കൊണ്ടാടാതിരിക്കും? എന്നു സാരം.

൪൫. പാലായിപ്പൊഴുത = പാലുപോലെ ധവളവും മധുരവുമായ. താരഹാരം = വെൺമയേറിയ മുത്തുമാല.

൪൬. അഭി—ലത്താൽ = പുതിയ സസ്യസമൂഹത്താൽ.

Digitized By Kerala Sahitya Akademi

ചൂടുറ്റോരുലകിനു ജീവനത്തെ വർഷി-
ച്ചീടും കാർമുകിലുകളെശ്ശിരസ്ഥലത്തിൽ
ചൂടും വൻഗിരികളു,ദാരശീലരെക്കൊ-
ണ്ടാടുന്നോരവനതിഹർഷമേകി മാർഗ്ഗേ. ൧൦

നേരാം മട്ടുപകരണങ്ങളെത്തു, നാട്ടു-
കാരാൽ ച്ചെന്നടിയറവെച്ച വസ്തു തിങ്ങി,
ആരാമക്കളിനിലയങ്ങളെന്നപോലാ-
യാ, രാജാത്മജനു വഴിക്കു പാർപ്പിടങ്ങൾ. ൧൧

നാനാഭൂപ്രകൃതികൾ കണ്ടു ഹർഷവായ്പാൽ
യാനാതിക്ലമമറിയാതവൻ ക്രമത്താൽ,
വാനാർന്നാപ്പൊട്ടിയണിവൈജയന്തി ചിഹ്നം
സേനാസഞ്ചയമൊടു വേതസത്തിലെത്തി. ൧൨

വാരാശിത്തിരനിരയിങ്കലാവതോളം
നീരാടിത്തെളിവിൽ വരും ദിനാന്തവാതം
ദൂരാധ്വശ്രമമെഴുമാസ്സസൈന്യനാകും
വീരാഗ്ര്യന്നുളപൊഴുതാറ സൌഖ്യമേകി. ൧൩

൧൦. ജീവനം=ജലം, കഴിച്ചിലിനുള്ള വക; ഉദാരശീലന്മാരെ അഭിനന്ദിക്കുക എന്നതു പക്ഷക്കാരനു പ്രകൃത്യാ പ്രിയപ്പെട്ട കാര്യമാണ്; അതാണിവിടെ പർവ്വതങ്ങൾ അനുഷ്ഠിക്കുന്നതു്. ജീവനവർഷംകൊണ്ടു ലോകസന്താപത്തെക്കെടുക്കുന്ന മേഘങ്ങളുടെ ഔദാര്യം എന്നും സംശ്ലാഘനീയമാണല്ലോ.

൧൧. ആരാമക്കളിനിലയങ്ങൾ=പൂങ്കാവിലുള്ള കളിമേടകൾ.

൧൨. യാനാതിക്ലമം=യാത്രാക്ഷീണം. വൈജയന്തി=കൊടിക്കൂറ. വേതസം ൫-ാം സർഗ്ഗത്തിൽ പ്രസ്താവിച്ചിട്ടുള്ള പട്ടണം.

൧൩. ദിനാന്തവാതം=സന്ധ്യാസമയത്തെ കാറ്റ്. ദൂരാധ്വശ്രമം=വളരെ വഴി പിന്നിട്ടതിനാലുള്ള ക്ഷീണം.

Digitized By Kerala Sahitya Akademi

വാരാശിക്കരയിൽ വിളങ്ങുമാപ്പുരത്തി-
ന്നാരാൽച്ചെന്നളവ,വനെ പ്രക്രുദ്ധഹർഷം
പാരാതെ സപദിയമെതിരേറ്റു വേത്രസേശൻ,
താരാധീശനെയലയേന്തുമാഴിപോലേ. ൨൮

നമ്രാത്മാവഥ ജയകേതു മുൻനടന്നു,-
ന്നമ്രാട്ടദ്ധ്വജമണിതോരണാദിയാലേ
കമ്രാഭം വിലസിന തൻപുരേ ഭവിഷ്യൽ-
സമ്രാട്ടാമിവനെയണച്ചു സേനയോടും. ൨൯

താരമ്പൻ തിരുവടിയും തരം കെട്ടുമാ-
റാരമ്യദ്യുതി കലരും കുമാരകങ്കൽ
പൌരപ്പെൺകൊടികൾ തദാ പൊഴിച്ചുകൊണ്ടാർ
സാരസ്യോല്ലസിതവിലോചനോൽപ്പലൌഘം. ൩൦

നീരന്ധ്രപ്രസൃതമരുത്സമാങ്ഗഭാസ്സാൽ
പൌരസ്ത്രീകമലിനികൾക്കിളക്കമേകി,
ശ്രീരഞ്ജിപ്പിയലിന രാജധാനി പൂകാൻ
സൈ്വരം തന്നനുചരരൊത്തു ചന്ദ്രസേനൻ. ൩൧

൨൮. പുരത്തിന്നാരാൽ= പുരത്തിന്റെ അടുത്ത്. അലയേന്തുമാഴിയെ ഉപമാനമാക്കുകയാൽ വേത്രസേശൻ (ജയകേതു) ആൾക്കാരോടു കൂടിയാണു ചന്ദ്രസേനനെ എതിരേറ്റതെന്നു ധ്വനിക്കുന്നു.

൨൯. നമ്രാത്മാവ്= വണങ്ങിയവൻ. ഉന്ന—യാലേ=ഉയർന്ന കൊത്തളം, കൊടിമരം, രത്നതോരണം മുതലായവയെക്കൊണ്ട്. കമ്രാഭം= മനോഹരശോഭയോടു കൂടുംവണ്ണം. ഭവിഷ്യൽസമ്രാട്ട്= ഭാവിചക്രവർത്തി.

൩൧. നീര—ഭാസ്സാൽ= ഇടതിങ്ങിപ്പരന്ന മരുത്സമം (വെളുപ്പും വായുതുല്യമെന്നും) ആയ ദേഹകാന്തികൊണ്ടു. പൌര—നികൾ= വേത്രസപുരസ്ത്രീകളാകുന്ന താമരപ്പൊയ്കകൾ.

Digitized By Kerala Sahitya Akademi

വേണംപോലവനു, വികസ്വരാദരത്താൽ
താണംകൊണ്ടഥ ജയകേതുപൂജചെയ്തു,
കാണന്നോക്തിഥി ഗൃഹേശനും, ഗൃഹേശൻ
ചേണുറ്റോരതിഥിയുമായി മാറമാറേ. ൫൮

നിൽക്കാതാപ്പുരപതിഭൃത്യരാചരിക്കം
സൽക്കാരാൽസ്സുഖമൊടു സേന വിശ്രമിക്കേ,
പുക്കാനങ്ങവനിപപുത്രനും കിടപ്പാൻ
സൽക്കാന്തിപ്രചുരിമ പൂണ്ട സൌധരത്നം. ൫൯

തക്കത്തിൽജ്ജനൽകളിലൂടെ മാളികയ്ക്കുൾ-
പുക്കംഗം തടവിന വാരിരാശിവാതം,
അക്കന്യാമണിയെ നിനച്ചിട്ടും കുമാര-
നുൾക്കാമാനലശിഖയെത്ത്രലോം വളർത്തി. ൬൦

"ചിന്നിക്കൊണ്ടല കലരും മഹാബ്ധി ലംഘി-
ച്ചെന്നിഷ്ടാംഗനയെ ലഭിച്ചു കൊൾവതെന്നോ ഞാൻ,
മന്നിങ്കൽ സ്ഥിരമതി വിഘ്നജാലമെല്ലാം
പിന്നിട്ടിട്ടഭിമതസിദ്ധിയെക്കണക്കേ! ൬൧

ആ മുഗ്ദ്ധപ്രണയിനിതൻ വിയർപ്പുതുള്ളി-
ത്തുമ്പത്തിൻനിര ചിതറുന്ന പാണിപത്മം

൫൮. വേണംപോൽ=വേണ്ടുംവിധം. വികസ്വരം=വിടർന്നതു. കാണികൾ അതിഥിയെ ഗൃഹസ്ഥനെന്നും, ഗൃഹസ്ഥനെ അതിഥിയെന്നും ശങ്കിക്കുന്നവിധം എന്നുവെച്ചാൽ; സ്വഗൃഹത്തിലെ സർവ്വസ്വാതന്ത്ര്യവും ചന്ദ്രസേനനിൽ സമർപ്പിച്ചുകൊണ്ട് എന്നു താല്പര്യം.

൫൯. അപ്പുരപതിഭൃത്യർ=ജയകേതുവിന്റെ ആൾക്കാർ.

൬൦. വാരിരാശിവാതം=കടൽക്കാറ്റ്. കാറ്റ് അനലശിഖയെ (അഗ്നിജ്വാലയെ) വളർത്തുമല്ലൊ.

൬൧. ലംഘിച്ചു=കടന്ന്. ഇഷ്ടാംഗന=പ്രിയസുന്ദരി.



Digitized By Kerala Sahitya Akademi

മെയ്മുറം പുളകിതമാം വിധം ഗ്രഹിച്ചുമു-
ൾപ്പൂമത്തിൻ പുത്തനിധിയായ് ബ്ഭവിപ്പനോ ഞാൻ! ൩൨

ചേലഞ്ചും നവപരിണീതമാർക്കു ചേരും
വൈലക്ഷ്യപ്രണയഭയാദിമേളനത്താൽ
ലീലപ്പൂമണിയറയിൽപ്പരുങ്ങി നിൽക്കും
മാലപ്പെൺമണിയെ ഹഠേന പൂണ്മതോ ഞാൻ!”

ഇന്നും പ്രിയജനചിന്ത വന്നണഞ്ഞാ-
പ്പുവമ്പപ്രഭ്രമേന വന്നണഞ്ഞുമൂലം,
വൈവശ്യം തടവുമവന്നു നിദ്ര തീരെ-
ക്കൈവന്നീലി,രവതു പാതി ചെല്ലുവോളം. ൩൪

ആ രാവിന്നറുതിയിലഗ്ര്യവാഗ്വിലാസ-
ന്മാരാകും സുമതികൾ സൂതനന്ദനന്മാർ,
നേരാം മട്ടുപചിതമാമുണർച്ചയാലേ
പേരാളുന്നവനെയുണർത്തുവാനൊരുങ്ങീ:— ൩൫

“രാവിതാ! മുഴുമിച്ചു; രാജകുമാര, വീര, കിടക്കയെ-
ക്കൈവിടാൻ തവ കാലമായിതു കാലവേദിശിഖാമണേ!

൩൨. പുളകിതം=രോമാഞ്ചമുണ്ടായത്. ഉൾപ്പൂമത്തിൻ=മനസ്സന്തോഷത്തിന്റെ.

൩൩. നവപരിണീതമാർ=വേളി കഴിഞ്ഞിട്ടേറെയായിട്ടില്ലാത്ത സ്ത്രീകൾ. വൈല—നത്താൽ=ലജ്ജ, പ്രേമം, സാധ്വസം മുതലായവയുടെ ചേർച്ചയാൽ. ഹഠേന=ബലാൽക്കാരേണ.

൩൪. പ്രിയജനചിന്തയും നിദ്രയും സ്ത്രീലിംഗമാകയാൽ, ഒരു സപത്നീമാത്സര്യം ദ്യോതിപ്പിക്കുന്നു.

൩൫. ഉണർച്ച=ഉത്സാഹം. പള്ളിയുണർത്തുന്നവർ, രാജകുമാരന്റെ സവയസ്സുകളാണെന്നു കാണിപ്പാനാണ്, സൂതനന്ദനന്മാർ എന്നു പ്രയോഗിച്ചിരിക്കുന്നതു്.

Digitized By Kerala Sahitya Akademi

ദ്യോവിലെത്തി മുഴങ്ങിടുന്നിതു കോഴി കൂകിടുമാരവം
ശ്രീവിഭാതസമാഗമോത്സവകാഹളധ്വനി പോലവേ. ൫൬

നാടകല്മഷമാക്കുവാൻ നവഹേതികൊണ്ടിഹ താമസീ-
കൂടരാക്ഷസിയെപ്പുലർകൊലചെയ്തു തല്പുടഘോരയാൽ
പാടലാംബരനാകുമീപ്പുലർകാലവീരനതിസ്വയ-
ത്തോടണഞ്ഞതു പുകഴ്ത്തിടുന്നു കളസ്വനം ദ്വിജമണ്ഡലം. [൫൭]

ചന്ദ്രസേന! ഭവാന്റെ പാതി മഭിഖ്യകൊണ്ടതിരമ്യനാം
ചന്ദ്രനിങ്ങിനെ വാരുണീപരിഷേവ ചെയ്തു ശയാനവേ
ഇന്ദ്രദിങ്മുഖമാണു ഹന്ത ചുകന്നിടുന്നതി,തെന്തഹോ! നി-
സ്സാന്ദ്രമാം പ്രമദം കലർന്നു ചിലപ്പതോ ചില പക്ഷികൾ! [൫൮]

ജ്വാല പൂണ്ടു,ദയാചലാടവിതന്നിലാളിയ കാട്ടതീ-
ക്കോലവേ, പുതുഹ്രുതങ്ങൾ പുഴന്ന ശോണനഭോവ്രജം
ജാലരന്ധ്രവഴിയ്ക്കു കേളിനികേതനങ്ങളിലെത്തി, സു-
ശീതളമാം വിരഹാഗ്നിതാപമിയറ്റിടുന്നു യുവാക്കളിൽ. ൫൯

൫൬. കാലജ്ഞവരിശിഖാമണി=കാലത്തെ അറിയുന്നവരിൽ മുമ്പൻ. ദ്യോവ്=ആകാശം. ശ്രീവി—ധ്വനി=പ്രഭാതത്തിന്റെ വരവാകുന്ന ഉത്സവത്തിന്റെ കാഹളശബ്ദം.

൫൭. അകല്മഷം എന്നതിനു നിഷ്കണ്ടകം എന്നു നിഷ്കൃഷ്ടാർത്ഥം. ഹേതിയ്ക്കു സൂര്യപ്രഭയെന്നും, ആയുധമെന്നും അർത്ഥം. താമസി=താമസി (രാത്രി) എന്നു പറയുന്ന രാക്ഷസി. പാടലാംബരം ആകാശവസ്ത്രവാചിയാകുന്നു. ദ്വിജമണ്ഡലം=പക്ഷിഗണമെന്നും, ബ്രാഹ്മണസമൂഹമെന്നും. രാക്ഷസീനിഗ്രഹം, ബ്രാഹ്മണർക്കു വിശേഷം സന്തോഷകരമാണല്ലോ.

൫൮. അഭിഖ്യ=പേർ, കാന്തി. വാരുണീപരിഷേവ=പശ്ചിമാശാപ്രാപ്തി; മദ്യപാനമെന്നും. ഇന്ദ്രദിങ്മുഖം=കിഴക്കേദിക്കിന്റെ മുഖം. പ്രമദം=സന്തോഷം, ലഹരി. ഒരാൾ കുടിച്ചു; മറ്റൊരാളുടെ മുഖം ചുകന്നു, വേറെചിലർക്കു ലഹരി; ഇതു അത്ഭുതംതന്നെ.

൫൯. ഉദയാചലാടവി=ഉദയപർവ്വതത്തിലെ കാട്. പുതുള്ള

Digitized By Kerala Sahitya Akademi

ആവതോളമുദാരസൌരഭമോമുപായനവസ്തുവെ-
ച്ചുവനങ്ങളിൽനിന്നെടുത്തു പുറപ്പെട്ടും പുലർകാററിതാ
ശ്രീവളർന്ന സദാഗതിപ്രിയനായ നിന്തരുമേനിയെ-
സ്സേവചെയ്‌വതിനെന്നപോലിഹ വന്നിടുന്നു പതുക്കെ

സീമയററ നിറപ്പകിട്ടൊടു മിന്നിടുന്നു, തുടപ്പെഴും
പൂമരത്തളിരിൽപ്പതിച്ച വിശുദ്ധമാം ഹിമശീകരം
കാമസുന്ദര! കാണികൾക്കിതു വാസരോദയവേളതൻ
കോമളാധരമാന്ന പുഞ്ചിരിയെന്നുതോന്നു മസംശയം

ധൌതമുത്തെതിർമഞ്ഞുതുള്ളിയുതിർത്തി-
ടുന്നിതു സാമ്പ്രതം
വാതമോററ വിറച്ച പത്രകരങ്ങ-
ളാൽത്തരുവല്ലികൾ:
ഭൂതലേന്ദ്രകുമാര! നിൻതിരുയാത്ര-
യിൽപ്പുരവൃദ്ധമാർ
പൂതമാമുപചാരവെൺമലർ തൂകി-
ടുന്നതു പോലവേ. ൧൨

തരിക്ക്- കിഴക്കെ ദിക്ക്. ശോണരുചിവ്രജം= ചുകന്ന ശോഭാപടലം. ജാലരന്ധ്രവഴിക്കു=ജനാൽപ്പഴുതിലൂടെ. കേളിനികേതനങ്ങൾ=ലീലാഗൃഹങ്ങൾ. ഉദ്വേലം=കരകവിഞ്ഞത്, കാട്ടുതീയ്ക്ക് താപത്തെ ഉണ്ടാക്കുമല്ലോ.

൧൦. ഉദാരസൌരഭം=മികച്ചസൌരഭ്യം. ഉപായനവസ്തു=കാഴ്ചവെപ്പാനുള്ള സാധനം. സദാഗതിപ്രിയൻ=സത്തുക്കളുടെ ആഗതിയിൽ (ആഗമനത്തിൽ), സദാഗതിയിൽ (വായുവിൽ) പ്രീതിയുള്ളവൻ. തിരുമേനി പള്ളിയുണന്ന് ഈ സേവാലോലനായ പ്രഭാതവായുവിനെ സംഭാവനം ചെയ്യാലും! എന്നു താൽപര്യം.

൧൧. തളിരിനെ വാസരോദയവേള (പ്രഭാതസമയം) ആകുന്ന സുന്ദരിയുടെ കോമളാധരത്തോടും, ഹിമശീകരത്തെ (മഞ്ഞിൻതുള്ളിയെ) പുഞ്ചിരിയോടും സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

൧൨. ധൌതം=നിർമ്മലം. വാതം=കാററ്. പത്രകരങ്ങൾ=ഇല

Digitized By Kerala Sahitya Akademi

മങ്കമാർ മടിച്ചിട്ടുണർന്നെഴുന്നേറ്റ
ഹന്ത! ഗൃഹങ്ങൾ ത-
ന്നങ്കണത്തറമേൽ വരിപ്പടിയായ് വി-
രിച്ച സുമങ്ങളെ,
തിങ്കൾതൻ കഥ തീർന്നമൂലമനാഥ-
താധി പൊറാഞ്ഞു, വാ-
നിങ്കൽനിന്നു പതിച്ച താരകളെന്നു
കാണികളോർത്തുപോം. ൧൬

ചെമ്പരത്തിനിറം വഹിച്ചഹർമ്മു-
ഖത്തെയുമുള്ളു ക-
ണ്ടമ്പരന്നതുപോലെ പാഞ്ഞൊളിയുന്നു
കൂരിരുൾ ദൂരവേ,
വൻപനാം തവ രോഷരൂഷിതമായ്ച്ചു-
മന്ന മുഖത്തെയും-
കമ്പമേറിടുമാറു കാണുമരാതി-
സേന കണക്കിനേ. ൧൭

സച്ചരിത്ര, കിഴക്കുഭാഗമൊരച്ഛമായ നിറപ്പകി-
ട്ടുച്ചലിച്ചു, മിരുട്ടിനാൽ മറവിക്കിരുണ്ടുമിരിക്കയാൽ

---

കളയുന്ന കൈകൾ. പുരവൃദ്ധമാരും വാതം (വാർദ്ധക്യത്തിലുണ്ടാകുന്ന വാതവികാരം) ഏറ്റുവിറച്ച കൈകൾ കൊണ്ടാണല്ലോ, മംഗളജല വർഷം ചെയ്യുമാറുള്ളത്.

൧൬. അങ്കണം=മുറ്റം. അനാഥതാധി=നാഥനില്ലായ്കയാലുള്ള നലിഞ്ഞുമുള്ള ദുഃഖം. പതിച്ചു=പ്രാണത്യാഗത്തിന്നെന്നപോലെ വീണു. താരകൾ=നക്ഷത്രങ്ങൾ. പുലർകാലത്തു മുറ്റത്തു പൂവിടുക എന്നതു പലേടങ്ങളിലും സ്ത്രീകൾ പതിവായി ആചരിക്കുന്ന ഒരു മംഗളകർമ്മമാകുന്നു.

൧൭. അഹർമ്മുഖം=പ്രഭാതം. രോഷരൂഷിതം=കോപവ്യാപ്തം. അരാതിസേന=ശത്രുസൈന്യം.

Digitized By Kerala Sahitya Akademi

തച്ചലൽക്കിയലക്ഷകരനൊരാറമാസകലം വെള്ള-
പ്പിച്ചതാം മലിനാംബരത്തൊട്ടു തുല്യമിപ്പൊഴതാംബര

ഗോകദംബഗുണങ്ങളാലൊരുണച്ചയെങ്ങുമേന്നച്ചിട്ടും
ലോകബാന്ധവനിങ്ങയച്ചോരന്തരുവിന്റെ സമാഗമാൽ
ഭീകരോഗ്രതമസ്സിൽനിന്നൊരുമട്ടൊഴിഞ്ഞു തെളിഞ്ഞ ദി-
ക്കൾകവേ ഞെട്ടുവീപ്പിടുന്നു തുഷാരമാരുതകൈതവാൽ· ൧൬

ലാലസിപ്പിതു പൂർവ്വദിക്കിൽ നവാരുണദ്യുതിയാം തിര-
ശ്ശീല, ഭേരിയൊലിച്ചു തുല്യമിരമ്പിടുന്ന മഹാർണ്ണവം;
ലീലയാ മൃദുഗാനരീതി, മുഴക്കിടുന്നു ഖഗങ്ങളും;
ബാലസൂര്യനടപ്രവേശവിധിക്കതാമസമില്ലിനി· ൧൭

മിക്ക ദേഹികളും വെടിഞ്ഞു കഴിഞ്ഞ നിദ്ര ഗൃഹസ്ഥകാ
പൃക്കമെന്ന ദിവാന്ധപക്ഷികളോടു ചേൎച്ച തുടൎന്നതേ:
സൽക്കലാശ്രയ, കാലദേവശാൽ നിരാശ്രയരായവ-
ൎക്കിക്കണക്കുമൂർഖരോടുമിണങ്ങിടേണ്ടിവരില്ലയോ? ൧൮

സ്സീതനിദ്രയിതേവരെപ്പിടിപെട്ടിരുന്ന ചരാചര-
വ്രാതമിപ്പൊഴുണൎച്ച പൂണ്ടു ലസിച്ചിടുന്നിതു നീളവേ

൧൫. അച്ഛം=നിൎമ്മലം. ഉച്ചലിച്ചു=ഉയൎന്നു. ഗൂഢിക്ക=പടി ഞ്ഞാറു. മലിനാംബരം=മുഷിഞ്ഞവസ്ത്രം. അംബരം=ആകാശം.

൧൬. ഗോകദംബഗുണങ്ങൾ=ഗോക്കളുടെ (രശ്മികളുടെ, വാക്കുകളുടെ) സമൂഹത്തിന്റെ നന്മകൾ. ലോകബാന്ധവൻ=സൂൎയ്യൻ, ലോകബന്ധു. അന്തരു=അരുണൻ. തമസ്സ്=ഇരുട്ട്, അജ്ഞാനം. തുഷാരമാരുതകൈതവാൽ=തണുത്ത കാറെറന്ന വ്യാജേന. അന്തരുവിന്നു ഒരു മഹാഗുരുവിന്റെ ശിഷ്യനായ മതപ്രാസംഗികന്റെ സ്ഥാനമാണ് ഇതിൽ കല്പിച്ചിരിക്കുന്നതു.

൧൭. ലാലസിപ്പിതു=ശോഭിക്കുന്നു. ഖഗങ്ങൾ=പക്ഷികൾ.

൧൮. ദിവാന്ധപക്ഷികൾ=മൂങ്ങകൾ. സൽക്കലാശ്രയ=നല്ല ക

Digitized By Kerala Sahitya Akademi

വീതമായി നിശീഥശാന്തത; ദിക്കുകൾക്കു തെളിച്ചവും
ജാതമായ്; പുലർകാലമീയുലകത്തെയൊന്നു പുതുക്കിയോ!

ഊനമെങ്ങുമണയാതിവർണ്ണമിരവിന്നു
പിമ്പു പകലും, സദാ
വേനലിൻപിറകിൽ വർഷവും, പുനരഴൽക്കു-
ശേഷമൊരു സൌഖ്യവും,
പീനതുഷ്ടികരമേൽപ്പെടുത്തിയൊരു കാല-
രൂപനഖിലേശ്വരൻ
മാനവേശ്വരകുമാര! മംഗളമഭംഗു-
രം തവ തരണമേ." ൨൭

വൈദഗ്ദ്ധ്യം പൂണ്ട വൈതാളികതനയരുഷ-
സ്സന്ധ്യ വർണ്ണിച്ചു കർണ്ണാ-
ഹ്ലാദം വന്നേറമാറിങ്ങിനെ മധുരവചോ-
മാദ്ധ്വി മന്ദം പൊഴിക്കെ,
കാദംബസ്വച്ഛതല്പോപരി ചിതറിയതിൻ
ബാക്കിയാമംഗരാഗ-
ക്ഷോദത്താൽത്തുമണം വീശിടുമുടലൊടുണ-
ർന്നേറ്റിതുർവ്വീന്ദ്രപുത്രൻ. ൨൮

ലകൾക്കു (വിദ്യകൾക്കു), അഥവാ നല്ല കലകളുള്ളവൎക്ക് അവലംബമായവനേ!

൨൬. സ്തീതനിദ്ര=വലിച്ച ഉറക്കം. വീതം=നശിച്ചത്. ജാതം=ഉണ്ടായത്;

൨൭. പീനതുഷ്ടികരം=കൂടുതലായ സന്തോഷത്തെ ഉണ്ടാക്കുന്നത്. അഭംഗുരം=അക്ഷയം.

൨൮. വൈദഗ്ദ്ധ്യം=സാമർത്ഥ്യം. മധു—മാദ്ധ്വി=നല്ല വാക്കുകളാകുന്ന തേൻ. കാദം—പരി=അരയന്നത്തെപ്പോലെ വെളുത്ത കിടക്കമേൽ. അംഗരാഗക്ഷോദത്താൽ=കുറിക്കൂട്ടിൻപൊടിയാൽ. "കോ

Digitized By Kerala Sahitya Akademi

തൻകല്യക്രിയയും കഴിച്ചഥ, ചമൂ-
വൃന്ദത്തെയാപ്പട്ടണ-
ത്തിങ്കൽത്തന്നെ നിറുത്തി, വേതസപതി-
സ്വാമാത്യസംയുക്തനായ്,
തിങ്ങുംകൌതുകമവൻ കൊച്ചു പരിവാ-
രത്തോടുമൊത്തുഗ്രമായ്
വൻകല്ലോലമടിച്ചിരമ്പിയ കടൽ-
ത്തീരത്തു ചെന്നെത്തിനാൻ. വൃ.

ഇങ്ങിനെ ചന്ദ്രസേനവിവാഹയാത്രാ ഏഴാംസർഗ്ഗം

---

ംബസച്ഛതല്പോപരി ചിതറിയതിൻ ബാക്കിയാമംഗരാഗക്ഷോദത്താൽ" എന്നതുകൊണ്ടു രാജകുമാരൻ ഏറെനേരം ഉറക്കംവരാതെ കിടക്കമേൽ കിടന്നുണ്ടായി വ്യഞ്ജിക്കുന്നു.

വൃ. കല്യക്രിയ=പ്രഭാതകൃത്യം. ചമൂവൃന്ദം=സേനാഗണം. വേത—നായ്=വേതസപതിയോടും (ജയകേതുവോടും), തന്റെ അമാത്യരോടും കൂടി. കല്ലോലം=തിര. ഞതിയായ വഴിയകലം നിമിത്തം സൈന്യത്തിൽ ഒരു ചെറിയ ഭാഗത്തെ മാത്രമേ സമുൽക്കലചീഫിലേക്കു കൊണ്ടുപോകുന്നുള്ളൂ.

Digitized By Kerala Sahitya Akademi

## എട്ടാം സൎഗ്ഗം

നേരററ ഗംഭീരതയാലധൃഷ്യമായ്-
പ്പാരം മഹത്വം പെട്ടമാപ്പയോധിയെ
ചാരത്തു കണ്ടാനതിനോടു തുല്യനാ-
യോരക്ഷമോരൻ കുതുകോത്തരംഗിതൻ. ൧

വാഹാൎത്ഥമുന്നും സഗരന്റെ മക്കൾതൻ
ബാഹാബലസ്മാരകവസ്തു പോലവേ
മാഹാത്മ്യമൂൎത്ത്യാ വിലസും സമുദ്രമ-
ത്സാഹാനുമോദങ്ങളവന്നു നൽകിതേ. ൨

ഭൂവിന്നു രത്നോജ്ജ്വലകാഞ്ചി, ലക്ഷ്മിയാം
ദേവിക്കു താതൻ, നദികൾക്കു വല്ലഭൻ,
ഗോവിന്ദനന്തഃപുരമെന്നനേകധാ
കേൾവിപ്പെട്ടുന്നൎണ്ണവമാൎക്കു വൎണ്ണ്യമാം? ൩

പേർവിങ്ങിടും തത്തദവസ്ഥ മൂലവും
ഹാ! വിശ്വദിഗ്വ്യാപിമഹത്വമൂലവും.

൧. ഗംഭീരത=ആഴം, ഗാംഭീൎയ്യം. അധൃഷ്യം=ആക്രമിച്ചുകൂടാത്തതു്. മഹത്വം= വലിപ്പം, മഹിമ. പയോധി=സമുദ്രം. അതിനോടു=പയോധിയോടു. കുതുകോത്തരംഗിതൻ=കൗതുകംകൊണ്ടു് ഉത്തരംഗിതൻ (തിരമാലകൾ ഉണ്ടായവൻ); വൎദ്ധിച്ച കൗതുകത്തോടു കൂടിയവൻ എന്നു ഭാവം.

൨. വാഹാൎത്ഥം=അശ്വമേധീയാശ്വലാഭത്തിന്നുവേണ്ടി. ഉന്നും=ഉദ്യമിക്കുന്ന. ബാഹാ—വസ്തു=കയ്യൂക്കിനെ ഓൎമ്മിപ്പിക്കുന്നവസ്തു. പണ്ടു, സഗരരാജാവിന്റെ അശ്വമേധീയാശ്വത്തെ ഇന്ദ്രൻ പാതാളത്തിൽ കൊണ്ടുചെന്നു് ഒളിപ്പിച്ചു. അതിനെ തിരഞ്ഞുപിടിപ്പാനായി സഗരപുത്രന്മാർ, (അറുപതിനായിരം പേർ) ഭൂമിയെ കൈനഖങ്ങൾകൊണ്ടു കുത്തിക്കുഴിച്ചുകൊണ്ടു സഞ്ചരിച്ചു. പിന്നീടു ഗംഗാജലത്താൽ നിറയപ്പെട്ട അവരുടെ കുഴികളാണത്രേ സമുദ്രങ്ങൾ.

൩. രത്നോജ്ജ്വലകാഞ്ചി=രത്നങ്ങളെക്കൊണ്ടു തിളങ്ങുന്ന അരഞ്ഞാൺ. സമുദ്രം രത്നാകരമാണല്ലോ. അന്തഃപുരം=കിടപ്പറ. അനേകധാ=പലതരത്തിൽ, വൎണ്ണ്യം=വൎണ്ണിപ്പാൻ കഴിയുന്നതു്.



Digitized By Kerala Sahitya Akademi

ശ്രീവിഷ്ണുവിന്നോക്കമിതിന്റെ രൂപമി-
ങ്ങാവില്ലൊരാൾക്കും വിവരിച്ചുരയ്ക്കുവാൻ.

ജന്തുക്കളൊട്ടല്ല ചുവട്ടിൽ, മീതെയോ
വൻതുംഗപോതങ്ങളു;—മെന്നിരിക്കിലും
ചിന്തുന്നതില്ലംബുധി ഭാവഭേദമേ-
റെറ:—ന്തും ഗംഭീരർക്കു വികാരമേകിടാ.

നിന്നാവതോളം ചൊരിയട്ടെ മാരി താൻ,
വന്നാക്രമിക്കട്ടെ വരട്ടുവേനൽ താൻ,
എന്നാലുമേററക്കുറവേതുമേല്പതി-
ല്ലെ,ന്നാളുമേറ്റൊപ്പരിപൂർണ്ണമർണ്ണവം.

താനാണു രത്നാകരമിങ്ങു; ലക്ഷ്മിയാൾ
താനാണു തൻപുത്രിയുമെന്നൊരുങ്കിനാൽ,
സ്ഥാനാലഗാധാശയനാകുമീയുദ-
ന്വാനാക്രമിച്ചീടുവതില്ല വേലയെ. ൬

ശാന്തം, ചിലേടം ചില ഭാഗമൂർമ്മികാ-
ക്രാന്തം, ചിലേടം പെരികെബ്ഭയങ്കരം,
കാന്തം ചിലേടം, വിലസുന്നിതേവമാ-
സ്വാന്തപ്രഹർഷപ്രദമാം മഹാർണ്ണവം. ൭

൪. തത്ത്വാവസ്ഥ=അതാതുനില. വിശ്വ—മഹത്ത്വം=എല്ലാദിക്കുകളിലും വ്യാപിക്കുന്നതായ വലിപ്പം. വിവരിക്കുവാൻ=ഇന്നപ്രകാരമെന്നും, ഇത്രയെന്നും നിർദ്ദേശിപ്പാൻ.

൫. വൻതുങ്ഗപോതങ്ങൾ=വളരെ വലിയകപ്പൽ മുതലായവ.

൬. ഉങ്കിനാൽ=ഗർവ്വിനാൽ. സ്ഥാനാൽ=താൻ നില്ക്കുന്നേടത്തുനിന്ന്. ഉദന്വാൻ=സമുദ്രം. വേല=മര്യാദ, തീരം. ഉള്ളിന്നാഴമുള്ളവർ, എത്രതന്നെ സമൃദ്ധിയുണ്ടായാലും, മര്യാദാലംഘനമാചരിക്കുന്നതല്ലെന്നു താൽപര്യം.

൭. ഊർമ്മികാക്രാന്തം=തിരകളടിച്ചു കേറിക്കൊണ്ടിരിക്കുന്നത്.

Digitized By Kerala Sahitya Akademi

ചേരാഴ്ത്തും വിഷ്ണുപദം, സസത്വനാം
ധീരാശയനെന്നറിവേകിടും പടി
വാരാശി വാനത്തൊടൊരൈക്യമാർന്നതായ്-
ദ്ദൂരാവലോകത്തിലവന്നു തോന്നിതേ. ൯

സൂരന്റെ രശ്മിവ്രജമേറ്റുയർന്നിടും
നീരന്ധ്രമാമാവിയെ നീരരാശിയിൽ
ദൂരത്തവൻ കണ്ടിതു,തിന്റെയുള്ളിലു-
ള്ളോരഗ്നിതൻ നൽപ്പുകയെക്കണക്കിനേ. ൧൦

പൂമാതു പുൽകും പുതുമേനികൊണ്ടു ത-
ജ്ജാമാതൃസാമ്യം തടവും കുമാരനെ
പ്രേമാൽത്തിരക്കൈകളെ മുന്നിൽ നീട്ടിയാ
ശ്രീമാൻ സരസ്വാനെതിരേറ്റുകൊണ്ടിതോ! ൧൧

സൂനായുധാഭൻ, സുഹൃദഭ്യുപേതനായ്-
ത്താനാഴിവക്കത്തഥ തെല്ലിടയ്ക്കവൻ
നാനാതരം കാഴ്ചകൾ കണ്ടു സഞ്ചരി-
ച്ചാനാ,ളുകൾക്കൊരു നല്ല കാഴ്ചയായ്. ൧൨

---

കാന്തം=സുന്ദരം. സ്വാന്തപ്രദം=മനസ്സിന്നു ഹർഷത്തെ കൊടുക്കുന്നത്.

൯. വിഷ്ണുപദം=വിഷ്ണുവിന്റെ കാൽ, ആകാശം. സസത്വൻ= സത്വഗുണത്തോടുകൂടിയവൻ; ജന്തുക്കളോടുകൂടിയവൻ എന്നും. ധീരാശയൻ=ഗംഭീരാത്മാവ്. ദൂരത്തേക്കു നോക്കുമ്പോൾ, സമുദ്രം ആകാശത്തു മുട്ടിയിരിക്കുന്നതായി തോന്നുമല്ലോ.

൧൦. സൂരൻ=സൂര്യൻ. നീരന്ധ്രം=നിബിഡം. നീരരാശിയിൽ= കടലിൽ. അതിന്റെ, യുള്ളിലുള്ളോരഗ്നി=ബഡബാഗ്നി.

൧൧. തജ്ജാമാതൃസാമ്യം=അതിന്റെ (സമുദ്രത്തിന്റെ) ജാമാതാവോടു (വിഷ്ണുവോടു) തുല്യത. പ്രേമാൽ എന്നതു പ്രേമത്താൽ എന്നതിന്റെ ലോപമാകുന്നു. സരസ്വാൻ=സമുദ്രം.

൧൨. സൂനായുധാഭൻ=കാമസുന്ദരൻ. സുഹൃദഭ്യുപേതൻ=സ്നേഹി

Digitized By Kerala Sahitya Akademi

വന്നാളുകൊണ്ടാകരയിൽക്കരേറിയി-
ട്ടൊന്നാകെയു തല്ലിച്ചിതറുന്ന വീചികൾ:
നന്നായെഴും വേലകളിൽക്കയറാമൊ-
ത്തെന്നാൽ, ജലശ്രേണി നിലച്ചു നിൽക്കുമോ? ൫൮

ഒന്നായ് വിദേശീയപദാർത്ഥമൊക്കെ വി-
റ്റൊന്നാന്തരം ലാഭമെടുത്ത വാണിജർ
അന്നാട്ടിൽനിന്നാന്ന ചരക്കു കപ്പലേ-
റുന്നാവിധം കണ്ടു രസിച്ചിതങ്ങവൻ. ൫൯

പാരം പണിപ്പെട്ടിടരും ശുഭോക്തി ചൊൽ-
വോരസംബന്ധികളുമായ് പിരിഞ്ഞഹോ!
ദൂരപ്രയാണത്തിനു കപ്പലേറിടു-
ന്നോരങ്ങവന്റെ മനമാർദ്രമാക്കിനാർ. ൬൦

ദൂരാൽ ചിരം കപ്പൽവഴിക്കു വന്നണ-
ഞ്ഞോരാം സുഹൃത്തുക്കളെയുൾക്കുളിർക്കവേ
പാരാതടുത്താളുകളാദരിപ്പത-
ങ്ങാ രാജപുത്രന്നുളവാക്കി കൌതുകം. ൬൧

പിഞ്ചായ കൈകൊണ്ടു ചെന്തളിരാൽക്കിടാങ്ങളാ-
പ്പുഞ്ചോര പോലാം മണൽ വാരിയങ്ങിനെ

---

തന്മാരോടുകൂടിയവൻ. രാജകുമാരൻ സമുദ്രതീരത്തിലെ കാഴ്ചകൾ കണ്ടുംകൊണ്ടു സഞ്ചരിക്കുമ്പോൾ, അവിടെയുള്ളവർ കൌതുകാതിശയത്താൽ അദ്ദേഹത്തെത്തന്നെ നോക്കിക്കൊണ്ടുനിന്നു.

൫൮. വേലകളിൽ=തീരങ്ങളിൽ; ഉദ്യോഗങ്ങളിൽ എന്നും. ജലശ്രേണി=വെള്ളക്കൂട്ടം; മൂഢവർഗ്ഗം എന്നും.

൫൯. വിദേശീയപദാർത്ഥം=മറുനാട്ടിലെ സാമാനം. വാണിജർ=കച്ചോടക്കാർ.

൬൦. ശുഭോക്തി=അശീർവ്വാദം മുതലായത്. ദൂരപ്രയാണം=ദൂരയാത്ര.

Digitized By Kerala Sahitya Akademi

വൻചാരുവായ്ക്കേളികൾ ചെയ്‌വതങ്ങു ക-
ണ്ടഞ്ചാതവന്നുള്ള കുതൂഹലത്തിരേററവും. ൧൭

പച്ചത്തുകിൽപ്പട്ടെതിർപട്ടചാറമായ്
മെച്ചപ്പെട്ടും പൊൻകുടമൊത്ത കായ്കളാൽ
നൽച്ഛന്തമാർന്ന,ക്ഷിസുധാമൃതം പൊഴി-
ച്ചുച്ചങ്ങളാം തെങ്ങുകളങ്ങു നിൽപ്പതേ. ൧൮

താലാളിപത്രങ്ങളിൽ മർമ്മരസ്വനം
ലീലാഭിലാതാലുളവാക്കി മേൽക്കുമേൽ,
ഏലാവനത്തുമണമേന്തി വീശിടും
വേലാമരുത്തങ്ങവനേകി നൽസുഖം. ൧൯

ചേലാർന്ന പൂക്കൈതെ, ഫലവ്രജാദ്ദിതം
പോലാം കറുകങ്ങിവയാലലംകൃതം,
നീലാബ്ദനീകാശതമാലമാലമാ
വേലാതലം കാൺകിലാർക്കു തൃപ്തിയാം? ൨൦

'എന്നാലിനിക്കപ്പെലിലോടിടാം നമു-
ക്കെ'ന്നാസ്ഥയോടാജ്ഞയകേതു ചൊൽകയാൽ

൧൭. കേളികൾ=കളികൾ:

൧൮. അക്ഷിസുധാമൃതം=നേത്രസുഖമാകുന്ന അമൃത്. ഇതു പൊഴിപ്പാനുള്ള ഉപകരണമാണ്, പൊൻകുടം പോലെയുള്ള കായ്കൾ. ഉച്ചങ്ങൾ=ഉയന്നവ.

൧൯. താലാളിപത്രങ്ങൾ=കരിമ്പനക്കൂട്ടത്തിന്റെ ഓലകൾ. ലീലാഭിലാതം=പളുക്കെ തട്ടൽ. വേലാമരുത്ത്=കരക്കാററ്.

൨൦. ഫലവ്രജാദ്ദിതം പോലാം=താങ്ങാൻകഴിയാത്തവിധം കായ്കൾ നിറഞ്ഞതായ. നീലാ——മാല=കാർമേഘംപോലെയുള്ള പച്ചിലമരക്കൂട്ടത്തോടു കൂടിയത്. വേലാതലം=തീരപ്രദേശം.

Digitized By Kerala Sahitya Akademi

ചെന്നാനടൻ സജ്ജിതമായ കപ്പൽ നി-
ല്ക്കുന്നാ സ്ഥലത്തങ്ങളകേശനന്ദനൻ. ൧൫

ആ മന്ത്രിമാരും, ചില മററമാന്യരും,
സാമന്തനാകും ജയകേതുതാനുമായ്
ശ്രീമങ്ഗളാത്മാവവനങ്ങു കേറിനാൻ,
സാമഗ്രിയോട്ടുക്കൂടയോരു കപ്പലിൽ.

ആമാതിരിക്കപ്പൊഴ,വശ്യനേയമാം
സാമാനവും കൊണ്ടു മുതക്കളൊള്ളകൾ
ക്ഷേമാവഹം മററൊരു കപ്പലേറിനാ-
ര,മാനവാധീശസുതന്റെ സൈനികർ. ൧൭

പാരാതെ താൻ, പാടവമുള്ള നാവിക-
ന്മാരാദരാൽ വിട്ടിതു രണ്ടു കപ്പലും;
വാരാശിമേൽ, നൈരൃതദിക്കിനെക്കുറി-
ച്ചാരാജപോതങ്ങൾ തുടൎന്നു യാത്രയും. ൧൮

സ്ഥൂരസ്വനം പാൎശ്വങ്ങളിൽ വന്നടിച്ചിടു-
ന്നോരത്തിരക്കോരമതകും ജവത്തൊടും,
സ്വൈരം നഭസ്സീമനി പക്ഷിരാജർ പോ-
ലാ രണ്ടു പോതങ്ങൾ ചരിച്ചിതാഴിയിൽ. ൧

൧൫. സജ്ജിതം=തെയ്യാറാക്കപ്പെട്ടത്.

൧൬. ശ്രീമങ്ഗളാത്മാവ്=ശ്രീമത്തായ മംഗളം ആത്മാവിൽ നസ്സിൽ) ഉള്ളവൻ; യാത്രാസമയത്തു വേണ്ടതായ മംഗളപ്രാൎത്ഥന യുവൻ എന്നു സാരം. സാമഗ്രി=ഉപകരണം.

൧൭. അവശ്യനേയം=കൊണ്ടുപോയേ കഴിയൂ എന്നുള്ള സൈനികർ=സേനയിലുള്ളവർ.

൧൮. നാവികന്മാർ=കപ്പൽക്കാർ. നൈരൃതദിക്ക്=തെക്കു ഞാറു, രാജപോതങ്ങൾ=രാജാർഹങ്ങളായ കപ്പലുകൾ.

൧൯. സ്ഥൂരസ്വനം=ശബ്ദം പെരുകുമാറ്. നഭസ്സീമനി=

Digitized By Kerala Sahitya Akademi

നീരാഴിമേലൂർമ്മികളെപ്പിളർന്നുകൊ-
ണ്ടാരാൽ ഗമിക്കുന്ന മരക്കലങ്ങളെ
തീരാൽ, കുമാരന്നനുയാത്രയായി വ-
ന്നോരാം ജനത്തിൻ മിഴി പിന്തുടർന്നുതേ. ൨൬

മല്ലാടടിത്തട്ടു,ഥ മദ്ധ്യപാളി, പി-
മ്പപ്പാമരത്തുഞ്ചക്കൊടിയും മറഞ്ഞഹോ!
കെല്ലാളുമപ്പോതയുഗം കരയ്ക്കു മേൽ
നില്പാം ജനൗഘത്തിനദൃശ്യമായ് ക്രമാൽ. ൨൭

വാരാണ്ട പോതങ്ങളിൽനിന്നു മൂഴവും
ദൂരാപ്പിതാക്ഷിദ്വയരായി നോക്കവേ,
പാരാകെയംഭോമയമെന്നപോലെ ക-
ണ്ടാരാ,സ്സമുദ്രാദ്ധ്വഗരാത്തവിസ്മയം, ൨൮

സ്ഥായഭ്രമം പോതമവർക്കു കാണമാ-
റായ,ബ്ധിമദ്ധ്യേ ചില ചീർത്ത പാറകൾ,
തോയം കണക്കറ്റു കുടിക്കയാൽ ജഡ-
പ്രായം മയങ്ങീടിന കാർകൾ പോലവേ. ൨൯

ചീറും കലന്നൽക്കടമായ കാററടി-
ച്ചേറാംബരത്തട്ടിലുയർമ്മവൂർമ്മികൾ,

ശത്തു°.

൨൬. ആരാൽ=അകലെ, തീരാൽ=കരക്കുനിന്നു°.

൨൭. മദ്ധ്യപാളി=നടുസ്ഥലം. അദൃശ്യം=കാണ്മാൻ കഴിയാത്തതു°.

൨൮. ദൂരാപ്പിതാക്ഷിദ്വയർ=കണ്ണുരണ്ടും അകലത്തേയ്ക്കയച്ചവർ. അംഭോമയം=ജലമയം. സമുദ്രാദ്ധ്വഗർ=കടലിലൂടെ യാത്രചെയ്യുന്നവർ. ആത്തവിസ്മയം=ആശ്ചര്യത്തോടു കൂടുംവണ്ണം

൨൯. തോയം=ജലം. ജഡപ്രായം=തീരെ നിശ്ചേഷ്ടങ്ങളായി ത്തീരുമാറു°.

Digitized By Kerala Sahitya Akademi

ക്ലാന്മഹീഭൃച്ഛിഖരങ്ങളെന്ന പോ-
ലോലം മുദാ കണ്ടു ചിലേടമങ്ങവർ. ൩൧

കാലേ, നദീകാമുകനാർത്തി മൂത്തു മേ-
ന്മേലേ നുകർന്നുള്ളിലൊതുങ്ങിടായ്കയാൽ
ചാലേ വമിച്ചീടിന ചന്ദ്രികോച്ചയം
പോലേ ചിലേടം വിലസീ മണൽപ്പുറം. ൩൨

പാടേ പരപ്പാർന്നുയരുന്ന ധൂമമൻ-
പോടേ ചിലേടത്തവർ കണ്ടിതാഴിയിൽ,
ഈടേറുമോമൽപ്രകൃതിക്കു നിന്നു കൂ-
ത്താടേണ്ടതിന്നിട്ടൊരു പന്തൽ പോലവേ. ൩൩

പൊന്തിപ്പടക്കും പവിഴങ്ങൾതൻ നിറം
ചിന്തിപ്പരക്കും ചില ഭാഗമാഴിയിൽ,
അന്തിച്ചുകപ്പേന്തിയ വാനിനൊത്തിടും
പന്തിക്കു കണ്ടാർ പരിഹൃഷ്ടരായവർ. ൩൪

ശ്രീരോചമാനം പല വൻതുരുത്തു, ദു-
ർവ്വാരോഗ്രവെയിലാൽ വരളുന്ന ദിക്കുകൾ,
നീരോളമിത്യാദികൾ പാർത്തുകണ്ടുകൊ-
ണ്ടോരോ സമുദ്രങ്ങൾ കടന്നിതദ്ധ്വഗർ. ൩൫

൩൦, ഊർമ്മികൾ = തിരകൾ. മഹീഭൃച്ഛിഖരങ്ങൾ = കുന്നിൻകൊടുമുടികൾ.

൩൨. നദീകാമുകൻ = സമുദ്രം. ആർത്തി = കൊതി. വമിച്ചീടിന = ഛർദ്ദിച്ച. ചന്ദ്രികോച്ചയം = നിലാവിൻകൂട്ടം.

൩൩. ധൂമം = ആവി.

൩൪. ശ്രീരോചമാനം = സമ്പത്തുകൊണ്ടു ശോഭിക്കുന്നത്, ദുർവ്വാരോഗ്രവെയിലാൽ = തടുത്തുകൂടാത്ത കഠിനമായ വെയിലാൽ. നീരോളം = വെള്ളത്തിലെ ഓളം. അദ്ധ്വഗർ = യാത്രക്കാർ.

Digitized By Kerala Sahitya Akademi

ആ രാജപുത്രനുടനേ നടന്നിട്ടും
താരാവലീമംഗളവേളി കാണുവാൻ
ദൂരാത്തകൌതൂഹലരാമവന്റെയാ-
ക്കാരാ വഴിക്ലേശമറിഞ്ഞതില്ലഹോ! ൩൪

ഓരോ കടൽക്കാഴ്ചകളിൽക്കളിക്കുമാ-
ത്താരോട്ടു മേവും നൃപസൂനതന്നോടായ്
സാരോക്തിദക്ഷൻ ജയകേതു സാധുവാം
ഗീരോതിനാനംബുധിയെക്കുറിച്ചു താൻ:— ൩൫

“ധാരാളമായ് കണ്ടവനും നവാഭമീ
വാരാശിനൈസർഗ്ഗികരാമണീയകം,
ഹേ രാജസൂനോ! പുതുകാണികൾക്കു കൺ
പോരാതെയാകുന്നതിലെന്തൊരത്ഭുതം? ൩൬

താപിഞ്ഛനേർവർണ്ണമൊടെട്ടുദിക്കിലും
വ്യാപിച്ചതായ്, കേവലമപ്രമേയമായ്,
ദീപിച്ചിടും വിഷ്ണുപദപ്പുകഴ്‌ക്കിയെ
പ്രാപിച്ചു പാഥോധിയിതംബരോപമം. ൩൭

൩൪. ദൂരാ— ഹലർ = ഏറ്റവും കൌതുകം പൂണ്ടവർ.

൩൫. സാരോക്തിദക്ഷൻ = നന്നായി പറവാൻ വിരുതുള്ളവൻ. ഗീര് = വാക്ക്. കടൽക്കരയിൽ പാർക്കുന്നവനായ ജയകേതുവിനു സമുദ്രത്തെക്കുറിച്ചു അധികം അറിവുണ്ടായിരിക്കാനിടയുണ്ടല്ലോ.

൩൬. നവാഭം = പുതിയതായി തോന്നുന്നത്. വാരാശിനൈസർഗ്ഗികരാമണീയകം = സമുദ്രത്തിന്റെ സ്വാഭാവികഭംഗി. പോരാതെ = പിൻവാങ്ങാതെ.

൩൭. താപി— വർണ്ണം = ശ്യാമളവർണ്ണം. അപ്രമേയം = കണക്കാക്കാൻകഴിയാത്തത്. ദീപിച്ചിടും = ശോഭിക്കുന്ന. വിഷ്ണുപദപ്പുകഴ്‌ക്കി = വിഷ്ണുപദം (വിഷ്ണുവിന്റെ പാർപ്പിടം) എന്ന കീർത്തി. ആകാശ



Digitized By Kerala Sahitya Akademi

ഉപ്പാർന്ന തൻനീ,രിനനാഡികൾക്കകം
വെപ്പാനയച്ചിട്ടമൃതാക്കമിക്കടൽ;
പില്പാടതല്ലോ, മഴയായ് വരുന്നതി-
ങ്ങി,—പ്പാരിനാരിങ്ങിനെ ജീവനപ്രദൻ? ൩൬

സ്ഥൂരാചലത്താൽ നിജമന്ഥനം തുട-
ന്നോരാദിതേയപ്പരിഷയ്ക്കുമിക്കടൽ
വാരാണ്ട രത്നങ്ങളനേകമേകി പോ-
ലാ;—രാണുദാരതപമിവണ്ണമുള്ളവൻ? ൩൭

ക്ഷാമം പെടാതന്നിതിൽനിന്നു ലബ്ധമാ-
മാ മഞ്ജുരത്നോൽക്കരമില്ലയെങ്കിലോ,
നാമത്ര വാഞ്ഛിച്ചുവരുന്ന വിണ്ണിനെ-
ന്തീ, മന്നിനേക്കാളൊരു മെച്ചമുള്ളതും? ൩൮

എന്നാളുമീയാഴി ഭരിപ്പതുണ്ടു, നീ-
രൊന്നായ് വിഴുങ്ങീട്ടുമൊരാശ്രയാശനെ:

ത്തിന്നു വിഷ്ണുപദം എന്നു പേരുണ്ട്. പാഥോധി=സമുദ്രം. അംബരോപമം=ആകാശതുല്യം.

൩൬. ഇനനാഡികൾ=സൂര്യന്റെ ജലത്തെ വഹിക്കുന്നവയായ രശ്മികൾ. അമൃത്=അമൃതുപോലെയുള്ള ശുദ്ധജലം. ജീവനശബ്ദത്തിന്നു ജലമെന്നും, കഴിച്ചിലിനുള്ളവക എന്നും അർത്ഥം.

൩൭. സ്ഥൂരാചലത്താൽ=വമ്പിച്ച മന്ദരപർവ്വതംകൊണ്ട്. നിർമ്മഥനം=താന്നെക്കടയൽ. ആദിതേയപ്പരിഷ=ദേവഗണം. രത്നങ്ങൾ ശ്രേഷ്ഠവസ്തുക്കൾ. തങ്ങളെ പീഡിപ്പിക്കുന്നവരെക്കൂടി സൽക്കരിക്കുന്നവരുടെ ഔദാര്യം അലോകസാമാന്യംതന്നെ.

൩൮. സമുദ്രത്തിങ്ങളായ ശ്രേഷ്ഠവസ്തുക്കൾതന്നെയാണ്, ത്തെ ഭൂമിയേക്കാളേറെ സ്പൃഹണീയമാക്കിയിരിക്കുന്നതു്;

Digitized By Kerala Sahitya Akademi

വന്നാശ്രയിപ്പോനപകാരകാരിയാ-
ണെന്നാകിലും കൈവെടിയാ മഹത്തുകൾ. ൪൨

സ്വാരാജവജ്രായുധലൂനപക്ഷരായ്
തീരാതെയുണ്ടദ്രികളിപ്പൊളെങ്കിലോ,
പൌരാണികച്ചൊല്ലിലതിന്നു ഹേതു, വീ-
വാരാശിതന്നാശ്രിതരക്ഷണവ്രതം. ൪൩

ഈ വൻപു കൂട്ടം ലവണാംബുരാശിതൻ
സേവയ്ക്കു ഭൂഭൃജ്ജനിതാപഗാശതം
ഹാ! വന്നുചേരുന്നു രസാഢ്യമായ്സ്സദാ:
ലാവണ്യവാനിൽക്കൊതി വിട്ട പെണ്ണുവൾ? ൪൪

പാരം സസത്വൌഘനദീമുഖാംബുവിൻ
പൂരത്തെ വായ്കൊണ്ടിഹ വൻതിമിവ്രജം
നീരമ്പു മേല്പോട്ടു വിടുന്നു, രന്ധ്രമു-
ള്ളോരശ്ശിരസ്സാൽജ്ജലയന്ത്രരീതിയിൽ. ൪൫

---

൪൨. നീരൊന്നായ് വിഴങ്ങീടുമൊരാശ്രയാശനെ=ബഡവാഗ്നിയെ.

൪൩. സ്വാരാ—പക്ഷർ=ഇന്ദ്രന്റെ വജ്രായുധംകൊണ്ടു ചിറകറ്റവർ. അദ്രികൾ=പർവ്വതങ്ങൾ. പൌരാണികച്ചൊല്ലിൽ=പുരാണകർത്താക്കന്മാർ പറയുന്നപ്രകാരം. ഇന്ദ്രൻ പർവ്വതപക്ഷച്ഛേദനത്തിനൊരുങ്ങിയപ്പോൾ, മൈനാകാദിപർവ്വതങ്ങൾ സമുദ്രത്തെ ശരണംപ്രാപിച്ചു, തങ്ങളുടെ പക്ഷങ്ങളെ വജ്രത്തിൽനിന്നു രക്ഷിച്ചതായി പുരാണങ്ങളിൽ പറയുന്നുണ്ടല്ലോ.

൪൪. ഭൂഭൃ—ശതം=ശൈലങ്ങളിൽനിന്നുണ്ടായ അനേകം നദികൾ, കുമാരിമാരെന്നും വ്യഞ്ജിക്കുന്നു. രസത്തിന്നു ജലമെന്നും, സന്തോഷമെന്നും അർത്ഥം. ലാവണ്യവാനിൽ=സുന്ദരപുരുഷനിൽ, സമുദ്രവും ലാവണ്യവാൻ (ഉപ്പുരസം ഉള്ളത്) ആണല്ലോ.

൪൫. സസ—ഖാംബു=ജന്തുക്കളോടുകൂടിയ നദീമുഖത്തിലെ ജ

Digitized By Kerala Sahitya Akademi

ചീക്കും ഭവൽകീർത്തിചയത്തൊടീർഷ്യയാ
നേക്കും നരകത്തെ ചുഴിച്ചുകത്തിരാ!
നേക്കുണ്ടു ചക്രാതിരിയുന്നു; കാൺകിതൊ-
ന്നാകും മഹാദൈപരമനർത്ഥകാരണം.

കണ്ടാലുമീയംബുധിഭാഗമത്രയാ
കുണ്ടാന്നനങ്ങാതെ കിടപ്പിതെങ്ങുമേ:
കൊണ്ടാടിടേണ്ടുംപടി ശാന്തഭാവമെ-
ങ്ങുണ്ടാകയില്ലുള്ളിനൊരാഴമൊക്കുകിൽ?

മിന്നാമിനുങ്ങിൻനിര പോലെ ദീപ്തി മെ-
യ്യിന്നാർന്ന ജന്തുവ്രജമീക്കയങ്ങളിൽ
തന്നാഭ മിന്നിച്ചു ചുവട്ടിലൊക്കെയും
സന്നാഹിദീപാവലി ചേർപ്പതുണ്ടുപോൽ!

ഇത്താഴ്ച കൂടുന്ന കയങ്ങളിൽതന്നടി-
യ്യെത്താൻ കഴിഞ്ഞെങ്കിൽ നമുക്കു കണ്ടിടാം
മത്താപ്പു നാനാനിറമജ്ജ്വലിപ്പതി-
ന്നൊത്താളുമാസ്സത്ത്വവിചിത്രസൃഷ്ടിയെ.

൪൫. പൂരം=പ്രവാഹം. വൻതിമിവ്രജം=വലിയ തിമിംഗലമത്സ്യ
രന്ധ്രം=ദ്വാരം. അഴിമുഖത്തു വായുംപിളർന്നുകൊണ്ടു കിടന്ന്,
ളോടുകൂടിയ നദീജലം വായിൽ നിറഞ്ഞുകഴിഞ്ഞാൽ, വായ് കൂ
ളളംമുഴുവൻ ശിരസ്സിലെ ദ്വാരങ്ങളിലൂടെ പുറത്തുവിട്ടു, ജന്തുക്കളെ
ക്കുക, തിമിംഗലങ്ങളുടെ സമ്പ്രദായമാണത്രെ.

൪൬. ഭവൽകീർത്തിചയം=അങ്ങയുടെ യശസ്സമൂഹം.
എതിരിടുന്ന: മഹാദൈപരം=വലിയവരോടു മത്സരം.

൪൭. മനസ്സിന്ന് ആഴമുള്ളവർ ഒരിക്കലും പതറുന്നതല്ല

൪൮. ദീപ്തി=പ്രകാശം. മിന്നാമിനുങ്ങുകളെപ്പോലെ സ-
കാശമുള്ള പലതരം പ്രാണികൾ ചില കടൽക്കയങ്ങളുടെ
കാണപ്പെടുന്നുണ്ടത്രെ.

൪൯. സത്ത്വവിചിത്രസൃഷ്ടിയെ=അത്ഭുതസൃഷ്ടികളായ പ്ര
കളെ.

Digitized By Kerala Sahitya Akademi

ഇല്ലാ,വക പ്രാണികളെങ്കിലാതപം
ചെല്ലാത്തൊരീക്കണ്ടകളേതു കാലവും
വല്ലാതിരുട്ടാണ്ടു കിടന്നിടേണ്ടയോ?
ചൊല്ലാവതല്ലീശ്വരസൃഷ്ടിവൈഭവം!" ൭൦

ഏവം സുഹൃൽഭാഷണതോഷിയാം യുവ-
ക്ഷ്മാവല്ലഭൻതൻ തടവററ യാത്രയെ
ദൈവം സഹിച്ചീല; സമുദ്രമഞ്ജസാ
ഭാവം പകൎന്നൊന്നിളകീ ഭയങ്കരം. ൭൧

താനേകിടും ജീവനമേററമാസ്വദി-
ച്ചൂന്നതരൌജ്ജിത്യമിയന്ന കാറുകൾ
വാനേറി മേളിപ്പതു കണ്ടഹന്തയാൽ
സ്ഥാനേ മുതിൎന്നാൻ ജലേശിതാവഹോ! ൭൨

കട്ടിക്കരിങ്കാർപടലം പൊട്ടുന്നനെ-
പ്പൊട്ടിപ്പുറപ്പെട്ടിട ചേൎന്ന വാനിടം,
പട്ടിൾപ്പുടപ്പിൽപ്പിടിപെട്ടെരിഞ്ഞ തീ
തട്ടിക്കരിഞ്ഞീടിന കാടു പോലെയായ്. ൭൩

ക്രൂരാനിലൻ ചീററിയടിച്ചുലച്ചിടും
വാരാകരം തുങ്ഗതരങ്ഗബാഹുവായ്,

൭൦. ആതപം=വെളിച്ചം.

൭൧. ഏവം= ഇപ്രകാരം. സുഹൃൽഭാഷണതോഷി= സ്നേഹിതന്റെ വാക്കുകൾ കേട്ടു സന്തോഷിക്കുന്നവൻ. അഞ്ജസാ=പെട്ടന്ന്.

൭൨. തന്റെ സഹായംകൊണ്ട് ഉന്നതിയെപ്രാപിച്ചവരെ കാണുമ്പോൾ, ജളപ്രഭു ഔദ്ധത്യത്തെ പ്രകാശിപ്പിക്കുന്നതു സാധാരണമാണല്ലോ. സ്ഥാനേ എന്നതിനു യുക്തമെന്നൎത്ഥം:

൭൩. പട്ടിൾപ്പുടപ്പിൽ=മുളംകൂട്ടത്തിൽ.

Digitized By Kerala Sahitya Akademi

ആ രാജപോതങ്ങളടിച്ചുടച്ചുവാൻ
പോരാനൊരുമ്പെട്ടു പടിച്ചിരമ്പിതേ. ൩൪

താരാപഥം തത്ര ഘനോച്ചലത്തമോ-
ഭാരാക്രമത്താൽ മലിനീഭവിച്ചുവേ,
ഓരാതെ നേരിട്ട വിപത്തു കാണുമാ
വാരാശിപാന്ഥക്കകതാരുമേവമായ്. ൩൫

ഝഞ്ഝാരവംകൊണ്ടു **സമുൽ**ക്കലക്കര-
ച്ചഞ്ചാതടക്കാമിനി, യെന്നിരിക്കവേ,
നെഞ്ചോളമാരുമെല്ലാമപായഭീതിയാ-
സ്സഞ്ചാരികൾക്കേറെ യടുച്ചുയായഹോ! ൩൬

**താരാവലീ**വല്ലഭനെത്തിടുന്ന ദു-
ഖാരാത്തി കണ്ടമ്പരന്നാഞ്ഞു ദിക്കുകൾ
ധാരാധരധ്വാന്തനിചോളികാംബരം
പാരാതെടുത്തിട്ടിതു തന്മുഖങ്ങളിൽ. ൩൭

ലോലൻ മുകിൽച്ചാരത്തൊലി കൂട്ടിയും, തടി-
ത്താഖങ്ങിടയ്ക്കൊക്കെയിളിച്ചു കാട്ടിയും,
നീലം വിഹായസ്സു, വിപൽപിശാചിതൻ-
കോലംകണക്കേ വിലസീ ഭയാനകം. ൩൮

൩൪. വാരാകരം=സമുദ്രം. തുങ്ഗ—ബാഹു=തിരകളാകുന്ന കൈകൾ ഉയൎത്തിക്കൊണ്ടു്.

൩൫. താരാപഥം=ആകാശം. ഏവമായ്=ഘനോച്ചലത്തമോ ഭാരാക്രമത്താൽ (ഘനമാകുംവണ്ണം പൊങ്ങുന്ന ഇതികൎത്തവ്യതാമൌഢ്യം വല്ലാതെ ആക്രമിക്കുകയാൽ) മലിനീഭവിച്ചതായ്. ആകാശപക്ഷത്തിൽ മലിനീഭവിക്കുക എന്നതിന്നു കറുക്കുക എന്നൎത്ഥം.

൩൭. ധാരാ—ബരം=മഴക്കാറുകൊണ്ടുള്ള ഇരുട്ടാകുന്ന മൂടുപടം.

൩൮. ലോല—ത്തൊലി=ഇളകുന്ന മേഘനിരയുടെ ഒച്ചയാകുന്ന

Digitized By Kerala Sahitya Akademi

അപ്പാന്ഥർതൻ പ്രാണധനങ്ങളെബ്ബലാൽ
കപ്പാൻ മുതിന്നാക്കരിമേഘതസ്കരർ
തപ്പാതിടിക്ഷ്വേളകളിട്ടു മേല്ക്കുമേൽ
മുപ്പാർന്നു ഴക്കിശ്ശരധാര തൂകിനാർ. ൪൦

സ്ഥിതക്കൊട്ടുകാറ്റൊട്ടു മാരി പെയ്യവേ
ഹാ! തത്ര കീഴ്മേൽ മറിയും പയോധിയിൽ
പോതങ്ങൾ രക്ഷപ്പെട്ടുവാൻ പ്രയാസമെ-
ന്നാതങ്കമാണ്ടൂ പടുകർണ്ണധാരരും. ൪൧

ഉള്ളം ഭ്രമിച്ചേവരുമൊത്തു കപ്പലിൻ-
വെള്ളക്കൊടിപ്പായ്കൾ ചുരുട്ടി വെച്ചുടൻ
വെള്ളത്തിൽ, വൻചങ്ങലയിൽക്കൊളുത്തിയി-
ട്ടുള്ളക്കരിങ്കല്ലുകളിട്ടു ചുറ്റുമേ. ൪൨

ഉഗ്രഭംഗാളിയിലുന്നതങ്ങളായ്
നിന്നും, ക്ഷണാൽത്താന്നുമുഴന്ന നൌകകൾ,
എന്നും പ്രപഞ്ചസ്ഥിതിയിപ്രകാരമാ-
ണെന്നുള്ള തത്ത്വം വെളിവാക്കി നിർഭരം. ൪൩

൩൯. തടിത്ത്=മിന്നൽ. നീലം=കറുത്തു. വിഹായസ്സ്=ആകാശം; വിപൽപിശാചി=ആപത്താകുന്ന പിശാച്.

൪൦. പ്രാണധനങ്ങൾ=പ്രാണങ്ങളാകുന്ന ധനങ്ങൾ; കരിമേഘതസ്കരർ=കാർമേഘങ്ങളാകുന്ന കള്ളന്മാർ. ഇടിക്ഷ്വേളകൾ=ഇടികളാകുന്ന അട്ടഹാസങ്ങൾ. ശരധാര=മഴ; അമ്പിൻകൂട്ടമെന്നും.

൪൧. പടുകർണ്ണധാരർ=സമർത്ഥന്മാരായ കപ്പിത്താന്മാർ.

൪൨. വെള്ളക്കൊടിപ്പായ്കൾ=വെളുത്ത കൊടികളും, പായ്കളും. കപ്പൽ ഇളകാതെനില്പാൻവേണ്ടി, കപ്പൽക്കാർ സാധാരണമായി ചെയ്യുന്ന ഉപായമാണിത്.

൪൩. ഉഗ്രഭംഗാളി=കടുത്ത തിരമാല. നൌകകൾ=കപ്പലുകൾ

Digitized By Kerala Sahitya Akademi

തോയാകരത്തിൽപ്പലപാട്ട ചുററിട്ടു-
ന്നാ യാനപാത്രങ്ങളിൽ മേവുമാളുകൾ
ഭീയാന്നനല്പം വരളും മുഖങ്ങളാൽ-
സ്സായാസ ഹാഹാരവമിട്ടു മേല്ക്കുമേൽ. ൯൬

ജന്തുക്കളുൾത്തിങ്ങുമപാരസാഗരം,
പൊന്തും തിരക്കോളി,ടി, മിന്നൽ, തെന്നലും,
ചിന്തുന്ന പേമാരിയു;-മത്ര വേണ്ടതൊ-
ന്നെന്തുണ്ടിനി, പ്രാണഭയം വളക്കുവാൻ? ൯൭

ആ വിസ്തൃതാപത്തൊഴിയാതെ കാങ്കയാൽ-
ജ്ജീവിപ്പതിൽത്തീരെ നിരാശരായവർ:
ദേവി! പ്രസീദ! പ്രകൃതിപ്രകോപമോ-
ടാവില്ലയല്ലോ, പൊരുതാനൊരുത്തനും. ൯൮

'വന്നുഗ്രയാദസ്സുകൾ നമ്മെയൊക്കെയും
തിന്നുല്ലസിച്ചോട്ടെ യഥേഷ്ടമബ്ധിയിൽ!
ഒന്നും പെടാഞ്ഞാൽ മതി കൊച്ചുതമ്പുരാ-
നെ'ന്നൽപ്രണാദം മുറയിട്ടിതാളുകൾ. ൯൯

എന്നും—,തഞ്ചാം=പ്രപഞ്ചത്തിൽ ഉയച്ചയും, താഴ്ചയും ഉടനുടൻ മാറിമാറി വന്നുകൊണ്ടിരിക്കുമെന്ന വസ്തുത. നിർഭരം=ഏററവും.

൯൬. തോയാകരം=സമുദ്രം. യാനപാത്രങ്ങളിൽ=കപ്പലുകളിൽ. ഭീ=ഭയം. സായാ—രവം=പണിപ്പെട്ടുകൊണ്ടുള്ള നിലവിളി.

൯൮. വിസ്തൃതാപത്ത്=വലിയ ആപത്ത്. ദേവി പ്രസീദ എന്നത് അനുകമ്പാദ്യോതകമാകുന്നു. "കാന്താരേഷ്വവസന്നാനാം മഗ്നാനാം ച മഹാർണ്ണവേ—ദസ്യുഭിർവാ നിരുദ്ധാനാം ത്വം ഗതിഃ പരമാ നൃണാം" എന്നു യുധിഷ്ഠിരകൃതദുർഗ്ഗാസ്തോത്രത്തിൽ പറഞ്ഞിരിക്കയാൽ ഈ സന്ദർഭത്തിൽ ദേവീസ്മരണം വിശേഷിച്ചും ഉചിതംതന്നെ.

൯൯. ഉഗ്രയാദസ്സുകൾ=ക്രൂരജലജന്തുക്കൾ. ഉൽപ്രണാദം=ഉച്ചസ്വരത്തോടു കൂടംവണ്ണം.

Digitized By Kerala Sahitya Akademi

പേർത്തങ്ങു തന്നാളുകളിൽത്തഴച്ചിട്ടു-
ന്നാർത്തസ്വരത്താൽ പ്രവിലുപ്തധൈര്യനായ്,
പാർത്ഥിവനീശൻെറ സുതൻ സഖാക്കളെ-
പ്പാർത്തശ്രുകണ്ഠസ്ഥിതി പൂണ്ടു ചൊല്ലിനാൻ: ൬൭

"ഹാ! ഹന്ത! കാലപ്പിഴവെന്തു ചൊൽവൂ! നി-
ർവ്വാഹം നമുക്കില്ലിഹ രക്ഷ കിട്ടുവാൻ;
സ്നേഹം തികഞ്ഞുള്ളവരെത്തിമിംഗല-
വ്യൂഹത്തിനൂണാക്കിയ പാപിയായി ഞാൻ!! ൬൮

മന്നിൽപ്പുകഴ്ന്നുള്ളൊരു മന്ദഭാഗ്യനാ-
മെന്നിൽ പ്രിയം കൂടിയ നിങ്ങളൊക്കയും
മുന്നിട്ടു നില്ക്കുന്നപമൃത്യുവിൻ മുഖാ-
ന്തന്നിൽപ്പതിക്കുന്നതു കാണ്മതെങ്ങിനെ? ൬൯

അതൊട്ടു കാണാതെ കഴിക്കുവാൻ തിര-
ത്തിക്കാളുമീ വൻകടലിൽപ്പതിച്ചു ഞാൻ
ധിക്കാരയോഗ്യം മമ കെട്ട ജീവിതം
നില്ലാതുപേക്ഷിച്ചു കൃതാർത്ഥനാകുവൻ. ൭൦

ഹാ താത! ഹാ മജ്ജനയിത്രി! മിത്രസം-
ഘാതാപചാരൽപ്പാദനദൂഷിതൻ സുതൻ
പ്രേതാലയാം പുക്കതിൽ നിങ്ങളാം ശോചിയാ-
യ്ക്കേ,താദൃശൻ സൂനു ഭവൽകുലാഹനോ? ൭൧

൬൭. പ്രവിലുപ്തധൈര്യനായ് = ധൈര്യം തീരെ നശിച്ചവനായി. അശ്രുകണ്ഠസ്ഥിതി = തൊണ്ടയിടച്ച്.

൭൦. ധിക്കാരയോഗ്യം = നിന്ദ്യം.

൭൧. മിത്ര—ഷിതൻ = മിത്രസംഘാതത്തിന്നു (സുഹൃദ്വർഗത്തിന്ന്) അപചാരമുണ്ടാക്കുകയാൽ ദുഷ്ടനായി തീർന്നവൻ. ശോചിയായ്ക = ദുഃഖി



Digitized By Kerala Sahitya Akademi

താരാവലി, തൽസ്മരണസ്സമഹന-
ല്ലീ, രാജപുത്രാധമനത്ര ദുർഗ്ഗൻ!
ഓരാതെ ഞാൻ ഹന്ത! വിരുദ്ധമാകുമാ-
റ്റേവമാലപിച്ചാല,തശ്ശുദ്ധമായ് വരും. ൧൨

ചോക്കം ശുഭം തേ ജഗദീശനെ"ന്നു മാൽ
ചീക്കം പടിസ്സോതി മനസ്വിയാമവൻ,
ആക്കം തടുപ്പാൻ കഴിയുന്നതിന്നു മു-
മ്പാക്കം പയോരാശിയിലാശു ചാടിനാൻ. ൧൩

'ഹാ! ഹാ! ചതിച്ചേ'ന്നവനോടു കൂടവേ
സാഹായ്യസന്നദ്ധരമാത്യരൈവരും
സൌഹാർദ്ദവാനാം ജയകേതുവും ജവാൽ
ദേഹാർപ്പണം ചെയ്തിതു തോയരാശിയിൽ. ൧൪

ആവശ്യമാം രക്ഷ തികഞ്ഞിരുന്നോരാ-
ഭ്രൂവല്ലഭേന്ദ്രാത്മജപോതയുഗ്മവും
താവൽ ക്ഷണംകൊണ്ടു തകർന്നിതാഴിയിൽ:—
ദൈവം ബലീയസ്സിഹ; ഫൽഗു പൌരുഷം. ൧൫

കുറിപ്പ്. ഏതാദൃശൻ=ഇപ്രകാരമുള്ളവൻ. ഭവൽകുലാർഹൻ=നിങ്ങളുടെ വംശത്തിന്നു യോഗ്യൻ.

൧൨. അലപിച്ചാൽ=പറഞ്ഞാൽ.

൧൩. മനസ്വി=ഉൽക്കർഷമുള്ളവൻ—ദൃഢനിശ്ചയൻ. ആക്കം=ഇരമ്പുന്നു. മുൻസർഗ്ഗത്തിൽ, വിവാഹയാത്രാവർണ്ണനയിൽ 38—ം, 39—ം, 40—ം ശ്ലോകങ്ങളിൽ ദുർദ്ദിനപ്രതീതി വരുത്തിയിട്ടുള്ളത് ഈ അപത്തിന്റെ സൂചകമാകുന്നു.

൧൪. സൌഹാർദ്ദവാൻ=സൌഹാർദ്ദം (സ്നേഹം) ഉള്ളവൻ. തോയരാശിയിൽ ദേഹാർപ്പണംചെയ്തിതു=സമുദ്രത്തിൽ ചാടി.

൧൫. ഭ്രൂപ—യുഗ്മവും=രാജാധിരാജകുമാരന്റെ രണ്ടു കപ്പലും

Digitized By Kerala Sahitya Akademi

മാലാൎന്നു പോതങ്ങളുടഞ്ഞവാറു മേ-
ന്മേലാഴിവെള്ളത്തിൽ വിഴും ജനങ്ങളിൽ
വേലാതിഗപ്രാണഭയാലുയൎന്നിടും
കോലാഹലം കോളൊലിയെജ്ജയിച്ചുതേ. ൯൩

താരാവലീഃ വലിമഹോത്സവങ്ങളിൽ-
ച്ചേരാമടുത്തെന്നു രസിച്ചിരുന്നവർ
ഓരാതിതാ! ജീവിതസംശയത്തിലാ-
യാ:-രാൽ ഗണിച്ചാവതു ദൈവകല്പിതം? ൯൪

കേടാൎന്നു കപ്പൽക്കകമേ തരംകെട്ടും-
പാടാം പരിക്കേറ്റു പരേതരായ് ചിലർ;
ഈടാളുമംഭോനിധിതന്റെ ജീവന-
ത്തോടാശു ചേർത്തു നിജ ജീവനം ചിലർ. ൯൫

ലോലാബ്ധിയിൽച്ചെന്നു പതിച്ചു തെല്ലുപേർ
കീലാലജന്തുപ്പുരിഷഘ്ന ഭക്ഷ്യമായ്;
കാലാലയം പൂകിയ ശേഷമേ, ഭയ-
ത്താലാൎന്നുള്ള വരുണാലയം ചിലർ! ൯൬

ബലീയസ്സ്= ബലവത്തരം. ഫല്ഗു= നിസ്സാരം.

൯൩. വേലാതിഗപ്രാണഭയാൽ=അതിർ കവിഞ്ഞ പ്രാണഭയം നിമിത്തം.

൯൪. ഗണിച്ചാവത് = മുൻകൂട്ടി അറിയാവുന്നത്.

൯൫. പരേതരായ് =മരിച്ചു. തങ്ങളുടെ ജീവനം (ആയുസ്സ്) ഈടു കുറഞ്ഞതാണെന്നു കണ്ടിട്ടാണോ അതിനെ ഈടേറിയ സമുദ്ര ജീവന (ജല)ത്തോടു ചേർത്തത് എന്നു തോന്നും. ചിലർ കപ്പലിൽത്തന്നെവെച്ചും മറ്റു ചിലർ സമുദ്രത്തിൽ വീണ നിമിഷത്തിലും മൃത്യുവെ പ്രാപിച്ചു എന്നു സാരം.

൯൬. ലോലാബ്ധി= ഇളകിമറിയുന്ന കടൽ. കീലാ—രിഷജ

Digitized By Kerala Sahitya Akademi

**താരാവലീ**മജ്ജനകഷ്ടവാർത്ത കേ-
ട്ടാരാമയെത്തേടുവതിന്നു വേണ്ടിയോ;
**ഖാരാശിയിൽത്താന്നിതു**, തൽപ്രിയാനുഗ-
ന്മാരാകുമാക്കൂട്ടരിലൊട്ടു പേരുടൻ. ൮൦

എന്തിന്നിമക്കും ലവണാംബു പാരമായ്
മോന്തിത്തരം കെട്ടു മയങ്ങിനാർ ചിലർ;
ക്ലാന്തിപ്പെട്ടും കൈകളലച്ച്,താതിടം
നീന്തിത്തുടങ്ങീ ചിലർ ജീവിതാശയാൽ. ൮൧

പാരാകെത്തൻകുടക്കീഴമരുമൊരരചകാ-
നായകന്നേകപുത്രൻ,
താരാർമാതൊത്ത **താരാവലി**യുടെ തരുണ-
പ്രേമസർവ്വസ്വപാത്രം,
ആ രാജശ്രീയുവാവന്നരതൊടിയിടയാ-
ലധ്വമദ്ധ്യത്തിൽ വെച്ചീ-
ഘോരാപത്തിൽപ്പതിച്ചു: ശിവ!ശിവ! നരർതൻ-
കാര്യമിങ്ങെത്ര തുച്ഛം!! ൮൨

അല്ലാക്കിലെന്തിനഴലിങ്ങു? **സമൽക്കലെ**ത്തിൽ-
ച്ചെല്ലാനിടം വരികിലാ,ത്മവധൂവിനാശം

ലജന്തുക്കൂട്ടം. കപ്പൽ വിട്ടു സമുദ്രത്തിലെത്തുന്നതിന്നിടയ്ക്കുവെച്ചുതന്നെ ചിലർ മിരിച്ചുപോയി എന്ന് ഉത്തരാർദ്ധത്തിന്റെ താല്പര്യം.

൮൦. താരാവലീമജ്ജനകഷ്ടവാർത്ത=താരാവലി മുങ്ങിപ്പോയ ദുഃഖവർത്തമാനം. തൽപ്രിയാനുഗന്മാർ=തൽപ്രിയന്റെ (അവളുടെ പ്രിയന്റെ—ചണ്ഡസേനന്റെ) അനുചരന്മാർ.

൮൧. ലവണാംബു= ഉപ്പുവെള്ളം

൮൨. അധ്വമദ്ധ്യത്തിൽ= മാർഗ്ഗമദ്ധ്യത്തിൽ. തുച്ഛം= നിസ്സാരം;

൮൩. ആത്മവധൂവിനാശം= തന്റെ പ്രിയയുടെ നാശം.

Digitized By Kerala Sahitya Akademi

നില്ലാതറിഞ്ഞു,കരമെരിഞ്ഞി,തിലും കവിഞ്ഞ
വല്ലായ്മ തേടുമിവനെ,ന്നതു തീൎച്ചയല്ലോ. വൃന്ദ

ആ രമ്യദ്യുതി **ചന്ദ്രസേന**നെയു,മാ-
**താരാവലീ**നാമക-
സ്ത്രീരത്നത്തെയുമൊന്നുപോലെ വിരചി-
ച്ചാ,രക്തരാക്കിസ്സമം,
ഹാ! രണ്ടാളെക്കുമൊരേതരം കടുവിപ-
ത്തേല്പിച്ചു, ധാതാവതി-
ക്രൂരൻ ദുൎല്ലഭമാക്കിനാനിഹ നര-
ൎക്കന്യൂനനേത്രോത്സവം. വൃര

നഷ്ടം നാട്ടാൎക്കു പറമ്പടി നൃപസുതനെ-
ക്കാരാകാരൊത്തിവണ്ണം
കഷ്ടപ്പാടിൽപ്പെടുത്തീട്ടഥ ചെറുതിടയാ-
ലക്കൊടുങ്കാറ്റടങ്ങി;
ഇഷ്ടംസാധിച്ചപോലേ, ഘനകലുഷമൊഴി-
ഞ്ഞംബരാന്തം തെളിഞ്ഞു;
രുഷ്ടത്വം വിട്ട ശിഷ്ടാശയനുടെ നിലയിൽ-
സ്സിന്ധുവും ശാന്തമായീ. വൃഖ

ചന്ദ്രസേനസമുദ്രപാതം എട്ടാം സൎഗ്ഗം

വൃര. സമം=ഒപ്പം. ആരക്തരാക്കി=അനുരക്തരാക്കി. ധാതാവ്=ദൈവം. അന്യൂനനേത്രോത്സവം=പരിപൂൎണ്ണമായ നേത്രോത്സവം. സൌന്ദൎയ്യാദി ഗുണഗണങ്ങളെക്കൊണ്ടു അത്യന്തം അനുരൂപന്മാരായ ഈ വധൂവരന്മാർ മുറയ്ക്കു ദമ്പതികളായിതീൎന്നുവെങ്കിൽ അതു മനുഷ്യൎക്കു മഹത്തായ നയനോത്സവത്തെ പ്രദാനം ചെയ്യുമായിരുന്നു; അതിന്നു ദൈവം സംഗതിവരുത്തിയില്ല.

വൃഖ. ഘനകലുഷം=മഴക്കാറുകൊണ്ടുള്ള കറുപ്പ്. രുഷ്ടത്വം വിട്ട=കോപം നീങ്ങിയ. ശിഷ്ടാശയൻ=വിശിഷ്ടചിത്തൻ.

Digitized By Kerala Sahitya Akademi

## ഒമ്പതാം സർഗ്ഗം

ഭയവാരാശിയിലാണ്ട ഭൂപതി-
പ്രിയപുത്രാനുഗരാം ജനങ്ങളിൽ,
ജയകേതുവിനെത്തനിച്ചസൂ-
ക്ഷയമെന്ന്യേ കര കേററിനാൻ വിധി. ൧

അലയാലതിദൂരനീതനായ് -
ച്ചില നാളാൽക്കരെ പാറിയോരവൻ
ചലനം വെടിയെക്കിടന്നിത-
ങ്ങു്ലസം ചീർത്തു വിളർത്ത മെയ്യുമായ്. ൨

ചിരമാബ്ധിയിൽക്കിടക്കയാൽ
മരവിച്ചുള്ള തദംഗമപ്പൊഴേ
ത്തുരമൊത്തു തലോടിനാൻ, നഭോ-
ന്തരസംസ്ഥൻ രവി തൻകരങ്ങളാൽ. ൩

ഒരു മട്ടു ചിരാലെണീററ നി-
ന്നൊ്രു ജീവച്ഛവമെന്നപോലവൻ

---

൧. ഭയവാരാശിയിൽ = ഭയങ്കരസമുദ്രത്തിൽ, ഭൂപതിപ്രിയപുത്രാനുഗർ = ഭൂപതിയുടെ പ്രിയപുത്രന്റെ (ചന്ദ്രസേനന്റെ)കൂട്ടുകാർ. അസൂക്ഷയം = ജീവനാശം.

൨. അതിദൂരനീതൻ = വളരെ അകലത്തു കൊണ്ടുപോകപ്പെട്ടവൻ. ചലനം = ഇളക്കം—ചേഷ്ട.

൩. തദംഗം=ജയകേതുവിന്റെ ദേഹം, നഭോന്തരസംസ്ഥൻ=ആകാശമദ്ധ്യസ്ഥിതൻ. കരങ്ങൾ=രശ്മികൾ, കൈകൾ. ഉച്ചയ്ക്കലെ കൂട്ടത്തവെയിൽ തട്ടുന്നതു്, അവന്റെ മരവിച്ച ശരീരത്തിന്നു കേവലം തലോടുന്നതുപോലെ സുഖകരമായിരുന്നു.

Digitized By Kerala Sahitya Akademi

ഗുരുവാമുടലുഷ്ണനീർ പൊഴി-
പ്പൊരു വസ്ത്രങ്ങൾ പിഴിഞ്ഞു തോർത്തിനാൻ: ൪

അരചൻ, നിജലബ്ധമായൊരാ-
കരുയതോ മരുഭൂമിയെന്നുതാൻ
പരമാത്ഥമറിഞ്ഞു, ചുററമ-
സ്ഥിരമാം കണ്ണിണകൊണ്ടു പാർത്തതിൽ. ൫

അവിടുന്നു, വിശപ്പു ചൊന്നപാ-
ടെവിടെയ്ക്കെന്നറിയാതെ പോയവൻ
രവിതപ്തമണൽപ്പുറം കട-
ന്നവിദൂരത്തൊരു കാട്ടിലെത്തിനാൻ. ൬

ചില കായ്കനികൊണ്ടു ജാഠരാ-
നലനെ ത്ത്രു തടുത്തശേഷമേ
തലയിൽബ്ഭുത! കേറിയുള്ളു, ഭൂ-
തലപാലന്നിഹ ലോകചിന്തകൾ. ൭

ഉടനേ, വിധുചന്ദ്രസേനനാ-
കടലിൽച്ചാടിയതോർമ്മയാകയാൽ
ഇടർ പൂണ്ടു മയങ്ങി വീണുപോയ്,
കടയറേറാരു മരം കണക്കിവൻ. ൮

൪. പിഴാൽ=എകറനേരംകഴിഞ്ഞിട്ടു. ഗുരു=കനത്തത്.

൫. അരചൻ=വേതസരാജാവ് (ജയകേതു) നിജലബ്ധം=തനിക്കു കിട്ടിയത്. അസ്ഥിരം=സ്ഥൈര്യമില്ലാത്തത്, ദുർബ്ബലമെന്നു താൽപര്യം.

൬. രവിതപ്തമണൽപ്പുറം=വെയിൽകൊണ്ടു ചുട്ടുപഴുത്ത മരുഭൂമി. അവിദൂരത്ത്=അധികം അകലത്തല്ലാത്തെടത്ത്.

൭. ജാഠരാനലനെ (ജഠരാഗ്നിയെ) തടുക്കുക=വിശപ്പടക്കുക.

൮. ഉടനേ=ഇഹലോകചിന്തകൾ തലയിൽ കേറിയ ക്ഷണത്തിൽ.

Digitized By Kerala Sahitya Akademi

പുനരൊട്ടിടയാൽ പ്രബുദ്ധനായ്–
ഘനഖേദാലെഴുന്നേററിരുന്ന,വൻ
ജനനാഥകുമാരനിൽപ്പെട്ടും
തിനവോടേ പലതേവമോതിനാൻ: ൯

"ഹ ഹ ഹാ! ഹതനായി ഞാൻ; സുദു–
സ്സഹമീദ്ദുർവ്വിധിദുർവിജൃംഭിതം;
ദഹനൻ പിടിപെട്ടപോലകം
സഹസാ കത്തിയെരിഞ്ഞിടുന്നു മേ! ൧൦

പരമെന്നുടെ ചന്ദ്രസേനനാം
നരചന്ദ്രൻ—; നിരുപിയ്ക്ക, വയ്യ മേ;
ഹര! ശങ്കര! നാട്ടുകാക്കിതിൽ–
പ്പുരമാപത്തു വരേണ്ടതെന്തിനി? ൧൧

ധരയും, വസുദത്തപുത്രിയും
വരനായിട്ടു വരിച്ചിരിപ്പവൻ,
സുരരുചി, യുവാവകാലദു–
മ്മരണത്തിന്നടിപെട്ടതില്ലയോ! ൧൨

കടലാൽച്ചുഴലപ്പെടുന്ന മ–
ന്നിടമൊട്ടുക്ക ഭരിച്ചിടേണ്ടവൻ
കടലിന്നിരയായ് ക്കഴിഞ്ഞു; ഹാ!
തടവില്ലുഗ്രവിധിയ്ക്കൊരേടവും. ൧൩

---

൯. പുനഃ=വീണ്ടും. പ്രബുദ്ധൻ=ബോധം വന്നവൻ. ജനനാഥകുമാരൻ=രാജപുത്രൻ (ചന്ദ്രസേനൻ)

൧൦. സുദുസ്സഹം=സഹിപ്പാൻ വയ്യാത്തത്. ദുർവിധിദുർവിജൃംഭിതം=ഹതദൈവദുർവ്വിലാസം. ദഹനൻ=അഗ്നി. സഹസാ=പെട്ടെന്ന്.

൧൨. ധര=ഭൂമി. വസുദത്തപുത്രി=താരാവലി. സുരരുചി=ദേവകൾക്കു തുല്യമായ സൌന്ദര്യമുള്ളവൻ.

Digitized By Kerala Sahitya Akademi

പുരുഷോത്തമനാം കുമാരനെ-
പ്പെരുമാൾപ്പട്ടമണിഞ്ഞു കാണുവാൻ
പെരുതായ് ക്കൊതി പൂണ്ടിതിജ്ജനം;
കരുതീലി,ച്ചതി പററുമെന്നഹോ! ൧൪

വടിവൊത്തിഹ ചക്രവർത്തിതൻ-
മുടി ചാർത്തേണ്ട ശിരസ്സിലല്ലയോ,
കൊടിയോരപമൃത്യുവാകുമീ-
യിടിവാൾ വന്നു പതിച്ചതീശ്വരാ!! ൧൫

ഭയമാർന്നവിധം, ശിവൈകസം-
ശ്രയനാം മൽപ്രഭുവിൻെറ നാട്ടിലേ
കയറാത്തൊരകാലമൃത്യു തൽ-
പ്രിയദായാദനെ യാക്രമിക്കയോ! ൧൬

ഗുരുസൽഗുണപൂർത്തികൊണ്ടു തൻ-
തിരുമേനിക്കു ജഗൽപിതാമഹൻ
പുരുഷാഗ്ര്യത നൽകിയിട്ടു,മാ-
പ്പുരുഷായുസ്സുരുളാഞ്ഞതെന്തുവാൻ? ൧൭

---

൧൪. പെരുമാൾപ്പട്ടം=ചക്രവർത്തിപ്പട്ടം.

൧൫. മുടി=കിരീടം.

൧൬. ശിവൈകസംശ്രയൻ=ശുഭങ്ങളിൽമാത്രം നിഷ്ഠയുള്ളവൻ; അല്ലെങ്കിൽ മഹാശിവഭക്തൻ. മൽപ്രഭു=എൻെറ സ്വാമി (മഹാസേനൻ) തൽപ്രിയദായാദനെ=അദ്ദേഹത്തിൻെറ പ്രിയപുത്രനെ. മൃത്യു ശിവഭക്തന്മാരെ ഭയപ്പെടാതിരിക്കില്ലല്ലോ. മഹാസേനൻെറ രാജ്യത്തെങ്ങും അപമൃത്യുബാധയുണ്ടായിരുന്നില്ലെന്നു പ്രഥമസർഗ്ഗം 67-ാംശ്ലോകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

൧൭. അദ്ദേഹത്തിനു മഹത്തുക്കളായ സൽഗുണങ്ങളുടെ പരിപൂർണ്ണതകൊണ്ടു പുരുഷാഗ്ര്യത (പുരുഷശ്രേഷ്ഠത) കൊടുത്ത ബ്രഹ്മാവ്, പു



Digitized By Kerala Sahitya Akademi

ധരയിൽബ്ബഹുരത്നസഞ്ചയാ-
കരമാമീക്കടലിന്നു കേവലം
ദര തീപ്പതിനോ, മികച്ചൊരി
നരരത്നത്തെ രചിച്ചു നീ വിധേ! ൧൮

ഇവനെത്ര കൃതഘ്നനെൻ, പ്രഭു-
പ്രവരൻതൻ പ്രിയപുത്രനെ ക്ഷണാൽ
ലവണാംബുധിയിൽ ത്യജിച്ചു, ത-
ന്നവനാത്ഥം കര കേറിയില്ലയോ! ൧൯

മൃതിഭം പ്രഭുഭക്തിമൈത്രികൾ-
ക്കെതിരായ് സ്വാത്ഥമിതാചരിക്കയാൽ
അതിനിന്ദിതനായ്ച്ചമഞ്ഞു ഞാൻ;
മൃതിഭീതേ! കൃതകൃത്യയാക നീ! ൨൦

തറിപോലുടൽ വീണുപോകുമെ-
ന്നറിവോനും മൃതിയെന്നു കേൾക്കവേ
നെറികെട്ടു മയങ്ങിടുന്നു: നിൻ-
മറിമായം ചെറുതല്ല ദൈവമേ!! ൨൧

രുഷായുസ്സ് ('ശതായുഃ പുരുഷഃ' എന്നതിനെ അനുസരിച്ചു നൂറുവയസ്സെങ്കിലും) കൊടുക്കാഞ്ഞതു മഹാകഷ്ടംതന്നെ!

൧൮. അനവധിരത്നങ്ങളുടെ ആകരമായിട്ടും, 'പ്രായോ ധനവതാമേവ ധനേ തൃഷ്ണാ ഗരീയസീ' എന്നതിനെ അനുസരിച്ചു പിന്നേയും രത്നലുബ്ധനായിരിക്കുന്ന സമുദ്രത്തിന്, ഇപ്പുറം ലോകോത്തരമായ ഈ പുരുഷരത്നത്തെ (ചന്ദ്രസേനനെ) ലഭിക്കയാൽ ദര തീന്നിരിക്കും എന്നു സാരം.

൧൯. തന്നവനാത്ഥം=ആത്മരക്ഷക്ക വേണ്ടി.

൨൦. സ്വാമിഭക്തിക്കും, സ്നേഹത്തിനും വിപരീതമായി താനെക്കൊണ്ടു ഈ സ്വാത്ഥത്തെ ആചരിപ്പിച്ചതു മൃതിഭീതി(മരണഭയം)ആണെന്നു കല്പിച്ച്, അതിനെ നിന്ദിക്കുന്നു.

Digitized By Kerala Sahitya Akademi

സ്വയമർണ്ണവ! പോതഭഞ്ജദു-
ഷ്ക്രിയയാൽത്തൃപ്തിവരായ്കമൂലമോ,
പ്രിയരാജസുതങ്കൽനിന്നക-
റ്റിയതെന്നെജ്ജലചക്രവർത്തി നീ! ൨൨

ചിരമിക്കടൽ വിട്ടു പോന്നു ദു-
സ്തരദുഃഖക്കടലിൽപ്പതിച്ചു ഞാൻ;
മരണത്തിനുമെന്നെ വേണ്ട; നി-
ഷ്ഠുരമയ്യോ! മമ ഭാഗ്യവിപ്ലവം. ൨൩

ധരണീന്ദ്രനെയേകപുത്രദു-
ർമ്മരണോദന്തമുണർത്തി മേലുമേൽ
കരയിപ്പതിനോ, കടന്നു മാം
കരയേറ്റീ കഠിനാശയൻ വിധി! ൨൪

അയി രാജകുമാര! തൃപ്പദാ-
ശ്രയികൾക്കൊരൊറ്റ കല്പവൃക്ഷമേ!
ത്വയി ദുർമ്മൃതി കൈപ്പെടുത്തിയാ-
ലുയിരില്ലാസ്ഥിതിയാന്നിതിജ്ജനം!! ൨൫

൨൨. മരണഭയം നിമിത്തമല്ലാ, കടൽത്തിരകളുടെ ശക്തികൊണ്ടാണു താൻ രാജകുമാരനുമായി വേർപെട്ടുപോയതെന്നുള്ള വാസ്തവത്തെ ഓർത്തു സമുദ്രത്തിനോടു പറയുന്നു. പോതഭഞ്ജദുഷ്ക്രിയ=കപ്പലുടക്കുക എന്ന ദുഷ്കർമ്മം: ജലചക്രവർത്തി എന്നതിന്നു ജലപ്രഭുവെന്നും അർത്ഥം.

൨൩. ദുഃഖക്കടൽ ദുസ്തരമാകയാൽ, മറെറാക്കടലിൽത്തന്നെയായിരുന്നു ഭേദം എന്നു ഭാവം. നിഷ്ഠുരം=കഠിനം. ഭാഗ്യവിപ്ലവം=നിർഭാഗ്യത.

൨൪. ധരണീന്ദ്രൻ=മഹാസേനൻ. ഏകപുത്രദുർമ്മരണോദന്തം.=ഏകപുത്രന്റെ ദുർമ്മരണവർത്തമാനം.

൨൫. അങ്ങയ്ക്കാണു ദുർമ്മരണം പററിയതെങ്കിലും, ഇവിടുള്ളവരാണ് നിഷ്പ്രാണന്മാരായതു്; അങ്ങയുടെ നിര്യാണത്താൽ ഞങ്ങളെല്ലാം മൃതതുല്യന്മാരായിത്തീർന്നു.

Digitized By Kerala Sahitya Akademi

അതിദാരുണപുത്രശോകമെൻ-
പതിയാമാത്മപിതാവിനേകിയും,
ക്ഷിതിയിൽ പ്രജകൾക്കനാഥദു-
സ്ഥിതി ചേർത്തും ദ്രുതമെങ്ങുപോയ് ഭവാൻ! ൨൬

പരിണാമസുഖേശ്വരേച്ഛയാ-
ലൊരിടം ഹാ! കരപൂക്കിരിക്കുമോ!
ദുരിതാപഹ,മത്ര ഭാഗ്യമി-
ല്ലരിഷ്ടസ്യോ? പഴുതേ ദുരാഗ്രഹം. ൨൭

ഹിതമല്ലിതിലിത്രയും നിരാ-
ശതയദ്ദേഹവുമെന്റെ മാതിരി
ഹതമൃത്യുമുഖത്തിൽനിന്നു വി-
ച്യുതനായെന്നു വരാവതല്ലയോ? ൨൮

അതിനാൽ, മമ കൊച്ചുഭൂപനെ-
ക്ഷിതിയെങ്ങും തിരയേണ”മെന്നവൻ
ധൃതി പൂണ്ടതിനായിറങ്ങിനാ-
ന:–തിരാശങ്കിഹ കണ്ടതാരുവാൻ? ൨൯

---

൨൬. പതി=സ്വാമി. അത്മപിതാവിന്=തന്റെ അച്ഛന്ന (മഹാസേനന്ന). മഹാസേനൻ ഈ കഠിനവർത്തമാനം കേട്ടാൽ പിന്നെ ക്ഷണനേരമെങ്കിലും ജീവിച്ചിരിക്കയില്ല; അതിനെയാണ് പ്രജകൾക്ക നാഥനില്ലായ്മയാകുന്ന ദുർദ്ദശ ചേർത്തും, എന്നതുകൊണ്ടു സൂചിപ്പിച്ചിരിക്കുന്നതു്.

൨൭. പരി-ച്ഛയാൽ=അവസാനത്തിൽ സുഖകരമായിത്തീരുന്ന ദൈവകല്പിതത്താൽ. ദുരിതാപഹം=പാപഹരം.

൨൮. നിരാശത=ആശയില്ലായ്മ. ഹതമൃത്യുമുഖം=കെട്ട മൃത്യുവിന്റെ മുഖം. വിച്യുതൻ=ഒഴിഞ്ഞുപോന്നവൻ.

൨൯. ധൃതി=ധൈര്യം,

Digitized By Kerala Sahitya Akademi

യുവഭൂപനെയെത്ര ദിക്കിലി-
യവനീജാനി തിരഞ്ഞു ഖിന്നനായ്!
ശിവനേ! കടുമൃത്യു തീണ്ടിയോ-
രവനെങ്ങേ,ിങ്ങിവനാന്നിടും ശ്രമം? ൩൦

നിയതിച്ഛ വശാലൊരേടമീ
പ്രയതാത്മാവഥ കണ്ടുമുട്ടിനാൻ,
ജയപാലന,ശോകസേനനീ-
പ്രിയരാജാത്മജമന്ത്രിമുഖ്യരെ. ൩൧

അവരും ജലരാശിയിങ്കൽനി-
ന്നിവനെപ്പോലെ കരയ്ക്കണഞ്ഞഹോ!
സ്വവയസ്യഗവേഷണോൽകരായ്-
ബ്ഭുവനം ചുറ്റുകയാണ,താതിടം. ൩൨

കരുതാത്തൊരു കാഴ്ച കൂടിടും
പുരുകണ്ണീരൊടു പാഞ്ഞു ചെന്നവൻ,
ഒരു വെമ്പലൊടൊത്തുടുത്തിട്ട-
ന്നിരുപേരേയുമണച്ചു പുൽകിനാൻ. ൩൩

ഇടർ വാച്ചിവർ മൂവരും കുറ-
ച്ചിട വല്ലാത്തൊരവസ്ഥ തേടിനാർ:
സ്ഫുടമാർത്തിതടാകസേതുവി-
ന്നുടവേകുന്നു സുഹൃൽസമാഗമം. ൩൪

൩൦. അവനീജാനി=ജയകേതുരാജാവ്.
൩൧. നിയതിച്ഛ=ദൈവമതം. പ്രയതാത്മാവ്=ശുദ്ധചിത്തൻ
൩൨. സ്വവ-ണോൽക്കർ=തങ്ങളുടെ സ്നേഹിതരെ (ചന്ദ്രസേനാദികളെ) അന്വേഷിക്കുന്നതിൽ ഉത്സുകർ.
൩൩. ഇരുപേരേയും=ജയപാലാശോകസേനരെ.
൩൪. വല്ലാത്തൊരവസ്ഥ=അനിർവ്വാച്യമായ ഒരവസ്ഥ, അത്തി—

Digitized By Kerala Sahitya Akademi

കരയേറിയതും, പലേടവും
തരസാ തങ്ങൾ വൃഥാ നടന്നതും
ഉരചെയ്തു സഖാക്കളാകുലാ-
ക്ഷരമായ്; തൻകഥ **വേതസേ**ശനം. ൩൮

അവകേശി, സുഹൃന്നൃപന്റെയും
വ്യവസായദ്രുമമെന്നറിഞ്ഞവർ
യുവരാജനിലാശ തീരെയ-
റ്റവശം ഹാ! വിലപിച്ചു വീണ്ടുമേ: ൩൯

“എവിടെയ്ക്കെഴുന്നെള്ളി ദൈവമേ!
ഭുവി ചേർപൊങ്ങിന കൊച്ചുതമ്പുരാൻ,
സുവിദഗ്ദ്ധജനാഭിപൂജിതൻ,
സവിശേഷസ്പൃഹണീയപൗരുഷൻ!! ൪൦

ക്ഷിതിപാത്മജ! ലൗകികാഗ്നിയെ
ദ്യുതിയാൽ വെന്നവൻ, മഹോദ്യമൻ
എതിരാം ബഡവാഗ്നിയെജ്ജയി-
പ്പതിനാഴിക്കടിയിൽഗ്ഗമിച്ചിതോ! ൪൧

---

സേതു=ദുഃഖമാകുന്ന ജലാശയത്തിന്റെ ചിറ. സുഹൃത്തുക്കളുമായുള്ള ചേർച്ചയിൽ, ദുഃഖം ഇളകിപ്പുറപ്പെട്ടുമെന്നു സാരം.

൩൮. വൃഥാ=ചന്ദ്രസേനനെ കണ്ടുകിട്ടാഞ്ഞതിനാൽ നിഷ്ഫലമായി. തൻകഥ വേതസേശനം(ജയദ്യോതകവും) ഉരചെയ്തു എന്നു് അന്വയം.

൩൯. അവകേശി=നിഷ്ഫലം. സുഹൃന്നൃപൻ=ജയകേതു. വ്യവസായദ്രുമം=ഉത്സാഹമാകുന്ന വൃക്ഷം.

൪൦. സുവിദഗ്ദ്ധജനാഭിപൂജിതൻ=വിദഗ്ദ്ധജനങ്ങളാൽ മാനിതൻ.

൪൧. ലൗകികാഗ്നിയെ=സാധാരണാഗ്നിയെ. ദ്യുതി=തേജസ്സ്. മഹോദ്യമൻ=മഹത്തായ ഉത്സാഹത്തോടു കൂടിയവൻ.

Digitized By Kerala Sahitya Akademi

അരുണാത്മജതൻ ജലത്തിലാ-
ണ്ടൊരു ചന്ദ്രാങ്ഗദനെക്കണക്കിനേ
തിരുമേനിയെ നീരധിയ്ക്കു കീ-
ഴ്ത്തുവും നാഗികൾ കൊണ്ടുപോകയോ! ൩൯

വളരെപ്പുകൾവെണ്മ പൂശിടു-
ന്നളകാധീശ്വരവംശമുത്തിനെ
ഇള തൻമുല ചേർക്കുവാൻ കൊതി-
പ്പുളവേ ദുർവ്വിധി കൊണ്ടുമണ്ടിനാൻ. ൪൦

അളകേശനപുത്രനായ്; ഗുണം
വളരും തൽകുലതന്ത്രു നഷ്ടമായ്,
വിളയാട്ടിന്നു തക്ക പൊൻമണി-
ക്കളരിത്തട്ടു രമയ്ക്കുടഞ്ഞുപോയ്; ൪൧

ഗതികെട്ടവരായി ഞങ്ങൾ; നിൻ-
ചതി കൂട്ടച്ചതിയായി ദൈവമേ!
ക്ഷിതി കഷ്ടമനാഥകല്പയായ്;
സതി താരാവലി നിത്യകന്യയായ്!! ൪൨

(യുഗ്മകം)

---

൩൯. അരുണാത്മജ=സൂര്യപുത്രി (കാളിന്ദി). നീരധി=കടൽ. നാഗികൾ=സർപ്പസ്ത്രീകൾ. ഇതിൽ സൂചിപ്പിച്ച ഇതിഹാസം ശിവപുരാണത്തിൽ തിങ്കളാഴ്ചമാഹാത്മ്യത്തിലുള്ളതാണ്.

൪൦. അള—മുത്ത്=അളകാധീശ്വരന്റെ (മഹാസേനന്റെ) വംശം ആകുന്ന വംശത്തിൽ (മുളയിൽ) ഉണ്ടായ മുത്ത്. മുളയിൽ മുത്തുണ്ടാകുന്നതായി മഹാകവികൾ വർണ്ണിച്ചിട്ടുണ്ടല്ലോ. ഇള=ഭൂമി. തൻമുല ചേർക്കുവാൻ കൊതിപ്പുളവേ എന്നതിന്നു ഭൂപതിസ്ഥാനാരോഹണം സമീപിച്ചിരിക്കേ എന്നു താൽപര്യം.

൪൧. തൽകുലതന്ത്രു=അളകേശന്റെ വംശതന്തു. രമ=ലക്ഷ്മി.

൪൨. അനാഥകല്പ=നാഥനില്ലാത്തപോലെയുള്ളത്. സതിയായ താരാ

Digitized By Kerala Sahitya Akademi

ഉലകിൽസ്സൽഗുണൈകവർത്തിയാ-
യ,ലഘുസ്നേഹധൃതപ്രസാദമായ്
വിലസീടിന പൊൻവിളക്കിതാ!
ജലപാതാൽസ്സഹസാ പൊലിഞ്ഞുപോയ്!! ൪൫

ധൃതചാപലമായ ശൈശവം
മുതലൊന്നിച്ചു രമിച്ച കൂട്ടരെ
ബത! ശാശ്വതമായ്പ്പിരിച്ചിതാ
ഹതമാം ദുർവ്വിധി;യെങ്ങിനിസ്സുഖം? ൪൬

ലളിതാർഭകലീലയിൽബ്ഭവാ-
നൊളിവാന്നാൽ,പ്പിടികിട്ടുവോളവും
വെളിവററവരായി ഞങ്ങൾ, നിൻ-
നളിനശ്രീവദനാവിലോകനാൽ; ൪൭

ധ്രുവമങ്ങിനെ വാച്ച വേഴ്ചയാ-
ലവബദ്ധാശയർ ഞങ്ങളെങ്ങുവാൻ?
ശിവനേ! നിനയാതണഞ്ഞൊരീ-
ബ്ഭവദത്യന്തവിയോഗമെങ്ങുവാൻ? ൪൮
(യുഗ്മകം.)

വലി മനസ്സുകൊണ്ടു വരിച്ച ചന്ദ്രസേനനെയല്ലാതെ മറെറാരു പുരുഷനെ ഭർത്താവാക്കുക എന്നുള്ളതുണ്ടാകാൻ ഇടയില്ലായ്കയാൽ നിത്യകന്യയായ് (മരണംവരെ കന്യകയായിത്തന്നെ) ഇരിക്കേണ്ടിവന്നു.

൪൫. സൽഗുണൈകവർത്തി=സൽഗുണങ്ങളിൽത്തന്നെ വർത്തിക്കുന്നത്, നല്ല തൽത്തിരിയുള്ളത് എന്നും. സ്നേഹശബ്ദത്തിനു എണ്ണ എന്നും അർത്ഥം. ജലപാതാൽ=വെള്ളത്തിൽ വീണതുനിമിത്തം, വെള്ളം വീണതുകൊണ്ട് എന്നും.

൪൬. ധൃതചാപലം=ചാപല്യമുള്ളത്. ശൈശവം=കുട്ടിക്കാലം, ശാശ്വതമായ്=എന്നെന്നേക്കുമായി.

൪൭. ലളി—ലീല=ഭംഗിയുള്ള ബാലക്രീഡ. നളി—കനാൽ=താമരപ്പൂപോലെയുള്ള തിരുമുഖം കാണായ്കയാൽ.

൪൮. അവബദ്ധാശയർ=കെട്ടപ്പെട്ട ഹൃദയത്തോടു കൂടിയവർ

Digitized By Kerala Sahitya Akademi

ജനനീമുലനീരപോലുമീ-
ജ്ജനനമോടൊത്തു നുകർന്നുപോന്ന നീ,
അനവദ്യമതേ! നിവാപനീർ
പുനരൊററയ്ക്കു കുടിയ്ക്കു യുക്തമോ? ൪൭

നൃവരാത്മജ! മാറു മുവ്വർ താൻ
തവ വിശ്വാസ്യര, മാത്യരെവരിൽ;
ധ്രുവ,മാപദി ത്യപ്പുമാം വെടി-
ഞ്ഞവരിയ്ക്കുള്ളവർ കൂടസേവകർ. ൪൮

സ്വവപുസ്സുപഹാരമാക്കി ഹാ!
ഭവദാരാധന ചെയ്യു ഭക്തരിൽ
ഇവർതൻ ബലി യാദസാം പതേ!
തവ ഭൃതങ്ങൾ തൊടാഞ്ഞതെന്തുവാൻ! ൪൯

നിയമേന വിഷാമൃതാഖ്യ നേ-
ടിയ നീരാസ്സുജനത്തിനൊക്കയും
ക്ഷയദം വിഷമായ;-ഭാഗ്യരാ-
കിയ ഞങ്ങൾക്കമൃതായ് വിധിച്ചു യാൽ! ൫൦

൪൭. ജനനീമുലനീർ=അമ്മയുടെ മുലപ്പാൽ. നിവാപനീർ=ശേഷക്രിയയിൽ നൽകപ്പെടുന്ന ഉദകം.

൪൮. വിശ്വാസ്യർ=വിശ്വാസയോഗ്യർ. ആപദി=ആപത്തിൽ. കൂടസേവകർ–കള്ളസ്സേവന്മാർ.

൪൯. ചന്ദ്രസേനാദികളോടൊപ്പം ഞങ്ങളേയും മരിപ്പിക്കാഞ്ഞ് സമുദ്രത്തെ അധിക്ഷേപിക്കുന്നു. സ്വവപുസ്സ്=നിജശരീരം. ഉപഹാരം=ബലി. ഇവർതൻ=ഞങ്ങളുടെ. യാദസാംപതേ=ജലജന്തുക്കളുടെ സ്വാമിൻ! തവ ഭൃതങ്ങൾ=യാദസ്സുകൾ.

൫൦. വെള്ളത്തിനു വിഷമെന്നും, അമൃതമെന്നും പേരുണ്ട്. ക്ഷയദം=നാശമുണ്ടാക്കുന്നത്. അഭാഗ്യർ=ഭാഗ്യരഹിതർ. വിധിച്ചു



Digitized By Kerala Sahitya Akademi

ധരണീന്ദ്രകുമാര! തന്മക-
ന്നര പേരന്നൊരു കൂറകാരനെ
തിരയും മഘവാവിനേകിയോ,
തിരയാൽ നിന്നെ ഹരിച്ചപാം പതി! ൭൭

ദിവി ഹന്ത! ജയന്തനിൽത്തുലോം
ക്ഷവിയും നിൻദ്യുതി കാണ്കിലാശ്ശചി
അവിതർക്കമസൂയ പൂണ്ടുപോ-
മിവിടുത്തെജ്ജനയിത്രിതന്റെ മേൽ! ൭൮

സുരനാരികളം, സമുൽക്കലേ-
ശപരപുണ്യപ്പൂവല്ലി താവകാ
സ്ഥിരചിത്തമുലച്ചുതാൻ ത-
പ്പേരസൌഭാഗ്യഫലം കൊതിക്കുമേ! ൭൯

ഭുവനൈകവിനോദസാധനം,
പ്രവരാങ്ഗി പ്രിയതൻ പ്രതിച്ഛദം

മൃതം കവചിൽ ഭവേമേതം വാ വിഷമീശപരോച്ഛ്രയം".

൭൭. തന്മകന്ന്=ജയന്തന്ന്. മഘവാവിന്ന്=ഇന്ദ്രന്ന്. അപ്പാം പതി=വരുണൻ. ധരണിയിലെ ഇന്ദ്രന്റെ പുത്രനായ അവിടുന്ന് ഇന്ദ്രപുത്രന്റെ കൂറകാരനായിരിപ്പാൻ അർഹനാണ്. ദിക്പാലനായ വരുണൻ അഷ്ടദിക്പാലന്മാരിൽ അഗ്രഗണ്യനായ ഇന്ദ്രന്റെ അടിമതം സാധിപ്പിപ്പാൻ നിർബന്ധിതനുമാണല്ലോ.

൭൮. ദിവി=സ്വർഗ്ഗത്തിൽ. ദ്യുതി=തേജസ്സ്. ശചി=ഇന്ദ്രാണി. അവിതർക്കം=തീർച്ചയായും. ജനയിത്രി=അമ്മ.

൭൯. അങ്ങയുടെ പേരിൽ അഭിനിവേശം ജനിച്ച അപ്സരസ്ത്രീകൾ, അങ്ങയുടെ സ്ഥിരമായ മനസ്സിനെ ഇളക്കാൻ ശ്രമിച്ചിട്ട് പരാജയാൽ സമുൽക്കലേശപരപുണ്യപ്പൂവല്ലി (താരാവലി) യുടെ സൌഭാഗ്യം കിട്ടിയാൽക്കൊള്ളാമെന്ന് ആശിപ്പാൻ സംഗതിയുണ്ട്.

Digitized By Kerala Sahitya Akademi

സ്വവശേ കരുതാതെ പോകയാൽ
തവ വിണ്ണിങ്കലുമെങ്ങഹോ! സുഖം! ൪൮

ശിവനേ! വസുദത്തപുത്രിയീ-
വിവരം കേൾപ്പളവേതു മട്ടിലാം!
അവൾതന്നഖിലം മനോരഥം
ഭവദേകപ്രതിബദ്ധമല്ലയോ? ൪൯

തനുഗാത്രി ചിരാലസഹ്യമാ-
മനുരാഗജ്ജ്വരയിർ കൊള്ളുമാകഥ
നനു തത്ര മുഹൂർത്തനിശ്ചയ-
ത്തിനു ചോദിച്ചവർ ചൊല്ലിയില്ലയോ! ൫൦

യതിപൂജിത, സർവ്വമംഗളാ-
കൃതി, കാത്യായനി, ലോകപാവനി,
സതി മുന്നമനുഗ്രഹിച്ചതും
പതിരായസ്മദഭാഗ്യശക്തിയാൽ!! ൫൧

തിരുവേളി കഴിച്ചു ചെല്ലുവാൻ
ഗുരു കല്പിച്ചതു ചെയ്തിടാതെ നീ,
ഗുരുഭക്തി മറന്നപോലെ മ-
റ്റൊരു ദിക്കിനു ഗമിച്ചതെന്തുവാൻ? ൫൨

൪൮. പ്രവരാങ്ങ്ഗ് = അത്യുത്തമാങ്ഗ്ഗം. പ്രതിച്ഛന്ദം = ചിത്രപടം
൪൯. ഭവദേകപ്രതിബദ്ധം = ഭവാനിൽ മാത്രം ബന്ധിക്കപ്പെട്ടത്.
൫൦. അനുരാഗജ്ജ്വരയിർ = പ്രണയംനിമിത്തമുള്ള പീഡ
൫൧. അനുഗ്രഹിച്ചതും = "ക്ഷേമാർത്ഥം കല്യാണമിയറവുകത്തയിൽ കുമാരമാതാവു കലാദ്രിനന്ദിനി" എന്നും മററും (നാലാംസർഗ്ഗം നോക്കുക) ആശീർവ്വാദം ചെയ്തതും
൫൨. ഗുരു = അച്ഛൻ

Digitized By Kerala Sahitya Akademi

സ്വാപത്യയുതനായ് മഹൻ മഹോ-
ത്സവമെത്തുന്നതു കാത്തുകൊണ്ടു താൻ
നിവസിച്ചിടുമാപ്പിതാക്കളോ-
ടിവരെന്തൊന്നറിയിച്ചിടേണ്ടു ഹാ!! ൨൯

യുവരാജനിരർഗ്ഗളജ്ജീവിതം
ജവമോടെടുത്തു ഹരിച്ചിതന്തകൻ;
ഇവർതന്നുയിർ തുച്ഛമാകയാ-
ലവനിച്ഛയില്ലുവതില്ലെടുക്കുവാൻ! ൩൦

സമയത്തിനു വീഴ്പ്പിടാനമ-
ക്ഷമരായ് മാഴ്കിടുമീയനാഥരെ
ശ്രമദായകജീവിതപ്പെരും-
ചുമടേറ്റിച്ചതു ഘോരമായ് വിധേ!!” ൩൧

നവശോകവിമൂഢചിത്തരാ-
മവരേവം വിലപിച്ചിടുംവിധൗ,
വിവശൻ ജയകേതു ധൈര്യമോ-
ടവലംബിച്ചുരചെയ്തു സാന്ത്വനം: ൩൨

---

൨൯. സ്വാപത്യയുതൻ=തങ്ങളുടെ സന്താനത്തോടുകൂടിയവൻ. മഹോത്സവം=വമ്പിച്ച ഉത്സവത്തോടു കൂടുംവണ്ണം. പിതാക്കൾ=അച്ഛനമ്മമാർ (ചന്ദ്രമഹാസേനന്മാർ) ഇവർ=ഞങ്ങൾ

൩൦. യുവ—വിതം=ഇളയരാജാവിന്റെ വിലയേറിയ ജീവൻ. അവൻ=അന്തകൻ. നല്ലതിലേ ആർക്കും ആശയുണ്ടാകൂ എന്നു താൽപര്യം.

൩൧. അക്ഷമർ=അസമർത്ഥർ. ശ്രമ—മട്=ക്ഷീണത്തെ ഉണ്ടാക്കുന്ന ജീവിതമായ വലിയ ഭാരം

൩൨. നവ—ചിത്തർ=പുതുതായ ദുഃഖംകൊണ്ടു മനസ്സുകെട്ടവർ. സാന്ത്വനം=ആശ്വാസനവാക്ക്

Digitized By Kerala Sahitya Akademi

''ഫലമെന്തി,ഹ നമ്മളീവിധം
വിലപിച്ചിട്ടു? വിവേകശീലരേ!
അലമാപദി ധൈൎയ്യമേന്തിയു-
ള്ളലയാതാക്കിട്ടുവാർ ഭവാദൃശർ. ൩൧

അതിരാഗമപായശങ്കിയാ-
ണ;-തിനാൽ, നിങ്ങൾ നിനച്ചിട്ടുംവിധം
മൃതി നേടിയിരിക്കയില്ലി,ളം-
പതിമുഖ്യാത്മജനെന്നു മന്മതം. ൩൨

അവിടുന്നൊരിടം കരസ്ഥന-
ന്തവിപന്നസ്ഥിതി പൂണ്ടിരിക്കുമേ:
ഭവിതവ്യതതൻ സ്വതന്ത്രത-
യ്ക്കെവിടത്തിൽത്തടവന്ന വാൎത്തയും? ൩൩

പുരുഷായുഷലക്ഷണങ്ങളാ-
ത്തിരുമേനിക്കു തികച്ചുമില്ലയോ?
പരുഷാപമൃതിക്കു പാത്രമാ-
യ്പുരുഷോ താദൃശഭാഗ്യശാലികൾ? ൩൪

തല വെട്ടുകിലും മരിച്ചിടാ,
ബലമായുസ്സിനിരിക്കിലാരുമേ,

൩൧ ഭവാദൃശർ=നിങ്ങളെപ്പോലെയുള്ളവർ. വിവേകശീലരേ എന്ന സംബുദ്ധി നിങ്ങൾക്കു മറ്റൊരാൾ ഹിതോപദേശം ചെയ്യേണ്ടതില്ലെന്നു ദ്യോതിപ്പിക്കുന്നു.

൩൨ അതിരാഗം= അതിസ്നേഹം. അപായശങ്കി=അപത്തിനെ ശങ്കിക്കുന്നത്, മന്മതം=എന്റെ പക്ഷം.

൩൩ അവിപന്നസ്ഥിതി=അപത്തൊഴിഞ്ഞ നില. ഭവിതവ്യത= ദൈവഗതി.

൩൪ പുരുഷായുഷലക്ഷണങ്ങൾ=പൂർണ്ണായുർല്ലക്ഷണങ്ങൾ. പ

Digitized By Kerala Sahitya Akademi

അലറിക്കിഴമേൽ മറിഞ്ഞിട്ട-
ന്നലയിൽച്ചാടിയ നമ്മൾ ചത്തുവോ? ൫൭

അതിനാൽച്ചെറുതമ്പുരാനെ നാം
പ്രതിദേശം തിരയേണമിന്നിയും:
അതിമാത്രനിരാശതാലസ-
സ്ഥിതി മംഗല്യവിരോധിയല്ലയോ? ൫൮

പരമത്തരവസ്ഥയിങ്കലും
മരണാഹ്വാനമിതാശ്ശഗർഹിതം:
കരൾ കെട്ടയിർ കൈവിടായ്കിലോ
നരനെത്തും ശുഭ, മെപ്പൊഴെങ്കിലും". ൫൯

സ്വവചസ്സിതിലപ്പമാശ്വസി-
ച്ചവരാം സ്നേഹിതരൊത്തു വീണ്ടുമേ
നൃവരൻ ജയകേതു തേടിനാ-
നവനീന്ദ്രാത്മജമാർഗ്ഗണക്രമം. ൬൦

പലദിക്കിലുമാവതോളമാ-
കുലരായ്ച്ചുററിയലഞ്ഞു മൂവരും,

അപമൃതിക്കു=കഠിനമായ അപമൃത്യുവിന്നു

൫൭. അലയിൽ=കടലിൽ

൫൮. പ്രതിദേശം=ദേശംതോറും. അതി—സ്ഥിതി= അതിർ കവിഞ്ഞ നിരാശതകൊണ്ടുള്ള ഉത്സാഹഹാനി. മംഗല്യവിരോധി= നന്മയെ തടുക്കുന്നതു്.

൫൯. മരണാഹ്വാനം=മരണത്തെ വിളിച്ചുവരുത്തൽ; മരിപ്പാൻ ഉദ്യമിക്കൽ എന്നു ഭാവം. ആശ്ശഗർഹിതം=സജ്ജനനിന്ദിതം. "ഏതി ജീവന്തമാനന്ദോ നരം വർഷശതാദപി" എന്നുണ്ടു്.

൬൦. നൃവരൻ=പുരുഷശ്രേഷ്ഠൻ. അവ—ക്രമം=രാജപുത്രനെ തിരയലാകുന്ന ക്രമം

Digitized By Kerala Sahitya Akademi

ഫലമീശ്വരനേകിടായ്കയാ-
ലലസം **വേതസ**പൂരിലെത്തിനാൻ ൧൫

യുവഭൂഭൃദുദന്തമപ്പുരേ
നിവസിക്കുന്ന തദീയസേനയെ,
ദവവഹ്നി വനത്തിനെക്കണ-
ക്കവശാരാവപരീതമാക്കിതേ. ൧൬

പരിതാപഭരാലചേതന-
പ്പരിഷയ്ക്കും കരൾ വിണ്ടപോൽ വിധം,
പരിവാരജനങ്ങളങ്ങിളോ-
പരി വീണാർത്തു തൊഴിച്ചിതാർത്തരായ്. ൧൭

സചിവാത്മജരെ, സ്വസാന്ത്വവാ-
ഗ്ലപിതാശ്വാസചമൂസമേതരായ്
അചിരാലളകയ്ക്കയച്ചു പി-
ന്നു, ചിതജ്ഞാഗ്രണി **വേതസേശ്വരൻ.** ൧൮

സ്ഫുടദുർഭരശോകമൂകമാം
പടയോടൊത്തു, വിഷണ്ണത്രപരായ്,

൧൫. അലസം=മാന്ദ്യത്തോടുകൂടിയെന്നും. വേതസപൂരിൽ=ജയകേതുവിന്റെ പുരിയിൽ.

൧൬. യുവഭൂഭൃദുദന്തം=ഇളയ രാജാവു സമുദ്രത്തിൽ മുങ്ങിയ വൃത്താന്തം. അപ്പുരേ=വേതസപുരത്തിൽ. തദീയസേനയെ=ചന്ദ്രസേനന്റെ സൈന്യത്തെ. ദവവഹ്നി=കാട്ടുതീ. ആരാവപരീതം=ദീനസ്വരങ്ങളാൽ ചൂഴപ്പെട്ടത്.

൧൭. അചേതനപ്പരിഷ=വൃക്ഷലതാദിവർഗ്ഗം. ഇളോപരി=നിലത്ത്.

൧൮. സചിവാത്മജരെ=ജയപാലാശോകസേനരെ. സ്വസാ—മേതരായ്=തന്റെ സാന്ത്വവാക്കിനാൽ ആശ്വസിപ്പിക്കപ്പെട്ട സേന

Digitized By Kerala Sahitya Akademi

ചുടലക്കു ഗമിച്ചിട്ടുംവിധം
നടകൊണ്ടാർ നിജനാട്ടിലേക്കവർ. ൧൫

മിളദുൽക്കടദുഃഖചിഹ്നമായ്-
ത്തെളിതന്നൊപ്പട ചെന്നടുക്കവേ
അളകാപുരിയിങ്കലാളുകൾ-
ക്കുളവായുന്നിതൊരുഗ്രസംഭ്രമം. ൧൬

സകലത്രകുമാരകാഗമോ-
ദ്ധകരാം പൌരതദന്തമഞ്ജസാ
സുകഠോരമറിഞ്ഞവാരതി-
പ്രകടാർത്തസ്വരമായിതാപ്പുരം. ൧൭

നൃപസത്മമണഞ്ഞു, പൌരർതൻ-
കൃപണാക്രന്ദ,മമന്ദനിസ്വനം
സപരിഗ്രഹനാം മഹീശനെ-
സ്സപദി വ്യാകുലചിത്തനാക്കിതേ. ൧൮

ഉടനേ, യുവമന്നവന്റെ കൂർ
തടവും മന്ത്രികൾ രണ്ടുപേരിവർ,

---

യോട്ടുകൂടി. അചിരാൽ=താമസിയാതെ.

൧൫. സ്ഫുട— മൂകം=വെളിവായതും, ചുമപ്പാനരുതാത്തതുമായ വ്യസനംകൊണ്ടു നിശ്ശബ്ദം ആയിട്ടുള്ളത്. വിവർണ്ണരൂപർ=നിറംകെട്ടവർ.

൧൬. മിള— ചിഹ്നം=ഉഗ്രമായ ദുഃഖത്തിന്റെ അടയാളത്തോടു ചേർന്നത്.

൧൭. സക— സ്വകർ=സഭാര്യനായ രാജകുമാരന്റെ വരവും കാത്തിരിക്കുന്നവർ. ഉദന്തം=വർത്തമാനം. സുകഠോരം=അതികഠിനം. വർത്തമാനമറിഞ്ഞപ്പോൾ പുരവാസികൾ കൂട്ടത്തോടെ നിലവിളിച്ചു.

൧൮. നൃപസത്മം=രാജധാനി. കൃപണാക്രന്ദം=ദീനമായ മുറയലാക. സപരിഗ്രഹൻ=ഭാര്യാസഹിതൻ. സപദി=പെട്ടെന്ന്. വ്യാകുല=സംഭ്രാന്തമാനസൻ.

Digitized By Kerala Sahitya Akademi

ഉടലാർന്ന ഭയാമയങ്ങൾപോ-
ലിട്ടരാറിത്തിരുമുമ്പിലെത്തിനാർ. ൯൩

വ്യഥയോടവരെ,'ങ്ങു വത്സനെ'-
ന്നഥ ചോദിച്ച നരേന്ദ്രനോടഹോ!
പ്രഥമം ചെവികൾക്കസഹ്യമാ-
ക്കഥ കണ്ണീരുകളാലുണർത്തിനാർ. ൯൰൪

ജവമോടവശാനുകമ്പിയാം
യുവരാട്ടാഴിയിലാണ്ട വാർത്തയെ
അവരെങ്ങിനയോ മനോരമാ-
ധവനോടങ്ങറിയിച്ചു മെല്ലവേ. ൯൰൫

'ശിവ! രാമ! ചതിച്ചു ദൈവ'മെ-
ന്നവലുപ്തേന്ദ്രിയവൃത്തിയായുടൻ
വിവശാകൃതി വീണിതുഴിമേ-
ലവരോധശചരിയെത്തു മന്നവൻ. ൯൰൬

൯൩. മന്ത്രികൾ രണ്ടുപേരിവർ ജയപാലാശോകസേനർ. ഉടലാർന്ന് ഭയാമയങ്ങൾപോലെ— ഭയവും, ദുഃഖവും ഓരോ ദേഹമെടുത്ത മാതിരി.

൯൰൪. വ്യഥ—ദുഃഖം. വത്സൻ— ഉണ്ണി: പ്രഥമം —ആദ്യം. ജയപാലാശോകസേനന്മാർ യാതൊന്നും പറവാൻ ശക്തരാകാതെ കണ്ണീർ വാർത്തുകൊണ്ടു നിന്നപ്പോൾ ഉണ്ണിക്കെന്തോ ആപത്തു പിണഞ്ഞുവെന്നു മഹാസേനനു മനസ്സിലായെന്നു ഭാവം;

൯൰൫. ജവമോട്— വേഗേന; അക്കം തടപ്പാൻ കഴിയാത്തവിധത്തിൽ എന്നു ഭാവം. അവശാനുകമ്പി എന്നതിന്ന് അനുകമ്പനിമിത്തം അനുചരന്മാർക്ക നേരിടുന്ന ആപത്തു കാൺമാൻ ധൈര്യമില്ലാത്തവൻ എന്നു നിഷ്കൃഷ്ടാർത്ഥം. യുവരാട്ട്=യുവരാജാവ്, മനോരമാധവൻ= മഹാസേനൻ.

൯൰൬. അവലുപ്തേന്ദ്രിയവൃത്തി=ഇന്ദ്രിയവ്യാപാരം ഇല്ലാതായവൻ.



Digitized By Kerala Sahitya Akademi

പരിവാരജനങ്ങളക്ഷണം
പെരികെദ്ദീനരവം മുഴക്കവേ,
തരിയായഴൽ പങ്കുകൊണ്ടപോ-
ലരികത്താർത്തു വിലാസപക്ഷികൾ. ● വൃ൯൨

വ്യജനാദ്യുപനീതമൂർച്ഛനായ്
പ്രജകൾക്കീശ്വരനിഷ്ടദാരവാൻ
നിജദൈന്യമിടിഞ്ഞു, വൻമനോ-
രുജയോടേ വിലപിച്ചു വിഹ്വലൻ. വൃ൯൩

"മകനേ! മമ ചന്ദ്രസേന! ഹാ!
മകരാങ്കോപമമഞ്ജുളാകൃതേ!
സുകഠോരമിതിപ്പൊഴെൻ ചെവി-
ക്കകമേ വീണതു തീക്ഷ്ണവജ്രമോ! വൃ൯൪

ഹതമെൻ സകലം മനോരഥം,
ക്ഷതമയ്യോ! നിഷധേശ്വരാന്വയം,
സുതരാം സുഭഗത്വമാർന്ന മ-
ത്സുതനിൽ ദുർവ്വിധി കണ്ണുവെച്ചയാൽ! വൃ൯൫

---

മൂർച്ഛിതൻ എന്നതാല്പര്യം. അവരോധേശ്വരി=പട്ടമഹിഷി (മനോരമ)

വൃ൯൨. വിലാസപക്ഷികൾ=നേരംപോക്കിന്നായി വളർത്തപ്പെട്ടുന്ന പക്ഷികൾ.

വൃ൯൩. വ്യജ— മൂർച്ഛൻ=വീശുക മുതലായവകൊണ്ടു മോഹാലസ്യം നീങ്ങിയവൻ. പ്രജകൾക്കീശ്വരൻ=രാജാവ്. ഇഷ്ടദാരവാൻ=പ്രിയഭാര്യയോടുകൂടിയവൻ. വൻമനോരുജ=വലിയ മനോവേദന. വിഹ്വലൻ=വിവശൻ.

വൃ൯൪. മക—കൃതേ=കാമതുല്യസുന്ദരമൂർത്തേ!

വൃ൯൫. ഹതം=നഷ്ടം. ക്ഷതം= മുറിഞ്ഞതു്; കറമുടിഞ്ഞതു്, എന്നു ഭാവം.

Digitized By Kerala Sahitya Akademi

ജനിതദ്യുതി, മൽകുലാംശുമാ-
നിനി മേലാലുദയം പെടാപ്പടി
തനിയേ കടലിൽപ്പതിയ്ക്കയാ-
ലനിശം മേ ഭുവനം തമോമയം. ൮൭

സുത! നിൻെറ ശരീരതാഴിയാൽ
കൃതഭങ്ഗാകുലമായ സാഗരം
ധൃതമത്സരവൃത്തി നിന്നെ ഹാ!
മൃതനാക്കീ സ്വവിഷപ്രയുക്തിയാൽ. ൮൮

സിതരശ്മി, ഭവാത്മജൻ സമു-
ത്ഥിതനാംപോളതിവേല,മംബുധേ!,
വിതതോഗ്രരസപ്ലുതനാം ഭവാൻ
സുതശോകം നിനയാഞ്ഞതെന്തു മേ? ൮൯

സ്വകളേബരകാന്തിഃയന്ത്രമെൻ-
മകനെക്കണ്ടു, മഹോദധേ! ഭവാൻ

൮൭. ജനിതദ്യുതി=തേജസ്സുള്ളവൻ. മൽകുലാംശുമാൻ=എൻെറ വംശത്തിനു സൂര്യനായിട്ടുള്ളവൻ. അനിശം= എന്നെന്നും. തമോമയം= വെറും കൂരിരുട്ടായത്.

൮൮. സുത=മകനേ! ഭംഗശബ്ദത്തിനു തോൽമ എന്നും, തരംഗ മെന്നും അർത്ഥം. ധൃത—വൃത്തി=വൈരത്തെ വഹിച്ചത്. വിഷത്തിനു ജ ലമെന്നും, ഗരളമെന്നും അർത്ഥം. നേരിട്ടുപൊരുതാൻ കരുത്തില്ലാത്തവർ വിരോധിയെ വിഷംകൊടുത്തും മററും കൊന്നുകളയുമല്ലോ.

൮൯. സിതരശ്മി=ചന്ദ്രൻ. സമുത്ഥിതനാമ്പോൾ=ഉദിച്ചപ്പൊ ഴുതമ്പോൾ. അതിവേലം=കരകവിയുമാറ്. രസശബ്ദത്തിനു വെള്ളമെ ന്നും അർത്ഥം. സുതശോകം=പുത്രദുഃഖം. പുത്രദർശനത്തിൽ ഇത്ര സന്തോ ഷം കാണിക്കുന്ന നീ, പുത്രനാശത്തിൽ ഒരാൾക്കുണ്ടാകാവുന്ന സന്താ പത്തെ ഗണിപ്പാൻ തീർച്ചയായും അർഹനാണ്.

Digitized By Kerala Sahitya Akademi

അകമേ നിജപുത്രി ലക്ഷ്മിതൻ
മകനെന്നോർത്തഥ കൊണ്ടുപോകയോ! ൯൦

വിപരീതവിധാനനാം വിധേ!
കൃപവിട്ടെൻതനയനൈകപുത്രനെ
അപമൃത്യു കടന്നു തീണ്ടുവാ-
നപരാധം ചെറുതെന്തു ചെയ്തു ഞാൻ? ൯൧

ഗുരു ജീവിഹതിക്കുയയ്ക്കയു-
ള്ളരുകിക്കേണവളാണു മൃത്യു പോൽ!
പരുഷത്തൊഴിൽ ചെയ്തു, ചെയ്തു തൻ-
കരുണാജാഡ്യമവൾക്കൊഴിഞ്ഞിതോ! ൯൨

കടമന്ത്യമൊഴിച്ചുവാനൊരുൽ-
ക്കടയത്നാർജ്ജിതമെന്മഹാധനം
കടലിൽപ്പിടിവിട്ടു പോയ സ-
ങ്കടമാരോടുരചെയ്തിടേണ്ടു ഞാൻ! ൯൩

---

൯൦. ലക്ഷ്മീതനൂജൻ=കാമദേവൻ.

൯൨. പണ്ടു, ലോകത്തിൽ പ്രാണികളുടെ അമിതമായ വർദ്ധനയെ തടുപ്പാനായി, ബ്രഹ്മാവ് മൃത്യുവെന്ന ഒരു ദേവിയെ സൃഷ്ടിച്ചു. അവ[illegible] പ്ര[illegible]ഹിംസാധികാരിണിയായിരിപ്പാൻ ആജ്ഞാപിക്കുകയും ചെ[illegible] അബല ഞാൻ ഈ അധർമ്മകൃത്യത്തിൽ എന്നെ നിയോഗി[illegible] വീണ്ടും ദുഃഖപര്യാകുലയായി കേണപേക്ഷിച്ചു. ഇട[illegible] ബ്രഹ്മാവ് "ഇതുകൊണ്ടു യാതൊരധർമ്മവും നിന്നെ ബാ[ധി]ക്കയില്ല" എന്നും മറ്റും അനുഗ്രഹിച്ചു സമാധാനപ്പെടുത്തിയതിനുശേഷമാണ്, മൃത്യുദേവി പ്രാണിഹിംസാജോലി കയ്യേറ്റത്. ഇങ്ങിനെ മ[ഹാഭാ]രതത്തിലുണ്ട്. ഗുരു=അച്ഛൻ (ബ്രഹ്മാവ്). ജീവിഹതി=പ്രാണിഹിംസ. പരുഷത്തൊഴിൽ=ക്രൂരകർമ്മം. കരുണാജാഡ്യം=അനുകമ്പകൊണ്ടുള്ള മന്ദത.

൯൩. അന്ത്യമായ കടം=പിതൃകടം. ഉൽകടയത്നാർജ്ജിതം=വള

Digitized By Kerala Sahitya Akademi

തനയക്ഷയസങ്കടക്കടു-
ക്കനലിൽപ്പുളുവതിന്നു വേണ്ടിയോ,
അനപത്യത തീൎത്തു ഹൎഷമെ-
ന്മനതാക്കൊട്ടിട നൽകിയീശ്വരൻ! ൩൪

സ്വയമാഹിതജാതകൎമ്മമാ-
കിയ കൈകൊണ്ടുദകപ്രദാനവും
നിയമിച്ച നിനക്കു ദൈവമേ,
ദയയെന്നുള്ളതു തെല്ലുമില്ലയോ!! ൩൫

മുഖരാബ്ധിയെ മുൻനിറുത്തിയു-
ച്ഛ്രിഖദുഷ്ടത്തൊഴിൽ ചെയ്തു നീ വിധേ!
സുഖദം ഭുവി മറ്റൊരുണ്ണിതൻ-
മുഖമുണ്ടോ മമ കണ്ടിരിക്കുവാൻ? ൩൬

ഖരദാരുണമേകപുത്രദു-
ൎമ്മരണാതങ്കഭരം വഹിക്കിലും
തരസാ തകരാതിരിക്കുമെൻ-
കരളം കല്ലിനെക്കാൾ കടുത്ത കാതൽ താൻ! ൩൭

---

രെപ്പണിപ്പെട്ടു സമ്പാദിക്കപ്പെട്ടതു്. മഹാധനം=പുത്രനാകുന്ന വലിച്ച ധനം.

൩൪. തന—ക്കനൽ=പുത്രനാശദുഃഖമാകുന്ന കടുത്ത തീക്കനൽ. അനപത്യത=സന്താനഹീനത.

൩൫. ആഹിതജാതകൎമ്മം=ജാതകൎമ്മം ചെയ്തതു്.

൩൬. മുഖരാബ്ധിയെ=ഇരമ്പുന്ന സമുദ്രത്തെ. ഉച്ഛ്രിഖം=ഉദഗ്രം. 'പ്രമാണികൾ' ക്രൂരകൃത്യങ്ങളെ ചെയ്യുന്നതു് പൊതുജനങ്ങൾക്കു തങ്ങളിൽ ശങ്ക ജനിക്കാതിരിപ്പാൻ വേണ്ടി വല്ല വായാടികളേയും മുൻനിൎത്തിക്കൊണ്ടായിരിക്കുമല്ലോ.

൩൭. ഖരദാരുണം=കഠിനവും ഭയങ്കരവുമായിട്ടുള്ളതു്.

Digitized By Kerala Sahitya Akademi

സുതനെങ്ങുത! പിന്തുടൎന്ന്, ചി-
ന്തിതമെന്തിന്നു തിരിച്ചു പോന്നു നീ?
ഹതജീവിതമേ! സ്വയംകൃതാ-
ദിതദുഃഖങ്ങൾ സഹിച്ചുകൊൾകിനി! ൯൮

മകനെ സ്നുഷയോടുപേതനായ്
നികടേ കാണ്മതിനാശ വെച്ചയാൽ,
മികവുള്ളവനെത്തനിച്ചു കാ-
ൺകയും കൂടിയസാദ്ധ്യമായി മേ! ൯൯

വരനെസ്സമയേ സമുൽക്കലേ-
ശ്വരനേകാഞ്ഞസത്യപ്രതിജ്ഞനായ്
നരകത്തിൽ വിഴേണ്ടിവന്നു ഹാ!
ശരണം കെട്ടോരഭാഗ്യമൂർത്തി ഞാൻ. ൧൦൦

അളകേശ്വരവംശലക്ഷ്മിയും,
കളമൊഴ്യാൾ വസുദത്തപുത്രിയും,
ഇളയിങ്കലനാഥമാർകളായ്
കളവേറും വിധിതന്റെ മുഷ്കിനാൽ! ൧൦൧

വിഭവാന്വിതനായിരിക്കിലും,
ശുഭമെന്നുള്ളതെനിക്കു തീർന്നുപോയ്;
ഉഭയാന്വയഭൂതിഹേതുവാ-
സ്സുഭഗൻ നമ്മെ വെടിഞ്ഞതില്ലയോ! ൧൦൨

൯൮. അചിന്തിതം=വിചാരിയാതെ. സ്വയം—ഖങ്ങൾ=തന്റെ പ്രവൃത്തിമൂലമുണ്ടായ സങ്കടങ്ങൾ.

൧൦൦ വരൻ=വിവാഹപുരുഷൻ. സമയേ=നിശ്ചിതാവസരത്തിൽ; അസത്യപ്രതിജ്ഞൻ=വാഗ്ദാനം ചെയ്തതു പാഴായവൻ.

൧൦൨. വിഭവാന്വിതൻ=സമ്പത്തുള്ളവൻ. ഉഭ—ഹേതു=രണ്ടുവം

Digitized By Kerala Sahitya Akademi

സമയേ പരലോകമാർന്നിടും
മമ ശേഷക്രിയ ചെയ്തിടാതെ നീ
ക്ഷമ വിട്ടു ഗമിച്ചതെന്തൊര-
ക്രമമെൻ പ്രാക്തനപുണ്യപുഞ്ജമേ! ൨൦൫

സമദുഃഖസുഖം സുഹൃജ്ജനം;
സുമഹാവത്സലരച്ഛനമ്മമാർ;
വിമലപ്രണയാംബുധി, പ്രിയാ
രമ തോല്ക്കും വസുധത്താനന്ദിനി; ൨൦൬

അവളെൻ പ്രിയതോഴി, കേവലം
നൃവരശ്രീ;- യനുരക്തർ നാട്ടുകാർ;
നവചാരു വയസ്സി;തൊന്നുമേ
ധ്രുവമോർക്കാതെവിടേക്കു പോയി നീ! ൨൦൭

(യുഗ്മകം)

മയമെന്നിയെ ഞാൻ നിനക്കു വി-
പ്രിയമായ് വല്ലതുമാചരിച്ചിതോ?
നിയതം, മമ നീയൊഴിഞ്ഞൊരാ-
ശ്രയമെന്തെനുടെ പൊന്നുപൈതലേ! ൨൦൮

പരിചാരവിപത്തിശങ്കയിൽ
ചരിതാ തൻതനുവെ ത്യജിയ്ക്കയാൽ,

---

ശത്തിക്കേറയും (പിതൃമാതൃവംശങ്ങളുടെ) നന്മയ്ക്കു കാരണഭൂതൻ.

൨൦൫. പ്രാക്തനപുണ്യപുഞ്ജം=പൂർവ്വസുകൃതോച്ചയം. ക്ഷമ ഭൂമിയെന്നോ തിതിക്ഷയെന്നോ അർത്ഥമെടുക്കാം.

൨൦൬. സമദുഃഖസുഖം=ദുഃഖസുഖങ്ങളിൽ പങ്കുകൊള്ളുന്നത്. സുമഹാവത്സലർ=അതിസ്നേഹമുള്ളവർ.

൨൦൭. അവളെൻ=(താരാവലിയുടെ) പ്രിയതോഴി=താരാവലിയെപ്പോലെതന്നെ നിന്നെ ഭർത്താവാക്കാൻ കൊതിച്ചിരിക്കുന്നവൾ. നൃവരശ്രീ=രാജലക്ഷ്മി. നവചാരുവയസ്സ്=യൗവനം.

൨൦൮. വിപ്രിയം=അനിഷ്ടം.

Digitized By Kerala Sahitya Akademi

ശരിയാമനുകമ്പയിന്നു മാ-
തിരിയാണെന്നു തിരിച്ചു കാട്ടി നീ. ൧൦൭

സുതനി,ഷ്ടസുഹൃത്തു, മന്ത്രി നീ,
ഹിതശിഷ്യൻ, മഹിതാസ്ത്രവിദ്യയിൽ;
ബത! നിന്നെ ഹരിച്ച ദുർന്നയൻ
മൃതരാട്ടെ,ന്തുഹരിച്ചതില്ല മേ? ൧൦൮

അവകുഞ്ചിതകുന്തളാഞ്ചിതാ,
നവനാളീകദളായതേക്ഷണം,
ധവളസ്മിതശീതളം മുഖം
തവ കാണാതെ പൊറുപ്പതെങ്ങിനെ! ൧൦൯

തിരുവിഷ്ടപശില്പിതൻറെ കൈ-
വിരുതേ! വിശദമിഴിക്കു തിങ്കളേ!
അരുതേ മമ കൈമുതങ്കമേ!
പെരുതാം നിൻവിരഹം സഹിക്കുവാൻ? ൧൧൦

ലയമാന്നു സമുദ്രവായുവിൽ
പ്രിയനെൻ പ്രാണസമീരനെ,ങ്കിലും
ക്ഷയമാറുയിർ പൂണ്ടിരിപ്പു ഞാൻ,
കയറില്ലാത്തൊരു കെട്ടിതുഗ്രമേ! ൧൧൧

---

൧൦൭ പരിവാരവിപത്തിശങ്ക=പരിജനങ്ങൾക്കു ആപത്തു വിണയുമെന്ന സംശയം. തരിതം=വേഗത്തിൽ.

൧൦൮. മഹിതാസ്ത്രവിദ്യയിൽ ഹിതശിഷ്യൻ (പ്രിയശിഷ്യൻ) എന്നതു രണ്ടാംസർഗ്ഗത്തിൽ രാജകുമാരൻറെ വിദ്യാഭ്യാസം വർണ്ണിച്ചേടത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. മൃതരാട്=യമൻ.

൧൦൯ അവകുഞ്ചിതം=ചുരുണ്ടത്. ധവ— തളം=വെൺപുഞ്ചിരികൊണ്ട് ആർദ്രം.

൧൧൦ തിരുവിഷ്ടപശില്പി=ബ്രഹ്മാവ്.

൧൧൧. പ്രാണസമീരൻ=പ്രാണവായു. ഉഗ്രം= കഠിനം.

Digitized By Kerala Sahitya Akademi

സ്വയശസ്സിനെ മന്നിൽ നിർത്തി മൽ-
പ്രിയപുത്രൻ ദ്രുതമെങ്ങു പോയിതോ;
സ്വയമെന്നെയുമങ്ങയയ്ക്കുവാൻ
ദയ ചെയ്യേണമെൻറ ദൈവമേ!! ൭൰൧

ഈവണ്ണം പുത്രശോകക്ഷുഭിതഹൃദയനാം
പുരുഷേന്ദ്രൻറെ ചാരേ
വൈവർണ്ണ്യം പൂണ്ടു വന്നെത്തിയ സചിവരുപാ-
ദ്ധ്യായർ മുമ്പാം ജനങ്ങൾ
ആ വൻക്ലേശത്തിനാശാജനകമൊഴികളാ-
ലല്പമാശ്വാസമേകി-
ജ്ജീവത്ത്യാഗോഗ്രകർമ്മോദ്യമവുമൊരുവിധം
പിൻവലിപ്പിച്ചുകൊണ്ടാർ. ൭൰൨

മഹിഭരമമാത്യകൽ സ്ഥാപിച്ചിളേശ്വരനന്നു താൻ
മഹിഷിയൊടുമൊത്താശ്ശോകത്താലനന്യമനസ്കനായ്
വിഹിതവിഷയത്യാഗൻപോലേ വിശുദ്ധതപോരതൻ
മഹിതനഗരോപാന്തക്ഷേത്രത്തിലേയ്ക്കെഴുന്നെള്ളിനാൻ.

'ഈക്കാലം മൃത്യു പാഞ്ഞെത്തിയ മുനിസുതനെ-
പ്പോലെയെൻ ബാലനെക്കേ-
ടേല്ക്കാതേ വീണ്ടെടുത്തേകുക തിരുവടി താ-
നെ'ന്നു മൃത്യുഞ്ജയങ്കൽ

൭൰൨. പുത്ര—ദയൻ=പുത്രദുഃഖംകൊണ്ടു മനസ്സിളകി മറിഞ്ഞ വൻ. ആശാജനകമൊഴികൾ=ആശയെ ഉണ്ടാക്കുന്ന വാക്കുകൾ. ജീവ—ദ്യമം=പ്രാണത്യാഗമെന്ന കടുങ്കയ്യിന്നുള്ള ഒരുക്കം.

൭൰൩. മഹിഭരം=ഭൂഭാരം. അമാത്യകൽ=പ്രധാനമന്ത്രിയായ നംപൂകൾ. അനന്യമസ്കൻ=മറ്റൊന്നിൽ മനസ്സില്ലാത്തവൻ. വിഹി



Digitized By Kerala Sahitya Akademi

വാകൊലും ഏത്തിനാലും വളരെ വളരെ നേ-
ന്നു, ണ്ണിയെത്തെത്തുവാൻ ത-
ന്നാൾകളെച്ചൊല്ലി വിട്ടുംക്ഷിതിപതി ദേവൽ-
സേവ ചെയ്യുന്നുവാണാൻ. ൫൫

## ഇങ്ങിനെ മഹാസേനന്റെ പുത്രദുഃഖം ഒമ്പതാംസൎഗ്ഗം

---

തവിഷയത്യാഗൻ=സംസാരമുപേക്ഷിച്ചവൻ. വിശുദ്ധതപോരതൻ=വിശുദ്ധമായ തപസ്സുചെയ്യുവാനായി. മഹി—ക്ഷേത്രം =പൂജ്യമായ നഗരത്തിനടുത്തുള്ള പരദൈവക്ഷേത്രം.

൫൫. മുനിസുതനെ=മാർക്കണ്ഡേയനെ. മൃത്യുഞ്ജയങ്കൽ=തന്റെ കുലദൈവമായ ശിവങ്കൽ. ഏത്ത്=മനസ്സ്.

Digitized By Kerala Sahitya Akademi

## പത്താംസർഗ്ഗം

കടലിലുഴലവേ, നൃപാലപുത്ര-
ന്നുടയൊരു മന്ത്രി സുബാഹു പിന്നെടുക്കൽ,
സ്ഫുടകരുണ കലൎന്ന ഭാഗ്യലക്ഷ്മീ-
കടമിഴി പോലൊരു കൊച്ചുതോണി കാണായ്. ൧

പുനരുപനതജീവിതാശയിൽപ്പോ-
ലതുഘലനതിൽ ദ്രുതമേറി യാത്ര ചെയ്തു,
വനനിധിയിലലഞ്ഞിടും മഹീഭൃ-
ത്തനയനെയൊട്ടരികത്തു കണ്ടു മുട്ടി. ൨

സരഭസമവനെപ്പിടിച്ചമാത്യ-
ശ്വരസുതനാച്ചെറുതോണിയിൽക്കയററി,
നിരവധിവിഷയാൎണ്ണവത്തിൽനിന്നും
കരളിനെ യോഗി സമാധിയിൽക്കണക്കെ. ൩

പല പരിജനമൊത്തു കപ്പലിങ്കൽ-
സ്സുലഭസുഖം നിവസിച്ച രാജപുത്രൻ,
അലയിലൊരു സഹായിമാത്രമൊക്കും
നിലയിലിതാ, ചെറുതോണി പുക്കിരിപ്പായ്! ൪

---

൧. ഭാഗ്യലക്ഷ്മീകടമിഴി=ഭാഗ്യലക്ഷ്മിയുടെ കടാക്ഷം.

൨. പുന——താശ=വീണ്ടും വന്നുചേൎന്ന ജീവിതേച്ഛ. അതിൽ=കൊച്ചുതോണിയിൽ. വനനിധിയിൽ=സമുദ്രത്തിൽ. മഹീഭൃത്തനയനെ=രാജപുത്രനെ (ചന്ദ്രസേനനെ).

൩. സരഭസം=വെമ്പലോടുകൂടി. അമാത്യശ്വരസുതൻ=മന്ത്രീന്ദ്രപുത്രൻ (സുബാഹു), നിര——ൎണ്ണവം=അവസാനമില്ലാത്ത സംസാരസമുദ്രം.

൪. സുലഭസുഖം=സുലഭമായ സുഖത്തോടുകൂടുംവണ്ണം.

Digitized By Kerala Sahitya Akademi

സ്ഫുടജലമയമാണു ഹന്ത! നോക്കു-
ന്നിടമഖിലം; ചെറുതില്ല ദിഗവബോധം;
ഇടതൊട്ടമവർ മൃത്യുജീവിതങ്ങൾ-
ക്കിടയിലെഴും നില പൂണ്ടതിങ്കൽ വാണു! ൬

ജലപരിചിതിയാലവർക്കു മെയ്പോ-
ലലഘുജഡസ്ഥിതി പൂണ്ടിതോ മനസ്സും!
നില വിട്ടമതിലന്നു പൗരുഷത്തിൻ-
തിലസദൃശാംശവുമില്ല ബാക്കിയായി. ൭

വിരവൊടു വിധിയെന്നപോലെ വീണ്ടും
പരമനുകൂലത പൂണ്ട കാറ്റുതന്നേ
തരണിയിലതിതാന്തരായി മേവും
നരതിലകർക്കൊരു കർണ്ണധാരനായി. ൮

ഉരു പെരുകിന കപ്പലിന്നലബ്ധം
നരപതിനന്ദനരക്ഷണൈകഭാഗ്യം
കരഗതമിതിനെന്ന തുഷ്ടികൊണ്ടോ
തിരകളിലാച്ചെറുവഞ്ചി നൃത്തമാടീ! ൯

൬. ദിഗവബോധം=ദിക്കുകളുടെ അറിവ്.

൭. ജലപരിചിതിയാൽ=വെള്ളത്തിൽ കിടക്കയാൽ; മൂഢസംസർഗ്ഗത്താലെന്നും. ജഡസ്ഥിതി=തണുത്തു മരവിക്കുക എന്ന അവസ്ഥ; ജാഡ്യം എന്നും. തില—ശാംശം=എൺമണിയോളവും.

൮. അനുകൂലത=ആനുകൂല്യം; കൂലത്തെ (തീരത്തെ) അനുസരിച്ചുകൊണ്ടുള്ള നില എന്നും. തരണി=തോണി. അതിതാന്തർ=ഏററവും ക്ഷീണിച്ചവർ. കർണ്ണധാരൻ=തോണി ഊന്നൽകാരൻ.

൯. ഉരു പെരുകിന=ജലവാഹനങ്ങളിൽവെച്ചു പ്രാധാന്യമേറിയ. അലബ്ധം=കിട്ടാത്തതു്. നര—ഭാഗ്യം=രാജകുമാരനെ രക്ഷപ്പെടുത്തുക എന്ന മുഖ്യഭാഗ്യം. കരഗതം=കയ്യിലായതു്. ഇതിന്=ചെറുവഞ്ചി

Digitized By Kerala Sahitya Akademi

അലകളിലിളകുന്ന തോണി ചിന്താ-
കുലതരമാമവർതൻ മനോരഥത്തെ
നലമൊടനുകരിച്ചു യാത്രചെയ്താ-
ജ്ജലനിധിതൻ കരയിൽ ചിരാലണഞ്ഞു. ൯

വിരചിതപൃഥുപോതഭംഗമാം ദു-
സ്തരജലരാശിയിൽനിന്നവർക്കു കേറാൻ
ശരണ,മൊരു പൊതുമ്പുതോണിയായീ:
ഹര! ഹര! ദൈവമതങ്ങളാരറിഞ്ഞു? ൧൦

ഉടനൊരു നെടുവീർപ്പയച്ചുകൊണ്ടാ-
ത്തടഭുവി തോണിയിൽനിന്നിറങ്ങി മുമ്പേ,
സ്ഫുടവിനയനമാത്യനാത്തമാം മ-
ട്ടുടയ കുമാരനെയും പിടിച്ചിറക്കി. ൧൧

പടുതയൊടുടനംസ്ഥിതിക്കു സാധി-
ച്ചിടുമുപചാരവുമാചരിച്ചിവർകൾ
പെടുമൊരു ജഡതയ്ക്കുദ്ധർഷം
ധൃതി വരുത്തി, വിധിക്കു നന്ദിചൊല്ലീ. ൧൨

ള്ളം. തുഷ്ടി=സന്തോഷം.

൯. പലചിന്തകളാൽ കിടന്നിളകുന്ന അവരുടെ മനോരഥത്തെപ്പോലെതന്നെ, തോണിയും തിരമാലകളിൽ തള്ളിക്കളിച്ചുകൊണ്ടാണു യാത്രചെയ്തതു്.

൧൦: വിര—ഭംഗം=പെരിയ കപ്പലുകളെ ഉടച്ചുകളഞ്ഞതു്. പൊതുമ്പുതോണി=പൊതുമ്പുപോലെ ചെറുതായ തോണി.

൧൧. തടഭുവി=കരയിൽ. സ്ഫുടവിനയൻ=വെളിവായ താഴ്മയോടുകൂടിയവൻ. ആത്തമാം മട്ടു്=വൈവശ്യം.

൧൨. ഉപചാരം=ശുശ്രൂഷ. ആചരിച്ചു്=ചെയ്തു്. ഉദ്ധർഷം=ഹർഷത്തോടുകൂടി. വിധിക്ക നന്ദി ചൊല്ലീ=രാജകുമാരനെ രക്ഷപ്പെട

Digitized By Kerala Sahitya Akademi

ഒരുനിലയിലുമൊത്തുകൂടലില്ലാ-
പ്പെരുവഴി വൃക്ഷപിരിഞ്ഞൊരാസ്സഖാക്കൾ
ഗുരുനിയതിവശേന വീണ്ടുമൊന്നി-
ച്ചൊരു പൊഴുതാർന്ന വികാരമെന്തു ചൊല്ലാം! ൫൬

കരൾ കുളിരുമമാത്യനെ, സ്സമുദ്ര-
ത്തിരയിലുലഞ്ഞു കുഴഞ്ഞ കൈകളാലേ
ഉരസി ദൃഢമണച്ചുകൊണ്ടു നിന്നാൻ
ചിര, മതിസൗഹൃദശാലി ചന്ദ്രസേനൻ. ൫൭

ജനപതിസുതനെ, സ്സമുദ്രമദ്ധ്യേ
വിന പിണയാതെ ലഭിച്ചയാലമാത്യൻ
പുനരപി ഭുവനം സജീവമായ-
ന്നനഘമുദാ ഹൃദി തന്നെയും മറന്നു. ൫൮

മൃതിഭയമൊഴിവായ താനുമായ്ച്ചേ-
ന്നതിമഹ തോഴനു വാച്ച തുഷ്ടി കണ്ടും,
ക്ഷിതിപസുതനു മററ കൂററുകാർതൻ-
ഗതിയറിയാഞ്ഞഴലാർന്നിരുന്നു ചിത്തം. ൫൯

---

ഞിയതിന്നു, ദൈവത്തെ സ്തുതിച്ചു.

൫൬. അസ്സഖാക്കൾ=സുബാഹുചന്ദ്രസേനന്മാർ. ഗുരുനിയതിവശേന=മഹത്തായ ദൈവയോഗത്താൽ. ഒന്നിച്ചു=ഒത്തുകൂടിയ.

൫൭. ഉരസി=മാറിൽ. ചിരം=ഏറെ നേരം. അതി—ശാലി=വളരെ സ്നേഹമുള്ളവൻ.

൫൮. പുനരപി (വീണ്ടും), ഭുവനം സജീവം (ജീവനുള്ളത്) ആയ്— സമുദ്രമഗ്നനായ രാജകുമാരനു് അപത്തു പിണയായ്കയാൽ ലോകത്തിന്റെ പോയ ജീവൻ തിരിയേവന്നു. അനഘമുദാ=നിർവ്യാജസന്തോഷാന്വിതം.

൫൯. ഇഹ=ഈ ഘട്ടത്തിൽ

Digitized By Kerala Sahitya Akademi

മറുപിറവി ലഭിച്ചപോലെ, പെട്ട-
ന്നറുതിയൊഴിഞ്ഞിടചേർന്നു സൽപ്പുമാന്മാർ
ചെറുതിട, വിവിധം മനോവികാരം
പെരുമിടരാലൊരു മൌനമാർന്നു നിന്നു. ൯൭

ക്ലമമൊരുവിധമൊന്നൊതുക്കിയിട്ടാ-
സ്സുമതി കുമാരനമാത്യനോടുരച്ചു:—
"കമലനിധിയിൽനിന്നു കേറിയാലും
മമ ഗതി ഹന്ത! ചുവട്ടിലേക്കു തന്നേ!! ൯൮

അനുചരരെയശേഷമിസ്സമുദ്ര-
ത്തിനു മടിയാതുപഹാരമായി നൽകി
നനു തനതുയിർ വീണ്ടെടുത്തവൻ ഞാ-
നനുപമപാതകി ഭൂതലത്തിലോർത്താൽ: ൯൯

അരുണസുതപുരത്തിലേക്കു മുന്നിൽ-
പ്പെരുവഴികാട്ടി നടന്നു, നിഷ്ഠുരൻ ഞാൻ
ഒരുമയൊടൊരുമിച്ചു പോന്നൊരാസ്സൽ-
പുരുഷരെ ഹന്ത! ചതിച്ചു പിരിച്ചു!

പരിജനപടലത്തെയും, വിശേഷാ,-
ലരിമ മുഴുത്തൊരമാത്യർ നാൽവരെയും,

൯൭. മറുപിറവി=പുനർജന്മം. വിവിധം=പലതരം.

൯൮. ക്ലമം=തളർച്ച്. കമലനിധി=സമുദ്രം.

൯൯. അധോഗതിയുടെ കാരണത്തെ വിവരിക്കുന്നു ഉപഹാരം=ബലി. തനതുയിർ=തന്റെ പ്രാണൻ. അനുപമപാതകി=നിസ്തുല്യനായ പാപി. പാപികൾക്കു ഉർദ്ധ്വഗതി ഉണ്ടാകുന്നതല്ലല്ലൊ.

൧൦൦. അരുണസുതപുരം=കാലാലയം. നിഷ്ഠുരൻ=ക്രൂരൻ. സൽപുരുഷരെ=കാലഗൃഹത്തിലേക്കുകൂടി സ്നേഹാതിശയത്താൽ അനുഗമിച്ചവരായ വിശിഷ്ടപുരുഷന്മാരെ.

Digitized By Kerala Sahitya Akademi

പെരിയ സുമതി വേതസേശഃനയും
ഹരി! ഹരി! കാലനു നൽകിയില്ലയോ ഞാൻ!! ൧൫

സുമതികളവർ നാൽവർ നിന്നോടൊപ്പം
സമസുഖദുഃഖരെനിക്കു സോദരന്മാർ;
സമ മറതിയവക്കമേകിയിട്ടി-
ങ്ങമരുവതെങ്ങിനെ ഞാനഭംഗമയ്യോ!! ൧൬

ഉദധിയിലഹികൾക്ക ഭോജ്യമായീ
മദസുമരുത്തുകളഞ്ചിൽവെച്ചു നാലും!
വദ, പുനരിവനിങ്ങു ജീവനോദ്ധൃൽ-
കടനമിരിക്കിലു,മെത്ര നാളിരിക്കും? ൧൭

സുമഹിതസഖർ നാലു പേരെയല്ലാ,
മമ പുരുഷാർത്ഥചതുഷ്ടയത്തെയല്ലോ
സമമലകടലിൽക്കളഞ്ഞു പോന്നു,
ക്ഷമയിൽ മികച്ചൊരു മന്ദഭാഗ്യനീ ഞാൻ, ൧൮

൧൫. അമാത്യർ നാൽവരായും=ജയപാലൻ, അശോകസേനൻ, മാനു, ഗുണമിശ്രൻ ഇവരേയും. വേതസേശൻ=ജയകേതുരാജാവ്.

൧൬. സോദരന്മാർ=സഹോദരതുല്യന്മാർ. അഭംഗം= ഹാനി കൂടാതെ.

൧൭. ഉദധിയിൽ=സമുദ്രത്തിൽ. അഹികൾക്ക=പാമ്പുകൾക്ക്. ഭോജ്യം=ഇര. മദസുമരുത്തുകൾ=എന്റെ പ്രാണവായുക്കൾ. വദ= പറയു. ജീവനോദ്ധൃൽകടനം=ജീവിച്ചിരിക്കനിമിത്തം ഉണ്ടാകുന്ന സങ്കടത്തോടു കൂടുംവണ്ണം. നിങ്ങൾ അഞ്ചു മന്ത്രിമാരാണ് വാസ്തവത്തിൽ എന്റെ പഞ്ചപ്രാണങ്ങൾ; അതിൽ നാലും നഷ്ടമായിക്കഴിഞ്ഞു; ഭവാനാകുന്ന ഒരു പ്രാണവായുമാത്രമേ ഇനി ബാക്കിയുള്ളവല്ലൊ. ഈ നിലയിൽ ഞാൻ ജീവിച്ചിരുന്നാൽത്തന്നേയും, അത് എത്രയും മിതമായ ഒരു സമയത്തെക്ക മാത്രമായിരിക്കും.

൧൮. സുമഹിതസഖർ=മാന്യസ്നേഹിതന്മാർ. പുരുഷാർത്ഥചതുഷ്

Digitized By Kerala Sahitya Akademi

നരവൃഷഭരവൎക്ക നാലു പേൎക്കും
മരണമിതാക്കിയ മദീയചേഷ്ടിതത്താൽ
ധര, വൃഷചരണങ്ങൾ നാലിനോടും
വിരഹമണഞ്ഞ വിധത്തിലായിതയ്യോ! ൧൪

ഇവനെയനുസരിച്ച കാരണത്താൽ
വിവശിതരെത്ര ജനങ്ങൾ ചാകത്തുടങ്ങി!
അവനിയിലിവനിപ്പൊഴെത്ര പേരെ-
ശ്ശിവ! ശിവ! ബന്ധുവിനാശദൂനരാക്കീ!! ൧൫

തുലിതസുരവധൂടിയായ താരാ-
വലിയെ വരിച്ചുവതിൽ ദുരാഗ്രഹത്താൽ
കലിതദുരിതനായ് ചമഞ്ഞു ഹാ! ഞാൻ;
വലിയതിലാശ നികൃഷ്ടനിങ്ങനൎഹം. ൧൬

രമയുടെ നില മോശമാക്കിടുന്നാ-
രമണിയിലുൾപ്രിയമേറമെങ്കലേവം
രമയുടെ ജനകൻ ജലേശനേററം
വിമതത പൂണ്ടു വിപത്തണച്ചതാവാം! ൧൭

യം=ധൎമ്മാൎത്ഥകാമമോക്ഷങ്ങൾ. ആ നാലു സ്നേഹിതന്മാരുടെ വിയോഗംനിമിത്തം ഞാൻ നാലു പുരുഷാൎത്ഥങ്ങളും നശിച്ചാലത്തെ സ്ഥിതിയിലായിരിക്കുന്നു.

൧൪. നരവൃഷഭർ=പുരുഷശ്രേഷ്ഠന്മാർ. മദീയചേഷ്ടിതം=എന്റെ പ്രവൃത്തി. ധര=ഭൂമി. വൃഷചരണങ്ങൾ=വൃഷരൂപിയായ ധൎമ്മത്തിന്റെ കാലുകൾ.

൧൫. അനുസരിച്ച=പിന്തുടൎന്ന. ബന്ധു—ദൂനർ=ബന്ധുക്കളുടെ നാശംനിമിത്തം ദുഃഖിക്കുന്നവർ.

൧൬. തുലി—ധൂടി=ദേവസ്ത്രീതുല്യ. കലിതദുരിതൻ=പാപം നേടിയവൻ. നികൃഷ്ടൻ=താണതരത്തിലുള്ളവൻ.

൧൭. രമ=ലക്ഷ്മി. രമണി=സുന്ദരി. ജലേശൻ=സമുദ്രം. വിമതത=ശത്രുത.



Digitized By Kerala Sahitya Akademi

ജലനിപതിതരാക്കി നാട്ടുകാരെ-
പ്പലരെയുമിപ്പടി കൊന്നൊടുക്കയാലേ
ഖലനിവന,സമഞ്ജനെന്ന പോലേ
കുലപതിയാം ജനകന്നു ഹേയനായീ!! ൨൯

പരിജനനികരത്തിനൊക്കെയും ഹാ!
പെരിയൊരകാലവിപത്തണച്ചോരീ ഞാൻ
ദുരിതകരദുരാപയാം പിതാവിൻ-
പുരിയതിലെങ്ങിനെ ചെന്നു കേറിടുന്നു? ൩൦

നിജജനകനു തൻപിറപ്പിനാൽസ്സു-
പ്രജത വരുത്തിയ മൽപിതാക്കളെല്ലോ!
സുജന വര! ദുരാത്മജോദയോദ്യ-
ദ്രുജയറിയേണ്ടവരായി ഞാൻ നിമിത്തം!! ൩൧

പരിചഖിലജനാവനത്തിൽ, വിശേഷാ-
പരി തടവും നിഷധേശപരാനപായത്ത

൨൯ ജലനിപതിതർ=വെള്ളത്തിൽ വീണവർ. ഖലൻ=ദുഷ്ടൻ. അസമഞ്ജൻ=അയോദ്ധ്യയിലെ ഒരു രാജകുമാരൻ. ഇയ്യാളുടെ നിത്യവിനോദം, പൌരന്മാരെ സരയൂജലത്തിൽ മുക്കി കൊല്ലുകയായിരുന്നു; അതിനാൽ അച്ഛൻ ഇയ്യാളെ ഉപേക്ഷിച്ചപ്പോൾ. ജനകന്ന്=അച്ഛന്ന്. ഹേയൻ=ത്യാജ്യൻ.

൩൦ ദുരിതകര—ദുരാപ=ദുരിതം ചെയ്യുവർക്ക കടപ്പാൻ പാടില്ലാത്തത്.

൩൧. സുപ്രജത=നല്ല സന്താനമുള്ളവനെന്ന അവസ്ഥ. മൽപിതാക്കൾ=എന്റെ അച്ഛന്മാർ. ദുരാ—ദ്രുജ=ദുഷ്ടപുത്രോൽപത്തി മൂലമുള്ള വ്യസനം (ദുഃഖം). എന്റെ അച്ഛന്മാർ, അവരുടെ പിതാക്കന്മാരുടെ ഉത്തമസന്താനങ്ങളാണ്; ഇവർക്കുണ്ടായ സന്താനമോ (ഞാൻ)നേരെ മറിച്ചായി; കഷ്ടം! എന്നഭാവം.

Digitized By Kerala Sahitya Akademi

പരിമിളിതകളങ്കമാക്കിയല്ലോ,
പരിജനഘാതുകനായ ചന്ദ്രസേനൻ!! ൩൨

നിരുപമശുഭരാമമന്നമാശ്രിതന്മാ-
ർക്കരുളിയിരുന്നവരെ,ന്റെ പൂർവ്വികന്മാർ;
പുരുഷഹതകനെന്നെ നാഥനായി-
ക്കരുതിയവർക്കു ഫലം കഠോരനാശം. ൩൩

തവ ജനകനൊരാളൊഴിഞ്ഞു, മററു-
ള്ളവനിപമന്ത്രിവരിഷ്ഠരെന്നെ നോക്കി,
അവരുടെ സുതരെക്കുറിച്ചു ചോദ്യം
ജവമൊടു ചെയ്യുകിലെന്തൊരുത്തരം മേ? ൩൪

സുരസുതസദൃശാനുഭാവര,സ്മ-
ദ്വരസഖരാ,യവർ നാൽവർതൻ വിയോഗം
ചിരമഹഹ! സഹിച്ചിരിക്കുമോ, നി-
ർഭരസുതവത്സലരായ തൽപിതാക്കൾ? ൩൫

ധ്രുവ,മുലകിതുടൻ വിടുന്ന മന്ത്രി-
പ്രവരരെയല്ലൽ പൊറാഞ്ഞു മൽപിതാവും—;

---

൩൨. പടിമ്=പാടവം. അഖിലാവനം=എല്ലാ ജനങ്ങളേയും സംരക്ഷിക്കൽ. വിശേഷാദുപരി=എല്ലാററിലും മീതെ. പരിമിളിതകളങ്കം=കളങ്കത്തോടു ചേർന്നതു്. പരിജനഘാതുകൻ=പരിജനങ്ങളെ കൊന്നവൻ.

൩൩. പുരുഷഹതകൻ=കഷ്ടപുരുഷൻ. പൂർവ്വികന്മാരുടെ സ്ഥിതിക്കു നേരെ വിപരീതമാണു്, എന്റെ സ്ഥിതി എന്നു സാരം.

൩൫. സുര—ഭാവർ=ദേവപുത്രർക്കു തുല്യമായ മഹിമാവുള്ളവർ. അസ്മദ്വരസഖർ=നമ്മുടെ ശ്രേഷ്ഠസുഹൃത്തുക്കൾ. ചിരം=ഏറെദിവസം. നിർഭര—വത്സലർ=അധികമായ പുത്രവാത്സല്യമുള്ളവർ.

Digitized By Kerala Sahitya Akademi

ശിവ! ശിവ! നിരുപിയ്ക്കു കൂടി വയ്യി-
ങ്ങു;—വരവിടെയ്ക്കസുനിർവ്വിശേഷരല്ലോ. ൬൫

ഒരു ഞൊടിയിടകൊണ്ടു രാജ്യമൊട്ട-
ക്കിരുളിലുമാകു, മരാജകത്വയോഗാൽ;
കരുമനകളിതൊക്കെ വന്നു കൂടാൻ
പെരുവഴി വെച്ചതു ഞാനൊരുത്തനല്ലേ? ൬൬

ചരമഗതിയടഞ്ഞ താതനീയെൻ-
കരജലമെങ്ങിനെ പാനയോഗ്യമാകും?
നരഹതിദുരിതാഭിദൂഷിതൻ ഞാൻ!
പരമവിടുന്നു നിസർഗ്ഗസത്വശുദ്ധൻ!! ൬൭

നിയതമഹഹ! സർവ്വഥാ നിരത്ഥം,
പ്രിയജനശോച്യമനാര്യജീവിതം മേ;
ലയമിതിനു വരുത്തുകെന്ന പുണ്യ-
ക്രിയയെ മുടക്കുവതെന്തിനാണു തോഴൻ? ൬൮

൬൫. മൽപിതാവും എന്നു നിർത്തിയത്, പിന്നേത്തത് അമംഗ കയാലാണ്. അസുനിർവ്വിശേഷർ=പ്രാണതുല്യന്മാർ. ശ്രേഷ്ഠ പുത്രദുഃഖം സഹിയാതെ പ്രാണത്യാഗം ചെയ്കാൽ, പിന്നെ ക്ഷ ണംപോലും അച്ഛൻ ജീവിച്ചിരിക്കുന്നതല്ല, നിശ്ചയം.

൬൬. അരാജകത്വയോഗാൽ=രാജാവില്ലെന്നുള്ള നില വരിക ൽ.

൬൭. ഈ വിധം ഇഹലോകത്തെ വെടിയുന്ന അച്ഛന്നു ശേഷ ചെയ്യാൻകൂടി താൻ അർഹനല്ലെന്നു പറയുന്നു. എൻകരജലം=എ കൊണ്ടു കൊടുക്കുന്ന ഉദകം. നര—ഷിതൻ=നരഹത്യാപാ ത്താം കെട്ടവൻ.

ത്തര നിഷ്പ്രയോജനവും, നികൃഷ്ടവും ആയ എന്റെ ജീ നശിപ്പിക്കുക എന്ന പുണ്യകർമ്മത്തെ മുടക്കുകയല്ല, അതിന്ന് ചെയ്യുകയാണു, സ്നേഹമുള്ളവർ ചെയ്യേണ്ടതു. അതിനാൽ സ്നേ

Digitized By Kerala Sahitya Akademi

ചിരമുഴറിയ മൃത്യുജിഹ്വ പോരാ-
ത്തരമൊടൊഴിച്ച മദഗ്രജീവിതത്തെ
അരമൊടിയിടയാൽസ്സമാസ്വദിച്ചെ,-
ന്നരയിലെ വാളിതു കേളി പൂണ്ടിടട്ടേ"!! ൪൦

പുനരപി, പരിവാരശോകഭാരാ-
ലനഘനവന്നസുധാരണം വെറുത്തു:
മനമലിവെഴുമുത്തമക്കൾ, മന്നിൽ-
ത്തനദുപജീവികൾ ജീവിതാധികന്മാർ. ൪൧

യുവനൃപപരിദേവനാന്ത്യഭാഗം
ശ്രവണതരമ്പിനു കത്തി വെച്ചിടുമ്പോൾ
വിവശത സഹിയാതെയായ മന്ത്രി-
പ്രവരനതിതരമിത്തരം പറഞ്ഞാൻ: ൪൨

ഹിതനായ ഭവാൻ എന്നെ പ്രാണത്യാഗം ചെയ്യാൻ അനുവദിയ്ക്കണം.

൪൦. മദഗ്രജീവിതത്തെ (എൻെറ കടുത്ത പ്രാണനെ) അസ്വദിപ്പാൻ ഏറെ നേരം ശ്രമിച്ചിട്ടു സാധിയ്ക്കായ്കയാൽ ഒഴിഞ്ഞുകളകയാണല്ലൊ, മൃത്യുജിഹ്വ (അന്തകൻെറ നാവ്) ചെയ്തതു്; എന്നാൽ ആ കൃത്യം അരനിമിഷംകൊണ്ട് അനായാസേന സാധിച്ചിട്ട്, എൻെറ ഈ അരവാൾ, വമ്പിച്ച പടയാളികളുടെ ഖഡ്ഗത്തിന്ന് ഉപമാനഭൂതമായ മൃത്യുജിഹ്വയെ ജയിച്ചു എന്ന കീർത്തിനേടട്ടെ. അരവാൾകൊണ്ടു കണ്ഠച്ഛേദം ചെയ്യാൻ ഞാൻ ഉറച്ചുകഴിഞ്ഞു എന്നു ഭാവം.

൪൧. അപത്തിൽനിന്ന് ഒരുവിധം രക്ഷപ്പെട്ടിട്ടും ഏറെ നേരം കഴിയുന്നതിന്നു മുമ്പുതന്നെ, രാജകുമാരനു, വീണ്ടും പ്രാണത്യാഗംചെയ്യാൻ മനസ്സുവന്നതു് എന്തുകൊണ്ടാണെന്നു പറയുന്നു: പുനരപി=വീണ്ടും. പരിവാരശോകഭാരാൽ=പരിവാരനാശം മൂലമുള്ള ദുഃഖാതിശയത്താൽ. അസുധാരണം=ജീവിച്ചിരിയ്ക്കൽ. തദുപജീവികൾ=തങ്ങളെ ആശ്രയിച്ചു കഴിയുന്നവർ. ജീവിതാധികന്മാർ=പ്രാണനേക്കാളും മീതെയായിട്ടുള്ളവർ.

൪൨. യുവ— ഭാഗം=യുവരാജാവിൻെറ വിലാപത്തിൻെറ അ

Digitized By Kerala Sahitya Akademi

അരുതരുതു്, ശുഭോക്തിയെന്തിതിന്ന-
ട്ടരുളുവതെന്നുടെ പൊന്നുതമ്പുരാനേ!!
ഒരു പൊഴുതുമുരത്ത സാഹസത്തിൻ-
വരുതിയിലായ്വരുമോ ഭവാദൃശന്മാർ? ൪൩

മതിയുടയ ഭവാൻ കനിഞ്ഞു കാര്യ-
സ്ഥിതി നിരൂപിച്ചരുളാത്തതെന്തിദാനീം?
അതിരറ്റമനുകമ്പ നിൻവിവേക-
പ്രതിഭകളാസകലം വിഴുങ്ങിയെന്നോ! ൪൪

വിപദുദയമിതിന്നുഹേതു, പെട്ട-
ന്നുപനതമാം പ്രകൃതിപ്രകോപമല്ലേ?
നൃപസുത! മതിവിഭ്രമം ഭവിച്ചോ
സ്വപരിജനപ്രണയം മുഴുക്കയാൽ തേ? ൪൫

ഗുണനിലയ! തുലോം കവിഞ്ഞുപോകിൽ-
ഗുണവുമൊരുത്തനു ദോഷമായ്ഭവിക്കാം;
ക്ഷണമനു വളരും വദാന്യഭാവാ-
ലൃണധരനായ്ബ്ബലി കീഴ്പ്പതിച്ചതില്ലേ? ൪൬

---

വസാനഭാഗം ('നിയതമഹഹ സർവ്വഥാ നിരർത്ഥം' എന്നുതുടങ്ങിയുള്ളതു്.) ശ്രവണത്തിന്മേൽ കത്തി വെച്ചിട്ടപ്പോൾ=കർണ്ണസിരകൾക്കു്, ആയുധം കൊണ്ടു ഛേദിക്കുമ്പോളുണ്ടാകുന്ന വിധത്തിലുള്ള കഠിനവേദനയെ ഉണ്ടാക്കുന്നസമയത്തു്. അതിതരാം=ഏററവും വെമ്പലോടുകൂടി.

൪൩. വരുതിയിൽ=കീഴിൽ. ഭവാദൃശന്മാർ (അങ്ങയെപ്പോലെയുള്ള വിവേകശീലന്മാർ) ഒരിക്കലും ആത്മഹത്യാരൂപമായ കഠിനസാഹസത്തെ പ്രവർത്തിക്കുന്നതല്ല.

൪൪. അതിരില്ലാത്ത അനുകമ്പനിമിത്തം അങ്ങയുടെ വിവേകവും പ്രതിഭയുമെല്ലാം അസ്തമിച്ചുപോയു് എന്നോ!

൪൫. വിപദുദയമിതിന്നു=ഈ ആപൽസംഭവത്തിന്നു്. ഉപനതം=വന്നുചേർന്നതു്. മതിവിഭ്രമം=ഉന്മാദം. തേ=അങ്ങേക്കു്.

൪൬. ക്ഷണമനു=നിമിഷം തോറും. വദാന്യഭാവാൽ=ഔദാര്യം

Digitized By Kerala Sahitya Akademi

കതിപയപരിവാരനാശഖേദാൽ
ക്ഷിതിതലവാസിജനത്തിനാകമാനം
അതിവിപുലവിപന്നിദാനമാമീ
പ്രതിഭയസാഹസമോപ്പതെന്തഹോ! നീ? ൪൧

സുലളിതസുഗുണൈകപുത്രശോകാ-
കുലത പിതാവിനു,—തോൎത്തിടേണ്ട, പോട്ടേ!
അഖിലമഹിമനൈഷധാവനീഭൃൽ-
കുലതിലനില്ലിനു മററു താങ്ങലുണ്ടോ? ൪൨

അൻഗരിലിവിടുന്നു മൂലമാണീ-
യനുചിതസംഭവ,മെന്നു താൻ വരട്ടേ!
നനു നിജപതിയാം ഭവാനു വേണ്ടി-
ത്തനു വെടിയേണ്ടവരല്ലി ഞങ്ങളെല്ലാം? ൪൩

ഭവദനുചരർ, ഞങ്ങളൊട്ടു ചേരീ-
യവനിയിൽ മേവുകിലെന്തു, ചാകിലെന്തോ?

---

(ദാനശീലത്വം) നിമിത്തം. ഗുണധരനായ്=വാമനമൂൎത്തിയായ വിഷ്ണുവിന്നു വാഗ്ദാനം ചെയ്യപ്പെട്ട മൂവ്വടി ഭൂമിയെ കൊടുക്കാൻ കഴിയായ്കയാൽ കടക്കാരനായിട്ട്. ബലി=മഹാബലി. കീഴ്പതിച്ചതില്ലേ? അധോഗതിയെ പ്രാപിച്ചില്ലേ; പാതാളത്തിൽപോയി പാൎക്കേണ്ടിവന്നില്ലേ? എന്നു താല്പൎയ്യം. ദാനശീലത്വം എന്ന ഗുണം ത്രൈലോക്യം കവിഞ്ഞുപോയതു മഹാബലിക്കു ദോഷമായിത്തീൎന്നു.

൪൧. കതി—ഖേദാൽ=ഏതാനും പരിജനങ്ങൾ നശിച്ചുപോയതുകൊണ്ടുള്ള ദുഃഖം നിമിത്തം. അതി—ദാനം=ഏററവും വലിയ ആപത്തിന്നുകാരണം. പ്രതിഭയം=ഭയങ്കരം.

൪൨. സുല—ലത=സുഭഗനും, സൽഗുണവാനുമായ ഏകപുത്രന്റെ മരണംനിമിത്തമുള്ള ദുഃഖപാരവശ്യം.

൪൩. നിജപതി=തങ്ങളുടെ സ്വാമി. തനു=ദേഹം.

Digitized By Kerala Sahitya Akademi

അവനവിധിവിദഗ്ദ്ധനാം ഭവാനോ
ഭുവനതലത്തിനൊരദ്വിതീയനാഥൻ. ൫൦

വിലയമനുചരക്കണെങ്കിലും, ഹാ!
വിലപെരുകും ഭവദീയജീവിതത്തെ,
കുലതിലക! തിരിച്ചു തന്നതിന്നീ-
ജ്ജലധിയൊടേവരുമെത്ര നന്ദിചൊല്ലും! ൫൧

സലിലനിധിവിസൃഷ്ടനാം ഭവാനെ,
ജ്വലിതമഹാമണിയെക്കണക്കു ഭാഗ്യാൽ
അലിവൊടു ഹൃദി ചാർത്തിടട്ടെ, താരാ-
വലിയുടെയിഷ്ടസപത്നിയാം ധരിത്രി! ൫൨

ലവവുമൊരഴൽ വേണ്ട ധീരരാമാ-
പ്രവരവയസ്യരെയോർത്തു ചിത്തതാരിൽ!
അവരുമൊരുവിധത്തിൽ നമ്മളെപ്പോ-
ലവശതവിട്ടു കരേറ്റുണഞ്ഞിരിക്കും!! ൫൩

ഒരുവനുമറിയാവതല്ല, ദൈവം
കരുതുവതിന്നവിധത്തിലെന്നതൊന്നും:

൫൦. അവ—ദഗ്ദ്ധൻ=രക്ഷാകർമ്മത്തിൽ സമർത്ഥൻ. അദ്വി—നാഥൻ=ഏകനാഥൻ.

൫൧. വിലയം=നാശം. ഭവദീയജീവിതം=അങ്ങയുടെ പ്രാണൻ.

൫൨. സലി—സൃഷ്ടൻ=സമുദ്രത്താൽ വിടപ്പെട്ടവൻ. ജ്വലി—മണി=മിന്നിത്തിളങ്ങുന്ന ശ്രേഷ്ഠരത്നം. താരാവലിയും, ഭൂമിയും അങ്ങയെ, സമുദ്രത്തിൽനിന്നു കിട്ടിയ ഒരു ശ്രേഷ്ഠരത്നത്തെപ്പോലെ, ദ്വിഗുണീഭൂതമായ സന്തോഷത്തോടുകൂടി ഹൃദയത്തിൽ അലങ്കരിച്ചു (ഭർത്താവാക്കിവരിച്ചു) ശോഭിക്കുമാറാകട്ടെ എന്നു ഭാവം.

൫൩. ലവവും=ലേശവും. പ്രവരവയസ്യരെ=ഉത്തമസ്നേഹിതന്മാരെ.

Digitized By Kerala Sahitya Akademi

വരുണനു വശരാക്കി നമ്മെയാദ്യം,
കരുണ കലൎന്നഥ വീണ്ടെടുത്തുതാനും: ൨൪

ഒരിടമിഹ ചുവട്ടിലേറ്റു തള്ളും,
തിരികെയെടുത്തപരത്ര പൊക്കിവെയ്ക്കും;
പെരിയ വിധി മുറയ്ക്കു നമ്മളെക്കൊ-
ണ്ടരിമയൊടും പല കേളിയാടിടുന്നു!! ൨൫

ഭവദസുവിനെ വീണ്ടു തന്ന ദൈവം
തവ ബഹുജീവിതരാം സഖാക്കളേയും
നവകൃപയൊടു കാത്തിടാതിരിയ്ക്കി-
ല്ല;-വശത കൈവിടുകത്യുദാരബുദ്ധേ! ൨൬

പടുതരനിജധീരതയ്ക്കിടം നൽ-
കിടുക മനസ്സിൽ! നമുക്കു നന്മയുണ്ടാം;
കടുവിപുലവിപത്തിൽനിന്നു താനേ
വിടുതി ലഭിപ്പതു ഭാഗ്യശംസിയത്രേ." ൨൭

പലതിതുവിധമാസ്സബാഹു ചോദം
കലരുമിളേന്ദ്രകുമാരനോടുരയ്ക്കേ,
ജലധിയിലവഗാഹനത്തിനത്യു-
ജ്ജ്വലരിരുതാപസരാസ്ഥലത്തിലെത്തി. ൨൮

൨൪. വരുണനു വശരാക്കി=കടലിൽ ചാടിച്ചു.

൨൫. അപരത്ര=മറ്റൊരേടത്ത്. വിധി=ദൈവം, കേളി=കളി.

൨൬. ഭവദസുവിനെ=അങ്ങയുടെ പ്രാണനെ. ബഹുജീവിതർ=പ്രാണതുല്യന്മാർ; വളരെ ആയുസ്സുള്ളവരെന്നും വ്യഞ്ജിക്കുന്നു.

൨൭. ഭാഗ്യശംസി= ഭാഗ്യസൂചകം.

൨൮. അവഗാഹനം=സ്നാനം. അത്യുജ്ജ്വലർ= അതിതേജസ്വികൾ. ഇരുതാപസർ=രണ്ടു മുനിമാർ.



Digitized By Kerala Sahitya Akademi

'ഇവനതുലകുലീന'നെന്നു കാണു-
ന്നവർ കരുതും വടിവാർന്ന ചന്ദ്രസേനൻ
വിവശത വെളിവാക്കുമാനനത്താ-
ലവരിലണച്ചിതു സാദരാർദ്രഭാവം.

സമമവരിരുപേരു, മഷ്ടമെന്നും
യമനിയമങ്ങൾ കണക്കിട്ടു ചെൽകേ,
സുമതി നൃപസുതൻ സുഹൃത്തൊടൊപ്പം
കിമപി ശിരസ്സു കുനിച്ചു കൈവണങ്ങി.

നരപതിതനയനു, സൌമ്യരാമീ
നിരഘതപസ്വികൾതൻ സമാഗമത്തിൽ
കരൾ കിമപികുളുത്തപോലെ തോന്നി:
പരസുഖസാധനമല്ലി സാധുസംഗം? ൱

'ചിരകുശലികളാക നിങ്ങളെ'ന്നായ്-
ക്കരതളിർ പൊക്കിയനുഗ്രഹിച്ചശേഷം,
വരമുനികളിലേകനങ്ങു ശാന്ത-
സ്വരമൊരുചെയ്തു കുമാരനോടിവണ്ണം:- ൱

൯൯. അതുലകുലീനൻ=നിസ്തുല്യനായ കുലീനൻ (ഉത്തമവംശജാതൻ). അവരിലണച്ചിതു സാദരാർദ്രഭാവം=അവൎക്ക് ആദരവും, അലിവും ഉണ്ടാക്കി.

൱. സമം=ഒപ്പം. യമനിയമങ്ങൾ=യോഗത്തിന്റെ എട്ടങ്ങങ്ങളിൽ ആദ്യത്തെ രണ്ടു കൂട്ടം. കിമപി=കുറഞ്ഞൊന്നു്.

൱൧. നിരഘതപസ്വികൾ=നിൎമ്മലന്മാരായ താപസർ. പരസുഖസാധനം=ഉൽകൃഷ്ടമായ സുഖത്തെ ഉണ്ടാക്കുന്നതു്. സാധുസംഗം=സജ്ജനസംസൎഗ്ഗം.

൱൨. ഏകൻ=ഒരാൾ. ശാന്തസ്വരം=ശാന്തമായ ഒച്ചയോടുകൂടുംവണ്ണം.

Digitized By Kerala Sahitya Akademi

"അവനിയിലു,ര ചേരമേതുവംശം
ഭവദവതാരമഹോത്സവത്തിനാലു,
ദിവസപതിയുദിച്ചുയന്ന വാനിൻ
നവസുഷമാതിശയാത്ത നേടിടുന്നു? ൩൰

കൃതികളിഹ ജപിപ്പതായിരിക്കും
പതിവിനു, താവകനാമപുണ്യമന്ത്രം!
അതിശുചിതയൊടക്ഷരങ്ങളേതേ-
തതിൽ വിലസുന്നു?, സുഭഗ്യദിവ്യമൂർത്തേ! ൩൧

സതതമപി ഭവദ്വിയോഗമുൽക്ക-
ണ്ഠിതജനമാക്കിയ രാജ്യമേതിദാനീം?
ബത! ബഹുവഴിയാത്രകൊണ്ടു സൌഖ്യോ-
ചിതതനുവെന്തിനുവേണ്ടി വാട്ടിടുന്നു? ൩൨

പുരുഷമണി ഭവാൻ നിജാംഗലക്ഷ്മീ-
വിരുതിനു ചേർച്ച പെടാത്ത വേഷമാന്നും,
ഒരു സഹചരനോടു മാത്രമൊത്തും
മരുവിതിലിന്നണയാനുമെന്തു ബന്ധം? ൩൩

൩൰. ദിവസപതി=സൂര്യൻ. നവസുഷമാതിശയം=പുതിയ ശോഭയുടെ അധിക്യം. ഏതു പ്രസിദ്ധവംശത്തിലാണ്, അങ്ങയുടെ ജനനം?

൩൧. കൃതികൾ=സുകൃതികൾ. താവ—മന്ത്രം=അങ്ങയുടെ പേരാകുന്ന പുണ്യമന്ത്രം. അങ്ങയുടെ പരിശുദ്ധമായ നാമധേയമെന്താണ്?

൩൨. സതതമപി=എല്ലായ്പോഴും. ഭവദ്വിയോഗം=അങ്ങയുടെ വേർപാട്. ഉൽകണ്ഠിതജനം=ഉത്സുകരായ ജനങ്ങളോടുകൂടിയത്. ഏതാണ് അങ്ങയുടെ രാജ്യം? സൌഖ്യോചിതതനു=സുഖത്തെ അർഹിക്കുന്ന ദേഹം എന്തിനാണ് ഇങ്ങിനെ സഞ്ചരിക്കുന്നതു?

൩൩. ആകൃതിവിശേഷത്താൽ ഒരു മഹാനാവനാണെന്നു തോന്നിക്കുന്ന ഭവാൻ മോടിയിലും, ധാടിയിലും താണനിലയിൽ ഈ മരുസ്ഥലത്തു വന്നിരിക്കുന്നതെന്തിനാണ്.?

Digitized By Kerala Sahitya Akademi

തവ മുഖനളിനത്തിലെന്തുകൊണ്ടാ-
ണ,വനിനിഴൽച്ചളി ചന്ദ്രനിൽക്കണക്കേ
നവരമാമഴൽ പതിഞ്ഞു കാണ്മതിയ്യോ!
വിവരമിതൊക്കയു,മിച്ഛയുണ്ടു കേൾപ്പാൻ." ൬൭

സപദി സകലവാർത്തയും ക്രമത്താൽ
നൃപതനയേങ്ഗിതവേദി മന്ത്രി ചൊന്നാൻ;
കൃപയൊടുമതു കേട്ടു, സാന്ത്വവാക്യ-
ങ്ങപരതപോധനനോതിനാനിവണ്ണം:- ൬൮

"അരുതഴലെ,വനും സുഖാസുഖത്ത-
ത്തരുവതു, തന്നുടെ പൂർവ്വകർമ്മമത്രേ;
ഒരുവിധവുമിതിന്നു നീക്കപോക്കൊ-
ന്നരുളുവതിന്നെളുതല്ല ദേവകൾക്കും. ൬൯

ദിനരജനികൾപോലെ മുമ്പുപിമ്പാ-
യനഘ! ശരീരികളിൽ സ്സുഖാസുഖങ്ങൾ
അനവരതമണഞ്ഞുകൊണ്ടിരിയ്ക്കും!
പുനരിതിലെന്തിനു മോദഖേദഗന്ധം? ൭൦

അതികഠിനവിപത്തിലും, പുമാന്മാർ
മതി ചലിയാതെ ശുഭങ്ങൾ ചെയ്തിടേണം!

൬൭. ചന്ദ്രങ്കൽ കാണുന്ന കറുപ്പു, ഭൂമിയുടെ നിഴലാണല്ലോ.

൬൮. സപദി=ഉടനെ. നൃപ——വേദി=രാജകുമാരന്റെ അന്തർഗ്ഗതത്തെ അറിയുന്നവൻ. അപരതപോധനൻ=മറ്റൊ താപസൻ.

൬൯. സുഖാസുഖത്തെ=സുഖദുഃഖങ്ങളെ.

൭൦. ദിനരജനികൾ=പകലും, രാത്രിയും. അനവരതം=ഇടവിടാതെ. പുനഃ=പിന്നെ. ഇതിൽ(സുഖദുഃഖാഗമനത്തിൽ) മോദഖേദഗന്ധം(സന്തോഷസന്താപസംബന്ധം). എന്തിന്? വെറുതെയാണ്,

Digitized By Kerala Sahitya Akademi

ഇതിനൊരു മറുകയ്യതാണു; ദേഹ-
ക്ഷതിയുളവാക്കിടുമല്ലലല്പ നൂനം. ൧൫

ഒരുവിധ,മതിനാൽസ്സമൈധൎയ്യനായ് നീ
സുരുചിരമെയ്യിതു കാത്തുകൊണ്ടിടേണം:
പുരുഷവര! ശരീരമുള്ള നാളേ-
തൊരു പുരുഷാൎത്ഥമസാദ്ധ്യമായ്വരുന്നു? ൧൬

പരമൊരു തരുണൻ, ഭവാൻ വിശേഷാൽ
പരമസുലക്ഷണയുക്തനാണു താനും;
നരവര! തവ ഭാവി തീൎച്ചയായും
നിരവധിമങ്ഗളശോഭിയായിരിക്കും!" ൧൭

സ്വവചനമിതിലല്പമാശ്വസിക്കും
യുവനൃപനോടു മുനീന്ദ്രർ ചൊല്ലി വീണ്ടും:-
"ജവമൊടുമിനിയസ്മദാശ്രമത്തിൽ,-
സ്സുവദന! പോവുകയല്ലി വിശ്രമിപ്പാൻ? ൧൮

പ്രതിനവസുകൃതൈകലഭ്യരാം ര-
ണ്ടതിഥികളിൽപ്പരിചൎയ്യ ചെയ്തിദാനീം,
മതിയിലിതുവരെക്കിടച്ചിടാത്തു-
ള്ളതിതരനിവൃതി നേടിടട്ടെ ഞങ്ങൾ!" ൧൯

൧൫. ഇതിന്=വിപത്തിന്ന്. അത്=ശുഭാചരണം. ദേഹക്ഷതി=ശരീരനാശം.

൧൬. ശരീരമുണ്ടെങ്കിൽ, സകലപുരുഷാൎത്ഥങ്ങളും സാദ്ധ്യങ്ങളാണ്; അതിനാൽ ശരീരരക്ഷണം അവശ്യകൎത്തവ്യമാകുന്നു എന്നു സാരം.

൧൭. തരുണൻ=യുവാവ്. പര—യുക്തൻ=ശ്രേഷ്ഠമായ നല്ല ലക്ഷണങ്ങളുള്ളവൻ. ഭാവി=വരാൻപോകുന്നകാലം. നിര—ശോഭി=അനേകം മംഗളങ്ങൾകൊണ്ടു ശോഭിക്കുന്നതു്.

൧൮. അസ്മദാശ്രമം=ഞങ്ങളുടെ ആശ്രമം. സുവദനൻ=സുമുഖൻ.

൧൯. പ്രതി—ലഭ്യർ=അസാധാരണമായ സുകൃതംകൊണ്ടുമാത്രം

Digitized By Kerala Sahitya Akademi

അതിഥികളോടു വേണ്ടമട്ടിതോതി,
ക്ഷിതിപതിപുത്രനെ മന്ത്രിയോടുകൂടേ
യതിവരരവർ കൊണ്ടുപോയിതാ, വെ-
ണ്മതിനിറമാണ്ട മണൽപ്പുറത്തിലൂടേ. ൭൬

പരിണതരവിതൻെറ തങ്കവർണ്ണ-
പ്പരിചിയലും കതിരേല്ക്കയാൽത്തദാനീം,
തരിമണൽമയമാത്തടപ്രദേശം
പെരികെ മനോഹരമായ് ലസിച്ചിരുന്നു. ൭൭

യുവനൃപജനനാൽപ്പവിത്രമായോ-
രവനിയിൽനിന്നതിദൂരമീ പ്രദേശം,
ഇവനതിഥിനിലക്ഷണത്തതോർത്താ,
നവരുചിയെസ്സുതരാം വെളിപ്പെടുത്തീ! ൭൮

ക്ഷമയെയൊരു കിടങ്ങുപോലെ രക്ഷി-
ച്ചമരുമപാംനിധിതൻെറ കീർത്തിപുഞ്ജം
സുമഹിതമൊരു മെയ്യെടുത്തതാണീ,
വിമലമണൽപ്പുറമെന്നവന്നു തോന്നീ. ൭൯

കിട്ടാവുന്നവർ. പരിചര്യ=സൽക്കാരം. അതിതരനിർവൃതി=ഏററവും വലിയ സുഖം.

൭൭. പരിണതരവി=ദിനാന്തസൂര്യൻ. തദാനീം=അപ്പോൾ, തടപ്രദേശം=കടൽക്കര.

൭൮. യുവനൃപജനനാൽ=ചന്ദ്രസേനൻെറ ജനനം നിമിത്തം, പവിത്രം=ശുദ്ധം. അതിദൂരം= സർവ്വഥാ അകലത്തുകിടക്കുന്നതു്. നവരുചി=പുതുശോഭ. സുതരാം=ഏററവും, സുകൃതികൾക്കുമാത്രം സുലഭനായ ഉത്തമാതിഥിയുടെ ആഗമനത്തിൽ ആരും നവരുചിയെ(പ്രത്യേകശ്രദ്ധയെ) പ്രത്യക്ഷപ്പെടുത്തുമല്ലോ.

൭൯. ക്ഷമ=ഭൂമി, അപാംനിധി=സമുദ്രം.

Digitized By Kerala Sahitya Akademi

സ്വരുചി മറയുമെന്ന പേടിയാൽപ്പോ-
ലൊരു ചെറുപുല്ലൊടിയേയുമേന്തിടാതേ
സുരുചിരശരദംബരം കണക്കാ-
ച്ചെരുതിടമാന്ന മണൽപ്പുറം വിളങ്ങീ. വ്യ൦

അകൃതകധവളാംബരാഭ കോലും
പ്രകൃതമണൽപ്പുറമപ്രമേയഭംഗ്യാ
പ്രകൃതിരമണിതൻ കിടങ്ങുപോലാ-
സ്സുകൃതികളാം പഥികക്ക് ഹർഷമേകീ. വ്യ൧

ദിനവിരതിയിലക്കനൊപ്പരപ്പേ-
റിന സികതാമയമായ പട്ടുതന്മേൽ
തനതലസകരങ്ങളാൽപ്പലേടം
കനകലസൽക്കസവിട്ടു കാന്തികൂട്ടി. വ്യ൨

ആ മനോഹരമണൽപ്പുറം തന്നെ പിന്നി-
ലാക്കി മുനിപൂജിതൻ,
ഭൂമഹേന്ദ്രസുതനാത്മമന്ത്രിയൊടുമാശ്ര-
മാഗ്ര്യമതിലെത്തിനാൻ,

---

വ്യ൦. സ്വരുചി=തന്റെ കാന്തി, സുര—ബരം=പ്രകാശമാനമായ ശരൽക്കാലത്തെ ആകാശം.

വ്യ൧. അകൃ—ാഭ= അകൃത്രിമമായ ധവളാംബരത്തിന്റെ (വെളുത്ത ആകാശത്തിന്റെ, വസ്ത്രത്തിന്റെ) ആഭ (ശോഭ). പ്രകൃതമണൽപ്പുറം=ഈ മണൽപ്പുറം, പ്രകൃതിരമണി=പ്രകൃതിയാകുന്ന സുന്ദരി, ആ സുകൃതികളാം പഥികക്ക്=ചന്ദ്രസേനനും; സുബാഹുവിന്നും.

വ്യ൨. ദിനവിരതിയിൽ=പകലിന്റെ അവസാനത്തിൽ. അക്കൻ=സൂര്യൻ, സികതാമയം=മണൽപ്പുറം. അലസകരങ്ങൾ=തീക്ഷ്ണതയില്ലാത്തായ രശ്മികൾ, കനകലസൽക്കസവ്=മിന്നുന്ന [illegible]ൻകസവ്.

Digitized By Kerala Sahitya Akademi

വ്യോമമണ്ഡലമതിക്രമിച്ചു, നഘബാല-
ഖില്യസമുപാസിതൻ
ധാമനായകനനൂരുവൊത്തു ചരമാച-
ലേന്ദ്രകടകത്തിലും. വൃന്ദ

രീതിയ്യോർത്താ മുനികളുടനെ
വന്യവസ്തുക്കളാൽച്ചെ-
യ്താതിഥ്യത്താൽ പ്രശമിതവപു-
സ്സാദനായ്സ്സാധുശീലൻ,
പ്രീതിപ്രേംഖൽപതഗരവമുമ-
ച്ചേർന്ന തച്ഛിഷ്യവേദോൽ-
ഗീതിധ്വാനം വിരതിയറിയി-
ച്ചോരു രാവങ്ങു പോക്കീ. വൃര

ഇങ്ങിനെ ചന്ദ്രസേനരക്ഷാലബ്ധി പത്താം സർഗ്ഗം.

---

വൃന്ദ. ബാലഖില്യന്മാർ=സൂര്യോപാസകന്മാരായ (സൂര്യനൊളുടെ നടന്നു ഭജിക്കുന്ന) ഒരുവക മഹർഷിമാരാകുന്നു. ധാമനായകൻ=സൂര്യൻ. അനൂരു=അരുണൻ. ചര—ത്തിലും=അസ്തമയപർവ്വതപ്രദേശത്തും എത്തിനാൻ എന്ന് അന്വയം. ചന്ദ്രസേനന്റെ ആശ്രമപ്രവേശവും, ചണ്ഡഭാനുവിന്റെ അസ്താദ്രിഗമനവും ഒന്നിച്ചു വർണ്ണിച്ചതുകൊണ്ടു, തേജസ്വിയായ ചന്ദ്രസേനന്റെ താൽക്കാലികവൈവർണ്യാദികളും ധ്വനിക്കുന്നു.

വൃര. വന്യവസ്തുക്കൾ=കായ്കനി മുതലായവ. പ്രശ—സ്സാദൻ=ശരീരത്തിന്റെ തളച്ച് നീങ്ങിയവൻ. പ്രീതി—രവം=സന്തോഷംകൊണ്ടിളകുന്ന പക്ഷികളുടെ ശബ്ദം. തച്ഛി—ധ്വാനം=ആ മഹർഷിമാരുടെ ശിഷ്യർ വേദം ഉച്ചരിക്കുന്ന ഘോഷം, വിരതി=അവസാനം. അങ്ങ്=ആശ്രമത്തിൽ.

Digitized By Kerala Sahitya Akademi

# പതിനൊന്നാം സർഗ്ഗം

നേരം പുലർന്നപ്പോളണന്നണീറ്റ
നൃപാത്മജൻ സാന്ധ്യവിധിക്കു ശേഷം,
അട്ടകളെത്തിത്തല താഴ്ത്തി വന്ദി-
ച്ചത്താപസന്മാരോടു യാത്ര ചൊല്ലീ. ൧

'മാർഗ്ഗം ഭവിക്കട്ടെ മംഗളമാക നിങ്ങൾ-
ക്കെ'ന്നേവമാശിസ്സരുചെയ്തുടൻ താൻ,
മഹർഷിമാർ മന്ത്രിസമേതനായ
മഹീശരായോടനെ യാത്രയാക്കീ. ൨

അസംഖ്യസേനയ്ക്കധിപൻ, നൃപേന്ദ്ര-
കുമാരനന്നേകസഹായനായി,
ഹാ! ഹാ! വെറും പ്രാകൃതവേഷനായ്ക്കാൽ-
നടയ്ക്കു താൻ യാത്ര തുടന്നു മെല്ലെ. ൩

അവൻ്റെയീദൃശ്ശ കണ്ടോരിണ്ട-
ലാപ്പെട്ട പോലാശ്രമപാദപങ്ങൾ
അപ്പോളുഷക്കാററിലുലഞ്ഞ പത്ര-
നേത്രങ്ങളാലേ തുഹിനാശ്രു തൂകീ. ൪

അങ്ങാശ്രമക്ഷോണിയിൽ, നല്ല പുല്ലു-
ള്ളേടത്തു മേയും ഹരിണവ്രജങ്ങൾ

---

൧. സാന്ധ്യവിധി=പ്രഭാതസന്ധ്യാവന്ദനം.

൩. നൃപേന്ദ്രകുമാരൻ=ചക്രവർത്തിപുത്രൻ. ഏകസഹായൻ=ഒരാൾമാത്രം തുണയ്ക്കുള്ളവൻ.

൪. ആശ്രമപാദപങ്ങൾ=ആശ്രമപ്രദേശത്തുള്ള വൃക്ഷങ്ങൾ. ഉഷക്കാററിൽ=പ്രഭാതവായു തട്ടി. പത്രനേത്രങ്ങൾ= ഇലകളാകുന്ന കണ്ണുകൾ. തുഹിനാശ്രു=മഞ്ഞാകുന്ന കണ്ണീർ.



Digitized By Kerala Sahitya Akademi

ശിരസ്സുപൊക്കി, ച്ചിതാമറിട്ടും ക-
ണ്ണാലാ വിശാലാക്ഷനെ നോക്കി നിന്നു. ൫

ക്രമേണ പുണ്യാശ്രമഭൂമി പിന്നി-
ട്ടോ,രോതരം ഘോരപഥത്തിലൂടേ
നടക്കയായീ നൃപസൂനു, നഷ്ട-
സുഹൃജ്ജനാന്വേഷണജാഗരൂകൻ! ൬

അവൻ മഹാർഘാസ്തരണാപശോഭി
ശ്രീപാദപീഠോചിതമാം പദത്താൽ
മുഹുശ്ചരിച്ചാൻ, മുന കൂർത്ത കല്ലും
മുള്ളും നിറഞ്ഞീടിന ദുർഗ്ഗമാർഗ്ഗേ. ൭

കീഴ്മന്നവന്മാരുടെ കല്ലുരത്ന-
കിരീടമായ്ച്ചേർന്ന തദീയപാദം
ചരൽപ്രദേശങ്ങളു ചിരം ചരിച്ചു
ചോരച്ചതായ്ക്കണ്ടുഴലാണ്ടു മന്ത്രി. ൮

൫. ഹരിണവൃന്ദങ്ങൾ=മാൻകൂട്ടങ്ങൾ. ൬ വിശാലാക്ഷനെ=നീണ്ടിടംപെട്ട കണ്ണുകളോടു കൂടിയ രാജകുമാരനെ.

൬. ഘോരപഥം=ഭയങ്കരമാർഗ്ഗം. നഷ്ട—ശുകൻ. കാണാതായവരായ സ്നേഹിതന്മാരെ അന്വേഷിക്കുന്നതിൽ ശ്രദ്ധിക്കുന്നവൻ. സ്നേഹിതന്മാരെ തിരഞ്ഞുകൊണ്ടു, രാജകുമാരൻ വളരെ ദിവസം പലകാട്ടുകളിലും മററും സഞ്ചരിച്ചു; ആ സഞ്ചാരത്തെ വർണ്ണിപ്പാനാണ്, ഇവിടെ ആരംഭിക്കുന്നതു്.

൭. മഹാ—ചിതം=വിലയേറിയ മേൽവിരിപ്പുകൊണ്ടു ശോഭിക്കുന്ന ശ്രീപാദപീഠത്തിൽ വെച്ചു ശീലിച്ചതു്, പദത്താൽ=കാലുകൊണ്ടു്. മുഹുഃ=വീണ്ടും, വീണ്ടും. ചരിച്ചാൻ=നടന്നു.

൮. തദീയപാദം (രാജകുമാരന്റെ കാൽ) കുമ്പിട്ടുകൂപ്പുന്ന സാമന്തരാജാക്കന്മാരുടെ വിലയേറിയ കല്ലുകൾ (രത്നങ്ങൾ) പതിച്ചിട്ടുള്ള കിരീടങ്ങളിലാണ്, പെരുമാറിയിരിക്കുന്നതു്; ഇപ്പോഴോ വെറും ചരലുകൾ

Digitized By Kerala Sahitya Akademi

അഹഹാ! കഷ്ടം! വഴിയിൽച്ചിലേടം
'തൊട്ടാലുടൻ വാടുവതായ പുല്ലും'
തൻമുള്ളിനാൽ, വീരർ തലെയ്ക്കണിഞ്ഞ
തൽപാദയുഗ്മത്തെ മുറിപ്പെടുത്തി. ൯

മഹാതപത്രോചിതമൗലിയാമീ
മനുഷ്യലോകേന്ദ്രസുതന്നു മാർഗ്ഗേ
താലദ്രുമം താൻ തപനാംശുവാള-
മുച്ചുള്ള പച്ചക്കുടയായ് ചിലേടം. ൧൦

അതുവരെച്ചാരുതരാംഗരാഗ-
മണിഞ്ഞിരുന്നോരു തദീയഗാത്രം
പരുത്ത കാറ്റിൽപ്പതറുന്ന മാർഗ്ഗ-
പാംസുക്കളാൽ ധൂസരമായ് ച്ചമഞ്ഞു. ൧൧

മൃഷ്ടാന്നമിഷ്ടപ്പടി വേണ്ട നേരം
ഭുജിച്ചു ശീലിച്ച കുമാരനയ്യോ!
വല്ലപ്പോഴും കിട്ടി വരുന്ന കാട്ടു-
വസ്തുക്കളെക്കൊണ്ടു വിശപ്പടക്കി. ൧൨

---

നിറഞ്ഞ പ്രദേശത്ത്. സുബാഹുവിന്നു സങ്കടപ്പെട്ടവനായിരിപ്പാൻ ഇനി എന്തുവേണം?

൯. തൊട്ടാലുടൻ വാടുവതായ പുല്ല്='തൊട്ടാൽവാടി' എന്നു പേരായ പുല്ല്. എത്ര വീരനായാലും ഗ്രഹപ്പിഴക്കാലത്തു മഹാദുർബ്ബലന്മാരാൽ കൂടി പീഡിപ്പിക്കപ്പെടുമെന്നു താൽപര്യം.

൧൦. മഹാ—മൗലി=രാജചിഹ്നമായ വെൺകൊറ്റക്കുട പിടിച്ചു ശീലിച്ച ശിരസ്സോടു കൂടിയവൻ. മനുഷ്യലോകം=ഭൂമി. താലദ്രുമം=കരിമ്പന. തപനാംശു=വെയിൽ. ഈ സഞ്ചാരം വേനൽക്കാലത്തായിരുന്നു.

൧൧. ചാരു—രാഗം=ഏറ്റവും നല്ല കുറിക്കൂട്ട്. മാർഗ്ഗപാംസുക്കളാൽ=വഴിയിലെ പൊടികൾ പറ്റി. ധൂസരം=മലിനം.

൧൨. ഭുജിച്ചു=ഭക്ഷിച്ചു.

Digitized By Kerala Sahitya Akademi

പതിച്ച പത്രാവലി ചേർത്തമാത്യൻ
വിരിച്ചതന്നാൾ പഥി രാത്രി തോറും
വഹിച്ചു, നൽപ്പട്ടുകിടക്കപോലാ-
ക്കല്യാന്റെ കല്യാണകളേബരത്തെ. ൫൩

നിശപ്പിശാചിൻ നെടുവായിൽനിന്നു
ചിന്നുന്ന ചെന്തീപ്പൊരിയെന്നപോലെ,
മിന്നാമിനുങ്ങിൻനിര പാർശ്വദേശേ
മിന്നുന്നതാശ്ചര്യന്നു പൊൻവിളക്കായ്. ൫൪

ചിലേടമാവൽച്ചിറകൊച്ച കൂടി-
ച്ചേർന്നോരു വാഴ്ത്തും ചിലിടിന്റെ ശബ്ദം
ഉഷസ്സിൽ മന്നവനുണരാനവന്നു
സതൂര്യവൈതാളികഗീതമായി. ൫൫

വ്യായാമദാർഢ്യാഞ്ചിതമെങ്കിലും, നൽ-
സ്സുഖാർഹമാം തൽസുകുമാരഗാത്രം
ദുർഗ്ഗമാർഗ്ഗാടനസാഹസത്താൽ
ക്ഷീണിച്ചു കാണായിതു നാലഞ്ചുനാളിൽ. ൫൬

൫൩. പതിച്ച=കൊഴിഞ്ഞു കിടക്കുന്ന. പത്രാവലി= ഇലക്കൂട്ടം. പഥി= മാർഗ്ഗത്തിൽ. കല്യാണകളേബരത്തെ= സുന്ദരശരീരത്തെ.

൫൪. നിശപ്പിശാചിൻ=രാത്രിയാകുന്ന പിശാചിന്റെ.

൫൫. സതൂ—ഗീതം=പള്ളിയുണർത്തുന്നവരുടെ വാദ്യഘോഷത്തോടു കൂടിയ പാട്ട്.

൫൬. വ്യാ—ഞ്ചിതം= വ്യായാമംനിമിത്തമുണ്ടായ ദാർഢ്യം (ദൃഢത—കട്ടത്തം) കൊണ്ടു ശോഭിതം. നൽസ്സുഖാർഹം=നല്ല സുഖങ്ങളെ ശീലിച്ചുപോന്നത്. ദുർ—ഹസം=അതിദുർഗ്ഗമങ്ങളായ വഴികളിലൂടെ സഞ്ചരിക്കുക എന്ന സാഹസം.

Digitized By Kerala Sahitya Akademi

വിയുക്തമിത്രൈകസമുൽസുകാത്മാ-
വിവൻ ഗണിച്ചീലിഹ പീഡയൊന്നും:
തത്താദൃശക്ലേശസഹിഷ്ണുഭാവം
സത്വാധികന്മാൎക്ക നിസൎഗ്ഗസിദ്ധം. ൧൭

അന്നേകദാ; ചണ്ഡമരീചിദേവ-
നാകാശമദ്ധ്യത്തെയലങ്കരിക്കേ
വഴിക്കുള്ളോരാലിൻെറ ചുവട്ടിലെത്തി
യാണാൻ സമിത്രൻ വസുധേശപുത്രൻ. ൧൮

ആ നല്ല പേരാലിനു ചുററുമുള്ളോ-
രനാവൃതപ്രായനിലങ്ങളപ്പോൾ
ആദിത്യരശ്മിപ്രകരം പതിഞ്ഞി-
ട്ടത്യുഗ്രമായ്ച്ചുട്ടു പഴുത്തിരുന്നു. ൧൯

അന്നേരമവ്വീശ്വരസൂനുതന്നോ-
ടമാത്യനേവം പറവാൻ തുടങ്ങി:—
"അഹോ! പൊറാവല്ല,തിഭീഷണങ്ങ-
ളഹോമഹായൌവനജൃംഭിതങ്ങൾ. ൨൦

൧൭. വിയു=ത്മാവ്=വേർപെട്ടുപോയ സുഹൃത്തുക്കളിൽത്തന്നേ പതിഞ്ഞ മനസ്സോടുകൂടിയവൻ. തത്താ—ഭാവം=ആമാതിരി കഷ്ടപ്പാടുകളെ സഹിപ്പാൻ കുശലില്ലായ്മ. സത്വാധികർ=സത്വഗുണം ഏറിയവർ. നിസൎഗ്ഗസിദ്ധം=സഹജം.

൧൮. അന്ന് ഇങ്ങിനെ ചുററിനടക്കുന്ന കാലത്ത് ഏകദാ=ഒരു ദിവസം. ചണ്ഡമരീചി (സൂൎയ്യൻ) ആകാശമദ്ധ്യത്തെയലങ്കരിക്കേ=ഉച്ചനേരത്ത്. സമിത്രൻ=മിത്രത്തോടു (സുബാഹുവോടു) കൂടിയവൻ. വസുധേശപുത്രൻ=രാജകുമാരൻ.

൧൯. അനാ—ങ്ങൾ=മുഴുവനും മറവില്ലാത്ത (വൃക്ഷലതാദികളില്ലാത്ത) വയായ പ്രദേശങ്ങൾ.

൨൦. അഹോ—തങ്ങൾ=അഹസ്സിൻെറ (പകലിൻെറ) വലിയ

Digitized By Kerala Sahitya Akademi

ബാല്യത്തിലെസ്സൌമ്യതയാകെ വിട്ടീ
യുവാംശുമാനെത്ര കഠോരനായീ!
താരുണ്യകാലത്തമൃദുസ്വഭാവം
തഴച്ചു കാണുന്നിതു മിക്ക പേക്കും. ൨൭

രാജന്യസംബന്ധി നിദാഘകാലം,
രാജന്യസൂനോ! തവ താപമേവം
തരുന്നതെന്താണു? വിശേഷണത്തെ
രണ്ടായ്മുറിച്ചാൽപ്പൊരുളൊക്കെവാനോ? ൨൮

ത്വഷ്ടാവു, പൂഷ്ടാദ്ദ പുലത്തുമാര
കടഞ്ഞൊരീദിവ്യമണിപ്രകാണ്ഡം
നോട്ടത്തിനായിട്ടമലാംബരത്തിൻ-
നടുക്കിതാ, നന്മയിൽ വെച്ചിരിപ്പൂ! ൨൯

ജഗത്തിനേകുന്നു കനത്ത താപം,
വിയത്തിൽ മദ്ധ്യസ്ഥത പൂണ്ട സൂർയ്യൻ;

യൌവനത്തിൻെറ (മദ്ധ്യാഹ്നസമയത്തിൻെറ) പുളപ്പുകൾ.

൨൭. യുവാംശുമാൻ=മദ്ധ്യാഹ്നസൂർയ്യൻ. താരുണ്യകാലത്തു=യൌവനത്തിൽ. അമൃദുസ്വഭാവം=കാഠിന്യം.

൨൮. നിദാഘകാലം (ഗ്രീഷ്മം) രാജന്യസംബന്ധി (ക്ഷത്രിയസംബന്ധി) ആണെന്നു വേദത്തിൽ പറഞ്ഞിട്ടുണ്ടു്. വിശേഷണത്തെ (രാജന്യസംബന്ധിയെന്ന പദത്തെ), രണ്ടായ് മുറിച്ചാൽ രാജനി അസംബന്ധി (രാജാവിങ്കൽ ചാച്ചിയില്ലാത്തതു്) എന്നാകുമല്ലൊ. കാലദോഷം നേരിട്ടവക്കു സംബന്ധികൾപോലും വിരോധികളായിത്തീരുന്നതു സാധാരണമാണു്. അതിനാൽ നാം വ്യസനിക്കേണ്ടതില്ലെന്നു ധ്വനി.

൨൯. ത്വഷ്ടാവു=വിശ്വകർമ്മാവു. ദിവ്യമണിപ്രകാണ്ഡം=നല്ല രത്നം(സൂർയ്യൻ). സൂര്യനെ വിശ്വകർമ്മാവു യന്ത്രത്തിൽവെച്ചു കടഞ്ഞതായി പുരാണത്തിൽ കാണുന്നു. അംബരത്തിന്നു ആകാശമെന്നും വസ്ത്രമെന്നും ശ്ലേഷം.

Digitized By Kerala Sahitya Akademi

അത്യുന്നതസ്ഥാനഗരന്യപീഡാ-
കൃത്യം തുടർന്നാൽഗ്ഗതിയെന്തു പിന്നെ? ൰൪

ചൂടത്ര്യസിക്കുന്നതിനാണു ചണ്ഡ-
കരാംശു നിത്യം നിശി പാവകങ്കൽ
ചെല്ലുന്നതെങ്കിൽ, ഗ്ഗുരുദക്ഷിണക്കു
കാലം സമീപിക്കുകയല്ല, വൈകീ. ൰൫

മുക്കണ്ണനായീടിന തമ്പുരാന്റെ
വലത്തുകണ്ണല്ലി ദിനേശബിംബം?
അതും, ലലാടേക്ഷണമെന്നപോലേ
ക്രമേണ ചെന്തീമയമായ്ച്ചമഞ്ഞോ! ൰൬

ലങ്കാപുരം ചുട്ടു കരിച്ച വായു-
തനൂജനെ വ്യാകരണത്തൊടൊപ്പം
ദോഷപ്രയോഗാഗമവും പഠിപ്പി-
ച്ചിരിക്കുമന്നീ, ദ്ദഹനാഭനർക്കൻ! ൰൭

൰൪. താപം= ചൂട്, വ്യസനം. വിയത്ത്=ആകാശം. ഏററവും ഉയൎന്ന നിലയിലുള്ളവർ, ദുർവ്യവസ്ഥയെ വഹിച്ചുകൊണ്ടു ദ്രോഹംചെയ്തുതുടങ്ങുന്നതായാൽ, മററുള്ളവൎക്ക് അതു സഹിക്കുകയേ നിവ്വാഹമുള്ളു.

൰൫. ചണ്ഡകരാംശു(സൂര്യതേജസ്സ്)രാത്രിതോറും അഗ്നിയിൽ സംക്രമിക്കുന്നതായി വേദം പറയുന്നു: "സൌരം തേജഃ സായമഗ്നിം സംക്രമതേ."

൰൬. മുക്കണ്ണൻ=സൂര്യചന്ദ്രാഗ്നികളാകുന്ന മൂന്നുകണ്ണുകളുള്ളവൻ. ലലാടേക്ഷണം= നെററിയിലെ കണ്ണ്.

൰൭ ദഹനാഭൻ (അഗ്നിതുല്യൻ) ആയ അൎക്കൻ് അഗ്നിസഖനായ വായുവിന്റെ തനൂജനെ (ഹനുമാനെ) വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ അസാധാരണമായ ശുഷ്കാന്തിയുണ്ടാകാൻ അവകാശമുണ്ടല്ലോ. അതിനാൽ, വ്യാകരണം മാത്രമല്ല, ദോഷപ്രയോഗാഗമവും (ചുട്ടെരി

Digitized By Kerala Sahitya Akademi

ഇപ്പോളനല്പാതപമെങ്ങുമേററി-
ട്ടിപ്പഞ്ചഭൂതാത്മകമാം പ്രപഞ്ചം
ഹുതാശനൈകാത്മകമായിതെന്നു
തോന്നുംവിധം കത്തിയെരിഞ്ഞിടുന്നു. ൧൭

മാറേററിടുംമാറിനബിംബഹേമ-
ഗോളത്തിനെക്കാലകളാദനിപ്പോൾ
വാനാം നെരുപ്പോടിലുരുക്കി മന്നി-
ലൊഴിപ്പതാണാ,തപമല്ലിതെന്നോ! ൧൮

കടുത്ത വെയിലാൽ മരുഭൂവിതേറെ-
ക്കത്തിജ്ജ്വലിക്കുന്നിതു നാലുപാടും;
താനേ പിളർന്നോരനലാചലത്തിൻ-
താഴ്വാരമീമാതിരിയായിരിക്കും! ൨൦

ദൂരാൽജ്ജലഭ്രാന്തിയൊടോടിയെത്തും
മൃഗങ്ങൾതൻ തൃഷ്ണയെ മാററിടാതേ
വളർത്തിടുന്നൂ മൃഗതൃഷ്ണ മേന്മേ-
ലാ:—ർക്കം സഗോത്രാഭ്യുദയേച്ഛയുണ്ടാം. ൨൧

---

ക്കുന്ന രീതിയെ പ്രതിപാദിക്കുന്ന ശാസ്ത്രവും പഠിപ്പിച്ചിരിക്കാം; അ പഠിച്ചറിവിനെയാണ്, ശിഷ്യൻ ലങ്കാപുരത്തിൽ പ്രദർശിപ്പിച്ചതു് എന്നൂഹിക്കാവുന്നതാണ്.

൧൭. ഹുതാശനൈകാത്മകം= കേവലാഗ്നിമയം.

൧൮. ഇന—ഗോളം=സൂര്യബിംബമാകുന്ന പൊങ്കട്ട. കാലകളാദൻ=കാലമാകുന്ന പൊൻപണിക്കാരൻ. ആതപം= വെയിൽ.

൨൦. അനലാചലം=അഗ്നിപർവ്വതം.

൨൧. സഗോത്രാഭ്യുദയേച്ഛ (തുല്യഗോത്രക്കാരുടെ അഭിവൃദ്ധിയിലുള്ള താല്പര്യം) അർക്കം ഉണ്ടാകുന്നതാകയാൽ, മൃഗതൃഷ്ണ (കാനൽ) മൃഗതൃഷ്ണയെ (മൃഗങ്ങളുടെ തണ്ണീർദാഹത്തെ) വർദ്ധിപ്പിക്കുന്നതു് ഉചിതം തന്നെ.

Digitized By Kerala Sahitya Akademi

ദാവാഗ്നിയാണാളിന വെയിലിതെന്നു
ധരിച്ചു പാലാഗ്നിസഖൻ മരുത്തും
ഇതിൻ കടുജ്ജ്വാലകൾ നാലു പാടു-
മെത്തിച്ചുകൊണ്ടങ്ങിനെ വീശിടുന്നു. ൩൨

ആകാശദേശാർണ്ണവമാർത്തു കാല-
പ്രചോദനത്താൽ ഭുവനം ദഹിപ്പാൻ
അക്രാന്തപശ്ചത്തമമൊടത്യുഗ്ര-
മൌർവ്വാനലജ്വാല വമിക്കയാണോ! ൩൩

പരിജ്വലിക്കും പരുഷാതപത്തിൽ-
പ്പാരം ഭയപ്പാടുളവാകയാലോ,
മരങ്ങൾതൻ മൂലതലത്തെ വിട്ടു
മാറുന്നതില്ലാ നിഴൽപോലുമിപ്പോൾ! ൩൪

തിളച്ചുമീപ്പല്വലനീരിൽനിന്നു
മീൻകുഞ്ഞിനെക്കൊത്തിയെടുത്തുകൊൾവാൻ
പാറാഞ്ഞിതാ, കൊററികൾ ജോലി നിർത്തി-
ത്തീരത്തു ചൂരൽത്തണൽ ചേർന്നിരിപ്പായ്! ൩൫

൩൨. വെയിൽ, അഗ്നിസഖനായ മരുത്തിനും (കാററിനുപോലും) ഇതു ദാവാഗ്നി (കാട്ടുതീ) യാണെന്നു തെററിദ്ധാരണ പററിപ്പോകമാറു കഠിനമായി കത്തിജ്ജ്വലിക്കുന്നു.

൩൩. ആകാശദേശാർണ്ണവം = ആകാശമാകുന്ന സമുദ്രം. കാലപ്രചോദനത്താൽ = കാലത്തിന്റെ പ്രേരണയാൽ. അക്രാന്തപശ്ചത്തമമൊട് = വെയിലെന്ന വ്യാജേന. ഔർവ്വാനലജ്വാല = ബഡവാഗ്നിജ്വാല.

൩൪. പരുഷാതപം = കടുത്ത വെയിൽ.

൩൫. പല്വലം = അല്പസരസ്സ് (കുറച്ചുമാത്രം വെള്ളമുള്ള പൊയ്ക) ചൂരൽത്തണൽ = ചൂരൽച്ചെടിക്കൂട്ടത്തിന്റെ നിഴൽ.



Digitized By Kerala Sahitya Akademi

കുലായവൃക്ഷങ്ങളണഞ്ഞു പക്ഷി-
ക്കൂട്ടങ്ങൾ കൂട്ടിന്നകമാൎന്നമന്ദം
ചൂടേറ്റ വാടുന്ന ശിശുക്കളെത്തൻ-
പക്ഷങ്ങളാൽ സമ്പ്രതി വീശിടുന്നു. ൩൬

പതഞ്ഞ വെള്ളം പഥി വായിൽനിന്നു
തൂകുന്ന കന്നാലിയെ മുൻനടത്തി,
നുകം കരിക്കോലിവ തോളിലും വെ-
ച്ചിതാ! കൃഷിക്കാർ വയൽവിട്ടിടുന്നു. ൩൭

പരന്ന പാടത്തിഹ പഞ്ച കാക്കം
പെണ്ണുങ്ങളഭ്യൎണ്ണലതാഗൃഹത്തിൽ,
ഗ്രാമീണവീണാക്വണിതം കലൎന്ന
ഗാനം മുതിൎക്കുന്നു വിനോദനാൎത്ഥം. ൩൮

ക്രമേണ ശീതോഷ്ണസുഖാസുഖാദി-
ദ്വന്ദ്വങ്ങളെല്ലാമൊരുപോലെയാക്കാൻ
മനസ്സിരുത്തും മുനിമുഖ്യരിപ്പോൾ
മാദ്ധ്യാഹ്നികവ്യാപൃതരായിരിക്കും. ൩൯

---

൩൬. കുലായവൃക്ഷങ്ങൾ=കൂടുകെട്ടിയ മരങ്ങൾ. അമന്ദം=വേഗത്തിൽ. പക്ഷങ്ങളാൽ=ചിറകുകൾകൊണ്ടു്. സമ്പ്രതി=ഇപ്പോൾ.

൩൭. വയൽ വിട്ടിടുന്നു=പാടത്തുനിന്നു, പണിനിൎത്തി പോകുന്നു.

൩൮. അഭ്യൎണ്ണലതാഗൃഹം=അടുത്തുള്ള വള്ളിക്കുടിൽ (ഉദാ) ഗ്രാമീ—ണിതം=അപരിഷ്കൃതമായ ചിരട്ട മുതലായവകൊണ്ടുണ്ടാക്കിയ)വീണയുടെ ശബ്ദം.

൩൯. ശീതോ—ദ്വന്ദ്വങ്ങൾ=ശീതം ഉഷ്ണം, സുഖം ദുഃഖം മുതലായ ദ്വന്ദ്വങ്ങൾ. മാദ്ധ്യാഹ്നികവ്യാപൃതർ=മദ്ധ്യാഹ്നകൎമ്മങ്ങളിൽ വ്യാപരിക്കുന്നവർ. കടുംചൂടുള്ള ഈ നട്ടുച്ചനേരത്തു, സാധാരണ ജനങ്ങൾ

Digitized By Kerala Sahitya Akademi

സന്ധ്യക്കു, സന്ധ്യക്കു സമാക്രമിക്കും
മന്ദേഹരെസ്സാർത്ഥകസംജ്ഞരാക്കാൻ,
ദ്വിജാർഘ്യമാമായുധമിസ്സഹസ്ര-
ഹേതിക്കു തേടേണ്ടി വരുന്നപോലും! ൪൦

ഗ്രാമീണരുച്ചക്കൂൺകഴിച്ചു
ഗൃഹാന്തികത്തോപ്പിലിരുന്നിദാനീം,
സലീലമാംമാറയൽവക്കകാരായ്-
സ്സംഭാഷണം ചെയ്യുകയായിരിക്കും. ൪൧

ഉൾനാട്ടുതോറും വഴിയമ്പലങ്ങൾ-
ക്കുദാരതാദായകമീ മുഹൂർത്തം;
ചേരുന്ന തൽപാലവരെബ്ഭജിപ്പാൻ
ചെന്നീടുമല്ലോ പല പാന്ഥരിപ്പോൾ. ൪൨

ഭാസ്വൽകരോത്സാദിതഭവ്യലോക-
രക്ഷാപകാരത്തൊഴിൽ ചെയ്തിദാനീം,

---

വിശ്രമത്തെ അപേക്ഷിക്കുന്നു; മുനികളോ, മദ്ധ്യാഹ്നകർമ്മാചരണങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കയാണ്. ഇത്, അവർക്ക് ശീതോഷ്ണാദികളിലുള്ള സമബുദ്ധിയെ പ്രത്യക്ഷപ്പെടുത്തുന്നു.

൪൦. മന്ദേഹരെ=മന്ദേഹരാക്ഷസന്മാരെ, സാർത്ഥകസംജ്ഞർ=യഥാർത്ഥമായ പേരോടുകൂടിയവർ. (മന്ദയായ ഈഹയോടുകൂടിയവർ=ഇച്ഛാഭംഗം വന്നവർ). ദ്വിജാർഘ്യം=ബ്രാഹ്മണർ ഊക്കുന്ന വെള്ളം. സഹസ്രഹേതി=സൂര്യൻ; അസംഖ്യം ആയുധങ്ങളോടുകൂടിയവനെന്നും. മൂന്നു സന്ധ്യകളിലും മന്ദേഹരെന്ന ഒരുകൂട്ടം രാക്ഷസർ ആദിത്യനെ വന്നുപദ്രവിക്കുന്നു എന്നും, അവരെ അകറ്റുന്നതു ബ്രാഹ്മണരുടെ (ബ്രഹ്മാസ്ത്രതുല്യമായ) അർഘ്യജലമാണെന്നും വൈദികമതം.

൪൧. ഗ്രാമീണർ=നാട്ടുപുറങ്ങളിലുള്ള ആളുകൾ. ഇദാനീം=ഇപ്പോൾ. സലീലമാം മാറ്=നേരമ്പോക്കായി.

൪൨. ഉദാരതാദായകം=ഉന്മനസ്സിനെ കൊടുക്കുന്നതു്. മുഹൂർത്തം=സമയം.

Digitized By Kerala Sahitya Akademi

പുരങ്ങൾതോറും വിലസുന്ന പൂങ്കാ-
വാരാമശബ്ദം ചരിതാർത്ഥമാക്കും. ൪൬

കാന്താകരാന്ദോളിതതാലവൃന്ത-
ക്കാറ്റേററ കൂടേതുമറിഞ്ഞിടാതെ,
ഇപ്പോളണിപ്പൊൻകുളിർമച്ചിനുള്ളി-
ലിരിക്കയാം നാഗരികപ്രഭുക്കൾ. ൪൭

തീരും തിരിഞ്ഞോടിയ വെൺമുകിലിണങ്ങു-
മിച്ചേരനത്തളകാപുരത്തിൽ,
മണം പെറും പൂങ്കുലയിങ്കൽനിന്നു
ചിന്തുന്ന തേൻതുള്ളികൾ കൊണ്ടശ്രും, ൪൮

നവം മരുത്തിന്നണിമുത്തുമാല
നൽകുന്ന നാനാതരുവല്ലിജാലം
വിളങ്ങുമുദ്യാനതലങ്ങൾതോറും
വിലാസിലോകം വിഹരിപ്പതുണ്ടാം.(യുഗ്മകം) ൪൯

൪൬. ഭാസ്വൽ—തൊഴിൽ=ഭാസ്വാന്റെ (സൂര്യന്റെ) കരങ്ങളുടെ (രശ്മികളുടെ) ഊഷ്മാവിനാൽ അർത്തരായ ദേവ്യലോകങ്ങളുടെ (വലിയആളുകളുടെ) രക്ഷയാകുന്ന ഉപകാരപ്രവൃത്തി; ഭാസ്വന്നായ(തിളങ്ങുന്ന) കരോഷ്മാവു (ഭുജശൗര്യം)കൊണ്ടു അർത്തദേവ്യലോകർ (സജ്ജനങ്ങളെ കഷ്ടപ്പെടുത്തിയവർ) ആയ രക്ഷസ്സുകളുടെ (രാക്ഷസന്മാരുടെ) അപകാരം (നിഗ്രഹം) ആകുന്ന തൊഴിൽ എന്നും. പുരങ്ങൾ=പട്ടണങ്ങൾ. ആരാമശബ്ദം=ആരാമം എന്ന ശബ്ദം; ആ രാമൻ എന്ന ശബ്ദം എന്നും. ചരിതാർത്ഥം=യഥാർത്ഥം.

൪൭. കാന്താ—ക്കാററ്=സുന്ദരിമാർ കൈകൊണ്ടു വീശുന്ന വിശറികളിൽനിന്നു വരുന്ന കാററ്. നാഗരികപ്രഭുക്കൾ=പട്ടണങ്ങളിലെ ധനികന്മാർ.

൪൮. പട്ടണപ്രസ്താവത്താൽ സ്വന്തം അളകാപുരം ഓർമ്മയിൽ വന്നിട്ടു, പറയുന്നു.

൪൯. നവംമരുത്തിന്നു (മന്ദാനിലന്നു) മൗക്തികമാലയെ നൽകുന്ന

Digitized By Kerala Sahitya Akademi

ഇപ്പോൾ മഹാസേനപുരികയ്ക്കുകത്തു
ഭവന്നികേതോപവനാന്തരത്തിൽ
വിളങ്ങുമാ വിശ്രമശാല മാത്രം
വിവിക്തതാദൃഷ്ട്രശ പൂണ്ടിരിക്കും. ൪൩

അതികല്യോമന്മണിപഞ്ജരസ്ഥ-
മാപ്പുഞ്ചവർണ്ണക്കിളിയിപ്പൊഴത്തോ!
അങ്ങുന്നു ചെല്ലാത്തതുകൊണ്ടു ചുറ്റ-
മസ്വാസ്ഥ്യമായ് നോക്കുകയായിരിക്കും. ൪൪

"പ്രസീദ താരാവലി! ദാസനാമീ
പ്രിയങ്ക"ലെന്നിങ്ങിനെ, ഞങ്ങൾ കേൾക്കേ
കളോക്തി ചൊന്നാക്കിളി ജാതലജ്ജ-
നാക്കീലയോ, മുമ്പൊരുനാൾ ഭവാനെ? ൪൫

ഇന്നേരമന്തഃപുരദേശമുൾപ്പു-
ക്കിളാമരത്തപാനി, വിട്ടതെത്തയച്ഛൻ

---

പ്പന്നതുകൊണ്ടു, തരുവല്ലിജാലം കല്പദ്രുമതുല്യമാണെന്നു ധ്വനിക്കുന്നു. വിലാസിലോകം=യുവജനം. വിഹരിപ്പതുണ്ടാം=ക്രീഡിക്കുന്നുണ്ടായിരിക്കും.

൪൩. മഹാസേനപുരിക്കകത്തു=അളകയിൽ. ഭവ—ന്തരം=ഭവാന്റെ ഗൃഹത്തിനടുത്തുള്ള പൂങ്കാവിൻനടു. വിവി—ദൃശ=വിജനത്വമാകുന്ന ദുരവസ്ഥ.

൪൪. കാമന്മണിപഞ്ജരസ്ഥം=നല്ല രത്നമയമായ കൂട്ടിലിരിക്കുന്നതു്.

൪൫. കളോക്തി=അവ്യക്തമധുരമായ വാക്കു്. ജാതലജ്ജൻ=നാണം പൂണ്ടവൻ. താരാവലിയെക്കുറിച്ചു് ഉത്സുകനായ ചന്ദ്രസേനൻ, ഒരിക്കൽ സ്വപ്നദൃഷ്ടയോ, മനോരഥോപാനതയോ ആയ അവളെ അനുനയിപ്പിപ്പാനായി പറഞ്ഞ വാക്യത്തെ സമർത്ഥനായ കിളി കേട്ടു പഠിച്ചുകളഞ്ഞു.

Digitized By Kerala Sahitya Akademi

വന്ദിസ്തുതിപ്പാട്ടുകൾ കേട്ടുകൊണ്ടു
വിശ്രാന്തി തേടീടുകയായിരിക്കും. ൧൦

ഞാൻ വിവാഹക്രിയയാചരിച്ചു
മടങ്ങിയെത്താത്തതു കാരണത്താൽ,
മാന്ദ്യം സുപ്രീതി മഹത്ത്വമാം നിൻ-
മാതാപിതാക്കൾക്കു കുറഞ്ഞിരിക്കും ൧൧

ഉപാർജ്ജിതം വസ്തുവോടുകൂടി-
യെത്തുവാൻ തിരിച്ചുള്ളൊരാത്മസുഖത്തെ
നോക്കിക്കൊണ്ടോരോ ദിക്കുകളേയായിരിക്കും,-
ഭൂപ്പുതമിപ്പോളളകാപുരത്തിൽ. ൧൨

അണിഞ്ഞ പൊന്നിൻകടകങ്ങൾ ചിന്നി-
ക്കിലുങ്ങി മിന്നും കരപല്ലവത്താൽ
പാന്ഥത്തിൽ ചാമരാംഗനമാർകൾ വീശും
ഗന്ധോദവാർദ്രവ്യജനങ്ങളാലും, ൧൩

ഉൽഫുല്ലവല്ലീപടലത്തെ മെല്ലെ-
ന്നലച്ചുമന്ദാനിലനെത്തിനാലും,
വല്ലാത്ത ചൂടിൻ കഥപോലുമോർമ്മ-
യില്ലാതെയാകും മണിമേടയിങ്കൽ. ൧൪

൧൦. ഇളാമഘവാൻ=ഭൂമിയിലെ ഇന്ദ്രൻ.

൧൧. ഇപ്പോൾ, ചന്ദ്രസേനൻ അളകയിൽനിന്നു പോന്നിട്ടു, തിരിച്ചെത്തുവാൻ വേണ്ടേടത്തോളം ദിവസങ്ങൾ ഏതാണ്ടു കഴിഞ്ഞിരിക്കും.

൧൩. ഗന്ധ—ജലങ്ങൾ=പനിനീർമുതലായവ തളിച്ച വിശറികൾ.

൧൪. ഉൽഫു—പടലം=പൂത്ത വള്ളിക്കൂട്ടം.

Digitized By Kerala Sahitya Akademi

മനോജ്ഞമായ് വന്ദിജനങ്ങൾ തൂകും
മങ്ഗല്യസങ്ഗീതസുധാരസത്തെ
കർണ്ണദ്വയംകൊണ്ടു മുദാ നുകർന്നും,
കഥാവിശേഷാദിവിനോദമാർന്നും, ൧൨

മദ്ധ്യാഹ്നകാലങ്ങൾ കഴിച്ചിരുന്ന
മഹാർഹജന്മാവിവിടുന്നിദാനീം
ആലിൻചുവട്ടിൽപ്പഥി വിശ്രമിപ്പ-
താഹന്ത! കണ്ടെൻകരൾ വിങ്ങിടുന്നു!! ൧൩
(കലാപകം)

നാനാതരം ദുർഗ്ഗപഥങ്ങളെത്ര
നാളായ്ബ്ഭവാൻ ചുറ്റി നടന്നിടുന്നു!
നിർവ്യാജസൗഹാർദ്ദഗുണത്തിനാഹാ
നിദർശനം നിൻ ചരിതം നിനച്ചാൽ. ൧൪

അശ്രാന്തസഞ്ചാരവശാൽ നിറം കെ-
ട്ടാഹന്ത! വാടും തവ കാന്തഗാത്രം
നിതാന്തശോച്യസ്ഥിതിയാർന്നിതല്ലോ,
നിശാന്തപീയൂഷമരീചിപോലെ! ൧൫

എന്നാൽ, സ്സ്വഹന്മാർഗ്ഗണകൃത്യഭാര-
മെന്നിൽച്ചുമത്തിസ്സദയം ദയാലോ!

---

൧൨. മങ്ഗ—രസം = മംഗളകരമായ സംഗീതമാകുന്ന അമൃത്.

൧൩. മഹാർഹജന്മാവ് = ശ്രേഷ്ഠമായ ജനനത്തോടു കൂടിയവൻ (ഭാഗ്യശാലി).

൧൪. നിർവ്യ—ഗുണം = നിഷ്കളങ്കമായ സ്നേഹം എന്ന ഗുണം. നിദർശനം = ദൃഷ്ടാന്തം.

൧൫. അശ്രാ—വശാൽ = ഇടവിടാതെയുള്ള കാൽനട നിമിത്തം. നിശാ—മരീചി = പ്രഭാതസമയത്തിലെ ചന്ദ്രൻ.

Digitized By Kerala Sahitya Akademi

ഭവാദൃശന്മാൎക്കനുരൂപമല്ലാ-
ത്തിസ്സാഹസം നീ മതിയാക്കിടേണം! ൨൯

അഭിജ്ഞരാം വല്ല ജനങ്ങളോടും
ചോദിച്ചു മാൎഗ്ഗങ്ങൾ മനസ്സിലാക്കി,
ആവുന്ന വേഗേന ഗമിച്ചു നമ്മൾ-
ക്കണഞ്ഞിടാം വേതസപത്തനത്തിൽ. ൩൦

അങ്ങെത്തിയിട്ടു,ശ്ശനെ വൎത്തമാന-
മാശ്വാസമാം മാററിയിച്ചശേഷം
തത്രസ്ഥരാം സൈനികരൊത്തു വീണ്ടും
സമൎക്കളത്തിന്നെഴുനള്ളിടാം തേ. ൩൧

ഉൾച്ചൂടൊടുൾക്കണ്ഠിതരായിടാനീം
ഭവൽപ്രിയാബാന്ധവചാതകങ്ങൾ
കാലേ ഭവാനാം ജലദത്തെയെത്തി-
ക്കാണാഞ്ഞുഴന്നീടുകയാകുമല്ലോ. ൩൨

അങ്ങ്,ദ്വിതീയൻ, ധ്രുതമാശ്രമത്താൽ
ദ്വിതീയനായ്ത്തൻപുരി പൂകിടുമ്പോൾ,

---

൨൯. സ്വൈര—ഭാരം=ശ്ലേഷിതന്മാരെ തിരയുകയാകുന്ന കാൎയ്യത്തിന്റെ ചുമതല. ഭവാദൃശന്മാർ=അങ്ങയെപ്പോലെയുള്ളവർ.

൩൦. ഈ സാഹസത്തിൽനിന്നു വിരമിപ്പാനുള്ള മാൎഗ്ഗത്തെ പറയുന്നു: അഭിജ്ഞർ=അറിവുള്ളവർ. മാൎഗ്ഗങ്ങൾ=ഈ പ്രദേശത്തുനിന്നു വേതസപുരത്തിലേയ്ക്കുള്ള വഴികൾ.

൩൧. തത്രസ്ഥർ=അവിടെ പാൎപ്പുള്ളവർ. തേ (അങ്ങക്ക)സമൎക്കളത്തിലേക്ക് എഴുന്നെള്ളാം; ഞാൻ അവിടെനിന്ന് അങ്ങയെ വിട്ട് സ്വൈരജനാന്വേഷണത്തിന്നു പുറപ്പെടാനാണ് വിചാരിക്കുന്നത്. ൪൩-ാം ശ്ലോകം നോക്കുക.

൩൨. ഭവൽ—കങ്ങൾ=ഭവാന്റെ പ്രിയയുടെ ബന്ധുക്കളാകുന്ന വേഴാമ്പലുകൾ. കാലേ=നിശ്ചിതസമയത്ത്. ജലദം=മേഘം.

Digitized By Kerala Sahitya Akademi

അവശ്യം, മാ മാന്യവയസ്യരെക്കൊ-
ണ്ടഞ്ചാമനായ് ഞാനെതിരേറ കൊള്ളാം! ൩൨

വീണ്ടും ഭവാൻ വേതസപൂരിൽനിന്നു
വേളിയ്ക്കെഴുന്നള്ളിടുമക്ഷണത്തിൽ,
സഖാക്കളെത്തേടുവതിന്നു ഞാനും
സഹായവാനായ് നടകൊള്ളുമല്ലോ. ൩൩

തഴച്ച കൂറാൽ, പ്രഭുകാൎയ്യമെന്തും
തൻകാൎയ്യമായോൎപ്പതു ഭൃത്യധൎമ്മം;
തൻകാൎയ്യമായും, പ്രഭുകാൎയ്യമായു-
മിരിപ്പതീ, സ്നേഹിതമാൎഗ്ഗണം മേ. ൩൪

അക്കൂട്ടരും നമ്മളെയങ്ങുമിങ്ങു-
മാരാഞ്ഞലഞ്ഞീടുകയായിരിക്കും;
അതാണു കാണാത്തതു;—പായശങ്ക
വേണ്ടാ നമുക്കായവരിൽത്തരിമ്പും! ൩൫

ആളാംകാരുമായ് ഞാൻ പല ദിക്കിലൊപ്പ-
മാരാഞ്ഞു കണ്ടെത്തുവനാജ്ജനത്തെ!

൩൨. അദ്വിതീയൻ=കിടയ്ക്കു നില്പാൻ ആരും ഇല്ലാത്തവൻ; ദ്വിതീയനല്ലാത്തവൻ എന്നും. ആശ്രമത്തിൽ ദ്വിതീയനായ്=നാലാശ്രമങ്ങളിൽവെച്ചു രണ്ടാമത്തേതായ ഗൃഹസ്ഥാശ്രമത്തെ സ്വീകരിച്ചവനായിട്ടു് (വേളികഴിച്ചിട്ടു്). തൻപുരി പൂകിടുമ്പോൾ=അളകയിൽ തിരിച്ചെത്തുന്ന സമയത്തു്. അവശ്യം=തീൎച്ചയായും. ആ മാന്യവയസ്യരെക്കൊണ്ടഞ്ചാമനായ്=ആ നാലു മാന്യസ്നേഹിതന്മാരോടുകൂടി.

൩൩. അതു് എങ്ങിനെ എന്നുപറയുന്നു: സഹായവാനായ്=സഹായികളോടുകൂടി.

൩൪. "ഇതിൽ, ഇവിടുന്നു പ്രത്യേകം ആജ്ഞാപിയ്ക്കേണ്ടതില്ല" എന്നുപന്യസിക്കുന്നു:

൩൫. അവരെ കണ്ടുപിടിച്ചുകൊള്ളാമെന്നു ധൈൎയ്യപ്പെടുവാനു



Digitized By Kerala Sahitya Akademi

അക്ഷുദ്രമായുള്ളോരു പൌരുഷത്തി-
ന്നധീനമാം ദൈവമുമെന്നു കേൾപ്പൂ. ൫൭

അതല്ല, നാം വേതസപൂരിലെത്തു-
ന്നതിന്നിടയ്ക്കധ്വനി ക്രൂരകാരെ
കണ്ടെത്തിയാലോ ശ്രമമായി താനും!
കാലം പ്രസാദിയ്ക്കുകിലെന്തസാദ്ധ്യം? ൫൮

എന്താകിലും, വേതസമാം പുരിയ്ക്കു
തിരിയ്ക്കുവാനാശു മുതിർന്നിടേണം;
എങ്ങിത്തരം ദുർഗ്ഗമമാർഗ്ഗചാരി-
മെങ്ങിസ്സുഖാർഹം തിരുമെയ്യുദാരം?" ൫൯

എന്നീവിധം മന്ത്രി നിനച്ചുരച്ച-
തങ്ങീകരിച്ചീല കുമാരനാദ്യം;
അവൻ, പ്രണഷ്ടസ്വജനൈകതാന-
നാത്മാവിനെക്കൂടി മറന്നിരുന്നു! ൬൦

അമാത്യനിർബ്ബന്ധവശാലൊടുക്ക-
മർദ്ധാംശമായിട്ടതു സമ്മതിച്ചു;
ആലോചനാശാലികൾ പത്ഥ്യവാക്യ-
മനിഷ്ടമായാലുമെടുക്കുമല്ലോ. ൬൧

---

ള കാരണത്തെ പറയുന്നു.

൫൭. സ്വയം സഞ്ചരിച്ചും, ആൾക്കാരെ അയച്ചും പല ദിക്കുകളിൽ ഒരേസമയത്ത് അന്വേഷണം നടത്തുമ്പോൾ അവരെ വേഗത്തിൽ കണ്ടെത്താതിരിയ്ക്കില്ല. അക്ഷുദ്രം=ഉൽകൃഷ്ടം. 'ബലീ പുരുഷകാരോ ഹി ദൈവമപ്യതിവർത്തതേ'.

൫൮. അധ്വനി=വഴിയ്ക്കുവെച്ച്.

൬൦. പ്രണ—താനൻ=നഷ്ടന്മാരായ സ്നേഹിതന്മാരിൽത്തന്നെ ഉറച്ചുനിൽക്കുന്ന മനസ്സോടുകൂടിയവൻ.

൬൧. അർദ്ധാംശം=പകുതി.

Digitized By Kerala Sahitya Akademi

പിന്നെക്കുമാരൻ കുറെ നേരമെന്തോ
ചിന്തിച്ചിരുന്നിട്ടരുളിച്ചെയ്തിതേവം:—
"നോക്കുക നമുക്കെത്ര സുഖം തരുന്നു!
നിരർഘമാമീ വടവൃക്ഷരത്നം!! ൧൨

കൊമ്പത്തു കൂടാർന്നമരും ഖഗങ്ങൾ
കൊഞ്ചും രവത്താൽക്കുശലോക്തി ചൊല്ലി,
വിലോലപത്രാവലികൊണ്ടു താൻ താൻ
വീശുന്നു വൃക്ഷാധിപ,നാതിഥേയൻ. ൧൩

നട്ടുച്ചനേരത്തിതു, നമ്മെയെന്ന
പോലെ, ത്രിലക്ഷം പഥികവ്രജത്തെ
തണുപ്പെഴും തൻതണൽകൊണ്ടു രക്ഷി-
ച്ചിരിക്കുമുഗ്രാതപബാധ നീക്കി! ൧൪

നരേന്ദ്രരാണെന്നു നടിച്ചിരിപ്പോർ
നാട്ടാരിലാപൽക്കെടുതി നാട്ടിടുമ്പോൾ,
അചേതനം വൃക്ഷമിതേതവർക്ക-
മചേതമാക്കുന്നു കഠോരതാപം. ൧൫

ചൊൽക്കൊണ്ട രാജ്യശാസകർ താൻ ശിരസ്സിൽ-
ച്ചുമന്നുകൊള്ളട്ടെ മഹാകിരീടം!

൧൨. നിരർഘം=വില മതിയ്ക്കാത്തത്. വടം=പേരാൽ.
൧൩. ഖഗങ്ങൾ=പക്ഷികൾ. വിലോലപത്രാവലി=ഇളകുന്ന ഇലക്കൂട്ടം. അതിഥേയൻ=അതിഥികൾക്കേറെപ്രിയൻ.
൧൪. പഥികവ്രജത്തെ=പാന്ഥസമൂഹത്തെ.
൧൫. അചേതനം=നിർജ്ജീവം. അചേതമാക്കുന്നു=ശമിപ്പിക്കുന്നു. പൂർവ്വാർദ്ധം ആത്മനിന്ദാഗർഭമാകുന്നു.

Digitized By Kerala Sahitya Akademi

താപാതുരോജ്ജീവനപുണ്യഭാരം
താങ്ങുന്നതുണ്ടീത്തരുരാജനേററം. ൯൩

വിശങ്കടാത്മാവിവനെത്ര ജീവ-
ജാലങ്ങളെസ്സാധു ഭരിച്ചിടുന്നു!
എന്നാൽ,ക്കുടിക്കൊക്കിഹ രാജഭോഗ-
മേകീടുകെന്നുള്ളതു കൂടി വേണ്ടാ! ൯൪

എല്ലാ പ്രകാരത്തിലുമപ്രമേയ-
മാഹാത്മ്യവാനീത്തരുസാർവഭൌമൻ:
ലോകോപകാരം നിറവേററിടുന്ന
മഹത്ത്വമാകുന്നു, മഹത്ത്വമല്ലോ. ൯൫

എരിഞ്ഞ വെയിലും, മഴ, മഞ്ഞു, കാററ-
മേററീ മരുപ്രായനിലത്തിലേ,വം
ലോകോപകാരവ്രതസുസ്ഥിരാത്മാ-
വായിട്ടു മേവുന്നിതു പുണ്യശാലി!! ൯൬

നമ്മെച്ചുടാനെത്തിടുമാതപത്തി-
ന്നാത്മാവിനെത്തന്നെയിതേകിടുന്നു:

---

൯൩. രാജാക്കന്മാരുടെ കിരീടമെല്ലാം ഇതിന്നു സമപ്പിയ്ക്കേണ്ടതാണ് എന്ന വിചാരത്തെ തൽക്ഷണംതന്നെ നിഷേധിയ്ക്കുന്നു: താപാ—രോരം=താപംകൊണ്ടു കഷ്ടപ്പെട്ടവരെ രക്ഷിയ്ക്കുന്നതുകൊണ്ടുള്ള മഹാസുകൃതം.

൯൪. വിശങ്കടാത്മാവ്=ആത്മാവിന് (ദേഹത്തിന്ന്, മനസ്സിന്ന്) വിസ്താരമുള്ളവൻ. ഇവൻ=ഈ വൃക്ഷരാജാവ്. സാധു=വഴിപോലെ. രാജഭോഗം=നികുതി.

൯൫. അപ്ര—ത്മ്യവാൻ=അളവില്ലാത്ത മാഹാത്മ്യം (വലിപ്പം, മഹിമ) ഉള്ളവൻ.

൯൬. വൃക്ഷം, സുസ്ഥിരാത്മാവ്(സ്ഥാവരം) ആണല്ലോ.

Digitized By Kerala Sahitya Akademi

പിറാവിനെത്തിന്മതിനാഞ്ഞടുത്ത
പരുന്തിനന്നാശ്ശിബിയെന്ന പോലെ! ൮൦

പത്രങ്ങൾ തിങ്ങിച്ചുഴലെപ്പടന്നു
വാനം മാച്ചും പല കൊമ്പിനാലേ
നൽപ്പച്ചമേലാപ്പുടയോരു പന്തൽ-
പോലീവടത്തിൻ ചുവടുല്ലസിപ്പൂ. ൮൧

തപ്തൎക്കു കല്പദ്രുമമാമിതിന്റെ
പത്രങ്ങളിൽപ്പാറിയെഴും പഴങ്ങൾ
മിന്നുന്നു, പച്ചത്തുകിലിങ്കൽവെച്ച
സുരക്തരത്നങ്ങൾ കണക്കു ഭംഗ്യാ. ൮൨

പടന്നു ചായും ചില കൊമ്പിൽനിന്നു,
ചെമ്പിൻനെടുംകമ്പികളെന്ന പോലേ
തൂങ്ങീടുമീ വേടുകൾ മാട്ട മേററും
പിള്ളക്കഴിഞ്ഞാലുകളായിടുന്നു! ൮൩

പേരാന്നു പേരാലിലതന്നിലല്ലോ,
കല്പാന്തബാലൻ ഭഗവാൻ ശയിച്ചു;
അതൊന്നു താൻ പോരു, മുദാരമാമീ
വടദ്രുവിൻ വംശവിശുദ്ധി കാട്ടാൻ. ൮൪

൮൦. ശിബിയെന്ന രാജാവു്, ബുഭുക്ഷിതമായ പരുന്തിന്നു തന്റെ ശരീരത്തെത്തന്നെ പകരമായി കൊടുത്തു, പരുന്തിനെപ്പേടിച്ചു തന്നെശ്ശരണം പ്രാപിച്ച പിറാവിനെ രക്ഷിച്ച കഥ പ്രസിദ്ധമാണല്ലോ.

൮൧. ദളങ്ങൾ=ഇലകൾ.

൮൨. തപ്തർ=വെയിലേററു വലഞ്ഞവർ. പത്രങ്ങൾ=ഇലകൾ. സുരക്തരത്നങ്ങൾ=നല്ല ചുകപ്പുകല്ലുകൾ. കല്പദ്രുമം വിശിഷ്ടങ്ങളായ വസ്ത്രരത്നാദികളെ കായ്ക്കുന്നതാണല്ലോ.

൮൪. കല്പാന്തബാലൻ=പ്രളയകാലത്തു ബാലരൂപത്തെ ധരിച്ചു

Digitized By Kerala Sahitya Akademi

പ്രതപ്തരെ പ്രത്യുപകാരവാഞ്ഛ
പെടാതെ പാലിയ്ക്കുകയെന്ന ധർമ്മം
നിഷ്കാമകർമ്മസ്ഥിതി പൂണ്ടു നേടു-
മീശ്ശാഖിതൻ ജീവിതമെത്ര ധന്യം!!" ൮൬

തദാനീം വിശ്രാന്തിയ്ക്കുതകിയ വട-
ശ്രീവിടപിയെ
പ്രശംസിച്ചീമട്ടാം പ്രകൃതിമധുര-
വ്യാഹൃതികളാൽ
കൃതജ്ഞത്വം കാട്ടി, ക്കുറിനവെയിലൊ-
ന്നാറമളവാ
പ്രദേശം കൈവിട്ടാൻ പ്രിയസഖിയുതൻ
പാർത്ഥിവസുതൻ. ൮൭

കരണീയനിശ്ചയം (ചന്ദ്രസേനസഞ്ചാരം)

പതിനൊന്നാംസർഗ്ഗം.

---

൮൫. വടദ്രു=പേരാൽ വൃക്ഷം.

൮൬. പ്രതപ്തരെ=വെയിലേററു വാടിയവരെ. നിഷ്കാമകർമ്മസ്ഥിതി=ഫലത്തെ ആഗ്രഹിയ്ക്കാതെ കർമ്മം ചെയ്യുന്നവന്റെ നില. ശാഖി=വൃക്ഷം.

൮൭. വിശ്രാന്തി=വിശ്രമം. വടശ്രീവിടപി=പേരാലാകുന്ന ശ്രീമത്തായ വൃക്ഷം. വ്യാഹൃതികൾ=വാക്കുകൾ. തങ്ങൾക്ക് ഉപകാരംചെയ്യുവരെ ശ്ലാഘിക്കുന്നതു കൃതജ്ഞന്മാരുടെ ലക്ഷണമാണല്ലോ.

Digitized By Kerala Sahitya Akademi

## പന്തിരണ്ടാം സർഗ്ഗം

അടുത്തനാൾ, യുവനൃപനുച്ചനേരമൊ-
ട്ടടുത്ത വാറ,നുചരനോടു കൂടവേ,
കടുത്തിടും വെയിലിനെ മാമരങ്ങളാൽ-
ത്തടുത്തിടുന്നൊരു വിപിനത്തിലെത്തിനാൻ: ൧

നതാഗ്രമാം പടി ഫലപുഷ്പഭാരിയാം
ലതാതരുവ്രജമിടതിങ്ങുമാ വനം
നിതാന്തനിർവൃതിയുടനാതപാതപ-
പ്രതാന്തരാം പഥികവരർക്കു നൽകിതേ. ൨

പെരുത്തു പൂമ്പരിമളമേന്തി വീശിടും
മരുത്തിനാലപഹൃതമാർഗ്ഗഖേദനായ്,
കരുത്തനാം ധരയുടെ ഭാവികാന്തന-
ങ്ങൊരുത്തമദ്രുമതലസീമ്നി മേവിനാൻ. ൩

തദാഗമം കരുതി രസിച്ച വണ്ണമാ,
മദാലസഭ്രമരനിനാദിയാം വനം
സദാഗതിപ്രചലിതവൃക്ഷശാഖയാ-
ലുദാരനാമവനിലുതിർത്തു പൂക്കളെ. ൪

---

൧. വിപിനം=കാട്.

൨. നതാഗ്രമാം പടി=തല ചായുമാറ്. ഫലപുഷ്പഭാരി=കായ്കളുടേയും, പൂക്കളുടേയും ഭാരത്തോടുകൂടിയത്. നിതാന്തനിർവൃതി=പരമസുഖം. തപാ—താന്തർ=തപത്തിലെ(വേനലിലെ) ആതപം(വെയിൽ)കൊണ്ടു തളർന്നവർ. പഥികവരർ=ഉത്തമപാന്ഥന്മാർ.

൩. അപ—ഖേദൻ=വഴിക്ഷീണം മാറപ്പെട്ടവൻ. ധരയുടെ ഭാവികാന്തൻ=യുവരാജാവ്. ഉത്ത—സീമ്നി=നല്ലമരത്തിന്റെ ചുവട്ടിൽ.

൪. തദാഗമം=യുവരാജാവിന്റെ വരവ്. മദാ—നാദി=മദിച്ചു

Digitized By Kerala Sahitya Akademi

മരങ്ങളിൻതന്നുപരി മദിച്ചെഴും ഖഗോൽ-
ക്കരങ്ങളിൻതൻ കളരവമാകലാചണൻ
സ്വരംഗനാസമുദയഗാനമോഹന-
സ്വരം കണക്കിരുചെവിയാൽ നുകർന്നതേ. ൫

തരുക്കളിൻതൻ മധുരഫലങ്ങളും ക്ഷണാ-
ലരുക്കരം ശിശിരതടാകതോയവും
പെരുക്കമോദമൊടു മന്ത്രി കൊണ്ടുവ-
ന്നൊരുക്കിനാൻ പ്രഭുവിനു ഭോജനത്തിനായ്. ൬

അഖേദമായ് വിലസിന രാജസൂനുവിൻ-
മുഖേന്ദു വാഗമൃതമഥ ശ്ലുകി തോഴനിൽ:
"സുഖേതരം വനതലവാസമെന്നു നാം,
സഖേ, നിനച്ചുവതൊരു മൌഢ്യമല്ലയോ? ൭

തടസ്ഥമില്ല,രിയ പഴങ്ങളുണ്ണുവാൻ;
സ്ഫുടം സരസ്സുരഭിജലം നുകർന്നിടാം;

---

വണ്ടുകളുടെ ശബ്ദത്തോടുകൂടിയതു്. സദാ—ശാഖ=കാററിളക്കിയ മരക്കൊമ്പു്. രാജഗമനത്തിൽ, ആനന്ദകോലാഹലത്തോടെ പുഷ്പവർഷം ചെയ്യുക എന്നതു സാധാരണമാണല്ലോ.

൫. ഉപരി=മുകളിൽ. ഖഗോൽക്കരങ്ങൾ=പക്ഷിക്കൂട്ടങ്ങൾ. കലാചണൻ=സംഗീതാദികലകളിൽ സാമർത്ഥ്യമുള്ളവൻ. സ്വരം—സ്വരം=സ്വർഗ്ഗസ്ത്രീഗണത്തിന്റെ പാട്ടിന്റെ മധുരമായ സ്വരം, വൃക്ഷങ്ങളുടെ അസാമാന്യമായ പൊക്കവും, പക്ഷിരവത്തിന്റെ മാധുര്യാതിശയവും സ്ഫുരിക്കുന്നു.

൬ അരുക്കരം=രുക്കരം (രോഗത്തെ ഉണ്ടാക്കുന്നതു്) അല്ലാത്തതു്, നിർമ്മലം എന്നു സാരം. ശിശി—തോയം=തണുത്ത പൊയ്കവെള്ളം. പ്രഭു=സ്വാമി (ചന്ദ്രസേനൻ)

൭ അഖേദമായ്=ഭോജനംകൊണ്ടു ക്ഷീണംമാറിയതായ്. മുഖേന്ദു=(മുഖചന്ദ്രൻ) വാക്കാകുന്ന അമൃതു് ശ്ലുകി=പറഞ്ഞു. വനതലവാ

Digitized By Kerala Sahitya Akademi

കിടക്കുവാൻ പരിമൃദുശാദ്വലങ്ങളു-
ണ്ടു;- ടവ്യധിഷ്ഠിതനൊരു ചിന്തയെന്തുവാൻ? ൮

അതൎക്കിതപ്രകൃതിവിലാസചാതുരീ-
ശതങ്ങളുണ്ടു, നൃപ! വിനോദനങ്ങളായ്;
സ്വതന്ത്രതയ്ക്കൊരു കുറവില്ല; കാനന-
സ്ഥിതന്നു മാലെവിടെ? മഹോത്സവം സദാ! ൯

മുഖത്തരഭ്രമമൊടു കൃത്രിമങ്ങളാം
സുഖങ്ങളെപ്പല പടി തേടിടുന്നു നാം;
അഖണ്ഡമായ് പ്രകൃതി തരുന്നൊരീ മഹാ-
സുഖങ്ങൾതൻ വിലയറിയുന്നതില്ലഹോ! ൧൦

പരക്കുപദ്രവമുതകാതി,ഹത്തിലും,
പരത്തിലും പരമസുഖം ലഭിക്കുവാൻ
അരണ്യമേ, സുമുഖ! ഭജിപ്പതില്ലയോ
നിരന്തരം ചിലര,വർ തത്ത്വവേദികൾ. ൧൧

---

ന=കാട്ടിൽപ്പാർപ്പ്. സുഖകരം=ദുഃഖകരം.

൮. സ്വച്ഛം=നിൎമ്മലം. സരഃ—ജലം=സരസ്സിലെ സുഗന്ധമുള്ള വെള്ളം. പരിമൃദുശാദ്വലങ്ങൾ=മാൎദ്ദവമുള്ള പച്ചപ്പുൽപ്രദേശങ്ങൾ. അടവ്യധിഷ്ഠിതൻ=കാട്ടിൽ വസിക്കുന്നവൻ.

൯. അത—തങ്ങൾ=അപ്രതൎക്കിതങ്ങളായ അനേകം പ്രകൃതിവിലാസഭംഗികൾ. സ്വാതന്ത്ര്യമുണ്ടല്ലോ, സാക്ഷാൽ സുഖത്തിന്റെ അടിസ്ഥാനം.

൧൦. മുഖത്തരഭ്രമം=ഉത്തരമാണെന്നുള്ള തെറ്റിദ്ധാരണ. അഖണ്ഡം=സമഗ്രം.

൧൧. അരണ്യമേ=കാടിനെത്തന്നെ. തത്ത്വവേദികൾ=സൂക്ഷ്മമറിഞ്ഞവർ. പരഹിംസാസ്പർശംകൂടാതെ ഐഹികാമുഷ്മികസുഖത്തെ സമ്പാദിക്കുക എന്നുള്ളതാണ്, മനുഷ്യജന്മത്തിന്റെ പരമഫലം; ഇതിനു കാനനവാസമേ യോജിക്കൂ എന്നു മനസ്സിലാക്കി, അതിനെ അനുഷ്ഠിക്കുന്ന മുനിമാർ തത്ത്വവേദികൾതന്നെ.



Digitized By Kerala Sahitya Akademi

പുരാംഗനാധനവിഭവാദിയൊക്കെയും
വിരാഗരായ് വെളിവിൽ വെടിഞ്ഞ ധന്യരും
ചിരാൽ വശത്തമരുമരണ്യഭൂമിതൻ
സുരാമണീയകഗുണമെത്ര മേത്തരം! ൫൨

വിമുഗ്ദ്ധരായ് വിഷയരസത്തിൽ മുങ്ങിടും
നമുക്കു കാടസുഖമയം, ഭയങ്കരം!
മുമുക്ഷുവാം മഹിതജനത്തിനോ സദാ
സമുത്സവപ്രദ,മിതു സൌമ്യമെത്രയും. ൫൩

മിതാവലോകികൾ പുനരെന്തു കാണ്മു, മീ-
ത്തതാഭമാം വനതലസൌഭഗോദയം?
ജിതാക്ഷരാം സുകൃതിജനങ്ങളേ, ശരി-
യ്ക്കിതാസ്വദിപ്പതിനു സമർത്ഥരായ് വരൂ.” ൫൪

സമിദ്ധസമ്മദമൊരു യാമമങ്ങു വി-
ശ്രമിച്ചിരുന്നവനിമഹേന്ദ്രനന്ദനൻ
സമിത്രനാ വിപിനവഴിക്കു തെല്ലിടം
ഗമിച്ചവാറൊ, രു കുളർപൊയ്ക കണ്ടു തേ. ൫൫

൫൨. വിരാഗരായ്=വിരക്തന്മാരായി. അരണ്യഭൂമിയെ ഒരു സ്ത്രീയാക്കി കല്പിച്ചിരിക്കുന്നു. സുരാ—ഗുണം=ശോഭനമായ സൌന്ദര്യഗുണം. വിരക്തിവന്നു സർവ്വത്തെയും ഉപേക്ഷിച്ച മഹാമനസ്കന്മാരെ വശീകരിപ്പാൻ, ചില്ലറ സൌന്ദര്യമൊന്നും മതിയാകില്ലല്ലോ.

൫൩. വിമുഗ്ദ്ധർ=മൂഢർ—തത്വമറിയാത്തവർ. മുമുക്ഷു=മോക്ഷേച്ഛു. സമുത്സവപ്രദം=ഉത്സവങ്ങളെ കൊടുക്കുന്നത് (സുഖകരം)

൫൪. മിതാവലോകികൾ=സ്വല്പംമാത്രം കാണുന്നവർ (നമ്മെപ്പോലെയുള്ളവർ). തതാഭം=വിസ്തൃതമായ ശോഭയുള്ളത്. വന—ദയം=കാട്ടിന്റെ സൌഭാഗ്യോൽകർഷം. ജിതാക്ഷർ=ഇന്ദ്രിയങ്ങളെ ജയിച്ചവർ. ആസ്വദിപ്പതിന്നു=കണ്ടുരസിപ്പാൻ.

൫൫; സമിദ്ധസമ്മദം=സന്തോഷമുള്ളതായ്.

Digitized By Kerala Sahitya Akademi

പരത്ര വന്നരുളിയ മാനസാഖ്യമാം
സരസ്സു പോലെയു,മതു പമ്പ പോലെയും,
നിരങ്കമാം മലരണിനീർ നിറഞ്ഞു, ന-
ന്മരങ്ങളാൽപ്പരിവൃതമായ് വിളങ്ങിതേ. ൫൭

അഹാൎയ്യഭാസ്സൊത്തു, കരമമെഴും മഹീ-
രുഹാദിതൻ പ്രതിമ പതിഞ്ഞ നീരമായ്
സ്പൃഹാകരം വിലസി, വനാന്തലക്ഷ്മിതൻ
മഹാൎഹമാം മണിമുകുരം കണക്കിനേ. ൫൮

ചിലേടമാമ്പലുകൾ, ചിലേടമുൽപ്പലം,
ചിലേടമോ തുടുനളിനങ്ങളിങ്ങിനെ,
പലേ നിറം തടവിന പട്ടുമെത്തയെ-
ബ്ബലേന വെന്നഴകിൽ വിളങ്ങി നീരതിൽ. ൫൯

സുലംഘ്യമല്ലതിനുടെയാഴമെങ്കിലും,
ജലം പളുങ്കിനു ശരിയായിരിക്കയാൽ
നലം പെട്ടും തരിമണൽതന്നെയാമടി-
സ്ഥലം തടസ്ഥിതനു തെളിഞ്ഞു കണ്ടിടാം. ൬൦

ദനൻ=രാജപുത്രൻ. സമിത്രൻ=മിത്രത്തോടു (സുബാഹുവോടു) യവൻ.

൫൭. പരത്ര=മറെറാരേടത്ത്. അതു=സരസ്സ്. നിരങ്കം=(നി)ൎമ്മലം. പരിവൃതം=ചുററപ്പെട്ടത്.

൫൮. അഹാൎയ്യഭാസ്സ്=നാകയമായ ശോഭയോടുകൂടിയു്. (മ)രുഹാദി=മരംമുതലായ്. പ്രതിമ=പ്രതിബിംബം. സ്പൃഹാകരം=(ലോ)ഭനീയം. മഹാൎഹം=മേത്തരം. മണിമുകരം=മണിമയമായ കണ്ണാടി.

൫൯. തുടുനളിനങ്ങൾ=ചെന്താമരപ്പൂക്കൾ.

(൬൦. സുലംഘ്യ)ം=സുഖേന ലംഘിക്കാവുന്നത്. നലം=നന്(മ)

...ന്നു്.

Digitized By Kerala Sahitya Akademi

പുഷ്കരമേലിയലിന കല്പവൃക്ഷനേർ-
വിടങ്ങളും, തന്മുരട്ടുകളാലതിൻ ജലം
ചിരം ഗ്രഹിച്ചതിനെ മരന്ദകൈതവാൽ
നിരന്തരം ദ്വിജനികരത്തിനേകിനാർ. ൧൦

അതികമലസ്സുമധുരതോയമാസ്വാദി-
ച്ചതിന്നൊരാ[illegible] കറി യോഗമെത്തുകിൽ
കൃതിത്തിടമ്പവന, മൃതാഖ്യ നീരിനി-
ട്ടതിൻ മഹൗചിതിയെ മുദാ പുകഴ്ത്തിടും. ൧൧

തടദ്രുമപ്രസവശതത്തിലോ, ജലേ
വിടർന്നിഴും വിവിധസുമവ്രജത്തിലോ
കടന്നു തേൻ നുകരുക വേണ്ടുവെന്നു തീർ-
ച്ചുടൻ വരാഞ്ഞവിടെയുഴന്നു വണ്ടുകൾ. ൧൨

സുമാവലീമധുരസകേസരാദിയെ-
സ്സമാസ്വദിച്ച,തിമധുരസ്വരങ്ങളാൽ
സുമാന്യമാമതിനെ മുദാ പുകഴ്ത്തി, വി-
ഭ്രമാഞ്ചിതം വിവിധവിഹംഗമണ്ഡലം. ൧൩

ശ്ലോ. ൧൦. മുരട്ടുകൾ=വേരുകൾ. ഗ്രഹിച്ച്=എടുത്ത്. മരന്ദകൈതവത്താൽ=പൂന്തേനെന്ന വ്യാജേന. നിരന്തരം=നിത്യം. ദ്വിജശബ്ദം വർഷബ്രാഹ്മണവാചി. ആ സരസ്സിലെ ജലം പൂന്തേനിനുതുല്യമായിരുന്നുവെന്നു ഭാവം.

ശ്ലോ. ൧൧. പൂന്തേൻപോലെ എന്നു പറഞ്ഞാൽ പോരാ, അമൃതെന്നു [illegible]: കൃതിത്തിടമ്പ്=സുകൃതശിരോമണി. അമൃതാഖ്യം [illegible] എന്നർത്ഥം. [illegible] ഔചിത്യം.

ശ്ലോ. ൧൨. തട—ശതം=കരയിലെ വൃക്ഷങ്ങളുടെ അസംഖ്യം പൂക്കൾ. വിവി—വ്രജം=പലതരം പുഷ്പഗണം.

൧൩. സുമാ—രാദി=പുഷ്പഗണങ്ങളുടെ [illegible] അകന്ന

Digitized By Kerala Sahitya Akademi

അകല്മഷാംബുവിലിഹ കോകപംക്തിതൻ
സുകമ്രമാം തനു നിഴലിച്ചതായിടം
അകം കവർന്നിടുമൊരു ചില്ലുമേശത-
ന്നകത്തു പൊന്നണികൾ കണക്കെ മിന്നിതേ. ൧൪

വരിക്രമാൽക്കമലിനിതൻദളങ്ങളാൽ-
പ്പരിസ്ഫുരിച്ചിതു പല സാരസവ്രജം,
ശരിക്കിളംതൃണമണിമന്നിടത്തിലായ്
വിരിച്ച വെൺപുതപ്പുകളെന്ന പോലവേ. ൧൫

കളത്രമായ് കളിമൊഴി ചൊൽവതിൻവിധം
കളസ്വനം വിതറിന ഹംസപക്ഷിയെ
ഇളക്കിടും ചെറുതിരയാലൊരംബുജീ-
ദളത്തിൽനിന്നിതരദളത്തിലാക്കിയും, ൧൬

സ്ഫുടാംബുജപ്പൊടി ചുഴലെപ്പരത്തിയും,
തടാശ്രിതദ്രുമമലർ നീരിൽ വീഴ്ത്തിയും,

---

൧൩. വിഭ്രമാഞ്ചിതം=വിലാസങ്ങൾകൊണ്ടു സുന്ദരം. വിവിധഖഗ= പലജാതി പക്ഷിക്കൂട്ടം. പക്ഷികളുടെ സ്വരത്തിന് അത്ര മാധുര്യം വരുവാൻ കാരണം, സുമവല്ലീമധുരമന്ദഹസിതമനോഹരമാണോ എന്നും, അവ കൂകുന്നതു സരസ്സിനെ പുകഴ്ത്തി ഗാനംചെയ്കയാണോ എന്നും തോന്നുമെന്നു സാരം.

൧൪. അകൽമഷാംബു=സ്വച്ഛജലം. ഇഹ=സരസ്സിൽ. കോകപംക്തി= ചക്രവാകസമൂഹം. സുകമ്രം=അതിമനോജ്ഞം. നിഴലിച്ച്= പ്രതിഫലിച്ച്. പൊന്നണികൾ= സ്വർണ്ണാലങ്കാരങ്ങൾ. ചക്രങ്ങളുടെ നിറം സ്വർണ്ണതുല്യമാണ്.

൧൫. വരിക്രമാൽ= വരിവരിയായി. കമലിനി= താമരക്കൂട്ടം ദളങ്ങൾ= ഇലകൾ. പരിസ്ഫുരിച്ചിതു= ശോഭിച്ചു. സാരസങ്ങളുടെ നിറം നല്ല വെളുപ്പാണ്.

൧൬. [illegible] ചേഷ്ടയോടുകൂടി. കളിമൊഴി= നന്മവാക്ക്.

Digitized By Kerala Sahitya Akademi

വിടാതെകണ്ടനിലകിശോരനെന്നുമാ-
ത്തടാകമാന്നിഴകൊട്ടു കേളിയാടിനാൻ. ൧൭

(യുഗ്മകം)

തടദ്രുവല്ലികളുടെ പൂവിനത്തിലും,
വിടന്നിട്ടും ജലകുസുമവ്രജത്തിലും,
സ്ഫുടം സദാ മലർമടവാരതിങ്കലേ-
തിടത്തിലും വിലസി, വിഭക്തമൂർത്തിയായ്. ൧൮

തെളിഞ്ഞു തണ്ടലർവളയങ്ങൾ തിന്നകം
കളിത്ത ഹംസികളുടെ കൂകൽ കേൾക്കുകിൽ,
കളിച്ചുകൊണ്ടതിലരുളുന്ന ലക്ഷ്മിതൻ
കിളിത്ത കാൽത്തളയൊലിയെന്നു തോന്നിടും. ൧൯

സ്വയം മഹാത്മത പെട്ടമാസ്സരസ്സ്,യോ-
മയങ്ങളാം കിടിതനുവീപ്പുകൾക്കകൊ
കയററിയിട്ടനുദിനമദ്രിഭൂവിലേ-
ഴുയച്ചു, തൻശുഭജലമന്യദുർല്ലഭം. ൨൦

ചെറുതിരയാൽ എന്നതിനു ചെറുതായ ഇരകാട്ടി എന്നും അർത്ഥമെടുക്കാം. അബ്ജിനീദളം=താമരയില. ഇതരദളം= മറെറാരില.

൧൭. സ്ഫുടാംബുജപ്പൊടി= വിടന്ന താമരപ്പൂക്കളുടെ പൊടി. തടാ_മലർ= കരയിലെ വൃക്ഷങ്ങളുടെ പൂവ്. അനിലകിശോരൻ= മന്ദവായുവാകുന്ന ബാലൻ. തടാകം= സരസ്സ്.

൧൮. മലർമടവാർ= ലക്ഷ്മി. വിഭക്തമൂർത്തിയായ്= പല ദേഹം എടുത്തുകൊണ്ട്.

൧൯. ഹംസികൾ= അരയന്നപ്പേടകൾ.

൨൦. അയോമയങ്ങൾ= ഇരിമ്പുകൊണ്ടുണ്ടാക്കിയവ. കിടി— വീപ്പുകൾ= പന്നികളുടെ ദേഹങ്ങളാകുന്ന വീപ്പുകൾ. നാൾതോറും· അദ്രിഭൂവ്= പർവ്വതപ്രദേശം. അ
കൾ പതിവായി വന്നു വെള്ളം കുടിച്ചി

Digitized By Kerala Sahitya Akademi

അതികാലെ കമലിനി, കൊമ്പനാന വ-
ന്നതിപ്രിയം തടവി രമിച്ചുകൊൾകയാൽ
ഉതിർന്ന വണ്ടണിമൃദുവേണി ചിന്നിയും,
ദ്യുതിസ്ഫുരൽബിസവലയങ്ങൾ പൊട്ടിയും, ൩൭

സിതച്ഛദച്ഛടവയുടുപ്പു നീങ്ങിയും,
ദ്രുതസ്ഖലൽപൃഷതവിയർപ്പു പാറിയും,
ധൃതക്ലമം പരിമളമാന്റു തെന്നലാം
കിതപ്പുമായ്ച്ചില പൊഴുതുല്ലസിച്ചതേ- ൩൮
(യുഗ്മകം)

കുളിത്ത കാററാടിയിലുലഞ്ഞ വല്ലിക-
ത്തളിർക്കരം തടവി കാട്ടി മെല്ലവേ
വിളിച്ചിതോ വിഹഗരവങ്ങളാലതി,
വിളിപ്പെട്ടും പഥികരെയങ്ങു ചൊല്ലുവാൻ! ൩൯

അവർണ്ണ്യമാമമൃതെതിർത്ത ജലത്തിലൂ-
ന്നവം വളർത്തമരമുദാരപക്ഷികൾ
ഇവർക്കഴും ചെവികളിലുല്ലസൽകളാ-
രവച്ഛലാലമൃതു പൊഴിച്ചു മേൽക്കുമേൽ: ൪൦

൩൭. കമലിനി = താമരക്കൂട്ടം. ദ്യുതി—യങ്ങൾ = പ്രകാശമാനങ്ങളായ താമരവളയങ്ങളാകുന്ന വളകൾ.

൩൮. സിത—ടുപ്പ് = അരയന്നങ്ങളാകുന്ന ഉടുചേല. ദ്രുത—യർപ്പു = വേഗേന ചിതറുന്ന നീർത്തുള്ളികളാകുന്ന വിയർപ്പ്. ധൃതക്ലമം = വാട്ടത്തോടുകൂടി. പരിമളം = സൌരഭ്യം. ഈ യുഗ്മകം രതിശ്രാന്തയായ ഒരു യുവതിയെ വ്യഞ്ജിപ്പിച്ചിരിക്കുന്നു.

൩൯. ഈ വിളിപ്പെട്ടും (പ്രഖ്യാതന്മാരായ) പഥികരെ = ചന്ദ്രസേനസുബാഹുക്കളെ.

൪൦. ഉല്ല—ച്ഛലാൽ = പൊങ്ങുന്ന കളസ്വനമെന്ന വ്യാ

Digitized By Kerala Sahitya Akademi

അളിവ്രജമേറെനിര, പായലായ കാ-
റെളിക്കചം, വികചപദ്മയോരഘാനനം,
തെളിഞ്ഞ ചെങ്കമലദളാധരം, മനം-
കുളിർത്തിടും കുമുദവിലാസസുസ്മിതം, ൩൫

നനുത്ത കാറാഴകിലിയററമേളമാം
കനത്ത ചില്ലികള,ണിമീനദൃഷ്ടികൾ,
അനുത്തമശ്രീയുതരഥാംഗവാർകുചം,
മിനുത്ത തണ്ടലരിലയാം മുലപ്പടം, ൩൬

മൃണാളികാഭുജകൾ, വിമുഗ്ദ്ധമൗക്തികാ-
ഗണാഭമാം സലിലദുകൂലമിങ്ങിനെ
ഗുണാഢ്യയാം സരസിയെയങ്ങു കൌതുകോ-
ല്ബണാക്ഷിയാൽ നുകരുമിളേന്ദ്രപുത്രനിൽ, ൩൭

പെരുംസുഹൃദ്വ്യസനരസത്തിൽ മഗ്നമാ-
യിരുന്ന തൻപ്രിയജനചിന്ത വീണ്ടുമേ
കുരുത്തുയർന്നിതു: പുരുമൈവസ്തുവേ-
ദരാദരത്തനിൽക്കിമപി വികാരമേകിടാ? ൩൮

(കലാപകം)

സ്വയം കരസ്ഥോരു ദിശി ചെന്നിരുന്നു,വൻ
പ്രിയപ്പെട്ടും സചിവനൊടേവമോതിനാൻ:-

൩൫. ചെങ്ക—ധരം=ചെന്താമരപ്പൂവിന്റെ ഇതളാകുന്ന ചുണ്ട്.
൩൬. അനു—കുചം =ഉത്തമശോഭയോടുകൂടിയ ചക്രവാകമാകുന്ന പോർകൊങ്ക.
൩൭. മൃണാ—ജകൾ=താമരവളയങ്ങളാകുന്ന കൈകൾ. വിമു—ണാഭം= നല്ല മുത്തിൻനിരയോടു ശരിയായ ശോഭയോടുകൂടിയത്. സലിലദുകൂലം = വെള്ളമാകുന്ന വെളുത്ത വസ്ത്രം. സരസി= പൊയ്ക. ഉ—ണാക്ഷി=കൌതുകം കലർന്ന കണ്ണ്.
൩൮. പെരു—രസം= വലിയ മിത്ര

Digitized By Kerala Sahitya Akademi

“വയസ്യ! കാണ്ക,ലർ നിറയെപ്പുള്ളകൊളി-
പ്പയസ്സുമായ് വിലസിടുമീസ്സരസ്സിനെ! ൩൯

ദരസ്ഫുരൽകുമുദമരന്ദശീകരോൽ-
കരം ഗ്രഹിച്ചു,ളിരവമാവഹിച്ചിതാ,
കരസ്ഥ കണ്ടതിഥികളായ നമ്മെയീ-
സ്സരസ്സമീരണനെതിരേററിടുന്നിതോ! ൪൦

സദാ തണുപ്പെഴുമിഹ പാടലാദികൾ-
ക്കദാരമാം മലരിതു കാൺകിൽ മാത്രമേ
പ്രദാഹകദ്യുമണികരങ്ങളാളുമീ-
നിദാഘമാം സമയമറിഞ്ഞിടായ്‌വതു! ൪൧

നിരന്തരപ്രമദവിഹംഗമോൽഗത-
സ്വരങ്ങളാൽ മുഖരിതമീസ്സരോവരം
സരസ്വതീപതി മതികൊണ്ടു തീർത്തൊരാ-
സ്സരസ്സിനൊപ്പൊരുതിടുവാൻ വിളിക്കയോ! ൪൨

൩൮. മുഴകിയത്. പ്രിയജനചിന്ത=പ്രിയയെക്കുറിച്ചുള്ള വിചാരം. പുതുരമ്യവസ്തു= മുൻകണ്ടിട്ടില്ലാത്ത മനോജ്ഞപദാർത്ഥം.

൩൯. പയസ്സ്=ജലം.

൪൦. ദര—കരം= സായങ്കാലം സമീപിക്കുകയാൽ അല്പം വിടരുന്ന ആമ്പൽപ്പൂക്കളുടെ തേൻതുള്ളികളുടെ. സരസ്സമീരണൻ= പൊയ്കയിലെ കാററ്.

൪൧. പാടലാദികൾ= പാതിരിവൃക്ഷം മുതലായവ. പ്രദാ—രങ്ങൾ=പൊള്ളിക്കുന്ന സൂര്യരശ്മികൾ. നിദാഘം=വേനൽ. പാതിരിമരങ്ങൾ ഗ്രീഷ്മകാലത്തു പൂക്കുന്നവയാണ്. ഇവിടെ വേനൽക്കാലച്ചൂടുപോലും ചൂടറിയുകയില്ല എന്നു ഭാവം.

൪൨. നിര—രങ്ങൾ=എപ്പോഴും മദിച്ച പക്ഷികളിൽനിന്നുയരുന്ന ശബ്ദങ്ങൾ: മുഖരിതം= മുഴക്കപ്പെട്ടത്. സരോവരം= ...സരസ്വതീപതി (ബ്രഹ്മാവ്) മതി (മനസ്സ്)കൊണ്ടു ...സരസ്സിനെ.



Digitized By Kerala Sahitya Akademi

സുരമ്യമാമിതിനു, ജനങ്ങൾ ചണ്ടിയെ-
ന്നുരച്ചിടും മലിനപദാർത്ഥസംക്തിയും
ഒരത്ഭുതപ്രഭയുതകുന്നു, യാമിനീ-
കരന്നഹോ! കരിമൃഗരേഖപോലവേ. ൪൫

കരങ്ങളേഴും വിടപികൾ, കാററടിച്ചുല-
ഞ്ഞതും ജലോപരി പൊഴിയുന്ന പൂക്കളാൽ,
നിരർഘജീവനമിതുകൾക്ക നൽകുമീ-
സ്സരസ്സിനായ് സ്സമുചിതപൂജ ചെയ്കയോ! ൪൬

സുതുങ്ഗമാം സുരതരുഷണ്ഡവും കിഴി-
ഞ്ഞൊതുങ്ങുമീബ്ബഹുവിധപാദപങ്ങളിൽ
അതുല്യമാമഴകൊടു ചേർന്നു കാൺമതു-
ണ്ടൃതുക്കളൊറിനമിയലും വിഭൂതികൾ. ൪൭

കനത്ത പൂങ്കുലകൾ ചുമന്നു, ശാഖകൾ-
ക്കനേകമൊട്ടുടയ ലതാമതല്ലിയെ
പുനഃ പുനഃ പുണരുമൊരീസ്സമീരണൻ
മനസ്സിനെ പ്രസദമിളക്കിടുന്നു മേ. ൪൮

൪൫. മലിനപദത്തിന്നു കറുത്ത എന്നും, അഴുക്കുള്ള എന്നും അർത്ഥം. ചീത്ത വസ്തുവിനെ 'ചണ്ടി' എന്നു പറയുമല്ലോ. ഉതകുന്നു = കൊടുക്കുന്നു. യാമിനീകരന് = ചന്ദ്രന്. "നല്ലാകാരമതിന്നലങ്കാരമാമെല്ലാപ്പദാർത്ഥങ്ങളും".

൪൬. നിരർഘജീവനം = വിലമതിക്കാത്ത വെള്ളം, വൃത്തിയനം. ജീവനപ്രദന്മാരായ പ്രഭുക്കന്മാരെ പൂജിക്കുക എന്നതു കർത്തവ്യകർമ്മമാണല്ലോ.

൪൭. സുതുങ്ഗം = അത്യുന്നതം. സുരതരുഷണ്ഡം = കല്പവൃക്ഷസമൂഹം. ബഹുവിധപാദപങ്ങൾ = പലതരം മരങ്ങൾ. വിഭൂതികൾ = സമൃദ്ധികൾ.

൪൮. ലതാമതല്ലിയെ (ഉത്തമലതയെ) സമീരണനെ കാമുകനായും കല്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

മനോജ്ഞമാം മലരണിമാവുമേൽ സ്വയം
വിനോദമായ് ക്കുയിലിതു കൂകിടും രവം,
മനോഭവാഗമനകരാളകാഹള-
സ്വനോപമം ചെവികളിലേശിടുന്നു മേ. ൪൭

മനം കുളുർത്തഗമുകളാർന്ന കേകിതൻ
കനത്തു തൂങ്ങിടുമൊരു പീലി കണ്ടിതോ?
വനപ്രഭാംഗനയുടെ, ചിത്രമാല്യമൊ-
ത്തനല്പഭാസ്സിയലിന കുന്തൽപോലവേ. ൪൮

ജലാന്തരേ കമലിനി കാൺക തോഴ! തൻ
പലാശമാം പുതിയൊരു പച്ചറൌക്കമേൽ
വിലാസമുത്തുകളിതാ! ചാർത്തിടുന്നു, നി-
ർമ്മലാംബുവിൻകണികകളെന്ന കൈതവാൽ. ൪൯

ക്ഷണാലകം കവിഞ്ഞു വളർന്ന രാഗമീ-
ക്ഷണാർഹമാമരുണിമ ചേർത്ത കൊക്കിനാൽ
മൃണാളിതൻ മുറികളും മരാളികയ്ക്കിതാ!
മണാളനാം ഖഗമണി നൽകിടുന്നതേ. ൫൦

---

൪൭. മനോ—പമം=കാമന്റെ ആഗമനത്തിലെ കരാളം (ഘോരം, അഥവാ സുന്ദരം) ആയ കാഹളശബ്ദത്തോടു തുല്യം.

൪൮. അഗമുകൾ=വൃക്ഷാഗ്രം. കേകി=മയിൽ. വനപ്രഭാംഗന=വനലക്ഷ്മിയാകുന്ന സുന്ദരി. ചിത്രമാല്യം=പല നിറത്തിലുള്ള പൂക്കൾകൊണ്ടു കെട്ടിയ മാല.

൪൯. ജലാന്തരേ=വെള്ളത്തിന്റെ നടുവിൽ. പലാശം=ഇല. നിർമ്മലാംബുവിൻ കണികകൾ=സ്വച്ഛജലബിന്ദുക്കൾ.

൫൦. മുറികൾ=ഖണ്ഡങ്ങൾ. മരാളിക=അന്നപ്പേട. കൊക്കിന്റെ [illegible] മനസ്സു കവിഞ്ഞു പുറത്തേയ്ക്കു പുറപ്പെട്ട് ഈക്ഷണാർഹം [illegible]ീന്ന രാഗം (ശ്ലേഷ്മാസ്നേഹം) ആണോ എന്നു തോ

Digitized By Kerala Sahitya Akademi

കുടുംബിനീയുതനൊരു ടിട്ടിഭം നട-
ന്നിടുന്നു നീർക്കരേറി, നിജായതാംഘ്രിയാൽ;
മിടുക്കെഴും നടനിതു ജാലവിദ്യയിൽ-
പ്പെടുന്ന കയ്യി;തിനു നിസർഗ്ഗസിദ്ധമാം. ൩൭

തടസ്ഥലാഭരണതരുവ്രജത്തിൽനി-
ന്നിടയ്ക്കിടെപ്പയസി വീഴുന്ന പൂക്കളിൽ,
വിടർന്നിടും കുവലയപംക്തിയെ ത്യജി-
ച്ചുടൻ പാനനായുവരുണ്ടു വണ്ടുകൾ. ൩൮

ജലത്തിൽ വീണലർനിരയാണ്ടു പോയിടാ-
തലച്ചു മേലിളകി മറിഞ്ഞിടുന്നിതാ,
അലംഘ്യമാമുദധിയിലന്നു, ഖിന്നരാ-
യലഞ്ഞ നമ്മുടെ ചെറുതോണിപോലവേ! ൩൯

ഖതാഞ്ജസാ സലിലപിപാസ നിത്തി,യീ
ഹതാശനാമനംഗജനാഗ്നനെന്റെ മേൽ,
ഇതാ, മൃഗീയുതനൊരു കൃഷ്ണസാരമു-
ന്നതാസ്യമായ് മിഴികൾ പതിപ്പതെന്തിനോ? ൪൦

൩൭. കുടുംബിനീയുതം=ഭാര്യയോടുകൂടിയത്. ടിട്ടിഭം=നീർക്കോഴി. നിജായതാംഘ്രി=തന്റെ നീണ്ട കാൽ. മിടുക്ക്=മറ്റുപ്രാണികൾക്കില്ലാത്ത വിശേഷബുദ്ധി. ഇതു=വെള്ളത്തിന്റെ മീതേ നടക്കൽ.

൩൮. പയസി=ജലത്തിൽ.

൩൯. അല=ഓളം.

൪൦. അലർനിര കണ്ടിട്ടു ചെറുതോണി ഓർമ്മയിലായതോടുകൂടി കൂറുകാരെപ്പറ്റിയും സ്മരണവന്നിട്ടു, പറയുന്നു: സലിലപിപാസ=വെള്ളം കുടിപ്പാനുള്ള ഇച്ഛ. ഹതാശൻ=ആശാഭംഗപ്പെട്ടവൻ. അനംഗജനാഗ്നൻ=കൂറുകാരെ ജയിച്ചവൻ; മൃഗീയുതം=മാൻപേടക...
ത്. കൃഷ്ണസാരം=കൃഷ്ണമൃഗം. ഉന്നതാസ്യമായ്=...

Digitized By Kerala Sahitya Akademi

"അലസ്സകന്തനഗാരയിട്ട കൊന്നതി-
ന്നലക്കണെച്ചുട്ടകടൽ നിന്നെ മുക്കിട്ടും"
ജലസ്ഥമാമൊരു ചെവനത്തിതാകുമോ
ചിലപ്പതെന്നഭിമുഖദൃഷ്ടിയായ്! ൭൫

സ്വതന്ത്രനായ് സ്സപദി സപുഷ്പമല്ലികാ-
മതല്ലിയെത്തഴുകിന മന്ദമാരുതൻ,
ചിതമപ്പൂട്ടും ജലമിതിൽ മുങ്ങിയെങ്കിലും
വിതക്കമീത്തൊട്ടവനെനിയ്ക്കു ദുസ്സഹം! ൭൬

തുടുത്ത ഭാസ്സരരുചി കണ്ടു കോകിയാ-
ളുടുത്ത വേർപിരിയൽ നിനച്ചു ദീനയായ്,
എടുത്ത ചെങ്ങഴിമലരല്ലി കൊക്കിനാൽ-
ക്കൊടുത്തിട്ടാ കണ്ണവനെ നോക്കിട്ടന്നിതാ! ൭൭

"പരിഗ്രഹത്തൊട്ട തവ, ചക്രവാകമേ!
പിരിഞ്ഞിടാൻ സമയമടുത്തതോർത്തു നീ
ഭരിച്ചിടായ്കുഴലൊ;-ഋ കാലക്ലപ്തി വെ-
ച്ചിരിപ്പതാം വിരഹമിതെത്ര കോമളം!" ൭൮

൭൫. അലർമണെച്ചുട്ടകടൽ=കാമാസ്ത്രനിരയാകുന്ന തപ്തസമുദ്രം അഭി—ദൃഷ്ടിയായ്=നേരെ നോക്കിക്കൊണ്ട്.

൭൬. വിതക്കം=സംശയംകൂടാതെ. മല്ലികാമതല്ലി (നല്ല മുല്ലവള്ളി) പുഷ്പവതിയാണ്; പുഷ്പവതിയെ (തീണ്ടാരിസ്ത്രീയെ) പുണന്നവൻ കേവലം സ്നാനംകൊണ്ടു ശുദ്ധനാകുന്നതല്ലല്ലോ. സൌരഭ്യം, മാന്ദ്യം, ശൈത്യം എന്നീഗുണങ്ങൾ തികഞ്ഞ വായു പ്രിയാവിയുക്തനായ എന്നെ പീഡിപ്പിയ്ക്കുന്നു എന്നു സാരം.

൭൭. തുടുത്ത ഭാസ്സരരുചി=വൈകന്നേരത്തെ വെയിൽ. കോകിയാൾ=ചക്രവാകപ്പിട. ചക്രവാകങ്ങൾക്കു രാത്രിയിൽ ഇണക്കൂടലി
സിദ്ധം.

കത്തോട്ട നേരിട്ടു പറയുന്നു; കാലക്ലപ്തി=സമയ

നലത്തോടാ പ്രിയജനമൊത്തു കൂടിയീ
സ്ഥലത്തു നാമഹഹ! വസിപ്പതാകിലോ
സുലക്ഷ്യയാമളകയെ മാത്രമല്ല വി-
ണ്ടലത്തെയും കിമപി കൊതിയ്ക്കയില്ല ഞാൻ!" ൫൯

സ്ഫുടപ്രഭാതരളിതമാസ്സരസ്സൊരുൾ-
ത്തടച്ചലിപ്പുതകിയ രാജനന്ദനൻ
ഇടം പെടും വനമഥ കണ്ടു കൊണ്ടു,തിൻ-
തടത്തിലായ് സ്സചിവനൊത്തു ലാത്തിനാൻ. ൬൦

പ്രതിക്ഷണം, പരിണതഭാസ്കരന്റെ ചെ-
ങ്കതിർക്കുലം തൃണസുമപല്ലവാദിയിൽ
പതിക്കയാൽപ്പല നിറമേന്തുമാ വന-
ക്ഷിതിക്കകം വിലസി വിചിത്രഭംഗിയിൽ. ൬൧

പേരുക്കൾ വാഴകൊട്ടു, ചമ്പകങ്ങളാം
തരുക്കളിൽച്ചിലതിഹ പൂത്തിടാത്തതും
ഉരുക്കപൊന്നൊളിമലരാർന്ന മട്ടിലായ്,
സ്വരുക്കിനെ ദ്യുമണി പതിക്കയാൽത്തദാ. ൬൨

പ്രമത്തരാമളികൾ പാറന്ന പാടല-
ദ്രുമങ്ങളിൽക്കിമപി കളിച്ചുരുമ്മിയും,

---

നിർണ്ണയം, കോമളം=മൃദു (സഹ്യം). അവധിയില്ലാത്ത എന്റെ വിരഹമല്ലയോ, മഹാകഠിനം?

൫൯. പ്രിയജനം= ഇഷ്ടപ്പെട്ട ആളുകൾ, സുലക്ഷ്യ=ദർശനീയം. വിണ്ടലം=സ്വർഗ്ഗം. കിമപി=എളുതം.

൬൦. ഉൾത്തടച്ചലിപ്പ്=മനസ്സിളക്കം.

൬൧. പ്രതിക്ഷണം=നിമിഷംതോറും, പരിണതഭാസ്കരൻ സായസൂര്യൻ.

൬൨. സ്വരുക്ക്= തന്റെ രശ്മി, ദ്യുമണി

Digitized By Kerala Sahitya Akademi

സുമസ്സുരൽസുമധുരമല്ലികാമണം
ചുമന്നുമന്ദ്രോഴതിഹ വീശി മാരുതൻ. ൯൬

കരാംഗകം കുളിരെ, വയസ്യനപ്പൊഴി-
ത്തരം യുവക്ഷിതിപതിയോടു ചൊല്ലിനാൻ:—
"ഒരഗ്രിമാശ്രമപദമായിരിക്കു മീ-
യരണ്യമെന്ന,നഘ! നിനച്ചിടുന്നു ഞാൻ; ൯൭

പ്രശാന്തമാം ഖഗമൃഗയൂഥവും, സമിൽ-
കുശാദിതൻ സുലഭതയും, വിശുദ്ധിയും,
ഭൃശാത്മനിർവൃതിയെ നമുക്കു നൽകുമീ
വിശാലഭൂവൃഷിവനമെന്നു ചൊൽവുതേ. ൯൮

ദ്രുപംക്തിതൻ നിബിഡത മൂലമായ് മഹാ-
തപത്തിനില്ലിടമിവിടത്തിലെങ്കിലും,
അപങ്കവും, വിജനവുമായിരിക്കയാൽ
തപഃസ്ഥിതിക്കനുഗുണ, മീ വനാന്തരം. ൯൯

ദ്വിജർഷിമാരിഹ മരുവുന്നു; ദുഷ്ടരാം,
രജസ്സുകറ്റകിലവരെന്നു കാട്ടുവാൻ

൯൬. പ്രമത്തർ=ഏററം മദിച്ചവ. അളികൾ= വണ്ടുകൾ. പാടലദ്രുമങ്ങൾ= പാതിരിമരങ്ങൾ. സുമ—മണം= പൂക്കളൊൽ ശോഭിക്കുന്ന മനോഹരമുല്ലയുടെ സൌരഭ്യം.

൯൭. വയസ്യൻ=സ്നേഹിതൻ (സുബാഹു). അഗ്രിമാശ്രമപദം= വിശിഷ്ടമായ ആശ്രമസ്ഥാനം.

൯൮. ഭൃശാത്മനിർവൃതി=അധികമായ മനസ്സുഖം. വിശാലഭൂവ്= പരന്നുകിടക്കുന്ന പ്രദേശം.

൯൯. ദ്രുപംക്തി=മരക്കൂട്ടം. നിബിഡത=ഇടതൂർമ്മ. മഹാതപം=വലിയ തപം (തപസ്സ്), വെയിൽ. അപങ്കം=നിർമ്മലം, തപഃ[illegible]=തപസ്സിലിരിപ്പ്; ഗ്രീഷ്മത്തിൻ്റെസ്ഥിതി എന്നും. അനു

Digitized By Kerala Sahitya Akademi

അജസ്രമീ മൃദുലശിരീഷപംക്തിതൻ
രജസ്സുമിങ്ങനിലനകറ്റിടുന്നതേ! ൬൭

ധരിത്രയിൽപ്പൂത്തുമലർഞെട്ടറ്റതിടം
പരിക്ഷതങ്ങളിതിവ കാണ്മതില്ലയോ?
വരിഷ്ഠമാർ മുനിസുതമാർകൾ പൂ പറി-
ച്ചിരിക്കു,മീ ലതകളിൽനിന്നു സാമ്പ്രതം! ൬൮

വ്രതാനുഷക്തകളിവർ നവ്യയൌവനാ-
ഞ്ചിതാഭമാമഴകുടയോർകളെന്നതും,
ലതാന്തികേ തരിമണലിൽപ്പതിഞ്ഞു കാ-
ണ്മതായ നൽക്കഴലടികൊണ്ടറിഞ്ഞിടാം! ൬൯

പുരങ്ങളിൽത്തരുണികൾ പൂരുഷാശയം
മിരട്ടിടും വിരുതുകളഭ്യസിക്കവേ,
അരണ്യഭൂമിയിലൃഷിപാദസേവയാൽ
വിരക്തി നേടിടുമിവരെത്ര ധന്യമാർ!” ൭൦

കഥാവിധിജ്ഞതിവിരുതുള്ള മന്ത്രിതൻ
യഥാർത്ഥവാക്യങ്ങളിവ കേട്ടു ഹൃഷ്ടനായ്
യഥാസുഖം പല ദിശി സഞ്ചരിച്ചു, സൽ-
പഥാടനപ്രിയനവനാ വനാന്തരേ. ൭൧

൬൭. രജസ്സ് = രാജോഗുണം, പൊടി. മൃദു—പംക്തി = മൃദുവായ നെന്മേനിവാകപ്പൂനിര.

൬൮. പരിക്ഷതങ്ങളിൽ = മുറിഞ്ഞ പല്ലവം, സാമ്പ്രതം = ഇപ്പോൾ.

൬൯. വ്രതാനുഷക്തകൾ = തപോനിരതമാർ.

൭൦. പുരങ്ങളിൽ = നഗരങ്ങളിൽ, വിരക്തി = വൈരാഗ്യം;

൭൧. കഥാവിധിജ്ഞ് = സംസാരിപ്പാൻ. സൽപഥാടന— സന്മാർഗ്ഗസഞ്ചരണത്തിൽ താല്പര്യമുള്ളവൻ.

Digitized By Kerala Sahitya Akademi

“ജലത്തിൽ വീണനഗജന്മങ്ങൾ നഷ്ടരാ-
യ,ലഞ്ഞു ഞാനടവികളിൽച്ചരിക്കയായ്,
സ്ഥലാം ഇലേശം വിജനമിതാശ്രമോപമം,
വലഞ്ഞുകയ്യിളകുവതെന്തിതദ്യ മേ!” ൭൨

പൊട്ടുന്നനെ,ക്ഷിതിപതിപുത്രനിത്ഥമോ-
തിട്ടമ്പൊഴാ,പ്പെരിയ സരസ്സിൽനിന്നഹോ!
പടുസ്വനം നിഖിലവിധിയൊന്നുയൎന്നു വ-
ന്നുടനുടൻ തച്ഛവിയിലലച്ചു മേല്ക്കുമേൽ: ൭൩

അരണ്യഭൂവ,നല്പവല്ഗുസ്വരത്തിലു-
ള്ളൊരപ്പെരുംമുറവിളിയാൽ മുഴങ്ങവേ,
പരന്ന സംഭ്രമമൊടു പാഞ്ഞു ചെന്നിതാ-
സ്സരസ്സിലേക്കിവ,രവശാനുകമ്പികൾ: ൭൪

പെരുത്തു പൂന്തടഭുവി വെച്ചു,തിൽക്കളി-
ച്ചിരുന്ന തന്മനിസൃതമാരിലേകയെ
കരുന്നകാൽ മുതല വിഴുങ്ങി വില്പതാ-
കരത്തൊരഞ്ചാ കനിവാൎന്ന കണ്ടുതേ. ൭൫

തപോധനൻ പരസികതിച്ചു പാടലും,
കൃപാഖനിയാൽ മുതലായനിന്ന തള്ളലും,

---

൭൨. പുരുഷന്മാൎക്കു വലമായതു ഇളകുന്നതു ശുഭസൂചകമാണത്രെ.
൭൩. പടുസ്വനം = നല്ല ഒച്ചയോടുകൂടിയ്. തച്ഛവിയിൽ = (ചന്ദ്രസേനസ്വബാഹുക്കളുടെ) കൎണ്ണത്തിൽ.
൭൪. അനല്പവല്ഗുസ്വരം = നല്ല ശ്രീസ്വരം, അവശാനുകമ്പികൾ = അലിവുള്ളവർ.

Digitized By Kerala Sahitya Akademi

ചാരുവാം സചിവനാഥപുത്രിതൻ മു-
ഖ്യപായമാറ,രഞൊടിയാൽക്കഴിഞ്ഞതേ. ൭൩

ഹൃദസ്ഥമാം മുതലയെ നിഗ്രഹിച്ചുടൻ
തദ്ദ്വിതാവനവിധി ചെയ്ത വീരനെ,
സുദർശനായുധനുടെ മൂർത്തിഭേദമായ്
മുദസ്ഥിതം കരുതി മുനീന്ദ്രകന്യമാർ. ൭൪

കുമാരനെജ്ജലചരവക്ത്രമുക്തയാം
കുമാരിമാർകലമണി കണ്ട മാത്രയിൽ
'മമായുസ്സു മുതല മഹോപകാരി,യെ-
ന്നമായമാം കുതുകഭരാൽ നിനച്ചുപോയ്'! ൭൫

സുകന്യകോത്തമയുടെ ലോചനങ്ങള-
ത്സുകതയോട, വളുടെ രക്ഷിതാവിനെ
നുകർന്നു, തന്നലഘു വിശാലതാഫലം
തികച്ചുമാന്നുവിധമുല്ലസിച്ചുതേ. ൭൬

"ആരാണെൻ,ചിത്രദൃഷ്ടപ്രിയജനസദൃശാ-
കാരമാമിജ്ജനം? വി-
ട്ടൈരാത്മാവായ്ഞങ്ങളിങ്ങോ വിധി?വെറുതെവല-
സ്ലേണ്ട വീണ്ടും ദുരാശേ!

൭൩. കൃപാണി=വാൾ. അപായമററ്=ഒരാക്കേടൊന്നുംകൂടാതെ.
൭൪. ഹൃദസ്ഥം=കയത്തിൽ കിടക്കുന്നത്. തദ്—വിധി=അതിനാൽ (മുതലയാൽ) കുഴക്കപ്പെട്ട ആളെ രക്ഷിക്കുക എന്നകർമ്മം. പണ്ടു നക്രത്തെ ചക്രംകൊണ്ടു വിഗ്രഹിച്ചു ഗജേന്ദ്രനെ രക്ഷിച്ച വിഷ്ണു തന്നെ, വാളാകുന്ന ആയുധമെടുത്തു മററൊരു രൂപത്തിൽ ഇവിടെ പ്രത്യക്ഷപ്പെട്ടിരിക്കയാണെന്നു മുനികന്യകമാക്കു തോന്നി.
൭൫. ജല—മുക്ത=മുതലയുടെ വായിൽനിന്ന് ഒഴിഞ്ഞവൾ. ഇത്രയും വിശിഷ്ടനായ ഒരു പുരുഷനെ കാൺമാൻ ഇടയായതു തന്നെ, മഹോപകാരം.

Digitized By Kerala Sahitya Akademi

ആ രാജസ്ഥാനമതെങ്ങനെ?ക്കടവിയിൽ?'' വല്ലീ-
വർണ്ണമേകുന്ന വാക്യം-
ത്താരാൽ താരാവലീകാന്തനമിതു വിധമേ
ഹന്ത! ചിന്തിച്ചിരുന്നു. ൨൭൦

സാകൂതം സ്വാമി ശോകം ചൊല്ലവേ''ടിയനു മീ-
ശ്ശങ്കയുണ്ടി;-ന്ന പാടേ
ചൊല്ലുപ്പുന്നില്ല ദൈവത്തിനു; തവ ശുഭ!''മെ-
ന്നോതി മെല്ലെന്നമാത്യൻ,
മാൽ കൂട്ടം തോഴിയെക്കണ്ടവനുടെ വിവരം
കേൾക്കുവാൻ വെമ്പലുള്ളാ-
പ്പാൽ കൂപ്പും വാണിമാരോട,വരെയറിയുവാൻ
തക്ക ചോദ്യങ്ങൾ ചെയ്തു. ൨൭൧

പാരാവാരത്തിൽനിന്നന്നലനിരകൾകര-
ള്ളാക്കിയാരേ, യദൃച്ഛ-
ള്ളാരാൽകണ്ടെത്തിയാത്മാശ്രമമരിയ മത-
ങ്കർഷിയാൽ നീതയായി,
നൈരാശ്യം വിട്ടു തദ്രക്ഷയിലവിടെ വസി-
ക്കുന്ന തൻകാന്ത താനാ-
ണാ രാജീവാക്ഷിയാളെന്നൃഷിസുതകൾ പറ-
ഞ്ഞങ്ങറിഞ്ഞു കുമാരൻ. ൨൭൨

൨൭൦. ചിത്ര—കരം=ചിത്രത്തിൽ കാണപ്പെട്ട പ്രിയജനത്തോടു തുല്യമായ ആകൃതിയോടു കൂടിയത്. നിർവൈരാത്മാവ്=വൈരംവിട്ട മനസ്സോടുകൂടിയവൻ. ഇത് എന്റെ പ്രിയജനംതന്നെയോ എന്നു വിചാരിക്കുന്നതു ശ്രോതാവാണെന്നു മൂന്നാംപാദംകൊണ്ടു സ്ഥാപിക്കുന്നു. താരാവലീകാന്തൻ=ചന്ദ്രാസനൻ.

൨൭൧. സാകൂതം=അഭിപ്രായത്തോടു കൂടാവുന്നം. ഈശ്ശങ്ക=ഇവിടെക്കുള്ളതുപോലെയുള്ള ശങ്ക. തവ ശുഭം=അങ്ങേക്കു മംഗളം ഭവി

...രാവാരം=സമുദ്രം. അരാൽ=അരികിൽ, ആത്മാശ്ര

Digitized By Kerala Sahitya Akademi

"നാനാദുഃഖങ്ങളേവം, സുദതി! ഭവതിയിൽ-
ച്ചേർത്തൊരാച്ചന്ദ്രസേനൻ
താനാണീ ക്രൂരനെ"ന്നിപ്പടി ധൃതിയൊടവൻ
ഗൽഗദം പൂണ്ടുരച്ചു,
തേനാറാടുന്നോരശോകത്തിയിൽ "ഹഹ! മമ
പ്രാണ—"യെന്നുള്ളലഞ്ഞാ
മീനാക്ഷിതന്നുൽ മോഹിച്ചു,ടനടി കണ്ണവൻ
കാട്ടിട്ടം കയ്യിൽ വീണു. വൃന്ദ.

മാറാതെ കണ്ടുകിട്ടീടിന കനകപരി-
ഷ്കൃതയാം കാന്തയെത്തൽക-
ത്താരാൽത്താങ്ങിക്കൊണ്ടൻ ശിശിരമിഴികളാ-
ലാശ്വസിപ്പിച്ചിടുമ്പോൾ,
സ്സാരാനന്ദാത്ഭുതം തേടിയ മുനിസുതമാ-
ലോട്ടു തദ്വൃത്തമെല്ലാം
നേരായ് ചൊന്നാൻ പ്രഹർഷസ്ഖലിതമൊഴികളാൽ
സംഗ്രഹിച്ചങ്ങുരച്ചു. വൃര

"എന്നാലീദ്ദൈവയോഗാൽ സപദി ജനകനെ-
ച്ചെന്നണഞ്ഞീടു നമ്മൾ-
ക്കെ"ന്നായ് ചൊല്ലും മതങ്ഗാത്മജനൊടനുസരി-
ച്ചാശ്രമത്തിങ്കലേയ്ക്കായ്,

൩൦. ഷോഡശ ക്ഷേത്രം. മതങ്ഗർഷി— മതങ്ഗനെന്ന മുനി. നീതപ്രാ-
പിച്ചിടപ്പെട്ടവൻ. നൈരാശ്യം— ഇനി ആശ്വാസം ഉണ്ടാകുന്ന-
തല്ല എന്നുള്ള നിരാശത. കക്ഷയിൽ— മതങ്ഗമുനിയുടെ കക്ഷയിൽ.

വൃന്ദ. ആവോ വീണാൻ ശോവികെയോടൊപ്പം ചന്ദ്രസേനൻ കൈ-
കാട്ടി.

വൃര. കനകപരിഷ്കാന്ത— പീഡകൾകൊണ്ടു ക-

Digitized By Kerala Sahitya Akademi

നന്നാളീകാക്ഷിയാളും സചിവനമൊരുമി-
ച്ചാശു പോയാൻ, തനിസ്ത്രീ
വന്നാനന്ദം ഭുജിപ്പാൻ പ്രിയസഖമവരി-
ല്ലാത്തൊ മാർഗ്ഗം കുമാരൻ. ൮൭

താരാവലീസമാഗമം പന്തിരണ്ടാം സർഗ്ഗം.

---

ശിരവിധികൾ=ശീതോപചാരങ്ങൾ, തോഴൻ=സ്വബാഹു. പ്രഹർഷസ്ഖലിതമൊഴികൾ=സന്തോഷാധിക്യത്താൽ ഇടറിയ വാക്കുകൾ. സംഗ്രഹിച്ചു=ചുരുക്കി.

൮൭. ജനകനെ=അച്ഛനെ, മതങ്ഗാത്മജ=മതങ്ഗമഹർഷിയുടെ മകൾ, പ്രിയസഖരവർ=ജയപാലാദികൾ.

Digitized By Kerala Sahitya Akademi

## പതിമൂന്നാം സർഗ്ഗം

ആ രമ്യപ്പൂങ്കാവു വിട്ടൊട്ടു ദൂരം പിന്നിട്ട വാറവൻ
സ്വൈരം കണ്ടാൻ, മതംഗർഷിവീരന്റെ വിമലാശ്രമം. ൧

ഫലസമ്പത്തിനാൽ നമ്രനില പൂണ്ടങ്ങു ശാഖികൾ
പുലർത്തുന്നുണ്ടു പതിവായ്പ്പലജാതി ദ്വിജാളിയെ. ൨

ഇടം തോറും മുനിവധൂഘടസ്തനപയസ്സിനാൽ
വിടപിപൈതങ്ങളവിടെ സ്ഫുടമായ് വളരുന്നതേ. ൩

ആലവാലാംബുവെപ്പക്ഷിജാലപാനാവശേഷമേ
ബാലവൃക്ഷങ്ങളവിടെക്കാലം തോറും നുകർന്നിടൂ! ൪

കേവലം മുനിമാർക്കുള്ള ദേവപൂജ നടത്തുവാൻ
ആവുന്താളം സുമൌഘത്തെയാവഹിക്കുന്നു വല്ലികൾ. ൫

സാരസം ഋതമസ്യാദി വരസൂക്തങ്ങളങ്ങഹോ!
മരന്ദംപോലെ ശ്രുതിയുരപ്പൊത്താർന്ന തത്തകൾ. ൬

---

൨. നമ്രനില = താണമട്ട്. ദ്വിജാളി = പക്ഷിഗണം, ബ്രാഹ്മണസമൂഹം. സമ്പത്തിൽ സർവ്വസാധാരണമായ ഔദ്ധത്യം അവിടെ വൃക്ഷങ്ങൾക്കില്ലെന്നും, അവ വിനയത്തോടുകൂടി, അതിനെ(ഫലസമ്പത്തിനെ) ദ്വിജസംരക്ഷണത്തിന്നായി ഉപയോഗിക്കുകയാണ് ചെയ്യുന്നതെന്നും പറഞ്ഞതുകൊണ്ടു സ്ഥലമാഹാത്മ്യം ദ്യോതിക്കുന്നു.

൩. പയസ്സിന്നു വെള്ളമെന്നും, പാലെന്നും അർത്ഥം. മുനിവധുക്കൾ ബാലവൃക്ഷങ്ങളെ, മക്കളെപ്പോലെ സ്നേഹിച്ചു പോറ്റിവളർത്തുന്നു എന്നു ഭാവം.

൪. ആലവാലാംബു = തടത്തിലൊഴിക്കപ്പെടുന്ന വെള്ളം. വിടെ ബാലവൃക്ഷങ്ങൾക്കുകൂടി നിർവ്യാജമായ ജീവകാരുണ്യശീലമുണ്ടെന്നു സാരം.

൫. അവിടെ, വല്ലികൾ പുഷ്പങ്ങളെ വഹിക്കുന്നതു, മുനിമാ ദേവപൂജക്കുവേണ്ടി മാത്രമാണ്, വിഷയോപഭോ

൬. മരന്ദം=പൂന്തേൻ മഹർഷിമാർ

മുനിനല്ലാർ തനയരെന്നതിനിയേ താഴെ വെച്ചഹോ!
കനിഞ്ഞു മടിയിൽച്ചേർത്തോമനിപ്പൂ മാങ്കിടാങ്ങളെ.

പരിചിൽദ്ദർഭ, ചമത, വരി, കാഷ്ഠനികരമിവ
ഭരിച്ചുകൊണ്ടന്യവനാൽത്തിരിച്ചെത്തിയ താപസർ, ൮
സ്ഫുടം തദ്ദീപ്തിതന്മുമ്പാൽക്കീഴടങ്ങിയ ഹുതാശനാൽ
അടവാന്നെന്നെതിരേല്ക്കപ്പെട്ടുടജം പൂകിടുന്നതേ. ൯
(യുഗ്മകം.)

ഓടൽക്കാറ്റുള്ളിടിച്ചാസ്ഥയോടശ്മതലത്തെയും
പാടവേ സ്നിഗ്ദ്ധമാക്കുന്നു കേടകന്ന തപസ്വികൾ. ൧൦

നിയമീന്ദ്രജനത്തിന്റെ നിയമാപ്ലവനാദിയാൽ
പ്രയതസ്വച്ഛമാം തോയാശയമുണ്ടങ്ങൊരാറിടം. ൧൧

വെയിലാറിടുകയാൽ, പർണ്ണശാലാങ്കണതലങ്ങളിൽ
ചേലാന്ന ധാന്യങ്ങൾ ചിതം പോലായ് കൂട്ടിയിരിപ്പതും,

ിമഹാവാക്യങ്ങളെ തത്തകൾ കേട്ടു പഠിച്ചിരിക്കുന്നു.

൭. താപസിമാർ മാൻകുട്ടികളെ, മക്കളെക്കാളും അധികം സ്നേഹിക്കുന്നു.

൮. അന്യവനാൽ = മറ്റൊരു കാട്ടിൽനിന്നു.

൯. തദ്ദീപ്തി = താപസരുടെ തേജസ്സ്. ഹുതാശൻ = അഗ്നി. അടവാന്ന് = അദൃശ്യനായി. ഉടജം = പർണ്ണശാല. മറ്റൊരേടത്തു പോയിട്ട് ആശ്രമത്തിൽ തിരിച്ചെത്തുന്ന ആഹിതാഗ്നികളെ, 'അഗ്നി, അദൃശ്യനായി എതിരേല്ക്കു'മെന്നു വേദവാക്യമുണ്ട്.

൧൦. അശ്മതലത്തെയും = പാറപ്പുറത്തേയും. രാഗദ്വേഷാദിരഹിതന്മാരായ തപസ്വികളുടെ പെരുമാറ്റത്താൽ, അവിടെ പാറകൾ കൂടി സ്നിഗ്ദ്ധങ്ങൾ (ദ്വേഷവർജ്ജിതങ്ങൾ) ആയിരിക്കുന്നു.

൧൧. നിയമി—ജനം = മുനിശ്രേഷ്ഠഗണം. നിയമാപ്ലവനം = നിത്യസ്നാനം. പ്രയതസ്വച്ഛം = ശുദ്ധവും, നിർമ്മലവും ആയിട്ടുള്ളത്.

അങ്കണതലങ്ങൾ = മുറ്റങ്ങൾ. ധാന്യങ്ങൾ = വരിനെല്ലു മു

Digitized By Kerala Sahitya Akademi

മരത്തിൻ ചാഞ്ഞ കൊമ്പത്തു, വിരക്തമുനിമാരുടെ
കരം പോലാൎദ്രമാം ചീരനിര തോരാൻ വിരിച്ചതും, ൬൮
സയത്നം ശേഖരിച്ചീടും ക്രിയക്കുള്ള കശങ്ങളും
സ്വയംപൂണ്ടൃഷിമാർ കാണ്കെ സപ്രയം മാനുകൾ തിന്മതും,
കുടത്തിനൊക്കമെവിടാലുടനേ പാൽ ചുരത്തിയും,
ഇടക്കുമ്പാരവം പൂണ്ടുമുടജം പുക്ക പൈക്കളെ, ൬൯
തൽകിടാങ്ങൾ മുദാ വാലും പൊക്കിപ്പുക്കത്തണഞ്ഞതും
മുക്കി, രാജകുമാരൻ്റെ ദൃക്കിനെ കൗതുകാബ്ധിയിൽ. ൭൦

(കുളകം)

ഇന്ധനം തിരളും ഹോമധൂമരാജിയെ നീളവേ
വ്യോമത്തിങ്കൽപ്പരത്തീടുമോമനത്തെന്നലൽക്കയാൽ, ൭൧
ജനനാഥതനുജന്നും, തനതിഷ്ടവയസ്യനും
മനം, മാലോകവേ നീക്കിക്കുന്നം വിട്ടതുപോലെയായ്. ൭൨
അചിരാലാശ്രമം പൂക്ക സചിവാധ്യക്ഷമാരനെ
ഉചിതംപോലെ പൂജിച്ചു, ശുചിമാനസർ താപസർ ൭൩
ധൃതചര്യന്മാരാൻ സാന്നിധ്യാചിതരായ വിധിക്കുമേൽ
മതങ്ങളിനിരെ ബ്രഹ്മതിനന്നായ് ച്ചെന്നു കണ്ടുതേ. ൭൪
സുരീതിപിംഗളപ്രായധൂളീനശ്രീജടാഭരം
ശിരിഹരാജ്യസാമ്രാജ്യകിരീടം പോലെ ചൂടിയും, ൭൫

---

൬൮. ആൎദ്രാം-നനഞ്ഞ, ചെളിവുള്ള. ചീരനിര = മരവിരികൾ

൬൯. സ്വയം-ചപ്പിണി. ഋഷിമാരുടെ മൃഗങ്ങളിലുള്ള വാത്സല്യാതിശയത്തെ കാണിച്ചിരിക്കുന്നു.

൭൦. ദൃക്ക്-കണ്ണ്.

൭൨. അചിരാൽ-താമസിയാതെ.

൭൫. സുരീ—ഭംഗിയുള്ള പിംഗളവർണ്ണത്തെ ... തി എന്നതിന്നു പിച്ചള എന്നും

Digitized By Kerala Sahitya Akademi

ചീൎത്ത വെണ്മയെഴും ഭസ്മം ചേൎത്തണിഞ്ഞ വപുസ്സിനാൽ
മൂൎത്തസത്വഗുണഭ്രാന്തി പാൎത്തവൎക്കുളവാക്കിയും, ൧൨

ചേലാൎന്നിട്ടും കൃഷ്ണമൃഗത്തോലാമുത്തരീയചേലയാൽ
നീലാംബുദാവൃതപ്രസ്ഥകൈലാസരുചി കാട്ടിയും, ൧൩

ഗൌരവക്ഷസ്സിലാരക്തചീരം ബന്ധിച്ചിരിക്കയാൽ
പാരമന്തിച്ചുകപ്പേററ ശാരദാഭ്രത്തിനൊത്തുമേ, ൧൪

പവിത്രസൌമ്യാകൃതിയാൽ സുവിശ്വാസം വളൎത്തിയും,
ചെവിമേൽത്തൂക്കിയ സിതച്ഛവിസ്ഫടികമാലയാൽ, ൧൫

വിരിഞ്ഞു കണ്ണംവരെ നീണ്ടിരിക്കും കണ്ണിലൂടവേ
വരിഷ്ഠമാം ശാന്തരസം ചൊരിയും മോടി നേടിയും, ൧൬

ശൎമ്മദായിനിയാം തൻെറ ധൎമ്മപത്നിയൊടൊത്തഹൊ!
നിൎമ്മലശ്രദ്ധചേരും സൽക്കൎമ്മം പോലെവിളങ്ങിയും, ൧൭

---

നിരീ—രീടം= നിരീഹന്മാരുടെ (വിരക്തന്മാരുടെ) ചക്രവൎത്തിത്വത്തിന്നു ഉചിതമായ കിരീടം.

൧൨. മൂൎത്ത—ഭ്രാന്തി=ദേഹമെടുത്ത സത്വഗുണമാണെന്ന ഭ്രമം. കവിസങ്കേതപ്രകാരം, സത്വഗുണത്തിൻെറ നിറം വെളുപ്പാണു്. പാൎത്തവർ=കാണികൾ.

൧൩. നീലാം—രുചി=കാർമേഘങ്ങളാൽ ചുററപ്പെട്ട താഴ്വാരങ്ങളോടുകൂടിയ കൈലാസപൎവ്വതത്തിൻെറ ശോഭ.

൧൪. ഗൌരവക്ഷസ്സിൽ=ഭസ്മലേപനംകൊണ്ടു വെളുത്ത മാറിൽ. ആരക്തചീരം=ചുകന്ന മരവുരി. ശാരദാഭ്രം=ശരൽക്കാലത്തിലെ മേഘം.

൧൫. സിത—ലയാൽ=വെളുത്ത നിറത്തിലുള്ള സ്ഫടികമാലനിമിത്തം. മോക്ഷാൎത്ഥികൾ, സ്ഫടികമാലയെയാണു്, മുഖ്യമായി ഉപയോഗിക്കുക.

൧൬ വരിഷ്ഠം=ശ്രേഷ്ഠം.

൧൭ ശൎമ്മദായിനി=സുഖത്തെ കൊടുക്കുന്നവൾ.

38 *

Digitized By Kerala Sahitya Akademi

വീരാസനത്തിൽ വാഴുന്നാധീരാത്മാവെസ്സുഖാവ്യമായ്
പേരാലപിച്ചു വന്ദിച്ചാൻ പേരാളിന നൃപാത്മജൻ. ൮൭
ജയദാശിസ്സിചന്നേകീ നിയമീന്ദ്രൻ, കളത്രവാൻ,
(കളകം)
ജയന്തന്നൻപിലദിതിപ്രിയനെന്ന കണക്കിനേ. ൮൯

അക്കാചെയ്യുള്ള പോലെല്ലാവരുമാ മുനിതന്നുടെ
തിരുമുമ്പിൽത്തൊഴുതുകൊണ്ടിരുന്നാർ പിന്നെ യാസ്ഥയിൽ

ഇന്ദ്രപൂജ്യൻ മുനിയുടൻ, മന്ദ്രസൗമ്യസ്വരത്തിലായ്
ചന്ദ്രകാന്തിസ്മിതം പൂണ്ടു ചന്ദ്രസേനനനോടോതിനാൻ:
"അവനീന്ദ്രകുലോത്തംസ! തവ വൃത്താന്തമിപ്പൊഴേ
ഇവളെൻപുത്രി, യൂനേ വിവരിച്ചിട്ടറിഞ്ഞു ഞാൻ. ൯൦

വരുവാനല്ലതെ,ൻവത്സ, വരുമെങ്കിലെന്നെയെങ്കിലും:
കരുതീട്ടുള്ളതോ, ഹർഷ്ഷമുരുവാമീസ്സമാഗമം? ൯൧

എങ്ങു ദുസ്തരവാരാശി? യെങ്ങുതീരാധിരോഹണം?
എങ്ങു ഹന്ത! വിശേഷിച്ചിത്തിങ്ങും മാലാന്ന ബാലയാൾ?

പുഷ്ടസന്തോഷമേ, പേർത്തും കഷ്ടപ്പെട്ടുളവാം സുഖം:
മൃഷ്ടഭോജ്യം വിശേഷിച്ചുമിഷ്ടമല്ലോ ക്ഷുധാർത്തിയിൽ. ൯൨

൮൭. യോഗശാസ്ത്രവർണ്ണിതങ്ങളായ പല ആസനങ്ങളിൽ (ഇരിപ്പുകളിൽ) ഒന്നാണ്, വീരാസനം. പേരാലപിച്ചു=ചന്ദ്രസേനോഹം വാദയേ (ചന്ദ്രസേനനായ ഞാൻവന്ദിക്കുന്നു) എന്നു പറഞ്ഞുകൊ

൮൮. ജയദാശിസ്സ്=ജയത്തെക്കൊടുക്കുന്ന ആശീർവ്വാദം. കളത്രവാൻ=ഭാര്യാസഹിതൻ. അദിതിപ്രിയൻ=ഇന്ദ്രന്റെ പിതാവായ കശ്യപമുനി.

൯൦. മന്ദ്ര—സ്വരം=ഗംഭീരവും, സൌമ്യവുമായ ഒച്ച. ചന്ദ്രകാന്തിസ്മിതം=ചന്ദ്രരശ്മിപോലുള്ള പുഞ്ചിരി.

൯൧. ഹർഷപ്ലുതം=കനത്ത സന്തോഷത്തോടുകൂടിയത്.

൯൨. തീരാധിരോഹണം=കരകേറൽ.

൯൩. മൃഷ്ടഭോജ്യം=വെടിപ്പുള്ള ഭക്ഷണം.

Digitized By Kerala Sahitya Akademi

ഒരുപോലീശ്ശോകോൽക്കടദുഃഖം ഭുജിക്കയാൽ
പെരുതാമൈക്യം കാട്ടി നിങ്ങളിരുപേർ, സദൃശ്യവരർ. ൪൮

നന്ന യോജിച്ചു രണ്ടാളുമൊന്നൊന്നാം മാറി,വന്നൊരേ
വന്നെത്തും സുഖദുഃഖങ്ങളെന്നെന്നും പങ്കുകൊള്ളുവിൻ!
ചിത്രസന്ദർശനത്താൽത്താനിരുപ്പുള്ളോരു നിങ്ങളിൽ,
പുത്രീദാമ്പത്യധർമ്മോക്തിയെത്രയും പിഷ്ടപേഷണം. ൪൯

എന്നാലാ,കന്ന വേഗത്തിലിന്നാളീകാക്ഷിയെബ്ഭവാൻ
തന്നാട്ടിൽക്കൊണ്ടുപോയ്‌ വേൾക്ക;വന്നാലൊക്കില്ല താമസം
ആലഗ്നം വരെ നിൻവിശ്ലേഷാലസ്യത്തെസ്സഹിപ്പതും
ബാലയ്ക്കു സാദ്ധ്യമായല്ലോ; കാലം വൈകൊല്ല വീണ്ടുമേ. ൫൦

ശിവരാമ! വിശേഷിച്ചുമിവളീ വന്യവൃത്തിയാൽ
അവശപ്പെട്ടിരിക്കുന്നു, നവപല്ലവഗാത്രിയാൾ. ൫൧

പേലവാംഗിയുമായ്‌ നാളെക്കാലത്തെ നടകൊണ്ടു നീ
മാലറ്റമാറളക പൂക്കാലംബിക്ക ഗൃഹാശ്രമം. ൫൨

ശരിക്കു വേളിക്കായ്‌ച്ചെന്ന വരിഷ്ഠശ്വശുരൻ തവ
പരിതാപാനുബന്ധാൽ വിട്ടിരിക്കില്ലിപ്പൊഴപ്പുറം! ൫൩

---

യിൽ=വസിച്ച വിശപ്പുള്ള സമയത്ത്‌

൪൮. ശോകോ—ദുഃഖം=നല്ല ശാഠിയോടുകൂടിയ വലിയദുഃഖം. ഭുജിക്കയാൽ=അനുഭവിക്കനിമിത്തം. ഐക്യം=ചേർച്ച.

൫൦. വിശ്ലേഷാലസ്യം=വിരഹപീഡ.

൫൧. വന്യവൃത്തി=ഫലമൂലാദികൾകൊണ്ടുള്ള ഉപജീവനം.

൫൨. പേലവം=കോമളം. ഗൃഹാശ്രമം ആലംബിക്കു=വേളി കഴിക്കുക.

൫൩. വിവാഹാർത്ഥം, സമുൽക്കലെചിപിലേക്കല്ലാ, അളകയിലേക്കുതന്നെയാണ്‌ യാത്ര വേണ്ടതെന്നു പറഞ്ഞതിന്റെ കാരണം ഈ ശ്ലോകത്തിൽ വിവരിച്ചിരിക്കുന്നു. മുൻ നിശ്ചയമനുസരിച്ചു വേളിക്കായി അളകയിൽ എത്തിയിരിക്കാവുന്ന നിന്റെ വരിഷ്ഠശ്വശുരൻ (വസു

Digitized By Kerala Sahitya Akademi

വസ്തുദത്തമഹാഃസേനവസുധേശ്വരർ സാമ്പ്രതം
സ്വസുതോദന്തമറിയാഞ്ഞസുഖപ്പെട്ടിരിക്കയാം. ൪൪
ആകയാലുടനേ ചെന്നു പൂകണം തൽപുരത്തിൽ നീ:
ശോകമെന്തുള്ളൂ, സന്താനശോകം പോലവിഷഹ്യമായ് ? ൪൫
ചേരാത്ത ചൊറമഴലീ;- ത്താരാവലി കണക്കിനേ
പാരാതെ നിങ്ങലെത്തീട്ടും, നേരായ് മററ വയസ്യരും''
തുടന്നിതോതിനാൻ, തെല്ലൊരിട മിണ്ടാതിരുന്നവൻ:—
''കിടക്കുകിനി, രാവിപ്പോൾ സ്പഷ്ടം പാതി കഴിഞ്ഞുപോയ്;
വിടപിച്ചാത്തനങ്ങതായ;ടങ്ങീ മൃഗപക്ഷികൾ;
കടന്നു കൂടുന്നിതൊരുൽക്കടശാന്തത നീളവേ. ൪൮
ചലനം വിട്ടൊങ്ങീടുമുലകിന്നേകസാക്ഷിയായ്
വിലസുന്നു, വിയന്മദ്ധ്യസ്ഥലത്തു കുളർതിങ്കളും.'' ൪൯
നിറഞ്ഞ കനിവോടേവം പറഞ്ഞതിഥിമുഖ്യരെ
ഉറങ്ങുവാനയച്ചാനാ മാന്യോർമ്മണി മാമുനി. ൫൦
മാടലെണ്ണവിളക്കോടു കൂടവേ തോൽചിരിപ്പുകൾ
കേടററ്ചേർന്നൊരുടജ,മാടലററവർ പൂകിനാർ. ൫൧
മെത്തമേൽച്ചെന്നിരിപ്പായോരുത്തമശ്രീ കുമാരനെ
ചിത്തം കുളിരുമാറീക്ഷിച്ചിത്തരം മന്ത്രി ചൊല്ലിനാൻ:- ൫൨

---

ത്തരാജാവ്) പരിതാപാനുബന്ധം=നിങ്ങൾ രണ്ടുപേരുടേയും ഗതിയറിയാഞ്ഞിട്ടുള്ള ദുഃഖം) നിമിത്തം ഇപ്പോൾ അപ്പുരം (അളക) വിട്ടിരിക്കില്ല (അളകയിൽനിന്നു തിരിച്ചുപോന്നിട്ടുണ്ടായിരിക്കില്ല.) അതിനാൽ അളകയിലേക്കു തന്നെയാണ് നിങ്ങൾ പോകേണ്ടതു്.

൪൪. സ്വസുതോദന്തം=തങ്ങളുടെ മക്കളുടെ വർത്തമാനം.

൪൫. അവിഷഹ്യം=സഹിച്ചുകൂടാത്തതു്.

൪൬. ചന്ദ്രസേനന്റെ മുഖത്തു മിത്രജനചിന്താജന്യമായ സന്താപം സ്മരിച്ചു കണ്ടിട്ടു പറയുന്നു.

൪൮. വിടപിച്ചാത്ത്=വൃക്ഷഗണം

Digitized By Kerala Sahitya Akademi

"ഹാ ഭാഗ്യം! സുപ്രസന്നങ്ങൾ ഭൂഭാഗങ്ങൾ, തഥാധുനാ
സൌഭാഗ്യശാലിദയിതാലാഭാനന്ദം ഭവിക്കയാൽ. ൩൩
സുമുഖീശൂന്യമായുള്ള സഭ്ഭുലമണഞ്ഞിടാൻ
നമുക്കിന്നിടയാകാഞ്ഞ സമുദ്രമുപകാരി താൻ. ൩൪

നാം തത്ര ചെന്നു ചേരാഞ്ഞെങ്കിൽ കാന്തയില്ലായ്കയാൽ ഭ്രവാൻ
ശാന്തം പാപം! വധുവിനെത്താൻ തന്നേ താങ്ങിയീശ്വരൻ.
മുമ്മാസവും നിൻ വിരഹമമ്മാ! ദേവിക്കസഹ്യമായ്;
ഇമ്മാതിരി മനസ്സംഗം നമ്മാൽ വിദിതപൂൎവ്വമോ? ൩൬

വേളിലഗ്നമുറപ്പാൻ പോയാളിതന്നോതിയെങ്കിലും,
കേളിത്ര പറവം, തൊണ്ണൂറുനാളിടയ്ക്കെന്നതോൎത്തിതോ?"
ഇടയ്ക്കോതീ യുവനൃപൻ: "കടലെങ്ങേ? ഞങ്ങളെങ്ങേ?
തടമോറിയതി, ത്തനപ്പിസ്സടയോരാത്മശുദ്ധി താൻ. ൩൮

ഇവരൊന്നോട്ടല്ല മാലി, യുത്സവത്തിൽപ്പങ്കുകൊള്ളുവാൻ
സവയസ്സുകളാം മാന്യരവരില്ലായ്കയാൽസ്സഖേ! ൩൯

---

൩൩. സുപ്രസന്നങ്ങൾ=നന്നായിത്തെളിഞ്ഞവ. സൌഭാ—നന്ദം=സൌഭാഗ്യശാലിനിയായ പ്രിയയെ കിട്ടിയതുനിമിത്തമുള്ള ആനന്ദം.

൩൪. സുമുഖീശൂന്യം=താരാവലി ഇല്ലാത്തത്.

൩൫. അന്നു, മുറയ്ക്കു സമുദ്രക്കരയിലെത്തിയെങ്കിൽ, കാന്താനാശദുഃഖം നിമിത്തം ഞങ്ങൾ നിശ്ചയമായും ആത്മഹത്യ ചെയ്യുമായിരുന്നു. അതിനൊന്നും സംഗതിവരാതെ വധുവിനെ (താരാവലിയെ) ഈശ്വരൻ താൻതന്നെ താങ്ങി (വൈധവ്യദുഃഖം നേരിടാതെ രക്ഷിച്ചു.)

൩൬. മനസ്സംഗം=അനുരാഗാതിശയം. വിദിതപൂൎവ്വം=മുമ്പ് അറിയപ്പെട്ടത്.

൩൭. ഒമ്പതാംസൎഗ്ഗത്തിലെ 56-ാംശ്ലോകം നോക്കുക.

൩൮. തടം=കര.

൩൯. സവയസ്സുകൾ=സഖാക്കൾ, അവർ=ജയപാലാദികൾ.

Digitized By Kerala Sahitya Akademi

അവന്ധ്യവാക്കായ മുനിപ്രവരന്റെയനുഗ്രഹം
അവരെല്ലാം നമുക്കെല്ലാം ധ്രുവമെന്നോർത്തിടുന്നു ഞാൻ". ൧൦
താരാവലീഗുണപ്രേമസാരാദ്യങ്ങളെക്കുറിച്ചിവർ
നേരായ്ത്തുടർന്നു സല്ലാപം തീരാതെ, രാത്രിതീർന്നുപോയ്
പ്രാതഃകാലത്തു, യമുനാതാതനായ മഹർഷിയെ,
സ്ഥിതശ്രീസൂര്യനെപ്പോലെ പ്രീതരായ്ച്ചെന്നു കൂപ്പിനാർ.
ക്ഷാത്രശ്രീ പോലെഴും പത്മനേത്രയോത്തു കുമാരനെ
യാത്രയാക്കാൻ പ്രണീതാഗ്നിഹോത്രൻ മുനിയൊരുങ്ങിനാൻ.
പുരുഷോത്തമനോടാസ്സൽഗുണ താപസനിങ്ങിനെ
അരുളിച്ചെയ്തു, വാത്സല്യകരുണാമസൃണാക്ഷരം:- ൧൪
"മാനവേശപരസൂനോ! നിന്നാനന്ദദനാഗമാൽ
ഞാനപ്രയാസമായ് കന്യാദാനം സാധിച്ചു സാമ്പ്രതം! ൧൫
വിമുഗ്ധഗാത്രി നിൻകാന്ത, നമുക്കെന്നു യദൃച്ഛയാ
സമുദ്രംതന്ന മകളീ, യമുനയ്ക്കുററ സോദരി. ൧൬

---

൧൦. അവന്ധ്യവാക്ക് = വാക്കു പാഴാകാത്തവൻ.

൧൧. താരാ—ദ്യങ്ങൾ = താരാവലിയുടെ ഗുണങ്ങൾ (ചാരിത്രാദികൾ) പ്രേമം, സാരം (സൌന്ദര്യം) മുതലായതു്.

൧൨. സൂര്യനും യമുനാ (കാളിന്ദീ) താതനാണല്ലോ.

൧൩. ക്ഷാത്രശ്രീ = ക്ഷത്രിയലക്ഷ്മി. പ്രണീതാഗ്നിഹോത്രൻ = അഗ്നിഹോത്രം കഴിച്ചവൻ.

൧൪. പുരുഷോത്തമൻ = പുരുഷശ്രേഷ്ഠൻ (ചന്ദ്രസേനൻ) വാത്സ—ക്ഷരം = വാത്സല്യം, ദയ ഇവകൊണ്ടു സ്നിഗ്ദ്ധങ്ങളായ അക്ഷരങ്ങളോടു കൂടുംവണ്ണം.

൧൫. അപ്രയാസം = അയാസംകൂടാതെ. കന്യാദാനം = പെൺകൊട.

൧൬. താരാവലിയെ വിവാഹം കഴിച്ചുകൊടുക്കുന്നതിൽ ഞാൻ ഇവളുടെ അച്ഛനെപ്പോലെതന്നെ ചുമതലക്കാരനായിത്തീർന്നിരിക്കുന്നു എന്നഭിപ്രായം.

Digitized By Kerala Sahitya Akademi

ഈ രാജസുതയെസ്സിസ്ഥിതിരാലെന്നോ ലഭിച്ചമേ;
നേരായന്നേ മുതലിരു പേരായ് ഞങ്ങൾക്കു പുത്രിമാർ. ൭

മമാശയത്തെസ്സുതരാമമായപരിചര്യയാൽ
സമാവർജ്ജിച്ചിരിക്കുന്നു കുമാരി, കുലനന്ദിനി. ൮

ഈ മാനിനി മമാപത്യസ്നേഹമായതനമാകയാൽ,
ശ്രീമാൻ നീ വസുദത്തനും ജാമാതാവിജ്ജനത്തിനും. ൯

ആനല്പമംഗളാശംസാധനത്തോടീക്കുമാരിയെ
വിനകിതം! തന്നു, തപോധനർ ഞങ്ങൾ നൃപാത്മജ! ൧൦

പാലനം ചെയ്യുകങ്ങുന്നീബ്ബാലയെബ്ബഹുസൌഖ്യമായ്,
കാലത്താൽക്കൈവരും ഭൂവെപ്പോലവേ പുരുഷർഷഭ!"

"ആരാൽ വരിക, മൽപുത്രി, താരാവലി, സുലോചനേ!
താരായ്പ്പോരും മുഖം കണ്ണുനീരാൽക്കലുഷമാകൊലാ!

അനഘേ! നിൻവിരഹമീ വനവാസിമുനിക്കുമേ
ഘനസന്താപദം; ബന്ധുജനത്തിൻകഥയെന്തിനി? ൧൨

---

൮. മമ=എന്റെ ആശയത്തെ=മനസ്സിനെ. സുതരാം=ഏററവും. സമാവർജ്ജിക്കുക=ആകർഷിക്കുക.

൯. അപ—തനം=സന്താനസ്നേഹത്തിന്ന് ഇരിപ്പിടം. ജാമാതാവ്=പുത്രീഭർത്താവ്.

൧൦. തപോധനന്മാരായ ഞങ്ങൾ മംഗളാശംസയാകുന്ന ധനമല്ലാതെ മറെറന്തു സ്ത്രീധനം തരുവാൻ ശക്തരാകും? എന്നു സാരം.

൧൧. കാലത്താൽ=കാലക്രമേണ. ഭൂവ്=ഭൂമി.

൧൨. പ്രിയസമാഗമത്താൽ പ്രഹർഷിതയാണെങ്കിലും ഏതാനും കാലത്തെ പരിചയംകൊണ്ടു സ്വന്തം വേനംപോലെയായിത്തീർന്ന ആശ്രമത്തെ വിട്ടുപോകുന്നതിൽ നിർവ്യാജമായ വ്യസനംകൊണ്ടു പര്യാകുലയായ താരാവലിയോടു പറയുന്നു.

൧൩. ഘനസന്താപദം=കനത്ത ദുഃഖത്തെ കൊടുക്കുന്നത്.

Digitized By Kerala Sahitya Akademi

ചെന്നാത്മബാന്ധവർക്കെല്ലാംനന്നായാശ്വാസമേകി നീ
തന്നാഥാനുഗയായ് മന്നിലൊന്നാം ഗൃഹിണിയാകെടോ!
ഇതാ, നിന്നെസ്സമർപ്പിച്ചേൻ രത്നമാവാം വരങ്കൽ ഞാൻ
കൃതാൎത്ഥനായാ,ഹുതിയെ ഹുതാശങ്കൽക്കണക്കിനേ. ൧൫
അപത്യരത്നപ്രസവാൽ സ്വപതിക്കേറ്റമിഷ്ടയായ്
ഉപശോഭിക്ക നീ, മാവിസപത്നി മഹി പോലവേ!" ൧൬
അക്കം കനിഞ്ഞുവമോതിസ്സകളത്രന്മഷീശ്വരൻ
മികവോടേ പുണർന്നോററം മുകർന്നാൻ മൂൎദ്ധ്നി മുഗ്ദ്ധയെ ൧൭
ജഗതീശാത്മജൻ ഹൎഷാൽ സഗൽഗദമിതോതിനാൻ
"സ്വഗതിജ്ഞഹരായ് ഞങ്ങൾ, ഭഗവൻ! ത്വദനുഗ്രഹാൽ.
ലോകബന്ധോ, ഭവൽപുണ്യാലോകം സിദ്ധിച്ചമാത്രയിൽ
ഹാ! കരൾക്കിരുളാം ബന്ധുശോകം നീങ്ങിത്തെളിഞ്ഞു ഞാൻ.
ചിരാൽ സഫലമായ,സ്മൽപുരാണസുകൃതദ്രുമം;
ദുരാപം മേ ലഭിച്ചല്ലോ പരാൎദ്ധ്യത്വദ്ദിലോകനം.
താവകാനുഗ്രഹാൽ പോയ ജീവനെക്കൂടി നേടി ഞാൻ;
ഈ വരാരോഹയാലല്ലോ, കേവലം മമജീവിതം; ൨൧

൧൪. ആത്മബാന്ധവർ = സ്വന്തം ബന്ധുക്കൾ. തൻനാഥാനുഗ = തന്റെ ഭൎത്താവിനെ അനുസരിക്കുന്നവൾ. ഒന്നാന്തരം ഭാൎയ്യ.

൧൫. ആഹുതി = ഹവിസ്സ്.

൧൬. അപ—സവാൽ = സന്താനങ്ങളാകുന്ന രത്നങ്ങളെ ജനിപ്പിക്കുന്നതു നിമിത്തം. സ്വപതി = തന്റെ ഭൎത്താവ്. മാവിസപത്നി = മേലിൽ സപത്നിയായിത്തീരുന്ന.

൧൭. ജഗതീശാത്മജൻ = രാജപുത്രൻ

൧൮. ലോകബന്ധുവിന്റെ (സൂൎയ്യന്റെ) ആലോകം (പ്രകാശം) ഇരുളിനെ അകററുന്നതാണല്ലോ.

൨൦. അസ്മൽ—ദ്രുമം = ഞങ്ങളുടെ പൂൎവപുണ്യമാകുന്ന വൃക്ഷം. ദുരാപം = ദുർല്ലഭം. പരാ—കനം = ശ്രേഷ്ഠനായ നിന്തിരുവടിയുടെ ദൎശനം.

൨൧. വരാരോഹ = സുന്ദരി.

Digitized By Kerala Sahitya Akademi

ദാനത്തിൽ മീതെയാം പ്രാണദാനത്തെച്ചെയ്തു ധന്യനിൽ
സാനന്ദം പകരം ചെയ്വാൻ വാനവേന്ദ്രന്നുമാവതോ? വൃ൧

വിശേഷിച്ചും, ഭവാന്മാരിങ്ങശേഷാശയുമററവർ,
ക്ലേശേതരതപസ്സിദ്ധിവിശേഷങ്ങൾ തികഞ്ഞവർ. വൃ൨

അഥവാ, പ്രത്യുപകൃതികഥയെന്തിങ്ങു? നിങ്ങളിൽ
പ്രഥമാനം, ജഗത്താപവ്യഥ പോക്കാ ഘനവ്രതം. വൃ൩

സ്പൃഹക്കൂടാതെ, ലോകാനുഗ്രഹമേ കരുതിസ്സദാ
ബൃഹൽകർമ്മമനുഷ്ഠിപ്പു മഹർഷികൾ, ഭവാദൃശർ. വൃ൪

പാവനക്രിയരാം നിങ്ങൾ പാവകങ്കൽ വിധിപ്പടി
ആവർജ്ജിക്കും ഹവിസ്സല്ലോ, ജീവനം പാരിന്നാകവെയും. വൃ൫

താത! ഗാർഹസ്ഥ്യമെന്നോതും നൂതനാശ്രമമങ്ങയാൽ
നീതരാം ഞങ്ങൾ, മംഗല്യശ്രീ തഴച്ച വധൂവരർ. വൃ൬

---

വൃ൧. ദാനത്തിൽ=എല്ലാദാനങ്ങളിലുംവെച്ചു.

വൃ൨. കഴിയുന്ന പ്രത്യുപകാരം ചെയ്യാമെന്നു വെച്ചുയാണെങ്കിലോ, നിങ്ങൾ തീരെ നിസ്പൃഹന്മാർ; പോരെങ്കിൽ, വല്ല അനുഗ്രഹവും ഉണ്ടായിരുന്നാൽ, അതിനെ ഉടനടി നിറവേററുവാൻ വേണ്ടുന്ന തപസ്സിദ്ധികളെല്ലാം ഉള്ളവരും.

വൃ൩. അല്ലെങ്കിൽ, ഇവിടെ പ്രത്യുപകാരം എന്ന ശബ്ദമേ ഉപയോഗിക്കേണ്ടതില്ല. മേഘം വർഷംകൊണ്ടു ലോകസന്താപത്തെ നീക്കുന്നതു പ്രത്യുപകാരത്തെ ഇച്ഛിച്ചിട്ടല്ലല്ലോ. ഘനവ്രതം എന്നതിനു കനത്ത വ്രതമെന്നും, മേഘത്തിന്റെ മട്ട് എന്നും അർത്ഥമെടുക്കണം. താപശബ്ദം ദുഃഖത്തേയും, ചൂടിനേയും കുറിക്കുന്നതാകുന്നു. പ്രഥമാനം=പ്രസിദ്ധം.

വൃ൪. ബൃഹൽകർമ്മം=വലിയ കർമ്മം.

വൃ൫. ജീവനം=ഉപജീവനദ്രവ്യം, വെള്ളം. മഹർഷിമാർ അഗ്നിയിൽ ഹോമിക്കുന്ന ഹവിസ്സാണ് മഴയുടെ മൂലകാരണമെന്നു മനു പറഞ്ഞിരിക്കുന്നു:—"അഗ്നൌ പ്രാസ്താഹുതിസ്സമ്യഗാദിത്യമുപതിഷ്ഠതേ ആദിത്യാജ്ജായതേ വൃഷ്ടിർവൃഷ്ടേരന്നം തതഃ പ്രജാഃ".

വൃ൬. നീതർ=പ്രാപിപ്പിക്കപ്പെട്ടവർ.



Digitized By Kerala Sahitya Akademi

ബാലർ ഞങ്ങൾക്കു ധൎമ്മകമൂലമാമീഗൃഹാശ്രമം
മാലാറ്റ പോററുവാനൊററാലംബം തപോധനം.” ൮൮
പറഞ്ഞാൻ താപസനി:–“നിഷ്പ്പറപ്പെട്ടുക, വത്സരേ!
മാൎഗ്ഗേ സൎവ്വശ്രേയസ്സും നിറഞ്ഞീടട്ടെ നിങ്ങളിൽ. ൮൯
യമുനേ! കൺ നിറയ്ക്കായ്ക്കീസ്സമുഹൂൎത്തത്തിൽ; നിൻസഖി
വിമുക്തക്ലേശയായെന്നു നമുക്കിങ്ങാശ്വസിച്ചിടാം!” ൯൦
ഗ്ഗുരുവെ,ത്തോഴിതൻതോൾ ചേൎത്തിരുന്ന ഭുജവല്ലിയാൽ
പുരുബാഷ്പം പുണർന്നോതീ പുരുഷാധീശപുത്രിയും:– ൯൧
“ഹാ! താത! ഞാനങ്ങിനെയീപ്പൂതാശ്രമപദത്തെയും,
ഏതാട്ടുക്കീസഖിമാരേയും വീതാതങ്കം വെടിഞ്ഞു പോം? ൯൨
നിരാലംബനയാമെന്നെച്ചിരാൽക്കാത്ത ഭവാനുടെ
വരാശ്രമമിതെൻ, ദേശാന്തരാപ്തപിതൃമന്ദിരം. ൯൩
ഹാ! വത്സലേ, മജ്ജനനി! കൈവന്നീടുന്നതെന്നിനി,
പാവനം പുണ്യലഭ്യം മേ ഭാവൽകപദദൎശനം.” ൯൪
സ്തുരഭാവത്സല്യമിടർ പൂണ്ടുരച്ചു മുനിപത്നിയും:–
“കരഞ്ഞീടായ്ക, മകളേ! കരളിൽഖേദമേല്ല നീ. ൯൫
ഇളമ്പുല്ലുകി നീ തന്നേ വളൎത്തും മാങ്കിടാവിതാ!
തളൎന്നു നിന്നെ നോക്കുന്നി,തിളകും നീണ്ട കണ്ണിനാൽ. ൯൬

൮൮. ബ്രഹ്മചര്യം, വാനപ്രസ്ഥം, സന്ന്യാസം എന്നി മൂന്നു ആശ്രമങ്ങളിൽ വൎത്തിക്കുന്നവരും ഗൃഹസ്ഥാശ്രമികളെ ആശ്രയിച്ചാണല്ലൊ, സ്വസ്വധൎമ്മങ്ങളെ അനുഷ്ഠിക്കുന്നതു്; അതിനെ സൂചിപ്പിപ്പാനാണ്, ഗൃഹസ്ഥാശ്രമത്തിന്നു ധൎമ്മകമൂലം എന്ന വിശേഷണം.

൯൦. വിമുക്തക്ലേശ=കഷ്ടപ്പാടൊഴിഞ്ഞവൾ.

൯൧. തോഴി=യമുന. പുരുബാഷ്പം=ഏറെക്കണ്ണീരോടുകൂടുംവണ്ണം. പുരു—പുത്രി=രാജപുത്രി (താരാവലി).

൯൨. വീതാതങ്കം=സങ്കടംകൂടാതെ.

൯൩. ദേശാ—ന്ദിരം=അച്ഛന്റെ മറെറാരു ദേശത്തുള്ള ഗൃഹം

Digitized By Kerala Sahitya Akademi

ചേലഞ്ചുമീക്കൊച്ചുമൃഗത്താലല്ലോ ശീലമാക്കി നീ,
കാലത്താൽ വേണ്ടിവരുമാബ്ബാലലാളനശൈലികൾ. ൯൮
ക്ഷിതി നിൻപുത്രനാൽ രാജന്വതിയായ്ത്തീർന്നതിനുമേൽ
ഇതിങ്കലെത്താം വീണ്ടും തേ, പതിയൊത്തു തപസ്വിനായ്.
ധാതാവു സദയം തന്നു നേതാവോടൊരുമിച്ചിനി
സ്ഥിതാദരമനുഷ്ഠിക്ക വൈതാനാഗ്നിപ്രദക്ഷിണം." ൯൯
വരർഷി ചൊന്നാൻ:—"ശോഭിപ്പൂവരനായ്ച്ചേർന്നസാദ്ധ്വി
സ്സുരദോങ്കാരയാം പഞ്ചാക്ഷരവിദ്യ കണക്കിനേ. [നീ,
നവദുഷ്ഷന്തനാണങ്ങുന്നി;-വളന്യശകുന്തള;
തവ ഞാനിവളെത്തന്നു ഭുവനേ കണ്വതുല്യനായ്! ൧൦൧
ഭൂപസൂനുകളേ! യുഷ്മദ്ഭൂപസൃഷ്ടിപരിശ്രമം
ശ്രീപത്മജന്നമിപ്പോഴാത്താപസിക്കുമമോഘമായ്." ൧൦൨

൯൭. ബാല—ലികൾ=കുട്ടികളെ ലാളിക്കുന്ന രീതികൾ.

൯൮. രാജന്വതി=നല്ല രാജാവോടുകൂടിയതു്. യുവാവായ പുത്രനെ രാജ്യത്തിൽ വാഴിച്ചു തങ്ങൾ തപോവനത്തെ ആശ്രയിക്കുക എന്നതു, ക്ഷത്രിയരാജാക്കന്മാരുടെ സമ്പ്രദായമാണല്ലോ.

൯൯. ധാതാവു=ദൈവം. നേതാവ്=നായകൻ (ഭർത്താവ്). വൈതാ—ക്ഷിണം=അപ്പോൾ ഉജ്ജ്വലിപ്പിക്കപ്പെട്ട യജ്ഞാഗ്നികളെ വലംവെക്കുക.

൧൦൦. സ്സുരദോങ്കാര=സ്സുരത്തായ പ്രണവത്തോടുകൂടിയതു്. പഞ്ചാക്ഷരവിദ്യ=നമശ്ശിവായ എന്ന മന്ത്രം. രണ്ടുപേരും ഒന്നിച്ചു അഗ്നിപ്രദക്ഷിണം ചെയ്യുമ്പോഴാണു്, മുനി ഇപ്രകാരം പറഞ്ഞതു്.

൧൦൧. ഈ ശ്ലോകംകൊണ്ടു കവി സ്വയം സമ്മതിച്ചതായി വിചാരിക്കാവുന്ന 'ശാകുന്തള'ച്ഛായാപഹരണം ഇവിടെ സ്വല്പംമാത്രമേ ഉള്ളു എന്നും, സന്ദർഭസാമ്യമാണു് പ്രധാനമായി ശാകുന്തളാപ്രസ്ഥാപനത്തെ അനുസ്മരിപ്പിക്കുന്നതു് എന്നും കുറെ സൂക്ഷ്മമായി നോക്കിയാൽ അറിയാവുന്നതാണു്.

൧൦൨. താപസി (കാത്യായനി) ചെയ്ത ഭൂപസൃഷ്ടിപരിശ്രമം മായാചിത്രനിർമ്മാണംതന്നെ.

Digitized By Kerala Sahitya Akademi

ജ്വലന്മഹസ്സാം വൈതാനാനലനെപ്പോലൃഷീന്ദ്രനെ
വലത്തു വെച്ചു വന്ദിച്ചാർ പലവട്ടം വധൂവരർ. ൧൦൩
"സാഹചര്യാൽ സതി! വൃഷവാഹനനഗജ പോലവേ
സ്നേഹമേന്തും പ്രിയനർദ്ധദേഹമായ്ത്താൻ ഭവിക്ക നീ!"
"സാരജ്ഞരായ സചിവന്മാരശേഷരുമൊത്തിനി,
വീരസൂവാം പ്രിയയുമായ് വീര! സാമ്രാജ്യമേല്ക്ക നീ!" ൧൦൪
കനിഞ്ഞനുഗ്രഹിച്ചേവം വനിതാവരരെ ക്രമാൽ,
'ഇനിപ്പുറപ്പെടാ'മെന്നാർ മുനിദമ്പതിമാരവർ. ൧൦൫
"അന്യന്റെ ധനമായുള്ള കന്യയെക്കാന്തനേകി ഞാൻ
ധന്യ! നിർവൃതനായ്ത്തീർന്തു സന്ന്യസ്തഭരനാകയാൽ.
നീ താൻ, സുബാഹോ! ദാമ്പത്യശ്രീ താവുമൊന്നായിവർക്കിനി
ത്രാതാവു മാഗ്ഗേ: സൌമിത്രി സീതാരാമർക്ക പോലവേ:"

തെല്ലിടം തന്നെ പിന്തുടർന്നു, പഥി മന്ത്രി-
യോടു പലതീവിധം
ചൊല്ലി, നൃഗരവണച്ചു പൂണ്ടു മുനി യാത്ര-
യാക്കിയകുമാരകർ,

---

൧൦൩. അഗ്നിപ്രദക്ഷിണാനന്തരം സദാരനായ മുനിയേയും വലത്തുവെച്ചു വന്ദിച്ചു.

൧൦൪. സാഹചര്യാൽ=സഹധർമ്മാനുഷ്ഠാനനിമിത്തം, വൃഷവാഹൻ=ശിവൻ, അഗജ=പാർവതി. ഇത്, അശിസ്സാണ്, ഉപദേശവുമാണ്.

൧൦൫. വീരസൂ=വീരരെ പ്രസവിക്കുന്നവൾ.

൧൦൬. സന്ന്യസ്തഭരൻ=ഭാരമൊഴിച്ചവൻ.

൧൦൭. ത്രാതാവു=രക്ഷിതാവ്. ദമ്പതിമാർ മിഥസ്സമാഗമഹർഷത്താൽ മതിമറന്നവരായിരിക്കുമെന്നു കണ്ടിട്ടാണ്; വാത്സല്യശാലിയായ മുനി മന്ത്രിയെ രക്ഷാകർമ്മത്തിൽ പ്രത്യേകിച്ചും ജാഗരൂകനാക്കുന്നത്.

Digitized By Kerala Sahitya Akademi

പുല്ലിനെബ്ഭ്രത! വെടിഞ്ഞു മാനിണകൾ നോക്കി
നില്ക്കേ, മയിലിൻെറ നൽ_
ച്ചൊല്ലിയാട്ടവുമൊഴിഞ്ഞൊരാശ്രമപദത്തെ
വിട്ടു നടകൊൾകയായ്. ൧൦൩

മതംഗമുനിസമാഗമം പതിമൂന്നാം സർഗ്ഗം കഴിഞ്ഞു.

—o—

൧൦൩. പഥി=അനയാത്രചെയ്യുന്ന വഴിക്കുവെച്ച്. കഥാരകർ= താരാവലീചന്ദ്രസേനസുബാഹുക്കൾ.

Digitized By Kerala Sahitya Akademi

## പതിനാലാം സർഗ്ഗം

കർമ്മകോവിദസുഹൃൽസഹായനാ,
നിർമ്മലൻ നൃപസുതൻ സദാരനായ്,
ശർമ്മമോട, രഹിതാർത്ഥകാമമാം
ധർമ്മമെന്ന പടി യാത്ര ചെയ്തുതേ. ൧

കോമളാംഗി സചിവാനുഗാമിയാ-
മാ മണാളനൊടു കൂടെ മിന്നിനാൾ:
പ്രേമമാർന്ന മധു മുൻനടന്നിടും
കാമനൊത്ത രതിദേവി പോലവേ. ൨

പ്രായശസ്സ്വമുഖലഗ്നദൃഷ്ടിയാം
നായകന്റാ മുഖമിച്ഛ പോലവേ
ആയതാക്ഷിമുനയാൽ നുകർന്നിടാ-
നായവൾക്കു തടവായി ലജ്ജയാൽ. ൩

വല്ലഭൻ സചിവനൊത്തു ലീലയാ
സല്ലപിപ്പളവി,ടയ്ക്കിടയ്ക്കതിൽ
മല്ലമഞ്ജുമുഖി ലജ്ജതാന്തമായ്
മല്ലടിച്ചു ലഘു പങ്കുകൊണ്ടുതേ. ൪

---

൧. കർമ്മ—ഹായൻ=എന്തിനും സാമർത്ഥ്യമുള്ള സുഹൃത്തോടു (സുബാഹുവോടു)കൂടിയവൻ. ശർമ്മം=സുഖം. അര—കാമം=അർത്ഥകാമങ്ങളോടു ചേർന്നത്.

൨. മധു=വസന്തം, മന്ത്രി മുമ്പിലും, വധൂവരന്മാർ ഒന്നിച്ചും ആയി നടന്നുകൊണ്ടാണ്, ഇവരുടെ യാത്ര.

൩. പ്രായശഃ=മിക്കപ്പോഴും, സ്വമു—ദൃഷ്ടി=തന്റെ മുഖത്തു പതിഞ്ഞ കണ്ണുകളോടുകൂടിയവൻ.

൪. ലീലയാ=കളിയായി. ലജ്ജതാന്തമായ് മല്ലടിച്ചു=പണിപ്പെട്ടു, ലജ്ജയെ കുറഞ്ഞൊന്നു കീഴൊതുക്കി. ലഘു=സ്വല്പമായി.

Digitized By Kerala Sahitya Akademi

ദൈവലബ്ധമിഥസ്സമാഗമാൽ
കൈവളൎന്ന ഹൃദയോത്സവത്തിലും
ഭാവഭേദമുളവായിടഞ്ഞീട-
ഞ്ഞാ വധൂവരരിൽ മിത്രചിന്തയാൽ. ൫

ദുരദുർഗ്ഗമവനാന്തമാർഗ്ഗസ-
ഞ്ചാരഖിന്നതരയാം കൃശാംഗിയെ
പാരമാർക്കനിവൊടൊത്തു പാർത്തുകൊ-
ണ്ടാ രസേന്ദ്രസുതനേവമോതിനാൻ:— ൬

"പൂവു പോലുമറിയാതെ തട്ടിയാൽ
നോവു,മത്ര മൃദുവായ നിൻപദം,
ആവു! മൂർത്ത ചരൽ, മുള്ളിതൊക്കെയും
താവുമിപ്പഥി പതിപ്പതെങ്ങിനെ! ൭

മല്ലികാക്ഷഗമനേ! തവാധുനാ
നല്ലിളന്തളിർ തൊഴുന്ന കാലിനാൽ
കല്ലിലിപ്പടി നടപ്പതിന്നു നാ-
നല്ലി, സംഗതി വരുത്തി നിർദ്ദയൻ! ൮

നിൻകഴൽത്തളിർ മുറിപ്പെടുത്തുവാൻ
ശങ്കയററ ശഠരിങ്ങു രണ്ടുപേർ:
തിങ്കൾബിംബമുഖി! ഞാനു, മാസ്സര-
സ്സിങ്കലാണ്ടു കുടികൊണ്ട നക്രവും. ൯

൫. ദൈവ—ഗമാൽ=ദൈവത്താൽ നൽകപ്പെട്ട അന്യോന്യസമാഗമം ഹേതുവായി. മിത്രചിന്ത=സുഹൃജ്ജനങ്ങളെപ്പററിയുള്ള വിചാരം.

൬. ദുര—തര=അതിദുർഗ്ഘടമായ കാട്ടുവഴികളിലെ സഞ്ചാരംകൊണ്ടു നന്നെ തളർന്നവൾ. രസേന്ദ്രസുതൻ=രാജകുമാരൻ. രസാ ഭൂ പൃഥ്വിയാകുന്നു.

൮. മല്ലികാക്ഷം=ഹംസം.

Digitized By Kerala Sahitya Akademi

ഹാ! വിരുദ്ധവിധികല്പിതത്തിനാ-
ലാ, വിവാഹവിധികൾക്കു മുന്നമേ
പൂവിനൊത്ത മൃദു നിൻപദാന്തം, എൻ-
ജീവിതേശി! കടുകല്ലിലേറി ഞാൻ! ൭൦

സ്വല്പമല്ല സുകൃതങ്ങൾ ചെയ്തതീ-
ക്കല്ലുറമ്പതിക്കൊരോരമാകിലും:
ഉല്പലാക്ഷി! മണിമന്ദിരാർഹമീ
ത്വല്പദം തൊടലധന്യലഭ്യമോ? ൭൧

പാദചംക്രമപരിശ്രമോദിത-
സ്വേദബിന്ദു ചിതറുന്ന നിൻമുഖം
വേദനാകരമെനിക്കുഹോ! തുഷാ-
രോദകാർദ്രകമലാം കണക്കിനെ. ൭൨

മുത്തണിഞ്ഞ വിധമായി, തൂവിയ-
ർപ്പൊത്ത നിൻതനു തളർന്നിരിക്കിലും:
മത്തകാശിനി! മനോജ്ഞവസ്തുവി-
ന്നുത്തമദ്യുതികരം വികാരവും. ൭൩

ഹാ! കടുമ്പവനനേറ്റ പിമ്പുറ-
ത്തേകവേണി, ഘനദീർഘവേണി! തേ

൭൦. വരൻ വധുവിന്റെ കാൽകൊണ്ടു കല്ലു ചവിട്ടിക്കുക എന്നതു വേളിച്ചടങ്ങുകളിൽ ഒന്നാകുന്നു.

൭൧. മണിമന്ദിരാർഹം=രത്നമയങ്ങളായ ഗൃഹങ്ങളിൽ സഞ്ചരിക്കത്തക്കതു്. അധന്യലഭ്യം=സുകൃതമില്ലാത്തവർക്കു കിട്ടാവുന്നതു്.

൭൨. പാദ—ബിന്ദു=കാൽനടയാലുള്ള തളർച്ചകൊണ്ടുണ്ടായ വിയർപ്പുതുള്ളി. വേദനാകരം=ദുഃഖകരം. തുഷാ—മലം=മഞ്ഞുവെള്ളംകൊണ്ടു നനഞ്ഞ താമരപ്പൂവു്.

൭൩. ഉത്തമദ്യുതികരം=മേത്തരം ശോഭയെ ഉണ്ടാക്കുന്നതു്. വികാരം=പ്രകൃതിഭേദം.

Digitized By Kerala Sahitya Akademi

ഏകവേണിയുലയുന്നിതാ! സതീ-
ലോകനിർജ്ജയപതാകപോലവേ. ൫൪

വല്ല വർണ്ണ്യവു,മിവന്റെ ജീവിതം,
വല്ലഭേ! വിജയപൂർണ്ണമാകുവാൻ
അല്ലലോററനുസരിപ്പതോർക്കിലൊ-
ട്ടല്ലഹോ! തവ മനസ്വിനീഗുണം. ൫൫

അദ്യ സൽഗുരുവിൽനിന്നു നീ, മഹാ-
വിദ്യപോലെ മമ ലബ്ധയാകയാൽ,
ഹൃദ്യരൂപിണി! ഹൃദന്ധകാരമ-
റവ,ദ്യൂദ്ഭൂതഗതിയായ് ച്ചമഞ്ഞു ഞാൻ!" ൫൬

പ്രേമശക്തി പറവാൻ തിടുക്കിയും,
വാമലജ്ജയവൾ വായ പൊത്തിയും,
കാമമാകുലത ചേർന്ന മുഗ്ദ്ധയും
കോമളസ്വരമുരച്ചിതിങ്ങിനെ:- ൫൭

"സങ്കടത്തിനു, ഭവൽസനാഥയാ-
മെങ്കലിന്നിയവകാശമെങ്ങുവാൻ?

൫൪. ഏകവേണി=ഒന്നായി മെടഞ്ഞിട്ട തലമുടി. സതീ—താ
ക=പതിവ്രതാജനങ്ങളെയെല്ലാം ജയിച്ചതിന്ന് അടയാളമായ കൊടി
ക്കൂറ. സാദ്ധ്വിമാർ, ഭർത്തൃവിരഹത്തിൽ തലമുടി ചീകുകയും മററും
ചെയ്യാതെ ഒന്നായി മെടഞ്ഞിടുന്നതു സാധാരണമാണ്.

൫൫. മനസ്വിനീഗുണം=വിശാലഹൃദയത.

൫൬. ഹൃദന്ധകാരം=ഉളളിലെ ഇരുട്ട്, (ദുഃഖം, അജ്ഞാനം)
ഉദ്യദ്ഭൂതഗതി=അഭ്യുന്നതി ഉണ്ടായിവരുന്നവൻ.

൫൭. വാമലജ്ജ=വാമ (പ്രതികൂല, അല്ലെങ്കിൽ ഭംഗിയുളളത്)
ആയ ലജ്ജ. കാമം=ഏററവും. ലജ്ജയെ പണിപ്പെട്ട് അടക്കി, പ്രേ
മാതിശയത്തോടുകൂടി മധുരമായി പറഞ്ഞു എന്നു സാരം,



Digitized By Kerala Sahitya Akademi

തിങ്കൾ വന്നു വിലസുന്ന വാരി,തൻ-
പ്പങ്കസംഗതി നിശങ്കിയിങ്ക്രമോ? ൧൮

അല്ലലെന്നിനെയടക്ക, മങ്ങയാം
നല്ല നാഥനൊടു ചേൎന്ന ധന്യരിൽ?
വല്ലഭ! ത്വദനുവൎത്തനങ്ങളിൽ-
പ്പല്ലവം മമ, പരുത്ത പാറയും. ൧൯

നാകവും നരകസന്നിഭം, ത്വദാ-
ലോകനോത്സവമിയന്നിടായ്കിൽ മേ;
സാകമങ്ങയൊടു വാഴ്‌വതാകിലോ
ഭീകരോഗ്രവനവും മണീഗൃഹം. ൨൦

ഹാ! ജഗത്തിതു മനോജ്ഞമായി മേ,
പൂജനോചിതഭവൽപദാപ്തിയാൽ;
നൈജഭൎത്തൃസഹചൎയ്യയല്ലയോ,
സ്ത്രീജനത്തിനൊരു പാവനോത്സവം? ൨൧

സീത, പാൎവ്വതി തുടൎന്ന സാധ്വിമാ-
രേതവസ്ഥയിലുമാത്മനാഥരെ

൧൮. ഭവൽസനാഥ=അങ്ങയെക്കൊണ്ടു നാഥനുള്ളവൾ (നാഥനായ ഭവാനെ പ്രാപിച്ചവൾ). ഇങ്ക്ര—ഗതി=ഇരട്ടാകുന്ന പങ്കത്തിന്റെ (മാലിന്യത്തിന്റെ) ചേൎച്ച.

൧൯. ത്വദനുവൎത്തനങ്ങളിൽ=അങ്ങയെ അനുസരിക്കുമ്പോൾ. പല്ലവം എന്നതിന്നു തളിർപോലെ മൃദുലമെന്നു താല്പൎയ്യം.

൨൦. നാകം=സ്വൎഗ്ഗം. ത്വദാ—ത്സവം=അങ്ങയെ കാണുക എന്ന ഉത്സവം. സാകം=കൂടി. ഭീകരോഗ്രവനം=ഭയങ്കരമായ കൊടുങ്കാടു്.

൨൧. പൂജ—ദാപ്തി=പൂജ്യമായ അങ്ങയുടെ പാദത്തെ പ്രാപിക്കൽ, നൈജ—ചൎയ്യ=സ്വന്തം ഭൎത്താവിന്റെ സഹചരണം.

Digitized By Kerala Sahitya Akademi

പ്രീതഭാവമൊടു പിന്തുടന്നു സ-
ദ്വൃത്തമാം പുകൾ പുലർത്തിയില്ലയോ? ൧൨

ദൈവമാണു, സതികൾക്കു തൻഗളേ
കേവലം ചരടു വെച്ച പൂരുഷൻ;
ദേവഭൂപ! പതി മാത്രമല്ല മേ!
ജീവദായകനുമല്ലയോ ഭവാൻ? ൧൩

ക്ഷീണയാമിവളെ, നക്രമൃത്യു നി-
ഷ്ഠാണമേകുവതിനാക്രമിച്ചതിൽ
ത്രാണകാരിയിവിടുന്നു മാമക-
പ്രാണനാഥത വെളിപ്പെടുത്തിതേ. ൧൪

ഹേ ദയാകര! ഭവാൻ വരാഞ്ഞിലാ,
യാദസാം പതി വെടിഞ്ഞ ജീവനെ
പാദലഗ്നമൊരു തോയജന്തു നി-
ഷ്പാദമായ്ക്കവരുമായിരുന്നു മേ! ൧൫

൧൨. ആത്മനാഥരെ=സ്വന്തം ഭർത്താക്കന്മാരെ. സദ്വൃത്തം=പരിശുദ്ധം.

൧൩. ഗളേ (കഴുത്തിൽ) ചരടുവെക്കുക മാത്രം ചെയ്ത പുരുഷൻ, ദ്രോഹിയായിരുന്നാൽക്കൂടി സാധ്വിമാക്ക് ഈശ്വരതുല്യനാണ്; എന്നിരിക്കെ, എന്നാൽ മനസ്സുകൊണ്ടു ദൃഢം വരിക്കപ്പെട്ട ഭർത്താവും, എന്റെ പ്രാണരക്ഷ ചെയ്ത ആളുമായ ഇവിടുത്തെ കഥ പറയാനുണ്ടോ?

൧൪. നക്രമൃത്യു=മുതലയാകുന്ന അന്തകൻ. നിഷ്ഠാണം=മരണം. ത്രാണകാരി=രക്ഷിച്ചവൻ. ഭർത്തൃപര്യായമായ പ്രാണനാഥശബ്ദത്തെ ഭവാൻ സ്വന്തം പ്രവൃത്തികൊണ്ടു യഥാർത്ഥമാക്കിച്ചെയ്തു.

൧൫. യാദസാം പതി (സമുദ്രം) വെടിഞ്ഞ ജീവനെ=സമുദ്രപാതംകൊണ്ടും വിട്ടുപോകാത്ത പ്രാണനെ. പാദലഗ്നം=കാലിന്മേൽ പിടികൂടിയത്. തോയജന്തു=ജലജന്തു.

Digitized By Kerala Sahitya Akademi

ഉൽപ്പതിച്ച മമ ജീവനെബ്ഭവാൻ
സൽപ്പതേ! സപദി വീണ്ടെടുത്തതിൽ
തൽപ്പദാവിരതദാസ്യമാമതി-
സ്വല്പനിഷ്കൃതി പരിഗ്രഹിയ്ക്ക മേ!!" ൨൫

ഓമലാളുടെ മനോജ്ഞഭാഷണ-
പ്പൂമരന്ദരസമാസ്വദിയ്ക്കയാൽ
രോമഹർഷമിയലും കുമാരനോ-
ടാ മഹാമതി സുബാഹു ചൊല്ലിനാൻ:- ൨൬

"ദ്യോവിനോത്ത നടുവാണ്ടു ഭാസ്കരൻ;
ദേവി നന്നെ വലയുന്നു വെയിലിനാൽ;
ഈ വിശാലതരസാലമൂലസീ-
മാവിലൊട്ടിട തളച്ചു തീർത്തിടാം. ൨൭

ദേവ! സാന്ധ്യവിധിയും കഴിച്ചിടാ,-
മാ വയൽക്കരികിലുള്ള പൊയ്കയിൽ"
എന്നമിഷ്ടസചിവന്റെ*വാക്കെ താ-
രമ്പവീരമണനാദരിച്ചതേ. ൨൮

൨൫. ഉൽപ്പതിച്ച=മേല്പോട്ടു പോകാൻ തുടങ്ങിയ. തൽപ്പദാസ്യം=അങ്ങയുടെ തൃക്കാക്കൽ എന്നെന്നും ശുശ്രൂഷ ചെയ്യുക. അതിസ്വല്പനിഷ്കൃതി=ഏറ്റവും ചെറുതായ ഒരു പ്രത്യുപകാരം. പരിഗ്രഹിയ്ക്ക=സ്വീകരിയ്ക്കുക.

൨൬. രോമഹർഷം=രോമാഞ്ചം.

൨൭. ദ്യോവ്=ആകാശം. വിശാ—മാവ്=ഏററവും വിസ്തീർണ്ണമായ വൃക്ഷത്തിന്റെ ചുവട്.

൨൮. സാന്ധ്യവിധി=മദ്ധ്യാഹ്നസന്ധ്യാകൃത്യം. 'ഞ' എന്നുള്ള ഭാഷാനിർദ്ദേശമാകുന്നു.

൨൮. * വാക്യമാ-
ഖണ്ഡലാരിസുതനാദരിച്ചതേ. എന്നു പാഠഭേദം

സാലശീതളതലേ സഖാവിനാൽ
ബാലപത്രകൃതമായ മെത്തയിൽ
ചേലവാങ്ഗിയൊടു കൂടി മേവിനാൻ,
കാലയോഗ്യനിയമം കഴിച്ചവൻ. ൩൦

പൂജ്യശീലനഥ മന്ത്രിസത്തമൻ
ഭോജ്യസാധനമൊരുക്കിടും വിധൌ,
പ്രാജ്യഹർഷമളിവേണിയാളൊടാ
രാജ്യപാലസുതനോതി ലീലയാ:— ൩൧

“ഭൂരുഹോത്തമസുമങ്ങളേന്തി, രം-
ഭോരു! നിന്നളിനിഭാളകങ്ങളെ
ചാരുലീലയൊടുലച്ചു വീശുമീ
മാരുതൻ തവ സുഖം തരുന്നിതോ! ൩൨

ശ്രീ വിളങ്ങിയ തവാനനേന്ദുവിൻ
തുലിയഷ്പ്പ്; മൃതബിന്ദുപോലവേ
ലാവി ലാക്കിൽ നുകരും സമീരനിൽ,-
ദ്ദേവി, കേവലമസൂയയുണ്ടു മേ. ൩൩

ഇന്നു നിൻസഹജഗാത്രഗന്ധമൊ-
ട്ടൊന്നു നേടുവതിനാശകൊണ്ടു താൻ,

൩൦. സാലശീതളതലേ=വൃക്ഷത്തണലിൽ. ബാലപത്രകൃതം=തളിരുകൾ കൊണ്ടുണ്ടാക്കപ്പെട്ടതു്.

൩൧. പ്രാജ്യഹർഷം=വളരെ ഉൾക്കളിരോടു കൂടുംവണ്ണം.

൩൨. ഭൂരുഹ—മങ്ങൾ=നല്ല മരത്തിന്റെ പൂക്കൾ.

൩൩. നായികാമുഖചുംബനത്തിൽ നായകനുള്ള ഔത്സുക്യം വ്യഞ്ജിപ്പിക്കുന്നു.



Digitized By Kerala Sahitya Akademi

വന്നു, ഭാമിനി, ഭവന്നിഷേവ ചെ-
യ്യുന്നു ഗന്ധവഹനെന്നു മന്മഥം. ൬൪

കാർകരിങ്കുഴലി! ഞാൻ നിമിത്തമീ-
യേകവേണിത വഹിച്ച നിൻകചം,
ശ്രീകരം, സതി! വിടുർത്തു ചീകുവാൻ
മേ കരങ്ങളുഴറുന്നിതേററവും. ൬൫

പിന്നില,ല്പമിട, ഞാനഴിച്ചിടും
നിന്നിരുണ്ടകുഴൽ കുരുന്നുമെത്തയിൽ
ചിന്നിടട്ടെയിഹ, സാന്ധ്യമാം നിറം
മിന്നിടും നഭസി കൊണ്ടൽപോലവേ! ൬൬

കഷ്ടമാർഗ്ഗപരിചംക്രമാലതി-
ക്ലിഷ്ടമായ തവ പാദപല്ലവം
ഹൃഷ്ടനായ് മടിയിലേററി വെച്ചു ഞാ-
നിഷ്ടമാം പടി തലോടിടട്ടെയോ! ൬൭

താണതെന്തു, തരുണാരവിന്ദവും
നാണ താവകമുഖം രഹസ്സിതിൽ?
നാണമെന്തിനെ ചൂമക്കു, മീ വഴി-
ക്ഷീണമുള്ള പൊഴുതും! കൃശാംഗി, നീ? ൬൮

---

൬൪. ഭവന്നിഷേവ=ഭവതിയുടെ സേവനം. നായികയുടെ പദ്മിനീത്വം ധ്വനിക്കുന്നു.

൬൫. ഏകവേണിത=ഏകവേണിയെന്ന അവസ്ഥ.

൬൬. സാന്ധ്യമാം നിറം=അന്തിച്ചുകപ്പ്. നഭസി=ആകാശത്തിൽ.

൬൭. കഷ്ട—ക്രമാൽ=ചീത്ത വഴികളിലൂടെ നടന്നതുനിമിത്തം. അതിക്ലിഷ്ടം=ഏററവും ക്ലേശിച്ചത്.

൬൮. തരുണാരവിന്ദം=ലജ്ജാവതിയായ നായികയെ വിനോദിപ്പി

Digitized By Kerala Sahitya Akademi

നീ വിരക്തിയിൽ വെടിഞ്ഞ പൊന്മണി-
ശ്രീവിഭൂഷകൾ സുബാഹുവിൻ വശം
രാവിലെ, സ്സമസുവർണ്ണലോഷ്ടനാ-
മാ വസിഷ്ഠമുനി നൽകിയില്ലയോ? ൩൯

മാനിനി! ത്വദനുഷങ്ഗഹാനിയാൽ,
ഞാനിതേവരെയുമെന്ന പോലവേ
ഗ്ലാനി തേടുമവ നിന്റെ മഞ്ജുപൂ-
മേനി ചേർന്നു വിലസട്ടെയിപ്പൊഴേ! ൪൦

(യുഗ്മകം)

സ്ഫാരശോഭ,മൃഷിദത്തമീയല-
ങ്കാരമിപ്പൊഴണിയട്ടെ നിങ്കൽ ഞാൻ
സ്വൈരമാത്മകൃതിയിങ്കൽ വാസനാ-
ക്കാരനായ കവിയെന്ന പോലവേ!" ൪൧

വ്രീള തേടിയ വിലോലനേത്രതൻ
ലാളനങ്ങളിൽ മുതിർന്നുകൊണ്ടവൻ,

---

൩൮.—തരുണാരവിന്ദം=പുതിയ താമരപ്പൂവ്.

൩൯. പൊന്മ—ഷകൾ=സമുദ്രത്തിൽനിന്നു കരയ്ക്കണഞ്ഞപ്പോൾ ദേഹത്തിലുണ്ടായിരുന്ന ഏതാനും സ്വർണ്ണരത്നാഭരണങ്ങൾ. സമസുവർണ്ണലോഷ്ടൻ=പൊന്നും, മൺകട്ടയും തുല്യമായി കാണുന്നവൻ. 13-ാം സർഗ്ഗത്തിലെ അന്ത്യശ്ലോകത്തിൽ, 'മൈത്രിയോടു പലതീവിധം ചൊല്ലി" എന്നതിൽ, ഈ ആഭരണങ്ങൾ കൊടുത്തതിലും ഉൾപ്പെട്ടിരിക്കുന്നു.

൪൦. ത്വദ—ഹാനി=ഭവതിയുമായി സമാഗമം ഇല്ലായ്ക. ഗ്ലാനി=വാട്ടം.

൪൧. വാസനക്കാരനായ കവി സ്വന്തം കവിതയെ അണിയിക്കുന്ന അലങ്കാരവും ഋഷിദത്തം (വാൽമീകിവ്യാസാദികളാൽ കൊടുക്കപ്പെട്ടതു) തന്നെ.

Digitized By Kerala Sahitya Akademi

ആളലാന്ന വെയിൽ മിക്കതും ശമി-
പ്പോളമങ്ങനുഭവിച്ചു വിശ്രമം. ൪൨

വാരുണാശയൊടു വാരിജപ്രിയൻ
ചേരുമപ്പൊഴഥ മന്ത്രിദാരവാൻ
ചാരുവായ് ജലധിയോടടുത്തെഴു-
ന്നോരു പര്വ്വതനിരപ്പിലെത്തിനാൻ. ൪൩

അക്കടൽക്കരയിലേല്ക്കു മന്ത്രിയെ-
ത്തക്ക കപ്പൽ തിരയാനയച്ചുടൻ
പൊക്കമുള്ളൊരു ശിലയ്ക്കു മേലവൻ
സൽക്കളത്രയുതനേറി മേവിനാൻ. ൪൪

ആ മലച്ചെരുവിലെദ്ദിനാത്യയ-
ശ്രീമനോജ്ഞതയിലുൾ കുളിക്കയാൽ
കാമനീയകപതാകയാളൊടാ-
ക്കാമരൂപി പറവാൻ തുടങ്ങിനാൻ;- ൪൫

"ക്രൂരരശ്മിനിരയാലിതേവരെ,-
സ്സാരസാക്ഷി! ബഹുദുന്നിരീക്ഷനായ്

---

൪൨. വ്രീള=ലജ്ജ. ലാളനങ്ങളിൽ=തലമുടി വിടുത്തു ചീകിക്കെട്ടിക്കുക, അലങ്കാരങ്ങൾ അണിയിക്കുക മുതലായവയിൽ.

൪൩. വാരുണാശ=പടിഞ്ഞാറെദിക്ക്. വാരിജപ്രിയൻ=സൂര്യൻ. മന്ത്രിദാരവാൻ=മന്ത്രിയോടും, ഭാര്യയോടും കൂടിയവൻ.

൪൪. തക്ക=തങ്ങളുടെ യാത്രയെ സൌകര്യപ്പെടുത്തുന്ന. സൽക്കളത്രയുതൻ=നല്ല ഭാര്യയോടു കൂടിയവൻ.

൪൫. ദിനാത്യയശ്രീമനോജ്ഞത=സന്ധ്യാസമയലക്ഷ്മിയുടെ ഭംഗി. കാമനീയകപതാക=സൌന്ദര്യക്കൊടിക്കൂറപോലെയുള്ള താരാവലി. കാമരൂപി=കാമദേവനെപ്പോലെ സുന്ദരൻ.

Digitized By Kerala Sahitya Akademi

പാരശേഷവുമെരിച്ചിരുന്നൊരാ-
സ്കരനിപ്പൊഴുതു നേത്രഗമ്യനായ്. ൪൩

വന്നണഞ്ഞ ചരമാക്കരശ്മിയാൽ
കുന്നണിഞ്ഞ വനഭൂവിതോമലേ!
കൊന്നവൃക്ഷനിര പൂത്തു നില്ക്കിലൊ-
ക്കുന്നതായൊരൊളി നേടിടുന്നതേ. ൪൪

നിന്നകൃത്രിമതനുഭ്രാജന-
ത്തിന്നതീവ മകോതി പൂണ്ട പോലിതാ!
കുന്നൽമഞ്ജുമിഴി! പോക്കവെയിലിനാൽ-
പ്പൊന്നണിഞ്ഞു ചില വന്യവല്ലികൾ. ൪൫

തോയനായകദിഗന്തലംബിയാ-
മീയഹർപ്പതി സരോജലങ്ങളിൽ
ആയതപ്രതിമകൊണ്ടു കാഞ്ചന-
പ്രായമാകുമൊരു പാലമിട്ടിതോ! ൪൬

സാരലക്ഷ്മിയമരുന്നിടങ്ങളാം
സാരസങ്ങളെയടച്ചു പൂട്ടിയും

൪൩. ബഹു—രീക്ഷൻ=ഏററവും ദുർദ്ദർശൻ (നോക്കിക്കൂടാത്ത നിലയിലുള്ളവൻ). നേത്രഗമ്യൻ=കണ്ണുകൾകൊണ്ടു നോക്കിക്കാണാവുന്നവൻ.

൪൫. അകൃ—ജ്ഞനം=സ്വാഭാവികമായ ശോഭയെ സമ്പാദിക്കുക. വന്യവല്ലികൾ=കാട്ടുവള്ളികൾ.

൪൬. തോയ—ലംബി=പടിഞ്ഞാറെദിക്കിൽ ചാഞ്ഞുനില്ക്കുന്നവൻ. അഹർപ്തി=ജ്വലിയ്ക്കൽ. ആയതപ്രതിമ=നീണ്ട പ്രതിബിംബം. കാഞ്ചനപ്രായം=സ്വർണ്ണമയം.

Digitized By Kerala Sahitya Akademi

പോര, മീതെയളിമുദ്രവെച്ചുമി–
ന്നേരമക്കനപരാശ പൂകിനാൻ. ൪൦

ഉച്ചശൈലതടപാദപങ്ങൾ തൻ
പച്ചയാകിയ പലാശപംക്തിയിൽ
ഉച്ചലിച്ചു വിലസുന്നിതേ,ററവും
മെച്ചമൊത്തു രവിരശ്മിരേഖകൾ. ൪൧

ഇന്നഹഃപ്ലാവി തൊട്ടിതേവരെ–
ത്തിന്നതിന്നു മതിയായ് വരും ജലം
സന്നതാംഗി! ഗിരിപല്വലങ്ങളിൽ–
ച്ചെന്നണഞ്ഞു നുകരുന്നു ദന്തികൾ. ൪൨

പങ്കസങ്കലിതമായ പല്വല–
ത്തിങ്കൽനിന്നു കയറുന്നു പന്നികൾ;
ശങ്കവിട്ടിനി വരും തമസ്സുതൻ
കിങ്കരപ്രവരരായ് വരാമിവർ. ൪൩

വാരുണീഭജനരക്തനായ് ച്ചമ–
ഞ്ഞൊരു സൂര്യനതിസന്നപാദനായ്,

---

൪൦. ലക്ഷ്മി=ശ്രീദേവി. ശ്രീദേവി പത്മാലയയാണല്ലോ. അപരാശ=പടിഞ്ഞാറേ ദിക്ക്; അന്യദിക്ക് എന്നും. ഒരു ധനികൻ മറുദിക്കിലേക്കു പോകുമ്പോൾ, ലക്ഷ്മി(സമ്പത്ത്) ഇരിക്കുന്ന ഗൃഹങ്ങളെ പൂട്ടി, മുദ്രവെക്കുന്നതു സാധാരണമാണല്ലോ. സൂര്യാസ്തമയത്തിൽ താമരപ്പൂക്കൾ കൂമ്പുമെന്നാണ്, കവിസങ്കേതം.

൪൧. പലാശപംക്തി=ഇലക്കൂട്ടം. മെച്ചം=വർണ്ണോൽക്കർഷം.

൪൨. അഹഃപ്ലാവി=പ്രഭാതം. ആനകൾക്ക് ഒരു ദിവസത്തെ തീറ്റിക്ക് ...ട്ടുവരൽ ...നായിട്ടൊരു വെള്ളംകുടിയാണ് പതിവ്.

൪൩. പങ്കസങ്കലിതം=ചളിനിറഞ്ഞത്. തമസ്സ്=ഇരുട്ട്.

Digitized By Kerala Sahitya Akademi

ആരു താങ്ങിടു? മിതാ, പതിച്ചുയായ്
ഭീരു! ഭൈരവതരാംബുരാശിയിൽ! ൧൪

താനിതേവമൊ നവോപലാഭമാം
വാനിടത്തു നട കൊണ്ടു മൂലമോ,
ഗ്ലാനി പൂണ്ടരുണമായ് സുവച്ചലാ-
ജാനിദേവനുടെ പാദമൊക്കയും! ൧൫

പാൎത്തിടാതെയുളവാം നിശാഗമം
പാൎത്തിതാ, വരുണദിഗ്വധൂടിയാൾ
മൂൎത്തിരക്തിമ കലൎന്ന സൂൎയ്യനാൽ-
ച്ചാൎത്തി കുങ്കുമവിലാസചിത്രകം! ൧൬

സ്വീയസൽകരസഹസ്രവും ഗുണ-
ശ്ലാഘ്യതില്ലഹഹ! കാലവൈഭവാൽ
ശ്രീയണിഞ്ഞരണി, നമ്മുടേതു പോ-
ലായതാബ്ധിയിലിതാ മറിഞ്ഞു പോയ്! ൧൭

൧൪. വാരു—രക്തൻ=വാരുണീസേവനം (പടിഞ്ഞാറെദിക്കിനെ പ്രാപിക്കൽ, കള്ളുകുടി) കൊണ്ടു ചുകന്നവൻ. പാദശബ്ദത്തിന്നു രശ്മി എന്നും കാൽ എന്നും അൎത്ഥം. ആരു താങ്ങിടും എന്നതു് അനുകമ്പാദ്യോതകം. ഇവിടെ രണ്ടുപേരും സമുദ്രപാതക്ലേശമനുഭവിച്ചവരാണല്ലോ.

൧൫. നവോ—പലാഭ=പുത്തൻകല്ലുപോലെയുള്ളതു് (കറുത്തതു്.) അരുണമായ്=ഇരുണ്ടു. സുവച്ചലാജാനി=സൂൎയ്യൻ; സൂൎയ്യന്റെ ഒരു ഭാൎയ്യയുടെ പേർ സുവച്ചല എന്നാകുന്നു.

൧൬. പാൎത്തിടാതെ=താമസിയാതെ. നിശാഗമം=രാത്രിയുടെ വരവു്. വരു—ടിയാൾ=പടിഞ്ഞാറെദിക്കാകുന്ന സ്ത്രീ. മൂൎത്തി രക്തിമ=ഉടൽച്ചുകപ്പു്. സ്ത്രീകൾ സായംകാലത്തു് അംഗപ്രസാധനം ചെയ്യുന്നതു സാധാരണമാണല്ലോ. ചിത്രകം=തിലകവിശേഷം.

൧൭. സ്വീയ—സ്രം=തന്റെ നല്ല ആയിരം രശ്മികൾ,

Digitized By Kerala Sahitya Akademi

ലോകബന്ധുവസുനാശമാന്നു നി-
ശ്രീകനായ നില കണ്ടു പക്ഷികൾ
ക്കുകൽകൊണ്ടു വിലപിച്ചിട്ടന്നിതോ!
ശോകമില്ലെവനു മിത്രഹാനിയിൽ? ൮൮

പീവരസ്തനി! വികസ്വരോൽപ്പല-
പ്പൂവണിപ്പുതുമണത്തെയാർന്നിതാ!
താവകീനനെടുവീർപ്പിനൊത്ത മ-
ട്ടായ്‌വരുന്നു മൃദുസാന്ധ്യമാരുതൻ. ൮൯

ലാലസിപ്പിതു സമുദ്രവീചികാ-
മാലയിൽപ്പതിതമക്കമണ്ഡലം:
ലോലമായടിയിൽനിന്നു ബാഡബ-
ജ്വാല തെല്ലുടനുയന്നതിൻവിധം. ൯൦

കേളി,ത വരെ നിജാന്ധ്യകാരിയാം
ഫേളി വൻകടലിൽ വീണ കാഴ്ചയെ

---

സ്വീയന്മാരുടെ (സ്വന്തം ആളുകളുടെ) നല്ല ആയിരം കയ്യുകൾ എന്നും. ശ്രീയണിത്തരണി=ശ്രീമാനായ സൂര്യൻ, സമൃദ്ധമായ കപ്പൽ. നമ്മുടേതു=നമ്മുടെ കപ്പൽ. ഉരുതാബ്ധി=വിസ്തീർണ്ണമായ സമുദ്രം.

൮൮. ലോകബന്ധുവസുനാശം എന്നേടത്തു വസുനാശം (രശ്മിനാശം) അസുനാശം (മരണം) എന്നു രണ്ടുവിധം പദച്ഛേദം. ലോകബന്ധുമിത്രശബ്ദങ്ങൾ സൂര്യപര്യായങ്ങളുമാണല്ലോ.

൮൯. ഈ സന്ദർഭത്തിൽ താരാവലിക്കു നിശ്വാസമുണ്ടായതു,(കപ്പലുടയുക മുതലായ) മുൻകഥകൾ എല്ലാം ഓർമ്മയിൽ വന്നതുകൊണ്ടാണ്. പത്മിനീജാതിയിലുള്ള സ്ത്രീകളുടെ നെടുവീർപ്പിന്നു സൌരഭ്യമുണ്ടായിരിക്കുമത്രേ.

൯൦. ലാലസിപ്പിതു=ശോഭിക്കുന്നു, പതിതം വീണതു്, ബാഡബജ്വാല=ബഡബാഗ്നിയുടെ ജ്വാല.

Digitized By Kerala Sahitya Akademi

പാളി നോക്കി രസമുൾക്കലന്നിതാ
മൂളിടുന്നു മരമാന്ന മൃങ്ങകൾ! ൩൪

പാവനപ്രകൃതി, കമ്മസാക്ഷിയാം
ദേവനസ്തമിതനായ കാരണം
ദ്യോവടച്ചു, വരവണ്ണിനി! ക്ഷണാൽ-
ക്കൈവെളന്നു ബഹുവണ്ണസങ്കരം. ൩൫

നൈകവണ്ണഘനവൃന്ദമംബരേ
ഹാ! കലത്തുമുടനേ തുടച്ചിടും:
ഹേ കലാവതി! ദിനാന്തവേളയ-
സ്തോകചിത്രകലയഭ്യസിയ്ക്കയോ! ൩൬

താനണിഞ്ഞ മണി, സൂൎയ്യനാഴിയാൽ
നൂനമിങ്ങു ഹൃതനായ് ബ്ബുധിയ്ക്കയാൽ
മാനസത്തിലരിശം മുഴുത്തിതാ,
ചാനതീവ പരിപാടലാഭമായ്! ൩൭

൩൪. നിജാസ്ധ്യകാരി=തങ്ങൾക്ക് അന്ധ്യതയെ (കണ്ണുകാണായ്കയെ) ഉണ്ടാക്കിയവൻ. ഹേളി=സൂൎയ്യൻ. അവനവന് ഉപദ്രവമുണ്ടാക്കുന്നവൻക്ക് അപത്തു പററിക്കാണുന്നതു, അക്കം രസകരമാണല്ലോ.

൩൫. കമ്മസാക്ഷിയായ ദേവന്റെ അഭാവത്തിൽ, ബഹുവർണ്ണസങ്കരം (പലജാതിക്കാരുടെ കൂടിക്കലൎച്ചയാകുന്ന അധമ്മം) വർദ്ധിച്ചുവരുന്നതാണല്ലോ. അകാരം നാനാവർണ്ണങ്ങളോടു (നിറങ്ങളോടു) കൂടിയതായിതീരുന്നു എന്നുഭാവം.

൩൬. നൈക—വൃന്ദം=പലനിറത്തിലുള്ള മേഘസമൂഹം. അംബരേ=ആകാശത്തിൽ, വസ്ത്രത്തിൽ. ദിനാന്തവേള=സന്ധ്യ; അതാകുന്ന ഒരു സ്ത്രീ അസ്തോകചിത്രകല(മഹത്തായ ചിത്രമെഴുത്ത്) അഭ്യസിക്കുന്നവർ പടത്തിൽ പലതരം ചായങ്ങൾകൊണ്ട് ഓരോന്നെഴുതുകയും, നന്നാകാഞ്ഞിട്ട് ഉടനെ മാച്ചുകളകയും ചെയ്തുകൊണ്ടിരിക്കുമല്ലോ.

൩൭. ഹൃതൻ=അപഹരിക്കപ്പെട്ടവൻ. പരി—ലാഭം=ചുകന്ന നിറത്തോടുകൂടിയതു;



Digitized By Kerala Sahitya Akademi

ദ്രോഹമർക്കനിലിയററവേ, ദ്വിജ-
വ്യൂഹപാതിതശരാർഗ്ഘ്യപംക്തിയാൽ
ദേഹമപ്പടി മറിപ്പെട്ടുന്ന മ-
ന്ദേഹർ തൻ രുധിരമോ നഭസ്സിതിൽ! ൩൫

സന്തതപ്രചലപക്ഷിഘോഷമു-
ണ്ടു;-ന്തരിക്ഷതലമോ വിപാണ്ഡുരം;
ഹന്ത! രാവിലെയിനോൽഗ്ഗതിക്കു മു-
മ്പെന്തവസ്ഥ,യതു തന്നെയിപ്പൊഴും." ൩൬

ഇപ്പുറത്തൊരിടയാൽത്തിരിച്ചു വ-
ന്നപ്പുരപ്രണിധി, മന്ത്രി ചൊല്ലിനാൻ:—
"നില്പതുണ്ടൊരു വണിക്പ്രമാണിതൻ
കപ്പലിങ്ങു;തു ശരിപ്പെട്ടുത്തിനേൻ. ൩൭

യാതമാ,മിവിടെനിന്നു രാവിലി-
പ്പോതവെയ്ക്കു,മൊരു യാമമെത്തിയാൽ;
വീതവിഘ്നമിതു നാലുനാഠംക്കകം
വേതസത്തിലണയുന്നതാണു പോൽ." ൩൮

ദൂരയാത്ര ലഘുവാകുവാൻ തരം
സൈപരമൊത്തതിൽ മനം തെളിഞ്ഞുടൻ

൩൫. ദ്വിജ—പംക്തി=ബ്രാഹ്മണവൃന്ദത്താൽ വീഴ്ത്തപ്പെട്ട (പ്രയോഗിക്കപ്പെട്ടി)ശരാർഗ്ഘ്യങ്ങളുടെ(ജലാഞ്ജലികളുടെ, ബാണാഞ്ജലികളുടെ) കൂട്ടം. രുധിരം=രക്തം. പതിനൊന്നാംസൎഗ്ഗത്തിലെ 40-ാം ശ്ലോകത്തിന്റെ ടിപ്പണി നോക്കുക.

൩൬. ഇനോൽഗ്ഗതി=സൂൎയ്യോദയം.

൩൭. തിരിച്ചുവന്ന്=കടലവക്കത്തുനിന്നു തിരിച്ചെത്തി;

൩൮. യാതമാം—പോകും.

Digitized By Kerala Sahitya Akademi

ആചരിച്ചിതു പിതൃപ്രസൂനമ-
സ്കാരമൃഷിപസുതൻ പിതൃപ്രിയൻ. ൯

പിന്നെയും, പെരിയ സാന്ധ്യഭംഗിയെ-
ത്തന്നെ നോക്കി, നവസൂക്തിമാധുരിയാൽ
പൊന്നെതിർദ്യുതിശരീരവല്ലിയാമ-
ത്തന്നെയത്തരുണനാർദ്രയാക്കിനാൻ:— ൧൦

"ശസ്തരാഗമരുണാനുവൃത്തി പൂ-
ണ്ടസ്തശൈലതടമാർന്ന സന്ധ്യയെ
ധ്വസ്തയാക്കുവതിനന്ധകാരമ-
ഭ്യസ്തമായി മുതിരുന്നിതഞ്ജസാ. ൧൧

ദാരുണാത്യയമടുത്ത സന്ധ്യതൻ
ചാരുലക്ഷ്മി ഗിരിധാതുഭൂവിലും,
ദാരുപല്ലവകദംബകത്തിലും
ചേരുമാറു വിഭജിച്ചു വെച്ചിതോ! ൧൨

---

൯. ലംഘ്യമാക്കുവാൻ=ധിക്കൃതപ്പെടുത്തുവാൻ. ആചരിച്ചിതു=ചെയ്തു. പിതൃ—സ്കാരം സന്ധ്യാവന്ദനവിധി. പിതൃപ്രസൂശബ്ദം സന്ധ്യാപര്യായമാകുന്നു.

൧൦. സന്ധ്യാവന്ദനാനന്തരവും മധുരമായ സന്ധ്യാവർണ്ണനം കൊണ്ടു നായികയെ രസിപ്പിച്ചു എന്നു സാരം.

൧൧. ശസ്തരാഗം=നല്ല രാഗത്തോടു (ചുകപ്പോടു, അനുരാഗത്തോടു) കൂടുംവണ്ണം. അരുണാനുവൃത്തി=സൂൎയ്യനെ അനുസരിക്കൽ. ധ്വസ്തയാക്കുവതിനു=ധ്വംസിപ്പാൻ (നശിപ്പിപ്പാൻ). അഭ്യസ്തം=സമഗ്രം. ഭർത്താവിനെ അനുഗമിച്ചു മലച്ചെരുവിൽ പെട്ടാൻ സംഗതിവന്ന ഒരു സാധ്വിയെ പീഡിപ്പിപ്പാനായി ദുർജ്ജനം ഒരുമ്പെടുന്നു എന്നു ധ്വനി.

൧൨. ദാരുണാത്യയം=ഭയങ്കരമായ നാശം. ലക്ഷ്മി=ശോഭ, സമ്പത്ത്. ദാരു—കദംബകം=മരങ്ങളുടെ തളിർക്കൂട്ടം. മരണം അടുത്തിരിക്കുന്നവർ, തങ്ങളുടെ ധനത്തെ ഇഷ്ടപ്പെട്ടവർക്കായി ഭാഗിച്ചുകൊടുക്ക

Digitized By Kerala Sahitya Akademi

ദിക്കശേഷമിതളന്നു; ദൃഷ്ടിതൻ-
പക്കൽനിന്നു പിരിയുന്നു പാടവം;
ചിക്കനെത്തടമുടച്ചു തള്ളിവി-
ട്ടക്കരികടലലച്ചു കേറിയോ! ൧൩

ലീലയാ കിമപി വിദ്യ കാട്ടുവാൻ,
കാലമെന്ന കുശലൈന്ദ്രജാലികൻ
നീലമായ നിബിഡാന്ധകാരമാം
ചേലകൊണ്ടുലകു മൂടിടുന്നിതോ! ൧൪

ഏതിടത്തുമൊരു വസ്തു പോലുമേ
വേർതിരിച്ചറിക വയ്യിരുട്ടിനാൽ:
നീതിശാലിനി! മഹാതമഃപരാ-
ഭൃതിയിൽബ്ഭൃത! വിവേകമെങ്ങുവാൻ? ൧൫

കണ്ടുകൊള്ളുകി, കളയായ ചാണകം
കൊണ്ടു തേച്ച ഗഗനാങ്കണസ്ഥലേ,
വണ്ടു ചൂഴമലർവേണി! പൂവിട്ടു-
ന്നുണ്ടു താരകമിഷേണ ശർവ്വരി. ൧൬

സൂരമണ്ഡലമതസ്തപർവ്വത-
പ്പാറമേൽ പ്രകൃതി തച്ചുടച്ചിതാ,

---

ക എന്നതു സാധാരണമാണല്ലോ.

൧൩. പാടവം=ദർശനസാമർത്ഥ്യം.

൧൪. ഇന്ദ്രജാലവിദ്യക്കാർ ഒന്നിനെ മറ്റൊന്നായി കാണിപ്പാൻ ആദ്യം ഒരു വസ്ത്രംകൊണ്ടു കുറെനേരം മൂടിവെക്കും.

൧൫. മഹാതമഃപരാഭൃതി=വമ്പിച്ച തമസ്സിന്റെ (അജ്ഞാനത്തിന്റെ, ഇരുട്ടിന്റെ) ആക്രമം.

൧൬. ഗഗനാങ്കണസ്ഥലേ=ആകാശമാകുന്ന മുറ്റത്ത്. താരകമിഷേണ=നക്ഷത്രങ്ങളെന്ന വ്യാജേന. ശർവ്വരി=രാത്രി.

Digitized By Kerala Sahitya Akademi

താരമാക്കി വിതറുന്നു വാനിലാ-
മ്മാറയേ മധുരഗാത്രി! ലീലയാ! ൧൧

ശ്വേതമായൊരൊളി ശക്രദിക്കിലുൽ-
ഭൂതമാകുവതു കാൺക വല്ലഭേ!
വാതലോലദുദയാചലസ്ഥലീ-
കേതകപ്പൊടി പറക്കയായ് വരാം! ൧൨

പേടി പൂണ്ടു പടി പൂർവ്വദിക്കിൽനി-
ന്നോടിടുന്ന തിമിരദ്വിപോൽക്കരം;
ധാടിയോടുദരമേറുവാൻ തുട-
ങ്ങീടിനാൻ നിയതമിന്ദുകേസരി. ൧൩

രാജസൂയമഖമാചരിച്ചവൻ,
രാജശബ്ദമനുരൂപമാർന്നവൻ,
രാജമാനന,മൃതാംശു, താരകാ-
രാജനഭ്യുദയമാർന്നിടുന്നിതാ! ൧൪

പന്തണിസ്തനി! കരങ്ങളാലിരുൾ-
ക്കുന്തളങ്ങളെയൊതുക്കി മെല്ലവേ
ചന്തമാർന്നു മുകരുന്നു ചന്ദ്രന,-
ത്യന്തരാഗരുചി പൂർവ്വദിങ്മുഖം. ൧൫

൧൧. താരം എന്നതു ജാത്യേകവചനം; താരങ്ങൾ (നക്ഷത്രങ്ങൾ) എന്നർത്ഥം. ഒരു ബാലലീല ദ്യോതിപ്പിക്കുന്നു.

൧൨. ശ്വേതം=ധവളം. ശക്രദിക്കിൽ=കിഴക്കേദിക്കിൽ. വാ—ത—പ്പൊടി=കാറ്റിൽ ഇളകുന്ന ഉദയപർവ്വതത്തിലെ കൈതപ്പൂക്കളുടെ പൊടി.

൧൩. കേസരിയുടെ ആവിർഭാവത്തിൽ ദ്വിപോൽക്കരം (ആനക്കൂട്ടം) പേടിച്ചോടാതിരിക്കില്ലല്ലോ.

൧൪. രാജമാനൻ=ശോഭിക്കുന്നവൻ. താരകാരാജൻ=ചന്ദ്രൻ.

൧൫. കരശബ്ദം രശ്മിപാണിവാചിയാകുന്നു. രാഗത്തിനു

Digitized By Kerala Sahitya Akademi

സോമരശ്മികളുദയവേളകളിൽ,-
ത്താമസപ്പരിഷ താന്നു ദിക്കിലും:
നേമമായുലകിൽ നന്മതിന്മകൾ-
ക്കോം,മലേ! സമനുരൂപമീ സ്ഥിതി. വൃ൨

കണ്ണനറ്റൊരളിയൻ, ഹരന്നിടം-
കണ്ണ്,നങ്ങന സുമങ്ഗളാസ്പദം,
വിണ്ണവക്കമൃതു, പാൽക്കടൽക്കു തു-
വെണ്ണ, വെണ്മതി മിഴിക്കൊരുത്സവം. വൃ൩

മങ്കമാർമണി! തവാമലാനന-
ത്തിങ്കളെ ദ്യുതി കൊതിച്ചു മുല്ലമോ,
നിൻ കവിൾത്തടമണഞ്ഞു വാഴ്ത്തി-
ത്തിങ്കൾബിംബ,മനുബിംബകൈതവാൽ! വൃ൪

നേക്ക, നീ മൃഗകലത്തെ ലീനമായ്-
ത്തീക്കമീ മിഴി മൃഗാങ്കനിൽച്ചിരം
ചേക്കകിൽ, സ്വമൃഗമുക്തനായിവൻ
നേക്കമേ തവ മുഖത്തിനോട്ടു താൻ. വൃ൫

ചുകപ്പെന്നും അനുരാഗമെന്നും ശ്ലേഷം. പൂർവ്വദിങ്മുഖം=കിഴക്കേദി
ക്കിന്റെ (ആകുന്ന സ്ത്രീയുടെ) മുഖം.

വൃ൨. താമസപ്പരിഷ=തമസ്സംബന്ധിയായ വർഗ്ഗം (ഇരുൾക്കൂട്ടം).
ലോകത്തിൽ, നന്മ ഉയരുന്നേടത്തും, തിന്മ താന്നേടത്തുമായിട്ടേ
ഇരിക്കൂ.

വൃ൩. അളിയൻ=ഭാര്യാസോദരൻ. ലക്ഷ്മിയും ചന്ദ്രനും പാലാ
ഴിയിൽനിന്നു ജനിച്ചവരാകയാൽ അവക്കു തമ്മിൽ സോദരീസോദരത്വ
മുണ്ടല്ലോ. അമൃത്=ഭക്ഷണസാധനം.

വൃ൪. അനുബിംബകൈതവാൽ=പ്രതിബിംബം എന്ന വ്യാജേന.
കവിൾത്തടത്തിനു ദപ്പണസാമ്യം ധ്വനിക്കുന്നു.

വൃ൫. ലീനം=ഒളിക്കുന്നതു്. ചിരം=ഏറെനേരം. സ്വമൃഗമു

Digitized By Kerala Sahitya Akademi

പോക കപ്പൽ കയറാൻ നമുക്കു; സോ-
ദ്രേകമീ പ്രകൃതിരാമണീയകം
ഹാ! കഥിപ്പതിലവസാനമെങ്ങു? കാ-
ണ്കാ, കവേ ചിതറി ചന്ദ്രികോച്ചയം. ൮൬

വെള്ളി നീളവെയുരുക്കി വീഴ്ത്തിയോ!
തെള്ളി വെണ്മണൽ വിരിച്ചുകൊണ്ടിതോ!
ഉള്ളിലിങ്ങിനെ വിശങ്ക ചേർത്തു, പാ-
ക്കുള്ളിലൊക്കെ വിലസുന്നു കൌമുദി. ൮൭

വെണ്ണിലാവണിയുമീ മണൽപ്പുറം
കണ്ണിണക്കുളിര പാൽക്കുഴമ്പുതാൻ;
ഉണ്ണി ചന്ദ്രനുടെ മേന്മ കണ്ടു മാൻ-
കണ്ണി! തുള്ളി മറിയുന്നിതൻ്റുവം.” ൮൮

വണ്ടാർപൂവേണിയോടിങ്ങിനെ പലതരുളി,-
ത്തോഴനെ പ്പിന്തുടന്നും-
കൊണ്ടാഹ്ളാദിച്ചണഞ്ഞാൻ യുവനൃപതി വണി-
ക്കിൻ്റെ കപ്പൽക്കട്ടുകൾ
രണ്ടാം ശ്രീയായ താരാവലിയെ നവനിലാ-
വത്തു മിന്നിത്തിളങ്ങി-
ക്കണ്ടാ ശ്രീലുബ്ധനാം വാണിജനതനുബലാൽ
വഞ്ചനത്തിന്നൊരുച്ചു. ൮൯

---

കതൻ=തൻ്റെ മാനിനാൽ ഉപേക്ഷിക്കപ്പെട്ടവൻ. നിൻ്റെ നീണ്ടിടം പെട്ട കണ്ണു കണ്ടിട്ടു ചന്ദ്രകലെ മൃഗം ലജ്ജിച്ചോടിയൊളിപ്പാനും, തന്നിമിത്തം നിഷ്കളങ്കനായിത്തീരുന്ന ചന്ദ്രൻ നിൻ്റെ മുഖസൌന്ദര്യഗവ്വത്താൽ മത്സരിപ്പാനും ഇടവന്നേക്കാം. അതിനാൽ ചന്ദ്രങ്കൽ ഏറെനേരം ദൃഷ്ടി പതിക്കാതിരിക്കയാണു നല്ലതു്.

൮൬. സോദ്രേകം=അതിശയത്തോടു (ആധിക്യത്തോടു) കൂടിയതു്. പ്രകൃതിരാമണീയകം=പ്രകൃതിയുടെ സൌന്ദര്യം.

൮൭. കൌമുദി=നിലാവു്.

൮൯. ശ്രീലുബ്ധൻ=ശ്രീയിൽ (ലക്ഷ്മിയിൽ, സമ്പത്തിൽ) ദുരയു

Digitized By Kerala Sahitya Akademi

“ആരമ്പിൽക്കീഴ്പ്പെട്ടില്ലീയഴകിനു ശിവനേ!
വല്ലപാടും നമുക്കീ
സ്ത്രീരത്നം കൈവരാഞ്ഞാൽ പെരികെ വിഫലമീ
രത്നസമ്പാദ്യമെല്ലാം”
പാരം കാമാർത്തിപൂണ്ടീവക നിനവൊടവൻ
കണ്ണുധാരക്കു ഗൂഢാ-
കാരം കൈമുദ്ര കാണിച്ചിതു കമനി കരേറ-
മ്പൊഴാ,ക്കപ്പൽനീക്കാൻ. ൩൦

മുമ്പേ മുഗ്ദ്ധാംഗിയാളെപ്പെരിയ തരണിയിൽ-
ക്കേററി, രാജാത്മഭൂവും
പിമ്പേ തന്മന്ത്രിതാനും ഹരി!ഹരി! കയറാ-
നായ്ത്തുടങ്ങുമ്പൊഴെക്കും—
എൻപേനക്കില്ല, ശേഷം വിവരമെഴുതുവാൻ
ശേഷി! മേന്മേൽ സ്മരൻത-
ന്നമ്പേല്ക്കുന്നാ വണിക്കിൻ വഹനമുദധിയിൽ-
ദ്ദൂരമെത്തിക്കഴിഞ്ഞു!! ൩൧

താരാവലീഹരണം പതിന്നാലാംസർഗ്ഗം.

—————

ള്ളവൻ—വാണിജൻ=കച്ചവടക്കാരൻ. അതനുബലാൽ=വലിയ ശക്തിയാൽ, കാമന്റെ കരുത്താൽ. വഞ്ചനത്തിനു=വല്ലവിധത്തിലും താരാവലിയെ അപഹരിപ്പാൻ.

൩൦. ഗൂഢാകാരം=ഉപായത്തിൽ.

൩൧. രാജാത്മഭൂവും=രാജപുത്രനും. വഹനം=കപ്പൽ. ഈ ദ[illegible]താപഹരണത്തെയാണ് മുൻസർഗത്തിൽ “നീ താൻ, സുബാഹോ” ഇത്യാദി ശ്ലോകത്തിലെ “സൌമിത്രി സീതാരാമക്കപോലവേ” എന്ന ഉപമകൊണ്ടു ദിവ്യദൃക്കായ മതംഗമുനി സൂചിപ്പിച്ചിരിക്കുന്നതു്; ഈ സർഗത്തിലെ 71-ാം ശ്ലോകവും ഇതിന്റെ സൂചനമുൾപ്പെട്ടതാകുന്നു.

Digitized By Kerala Sahitya Akademi

# പതിനഞ്ചാം സർഗ്ഗം

കുരരി പോലബലാമണി കേണിടും
സ്വരമുയർന്നു വണിഗ്ഘനം ക്ഷണാൽ
തിരകളാലെ മറഞ്ഞു, ജഡീഭവൽ-
കരണരായ കുമാരകർ കാൺകവേ. ൧

ചെറുതുമേ നിനയാതെ പിണഞ്ഞൊരീ-
യറവിടാഭിഭവാലവരന്നഹോ!
കുറനരിച്ചതിയേററ മൃഗേന്ദ്രർപോ-
ലവതിയാററഴലിങ്കലുഴന്നുപോയ്. ൨

കിതവവൈശ്യനവന്നു തദാ, തദി-
ങ്ഗിതമറിഞ്ഞൊരു നാവികർ പോലവേ,
സതതമാഹിതചാപലവൃത്തിയാം
ഹതസമീരനുമത്യനുകൂലനായ്! ൩

ജലധിയും, ജലജന്തുവുമാക്രമി-
ച്ചുലസയാക്കി വെടിഞ്ഞ കുമാരിയെ

൧. കുരരി=കുരരാ (ഞാഴൽകാകിൽ) എന്ന പക്ഷിയുടെ പിട. വണിഗ്ഘനം=കച്ചവടക്കാരന്റെ കപ്പൽ. ജഡീഭവൽകരണർ=ഇന്ദ്രിയങ്ങൾ സ്തംഭിച്ചുന്നവർ. കുമാരകർ=പുത്രീപുത്രസുബാഹുക്കൾ.

൨. അറവിടാഭിഭവാൽ=പാറവിടന്റെ ആക്രമം നിമിത്തം.

൩. കിതവവൈശ്യൻ=ധൂർത്തവണിക്ക്. തദിങ്ഗിതം=അവന്റെ അഭിപ്രായം. അറിഞ്ഞൊരു=അംശം കാണിച്ചതിൽനിന്നു ധരിച്ച. നാവികർ=കപ്പിത്താന്മാർ. ആഹിതചാപലവൃത്തി=ചാപലവൃത്തി (ചാപല്യം, ഇളക്കം) ഉള്ളവൻ. ഹതസമീരൻ=കെട്ട (ദുഷ്ടനായ) കാററ്. കാററിന്റെ അനുകൂല്യവും, കപ്പിത്താന്മാരുടെ കൈമിടുക്കും നിമിത്തം കപ്പൽ ക്ഷണനേരംകൊണ്ടു ദൂരത്തായി മറഞ്ഞു എന്നു ഭാവം.



Digitized By Kerala Sahitya Akademi

കുലജനാം പ്രിയനെക്കണികാട്ടി ഹാ!
ജലധിവാണിജനേകി ശഠൻ വിധി!! ൪

'ഹഹഹ! വഞ്ചിതമിജ്ജന'മെന്നു ദു-
ർവ്വഹവിഷാദവിഷാക്രമണത്തിനാൽ
നിഹതചേതനനായ് നൃപസൂനുവാ-
സ്സഹചരൻെറ കരങ്ങളിൽ വീണുതേ. ൫

ശിവ!ശിവ! പ്രജകൾക്കഴൽ കാണ്കയോ,
തവ,വിധേ! തരമൊത്തിട്ടുമുത്സവം?
അവശരെത്ര കടുത്ത വിപത്തിലാ-
ണവപതിച്ചതു ഞങ്ങളരക്ഷണാൽ!! ൬

പ്രതിഭയം ശിവനേ! മനുജൻെറ ദു-
ഷ്കൃതിപരേങ്ഗിതഗോപനപാടവം!
ചതിയനാണു വണിക്കിവനെന്നഹോ!
മതിയിൽ ഞാൻ കരുതീലൊരു ലേശവും. ൭

വിന പെടാത്ത ശുഭാകൃതിയാലു,മാ
വിനയസൂചകവാക്കുകളാലുമേ
അനഘനീ യുവവാണിജനെന്നു തെ-
ല്ലനവധാനത ഞങ്ങളിലാൻപോയ്! ൮

൪. കുലജൻ=കുലീനൻ. ജലധിവാണിജൻ=കടൽകച്ചവടക്കാരൻ.

൫. എന്നു=എന്നു പറഞ്ഞുകൊണ്ട്. നിഹതചേതനൻ=ബോധം കെട്ടവൻ. സഹചരൻ=സചിവൻ.

൬. അവപതിയ്ക്കുക=വീഴുക.

൭. പ്രതിഭയം=ഭയങ്കരം. ദുഷ്കൃ—ടവം=ദുഷ്ടന്മാരുടെ പരമായ വിചാരങ്ങളെ മറയ്ക്കാൻ (പുറത്തറിയിക്കാതിരിപ്പാൻ)ഉള്ള കൌശലം. മതിയിൽ=മനസ്സിൽ.

൮. അനഘൻ=നല്ലവൻ. അനവധാനത=മനസ്സിരുത്താക്ക,

Digitized By Kerala Sahitya Akademi

പെരുതഴക്കുകൾക്കുള്ളിൽ നിറച്ചന-
ല്ലൊരു പുറത്തൊലികൊണ്ടു പൊതിഞ്ഞഹോ!
ഗുരു വിരിഞ്ചി രചിപ്പതെന്തിനീ,-
യൊരുതരം നരഹിംസ്രമൃഗങ്ങളെ! ൯

നളിനജൻ പുറമേ മൃദുചായമി-
ട്ടൊളികയററിയ ദുഷ്ടഗണങ്ങളാൽ
വെളിവിൽ വഞ്ചിതരായ് വലയുന്നു, ദുർ-
ല്ലളിതഖേദമൃജുക്കൾ പലപ്പോഴും!!" ൧൦

പെരുകുമീവക ചിന്തകളാൽ മന-
സ്സുരുകുമാസ്സചിവൻ സലിലാദിയാൽ,
പരുഷശോകപരിപ്ലുതനാകുമാ-
റൊരുവിധത്തിലുണർത്തി കുമാരനെ. ൧൧

ചിരസമാർജ്ജിതമാം ധനമാശു ത-
സ്കരർ കവർന്ന ദരിദ്രനു തുല്യമേ
നരവരാത്മജനാകുലനായ്, പ്രിയാ-
ഹരണശോകഭരം സഹിയായ്കയാൽ. ൧൨

സഹജധൈര്യവുമൊക്കെയെവന്നു ദു-
സ്സഹതരവ്യഥ തട്ടിയുടഞ്ഞുപോയ്;

൯. അഴക്കുകൾ എന്നതിന്നു ദുഷ്ടതകൾ എന്നു താല്പര്യം. ഗുരു=ലോകപിതാമഹൻ. നരഹിംസ്രമൃഗങ്ങൾ=മനുഷ്യരാകുന്ന ക്രൂരമൃഗങ്ങൾ.

൧൦. ദുർല്ലളിതഖേദം=ദുരന്തമായ ഖേദത്തോടുകൂടുംവണ്ണം. ഋജുക്കൾ=കള്ളത്തരമറിഞ്ഞുകൂടാത്ത ശുദ്ധഹൃദയർ.

൧൧. പരു—പ്ലുതൻ=കഠിനദുഃഖംകൊണ്ടു പര്യാകുലൻ. ഉണർത്തി=ബോധംവന്നവനാക്കി.

൧൨. ചിരസമാർജ്ജിതം=വളരെക്കാലംകൊണ്ടു സമ്പാദിക്കപ്പെട്ടതു്. ആശു=സമ്പാദിച്ച ഉടനേ.

Digitized By Kerala Sahitya Akademi

ഹഹ! ഘനർത്തുവിലൂക്കൊടൊഴുകിനാൽ
പ്രഹതമാം പുഴവക്കു കണക്കിനേ. ൰൬

അനനുഭൂതചരപ്രബലവ്യഥാ-
ഘനതമസ്സിലിരുണ്ടു ഹൃദംബരം;
പുനരുടൻ നയനോദകവർഷവും
ജനപതിപ്രിയപുത്രനു ജാതമായ്. ൰൭

വളരെ നീണ്ടു വരും ചുടുവീർപ്പൊടും,
വിളറി വാടി വരണ്ടു മുഖത്തൊടും,
ഇളയ ഭൂപനിരുന്നൊരിരിപ്പു ക-
ണ്ടിളകി വൻകടലും മറയിട്ടിതോ! ൰൮

കരുണമാം രസമങ്ങമെടുത്ത പോ-
ലരുളുമാ പ്രഭുവിൻ നില കാൺകയാൽ
ഉരുകി തോഴനൊരിത്തിരി ഖേദിയായ്-
ക്കരുതിവെച്ച കരാങ്കനെയും ക്ഷണാൽ. ൰൯

ഇടയിലാശ്വസനോക്തി കഥിക്കുവാൻ
തുടരമിഷ്ടസുഹൃത്തിനു മേല്ക്കുമേൽ

൰൬. ഘനർത്തുവിൽ=വർഷകാലത്ത്. പ്രഹതം=താഡിതം.

൰൭. അന—മസ്സ്=മുമ്പ് അനുഭവിച്ചിട്ടില്ലാത്ത പ്രബലദുഃഖം നിമിത്തമുള്ള ഘനതമസ്സ് (വമ്പിച്ച വ്യാമോഹം—ഇതികർത്തവ്യതാമൌഢ്യം). ഘനതമസ്സ് എന്നതിന്നു മേഘങ്ങളെക്കൊണ്ടുള്ള ഇരുട്ട് എന്നും അർത്ഥം. ഹൃദംബരം=മനസ്സാകുന്ന ആകാശം. നയനോദകവർഷം=കണ്ണീർമഴ. ജാതമായ്=ഉണ്ടായി.

൰൮. മറയിട്ടിതോ എന്ന ഉൽപ്രേക്ഷയുടെ ബീജം, കടലിന്റെ ഇരമ്പൽതന്നെ.

൰൯. കരുണമാം രസം=ദുഃഖരസം. പ്രഭു=സ്വാമി. കരാങ്കനം=ധൈര്യം.

Digitized By Kerala Sahitya Akademi

ഇടരിയററമൊരുഗ്രദശാന്തരം
തടവി രാജസുതൻ വിലപിച്ചുയായ്:— ൧൭

"ധരണിയിങ്കലഭാഗ്യതയെന്നതിൻ
പരമകാഷ്ഠ ലഭിച്ചു കഴിഞ്ഞു മേ;
പരവശസ്ഥിതി തേടിയതില്ലയോ,
കരമണഞ്ഞൊരു മങ്ഗളലക്ഷ്മിയും!! ൧൮

ദ്രുതമണഞ്ഞിഹ ഞാൻ മുഴുകീടിലീ,-
സ്സുതപൂൎണ്ണപയോനിധി പോലുമേ
അതനുതാപദമാം മദഭാഗ്യതാ_
വിതതിയാൽ ബത! വററി വരണ്ടുപോം!! ൧൯

പുരിയിൽനിന്നു വിദേശഗനായി ഞാൻ,
പരിജനങ്ങളും മുടിഞ്ഞു സഖാക്കളും;
ഹരി!ഹരി! പ്രിയ ലബ്ധവിനഷ്ടയായ്;
ദുരിതമീവിധമേവനു കൈവരും? ൨൦

ഖലവണിഗ്ഗ്രഹത്തിലനാഥയായ്
നിലവിളിച്ചു, നിതാന്തചലാക്ഷിയായ്
വലയു,മിപ്പൊഴുതെൻപ്രിയ, കഷ്ടമേ!
വലയിൽ വീണൊരു മാമ്പിട പോലവേ. ൨൧

---

൧൭. ഇടയിൽ=വിലാപമദ്ധ്യത്തിൽ.

൧൮. അഭാഗ്യത=ഭാഗ്യമില്ലായ്മ. പരവാരസ്ഥിതി=അന്യാധീനയെന്നുള്ള നില.

൧൯. സുത—നിധി=എന്നും നിറഞ്ഞിരിക്കുന്ന സമുദ്രം. അതനുതാപദം=വലിയ താപത്തെ (ദുഃഖത്തെ, ചൂടിനെ)ദാനംചെയ്യുന്നത്. മദ—തതി=എന്റെ ഭാഗ്യമില്ലായ്മയുടെ വലിപ്പം.

൨൦. വിദേശഗൻ=മറുദിക്കിനെ പ്രാപിച്ചവൻ. ലബ്ധവിനഷ്ട=കിട്ടിയഉടനേ പോയ്പ്പോയവൾ.

Digitized By Kerala Sahitya Akademi

പ്രണയമെന്നിലിയന്നതു മൂലമാ-
ണ്ണവതിക്കുഴൽ പെട്ടിതു വിപത്തമേ;
ക്ഷണമന്ന വ്യസനം പല,മെങ്കൽവ-
ന്നണയുമോക്ക;-തു സിദ്ധമനേകധാ!! ൧൨

മമ വിയോഗവു, മാച്ചപലൻറയാ-
ക്രമവുമെൻപ്രിയകല്പകവല്ലിയെ
സമമെരിച്ചു കളഞ്ഞിതുമിപ്പൊഴേ:
സമരുദഗ്നിശിഖാവലി പോലവേ. ൧൩

നില വെടിഞ്ഞു വിടൻ പെരുമാറവേ
ജലധി താനബലക്കവലംബനം:
കുലവധൂടികൾ ജീവനിലും തുലോം
വിലമതിക്കുവതല്ലി സതീവ്രതം? ൧൪

അപരനാരൊരു കശ്മലനെൻകിട-
ക്കുപചിതപ്രിയയാകിയ സാധ്വിയെ
വിപദി ഹാ ഹര! വീഴ്ത്തിയതില്ലയോ,
സപദി, രക്ഷണമാചരിയാതെ ഞാൻ! ൧൫

൧൨. ക്ഷണമന്ന=ക്ഷണംതോറും. അനേകധാ=പലപ്രകാരം. സിദ്ധം=അനുഭവിച്ചറിയപ്പെട്ടതു്.

൧൩. പ്രിയ—വല്ലി=പ്രിയപ്പെട്ട കല്പകവല്ലി; കല്പവല്ലിപോലെ സർവ്വേഷ്ടദായിനിയായ പ്രിയതമ എന്നു സാരം. സമം=ഒപ്പം (ഒന്നായിച്ചേർന്നു്). സമ—വലി=കാറ്റോടുകൂടിയ തീജ്വാലക്കൂട്ടം.

൧൪. കുലവധൂടികൾ=കുലീനമാരായ സ്ത്രീകൾ. ചാരിത്രരക്ഷക്കായി ആ കുലീനയായ അബല കടലിൽച്ചാടി പ്രാണത്യാഗം ചെയ്തുവെന്നു സാരം.

൧൫. ഉപചിതപ്രിയ=പ്രണയം വർദ്ധിച്ചവൾ. വിപദി=വിപത്തിൽ.

Digitized By Kerala Sahitya Akademi

ശഠാത്മരനോടിനിയെന്തുചെയ്യു,മീ-
ശ്ശിശുമൃഗക്ഷണതന്ന കഥ തീർത്ത ഞാൻ?
അശുഭതയെല്ലാ,മൊരു കാൽനിമിഷം, വിധേ!
പശുവിനെ പ്പാമൻവശമാക്കി നീ!! ൫൬

"അനുപദം ബത!പാതകി ഞാൻ നിര-
ക്കനുപമാർത്തികൾ ചേർത്തവനെങ്കിലും,
അനുവദിക്കുക, വിണ്ണണയുന്ന നി-
ന്നനുഗതിക്കിവനെപ്പതിദേവതേ!! ൫൭

ജവമൊടെന്നപരാധമശേഷവും,
ഭുവനസാധ്വി! പൊറുത്തു കൃപാബലാൽ
ഭവതിയെന്നെയനുഗ്രഹിയാഞ്ഞിലീ,-
യിവനു ദുർന്നരകം ഗതി സർവ്വഥാ!" ൫൮

വിതതദുഷ്കൃതനാണിവനെങ്കിലും,
സതതമെൻ പരലോകസുഖത്തിനായ്
ധൃതദയം ഹൃദി നേരണമേ, സുഹൃ-
ദ്വ്രതവിശുദ്ധർ ഭവാദൃശരേവരും!" ൫൯

൫൬. ശഠാത്മാൻ=വസുദത്തൻ. പറയന്റെ കയ്യിൽ കിട്ടിയ പശുവിന്റെപോലെയായി, എന്നെ പ്രാപിച്ച സാധ്വിയുടെ സ്ഥിതി എന്നു സാരം.

൫൭. അനുപദം=അടിയ്ക്കടി, അനുഗതി—പിന്തുടരൽ. പതിദേവതമാർ (മഹാസാധ്വികൾ) ഭർത്താവിന്റെ ദ്രോഹങ്ങളെ മറന്നും, അവനു ഹിതംചെയ്യുന്നവരാണല്ലോ.

൫൯. ദുഃഖവൈവശ്യം നിമിത്തം പ്രാണത്യാഗം ചെയ്യാൻ ഉറച്ചിട്ടു, മന്ത്രിയോടുതന്നെ വീണ്ടും പറയുന്നു:—സുഹൃദ്വ്രതവിശുദ്ധർ=മൈത്രീധർമ്മാനുഷ്ഠാനംകൊണ്ടു പരിശുദ്ധർ. ഭവാദൃശന്മാരുടെ ഹൃദയംഗമങ്ങളായ പ്രാർത്ഥനകൾകൊണ്ടേ, ദുഷ്കൃതപൂർണ്ണനായ എനിക്കു പരലോകത്തിൽ നന്മയുണ്ടാകാൻ വഴിയുള്ളു.

Digitized By Kerala Sahitya Akademi

അരചനന്ദനനത്ര വിധം പക-
ന്നരയിൽനിന്നു———ഹരേ! ഹര! ശങ്കര!;
ത്വരയൊടോരു തടഞ്ഞൊരു മട്ടിലി-
ങ്ങരമുരച്ചു സുബോദ്ധ്യ സഗൽഗദം: ൩൦

"ഉരുപൌരം തവ വാൾക്കു കഴുത്തിത-
ല്ലിര; വധൂഹരദുർഗ്ഗളമാകണം:
പരജനത്തിലുടൻ പക വീട്ടിടാ-
തരമടങ്ങുക പൂരുഷധർമ്മമോ? ൩൧

'എവിടെയോടിയൊളിക്കിലും, തിര-
ഞ്ഞവിടെയെത്തി, വിടന്റെ ശിരസ്സിനെ,
ഭുവി പനമ്പഴമാം പടി വീഴ്ത്തിടാ-
തവിനയത്തൊഴിൽ ചെയ്യുകയോ ഭവാൻ? ൩൨

വഴി പിഴച്ചൊരുവന്നു, തുണയ്ക്കുവാൻ
മിഴികളായിരമുള്ളവനേല്ക്കിലും,
കഴിയുമോ ഭവദസ്ത്രപഥത്തിൽനി-
ന്നൊഴിയുവാനയി വീരശിഖാമണേ! ൩൩

കനകഖണ്ഡമിതെന്നു കടുത്ത തീ-
ക്കനലു വാരിയെടുത്ത വണിക്കവൻ;

---

൩൦. ഒരു സാമാന്യപുരുഷനായ നായകൻ ആത്മഹത്യയ്ക്കായി, രണ്ടാമതും അരവാളെടുക്കുന്നതായ ഈ മങ്ങുന്ന സന്ദർഭത്തിൽ ഭഗവന്നാമോച്ചാരണമല്ലാതെന്തു ഗതി! ത്വര=വെമ്പൽ.

൩൧. വധൂഹരദുർഗ്ഗളം=ഭാര്യയെ അപഹരിച്ചവന്റെ കെട്ട കഴുത്ത്. പരജനം=ശത്രുജനം.

൩൨. അവിനയത്തൊഴിൽ=ആത്മഹത്യാരൂപമായ മൂഢകൃത്യം.

൩൩. വഴി പിഴച്ചോരു=ദുർമ്മാർഗ്ഗചാരിയായ. ഭവദസ്ത്രപഥം=അങ്ങയുടെ ആയുധം ചെല്ലുന്ന വഴി.

Digitized By Kerala Sahitya Akademi

അനഘ! താമസിയാതെ ലഭിക്കണം,
തനതു വൻദുരതൻ ശരിയാം ഫലം! ൩൪

'സതിയെയല്ലൊ,രു മൂർത്തിയെടുത്ത ദു-
ഷ്കൃതിയെയാണി,ഹ ഞാൻ വിധിചോദനാൽ
മതിമറന്നു വശത്തിലണച്ചതെ'-
ന്നതിജവത്തിലവന്നറിവാകണം! ൩൫

അവശമായഴൽ തേടുവതിന്നിത-
ല്ലവസരം; സ്ഥിരമാക്കുക മാനസം;
നൃവര! നമ്മൾ പുറപ്പെടുകീ വഴി-
ക്കു,വനെയാശു തിരഞ്ഞുപിടിക്കുവാൻ. ൩൬

പരുഷമോഷകനെസ്സകുലം വധി-
ച്ചരുളലാൽ ജയലക്ഷ്മിയൊടൊപ്പമേ,
തരുണിമാർമണി ദേവിയെ വീണ്ടെടു-
ത്തരുളുക, രാഘവനെന്നവിധം ഭവാൻ. ൩൭

ബത! സദാ തുണയായ്,സ്സകലോപരി-
സ്ഥിതസതീവ്രതശക്തിയിരിക്കവേ,

൩൪. കനകഖണ്ഡമിതെന്നു=ഇതു പൊൻകട്ടയാണെന്നു തെറ്റി ധരിച്ചു.

൩൫. താരാവലി ഒരു സതിയാണെന്ന് ഇപ്പോൾതന്നെ അവൻ ധരിച്ചുകഴിഞ്ഞിരിക്കും; ഇതുകൊണ്ടല്ല, ഇവൾ, തനിക്കു ശരീരി യായ ദുർമ്മൂർത്തിയാണെന്നുകൂടി, അവന് ഉടനെ അനുഭവം വരുത്ത

൩൬. ഈവഴിക്കു=കടൽകരയിലൂടെതന്നെ.

൩൭. പരുഷമോഷകനെ=ക്രൂരനായ മോഷ്ടാപഹാരിയെ. സകുലം=വംശത്തോടെ. രാഘവൻ=ശ്രീരാമൻ.



Digitized By Kerala Sahitya Akademi

സ്വതനവികലപായവിശങ്കയോ?
ഹതമമങ്ഗളമെൻപ്രിയദൈവമേ! ൩൮

സ്ഫുരിതതീവ്രസതീവ്രതദീപ്തിയാം
പെരിയ സാദ്ധ്വി ഭരാസഹയേവനാം:
എരിയുമഗ്നി പടന്നു ചുഴന്നെഴും
ഗിരിതടക്ഷിതിയാക്ക വിലംഘ്യയാം? ൩൯

ചതിയനാശു കവന്നതിലാത്തയാം
സതിയെ ഹാ! വെടിയുന്നതു യുക്തമോ?
പ്രതിഹരിക്കുക, ദാനവനീതനാം
ശ്രുതിയെ വിഷ്ണു കണക്കെ വരാങ്ഗിയെ. ൪൦

ഝടിതി ധീരത പൂണ്ടെഴുനള്ളുകീ-
യടിയനൊത്ത,രിയെത്തിരയാൻ പ്രഭോ!
കൊടിയ പീഡകളെത്ര ഭവിക്കിലും,
വെടിയുകില്ല മനസ്വികൾ പൌരുഷം. ൪൧

അലസബുദ്ധികൾപോലെ, വിപത്തിലുൾ-
ച്ചലനമെങ്ങിനെയേല്ക്കു ഭവാദൃശർ?

൩൮. പ്രിയാമരണശങ്കയെ നിഷേധിക്കുന്നു: സ്വ—ശക്തി= എല്ലാശക്തികൾക്കും മേലെയായ പരാശക്തി. ഹതം അമങ്ഗളം=അപായങ്ങൾ ശങ്കിച്ചുപോയതുകൊണ്ടുള്ള അമംഗളം ഹതമാകട്ടെ (ശമിക്കട്ടെ).

൩൯. സ്ഫുരി—ദീപ്തി=സ്ഫുരിതവും (ഉജ്ജ്വലവും) തീവ്രവുമായ പാതിവ്രത്യതേജസ്സോടുകൂടിയവൾ. ഭരാസഹ=ദുർദ്ധർഷ (അടുക്കാവതല്ലാത്തവൾ). അഗ്നി=കാട്ടുതീ. ഗിരിതടക്ഷിതി=മലയുടെ താഴ്വാരം.

൪൦. പ്രതിഹരിക്കുക=വീണ്ടെടുക്കുക. ദാനവനീതം=ഹയഗ്രീവാസുരനാൽ കൊണ്ടുപോകപ്പെട്ടത് (അപഹൃത). ശ്രുതി=വേദം.

൪൧. മനസ്വികൾ=ഉൾക്കരുത്തുള്ളവർ.

Digitized By Kerala Sahitya Akademi

മലകലുങ്ങിട്ടാമാ രമെന്നപോ-
ല,ലഘുവാകിയ കാറ്റടി കൊൾകിലും? ൪൨

അരിശമെന്നതു വേണ്ടമിടത്തും,കം
കരിയുമല്ലൽ മഹാശയനങ്ങയും,
അരിമർദ്ദനാന്തക! തേടുവതാകിലോ,
പെരിയ കാതരർതൻകഥയെന്തിനി? ൪൩

ക്ഷിതിയിലാരി,വിടെയുള്ള ഹിതാഹിത-
സ്ഥിതി പറഞ്ഞു തരാനി,നിവിൻറിയേ?
പുതിയ മാലിലുറങ്ങിയതായ നി-
ന്മതിയെ മാറമുണർത്തുകയാണു ഞാൻ.” ൪൪

വരസഖൻറെ സമഞ്ജസവചസ്സിനാൽ
വിരതസാഹസനായ നൃപാത്മജൻ
ധരയിലാ നെടുവാൾത്തലയൂന്നി, നി-
ർഭരവിചാരമൊടും നിലയായിത. ൪൫

“ഇതുവരെ പ്രിയബാന്ധവരെത്തിര-
ഞ്ഞതു വെടിഞ്ഞരിയെത്തിരയാമിനി!
“അളലമെൻ ദുരിതോദയ”മെന്നര-
ച്ചിതു,പുറം നെടുവീർപ്പിട്ടൊത്തവൻ. ൪൬

---

൪൨. അലസബുദ്ധികൾ=മന്ദന്മാർ(മൂഢന്മാർ). അലഘു=വലു
താം.

൪൩. കാതരർ=ഭീരുക്കൾ.

൪൪. പുതിയ=പുതു. ശമനമേവിളിട്ടില്ലാത്ത.

൪൫. വിരതസാഹസൻ=സാഹസത്തിൽനിന്നു പിൻവലിച്ചവ ൻ

Digitized By Kerala Sahitya Akademi

വിമതനിൽച്ചൊടിയും, പ്രിയമേറുമാ-
ക്കമനിയിൽ കനിവും, വിരഹാർത്തിയും
സമമുയർന്നു മനസ്സിലൊരുൽക്കട-
ക്ലമമിയററി കുമാരനു വീണ്ടുമേ. ൩൭

യുവനൃപൻ, ചളിയിൽക്കളഭം കണ-
ക്കവെ പതിച്ച ഗഭീരതരാർത്തിയിൽ;
അവനെയന്നതിൽനിന്നു കരേറുവാ-
നവശചിന്തനമാത്രനശക്തനായ്. ൩൮

പെരിയ താപഭരാൽ നൃപസൂനുവിൻ
വിരിവിയന്ന ലലാടതടം തദാ,
പരിണതാനലപർവതസാനുവിൻ
പരിചിലാം പടി ചുട്ടു പഴുത്തുപോയ്! ൩൯

വ്യഥ മുഴക്കമെഴുന്ന മനസ്സിൽ മുൻ-
കഥകൾ മാഞ്ഞുതുടങ്ങി പതുക്കവേ:
പ്രഥമസന്ധ്യയടുത്തിടവേ മരുൽ-
പഥതലത്തിലുഡുക്കൾ കണക്കിനേ. ൪൦

പരവിചിന്തകളൊക്കെ മറന്നുപോയ്-
പ്പുരമവൻ ദയിതാമയനായ് ക്രമാൽ:

---

൩൭. വിമതൻ=ശത്രു (പത്നിയെ അപഹരിച്ചവൻ). ചൊടി=അമർഷം. സമം=ഒപ്പം. ഉൽകടക്ലമം=പ്രബലമായ വാട്ടം.

൩൮. കളഭം=ആനക്കുട്ടി.

൩൯. ലലാടതടം=നെററി. പരി—സാനു=പാകംവന്ന അഗ്നിപർവ്വതത്തിന്റെ താഴ്വര, അതിമഹത്തായ സന്താപം തലച്ചോറിനെ വേവിച്ചു.

൪൦. പ്രഥമസന്ധ്യ=പ്രദോഷകാലം; മരുൽപഥതലത്തിൽ=ആകാശത്തിൽ. ഉഡുക്കൾ=നക്ഷത്രങ്ങൾ.

Digitized By Kerala Sahitya Akademi

വിരഹിതൈഷണനായൊരാ താപസൻ
പരചിദാത്മകനായ്ച്ചമയും വിധം. ൩൬

'വരികെടോ, വസുരത്നകുമാരിത-
ന്നരികിലേക്കുടനെ' ന്നരചെയ്യുവൻ
ത്വരിതമോടി മഹാബ്ധിതടത്തിൽനി-
ന്നരിയ പർവ്വതസാനുവിലെത്തിനാൻ. ൩൭

'തനുതരോദരിയെങ്ങു ഗമിച്ചു'വെ-
ന്നനുചരൻ പല പാടു തടുക്കിലും,
അനുഗിരീന്ദ്രതടം വിപിനത്തിലാ-
മനുജകേസരി മണ്ടി നടക്കയായ്! ൩൮

നൃപസുതന്നഴലൊട്ടറിയായ്വതി-
ന്നുപകരിച്ചു തദാ മതിവിഭ്രമം;
വിപദുദഗ്രത കാണുമമാത്യനോ
സപദി വിണ്ടു തകർന്നിതു മാനസം. ൩൯

"അവിടെയുണ്ടല്ലോ സഖേ, കണ്ടു ഞാ-
നി,വിടെയല്ലി, തിനപ്പുറമായ് വരാം!"

---

൩൬. പരവിചിന്തകൾ=മറ്റു വിചാരങ്ങൾ. ദയിതാമയനായ്=പ്രിയയെക്കുറിച്ചുള്ള ചിന്ത ഒന്നുമാത്രം ശേഷിച്ചവനായി. വിരഹിതൈഷണൻ=മൂന്ന് ഏഷണകളും ഇല്ലാത്തവൻ.

൩൭. നായകന്റെ ഉന്മാദാവസ്ഥയെ വർണ്ണിപ്പാൻ ഇടങ്ങുന്നു. പർവ്വതസാനുവിൽ=മുമ്പ് രണ്ടുപേരുംകൂടി ഇരുന്ന മലച്ചെരുവിൽ.

൩൮. എന്ന്=എന്നു പറഞ്ഞുകൊണ്ടു. അനുചരൻ=സഹായി (സുബാഹു). അനു—തടം=പർവ്വതങ്ങൾതോറും. വിപിനം=വനം.

൩൯. മതിവിഭ്രമം=ഭ്രാന്ത്. വിപദുദഗ്രത=ആപത്തിന്റെ ഉൽക്കടാവസ്ഥ.

Digitized By Kerala Sahitya Akademi

അവികലഭ്രമമിങ്ങിനെയാ മഹാ-
ടവിയിലോടിയലഞ്ഞു നൃപാത്മജൻ. ൩൭

"അചലമേ, വിധിതൻ നവരൂപസ-
ൽരചനയെൻ ചലമാൻമിഴിയെങ്ങു പോയ്?
അചലയും, ദുരവാപവുമായ തൽ-
സുചരിതം ബഹു നിന്നിലുമുന്നതം. ൩൮

കുടിലകേശി, ഗിരീശ! ഭവാനികേ
വടിവിലാഗതയായിതൊ, നിർണ്ണയം!;
മുടികളാലവൾ വെന്ന ഘനങ്ങളി-
ന്മുടിയിലാണ്ടു പതുങ്ങുവതില്ലയോ! ൩൯

എവിടെ മൽപ്രിയ? നീ പറയാഞ്ഞിൽ, ഞാ-
നിവിടെ നിന്നിനി തട്ടിനിരത്തിടും;
സുവിപുലാർത്തിയൊടെന്തിനു കണ്ണുനീർ
ഭുവി പൊഴിപ്പതിവൻ ബഹുളീക താൻ;" ൪൦

ചിലയിടം നെടുചോലയൊലിക്കുമാ
മലയൊടിപ്പടി തൻപ്രഭു ചൊൽകവേ,

൩൭. അവികലഭ്രമം=മുഴുഭ്രാന്തോടുകൂടുംവണ്ണം. മഹാടവി=വൻകാട്.

൩൮. നവ—ചന=പുതിയ സൌന്ദര്യത്തിൻെറ നല്ല സൃഷ്ടി. അചലം=സ്ഥിരം. ദുരവാപ = ദുർല്ലഭം. തൽസുചരിതം=അവളുടെ ചാരിത്രം. ബഹു ഉന്നതം=വളരെ ഉയർന്നത്. അത്യുന്നതസുചരിതയായ അവളെ ഔന്നത്യമുള്ളവനായ നീ കണ്ടു സൽക്കരിപ്പാൻ ഇടയുണ്ടു് എന്നു ആശയം.

൩൯. മേഘങ്ങൾ മലമുകളിൽ പററിയിരിക്കുന്നതിനെ, ആ സുകേശി അവിടെ ചെന്നതിൻെറ സൂചകമായി കല്പിച്ചിരിക്കുന്നു.

൪൦. കണ്ണുനീർ പൊഴിക്കുന്നു എന്നു തോന്നിയതിൻെറ കാരണം അനന്തരശ്ലോകത്തിൽനിന്നു വിശദമാകും.

Digitized By Kerala Sahitya Akademi

നിലപെടാത്തഴലാൽ മിഴിയിങ്കൽനി-
ന്നലമൊലിച്ചിതു ചോല സഖാവിനും. ൧൯

"അപഹരിച്ചതു വാണിജനല്ലയോ,
കപടവൃത്തിയിൽ നിൻപ്രിയപത്നിയെ?"
കൃപണമിങ്ങിനെ മന്ത്രി കഥിക്കവേ,
നൃപസുതൻ ധൃതിപൂണ്ടരിയാടിനാൻ:— ൨൰

"നനു വണിക്കവനെൻ മഹിതായുധ-
ത്തിനു കല്യാണാകരമാമിരയല്ലയോ?
ധനുഷി മൌർവ്വി മുറുക്കിയ ചന്ദ്രസേ-
നനു ജഗത്ത്രയവും തൃണവും സമം. ൨൧

സ്വമതസിദ്ധി വരാഞ്ഞ, സഹായയാം
മമ കൃശാംഗിയിലെ,ൻപ്രിയമിത്രമേ!
ക്ഷമ വെടിഞ്ഞു കടു ക്രിയ വല്ലതും
കുമതി ചെയ്യുകിലോ, ബത, ഞാൻ ഹതൻ!!" ൨൨

വെളിവിടങ്ങുളവായി വരും തമോ-
മിളിതരാജതനുജഹൃദന്തവും,
കുളിർനിലാവഗവല്ലിനിഴൽക്കിട-
ന്നൊളിയുമാ വനവും സമമായ് തദാ. ൨൩

---

൧൯. മിഴിയിങ്കൽനിന്നു ജലം (പൂരവും) ചോല ഒലിച്ചു എന്നതിന്നു, കണ്ണീർ ധാരയായി ഒഴുകി എന്നർത്ഥം.

൨൰. കൃപണം=ദയനീയമാകുംവണ്ണം. ധൃതി=ധൈര്യം.

൨൧. കല്യാണാകരം=ശുഭപരമ്പരയെ ഉണ്ടാക്കുന്നത്. ധനുഷി=വില്ലിൽ. മൌർവ്വി=ഞാൺ.

൨൨. അസഹായ=തുണയില്ലാത്തവൾ.

൨൩. വെളിവ്=ബോധം. തമോ—മോഹം=തമസ്സ് (മൌഢ്യം,

Digitized By Kerala Sahitya Akademi

“കുലവധൂമണി, മൽകരബദ്ധമാ
മലരണിക്കുഴൽ വീണ്ടുമഴിഞ്ഞിതോ?”
ചിലതിവണ്ണമുരച്ചൊ,രു ഭിക്കിലേ-
ച്ചലസബുദ്ധി നൃപാത്മജനോടിനാൻ. ൩൪

‘തരുകശാഖയിലൊന്നിലുറക്കമായ്
മരുവിടും മയിലിൻ്റെ നെടുപീലിയെ
തിരുമനസ്സു മറിച്ചു ധരിച്ചുവെ’-
ന്നൊരുവിധം പ്രിയമന്ത്രി വിലക്കിനാൻ. ൩൫

വനതലേ യുവഭൂപതി പൂങ്കുല-
ക്കനമിയന്നൊരശോകസുവല്ലിയെ,
സ്തനഭരാനതയാം പ്രിയയെന്നോർത്തി
നിനവൊടോടിയണഞ്ഞു പുണർന്നതേ. ൩൬

സുചിരമോടി വലഞ്ഞൊരി,ടത്തവൻ
നിചിതനിശ്വസിതാനില കൊളുകവേ
ഉചിതസാന്ത്വമുരച്ചുതുടങ്ങിടും
സചിവനാ;-യതുമുഗ്രശരവർഷമായ്. ൩൭

ഇരുട്ട്,) ചേർന്നതായ രാജകുമാരൻ്റെ മനസ്സ്. തരുവല്ലിനിഴൽ= വൃക്ഷങ്ങളുടെയും, വള്ളികളുടെയും ഛായ. ഒളിയും=ഹിനുന്നു. സമം ഇല്ല്യ.

൩൪. മൽകരബദ്ധം=എൻ്റെ കൈകളാൽ കെട്ടപ്പെട്ടതു്. ഈ കേശസംസ്കരണവും ൨൦ാം കഴിഞ്ഞ സർഗ്ഗത്തിലെ ശ്ലോ തേടിയ ഇത്യാദിശ്ലോകത്താൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. അലസബുദ്ധി= ബുദ്ധി മന്ദീഭവിച്ചവൻ.

൩൫. തരുകശാഖ= ചെറുവൃക്ഷക്കൊമ്പ്.

൩൬. സ്തനഭരാനത = കുചഭാരംകൊണ്ടു കുനിഞ്ഞൊന്നു ചാഞ്ഞവൾ.

൩൭. നിചിതനിശ്വസിതം=ഏറ്റവും കിതപ്പോടുകൂടുംവണ്ണം. ഉ

Digitized By Kerala Sahitya Akademi

ക്ഷപ യുമപ്പൊഴുതു്, ഇവണിക്ക ക-
ണ്ടപഹരിച്ചു കുമാരികയോടുടൻ
നൃപസുതാർത്തികൾ ചൊൽവതിനെന്നപോ-
ലപരസിന്ധുവിലേക്കു ഗമിക്കയായ്. ൮

ഉടനെ,യാ നിശയാം നിജകാന്ത വൻ-
കടലണഞ്ഞു മറഞ്ഞതു കാരണം
സ്ഫുടവിഷണ്ണത പൂണ്ടു നൃപാത്മജ-
നുടയ സാദൃശി നേടി നിശേശ്വരൻ. ൯

വിരതനിദ്രവിഹംഗമകൂജിത-
സ്വരമുയർന്ന വനം പുലർവേളയിൽ,
നരവരാത്മജദുർദ്ദശ കണ്ടു നി-
ർഭരശുചാ വിലപിപ്പതു പോലെയായ്. ൧൦

അവനിതന്നിലമന്ദ തമോഭരം
നവരവിദ്യുതിയാൽപ്പരിലുപ്തമായ്;
യുവനൃപന്റെ മനസ്സിലെഴും തമോ-
നിവഹമോ നിലവിട്ടു വളർന്നതേ! ൧൧

---

ഷരവർഷമായ്_ ഉവരുള്ള സ്ഥലത്തു പെയ്യു മഴപോലെ വ്യർത്ഥമായി.

൮ ക്ഷപാ=രാത്രി. നൃപസുതാർത്തികൾ_ രാജപുത്രന്റെ ദുഃഖങ്ങൾ. അപരസിന്ധു=പടിഞ്ഞാറേസ്സമുദ്രം, നേരം പുലർന്നുതുടങ്ങി എന്നു സാരം.

൯. സാദൃശി=സാമ്യം. നിശേശ്വരൻ=ചന്ദ്രൻ.

൧൦. വിര—സ്വരം=ഉറക്കമുണർന്ന പക്ഷികൾ കൂകുന്ന ശബ്ദം. നിർഭരശുചാ=തീവ്രദുഃഖംനിമിത്തം.

൧൧. തമോഭരം=കൂരിരുൾ. പരിലുപ്തം=നശിപ്പിക്കപ്പെട്ടതു്. തമോനിവഹം=വ്യാമോഹപരമ്പര (ഉന്മാദം).



Digitized By Kerala Sahitya Akademi

"ഇവനിതാ സലിലാശ്ശ്ര,മറെപ്പൂതു!
തവ തരുന്നു; കനിഞ്ഞുരചെയ്യണേ!
നവപലാശസുമാധരിയെങ്ങുപോയ്!
ഭുവനലോചനമല്ലി വിഭോ, ഭവാൻ?" ൧൫

"സുതനു വാരിയിലാഗളമഗ്നയാ-
യിത, സഖേ! ലുളിതാളകമാം മുഖം!
മുതലെ വീണുടനിങ്ങു പിടിച്ചിതോ?
ബത! കടുപ്പമിതെ"ന്നു സസംഭ്രമം, ൧൬

സ്ഫുരദളിവ്രജമായി വിടർന്നിടും
സുരഭിയാമൊരു തണ്മലർ കാൺകയാൽ,
പരവശസ്ഥിതി പാർത്ഥിവനന്ദനൻ
സരസി ചാട്ടുവതിന്നു തുടങ്ങിനാൻ. ൧൭

(യുഗ്മകം)

"പിടയുമായ് മരുവും പ്രിയകോകമേ!
ഘടനിഭസ്തനിയെപ്പുഴി കണ്ടിതോ?
തടവൊഴിഞ്ഞുരചെയ്യുക; നിങ്ങൾതൻ-
കിടയിൽ ഞങ്ങളുമുലോം വിരഹാസഹർ." ൧൮

---

൧൫. അഹസ്പതി (സൂര്യൻ) ഭുവനലോചനം (ലോകചക്ഷുസ്സ്) ആകയാൽ, എവിടെയായാലും കാണ്മാൻ കഴിയുമല്ലോ.

൧൬. വാരി=വെള്ളം. ആഗളമഗ്ന=കഴുത്തോളം ആണ്ടവൾ. ലുളിതാളകം=അളകങ്ങൾ ചിന്നിയത്.

൧൭. സ്ഫുരദളിവ്രജം=വരിവണ്ടുകളിളകുന്നത്. സുരഭി=സുഗന്ധി. പരവശസ്ഥിതി=പരന്റെ (അന്യന്റെ) വശയായ സ്ഥിതിയോടു (നിലയോടു) കൂടിയവൻ. ചാടാൻ തുടങ്ങുമ്പോൾ സഖാ ഹാ പിടിച്ചുനിർത്തി എന്നു താല്പര്യം.

൧൮. പ്രിയകോകമേ=പ്രിയപ്പെട്ട ചക്രവാകമേ! വിരഹാസഹർ=വിയോഗത്തെ സഹിക്കാത്തവർ.

Digitized By Kerala Sahitya Akademi

"കദളി! കൌതുകദം തവ കാഴ്ച! നിൻ-
സ്വദളസക്തതുഷാരകണങ്ങളിൽ
അരമാം മഴവില്ലൊളി വായ്ക്കു-
ന്നു,ദയദർക്കമരീചി പതിക്കയാൽ. ൧൩

കദളികാകമനീയതരാംഗി മൽ-
സുദതി നിൻ സവിധത്തിലണഞ്ഞിതോ?
കദനമാർന്നു വിറയ്ക്കുവതെന്തു നീ!
വദ, സഖിക്കുഴൽ വല്ലതുമോതിതോ?" ൧൪

"അലസയാനവിലാസമിതാരിൽനി-
ന്നലഘുഭാഗ്യവശാൽ വശമാക്കി നീ;
നലമൊടെൻപ്രിയയാമവളെങ്ങുവാൻ
വിലസിടുന്നു? കഥിക്ക മഹേഭമേ! ൧൫

ചെറിയൊരെൻപ്രണയം ഗണിയാതിവൻ
ഗിരിതടക്ഷിതി കുത്തിയുടയ്ക്കുവാൻ
ത്വരിതമിങ്ങു തുടർന്നിതു ലീലയാ:
ശരി; ഗുരുസ്മൃതിയെങ്ങു മദാന്ധരിൽ?" ൧൬

൧൩. സ്വദ—ണങ്ങൾ=നല്ല ഇലകളിൽ പറ്റിയ മഞ്ഞുതുള്ളികൾ. അരം=അനല്പം. ഉദ—രീചി=ഉദയന്നായ (ഉദിച്ചുവരുന്ന) അർക്കന്റെ രശ്മി.

൧൪. കദ—രാംഗി=വാഴപോലെ അഴകുള്ള തുടയോടുകൂടിയവൾ. മൽസുദതി=എന്റെ സുന്ദരി (പ്രിയ). കദനം=ദുഃഖം. കാറ്റേറ്റിട്ടുള്ള ചലനത്തെ ക്ലേശവേപഥുവാക്കി കല്പിച്ചിരിക്കുന്നു. വദ=പറഞ്ഞാലും.

൧൫. അല—ലാസം=മന്ദഗമനഭംഗി. മഹേഭം=വലിയ ആന. ഇത്ര അഴകുള്ള മന്ദഗമനം അഭ്യസിപ്പിപ്പാൻ അവളല്ലാതെ മറ്റാരും ഇല്ലാത്തതുകൊണ്ടു നി തീർച്ചയായും അവളെ കണ്ടിരിക്കുമെന്നു ആശയം.

൧൬. പ്രണയം=പ്രാർത്ഥന. ഗുരുസ്മൃതി=ഗുരുവിന്റെ ഓർമ്മ; ഗുരു

Digitized By Kerala Sahitya Akademi

"ഹരിണി! നീ വനവർത്മനി കണ്ടിതോ,
ഹരിവധൂവടിവൊത്തൊരു തന്വിയെ?
വിരിവു,മീക്ഷണഭംഗി യുമുള്ളതാ-
ണരിയ തന്മിഴി, നിൻമിഴി പോലവേ." വൃ൦

"നളിനലോചനയെങ്ങിതു ചൊൽകിലി,-
ന്നളികൾ കൈവെടിയും തവ പൂക്കളെ
ലളിതചമ്പകമേ! മമ കാന്തത-
ന്നളിയെതിർക്കുഴൽ ചേർത്തണിയിച്ചുവൻ." വൃ൫

"തുളകളിൽക്കള്ളൂർകാററ നിറഞ്ഞ വ-
ന്മുളകളേ! വനഗായകർ നിങ്ങളിൽ
വളരുമാദരവോടിഹ വന്നിതോ,
കളതരസ്വരയാം മമ കാന്തയാൾ" വൃ൨

"പ്ലവഗമേ! പറകെ,ന്റെ പരിഗ്രഹം
തവ വിലോചനഗോചരമായിതോ?

വായ (കനത്ത) ഓർമ്മ എന്നും. മദത്തിന്നു ഗർവെന്നും, മദം പാടെന്നും അർത്ഥം. മദാന്ധനായ നീ, നിന്നെ ജലനയനവിലാസം പഠിപ്പിച്ച ഗുരുവിനെ (എന്റെ പ്രിയയെ) വിസ്മരിച്ചതിൽ അത്ഭുതമില്ല. മദാന്ധന്മാർക്ക (ലഹരിപിടിച്ചവർക്ക) സ്മൃതി (മുൻകഥകളെപ്പററി ഓർമ്മ) ഉണ്ടാകുന്നതല്ലല്ലോ.

വൃ൦. വനവർത്മനി=കാട്ടുവഴിയിൽ. ഹരിവധൂവടിവ്=ലക്ഷ്മീസദൃശ്യം. ഈക്ഷണഭംഗി=അഴകുള്ള നോട്ടം.

വൃ൫. വൈരൂപ്യശങ്കകൊണ്ടു വണ്ടുകൾ ഉപേക്ഷിച്ചുന്ന ചമ്പകപ്പൂക്കൾക്ക് വണ്ടിന്നെതിരായ തലമുടിയോടു സമാഗമം ലഭിക്കുന്നത് ബഹുമാനമാണല്ലോ.

വൃ൨. വനഗായകർ=കാട്ടിലെ പാട്ടുകാർ. എല്ലാനാട്ടുകളിലേയും സംഗീതരീതികളെ ധരിച്ചിട്ടുള്ള സംഗീതവിദഗ്ദ്ധയായ എന്റെ പ്രിയ കാട്ടിലെ പാട്ടുകാരുടെ സമ്പ്രദായങ്ങളറിവാൻ നിങ്ങളുടെ അടുക്കൽ വന്നേയ്ക്കാനിടയുണ്ട് എന്നു ഭാവം.

Digitized By Kerala Sahitya Akademi

സ്വവനിതാപ്തിയിൽ വൻതുണ മൈഥിലീ-
ധവനു ചെയ്തു, പൂർവികരല്ലി തേ!" വൃ൯൨

"മനമലിഷ്ഠമൊരഞ്ചിതപഞ്ചമ-
സ്വനമതിൽത്തു രസിപ്പവതെന്തു നീ!
വനമിതിൽ, കുയിലേ! മധുലക്ഷ്മി പോ-
ല, നഘരൂപിണി മൽപ്രിയ വന്നിതോ?" വൃ൯൩

"പ്രവരമാലതി! മാലതിയായൊരെ-
ന്നവനതാംഗി തവാന്തികമാർന്നിതോ?
അവൾ കണക്കലകിൽ സ്സുമനസ്സ നീ
വിവരമെന്നൊടുടൻ പറയേണമേ!" വൃ൯൪

ഘോരാന്ധ്യമാർന്നഗമൃഗാദികളോടുമേവം
ദാരാനുയോഗപരനായ്, ച്ചിരമങ്ങുമിങ്ങും,
താരാവലീവരനമാത്യനഹന്ത! കണ്ണീർ
തോരാതെയാക്കി വനവീഥികളിൽച്ചരിച്ചു. വൃ൯൫

പകലിരവതുപോലായ്, സൂര്യചന്ദ്രാതപത്താൽ
മികവെഴുമുടൽ ചുട്ടും, ഭക്ഷിനിദ്രാദി വിട്ടും,
അകമഴലിൽ മയങ്ങും മന്ത്രിതാനെന്നാളും, നാനാ-
വകവിഷമപഥത്തിൽ ച്ചുറ്റിനാൻ **ചന്ദ്രസേനൻ.** വൃ൯൬

ചന്ദ്രസേനന്റെ വിരഹോന്മാദം പതിനഞ്ചാം സർഗ്ഗം

---

വൃ ൯൨. പ്ലവഗം=കുരങ്ങൻ. വിലോചനഗോചരം=ദൃഷ്ടിവിഷയം. സ്വവനിതാപ്തി=നിജപത്നീലാഭം. മൈഥിലീധവൻ=രാമൻ.

വൃ ൯൩. മധുലക്ഷ്മി=വസന്തലക്ഷ്മി. വസന്തം കുയിലിന്ന് ആഹ്ലാദകരമാണല്ലോ.

വൃ ൯൪. മാലതി=പിച്ചകം. മാൽ അതിയായ=ദുഃഖമേറിയ. സുമനസ്സ് എന്നതു പിച്ചകപര്യായമാണ്, ശുദ്ധഹൃദയമെന്നും അർത്ഥമെടുക്കണം.

വൃ ൯൫. ഘോരാന്ധ്യം=ഭയങ്കരമായ ഉന്മാദം, ദാരാനുയോഗപരൻ=ഭാര്യയെപ്പറ്റി ചോദ്യങ്ങൾ ചെയ്യുന്നവൻ.

വൃ ൯൬. വിഷമപഥത്തിൽ=ദുർഗ്ഗമാർഗ്ഗത്തിൽ.

Digitized By Kerala Sahitya Akademi

## പതിനാറാം സർഗ്ഗം

ഏതാനും നാൾകൊണ്ടു്, ദൈവം വിയോഗോ-
ദ്ഭൂതാത്മാവാമാ യുവക്ഷ്മാശിതാവെ,
സ്വീതാപത്തിൻ നൂതനാകാരമായി-
ട്ടോതാവുന്നോരുഗ്രവൻകാട്ടിലാക്കീ! ൧

ആരാലും ഹാ! കാളരാത്രിയ്ക്കു കീർത്ത്യ-
ള്ളാരാമംപോലാ വനം കണ്ടമാത്രൻ
ഘോരാനർത്ഥം വീണ്ടുമെത്തുന്നതായ്ത്താൻ
നേരായോർത്തും നെഞ്ചിടിപ്പാർന്നിതേറ്റം: ൨

നാനാജാതിക്രൂരപക്ഷിവ്രജത്തിൻ,
പീനാരാവം പേർത്തുമാകാനനത്തിൽ,
കീനാശൻതൻ പ്രൗഢി കീർത്തിപ്പതാകും
ഗാനാഘോഷംപോലെ കേൾക്കായി വന്നു. ൩

കാലേ, കാലേ മൃത്യുവാം ദേവി ഹർഷ-
ത്താലേ ലീലാനൃത്തമങ്ങാചരിക്കെ,
പാലേ ചിഹ്നം തൽപ്പദാലക്തകാങ്കം
പോലെ കാണായ് ശുഷ്കരക്തം ചിലേടം. ൪

---

൧. വിയോഗോദ്ഭൂതാത്മാവ് = പ്രിയാവിരഹത്താൽ കമ്പിതമായ മനസ്സോടു കൂടിയവൻ. യുവക്ഷ്മാശിതാവെ = ഇളയ രാജാവിനെ.
൨. ഓർത്തും = സൂചിപ്പിക്കുന്നു. ആരാമം = ഉദ്യാനപര്യായം.
൩. പീനാരാവം = വലിയ ശബ്ദം. കീനാശൻ = അന്തകൻ.
൪. തൽപ്പദാലക്തകാങ്കം = അവളുടെ (മൃത്യുദേവിയുടെ) കാലുകളിലെ ചെമ്പഞ്ഞിച്ചാറ്. ശുഷ്കരക്തം = ഉണങ്ങിയ ചോര. ആ കാട്ടിൽ അനവധി കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നു താൽപ്പര്യം.

Digitized By Kerala Sahitya Akademi

ഏററം ശല്യം തോന്നിട്ടുംമാറു നാനാ-
നാററംമ്പുകളിൽക്കൊണ്ടു കുത്തിവെച്ചലുത്തി,
ക്കൂറാൻ മൃത്യുവ്യാളമൂതുന്ന മട്ടിൽ-
ച്ചീററത്തോടേ വീശി വൻകാററതിങ്കൽ. ൫

ധാരാളം ദുൎഗ്ഗന്ധപുഷ്പദ്രുമത്താൽ
താരാമാൎഗ്ഗം മൂടുമാറൊട്ടു പൂകേ,
സ്ഫാരാടോപം പത്തുനൂറഗ്രവേട-
ന്മാരാരത്താടീടുന്നതാ വീരർ കണ്ടു. ൬

ആ വൎഷാരംഭത്തിൽ വാനത്തു തിക്ക-
ണ്ടായ് വന്നിട്ടേതാനുമംഭോധരങ്ങൾ
സ്വാവസ്ഥാനത്തിന്നു മന്നാൎന്നിതാ എ-
ന്നേവം തോന്നിച്ചീടിനാരാക്കിരാതർ.

താലപ്രായം നീണ്ടു, കന്നിച്ചു കട്ടി-
ക്കോലം പൂണ്ടുള്ളാപ്പുളിന്ദവ്രജത്താൽ
നീലക്കൊണ്ടൽച്ഛായ, നിൎവ്വാഹമുണ്ടെ-
ന്നാലക്കാടിന്നൊന്നു കൂടിക്കനത്തു. ൮

---

൫ ശല്യം=പീഡ. മൃത്യുവ്യാളം=മൃത്യുവാകുന്ന സൎപ്പം.

൬. ദുൎഗ്ഗ—ദ്രുമം= ചീത്ത നാററത്തോടുകൂടിയ പൂക്കളുള്ള മരം. താരാമാൎഗ്ഗം= ആകാശം. സ്ഫാരാടോപം=വമ്പിച്ച ആടോപത്തോടു കൂടും വണ്ണം.

൭. വൎഷാരംഭത്തിൽ=മഴക്കാലത്തിന്റെ ആരംഭത്തിൽ. ഇപ്പോൾ മഴക്കാലം തുടങ്ങിയിരിക്കുന്നു. അംഭോധരങ്ങൾ = മേഘങ്ങൾ. സ്വാവസ്ഥാനം= തങ്ങളുടെ വാസം. കിരാതർ=കാട്ടാളന്മാർ.

൮. താലപ്രായം=കരിമ്പനയ്ക്കൊപ്പം. നീലക്കൊണ്ടൽച്ഛായ= കാർമേഘത്തിന്റെ വൎണ്ണം.

Digitized By Kerala Sahitya Akademi

ഉന്തിത്തള്ളും പല്ലു,ണക്കത്തൂണത്തിൻ–
പന്തിയ്ക്കൊക്കും മീശ, വക്രിച്ച മൂക്കും,
ചെന്തീയ്യാളും കണ്ണുമുള്ളാനനത്തിൽ,–
ച്ചിന്തിച്ചാലും പേടിയാം ക്രൌര്യമാർന്നാ, ൯

നാശം നാനാജീവജാലത്തിനേകാ–
നാശങ്കിയ്ക്കാതുള്ള തന്നുള്ള പോലേ
ലേശംപോലും സ്നേഹമേല്ക്കാത്ത ചപ്ര–
ക്കേശം വകച്ചീന്തിനാൽ കെട്ടിവെച്ചും, ൧൦

ദണ്ഡം, പാശം, തോട്ടി, കുന്തം, നിഷംഗം,
ചണ്ഡം, വില്ലിത്യാദി തോളിൽധരിച്ചു,
ഗണ്ഡം കോട്ടി,ക്കയ്യിലുള്ളാമിഷത്തിൻ–
ഖണ്ഡം കൂടെക്കൂടെ നോക്കിക്കടിച്ചും, ൧൧

ശൂലപ്രോതക്ഷുദ്രജന്തുക്കൾ പാകം
കാലത്തുണ്ടാം പീഡ കാട്ടിപ്പിടക്കേ
ലീലക്കായിത്തമ്മിലോരോന്നു ചൊല്ലി–
സ്ഥൂലക്കൽത്തൂണൊത്ത കൈപൊക്കിയാർത്തും, ൧൨

൯. വക്രിച്ച=വളഞ്ഞ, ചിന്തിച്ചാലും=നേരിട്ടുകാണാതെ വിചാരിക്കമാത്രം ചെയ്താൽ കൂടി. പേടിയാം=ഭയമുണ്ടാകുന്ന വിധം. ക്രൌര്യം= ക്രൂരത.

൧൦. അശങ്കിക്കാതുള്ള=കൂസലില്ലാത്ത, സ്നേഹത്തിന് എണ്ണ എന്നും അർത്ഥം.

൧൧. ദണ്ഡം= ഉലക്ക. പാശം=കയർ. നിഷംഗം= ആവനാഴി. ചണ്ഡം= ക്രൂരം. ഗണ്ഡം= കവിൾ. ആമിഷം= മാംസം. ഖണ്ഡം= കഷ്ണം.

൧൨. ശൂല—ന്തുക്കൾ= ശൂലത്തിന്മേൽ കോർത്തിട്ടിരിക്കുന്ന ചെറുജീവികൾ. സ്ഥൂലം= തടിച്ചത്.

Digitized By Kerala Sahitya Akademi

പാറയ്ക്കുന്നം ചേർത്ത പാരുഷ്യമേന്തും
മാറത്തേറെ പ്രാണിരക്തം തെറിച്ചും,
ചോരയിൽച്ചാർത്തിയും, വിലപത്ര-
ക്കീറച്ചേലംകൊണ്ടു മദ്ധ്യം മറച്ചും, ൬൩

കണ്ടാൽ കാലാനീകിനിക്കും ഭയാലൂൾ-
ത്തണ്ടാട്ടംമാറെത്തുമാ വേടയൂഥം
രണ്ടാൾ നേരേ നോക്കി നിൽക്കുന്നതീക്ഷി-
ച്ചുണ്ടാമുത്സാഹത്തൊടെന്നാർത്തു കൂകി. ൬൪
(കുളകം)

"കൈവന്നിട്ടേ ഇല്ല നമ്മൾക്കിതിന്നു-
മ്പോലം തേജസ്സേന്തിടും പുംപശുക്കൾ;
ഹാ! വമ്പേറും സ്വാമിതൻ ഭാഗ്യമോതീ-
ടാവതല്ല"ന്നാക്കൂട്ടർ പാഞ്ഞെത്തിതൊപ്പം. ൬൫

ചാരാളന്നീ വേടരോ, വിന്ധ്യകേതു
പ്പേരാർന്നോന്തൻസ്വാമിതൻ ശാസനത്താൽ,
ഘോരാരണ്യേ പുരുഷന്മാരെയങ്ങി-
ങ്ങാരായുന്നോരാണു, ദേവീബലിക്കായ്. ൬൬

൬൩. പാരുഷ്യം=കടുപ്പം. വിലപത്രക്കീറച്ചേലം=കൂവളത്തില കൾ തുന്നിയുണ്ടാക്കിയ കീറവസ്ത്രം. മദ്ധ്യം=അര.

൬൪. കാലാനീകിനി=അന്തകസൈന്യം. വേടയൂഥം=കാട്ടാളക്കൂട്ടം. ഈക്ഷിച്ച്=കണ്ട്.

൬൫. പുംപശുക്കൾ=പുരുഷപശുക്കൾ. 'ബലി' കഴിപ്പാൻ നിയമിക്കപ്പെടുന്ന പ്രാണികളെ പശുക്കൾ എന്നാണ്, വ്യവഹരിക്കുക.

൬൬. ശാസനം=ആജ്ഞ. ആരായുന്നോർ=അന്വേഷിച്ചു നടക്കുന്നവർ. ദേവീബലിക്കായ്=ദേവിക്കു വെട്ടി കുരുതി കഴിപ്പാൻ. ബലിപുരുഷന്മാർ സുന്ദരന്മാരും യുവാക്കന്മാരും ആയിരുന്നാൽ, അധികം ഫലമുണ്ടെന്നത്രേ, ഇവരുടെ വിശ്വാസം.

46 *

Digitized By Kerala Sahitya Akademi

നേരാംമാർഗ്ഗം, ദേവിയെബ്ഭക്തിയോടെകൈക്കൊ-
ണ്ടാരാധിപ്പാനെത്രയുണ്ട്!-ായതൊന്നും
പോരാഞ്ഞിട്ടോ, കഷ്ടമീ പ്രാണഹിംസാ-
ഘോരാകൃത്യം മർത്ത്യരിങ്ങാചരിപ്പൂ!! ൧൭

കാരുണ്യക്കാമ്പായ തായല്ലു, മുന്നിൽ
ച്ചോരും പ്രാണിച്ചോരയാൽ പ്രീതിയാമോ?
ആരും കൈക്കൊള്ളാത്ത കാടർക്കുമാത്രം
ചേരുന്നൊന്നീ, യന്ധവിശ്വാസമോർത്താൽ. ൧൮

വിശ്വം പോററും ദേവിതൻ സുപ്രസാദം
വിശ്വദ്രോഹംകൊണ്ടു നേടാനൊരുങ്ങി,
ശശ്വദ്ധർമ്മാധർമ്മബോധം പെടാതെ
പശ്വന്വേഷം ചെയ്കയാണീപ്പശുക്കൾ!! ൧൯

നീതാനല്ലോ, നിത്യ,മമ്മേ! മനുഷ്യ-
ർക്കേതാട്ടക്കാം മോഹവും നൽകിടുന്നു!
ഏതായാലും, രണ്ടു സിംഹങ്ങളുണ്ടി;-
സ്ത്രീതാഡ്യന്മാരിന്നു കാണും പശുക്കൾ. ൨൦

൧൭. പ്രാണി—കൃത്യം=ജീവികളെ ഹിംസിക്കുക എന്നുള്ള ഭയങ്കര ദുഷ്കർമ്മം.

൧൮. തായ=ലോകാംബിക. മഹാശൂദ്രന്മാരെ കാടർ എന്നു പറയാറുണ്ടല്ലോ.

൧൯. വിശ്വദ്രോഹം=ലോകപീഡനം. ശശ്വൽ=എപ്പോഴും. പശ്വന്വേഷം=പശുക്കളെ (ബലിമൃഗങ്ങളെ) അന്വേഷിക്കൽ. പശുക്കൾ=വിശേഷബുദ്ധിയില്ലാത്തവർ. തങ്ങൾ തന്നെ പശുക്കളായിരിക്കെ സ്ഥിതിയ്ക്ക്, ഇവർ വേറെ പശുക്കളെ തിരഞ്ഞുനടക്കണമത് എന്തിന? എന്ന് അഭിപ്രായം.

൨൦. ഇക്കൂട്ടരുടെ അന്ധവിശ്വാസത്തെ നിന്ദിപ്പാൻ തുടങ്ങി

Digitized By Kerala Sahitya Akademi

വീരന്മാരെബ്ബന്ധനത്തിൽപ്പെട്ടത്താ-
നാരംഭിച്ചും വേടരെ,ത്തൽക്ഷണത്തിൽ,
ധീരം നോക്കും തൻമുഖത്തിൽപ്പുറപ്പെ-
ട്ടോരതേജസ്സാന്നു പിന്നോട്ടു മാററി. ൨൭.

"എന്തിന്നാണീ നിങ്ങൾതന്നുദ്യമം? ഹാ!
ചെന്തീയ്യിൽപ്പോയ്പ്പാററ ചാടായ്ക നല്ലു;
ചിന്തിയ്ക്കുണ്ടോ, പർവ്വതത്തെപ്പുഴക്കി-
പ്പൊന്തിയ്ക്കാനെ"ന്നജ്ഞരോടോതി മന്ത്രി. ൨൮.

ശ്രീമൽഗ്ഗാനം പോത്തു കൊണ്ടോടിയേക്കാം!
സാമം മൂർഖന്മാരിലുണ്ടോ ഫലിപ്പൂ?
ആ മന്ദന്മാർ വീണ്ടുമാത്തേററ, ഭാസ്വൽ-
സോമന്മാരെ ക്കൈക്കലാക്കാനൊരുങ്ങി: ൨൯.

താന്താത്മാവാം ചന്ദ്രസേനന്നു,മിദ്ദുർ-
ദ്ദാന്താനീകം മൂഷ്ടിനാശമല്ലയാലേ

തിനെ നിഷേധിക്കുന്നു: ഏതാദൃക്ക്=ഇപ്രകാരമിരിക്കുന്നത്. മോഹാ-
ന്ധതം. സ്ത്രീതാന്ധ്യന്മാർ=അന്ധത മുഴുത്തവർ. ശൌര്യം കൊണ്ടു
സിംഹതുല്യരായ രാജമന്ത്രികുമാരന്മാരെ പശുക്കളായി കാണ്മാൻ കാ
രണം, ഈ വനേചരന്മാരുടെ അന്ധതാവിശേഷം തന്നെ എന്നു ഭാവം.

൨൭. ബന്ധനത്തിൽപ്പെട്ടത്താൻ=പിടിച്ചുകെട്ടുവാൻ. ധീരം=സ
ധൈര്യം. തൻമുഖത്തിൽ=രാജമന്ത്രികുമാരന്മാരുടെമുഖത്തിൽ.

൨൮. അജ്ഞർ=മൂഢർ. ഈ രാജകുമാരനെ ആക്രമിക്കുക എന്ന
തു, പാററ തീയിൽച്ചാടുന്നതുപോലെ സദ്യോനാശകരവും, പർവ്വതത്തെ
പുഴക്കിപ്പൊക്കുവാൻ വിചാരിക്കുന്നതുപോലെ അസാദ്ധ്യവുമാണു് എ
ന്നു സുബാഹു പറഞ്ഞു.

൨൯. മന്ദന്മാർ=മൂഢന്മാർ. ഭാസ്വൽസോമന്മാരെ (സൂര്യചന്ദ്രന്മാ
രെ) പിടിപ്പാൻ ശ്രമിക്കുന്നതുപോലെയാണു്, ആ വീരന്മാരെ ബന്ധ
നത്തിൽപ്പെടുത്താൻ ഒരുങ്ങുന്നതു് എന്നു ഭാവം.

Digitized By Kerala Sahitya Akademi

കാന്താവിശ്ലേഷോദിതോന്മാദമെല്ലാം
താൻതാൻ നീങ്ങിത്തുക്കടകാണ്ഡ ചുകന്നു. ൧൪

കെട്ടാനായിപ്പാശവും കൊണ്ടടുക്കും
മുട്ടാളന്മാർതൻ പെരുംകൈനിണത്താൽ,
വെട്ടാൻ വേഗം വീരർ കൈക്കൊണ്ട പാമ്പിൻ-
മട്ടാം വാളിൻ വീരപാണം നടന്നു. ൧൫

കൃത്താങ്ഗന്മാരായ മുൻകൂട്ടരെക്ക-
ണ്ടുത്താളോദ്യൽക്രോധരാം ലുബ്ധകന്മാർ,
ചത്താലും പിൻവാങ്ങുകില്ലെന്നമട്ടിൽ-
ക്കത്താനും വെട്ടാനുമായ്പ്പാഞ്ഞു കേറീ. ൧൬

ലോകാരാദ്ധ്യൻ രാജരായാദനേ, റെ-
പ്പേർ കാറാക്കും കാടാരമ്പാട്ടമല്ലേ,
സപ്രാകാരത്താൽ തുല്യമാക്കീ കരിങ്കൽ-
പ്രാകാരം ചൂഴ്ന്നേററമിന്ദ്രധ്വജത്തെ. ൧൭

---

൧൪. താന്താങ്ങാവ്=ഖേദവും, മനസ്സും തളർന്നവർ. ഉത്ഭ്രാന്തനി കണ്ണുള്ളമന്മാരുടെ ശേഷം. കാന്താ—ന്മാദം=പ്രിയാവിരഹത്താലുണ്ടായ ചിത്തഭ്രമം.

൧൫. പെരുംകൈനിണം=വലിയ കൈകളുടെ രക്തം. വീരപാണം=യുദ്ധാരംഭത്തിൽ യോദ്ധാക്കൾ അനുഷ്ഠിക്കുന്ന മധുപാനം.

൧൬. കൃത്താങ്ഗന്മാർ=മുറിക്കപ്പെട്ട അവയവങ്ങളോട്ടു കൂടിയവർ. ഉത്താളോദ്യൽക്രോധർ=കോപം പൂണ്ടുവരുന്നവർ. ലുബ്ധകന്മാർ=കാട്ടാളന്മർ.

൧൭. ലോകാരാദ്ധ്യൻ=ലോകപൂജ്യൻ. രാജരായാദൻ=രാജപുത്രൻ. സപ്രാകാരം=കോട്ടയോടു കൂടി. പ്രാകാരം=മതിൽ. ഇന്ദ്രധ്വജം=ഒരുവക കൊടിമരം. "കേളിക്കുന്ദം യപ്രാകാരം രാജ്ഞാപോര പ്രതിഷ്ഠിതാ=ഇന്ദ്രധ്വജം നാമ പൌരലോകസുഖാവഹം."

Digitized By Kerala Sahitya Akademi

ചോരാടീട്ടും വേടരാ,ശ്ശിക്ഷിതാസ്ത്ര-
ന്മാരാമുവീന്ദ്രാത്മഭ്രൂവും സഖാവും
ഘോരാകാരം വാളയീശ്ശുന്ന കാറേറ-
റ്റാരാൽ വീണു ശുഷ്കപത്രങ്ങൾപോലേ. ൨൮

ഇക്കാട്ടാളന്മാരിൽ, വീരാസിഘാതാൽ
മുക്കാലും പേർ ചത്തു വീണപ്പൊഴെല്ലും,
ധിക്കാരത്തോടന്യമാം വന്യസൈന്യം
നില്ക്കാതേ പാഞ്ഞെങ്ങുതാംഹന്ത! കാണായ്. ൨൯

സാമാത്യാവീനാഥപുത്രകലോറാ-
ബ്ഭീമാഭന്മാരസ്ത്രവൎഷം തുടങ്ങീ:
ശ്യാമാംഭോവാഹങ്ങൾ ശൈലങ്ങൾതൻമേൽ
സീമാതീതം മാരിതൂകുന്ന പോലേ. ൩൦

ഉത്തുംഗാടോപത്തൊടെമ്പാടുമൊന്നി-
ച്ചെത്തും കൈരാതായുധവ്രാതമെല്ലാം
തത്തും ഭ്രൂപൽസൂനവിൻവാളു തട്ടി-
പ്പത്തും നൂറും കഷ്ണമായിത്തെറിച്ചു. ൩൧

൨൮. ശിക്ഷിതാസ്ത്രന്മാർ=അഭ്യുധാഭ്യാസം ചെയ്തവർ. ഉവീന്ദ്രാത്മഭ്രൂവ്=രാജപുത്രൻ, സഖാവ്=ഇഷ്ടൻ (സുബാഹു). ആരാൽ=അടുക്കലേ. ശുഷ്കപത്രങ്ങൾ=ഉണക്കിലകൾ. അശിക്ഷിതാസ്ത്രന്മാരായ വേടന്മാർ അനായാസേന വധിക്കപ്പെട്ടു എന്നു താൽപൎയ്യം.

൨൯. വീരാസിഘാതാൽ=വീരന്മാരുടെ വാളേററിട്ട്. വന്യസൈന്യം=കാട്ടാളപ്പട.

൩൦. സാമാ—പുത്രകൾ=മന്ത്രിയിങ്കലും, രാജകുമാരങ്കലും. ഭീമാഭന്മാർ=ഭയങ്കരാകൃതികൾ. ശ്യാമാംഭോവാഹങ്ങൾ=കാർമേഘങ്ങൾ, ശൈലങ്ങൾ=പൎവ്വതങ്ങൾ. ഉപമകൊണ്ടു കിരാതരുടെ അസ്ത്രവൎഷം മന്ത്രികളെ, രാജകുമാരന്മാരെയും യാതൊരു കുലുക്കവുമുണ്ടാക്കിയില്ല എന്നു ധ്വനിക്കുന്നു.

൩൧. കൈരാതായുധവ്രാതം=കാട്ടാളന്മാരുടെ ആയുധക്കൂട്ടം. ഭ

നട്ടാക്കോമൽത്തമ്പുരാൻ, വൈരിഗവം
കൂട്ടാക്കാതെ ക്രൂരകൌക്ഷേയകത്തെ
കാട്ടാളന്മാക്കുള്ള കട്ടിക്കരിങ്കൽ-
ക്കൂട്ടാം നെഞ്ചിൽത്തെച്ചുടൻ മൂച്ചുകൂട്ടീ! ൩൨

ചീറിച്ചാടും ഭൂഭൃല്ലോകക്കൊ,ഷ്ടകക്കം
മാറിൽഗ്ഗാഢം മന്ത്രിതൻവാൾ പതിച്ചു
പാറിക്കാണും തീപ്പൊരിച്ചാർത്തു മേലേ
കേറിച്ചെമ്പൻമീശ കത്തിക്കരിഞ്ഞു. ൩൩

എല്ലിൽക്കേറി സ്സാരമാൽ കാമ്മാന്തം,
നല്ലിമ്പത്താൽ മാംസളാംഗത്തിലാണ്ടും,
മല്ലിട്ടീടും വെടർതൻ മെയ്യിലെല്ലാം
വല്ലിയ്യോക്കം വീരഖഡ്ഗം കളിച്ചു. ൩൪

ആ രാജന്യേന്ദ്രാത്മജൻ പള്ളിവാളാൽ
കൈരാതാനീകത്തെയാഞ്ഞാഞ്ഞു വെട്ടി,
ധാരാളം ചെഞ്ചോര ചുററും തെറിപ്പി-
ച്ചാരാൽച്ചേർത്തു പല്ലവം വല്ലിതോറും. ൩൫

പേടിച്ചിട്ടത്താളവേതാളികാളക്കും
കൂടിഗ്ഗർഭം വീഴുമാറാ,പ്പുളിന്ദർ

ശ്ലോ — സവിലാസാ ചലിക്കുന്നു. രാജന്യസുതൻ=രാജപുത്രൻ.

൩൨. കൌക്ഷേയകം=വാൾ.

൩൪. സ്സാരമാൽ=ശരാവേശിച്ചതായ്ക്കൊ എന്ന ശബ്ദം. മാംസളാംഗത്തിൽ=അധികം മാംസമുള്ള ശരീരത്തിൽ, ആണ്ടും=പൂണ്ടായും. (ഞെരുക്കങ്ങളെ കടന്നും).

൩൫. കൈരാതാനീകം=കിരാതസംബന്ധിയായ സൈന്യം, വല്ലികളിൽ (വള്ളികളിൽ) തെറിച്ച രക്തം പല്ലവം(തളിർ)പോലെ കാണപ്പെട്ടു എന്നു ഭാവം.

Digitized By Kerala Sahitya Akademi

ചാടിപ്പാഞ്ഞൊട്ടട്ടഹാസങ്ങളിട്ടും
കാടിന്നെങ്ങും വൻമുഴക്കം വരുത്തി. ൩൬

ഒട്ടും വൈകാതാ, പ്രിയാന്വേഷണത്തിൽ-
ത്തട്ടും വിഘ്നം നീക്കുവാനായ്ക്കുമാരൻ
വെട്ടും വെട്ടൊന്നിന്നു മാറാതെ,യൊന്നി-
ച്ചെട്ടും പത്തും പോരെ വീഴ്ത്തിത്തുടങ്ങി. ൩൭

പാറും കണ്ണത്തിൻ നേർക്കിട്ടക്കണ്ണ കാറേ-
റ്റാകമ്പിക്കും വേടർതൻ മസ്തകങ്ങൾ,
പാകം വന്നിട്ടുള്ള താലദ്രുമത്തിൻ-
കായ്കൾക്കൊപ്പം വീണിതാ ക്ഷോണിതന്നിൽ. ൩൮

പാരം വട്ടക്കണ്ണു രണ്ടും തുറിച്ചും,
തേരട്ടച്ചുണ്ടൊന്നമർത്തിക്കടിച്ചും,
ഘോരം പാരിൽത്തത്ര ചിന്നിക്കിടന്നൂ,
വൈരം കൂട്ടും വേടർതന്നാനനങ്ങൾ. ൩൯

ലോലത്തായ് കൈരണ്ടിലും ചേർന്ന ശസ്ത്രം
സ്ഥൂലഖട്വാംഗാക്കൂട്ടി മുട്ടുംവിധത്തിൽ,
താലച്ഛേലാന്തക്കബന്ധങ്ങളെല്ലാം
കാലം തുള്ളി 'ക്കോലടി' ക്കുത്തു കാട്ടി. ൪൦

൩൬. ഉത്താളവേതാളികൾ = വലിയ വേതാളസ്ത്രീകൾ. വീഴമാറ് = അട്ടഹസിപ്പോകത്തക്കവണ്ണം. പുളിന്ദർ = കാട്ടാളന്മാർ.

൩൮. ആകമ്പിക്കും = വിറക്കുന്ന (ഇളകുന്ന). മസ്തകങ്ങൾ = തലകൾ. താലദ്രുമം = കരിമ്പനമരം.

൪൦. 'ലോലത്തായ്' = ഇളകിക്കൊണ്ട്. ശസ്ത്രം = ആയുധം. സ്ഥൂലഖട്വാംഗം = വലിയ ചെറുവോട്ടുകൂടി. കബന്ധങ്ങൾ = തലപോയ ഉടലുകൾ. കോലടിക്കുത്ത് = കോലടി എന്ന കളി. താലശാമ്യത്തിന്നു ചേളയോരഭേദത്താൽ താളം എന്നും അർത്ഥമെടുക്കാം.

Digitized By Kerala Sahitya Akademi

സ്ത്രീതാങ്ഗന്മാരാകുമാഘാതുകന്മാർ
ജാതാക്രന്ദം ചത്തുവീഴും കണ്ടെന്നാ
ഹാ! താങ്ങാഞ്ഞങ്ങുഴി പാരം കുഴിഞ്ഞു:
'പാതാളം താൻ പാപി ചേർന്നോടമെല്ലാം'. ൪൭

വെട്ടിൽക്കണ്ണും വിട്ടു മേല്പോട്ടുപോയ് പ്പൂ-
ത്തട്ടിൽ ഗ്ഗാഢം വീണ മാറ്റാർശിരസ്സാൽ
തട്ടിപ്പോടേ തത്ര പന്താടി മേന്മേൽ,
കുട്ടിക്ഷോണീപാലരോവ്വീര്യലക്ഷ്മി. ൪൮

'തെല്ലെന്നാലും നൽത്തലച്ചോറിവറ്റി-
ന്നില്ലെന്നോ? നോക്കെണെ'ന്നെന്നോർത്തപോലേ,
ത്തില്ലെന്നാക്കും നീചർതന്നുത്തമാംഗ-
ക്കല്ലമ്പാടും മന്ത്രി വെട്ടിപ്പൊളിച്ചു. ൪൯

കൈകാലാറം, കണ്ണനാളം മുറിഞ്ഞും,
ശോകാലാത്തും, ശോണിതൗഘം ചൊരിഞ്ഞും,
പാകാറായും, പത്തുമാട്ടേറെയത്ര്യ-
ഗ്രാകാരന്മാർ വീണേ കാണായി മന്നിൽ. ൫൦

നേരായ് സ്സാക്ഷാൽക്കാലസേനാവകുപ്പിൽ-
ച്ചേരാൻ നന്നീക്കൂട്ടരെന്നോർക്കയാലോ,

൪൭. സ്ത്രീതാങ്ഗന്മാർ=തടിയന്മാർ. ഘാതുകന്മാർ= പ്രാണിഹിംസകന്മാർ. ജാതാക്രന്ദം= മുറവിളിയോടുകൂടി.

൪൮. ഗാഢം= വീണ്ടും പൊങ്ങാതെ തെറിക്കത്തക്ക ശക്തിയിൽ. മാറ്റാർശിരസ്സ്= ശത്രുക്കളുടെ തല. ഷോവ്വീര്യം=കയ്യൂക്ക്.

൪൯. നൽത്തലച്ചോറ്= ബുദ്ധി. ഉത്തമാങ്ഗക്കല്ല്= കല്ലുപോലെയുള്ള തല.

൫൦. ശോണിതൗഘം= രക്തപ്രവാഹം.

Digitized By Kerala Sahitya Akademi

വീരാഗ്ര്യന്മാരന്നു തെക്കോട്ടയച്ച,
ക്രൂരാഭന്മാരായ മാററാരെയേററം! ൪൧

ഏററം പേരെക്കാലനൂരേററിയിട്ടും
ക്രൂറന്മാരിൽക്കണ്ടതില്ലാൽപ്പചുരുക്കം,
ചീററത്തോടേ വേടർ മേന്മേലെ വന്നാ-
ത്തോററംപീടും സേനയിൽച്ചേർന്നിരുന്നു. ൪൮

ഘോരാനീകം, ഹാനി യാതൊന്നുകൊണ്ടും
ചേരാതേ മുന്മട്ടിൽ നേരിട്ടെതിർത്തു;
പാരാവാരം മുക്കി വററിപ്പതിന്നായ്,
പോരാടുന്നീ വീരർതൻ ഭ്രരിയത്നം. ൪൯

പോരെന്തിന്നാണെ,ന്തു കാട്ടാളർ വീണ്ടും
പോരെന്നായാലെന്തു,മെന്നുള്ളതൊന്നും
തീരെത്തേറീടാതെ, രണ്ടാളുമേല്പ്പു-
ന്നോരെശ്ശീഘ്രം കൊന്നൊടുക്കിത്തുടങ്ങീ! ൫൦

വ്യക്തശ്യാമാകാരകൈരാതസൈന്യേ
ശക്തക്ഷോണീന്ദ്രാത്മജൻ തൻ കൃപാണം
രക്തം പാറിത്താമ്രമായ് ച്ചിന്നി മിന്നീ;
നക്തം വാനിൽക്കൊള്ളിമീനെന്ന പോലേ. ൫൧

൪൭. തെക്കോട്ട്=കാലപുരത്തിലേയ്ക്കു്.

൪൯. ഘോരാനീകം=ഭയങ്കരസൈന്യം. വളരെപ്പേർ ചത്തുവീണെങ്കിലും, ഭടന്മാർ കൂടെക്കൂടെ എത്തിച്ചേർന്നിരുന്നതിനാൽ അക്ഷയമായ വേടസൈന്യത്തെ കൊന്നൊടുക്കുവാനായി, ഈ രണ്ടു വീരന്മാർ ചെയ്യുന്ന മഹായത്നം, പാരാവാരം (സമുദ്രം) മുക്കി വററിപ്പാനായി ശ്രമിയ്ക്കുന്നതുപോലെ നിഷ്ഫലംതന്നെ എന്നു ഭാവം.

൫൦. തേറീടാതെ=അറിയാതെ.

൫൧. വ്യക്ത—സൈന്യേ=വെറും കറുപ്പുനിറമായ കാട്ടാളസേ



Digitized By Kerala Sahitya Akademi

സ്നേഹം കൂട്ടും സ്വാമി ചാഠംചെയ്ത വാമ-
ശ്രീഹസ്തത്താൽത്താൻ തുടങ്ങും ക്ഷണത്തിൽ,
ഹാഹന്താമാത്യന്റെ വാളിന്നു വൈരി-
വ്യൂഹപ്രാണാംശങ്ങളേറെക്കിടച്ചു! ൫൦

'പാറിപ്പോയീ, വീരരോടേല്ക്കലാകും
തെററിങ്ങെ'ന്നായ് നാക്കടിച്ചുക്കടങ്ങി
പാററിക്കാണായ് പാരിലീ,ടററ ചാക്കിൻ-
കററിപ്പൊക്കും കാടർതൻ പ്രേതദേഹം. ൫൧

നീരന്ധ്രാസ്ഥിവ്യാപ്തമായ്, മാംസമജ്ജാ-
ധാരത്തോടൊത്താ,ന്ത്രകേശങ്ങൾ ചിന്നി,
ചോരച്ചേറാണ്ടൊപ്പടച്ചേരി നാനാ-
കാരക്രവ്യാശക്കു നൽക്കൂത്തരങ്ങായ്. ൫൨

മെത്തിപ്പൊങ്ങും മെയ്യിൽ വാളേല്ക്കെ, മാടി-
ന്നൊത്തിട്ടുള്ളാ വേടയൂഥത്തിനേററം
കത്തിച്ചാടീ കാവിമൺചോല പോലെ,
ചെത്തിപ്പൂവിൻ്മനർനിറം ചേന്ന രക്തം. ൫൩

നയിൽ. കൃപാണം=വാൾ. താമ്രം=ഇട്ടുന്നത്. നക്തം=രാത്രിയിൽ.

൫൦. വാമശ്രീഹസ്തത്താൽ=ഇടത്തേ തൃക്കയ്യുകൊണ്ട്. വൈരി—ശങ്ങൾ=ശത്രുസമൂഹത്തിന്റെ പ്രാണരോഗങ്ങൾ (ഭാഹരികൾ). ഒരു ക്ഷണത്തിൽ ചന്ദ്രഭാനൻ എത്രപേരെ കൊല്ലുമൊ, അത്രപേരെക്കി സുബാഹു വെട്ടിവീഴ്ത്തി എന്നു സാരം.

൫൧. തെററുപാറിയവർ നാക്കടിക്കുന്നതു (നാവുകടിക്കുന്നതു) സ്വാഭാവികമാണല്ലൊ. ഈടററ=പഴക്കം ചെന്നതിനാൽ പഠിച്ചിട്ട്‌.

൫൨. നീരന്ധ്രാസ്ഥിവ്യാപ്തം=ഇടതൂന്ന അസ്ഥികളാൽ വ്യാപിക്കപ്പെട്ടത്. അന്ത്രകേശങ്ങൾ=കുടർ, തലമുടിഇവ. പടച്ചേരി=പോർക്കളം. നാനാ—വ്യാശർ=പലജാതി മാംസഭോജികൾ,(കഴുക്, കുറുനരി മുതലായവ).

൫൩. മാട്=മല.

നേരറ്റീടും കാടത്തിന്നൊന്നു കൂടി-
ഘോരത്വം ചേർത്താസ്രപൂരസ്രവന്തി,
സൈന്യം, മേന്മേൽ വീണ കൈരാതമെയ്യും
തീരം തല്ലിത്തള്ളിയൂക്കോടൊലിച്ചു. ൨൪

വീരച്ഛിന്നം വേടനിസ്സാരശീർഷം
ചോരക്കോളിൽക്കാണമാറായ് പലേടം:
ആരക്തശ്രീ പൂണ്ട വർഷാസരിത്തിൽ-
ക്കേരപ്രായം ഫേനക്കൂട്ടം കണക്കേ. ൨൫

സ്ഫാരക്രോധക്ഷുബ്ധരാം ലുബ്ധകന്മാ-
ർച്ചോരത്തണ്ണീരാറു കേറിക്കടപ്പാൻ
പ്രാരബ്ധാന്തം വന്ന ചങ്ങാതിമാർതൻ
വാരഞ്ചും മെയ് തന്നെ ചങ്ങാടമായീ. ൨൬

ഉൾക്കൊമ്പിങ്കൽ, ച്ചോര കണ്ടേറെ മത്താ-
ണ്ടക്കൂട്ടാളന്മാരനേകായുധത്താൽ
മുക്കാണത്തിന്നാറു വൻപീഡ നൽകീ
സൽക്കാരോഘശ്രീകുമാരർക്കു പേർത്തും. ൨൭

കാലത്താരംഭിച്ച പോരാണന്ന്; സായം-
കാലം വന്നു; കണ്ടകന്മാരെയേറ്റം

---

൨൪. അസ്രപൂരസ്രവന്തി=രക്തപ്രവാഹമാകുന്ന പുഴ. കൈരാതമെയ്യ്=കിരാതശരീരം.

൨൫. വീരച്ഛിന്നം=വീരരാൽ (ചന്ദ്രസേനസുബാഹുക്കളാൽ) മുറിക്കപ്പെട്ടത്. ശീർഷം=തല. ആരക്തശ്രീ=ചുകപ്പ്. വർഷാസരിത്തിൽ=മഴക്കാലത്തെ പുഴയിൽ. കേരപ്രായം=തേങ്ങയോളം പോന്ന. ഫേനക്കൂട്ടം=നുരക്കൂട്ടം.

൨൬. സ്ഫാരക്രോധക്ഷുബ്ധർ=വർദ്ധിച്ച കോപംകൊണ്ടു ക്ഷോഭിച്ചവർ. ചോരത്തണ്ണീരാറു=രക്തനദി. പ്രാരബ്ധാന്തം=മരണം. വാരഞ്ചും=വലിപ്പമുള്ള.

Digitized By Kerala Sahitya Akademi

കാലത്തന്നകീ കല്യരെന്നിട്ടുമയ്യോ!
കാലംകൂട്ടാ പാട്ടു കണ്ടീല തെല്ലും. ൯൮

ഏറ്റം നേരം, രണ്ടു പേർ താനനേകം
കൂറന്മാരായിട്ടു മല്ലിട്ടുമൂലം,
ചീററം പൂണ്ടെത്തുന്ന ശത്രുവ്രജത്തിൻ
കേററം നിത്താൻ കെല്പുവക്കില്ലമായീ. ൯൯

പോരാ, മാർഗ്ഗക്ലേശദുഃഖാദികൊണ്ടും
ധീരാഗ്രസ്ഥന്മാർ ചിരാൽത്താന്തരല്ലോ;
ആരാലാകും പാരിലെ,ന്നിട്ടുമേവം
പോരാടി പ്രത്യർത്ഥിവർഗ്ഗത്തെ വീഴ്ത്താൻ. ൱൦

ആരെ,ബ്ബീഭത്സ്യാ രണ്ടു സംഹാരരുദ്ര-
ന്മാരെന്നോർത്തു തങ്ങളൊട്ടേറെ നേരം;
നേരെത്താതാകല്ല്യരിൽത്തെല്ലിളപ്പം
ചേരെക്കണ്ടേറ്റേററ കേറീ കിരാതർ. ൱൧

ഭീമായാസാൽ ഭൂമിഭൃൽസൂനുവിന്നും,
സചാമാത്യന്നും സാദമേറിത്തുടങ്ങീ;
ആ മാററാരോ ഭൂരിശാസ്ത്രങ്ങൾ തൂകീ,
സീമാതീതോന്മേഷഘോഷങ്ങളോടേ. ൱൨

---

൯൮. കാലത്ത്=പൂർവാഹ്നത്തിൽ. സായംകാലം=വൈകുന്നേരം, കണ്ടകന്മാരെ=ദുഷ്ടരെ. ഏററം=വളരെപ്പേരെ. കാലംകൂട്ടും പാട്ടു=അവസാനിക്കുന്നമട്ട്.

൱൦. മാർഗ്ഗക്ലേശദുഃഖാദി=വഴിക്ഷീണം, പ്രിയജനവിയോഗദുഃഖം മുതലായത്. ധീരാഗ്രസ്ഥന്മാർ= ധീരന്മാരിൽ വെച്ചു മുഖ്യന്മാർ. ചിരാൽ=വളരെ ദിവസമായി. താന്തർ=തളർന്നവർ. പ്രത്യർത്ഥിവർഗ്ഗം=ശത്രുഗണം.

൱൧. ഇളപ്പം=ശക്തിക്ഷയം.

൱൨. ഭീമായാസാൽ=ഭയങ്കരമായ അദ്ധ്വാനം നിമിത്തം. സാദം=

Digitized By Kerala Sahitya Akademi

മല്ലാടീടും വേടർതന്നായുധൌഘം
വല്ലാതേററിട്ടാ ഗാത്രങ്ങൾ തോറും
നില്ലാതേലും ചോരയാൽ രണ്ടു പേരും
ഫുല്ലാശോകങ്ങൾക്കു നേരായ് വിളങ്ങീ. ൬൩

ആ രാജന്യന്മാത്മജന്നെ,ങ്ങു,മെന്നും,
പോരാരംഭനാൽത്തങ്കലെത്തും ജയശ്രീ
നേരായന്നാളങ്ങു ദുഷ്പ്രാപയായീ;
താരാവല്യാഖ്യാനയാം ദേവി പോലെ. ൬൪

ഹാ! രാജ്യം വിട്ടി,ഷ്ടർ ചത്തു,ബന്ധുഖേദം,
ദാരാപായം തൊട്ടു ദുഃഖങ്ങളല്ലേ,
പോരാഞ്ഞിട്ടോ, ദൈവമീ നീചമദ്ധ്യ-
ക്രൂരാപത്തും ചന്ദ്രസേനന്നു ചേർത്തു!! ൬൫

രണ്ടാളും മെയ് വാട്ടമൊട്ടൊട്ടടക്കി-
ക്കൊണ്ടാ,വും മട്ടുക്കൊട്ടും പോരടിച്ചു,
കണ്ടാക്ഷം കാട്ടാളരേല്പിച്ച ശസ്ത്രം-
കൊണ്ടാരാൽപ്പോയ് വീണു കൈവാളരണ്ടും. ൬൬

കംക്കാലന്മാർ വല്ല പാടും വിഷപ്പൽ
പോക്കാൻ യോഗംവന്ന സർപ്പങ്ങൾ പോലെ,

തളച്ച്.

൬൩. ഗാത്രങ്ങൾ=അവയവങ്ങൾ. ഫുല്ലാശോകങ്ങൾ=പൂത്ത അശോകമരങ്ങൾ.

൬൪. ദുഷ്പ്രാപ=കിട്ടാൻ ഞെരുക്കമുള്ളത്. താരാവല്യാഖ്യാന=താരാവലി എന്ന പേരോടുകൂടിയവൾ.

൬൫. ദാരാപായം=ഭാര്യാനാശം. നീചമദ്ധ്യത്ത്=നീചന്മാരുടെ ഇടയിൽപ്പെട്ടു കുഴങ്ങുക എന്ന കഠിനാപത്ത്.

൬൬. ആരാൽ=അകലെ.

Digitized By Kerala Sahitya Akademi

ഊക്കോളും വാക്ശപായൊരാ വീരർ ദ്ദൂരെ-
ക്കേറ്റംക്കൈവും മട്ടുഗ്രമായുച്ഛ്വസിച്ചു. ൭

പോയാൽ പോട്ടേ ഖഡ്ഗമെന്നുള്ള മട്ടിൽ,
പ്രേയാനോടും കൂടി രാജന്യപുത്രൻ
തീയായ്ത്തോന്നും മുഷ്ടിയാൽ ചുട്ടെരിച്ചാ-
നീയാമ്പാററല്ലാത്ത മാററാരെ മേന്മേൽ. ൮

എന്തായിട്ടെന്തേ?-ട്ടപത്തല്ലയല്ലോ,
ഹന്താക്കന്മാരായ ശത്രുക്കൾ ചുററും;
കുന്താഗ്രം ഹാ! നെഞ്ചിലേററിട്ടു—ദൈവം
ചിന്താങ്ങീലാ! വീണുപോയ് ചന്ദ്രസേനൻ. ൯

ഒട്ടേറപ്പേർ ചുഴ മാററാർകളസ്ത്രം
വിട്ടേററിട്ടും, താൻ ചിരം വീര്യവായ്പാൽ
രുട്ടേന്തിപ്പോർ ചെയ്തൊ,ടുക്കം മയക്കം
പെട്ടേവം ഹാ! വീണു പാർത്ഥാത്മജാഭൻ!! ൧൦

സാഹങ്കാരം കൂകിയാക്ഷം കിരാത-
വ്യൂഹം മട്ടിച്ചാർത്തനായ് ക്കാൽക്ഷണത്താൽ
മോഹം പൂണ്ടാമട്ടിൽ വീണു സഖാവും:
ദേഹം, പ്രാണൻ പോകിലെത്രയ്ക്കു നില്ക്കും? ൧൧

൭. ഉച്ഛ്വസിച്ചു=നെടുവീർപ്പിട്ടു.
൮. പ്രേയാൻ=സ്നേഹിതൻ.
൯. ഹന്താക്കന്മാർ= ഘാതുകന്മാർ;
൧൦. അസ്ത്രംവിട്ട്=ആയുധം പ്രയോഗിച്ച്. രുട്ട്=കോപം. മയക്കം=മൂർഛ. പാർത്ഥാത്മജാഭൻ=അഭിമന്യുതുല്യൻ.
൧൧. സാഹങ്കാരം=അഹങ്കാരത്തോടേ. മോഹം=മോഹാലസ്യം. ചന്ദ്രസേനൻ വീണതോടുകൂടി, സുബാഹുവിന്റെ സ്ഥിതി, പ്രാണൻപോയ ദേഹത്തിന്റേതുപോലെയായിക്കഴിഞ്ഞിരുന്നു എന്നു സാരം.

Digitized By Kerala Sahitya Akademi

ഏകാന്തോദ്യന്മൂർച്ഛരായിപ്പരിക്ലാ-
ന്താകാരന്മാരായ രണ്ടാളുമൊപ്പം
ഹാ! കാണായീ ക്ഷോണിയിൽ:-പ്പുണ്യമററി-
ട്ടാകാശാന്താൽ വീണ താരങ്ങൾപോലേ. ൧൫

ഒന്നായ്ച്ചോരും ചോരയാൽത്തീക്കനൽച്ചാ-
ർത്തന്നായ്ത്തോന്നും വീരദേഹത്തെ വേഗം
ചെന്നാരാൽത്തൊട്ടീടുവാൻ ധൈര്യമെന്യേ
നിന്നാർ, ബന്ധോദ്യുക്തരാം വേടർ ചുററും. ൧൬

ഘോരമ്പോക്കിൽക്കുംഭികുംഭസ്ഥലത്തെ-
സ്സ്വൈരം തല്ലിക്കീറുമാക്കേസരീന്ദ്രർ
പാരം ക്ലാന്തിപ്പെട്ടുറങ്ങുന്ന നേരം
ചാരത്തെങ്ങാൻ ചെൽവതാണോ മൃഗങ്ങൾ? ൧൭

വല്ലെന്നാലും, കാലദൂതാഭരെങ്ങും
ചൊല്ലെത്തുന്നാക്കല്യരെ സ്ഫുല്ലഹർഷം
മെല്ലെച്ചെന്നാഹന്ത! ബന്ധിച്ചനങ്ങാ-
വല്ലെന്നാക്കിത്തോളിലേററിത്തിരിച്ചാർ. ൧൮

മോഹാലസ്യം നീങ്ങി നോക്കുന്നവാറാ,
ബാഹാവീര്യാനല്പരാസ്സൽപ്പുമാന്മാർ,
ഹാഹാ! കഷ്ടം! തങ്ങളത്യുഗ്രകാരാ-
ഗേഹാന്തത്തിൽപ്പെട്ടതായിട്ടു കണ്ടു. ൧൯

---

൧൫. ഏകാന്തോദ്യന്മൂർച്ഛർ=ഏററവും മോഹാലസ്യപ്പെട്ടവർ. പരി—ന്താകാരന്മാർ=വാടിയ ദേഹത്തോടുകൂടിയവർ. ആകാശാന്താൽ=ആകാശമദ്ധ്യത്തിൽനിന്ന്. താരങ്ങൾ=നക്ഷത്രങ്ങൾ.

൧൬. ബന്ധോദ്യുക്തർ= ബന്ധിപ്പാൻ ഒരുങ്ങിയവർ.

൧൮. കാലദൂതാഭർ= യമകിങ്കരതുല്യന്മാരായ കാട്ടാളർ. ചൊല്ല്= പ്രസിദ്ധി. സ്ഫുല്ലഹർഷം= പെരുകിയ സന്തോഷത്തോടുകൂടും വണ്ണം

൧൯. ബാഹാവീര്യാനല്പർ= വളരെ കയ്യൂക്കുള്ളവർ. അത്യുഗ്രകാ

Digitized By Kerala Sahitya Akademi

'എന്തിന്നാണിക്കൂട്ടർ വൈരം കലർന്നി-
പ്പന്തിയ്ക്കെല്ലാം ചെയ്യുതെ'ന്നുള്ളതുള്ളാൽ
ചിന്തിപ്പാനും ശേഷിയില്ലാതെ,യല്ലൽ-
ച്ചെന്തിയ്യിൽപ്പെട്ടാർത്തരായ് മണ്ടപോരും. ൭൭

ഈമട്ടിൽത്താൻ, വേടരാജൻറയാൾക്കാർ
ഘോഷം ചെയ്യിച്ചെത്തിച്ച നാനാപുമാന്മാർ
ധീമങ്ങും മാറാധിയാം മാഴിയിൽപ്പെ-
ട്ടാമഗ്നന്മാരായ്ക്കിടപ്പുണ്ടതിങ്കൽ. ൭൮

പാരാതെത്തും മൃത്യുവോർത്താർത്തചിത്ത-
ന്മാരാം മർത്ത്യന്മാരെയുള്ളിൽച്ചെലുത്തി,
ഘോരാകാരപ്പാഴ്പ്പെരുമ്പാമ്പുതൻ ദു-
ഷ്പൂരാസ്യത്തിന്നൊത്തിതാബ്ബന്ധവേശ്മം. ൭൯

പൊങ്ങിക്കാണും ഭിത്തിതൻ മേലൊരേടം
മങ്ങിക്കത്തും കൽവിളക്കിൻ വെളിച്ചം
ഒരങ്ങിങ്ങൊട്ടൊട്ടാക്കമോരക്കു കാട്ടീ,
തിങ്ങിദ്ധ്വാന്തം ചേരുവോരാസ്ഥലത്ത്. ൮൦

കാരാഗാരേ തത്ര കാണായ് പലേടം,
വാരംണ്ടീട്ടും ഭോഗഭൃൽകഞ്ചുകങ്ങൾ:

രാഗേഹാന്തം = അതിഘോരമായ കാരാഗൃഹമദ്ധ്യം.

൭൮. ഘോഷം ചെയ്ത് = ബന്ധിപ്പിച്ച്. നാനാപുമാന്മാർ പല ജാതിക്കാരായ പുരുഷന്മാർ. ആമഗ്നന്മാർ = മുങ്ങിയവർ. അതിങ്കൽ = കാരാഗൃഹത്തിൽ.

൭൯. മൃത്യു = മരണം. ദുഷ്പൂരാസ്യം = നിറയാൻ പ്രയാസമുള്ള (അതി വിസ്തീർണ്ണമായ) വായ്. ബന്ധവേശ്മം = കാരാഗൃഹം.

൮൦. ധ്വാന്തം = ഇരുട്ട്.

Digitized By Kerala Sahitya Akademi

തീരാതെങ്ങും ധൂളി ചേർന്നസ്ഥലത്തിൽ-
ച്ചേരാതാമോ വൻഭുജംഗപ്രചാരം? വൃ൫

വല്ലാത്തതോ പ്രേതസങ്കേതമെന്നോ,
ചൊല്ലാർന്നുള്ളോരന്ധതാമിസ്രമെന്നോ,
എല്ലാ ക്ലേശത്തിന്റെയും വ്യക്തിയെന്നോ,
ചൊല്ലാ,മാ വൻകല്ലറക്കണ്ടു കണ്ടാൽ! വൃ൬

നോവ, സ്സ്രൌഘച്ഛിന്നമാം മെയ്യിനേക്കാൾ
കൈവന്നേറും വാട്ടമുള്ളോട്ടു കൂടി,
ഹാ! വല്ലാതുള്ളിസ്ഥലത്തത്ര നേരം
ജീവൻ താങ്ങും, മാനി രാജന്യപുത്രൻ!! വൃ൭

ആരാജ്ഞ ചെയ്തുവിധ,മക്രമിയാം ജനത്തെ-
ക്കാരാഗൃഹങ്ങളിലിടുന്നു ഭടോത്തമന്മാർ;
ആ രാജരാജനുടെ സൂനുവിതാ കിരാത-
കാരാഗൃഹേ—കഠിനമെന്തിതിലേറെ വേണ്ടു? വൃ൮

നിതാന്തം സംശുദ്ധം കുല;മമലധർമ്മ-
കപാരാ-
പ്തിതാക്കന്മാർ; താനോ ഗുണസദ്വൃ-
ത്തിവിഭവൻ;

---

വൃ൫. തത്ര കാരാഗാരേ=ആ കാരാഗൃഹത്തിൽ. ഭോഗഭൃൽകഞ്ചുകങ്ങൾ=സർപ്പവളകൾ. ധൂളി=പൊടി, ധൂർത്തസ്ത്രീ. ഭുജംഗപ്രചാരം=ഭുജംഗങ്ങളുടെ (സർപ്പങ്ങളുടെ, വിടന്മാരുടെ) സഞ്ചാരം.

വൃ൬. വ്യക്തി=മൂർത്തി.

വൃ൭. നോവ്=വേദന. അസ്രൌഘച്ഛിന്നം=അയുധഗണം തട്ടിമുറിഞ്ഞത്. മാനി=മാനശാലി.

വൃ൮. അക്രമി=മര്യാദവിട്ട. കിരാതകാരാഗൃഹേ=കാട്ടാളന്മാരുടെ കല്ലറയിൽ.



Digitized By Kerala Sahitya Akademi

ഹതാപത്തെന്നിട്ടും പ്രതിനിമിഷമോരോ-
ന്നിവനെ വ-
ന്നിതാ തീണ്ടീടുന്നൂ! ഹരി! ഹരി! ഹതം നീ
സുകൃതമേ!! വൃ൭

## ചന്ദ്രസേനന്റെ കാരാഗൃഹപ്രവേശം പതിനാറാംസർഗ്ഗം.

വ്യാ. അമലധർമ്മകപരർ=നിർമ്മലമായ ധർമ്മത്തിൽത്തന്നെ ശ്രദ്ധിച്ചുംകൊണ്ടിരിക്കുന്നവർ. പിതാക്കന്മാർ=അച്ഛനമ്മമാർ. തദ—ഭവൻ=അതിന്നനുസരിച്ച സദ്വൃത്തിസമ്പത്തോടുകൂടിയവൻ. ഹതാപത്ത്=കെട്ട (ദുഷ്ടമായ) അനർത്ഥം. പ്രതിനിമിഷം=ക്ഷണംതോറും. സുകൃതമേ! നീ ഹതമായി (നിന്റെ കഥതീർന്നു.) നിന്നെ സേവിക്കുന്നവൎക്ക് ഇപ്രകാരം മേൽക്കുമേൽ ആപത്താണ് ഫലം എന്നു വന്നതുകൊണ്ടു, മേലിൽ നിന്നെ ആരും സ്മരിക്കകൂടി ചെയ്യുന്നതല്ല.

Digitized By Kerala Sahitya Akademi

## പതിനേഴാം സർഗ്ഗം

പരമാകല്ലറയിൽ,പ്പുഴ-
നിരകളരിച്ചുന്ന പൂഴിയിലൊരേടം
നരപതിസൂനു കിടപ്പായ്,
നരകത്തിൽപ്പോലവേ, സഖാവോടും! ൧

ഹര! ഹര! തമ്മിലൊരക്ഷര-
മുരചെയ്യാനും സമർത്ഥരാകാതേ,
നിരതിശയവ്യഥയാലതി-
പരവശരായിക്കിടന്നിതിരുപേരും· ൨

മൃതി പററായ്വാൻ വനചര-
പതികിങ്കരർ ബന്ദികൾക്കു രാവിങ്കൽ
ചതിവിന്മട്ടു കൊലച്ചോ-
റെതിരാം ഭോജ്യം കൊടുത്തതിൻശേഷം, ൩

പുരുഷപശുക്കൾ ചടഞ്ഞേ-
വരുമവിടവിടെക്കിടപ്പുമായളവിൽ,
ഇരുൾമയമാമക്കല്ലറ-
യുരുതരനിശ്ശബ്ദതയ്ക്കു കീഴാകേ, ൪

---

൧. സഖാവ്=സുബാഹു.
൨. നിര—വ്യഥ=അതിരില്ലാത്ത ദുഃഖം.
൩. മൃതി=മരണം, വനചരപതികിങ്കരർ=വിന്ധ്യകേതുവിന്റെ ആൾക്കാർ. ബന്ദികൾ=കാരാഗൃഹത്തിലിടപ്പെട്ടവർ. കൊലച്ചോറ്=കൊല്ലാൻ തുടങ്ങുമ്പോൾ കൊടുക്കുന്ന ഭക്ഷണം. ഭോജ്യം=ഭക്ഷ്യം.

൪. പുരുഷപശുക്കൾ=കരുതികളുള്ള ജന്തുക്കൾ. ഉരുതര (ഏററവും വലിയ) നിശ്ശബ്ദതക്കു കീഴാകേ=ഒരു മഹത്തായ നിശബ്ദതയാൽ വ്യാപ്തമായിരിക്കുമ്പോൾ.

Digitized By Kerala Sahitya Akademi

ഒരു മൂലയിൽനിന്നാരോ
ഇരുപേരിടർ പൂണ്ടു തമ്മിലീവണ്ണം
കരുണോക്തികൾ ചൊല്ലുവതീ-
പ്പുരുഷപ്രവരർക്കു കേൾക്കമേററായി. ൫

(വിശേഷകം)

“വരു, വരു; വധുവൊത്തസ്മൽ-
ത്തിരുമേനിയിതാ, വരുന്നു സാമോദം,
കരുണാനിധിയാം ദൈവം
കരുമന പററാതെ കാത്തു രക്ഷിച്ചു!” ൬

“പ്രിയസഖ, കിനാവിലെങ്കിലു-
മിയമാഹ്ലാദം ഭവാനു സിദ്ധിച്ചു;
മയവത്ര ഭാഗ്യവിപ്ലവ-
മിയലുന്നെൻ പേരിലില്ല നിദ്രയും!!” ൭

“നാട്ടിന്നുത്സവമിതു മമ
കാട്ടിത്തന്നോരു കണ്മയക്കത്തെ
ആട്ടിപ്പായിച്ചിതു, കടി-
ക്കൂട്ടിസ്സഹസാ കഠോരമീക്കീടം!” ൮

൫. കരുണോക്തികൾ=ദീനവാക്കുകൾ. ഈപ്പുരുഷപ്രവരർക്കു= ചന്ദ്രസേനസുബാഹുക്കൾക്ക്.

൬. വധു=ഭാര്യ. അസ്മൽത്തിരുമേനി=നമ്മുടെ തമ്പുരാൻ

൭. ഇയമാഹ്ളാദം=ഇത്ര സന്തോഷം. ഭാഗ്യവിപ്ലവം=ഭാഗ്യഹീനത.

൮. ഇതു=തിരുമേനിയുടെ വരവ്. സഹസാ=പെട്ടന്ന്. കീടം=പുഴു. സ്വപ്നസുഖം അനുഭവിക്കുന്ന മദ്ധ്യേ പുഴുക്കടിയേററു ഞാൻ ഉണൎന്നുപോയി എന്നു സാരം.

Digitized By Kerala Sahitya Akademi

"ശരി താൻ, നിദ്രയിലങ്ങി-
ത്തിരിയിടയിക്കണ്ടതെന്നു കേൾപ്പാനും
വഴികില്ലല്ലോ, മൃത്യുവി-
നരികേ മേവും നമുക്കു യോഗമിനി!" ൯

"വാമാത്മാവാം വിധി പുന-
രാമാന്യവയസ്യർ മുവ്വരെയുമേവം
പ്രേമാർദ്രമാത്തിരുമുഖം
കാൺമാൻ കഴിയാതെയാക്കിയില്ലല്ലീ!" ൧൦

"ഹാ മാദൃശാവലംബന!
ഹാ മാനുഷചന്ദ്ര! ചന്ദ്രസേന! വിഭോ!
സീമാതിഗാനുകമ്പ!
ശ്രീമാൻ തിരുമേനിയെവിടെയാണിപ്പോൾ!!" ൧൧

അവശപ്പെട്ടു കിടക്കും
യുവനരപതിയെസ്സഖാവിനോടൊപ്പം
ജവമൊട്ടമെഴുന്നേല്പിച്ചു,
ശ്രവണപഥത്തിൽപ്പതിക്കുമീ മൊഴികൾ. ൧൨

൯. അന്നു സ്വപ്നത്തിൽ കണ്ട മംഗളസംഭവം വാസ്തവത്തിൽ നടന്നതുതന്നെ എന്നു കേട്ടു സന്തോഷിപ്പാൻപോലും ആസന്നമരണരായ നമുക്ക് ഇനി ഭാഗ്യമുണ്ടാകുന്നതല്ലല്ലോ.

൧൦. വാമാത്മാവ്=പ്രതികൂലൻ.

൧൧. മാദൃശാവലംബന=എന്നെപ്പോലെയുള്ളവർക്ക് ആശ്രയമായവനേ! സീമാ—കമ്പ=അവസാനമില്ലാത്ത അനുകമ്പയോടു കൂടിയവനേ!

൧൨. ശ്രവണപഥം=കർണ്ണമാർഗ്ഗം. ചന്ദ്രസേനനും സുബാഹുവും ഈ വിലാപം കേട്ടമാത്രയിൽ തങ്ങളുടെ വൈവശ്യത്തെ മറന്ന് എഴുന്നേറ്റു എന്നു താല്പര്യം.

Digitized By Kerala Sahitya Akademi

ഉടനീ,ക്കൃപണോക്തികളന്ത-
ന്നുടമസ്ഥരിരിക്കുമാ സ്ഥലത്തെത്തി,
ഉടൽ കുനിയും പടി നിന്നൊ-
ട്ടിട,യവർ സൂക്ഷിച്ചു നോക്കിയിരുവരെയും ൧൩

'ഹാ! മൽസ്നേഹിതരെ'ന്നഥ
കോൾമയിർ പൂണ്ടാശ്ശു പണിയുമായവരെ
വ്യാമർദ്ദപ്പൂത്തുമുറിവു-
ള്ളോരെന്നാരങ്ങണച്ചു രാജസുതൻ. ൧൪

കരൾമുറിവോ! ഇതു കടലിൻ-
കര കേറിയ കൊച്ചുതമ്പുരാൻ താനോ,
ഹര! ഹര! സുബാഹുയുക്തൻ
ചിരമുഴലും നമ്മെ വന്നു പുണരുന്നൂ!! ൧൫

ദുരഭർത്സമീയനർത്ഥം
തിരുമേനിക്കും പിണഞ്ഞിതോ ശിവനേ!"
പെരുതിടരോടിത്തുരച്ചു-
ള്ളുരുകിത്തേങ്ങിക്കരഞ്ഞിതാത്തരുണർ. ൧൬

കാന്താകൃതി നിഷധമഹീ-
കാന്താത്മഭവൻറെ രക്തമെയ്യയ്യോ!

---

൧൩. കൃപണോക്തികൾ തന്നുടമസ്ഥർ=ദീനവാക്കുകൾ പറഞ്ഞവർ.

൧൪. വ്യാമർദ്ദപ്പൂത്തുമുറിവ്=കിരാതയുദ്ധത്തിലേറ്റ മർദ്ദവ്രണം.

൧൫. സുബാഹുയുക്തൻ=സുബാഹുവോടു കൂടിയവൻ.

൧൬. ദുരഭർത്സമീ=ദുർഭാഗ്യത്തോടുകൂടിയത്. തരുണർ=യുവാക്കന്മാർ.

Digitized By Kerala Sahitya Akademi

കാന്താരദുർഗ്ഗസംക്രമ-
കാന്താവിരഹാദിയാൽ ക്ലമപ്പെട്ടും, ൭൭

മലിനപടമൊന്നുടുത്തും,
മെലിഞ്ഞു മേന്മേലഴകുകൾ പുരണ്ടും,
ബലിശബരഘോരശസ്ത്രാ-
വലി തട്ടി മുറിഞ്ഞു ചെന്നിണം വാർന്നും, ൭൮

നരബലിപരരുടെ കാരാ-
നരകേ പെട്ടന്നു ദൃഷ്ടമായളവിൽ,
കരളിലുയർന്നൊരു ഹർഷം
ദുരപഹയാർത്തിയിലിവർക്കു വിലയിച്ചു. ൭൯
(വിശേഷകം)

ഇവരോ തീർണ്ണമഹാർണ്ണവർ,
യുവനൃപമിത്രങ്ങൾ, ഭാനുഗുണമിത്രർ
സ്വവയസ്യാന്വേഷണമാ-
ന്നവശം കാട്ടിൽക്കിരാതവശരായോർ. ൮൦

൭൭. കാന്താകൃതി=സുന്ദരശരീരൻ. നിഷ—ഭേവൻ=മഹാസേന പുത്രൻ. കാന്താ—ഹാദി=കാട്ടിൽസ്സഞ്ചാരം, പ്രിയാവിരഹം മുതലായത്. ക്ലമപ്പെട്ടും=തളന്നും.

൭൮. മലിനപടം=മുഷിഞ്ഞ വസ്ത്രം. ബലി—വലി=കരുത്തന്മാരായ കാട്ടാളന്മാരുടെ ഭയങ്കരമായ ആയുധക്കൂട്ടം.

൭൯. നരബലിപരർ=നരബലിയിൽ താല്പര്യമുള്ളവർ. കാരാനരകേ=കല്ലറയാകുന്ന നരകത്തിൽ. ദൃഷ്ടം=കാണപ്പെട്ടത്. ദുരപഹയാർത്തി=ദുസ്സഹമായ വേദന. ...രണത്തെ ...ത്തിട്ടുള്ള ദുഃഖം. വിലയിച്ചു=ലയിച്ചു.

൮൦. തീർണ്ണമഹാർണ്ണവർ=വൻകടലിൽനിന്നു കരകേറിയവർ. സ്വവ—ഷണം=തങ്ങളുടെ സ്നേഹിതന്മാരെ തിരഞ്ഞുനടക്കുക. അവശം=അസ്വതന്ത്രമാകുംവണ്ണം. കിരാതവശർ=കാട്ടാളന്മാരുടെ കയ്യിൽ അകപ്പെട്ടവർ.

Digitized By Kerala Sahitya Akademi

ലീലയൊടദയൻ വിധി, നര-
പാലസുതന്നെഴൽ പരം പുതുക്കാനോ,
കാലം കഴിയാൻ പോമള-
വാലക്ഷിതരാക്കിയീസ്സുഹൃദ്വരരെ! ൨൧

നാൽവരുമശ്രു പൊഴിച്ചതി-
വൈവശ്യം പൂണ്ടു, വിക്ലബസ്വരരായ്,
വാവരളും പടി തമ്മിൽ-
ത്താവൽപര്യന്തകഥകളറിയിച്ചാർ. ൨൨

ജയകേതുഭൂപസംയുത-
ജയപാലാശോകസേനർ തൻ ചരിതാ
സ്വയമപ്പൊഴുമറിയാത്തൊ,
പ്രിയസഖരതുകൊണ്ടുമാകുലപ്പെട്ടു. ൨൩

"ഹാ! താരാവലി, ഭവതി-
യ്ക്കേതാദൃശിയാമവസ്ഥയോ പെട്ടു!
ത്രാതാവാം മാമുനിയുടെ
പൂതാശിസ്സും വൃഥാവിലായെന്നോ!! ൨൪

൨൧. കാലംകഴിയാൻ പോമളവ് = ആസന്നമരണനായിരിക്കു ന്നവസരത്തിൽ. ആലക്ഷിതർ=കാണപ്പെട്ടവർ. ഈ സ്സുഹൃദ്വരരെ= ഉത്തമമിത്രന്മാരെ.

൨൨. വിക്ലബസ്വരർ=ക്ഷീണിച്ച ഒച്ചയോടുകൂടിയവർ. താവൽ പര്യന്തകഥകൾ= അതുവരെയുള്ള വൎത്തമാനങ്ങൾ.

൨൩. ജയ—സേനർ = ജയകേതുവോടുകൂടിയ ജയപാലനും, അശോകസേനനും. ചരിതം=വൃത്താന്തം. അതുകൊണ്ടും = അറിയാത്തതു കൊണ്ടും.

൨൪. ഏതാദൃശി=ഇപ്രകാരമുള്ളത്. ത്രാതാവ് = രക്ഷിച്ചവൻ. മാമുനിയുടെ = മതങ്ഗന്റെ. പൂതാശിസ്സ് = പരിശുദ്ധമായ അശീൎവ്വാദം.

Digitized By Kerala Sahitya Akademi

ഛിലഭതവമോതി, വിധിദു-
വിലസിതമോർത്തു ശുനശ്ശേപമിത്രർ
നിലയില്ലാത്തഴൽ പൂണ്ടാ
നിലത്തുടൻ വീണു നിലവിളിയ്ക്കുകയായ്. ൧൫

നിലവിളിയിതു കേട്ടിട്ടാ-
നിലവറയിൽ നിരുദ്ധരാം പുമാന്മാരിൽ
ചിലരെഴുന്നേറ്റു തുനിഞ്ഞാ-
രലമലിവോടിവരെയാശ്വസിപ്പിപ്പാൻ. ൧൬

അവരൊരമാനുഷവടിവാം
യുവനൃപനിലുമീ വിപത്തു കാണുകയാൽ,
അവരുടെ ദുർദ്ദശയാലു-
ള്ളവശതകളും മറന്നു ചൊല്ലിനാരേവം:— ൧൭

"ക്ലേശമിതെന്തിനു നമ്മളു-
ക്കീശവിധിയല്ലയോ നീക്കവല്ലാക്കൊള്ളൂ?
ആശയമുറപ്പിൽ വെയ്ക്കുക:
നാശം ലോകസ്വഭാവമാണല്ലോ. ൧൮

ധീവരയോധസഹസ്രാ-
കാവലെഴുന്നീസ്ഥലത്തു നിന്നിനി മേൽ
വൈവസ്വതനുടെ പുരിയിൽ-
പ്പോവതിനെന്യേ നമുക്കു വഴി കിടയാ. ൧൯

---

൧൬. നിരുദ്ധർ=നിരോധി (തടുക്ക)പ്പെട്ടവർ.

൧൭. അവർ=ആശ്വസിപ്പിപ്പാൻ ചെന്നവർ. ദുർദ്ദശ=ദുരവസ്ഥ.

൧൮. ഈശവിധി=ദൈവകല്പിതം. ആശയം=മനസ്സ്.

൧൯. ഇവിടെ നിന്നു ചാടിപ്പോയി രക്ഷപ്പെടാമെന്നുവെച്ചാൽ, അതിന്നും നിവൃത്തിയില്ലെന്നു പറയുന്നു: ധീവ—ഹസ്രം=തടിയ



Digitized By Kerala Sahitya Akademi

ഹാ! വൻനരകോർവ്വിയിതിൽ-
ജ്ജീവച്ഛമടോറകെന്ന സങ്കടവും
ഈ വരുമസിതചതുർദ്ദശി-
നാൾ വരെയല്ലേ നമുക്കു വേണ്ടിവരൂ? ൩൦

ബലി ശബരരാജനന്നാൾ
ബലിമഥനസഹോദരിക്കു വിധിപോലേ
ബലിയാക്കി വെട്ടുമല്ലോ,
കലിതായുധയോധനീതരാം നമ്മെ! ൩൧

അകാലാലയമാർഗ്ഗം
മുക്കാലും നാം കടന്നിരിക്കുന്നു;
ഇക്കാലമിനി,പ്പരസുഖ-
മുൾക്കാമ്പാൽ നേർന്നുകൊൾകയേ വേണ്ടൂ! ൩൨

തെരുതെരെ നമ്മുടെ രക്ത-
ക്കരുതി കുടിച്ചാർത്തു ചീർത്ത കാളികളിൽ
തിരുമിഴി ചേർക്കും ചണ്ഡിക-
യരുളട്ടെ നമുക്കു നല്ല പരഗതിയെ!" ൩൩

---

ന്മാരായ വളരെ വളരെ ഭടന്മാർ. വൈവസ്വതൻ=യമൻ.

൩൦. വൻനരകോർവ്വി=വമ്പിച്ച നരകഭൂമി. അസിതചതുർദ്ദശി=കറുത്ത പതിന്നാൽ.

൩൧. കറുത്ത പതിന്നാലോടുകൂടി നമ്മുടെ ക്ലേശങ്ങൾക്ക് അവസാനമായി എന്നു പറയുന്നു; ബലി=കരുത്തൻ. ശബരരാജൻ=കാട്ടാളരാജാവ്. ബലി—മഥി=വിഷ്ണുവിൻെറ സഹോദരി (ദുർഗ്ഗാദേവി). കലി—നീതർ=ആയുധംധരിച്ച യോധന്മാരാൽ ക്ഷേത്രത്തിലെത്തിക്കപ്പെട്ടവർ.

൩൨. അകാ—മാർഗ്ഗം=അകാലപുരത്തിലേക്കുള്ള വഴി. പരസുഖം=പരലോകസൌഖ്യം.

൩൩. പരലോകസൌഖ്യത്തെ പ്രാർത്ഥിക്കുന്നു; തിരുമിഴി ചേർക്കം=

Digitized By Kerala Sahitya Akademi

ചാരത്തായ് മൃതിയെന്നാ-
ന്നേരത്തു ധരിച്ചു ധരണിഭൃത്തനയൻ
'ആരണ്യകപതിയുടെയീ-
യാരംഭമനുഗ്രഹം നമുക്കെ'ന്നാൻ:— ൩൮

"കടലും, കനമേവാഗ്നി-
പ്പടയും തള്ളിക്കളഞ്ഞ മദസുവിനെ
ഉടനിങ്ങടുക്കുമെന്നാ-
ലടവീശ്വരവാഗംകിതാ, നമസ്കാരം! ൩൯

പ്രണയിജനാപത്തിനു താൻ
ക്ഷണമനു ചേഷ്ടിച്ചോരെങ്കലുതക! നീ
ഒല്ലണവിട്ടിപ്പോളെങ്കിലു-
മണയാനേപ്പെട്ടതെത്രയോ ഭാഗ്യം!! ൪൰

പ്രതിഭയപീഡകളെങ്കൽ
പ്രതിനിമിഷം ഹന്ത! ചേർത്തു ചേർത്തധുനാ
മതി വന്ന മൂലമോ, മമ
മൃതി ചേരാൻ കനിവൊടനുവദിച്ചു വിധി! ൪൧

---

തന്റെ പരിചാരികമാരായ കാളികൾ രക്ഷപെട്ടു. ചുറ്റും തടഞ്ഞ ... തുകണ്ടാനന്ദിക്കുന്നു.

൩൮. ചാരത്തായ്=അടുത്തു. അന്നേരത്തു അപ്പോൾ ... ധരണിഭൃത്തനയൻ=ചന്ദ്രസേനൻ. ആരണ്യകപതി=കാട്ടുടെ രാജാവ്.

൩൯. കടലും, കനമേവാഗ്നിപ്പടയും (... കാട്ടുതീയുകളുടെ കൂട്ടവും) തള്ളിക്കളഞ്ഞ (കടലിൽ മുങ്ങിയിട്ടും, ... ലുള്ള പല പീഡകളിൽപ്പെട്ടിട്ടും ദേഹത്തെ വിട്ടു പോകാത്തതായ) മദസുവിനെ=എന്റെ പ്രാണനെ. അട—ംവാഗം=കാട്ടാനയാവിന്റെ വാ..ം.

൪൰. പ്രണ——ത്തിനു=പ്രിയജനങ്ങൾക്ക് ആപത്തുണ്ടാകുമ്പോൾ. ക്ഷണമനു=ക്ഷണംതോറും. ചേഷ്ടിച്ചു=വ്യാപരിച്ചു. ഒല്ലണ=ജ്ഞദസ്സ്.

൪൧. പ്രതിഭയപീഡകൾ=ഭയങ്കരദുഃഖങ്ങൾ. പ്രതിനിമിഷം=ക്ഷണംതോറും. മതി=തൃപ്തി.

Digitized By Kerala Sahitya Akademi

ഭയമിതു താൻ മമ; ഭാഗ്യ-
ക്ഷയഹതനാമെന്നെയനുസരിക്കുകയാൽ,
പ്രിയസഖർ നിങ്ങളും പരത്തിലു-
മുയരെക്കഷ്ടപ്പെടേണ്ടി വന്നിടുമോ? ൩൮

ഹേ! സൽഗ്ഗുണവതി! താരാ—"
ഹാ! സങ്കടമാർന്നു നൃവാഗ്രപരടനേ
ശ്വാസം തടഞ്ഞു നില്പാ-
യാസകലമുലച്ചു പൂണ്ട കണ്ഠത്തിൽ. ൩൯

ഉപഗതമാം മരണത്തോടു
നൃപതനയൻ സ്വാഗതം കഥിക്കുമ്പോൾ,
അപരിചിതർ പോലുമവിടെ-
ക്കൃപ പൂണ്ടി,ടനെഞ്ഞു പൊട്ടി വിഷമിച്ചു. ൪൦

ആയാസഖിന്നനാം നൃപ-
ദായാദനെയും സുബാഹുവെയുമുടൻ
സ്വീയാങ്കശയിതരാക്കി
പ്രേയാന്മാരായ ഭാനുഗുണമിത്രർ. ൪൧

കാരാഗൃഹത്തിൽ മുൻ ചെ-
ന്നോരാമിവർ തമ്പുരാനുമിഷ്ടന്നും;

---

൩൮. അനുസരിക്കുകയാൽ=പിന്തുടരുക. പരത്തിലും=പരലോകത്തിലും.

൪൦. ഉപഗതാം=അടുത്തെത്തിയ. അപരിചിതർ=പരിചയമില്ലാത്തവർ.

൪൧. ആയാസഖിന്നൻ=ഇത്രയും സംസാരിച്ചതുകൊണ്ടു വീണ്ടും തളർന്നവൻ. സ്വീയാങ്കശയിതർ=തങ്ങളുടെ മടിയിൽ കിടക്കുന്നവർ. പ്രേയാന്മാർ=സ്നേഹിതന്മാർ.

Digitized By Kerala Sahitya Akademi

നേരായങ്ങെളുതാമുപ-
ചാരാനുവിധാനമാചരിച്ചു സദാം· ൪൨

ഗാഢനാൎത്തികളാലസൂനി-
സ്പൃഹനാം നൃപസൂനു കാത്തിരുന്നിടവേ,
ഹഹഹ! കരുത്ത പതിന്നാ-
ലിഹ വന്നെത്തീ, കുറച്ചുനാളുകളിൽ. ൪൩

പെരുത്തു വനേചരരൊത്ത,-
ന്നരുണനുദിക്കേയുദ്ധൃതായുധന്മാരായ്
പുരുഷപശുക്കളെയെല്ലാ-
മിരുളറയിൽനിന്നിറക്കിനാർ വെളിയിൽ. ൪൪

സരസി കുളിച്ചഥ പാടല-
മരവുരി ചുററി,ക്കചന്ദനം പൂശി,
സരഭസമുയിർ വാണ ഗളാ-
ന്തരഭുവി പുഷ്പചമ്പകത്തിമാലയുമായ്, ൪൫

കടുചരിതൻ കരുരചൻ
നെടുവാൾ കണ്ഠത്തിൽ വെപ്പതിൻമുന്ന
ഝടുനിണമൊഴുകിയ മട്ടൊ-
ത്തിട്ടമാകൃതി പൂണ്ട വദ്ധ്യാപുരുഷരവർ, ൪൬

൪൨. ഇവർ=ഭോഷപ്യ, ഗുണമാത്രം. ഉപചാരാനുവിധാനം=ശുശ്രൂഷാകൃത്യം.
൪൩. ഗാഢനാൎത്തികൾ=ഗാഢപീഡകളോടെ. അസൂനിസ്പൃഹൻ=ജീവനിൽ കൊതിയററവൻ·
൪൪. ധൃതായുധന്മാർ=ആയുധങ്ങളെടുത്തവർ.
൪൫. സരസി=പൊയ്കയിൽ. പാടലം=ചുവന്നത്. കചന്ദനം=രക്തചന്ദനം. സരഭസം=ഭയത്തോടുകൂടി· ഗളാന്തരഭുവി=കണ്ഠപ്രദേശത്തിൽ (കഴുത്തിൽ).
൪൬. കടുചരിതൻ=ക്രൂരചേഷ്ടിതൻ· വദ്ധ്യപുരുഷർ=കൊല്ലപ്പെ

Digitized By Kerala Sahitya Akademi

മലർമാലകൾ, ചുററമോരോ-
നിലയിൽക്കത്തുന്ന കൽവിളക്കിവയാൽ
വിലസിന സാക്ഷാൽ ദേവീ-
നിലയനമുപനീതരായിതാബ്ഭടരാൽ. ൪൭
(വിശേഷകം)

ഗൗരമണിപ്പല്ലുകളും,
സ്ഫാരചലദ്ദീപഹേതിജിഹ്വാഢ്യമായ്,
വീരശിരോലംകൃതമതി-
ഘോരം യമവക്ത്രസദൃശമാ ക്ഷേത്രം. ൪൮

"നാലാമ്നായപ്പൊരുളേ!
ലീലാകൃതലോകസൃഷ്ടിഭരണലയേ!
ശൈലാങ്കാലങ്കാരിണി!
കാലാന്തകമഹിഷി! കൈവണങ്ങുന്നേൻ. ൪൯

ടുവാനുള്ള ആളുകൾ.

൪൭. ദേവീനിലയനം=ചണ്ഡികാക്ഷേത്രം. ഉപനീതർ=പ്രാപിതർ.

൪൮. ഗൗരമണിപ്പല്ലുകൾ=ഗൗരമണികൾ (വെളുത്ത ഫലങ്ങകൾ)ആകുന്ന പല്ലുകൾ. സ്ഫാര—ജിഹ്വാഢ്യ=ധാരാളമായി ഇളകുന്ന വിളക്കിൻജ്വാലയാകുന്ന നാവ്. വീരശിരോലംകൃതം=വീരന്മാരുടെ (മുൻ ബലികഴിക്കപ്പെട്ട വീരപശുക്കളുടെ) ശിരസ്സാകുന്ന ശിരസ്സാൽ അലങ്കരിക്കപ്പെട്ടതു്. നരബലിക്കാർ, നല്ല വീരപുരുഷന്മാരെ ബലികഴിച്ചാൽ, അവരുടെ തല ദേവീക്ഷേത്രത്തിൽ കെട്ടിത്തൂക്കുമത്രെ. യമവക്ത്രസദൃശം=കാലമുഖതുല്യം. 'കാണായി' എന്നോ മറ്റോ ഒരു ക്രിയ അദ്ധ്യാഹരിക്കണം.

൪൯. ആമ്നായം=വേദം. ലീലാ—ലയേ=കളിയായി ലോകസൃഷ്ടിസ്ഥിതിപ്രളയങ്ങൾ ചെയ്യുന്നവളേ! ശൈലാ—രിണി=ശൈലത്തിന്റെ (അച്ഛനായ ഹിമവാന്റെ; അഥവാ മുഖ്യവാസസ്ഥലമായ വിന്ധ്യന്റെ) അങ്കത്തെ അലങ്കരിക്കുന്നവളേ! മഹിഷി=ഭാര്യ.

Digitized By Kerala Sahitya Akademi

ഏറിയ ഖലരെക്കത്തി-
ക്കീറി നിണം തുകിടും ത്രിശൂലത്താൽ
പാരിന്റെ താപം തീർക്കും
ഭൂരിവിലാസാഞ്ചിതേ! ജയിക്ക ശിവേ! ൫൦

എങ്കലമായപ്രണയാൽ
സങ്കടശതമനുഭവിച്ചോരാസ്സതിയെ—
എൻകഥനമെന്തിനഥവാ?
ശങ്കരി! നീ സുജനഭരണപരയല്ലോ!!" ൫൧

ഉപചിതഭക്ത്യാൽപ്പുളകൻ
നൃപസുതനേവം മഹേശിയെ നമിക്കേ,
സപദി ശിവാപൂജയ്ക്കു-
ണ്ടുപഗതനായ് വിന്ധ്യകേതു ശബരേന്ദ്രൻ. ൫൨

തുങ്ഗശ്യാമൻ, വനചര-
പുങ്ഗവ,നജിനാന്തരീയപരിധാനൻ
സങ്ഗതധാതുപത്ത്യക-
ജങ്ഗമനീലാഞ്ജനാദ്രിനില കാട്ടീ. ൫൩

വിരുതിലുഴ! തലവെട്ടി-
ക്കരുതി കഴിപ്പാൻ കിരാതപതി ചൊൽകേ,

൫൦. ഖലർ=ദുഷ്ടർ (മഹിഷാദ്യസുരന്മാർ).

൫൧. കഥനം=വിജ്ഞാപനം.

൫൨. ഉപ—ളകൻ= വർദ്ധിച്ച ഭക്തികൊണ്ടു രോമാഞ്ചമയിർക്കൊണ്ടവൻ. ഉപഗതനായ്=വന്നെത്തി. ശബരേന്ദ്രൻ=വേടരാജാവ്.

൫൩. തുങ്ഗശ്യാമൻ=ഉയർന്നു കറുത്തവൻ. വനചരപുങ്ഗവൻ=വേടശ്രേഷ്ഠൻ. അജി—ധാനൻ= പുകന്ന വസ്ത്രമുടുത്തവൻ. സങ്ഗ—നില= ധാതുക്കളോടു ചേർന്നു താഴ്വരയോടുകൂടി സഞ്ചരിക്കുന്ന നീലാഞ്ജനപർവ്വതത്തിന്റെ പരിപാടി.

Digitized By Kerala Sahitya Akademi

തരുണപൂരുഷർക്കുകൾക്ക മുഖ-
ത്തൊരു തുള്ളിയുമില്ല ചോരയെന്നായി! ൪൪

ശങ്കരിയാം ചണ്ഡികതൻ
ചെങ്കഴലിൽത്തൊന്നു തൊഴുതതിൻശേഷം,
ശങ്കയൊടൊതുങ്ങി നില്പോരും
കിങ്കരരോടോതിനാൻ കിരാതേന്ദ്രൻ:— ൪൫

"ആരയി, കൊന്നു, പിടിപ്പാ-
നാരംഭിയ്ക്കുമ്പൊഴെൻെറ ഭടർ പലരെ,
ആ രണ്ടുപേർ, മഹാപത്രു-
വീരർ തനിച്ചെൻെറ മുമ്പിൽ നില്ക്കട്ടേ." ൪൬

'തിരുവച്ചനങ്ങൾ മുമ്പിലു-
മരുളുന്നോ ബലികളെ'ന്ന ശങ്കയോടേ,
പുരുഷഭടർ കല്പനയ്ക്കു-
ത്തിരുവരെയും കൊണ്ടു നിർത്തി പതിനികടേ. ൪൭

ചാരം മൂടിയ തീയിനു
പാരം ശരിയായ് വിവർണ്ണനരചസുതൻ
ആരണ്യേന്ദ്രപുരോഭുവി
ധീരം നിന്നാൻ സുബാഹുവോടൊപ്പം. ൪൮

ഹാ! ലോഭനീയസൽഗുണ-
ശീലോജ്ജ്വലനായ ചന്ദ്രസേനാദിതാ

൪൪. തരുണപൂരുഷർക്കും = യുവാക്കന്മാരായ ബലിപുരുഷന്മാർ.
൪൬. പൂജാവസാനത്തിലേ ബലികഴിക്കും പതിവുള്ളൂ. ഇതാണ് ഭടന്മാരുടെ ശങ്കയ്ക്കു കാരണം. പതിനികടേ = സ്വാമിയുടെ അരികിൽ (മുമ്പിൽ)
൪൮. വിവർണ്ണൻ = നിറംകെട്ടവൻ. പുരോഭുവി = കാട്ടരാജാവിൻെറ മുൻവശത്ത്. ധീരം = കൂസൽകൂടാതെ.

Digitized By Kerala Sahitya Akademi

ഭൂലോകസ്ഥിതി രണ്ടോ,
നാലോ ഞൊടി കൊണ്ടു തീർന്നുപോമല്ലോ!! ൫൧

ആ മാന്യരാജവംശ-
ശ്രീമാണിക്യത്തെ വനചരാധീശൻ
'സാമാന്യപുരുഷനല്ലീ
ശ്രീമാൻ ദൃഢ'മെന്നു നിപുണമായ് നോക്കി. ൫൨

മന്നമൊരൽഭുതമൊന്നു
തന്നകമേ ശങ്കയായി മാറുകയാൽ
ഖിന്നത ചെറുതാർന്നടവീ-
മന്നവനാ'രാണയേ, ഭവാനെ'ന്നാൻ. ൫൩

'ആരാകിലെന്തു? കൃത്യം
പാരാതെ നടന്നിടട്ടെ'യെന്നല്ലോ,
ഹാ! രാജസൂനു ചൊല്ലീ:
ധീരാത്മാക്കൾക്കു മുഷിയൊരുത്സവമോ! ൫൪

ഗൗരവമികവാൽശ്ശൂരാര-
ക്രൂരക്ഷം വിറപ്പെടുത്തുമീ മൊഴിയെ

൫൧. ലോക—ജ്ഞചരൻ=ന്യായാദികങ്ങളായ സൽഗുണങ്ങൾ കൊണ്ടും, ശീലം (സുചരിതം) കൊണ്ടും ശോഭിക്കുന്നവൻ. ഭൂലോകസ്ഥിതി= വാസം

൫൨. മാന്യ—ണിക്യം=മാന്യമായ രാജവംശത്തിനു നല്ല മാണിക്യം. സാമാന്യപുരുഷൻ=സാധാരണനായ ആൾ. നിപുണമായ്=സൂക്ഷ്മമായി.

൫൩. അൽഭുതം=അസാധാരണപുരുഷദർശനം നിമിത്തമുള്ള ആശ്ചര്യം. അടവീമന്നവൻ=കാട്ടുരാജാവ്.

൫൪. പാരാതെ=താമസിയാതെ. താൻ ഇന്ന ആളാണെന്നു പറഞ്ഞാൽ, വിന്ധ്യകേതു കുമാരനെ വിട്ടയപ്പാൻ സംഗതിയുണ്ട് എന്നു സൂചിക്കുന്നു.



Digitized By Kerala Sahitya Akademi

സ്വൈരം ഞാനുരുതാപേനാ,
പാരതിൽ മോഹിച്ചു വീണു വനരാജൻ! ൬൩

ഹേ ജഗദംബേ, ഹഠാൽത്തവ
പൂജകനെത്തട്ടിയിട്ടതെന്തേവം?
നൈജമനോരഥമെന്തും
രാജകുമാരനു സാദ്ധ്യമല്ലേന്നോ! ൬൪

ക്ലമലവമായ്പ്പരിചയമീ-
സ്സമയം വരെയും പെടാത്തൊരപ്പെരുമാൾ
തമസി പതിച്ചതിലതിസം-
ഭ്രമമൊടു ശുശ്രൂഷ ചെയ്തു ശബരന്മാർ. ൬൫

“ഹാ! മൽസ്വാമിൻ! നൈഷധ-
സോമ! മഹാസേന! സാർവ്വഭൗമ! വിഭോ!
ശ്രീമൽകരുണൈകധൃത-
ക്ഷേമൻ ഞാൻ പകരമങ്ങിതോ ചെയ്തു!! ൬൬

ഇത്ര കൃതഘ്നനിലല്ലോ,
തത്രഭവാൻ സുപ്രസാദസുധ തൂകി!
ക്ഷത്രകുലേന്ദ്ര! ഭവൽപ്രിയ-
പുത്രനിൽ ഞാനാചരിച്ചതെന്തയ്യോ!! ൬൭

---

൬൪. ഹഠാൽ=ബലാൽക്കാരേണ. നൈജമനോരഥം= തന്റെ മനോരാജ്യം) എന്നു. (എല്ലാ ആശകളേയും വിട്ടു ചരണത്തെമാത്രം കാംക്ഷിക്കുന്നതായാൽ, ഇതുപോലും).

൬൫. ക്ലമലവം=തളർച്ചയുടെ ലേശം. തമസി=ബോധക്കേടിൽ. ശുശ്രൂഷ=ശീതോപചാരം. ശബരന്മാർ=കാട്ടാളന്മാർ.

൬൬. നൈഷധസോമ=നിഷധരാജ്യത്തിന്നു ചന്ദ്രനായവനേ! ശ്രീമൽ—ക്ഷേമൻ=അവിടുത്തെ കൃപ ഒന്നുകൊണ്ടു സുഖം നേടിയവൻ,

൬൭. കൃതഘ്നൻ=ഉപകാരസ്മരണാശൂന്യൻ. സുപ്രസാദസുധ=

Digitized By Kerala Sahitya Akademi

പരമഫലം പെറുമളകേ-
ശാരകുലകല്പദ്രുമത്തിന്നടിയിൽത്താൻ
കരവാൾ വെപ്പതിനല്ലോ,
വിരവിലൊരുമ്പെട്ടു ദുഷ്ടചരിതനിവൻ! ൮

ഭൂമിപ! ഗതിയെന്തിനി? യീ
സ്വാമിദ്രോഹപ്രവർത്തനത്താലേ
ഹാ! മികവേറിയ പാതക-
മീ മിതമതിയാം ജനത്തിനാപ്പെട്ടു!! ൯

സമനുഗ്രഹബന്ധനത്താൽ-
ശ്ശമമീദുരിതത്തിനെത്തുമാറാക്കാൻ
മമ കൊച്ചുതമ്പുരാനേ!
കിമപി ഭവാൻ ചന്ദ്രസേന! കനിയണമേ!" ൧൦

ആ വനചരപതി വെളിവാ-
ർന്നേവം വിലപിച്ചുകൊണ്ടു വിഹ്വലനായ്,
ഭാവമലിഞ്ഞീടിന യുവ-
ദേവന്റെ പദത്തിൽ വീണു കേണു ചിരം. ൧൧

---

നല്ല പ്രസാദമാകുന്ന അമൃതം. ക്ഷത്രകുലേന്ദ്ര=ക്ഷത്രിയവംശശ്രേഷ്ഠ!. ഭവൽപ്രിയപുത്രൻ=അവിടത്തെ ഇഷ്ടപുത്രൻ.

൮. പരമഫലം=ശ്രേഷ്ഠഫലം. അള—ദ്രുമം= അളകേശവംശമാകുന്ന കല്പവൃക്ഷം. അടിയിൽ=ചുവട്ടിൽ (വേരിന്മേൽ).

൯. സ്വാമി—ർത്തനം=സ്വാമിദ്രോഹം ചെയ്യുക. പാതകം= പാപം. മിതമതി=അല്പബുദ്ധി.

൧൦. സമ—നത്താൽ=തക്ക ശിക്ഷയാൽ. ശമം=നാശം. കുറ്റത്തിന്നനുരൂപമായ ശിക്ഷ അനുഭവിച്ചാൽ, കുറ്റക്കാരൻ പാപവിമുക്തനാകുമെന്നാണല്ലോ, ധർമ്മശാസ്ത്രസിദ്ധാന്തം.

൧൧. വെളിവ്=ബോധം. വിഹ്വലൻ=വിവശൻ. ഭാവം=മനസ്സ്. യുവദേവൻ=ഇളയ രാജാവ്. ചിരം=ഏറെനേരം.

Digitized By Kerala Sahitya Akademi

മാലാളും പതിയുടെയീ-
യാലാപം കേട്ട വേടർ ഞെട്ടിപ്പോയ്:
കാലാശ്രു തങ്ങളും പാമ്പിൻ-
മേലാണപ്പിള്ളതെന്നറിഞ്ഞ വിധം. ൧൫

ഹന്ത! കിരാതേശ്വരനെയു-
മന്തകനായ്ക്കണ്ട വദ്ധ്യപുരുഷർക്കും
അന്തഃകരണമിവന്റെ ദു-
രന്തവ്യഥ ചേർ വിങ്ങിപ്പോയ് സാഹസം. ൧൬

“പരദൈവത്തിലു,മപ്പോ-
ലരചനിലും കേറി, നീതി തൊട്ടവയാൽ,
നരബലി മതഭേദവശാൽ
വിരചിച്ചാലും വിശുദ്ധശീലനിവൻ.” ൧൭

ഇന്ദ്രമിത്രനോടീവിധ മു-
ള്ളിൽ ബണഹർഷം ഭേദം മെല്ലുരചെയ്തു,
ഗ്ഗുണവാനാം വനപതിയെ
പ്രണയേന പാവോള്ളു പരിചസിപ്പിച്ചാൻ:— ൧൮

“നൃപതിസഖ! ധിന്ദുരക്കനേ:
ചാപലോചിതമീ വാഹനമെന്തിനിതിൽ?
ഉപചിരഭാഗ്യാൽ നമ്മൾ-
ക്കാപത്തൊന്നും പിണഞ്ഞതില്ലല്ലോ. ൧൯

---

൧൫. പതി=ഭർത്താവ്. ആലാപം=വാക്ക്.

൧൬. കിരാതേശ്വരനെ=വേടരാജനെ. അന്തഃകരണം=മനസ്സ്. ദുരന്തവ്യഥം=അല്ലാത്ത സങ്കടം. സാഹസം=പെട്ടന്ന്.

൧൮. ഉൽബണഹർഷം=തെളിഞ്ഞ ഉൾക്കുളിരോട്ടു കൂടും വണ്ണം. പ്രണയേന=സ്നേഹത്തോടെ.

൧൯. നൃപതിസഖ=രാജാവിന്റെ (മഹാസേനന്റെ) സ്നേഹിതാ

Digitized By Kerala Sahitya Akademi

ഓരാതടുത്തു മുട്ടിയ
ഘോരാപത്തൊഴികയല്ലയോ ചെയ്തു?
നേരായ്ച്ചിര തീർത്തു ഭവാൻ,
നീരാകെയൊലിച്ചു പോവതിൻമുന്നേ! ൧൭

ക്രിയകൾക്കപ്പുറമാണ,റി-
വിയലാനിട വന്നതെങ്കിലെന്തു ഗതി?
നിയതം, നിഖിലേശ്വരിതൻ-
പ്രിയഭക്തൻ, ഭാഗ്യശാലി തന്നെ ഭവാൻ!!” ൧൮

ചൊല്ലാർന്ന രാജസുതനിങ്ങു, യഥാർഹമട്ടി-
ലല്ലാതുഴന്ന വിധമെത്തിയ വാർത്ത കേൾപ്പാൻ
നില്ലാതൊരൗത്സുകത പൂണ്ട വനേശനോടൊ-
ട്ടെല്ലാം ചുരുക്കിയുരചെയ്തിതമാത്യർ പിന്നെ. ൧൯

വല്ലാതശ്രുഷ്ഠഖേദോദധിയിൽ മുഴുകമര-
ണ്യേശിതാവോടുടൻതാൻ,
“ചൊല്ലാം ദേവ്യച്ഛനാനന്തരമിനി വിവരി-
ച്ചൊക്കെ”യെന്നാൻ കുമാരൻ;
ഭില്ലാഗ്ര്യൻ പിന്നെ,“ഞാൻ നിങ്ങളെ വിപുലമുദാ
വിട്ടിരിക്കുന്നു; പൊയ്ക്കോൾ-
കെല്ലാരും സ്വൈരം!”-മെന്നാബ്ബലിനരരോടുര-
ച്ചിട്ടു പൂജാസ്ഥാരങ്ങി. ൨൦

ചാപലോചിതം=ഉൾക്കരുത്തില്ലാത്തവർക്കുചിതമായത്. ഉപേക്ഷിച്ചത്.
൧൭. നീരാകെ=വെള്ളം മുഴുവൻ.
൧൮. നിയതം=നിശ്ചയമായും.
൧൯. യഥാർഹമട്ടിൽ=സ്ഥാനത്തിനനുരൂപം. ഉത്സുകത=ഔത്സുക്യം. വനേശൻ=വിന്ധ്യകേതു. അമാത്യർ=സുബാഹുഭാനുഗുണമിത്രർ.
൨൦. ആരണ്യേശിതാവ്=കാട്ടുരാജാവ്. ഭില്ലാഗ്ര്യൻ=വേടശ്രേ

Digitized By Kerala Sahitya Akademi

ജീവൻ കിട്ടിയ്ക്കയാലാ,പ്പശുപുരുഷരതി-
പ്രീതരായ് ചെന്നു ചെന്താ-
*ക്കാൽ വന്ദിക്കും യുവക്ഷ്മാപനൊട,വരിലൊരാ-
ളൊന്നുണർത്തിച്ചിതപ്പോൾ:—
“ദേവ! ക്ഷേത്രാഗ്ര്യതീർത്ഥാടനനിരതനെന്നി-
ല്ലൊട്ടുനാളിന്നു മുമ്പ
ഭാവൽക്കാപായദുഃഖാൽ ത്തളർന്നളകയിൽ-
പ്പോകുവാൻ യോഗമുണ്ടായ്. വൃഷ

സാമന്തൻ ജയകേതു വൊത്തു ജയപാ-
ലാശോകസേനാഹ്വയ-
ശ്രീമന്ത്രീന്ദ്രകുമാരരംബുധിയിൽ വി-
ന്നേറിച്ചിരാലങ്ങയെ,
ശ്രീമൻ! തേടി നിരാശരായഥ തിരി-
ച്ചെത്തിനാര;—ന്നതോ-
ട്ടും, മന്നോർമണി, നിൻപിതാവഴൽ പൊറാ-
ഞ്ഞയ്യാ! തപം ചെയ്കയായ്. വൃഷ.

അമാത്യരവർ തത്ര വന്നതിനടുത്തനാൾ, നന്മന-
ന്നമാപതിപദസ്ഥരാം തവ പിതാക്കളെന്തന്തികെ,--

---

സ്റ്റൻ. വിപുലമുദാ=രാജകുമാരസംയോഗത്താലുള്ള മഹാസന്തോഷാനന്ദിതം. സൈപാരം=യഥേഷ്ടം, ബലിനർ=പശുപുരുഷന്മാർ.

വൃഷ. അവരിൽ=പ്രാണലാഭത്താൽ പരിതുഷ്ടരായി പാദവന്ദനം ചെയ്ത ബലിപുരുഷന്മാരിൽ വെച്ച്. ക്ഷേത്രാ — ാതൻ = പുണ്യക്ഷേത്രങ്ങളിലും, തീർത്ഥങ്ങളിലും സഞ്ചരിക്കുന്നതിൽ തൽപരൻ (തീർത്ഥയാത്രക്കാരൻ), ഭാവൽ — ദുഃഖാൽ=ഭവാന്റെ നാശത്താലുള്ള ദുഃഖംനിമിത്തം.

വൃഷ. നിരാശർ=ആശകെട്ടവർ.

---

വൃഷ * വന്ദിക്കുമ്പൊളക്കൂട്ടരിലൊരുവനിളംചന്ദ്രനോടൊന്നുണർത്തീ. എന്നു പാഠാന്തരം.

Digitized By Kerala Sahitya Akademi

കുമാരി കടലിൽപതിച്ചത്ര വഴിയ്ക്കറിഞ്ഞാർത്തിയാൽ
സമാകുലരണഞ്ഞു, നിൻശ്വശുരഭൂപനും ശ്വശ്രുവും.
കാററമ്പേ പ്രതികൂലമായ്, ജലധിയിൽ–
കഷ്ടം! വഴിതെററവമാ–
ന്നോറാം നാളുഴലേണ്ടി വന്ന വസുദ-
ത്തോച്ചീന്ദ്രനാൾകാതരമായ്
നീററം പൂണ്ട മനസ്സോടങ്ങണയവേ,
സന്താനദുഃഖങ്ങൾ കൈ–
മാററം ചെയ്യുവിധത്തിലായ്, ശ്വശുരനും,
നിൻ താതമാതാക്കളും! വൃ൪

കുമാരാന്വേഷത്തിന്നനുദിശമനേ–
കം ഭടരെ വി–
ട്ടമാത്യന്യസ്താച്ചീടരിതനൃപ–
ന്മാരുമധുനാ
ഉമാനാഥക്ഷേത്രേ കഠിനനിയമം
പൂണ്ടരുൾകയാ–
ണ;– മാന്തിസ്സാതത്തെന്നുടനേയവിടെ–
യ്യെത്തണമിനി.’ വൃ൫

---

വൃ൩. തത്ര = അളകയിൽ. ഉമാ—— മന്ദിരർ=ശിവക്ഷേത്രവാസികൾ. പിതാക്കൾ=അച്ഛനമ്മമാർ. അന്തികേ=അടുക്കൽ. കുമാരി= താരാവലി. അതിനിടെ ശ്വശുരഭൂപൻ= വസുദത്തരാജാവ്. ശ്വശ്രു= ‘മകരാക്ഷി’ എന്ന രാജ്ഞി.

വൃ൪. മുന്നറിയിപ്പുപ്രകാരം വേളിക്കതെവണ്ണം അളകയിൽ എത്തേണ്ടിയിരുന്ന വസുദത്തനു വിളംബം നേരിട്ടതിന്റെ കാരണം പൂർവാർദ്ധംകൊണ്ടു വിവരിച്ചിരിക്കുന്നു. നീററം പൂണ്ട=സന്താപത്തോടുകൂടിയ. സന്താനദുഃഖങ്ങൾ പരസ്പരമാറും മൂലമുള്ള ദുഃഖങ്ങൾ. ശ്വശുരർ=ലോഷ്ട്യുടെ അച്ഛനമ്മമാർ. ചന്ദ്രസേനനാശത്തെ വസുദത്തനും, താരാവലീനാശത്തെ ഹാരസേനനും ഇപ്പോൾ മാത്രമേ അറിഞ്ഞുള്ളൂ.

വൃ൫. കുമാരാന്വേഷത്തിന്ന് =കുട്ടികളെ (താരാവലിയേയും, ച

അക്ഷയ്യാദരമീ. യഥാൎത്ഥകഥനം
കേട്ടാ,സ്സ്വഹൃദ്വീരതും
രക്ഷപ്പെട്ടതിലാൎന്ന തുഷ്ടിഭരവും
താരാവലീചിന്തയാൽ,
നക്ഷത്രം വെയിലാൽ കണക്കു വിലയി-
ച്ചാലും, യഥാൎത്ഥാകൃതിയാൽ,
സൂക്ഷ്മശ്രേശകുമാരനക്ഥകനിൽ-
ക്കാണിച്ചു തൻ നന്ദിയെ. വൃന്ദ

ശ്രദ്ധാപൂൎവ്വം കൃതാഭ്യൎച്ചനനഥ ശബര-
സ്വാമി സാമാത്യനാകു-
ന്നദ്ധാത്രീശാത്മജന്മാവെ ത്തനതുവസതിയിൽ-
കൊണ്ടുപോയ്, ഭേണ്ടപോലെ,
യുദ്ധായാസത്തിലേറ്റോരുടൽ മുറിവുകളിൽ-
ബ്ഭേഷജം വെച്ചുകെട്ടി,-
ശ്ശുദ്ധാഹാരാദി നൽകി പ്പെരികെയുപചരി-
ച്ചീടിനാനന്ദഹർഷം. വൃ൬

കാരാഗൃഹമുക്തി എന്നതിനേഴാംസർഗ്ഗം കഴിഞ്ഞു.

---

വാസനയും) തിരയുവാൻ. അനന്ദിശം= ദിശകൾ (ദിക്കുകൾ) തോറും. അമാ— ഭേർ=മന്ത്രിമാരിൽ അഗ്രിമപ്പെട്ട രാജ്യഭാരത്തോടു കൂടിയവർ. ഇയന്മപന്മാഹം= വസുദത്തനും, മഹാപ്രനനും. കഠിനനിയമം= ഉഗ്രതപോനുഷ്ഠാനം.

വൃന്ദ അക്ഷയ്യാദരം=അളവററ ആദരത്തോടു കൂടിയത്. യഥാൎത്ഥകഥനം സത്യവചനം. സ്വസ്വഹൃദ്വീരത= തയ്യ കുളപ്പേരിൽ. തുഷ്ടിഭരം= സന്തോഷാതിശയം. താരാവലീചിന്ത= താരാവലിയെക്കുറിച്ചുള്ള വിചാരം. വിലയിച്ചാലും= മറഞ്ഞുവെങ്കിലും. യഥാൎത്ഥാകൃതിയാൽ= ഉള്ള വാക്കു പറഞ്ഞ് സൂക്ഷ്മശ്രേശകുമാരൻ രാജപുത്രൻ. കഥകൻ =വൎത്തമാനങ്ങൾ പറഞ്ഞവൻ.

വൃ൬ കൃതാഭ്യൎച്ചനൻ=ദേവപൂജ കഴിച്ചവൻ. ശബരസ്വാമി= വേടരാജൻ. സാമാത്യൻ= മന്ത്രിമാരോടു കൂടിയവൻ. ധാത്രീശാത്മജന്മാവെ= രാജകുമാരനെ. വസതി= പാൎപ്പിടം. ഭേഷജം= മരുന്ന്. ശുദ്ധാഹാരാദി=പരിശുദ്ധമായ ഭക്ഷണം മുതലായത്. ഉപചരിച്ചീടിനാൻ= ശുശ്രൂഷിച്ചു.

Digitized By Kerala Sahitya Akademi

# പതിനെട്ടാംസൎഗ്ഗം

നരനാഥസൂനു കഥയൊക്കെ മുറ-
യ്ക്കുരചെയ്തു കേട്ട ശബരപ്രവരൻ
പരമാത്ഭുതാകുലവചസ്സുകളാൽ-
ച്ചിരമോൎത്തു വാഴ്ത്തി ഭവിതവ്യതയെ. ൧

ഉരിയാടി പിന്നെ യുവമന്നവനോ-
ടെഃ—"രിയാസ്ത തൃക്കഴൽ വിചിന്തകളാൽ!
അരിയോരു പതിയെയുമാൎത്തു, വിഭോ!
തിരിയേ ലഭിയ്ക്കുമിവിടസ്തു ദ്ധം. ൨

തവ മൃത്യുതീണ്ടിയൊരു ജീവനെയും,
ഭവദീയബാന്ധവരെയേവരെയും,
നൃവതംസ! വീണ്ടരുളിയോരു വിധം
ഭുവനേശി കാന്തയെയുമിങ്ങു തരും! ൩

ദുരദൃഷ്ടചോദിതവണിക്ചപലൻ
തരസാ ഹരിച്ച സതിമാർമണിയാം
നിരപായമങ്ങയൊടിണങ്ങിടുമെ-
ന്നരചെയ്യുതുണ്ടു ദ്ധമെന്റെ മനം. ൪

൧. മുറയ്ക്കു്=സവിസ്തരം. ഭവിതവ്യതയെ=ദൈവഗതിയെ.
൨. വിചിന്തകൾ=വിചാരങ്ങൾ. അരിയോരു=പ്രിയപ്പെട്ട.
൩. ഭവദീയബാന്ധവർ=അങ്ങയുടെ സ്നേഹിതന്മാർ. നൃവതാംസ=പുരുഷന്മാൎക്കു് ഉത്തംസമേ. ഭുവനേശി=ചണ്ഡികാദേവി.
൪. ദുര—ചപലൻ=ദുൎവിധിയാൽ പ്രേരിതനായ ചപലവണിജൻ. ഹരിച്ച=അപഹരിച്ച. നിരപായം=കേടെന്നിയേ. മനം=മനസ്സാക്ഷി.



Digitized By Kerala Sahitya Akademi

തരുണീഗവേഷണവിധിക്കുടനേ
വിരുതുള്ള യോധരെ വിടാമടിയൻ;
തിരുമേനിയോടു പിഴചെയ്തിതിനെ,-
ന്തൊരു മാറനിഷ്കൃതി നമുക്കുളതാം? ൭

ഇവരീ വിടും വിപിനചാരികൾ പോയ്-
ത്തവ ദേവിതൻ ഗതിയറിഞ്ഞു വരും:
ജവമോടു രാഘവവധൂചരിതം
പ്ലവഗേശ്വരന്റെ ഭടരെന്നവിധം. ൮

തിരുമെയ്യിനീ മുറികൾ തൂന്തു സുഖം
വരുവോളമിങ്ങു നിവസിച്ചയി, തേ
പെരുതാം സമൃദ്ധി ഭവദാശ്രിതരിൽ-
പ്പെരുമാറിടും നിലകൾ പാർത്തറിയാം! ൯

ഒരു രണ്ടു നാലു ദിവസത്തിനകം
തിരുമേനി മുൻനിലയിലാം, നിയതം:
പുരുഷേന്ദ്ര! നന്മുറിമരുന്നുകളീ-
യൊരു കാടർപോലിതരരാരറിയും?” ൰

൭· തരു—ധിക്ക്=തരുണിയെ (താരാവലിയെ) തിരയുവാൻ· നിഷ്കൃതി=പ്രതിവിധി·

൮. വിപിനചാരികൾ=കാട്ടാളന്മാർ· ഗതി=മാർഗ്ഗം. രാഘ—രിതം=രാമപത്നിയുടെ (സീതയുടെ) വൃത്താന്തം. പ്ലവഗേശ്വരൻ=സുഗ്രീവൻ.

൯. തൂന്ത്=നികന്നു (ഉണങ്ങി). നിവസിച്ച്=പാർത്ത്. തേ=അങ്ങേക്കു. സമൃദ്ധി=സമ്പത്ത്· ഭവദാശ്രിതർ=ഭവാന്മാരുടെ സേവകർ· അച്ഛൻ തിരുമനസ്സിലെ കരുണയാൽ, ഇവിടുത്തെ യഥോചിതം ഉപചരിപ്പാൻ തക്ക ധനപുഷ്ടി അടിയന്നുണ്ട് എന്നാശയം·

൰· നൻമുറിമരുന്നുകൾ=നല്ല സദ്യോവ്രണൌഷധങ്ങൾ. ഇത

Digitized By Kerala Sahitya Akademi

ഗുരുസൌഹൃദാനുഗുണമായ് വിപിന-
പ്പെരുമാളിവണ്ണമുര ചെയ്തിടവേ,
ഒരു കല്യഭില്ലഭടനാനതനായ്-
ത്തിരുമുമ്പിലെത്തിയറിയിച്ചിതിദം: ൯

“സ്വൈരം, പ്രഭോ! ബഹുധനാനുഗനായൊ,രഗ്ര്യ-
സ്ത്രീരത്നമൊട്ടുമൊരുമിച്ചു വണിക്കൊരുത്തൻ
ദൂരത്തുനിന്നി,ഹ ഭവൽഭടനീതനായി
ദ്വാരസ്ഥലത്തു നിലയുണ്ടി;- നിയാജ്ഞപോലേ!” ൧൦

ഏവം ശ്രവിച്ചു നൃവരാത്മജനും, സഖാക്കൾ
മൂവർക്കു,മാ വനചരേന്ദ്രനുമൊന്നുപോലെ,
‘ആ വഞ്ചകപ്രവരനായ വണിക്കു താനോ,
ഈ വന്നതെ!’ന്നൊരിളതാം കുളുർകാററു തട്ടി. ൧൧

‘ആര്യാളെയങ്ങനെയൊടൊത്തിവിടെയ്ക്കു തന്നെ
പോയാളു കൊണ്ടു വരികെ’ന്നരുൾചെയ്തവണ്ണം,

---

രർ=അന്യർ. മുറിമരുന്നും, വിഷമരുന്നും കാട്ടാളർക്കു പോലെ മററാർക്കും, അത്ര അധികം അറിഞ്ഞുകൂടാ.

൯. ഗുരു— ഗുണം=മഹത്തായ സ്നേഹത്തിന് അനുരൂപം. ഉര ചെയ്തിടവേ എന്നതുകൊണ്ടു വിന്ധ്യനെക്കുറിച്ചു പറവാൻ തുടങ്ങിയതു മുഴുവനായിട്ടില്ല എന്നു സൂചിപ്പിക്കുന്നു. കല്യഭില്ലഭടൻ=കരുത്തനായ വേടയോധൻ. ആനതനായ്=വണക്കത്തോടെ. ഇദം=ഇതിനെ (താഴെപ്പറയുന്നതിനെ).

൧൦. ബഹുധനാനുഗൻ=വളരെ ധനങ്ങളും, ആൾക്കാരുമുള്ളവൻ. വണിക്ക്=കച്ചോടക്കാരൻ. ഭവൽഭടനീതൻ=അങ്ങയുടെ ഭടന്മാരാൽ കൊണ്ടുവരപ്പെട്ടവൻ. ദ്വാരസ്ഥലത്ത്=വാതില്ക്കൽ. ആജ്ഞ=കല്പന.

൧൧. ശ്രവിച്ചു=കേട്ടു. അ=താരാവലിയെ അപഹരിച്ച. ഇളതാം കുളിർ കാററ് എന്നതിന്നു, സുഖകരമായ ശങ്ക എന്നു ഭാവം.

Digitized By Kerala Sahitya Akademi

ആ യാമിനീശമുഖിയൊത്ത വണിക്കതന്നെ-
സ്വീയാധിപന്റെ സവിധത്തിലണച്ചു യോധൻ. ൧൨

ആ രാജസൂനു മുതലായവരഞ്ചുപേരു-
മാരാഞ്ഞു രണ്ണമവരെന്നു കൊതിച്ചിരുന്നു;
നേരാണു് തെളിഞ്ഞു വിധി, ഹന്ത! കൃശാംഗിയാളാ-
ത്താരാവലീ ഗുണനിധാനത്തു താൻ വണിക്കും. ൧൩

"ഹാ! ഭാഗ്യ!- മിസ്സതി സമൽക്കല മദിനീശ-
സൌഭാഗ്യരത്നനവകല്പകവല്ലിതന്നെ!
ഭൂഭാഗമാകെയിരുളാക്കിടുവാൻ തുടന്നു
ലോഭാന്ധനാം ഖലവണിക്കയെന്നി,യ്യിവൻതാൻ! ൧൪

തങ്ങാരിൽ മാതിരനെതിരാകിയ ദേവി ഹാ ഹാ!
കന്ദോർശ്ശര സ്സുറിയുവാൻ കഴിയാത്ത മട്ടിൽ,
കൊണ്ടാടിടേണ്ടുമുടൽ വാടി മെലിഞ്ഞു, വേനൽ-
ക്കൊണ്ടേറ്റ ലത പോലെ ചമഞ്ഞുവല്ലോ!!"

എന്നായ് സ്സുബാഹു സ്തുതി പൂണ്ടുരചെയ്തു,യോടി-
ച്ചെന്നാത്മകാന്തയുടെ കോമളമാം ഗളത്തിൽ

---

൧൨. യാമിനീശമുഖി=ചന്ദ്രമുഖി. സ്വീയാധിപൻ=തന്റെ സ്വാമി. സവിധം=സമീപം.

൧൩. അഞ്ചുപേർ=ചന്ദ്രസേനൻ, സുബാഹു, ഭാനു, ഗുണമിത്രൻ, വിന്ധ്യകേതു.

൧൪. സമൽ—വല്ലി=വസുമതിയുടെ സൌഭാഗ്യരത്നത്തിന്നു പുതിയ കല്പലതയ്ക്കു ശ്രേഷ്ഠം സൌഭാഗ്യമേറിയവൾ (താരാവലി). ലോഭാന്ധൻ=ലോഭം (പെരിയവസ്തുവിലുള്ള അത്യാശ)കൊണ്ടു് അന്ധൻ. ഖലവണിക്കവൻ=ഞ (താരാവലിയെ ഹരിച്ച) ദുഷ്ടനായ കച്ചോടക്കാരൻ.

൧൫. ലത=വല്ലി.

Digitized By Kerala Sahitya Akademi

നന്നായ് സ്വബാഹുയുഗളത്തെയണച്ചുകൊണ്ടു-
നിന്നാനഹോ! മതി മറന്ന മഹീന്ദ്രപുത്രൻ. ൫൩

"എന്താണിതെന്റെ കരളിൻമറിവോ? കിനാവോ?
ഹന്താഖിലം ശംബരർതൻ മറിമായമെന്നോ?
ഹന്ത്യാര്യപുത്രപദമേ ഗതി!"യെന്നു നാനാ-
ചിന്താന്ധയായിതു കുമാരി കുറച്ചുനേരം. ൫൪

മാലിന്നഭീക്ഷ്ണമിടയാക്കിയ വിപ്രയോഗ-
മാലിന്യമാശു കഴുകിക്കളയുന്നതിന്നായ്
ചേലിൽത്തുടർന്ന പടി, നേത്രജലത്തെ മെല്ലു-
മേലിങ്ങു തൂകി ചിരമാസ്സവധൂവരന്മാർ. ൫൫

"ദേവി! ക്രമേണ പറയാം വിവരം; വനേശ-
നീ **വിന്ധ്യകേതു** വഴി നമ്മയിതൊക്കെ"യെന്നായ്
മാൽ വിട്ടിട്ടും വിധമുരച്ചുഹ **ചന്ദ്രസേന**-
നാ വിഹ്വലാങ്ഗിയെയിരുത്തി നിജാന്തികത്തിൽ. ൫൬

ലോലാക്ഷിതന്റെ ചിരകാലമുപോഷിതങ്ങൾ-
പോലായ ലോചനചകോരകിശോരകങ്ങൾ

൫൩. ധൃതിപൂണ്ട്=വെമ്പലോടെ. ആത്മകാന്തം=തന്റെ പ്രിയതമം. സ്വബാഹുയുഗളം=തന്റെ കൈകൾ രണ്ടും. മതി മറന്ന=ഹർഷാതിശയത്താൽ ഉന്മത്തചിത്തനായ.

൫൪. ആര്യപുത്രപദം=ഭർത്തൃപാദം. നാനാചിന്താന്ധ=പലതരം വിചാരങ്ങൾകൊണ്ടു വെളിവില്ലാത്തവൾ. കുമാരി=രാജപുത്രി (താരാവലി).

൫൫. അഭീക്ഷ്ണം=പിന്നെയും, പിന്നെയും. വിപ്ര—ലിന്യം=വിരഹമാകുന്ന മാലിന്യം. നേത്രജലം=കണ്ണീർ. ചിരം=ഏറെ നേരം.

൫൬. വിഹ്വലാംഗിയെ=വിവശഗാത്രിയെ. നിജാന്തികത്തിൽ=തന്റെ അരികിൽ.

Digitized By Kerala Sahitya Akademi

ചേലാന്നൊരാത്തമമനോനന ചന്ദ്രകാന്തി-
ജാലാമൃതത്തെ നിതരാം നിഭൃതം നുകർന്നു. ൨൦

സ്നേഹം ചിരന്തനമൊഴുക്കിട്ടുമക്കടാക്ഷ-
വ്യൂഹത്തെ വല്ലഭ മുഖ്യ പതിക്കയാലേ,
ഹാ ഹന്ത! മന്നവസുതൻെറ മനോജ്ഞമായ
രോഗം പ്രണയവ്യഥയൊഴിഞ്ഞു വിധം തെളിഞ്ഞു. ൨൧

തീരാത്ത ഹർഷമൊടു തത്ര സഖാക്കൾ ചൊന്നാർ:—
"ഫേലാദ്രചലം ഗതിയിടഞ്ഞു മുടക്കിയാലും,
വാരാശിയാം വരനിൽ വല്ല വഴിക്കുമെത്തി-
ച്ചേരാതിരുന്നിടുകയില്ല സരിത്തു നൂനം." ൨൨

വന്നിങ്ങുകത്താണ്ടെ വണിക്കിനോടി-
പ്പന്തിക്കു ചോദിച്ചിതു വിന്ധ്യകേതു:—
"എന്തിന്നു വിശപ്പസ്കലിതം വണിക്കു
ചിന്തിച്ചു നീ? ചൊല്ലുക സത്യമെല്ലാം. ൨൩

ദീനാക്ഷരം കൈതൊഴുതന്തി വൈശ്യൻ:
"മാനാഗ്രഹര! അതല്ല ലിവെങ്കൽ വേണം;

൨൦. ഉപാഷിതങ്ങൾ = ഉത്സവരഹസ്യാൽ ഉപവാസം അനു
ഷ്ഠിച്ചവ. ചാപ — കണ്ടാൽ = കണ്ണു ളാകുന്ന ഇള ചെമ്പോത്തുകൾ.
അത്തമ — മൃത = തൻെറ പ്രിയതമൻെറ മുഖമാകുന്ന ചന്ദ്രൻെറ ശോഭ
നിറയുന്ന അമൃത്. നിതരാം = ഏറ്റവും നിഭൃതം = നിശ്ചലം.

൨൧. കടാക്ഷവ്യൂഹം = കടക്കണ്ണുകൾ. പ്രണയവ്യഥ = കിരാതയുദ്ധ
ത്തിലെ മുറിവുകളുള്ള വദനം. ചിന്തയായ (പാഠഭേദം)
... ...മെന്നോ ...പ്രൂ ...ചെണ്ണമെന്നു വൈരൂപ്യം.

൨൨. ...ൾ = വന്ധ്യകളുമ്പുട്ടികൾ. ഫേലാദ്രചലം =
പൊന്മലകൾ. വാരാശി = സമുദ്രം. വരനിൽ = ഭർത്താവിൽ. സരിത്തു =
നദി. നൂനം = നിശ്ചയം.

Digitized By Kerala Sahitya Akademi

ജ്ഞാനാന്ധ്യമുൾക്കൊണ്ടൊരു പാററപോലേ
തീനാണു തീയെന്നു നിനച്ചുപോയി! ൧൪

'തൊട്ടാൽക്കലം കൂടി നശിക്കു'മെന്ന
മട്ടായ നിക്ഷേപമിതെങ്കിലും, മേ
കിട്ടാമൊരിക്കൽഗ്ഗുണമെന്നു തീവ്ര-
ത്വിട്ടാളുമീസ്സാദ്ധ്വിയിലാശ വെച്ചേൻ. ൧൫

'ചെന്നാലയം പുക്കിവളെ ക്രമേണ
നന്നായ് നയം ചൊല്ലി വഴിപ്പെടുത്താം:
കുന്നാകിലും വെട്ടി നികത്തുമാറു-
ണ്ടെ'ന്നായിരുന്നു ഹതമെൻ വിചാരം. ൧൬

ഹാ! വല്ല പാടും ഭവനത്തിലെത്താ-
നീ വൻവനപ്രാന്തപഥത്തിലൂടേ
വൈവശ്യമാർന്നാശു ഗമിക്കുമെന്നെ-
ദ്ദൈവം ഭവാന്മാരുടെ മുൻപിലാക്കി! ൧൭

വല്ലായ്മയൊന്നേവമെനിക്കു പാററി;
ഇല്ലായുധന്നാരിഹ കീഴ്പെടാതേ?

---

൧൪. ദീനാക്ഷരം = വിവശങ്ങളായ അക്ഷരങ്ങളോടുകൂടുംവണ്ണം. മാനാർഹർ = പൂജ്യന്മാർ. ആന്ധ്യം = മൌഢ്യം.

൧൫. മേ = എനിക്ക്. ത്വിട്ട് = ഉഗ്രമായ പാതിവ്രത്യതേജസ്സ്.

൧൬. ആലയം = ഭവനം. ഹതം = കെട്ടതു.

൧൭. വൻവനപ്രാന്തപഥം = വലിയ കാട്ടിന്റെ ഓരത്തുകൂടിയുള്ള വഴി. വൈവശ്യം = അന്യന്റെ ധനത്തെ അപഹരിച്ചവർക്കു സ്വാഭാവികമായുണ്ടാകുന്ന ഭയം നിമിത്തമുള്ള ആകുലത. ഗമിക്കും = യാത്രചെയ്യുന്ന.

Digitized By Kerala Sahitya Akademi

എല്ലാം ക്ഷമിച്ചീടണമേ ഭവാന്മാർ:
നല്ലാളുകൾക്കൾക്കൃപ ചേരുമല്ലോ." ൮൮

"ഭാവം വിനീതം; മൊഴി തേനു;-കം ന-
ഞ്ഞി;വണ്ണമാം ദുർജ്ജനലക്ഷണൾ
ദൈവം കുറയ്ക്കാതിവനേകിനാ"നെ-
ന്നേവം തദാ മന്ത്രി സുബാഹു ചൊന്നാൻ. ൮൯

സന്തപ്തനാം വാണിജനെസ്സരോഷം
സന്തർജ്ജനം ചെയ്തു കിരാതരാജൻ:—
"എന്തൊത്ര ജല്പിപ്പതു നീ! ദുരാത്മൻ!,
ക്ഷന്തവ്യമോ നിൻകഠിനാപരാധം? ൯൦

ഇസ്സാവ്ഭൌമപ്രഭുപുത്രനേയു,-
മിസ്സാദ്ധ്വിയാം രാജകുമാരിയേയും
ദുസ്സാഹസംചെയ്തു വലച്ച നിൻെറ
നിസ്സാരദേഹം കഴു തിന്നിടട്ടേ!!" ൯൧

രുട്ടാന്നിവണ്ണം ശബരാഗ്ര്യനുഗ്ര-
മട്ടായുരയ്ക്കെ, പ്പുടകൈതരിപ്പാൽ
മുട്ടാളനെശ്ശിക്ഷ വിധിച്ചു കയ്യിൽ-
ക്കിട്ടാൻ ധൃതിപ്പെട്ടു കിരാതയോധർ. ൯൨

൮൯. വിനീതം = വിനയമുള്ളത്. കുറയ്ക്കാതെ = പൂർത്തിയായി.

൯൦. സന്തപ്തൻ = ദുഃഖിതൻ. വാണിജൻ = കച്ചോടക്കാരൻ. സരോഷം = ക്രോധത്തോടേ. സന്തർജ്ജനംചെയ്തു = ഭർത്സിച്ചു (ശകാരിച്ചു) ജല്പിക്കുക = നിരർത്ഥമായി പ്രലപിക്കുക. ക്ഷന്തവ്യം = ക്ഷമിക്കത്തക്കത്.

൯൨. രുട്ട് = കോപം. ഉഗ്രമട്ട് = ക്രൂരഭാവം; അല്ലെങ്കിൽ ഉഗ്രൻെറ (സംഹാരരുദ്രൻെറ) മട്ട്. ധൃതിപ്പെട്ടു = വെമ്പി. കിരാതയോധർ = വേടഭടന്മാർ.

Digitized By Kerala Sahitya Akademi

ധൂർത്തൻ വൈശ്യന്നയിര,ജ്ഞനാശ-
വാർത്താശ്രവംമൂലമുഴന്ന പോലേ,
പേർത്താസ്സതീകോമളബാഹുവല്ലി
ചാർത്താൻ കൊതിച്ചോരു കഴുത്തിലേറി! ൨൨

താരാവലീ സങ്ഗമമാർഗ്ഗചിന്താ-
ഭാരാർത്തമായ്ത്തീൎന്ന വിടന്റെ ശീർഷം
തീരാത്ത വിശ്രാന്തിയെടുത്തു മന്നിൽ-
ച്ചേരാനിനിത്താമസമിപ്പൊഴല്ലോ!! ൨൩

ഘോരാത്മനാശം ഫലമാക്കു, മന്യ-
ദാരാശയാലെന്നതനേകമട്ടിൽ
നേരായറിഞ്ഞിട്ടുമഹോ! പുമാന്മാ-
രാരാൽ വിടുന്നീല വിടസ്വഭാവം!! ൨൪

'സ്ത്രീകൾക്കസാധാരണരൂപധേയം,
ശോകം പെടുത്തുന്നൊരു ശത്രു'വത്രേ!
ഹാ! കഷ്ടമീവാക്കിനൊരുത്തമദൃഷ്ടാ-
ലോകത്തിലില്ലാ വിടരെന്തിനിപ്പോൾ? ൨൫

൨൨. അജ്ഞ—ശ്രവം= മരണാശങ്കയുടെ കേൾവി. സതീ—വല്ലി= സതിയുടെ (താരാവലിയുടെ) മാർദ്ദവമുള്ള കൈ. സതീദ്രോഹപ്രവൃത്തനായ വണിക്ക കണ്ഠപ്രാണനായിത്തീൎന്നു എന്നു സാരം.

൨൩. താരാ—ർത്തം= താരാവലിയോടു ചേരാനുള്ള വഴികളാലോചിക്കുക എന്ന ഭാരംകൊണ്ടു ക്ഷീണിച്ചതു്. ശീർഷം= തല. തീരാത്ത= ഏതെന്നേക്കുമുള്ള. വിശ്രാന്തി= വിശ്രമം.

൨൪. ഘോരാത്മനാശം= ഭയങ്കരമായ ആത്മനാശം. അന്യദാരാശ= പരസ്ത്രീകാംക്ഷ. ആരാൽ= അകലെ.

൨൫. അസാ—ധേയം= അസാമാന്യമായ സൌന്ദര്യം. ശോകാപ്പെടുത്തും.



Digitized By Kerala Sahitya Akademi

ആ വദ്ധ്യനാം ക്ഷുദ്രവണിക്കിനന്നു
ജീവൻ കൊടുപ്പിച്ചിതു ചന്ദ്രസേനൻ;
പാദപ്പെട്ടും മാററികൾക്കുമെല്ലാൽ
കൈവന്നു കണ്ടാൽക്കനിവൂ മഹാന്മാർ. ൩൭

'ധനമഖിലവുമിദ്ദയാലുവാകും
വനചരരാജനു കാഴ്ചവെച്ചു, കൂപ്പി,
തനതുയിരിനെ വീണ്ടുകൊള്ളുകെ'ന്നാ-
ജ്ജനപതിസൂനു വണിക്കിനോടുരച്ചു. ൩൮

"പലവുരു വിവൾ കേണിരന്ന പോലീ,
വിലപെരുകും മണിഭൂഷണങ്ങൾ വാങ്ങി
അലസമിഴിയെ വിട്ടയച്ചുവെന്നാ-
ലലഘു ധനം മമ കിട്ടുമായിരുന്നു! ൩൯

കൈവശമുള്ളതുമിന്നിഹ പോയെ"-
ന്നേവമുയർന്നു ഖലന്നനുതാപം:
ആവക ലുബ്ധജനത്തിനു ചിത്തം
ജീവനിലും പ്രിയമേറിയതല്ലോ. ൪൦

൩൭. വദ്ധ്യൻ=വധാർഹൻ. അരികൾക്കു്=അപകാരം ചെയ്ത ശത്രുക്കൾക്കും. കനിവൂ=ദയ ചെയ്യുന്നു.

൩൮. ജനപതിസൂനു=ചന്ദ്രസേനൻ.

൩൯. ഇവൾ=ഇവൾ (താരാവലി) അണിഞ്ഞിരിക്കുന്ന. ഈ മണിഭൂഷണങ്ങളെപ്പററി 14-ാംസർഗ്ഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

൪൦. കൈവശമുള്ളതു്=കയ്യിലുള്ള ധനവും. ഖലന്നു്=ദുഷ്ടവണിക്കിന്നു്. അനുതാപം=പശ്ചാത്താപം. ദ്രവ്യത്തെ ജീവിതാധികമായി കരുതുന്ന ലുബ്ധൻ, പ്രാണലാഭത്തിൽ സന്തോഷിക്കേണ്ടതിനു പകരം, ധനനാശത്തെ ഓർത്തു പശ്ചാത്തപിച്ചതു് അത്ഭുതമല്ലെന്നു സാരം.

Digitized By Kerala Sahitya Akademi

സ്ഥിതികരമാദ്യമായ പുരുഷാർത്ഥമൊഴിഞ്ഞ വഴി-
ക്കതിദുരമന്തിമത്തിലുളവായതു നിഷ്ഫലമായ്,
ക്ഷതി ബത! മദ്ധ്യമത്തിനുമണഞ്ഞതു, ഗമിച്ചിതവൻ:
സതിയുടെ കണ്ണുനീർക്കനലിലെന്തുരുകില്ലുലകിൽ? ൪൫

കനലെരിവിയോഗത്താൽക്കുണ്ഠിച്ചുഴന്നു നടന്നതും,
വനചരർ ബലാൽക്കാരാഗാരത്തിലാക്കിയടച്ചതും,
ജനകനഗരീവൃത്തം കാലത്തൊരാളറിയിച്ചതും
വനജമുഖിയോടെല്ലാം ചൊല്ലീ കുമാരനമാത്യവാൻ. ൪൬

തടവുമുറിയിൽപ്പാർപ്പും കൂടി പ്രിയന്നു പിണഞ്ഞതും,
കുടിലവലയിൽനിന്നിഷ്ടന്മാരൊക്കെ രക്ഷയണഞ്ഞതും
സ്ഫുടമറികയാൽ, ഖേദാഹ്ലാദങ്ങളാമിരുശക്തികൾ-
ക്കിടയിലവശപ്പെട്ടു തന്വംഗിയാൾക്കു മനം ചിരം. ൪൭

ദുരാധിവശരാം പിതാക്കളെ നിനച്ചു ബാഷ്പോൽഗമം
ചിരാൽച്ചെറ്റടക്കിയിട്ടിടറി മഞ്ജുവാമൊച്ചയിൽ
"ഒരാളെയുളക്കഴിച്ചിടുക വേണ്ടയോ വേഗ"മെ-
ന്നരാളകുഞ്ചില്ലിയാളഥ മണാളനോടോതിനാൾ:— ൪൮

൪൫. സ്ഥിതികരം=ലോകത്തെ നിലനിർത്തുന്നത്. ആദ്യമായ പുരുഷാർത്ഥം=ത്രിവർഗ്ഗമെന്നു പറയപ്പെടുന്ന ധർമ്മാർത്ഥകാമങ്ങളിൽ ഒന്നാമത്തേതായ ധർമ്മം. അന്തിമത്തിൽ=ഒടുക്കത്തേതിൽ(കാമത്തിൽ). ക്ഷതി=നാശം. മദ്ധ്യമത്തിനും=നടുവിലത്തേതിനും(അർത്ഥത്തിനും). അവൻ=വണിക്ക്. സതീദ്രോഹം സർവ്വനാശകമാകുന്നു എന്നു, നാലാം പാദത്തിന്റെ താൽപ്പര്യം.

൪൬. ജനകനഗരീവൃത്തം=അച്ഛന്റെ പുരിയിലെ (അളകയിലെ) വർത്തമാനം. കാലത്ത്=രാവിലെ. വനജമുഖി=പത്മമുഖി. അമാത്യവാൻ=മന്ത്രിമാരോടു കൂടിയവൻ.

൪൭. തടവുമുറി=കാരാഗൃഹം. സ്ഫുടം=സ്പഷ്ടമായി. ഖേദാഹ്ലാദങ്ങൾ=സന്താപസന്തോഷങ്ങൾ.

൪൮. ദുരാധിവശർ=വല്ലാത്ത ദുഃഖത്തിൽപ്പെട്ടവർ. പിതാക്കൾ=

Digitized By Kerala Sahitya Akademi

"പ്രിയതേ! സ്വജനത്തിനൊക്കയും
ഭയദാപത്തരുളുമ്പോലിയലായ ഞാൻ
ദയനീയത ചേർത്തതില്ലയോ?
നിയതം നിന്ദിതമെന്റെ ജാതകം!" ൪൫

വരനപ്പൊഴിടക്കു ചൊല്ലി: "നിൻ–
വരചാരിത്ര്യഗുണൌഘമാണു താൻ
കരഭോരു! കരേറി, ദുർദ്ദശാ–
ഗർത്തങ്ങളിലുഴന്ന ഞങ്ങളെ. ൪൬

നാളെയളകങ്ങൾ വിവർണ്ണങ്ങളെഴിപ്പാ–
നാർച്ച മഞ്ജു ശൃംഗാരാരാളചികുരങ്ങളാൽ;
വാളെതിർചലമിഴി, നമുക്കു ഹിതമെന്നും
നീയുള്ള നിരാചാരമായോര ഞാനധമനിതല്ലോ." ൪൭

പീനാനന്ദമോദമോടഥ വിധുകേതുവാ–
ദ്ദൂനാംഗിയാകിയ വസുമതീപുത്രിയെ
സ്നാനാനുലേപനാംബരാദികളാലവൾ
നാനാതരം സമുപചരിച്ചു സാദരം. ൪൮

---

അച്ചുനമ്മമർ. ഘോഷ്ഠാൽഗമങ്ങൾ കണ്ണീരുയച്ചു. ചിരാൽ=ഏറെക്കാലം കൊണ്ട്. മഞ്ജു=മനോജ്ഞം. അരാളം=വളഞ്ഞത്.

൪൫. ഭയദാപത്ത്=ഭയങ്കരമായ വിപത്ത്.

൪൬. ഇടക്ക=താരാവലി പറഞ്ഞുതീരുന്നതിനു മുമ്പ്. വര—ണൌഘം=ശ്രേഷ്ഠങ്ങളായ ചാരിത്ര്യഗുണങ്ങളാകുന്ന ഗുണങ്ങളുടെ (കയറുകളുടെ) ഓഘം (കൂട്ടം). കരഭോരു=കരഭം (കൈപ്പടത്തിൽ ചെറുവിരലിൽ കീഴ്ഭാഗം തുടങ്ങി മണിബന്ധം വരെയുള്ള ഭാഗം) പോലെയുള്ള തുടകളോടു കൂടിയവൾ, ദുർദ്ദ—ഗർത്തം=ദുരവസ്ഥാഗണമാകുന്ന കുഴി.

൪൮. പീനാനന്ദമോദം=വലിയ സന്തോഷം. ദൂനാംഗി=ക്ഷോഭിച്ചവൾ. സ്നാനം—രാദി=കളി, കുറി, നല്ലവസ്ത്രം മുതലായത്. സ

Digitized By Kerala Sahitya Akademi

എന്നിട്ടമാത്യന്മാരൊത്തു ഭർത്താ-
വൊന്നിച്ചുപചരിച്ചാൻ തന്റെ സ്ഥലത്തിൽ;
ചെന്നിന്ദുബിംബശ്രീവക്ത്രയാളും
കന്നിക്കുമാരീപാദങ്ങൾ കൂപ്പി· ൧൯

"സമസ്തലോകേശകളേബരാർദ്ധമേ,
സമഗ്രസൌഭാഗ്യവിലാസരംഗമേ!
സുമഞ്ജുളത്വൽസ്മിതവെണ്ണിലാവുതാൻ
തമസ്സിൽ മാഴ്കീടുമെനിക്കൊരാശ്രയം;" ൨൦

ഹൃഷ്ടനായഥ വനേശ്വരനങ്ങാ-
ശ്ലിഷ്ടരാം പുതിയ ദമ്പതിമാരെ
വിഷ്ടപേശിയുടെ മുന്നിൽ, വിളങ്ങും
വിഷ്ടരങ്ങളിലിരുത്തി യഥാർഹം. ൨൧

കൃതകേതരസൌഷ്ഠവാംഗിയാൾതൻ
കൃതസംസ്കാരവിശുദ്ധഗാത്രരത്നം,
ചിതമൊത്തൊരു കാന്തി നാലുപാടും
ചിതറുമാറതിരമ്യമായ് വിളങ്ങീ. ൨൨

മുപചരിച്ചു=ഉപകാരം ചെയ്തു.

൨൦. സമ—ർദ്ധം=മഹേശ്വരന്റെ പകുതിദേഹം. സമ—രംഗം=പരിപൂർണ്ണമായ സൌഭാഗ്യത്തിന്റെ കൂത്തരങ്ങ്. സുമ—ലാവ = ഏറ്റവും മനോഹരമായ നിന്തിരുവടിയുടെ പുഞ്ചിരിയാകുന്ന ചന്ദ്രിക. തമസ്സ്=മൌഢ്യം, ഇരുട്ട്.

൨൧. ഹൃഷ്ടൻ=ഉൾക്കുളിർത്തവൻ. ശിഷ്ടർ=ഉത്തമന്മാർ. വിഷ്ടപേശി=ലോകേശ്വരി. വിഷ്ടരങ്ങൾ=ആസനങ്ങൾ. യഥാർഹം=വേണ്ടുംപോലെ.

൨൨. കൃത—വാംഗി=അകൃത്രിമമായ അഴകുള്ള ദേഹത്തോടു കൂടിയവൾ. കൃത—രത്നം=സംസ്കാരം (സ്നാനാദി) ചെയ്തതുകൊണ്ടു വിശേ

Digitized By Kerala Sahitya Akademi

മുനിവൃത്തി വഹിച്ചിടുന്ന കാത്യാ-
യനിപോലുള്ളവരംഗസൌഷ്ഠവത്തെ
ജനിതാദരമത്രയേറെ വാഴ്ത്താൻ
തുനിയില്ലെന്നിഹ മന്ത്രികൾക്കു തോന്നി ൫൩

അത്ര ശ്രേഷ്ഠതരവേഷനിളാഭൃൽ-
പുത്രനാ രുചിരഗാത്രിയൊടൊപ്പം
മിത്രവർഗ്ഗമിഴിയിൽ സുധ തൂകീ!
ചിത്രയോത്ത കുളിരമ്പിളി പോലേ. ൫൪

കൃത്തദാനവകബന്ധനാളനിണക്കളത്തിൽ നിരർഗ്ഗളം
മത്തടിച്ചു തിമർത്തു നൽതിരുനൃത്തമാടിയ ചണ്ഡികേ!
ഉത്തമോത്തമരായ ദമ്പതിമാരിവർക്കഴലാപ്പെടാ-
തുത്തരോത്തരമംഗളങ്ങളയത്തുകെൻപരദേവതേ!” ൫൫

ഗൌരിയോടിതുമട്ടിൽ മൂന്നു കുളപ്പി നേർന്നു, തനിച്ചു കസ്തൂരി, മുത്തു തുടങ്ങിയേറെ വിലപ്പെട്ടും പല സാധനം പാരിനാദരണങ്ങളായിടുമാ വധൂവരർതൻ പദത്താരിൽവെച്ചിതുകാഴ്ചയായ്,വിപുലാദരൻവിപിനേശപരൻ

ക്ഷേണ നിർമ്മലമായ ദേഹമാകുന്ന രത്നം.

൫൩. മുനിവൃത്തി=മൌനവ്രതം (അത്യാവശ്യകം മാത്രമേ സംസാരിക്ക എന്ന സമ്പ്രദായം.) അംഗസൌഷ്ഠവം=ദേഹസൌന്ദര്യം. അന്നു, കാത്യായനി താരാവലിയുടെ സൌന്ദര്യത്തെ സ്വല്പം മാത്രമേ വർണ്ണിച്ചുള്ളു എന്നു സാരം.

൫൪ അത്ര=ദേവീക്ഷേത്രത്തിൽ. ഇളാഭൃൽപുത്രൻ=രാജകുമാരൻ. ചിത്ര=ചിത്രാനക്ഷത്രം.

൫൫. കൃത്ത—ക്കളം=കഴുത്തറുക്കപ്പെട്ട അസുരന്മാരുടെ രക്തപടലം. നിരർഗ്ഗളം=തടവില്ലാതെ. ഉത്ത—ളങ്ങൾ=മേല്ക്കുമേലുള്ള നന്മകൾ.

൫൬. ഗൌരി=ചണ്ഡികാദേവി. വിപുലാദരൻ=വലിയ ആരെ

Digitized By Kerala Sahitya Akademi

ഭാവുകോചിതഭാജനത്തിൽ നിറച്ച നൻമൃഗനാഭിതൻ-
മേൽവരിപ്പടിയായ് നിരത്തിയ വെൺനറുംപുതുമുല്ലകൾ
ശ്രീ വളർന്നവർതൻ പദത്തിൽ വിളങ്ങി, തന്നഖചന്ദ്രസം-
സേവനത്തിനു വാനൊടൊപ്പമണഞ്ഞ താരകൾപോലവേ.

വല്ലഭാനന്ദിതനായ രാജസുതങ്കലേറിയ ഭക്തിയാൽ
ഭില്ലഭൂപനൊരുത്സവത്തെയുമങ്ങു നീളെ വളർത്തിനാൻ;
നല്ല താലഫലത്തിനൊത്ത കുചദ്വയങ്ങൾ കുലുങ്ങുമാ-
റുല്ലസിച്ചു പുളിന്ദിമാർ നടമാടിനാരിഹ പാടിനാർ. ൬൭

അടുത്ത നാൾ, മഹാളികാപുരിക്കു തക്ക പത്രവും
കൊടുത്തു കാനനേശിതാവയച്ച ഭില്ലകിങ്കരൻ
തൊടുത്തുവിട്ടൊരമ്പുപോലനല്പവേഗമങ്ങു ചെ-
ന്നടുത്തവാറു കണ്ട കാഴ്ചയെത്രയോ ഭയങ്കരം! ൬൮

പടർന്നുയർന്നു കത്തിടുന്നു, തത്ര ശംഭുകോവിലിൻ-
നടയ്ക്കലിന്ധനാഢ്യകുണ്ഡമണ്ഡലൈധിതാനലൻ,
സ്ഫുടം പുരാരിതൻ ശരാസമാം മഹാദ്രിസേവനം
തുടർന്നിടാനണഞ്ഞതോ ഇതെന്നു തോന്നിടും വിധം.

---

വോട്ടുകൂടിയവൻ. വിപിനേശപൻ=കാട്ടുരാജാവ് (വിന്ധ്യകേതു.)

൬൬ ഭാവു—ജനം=കാഴ്ചക്കു തക്ക പാത്രം. മൃഗനാഭി=കസ്തൂരി. തന്ന—വനം=കാലിലെ നഖങ്ങളാകുന്ന ചന്ദ്രന്മാരെ സേവിപ്പാൻ. താരകൾ=നക്ഷത്രങ്ങൾ

൬൭. വല്ലഭാനന്ദിതൻ=പ്രിയയോടു ചേർന്നവൻ. ഭില്ലഭൂപൻ=വേടരാജൻ. താലഫലം=കരിമ്പനക്കായ്. പുളിന്ദിമാർ=കാട്ടാളപ്പെണ്ണുങ്ങൾ. നടം=നൃത്തം.

൬൮. പത്രം=എഴുത്ത്. കാനനേശിതാവ്=കാട്ടുരാജാവ്. അനല്പവേഗം=വളരെ വേഗത്തോടു കൂടുംവണ്ണം.

൬൯. ശംഭുകോവിൽ=ശിവക്ഷേത്രം. ഇന്ധ—നലൻ=വിറക നിറച്ച വട്ടക്കുഴിയിൽ വളർത്തിയ തീ. പുരാരിതൻ (ശിവന്റെ) ശരാസ

Digitized By Kerala Sahitya Akademi

വലം വെച്ചീടുന്നു ഹുതവഹനെ,യാ നൈഷധസമൽ
ക്ഷിതിക്ഷോണീശന്മാർ നിയമക്കൂശരാഗന്മേശം ചെയ്യ്;
അലച്ചുന്നുണ്ടെങ്ങും, ഹാഹഹ! ചുഴലെക്കൂടിയ മനം
കലങ്ങും പൌരന്മാരുടെ കരുണകോലാഹലരവം. ൬൭

സുതാപായോത്താപം, പ്രതിനിമിഷമേറുന്നു പൊറാ-
ഞ്ഞഹിതാ! ചാടുന്നു തീക്കുഴിയിലിവരെന്നായ നിലയിൽ
'ഇതാഹാ! ചെയ്യാറെയ്യ്'ന്നുപരി വിചലൽഭവഹുതലനായ്
ദ്രുതായാസശ്വാസത്തൊടുമരികിലെത്തീ വനഭടൻ. ൬൮

ധരണിപരവനെക്കണ്ടുദ്ഭ്രമം നിത്തി പൊട്ടു-
ന്നു;—മണ്ണൊടിയിടകൊണ്ടാത്തിക്ക നിശ്ശബ്ദമായി;
നരരഖിലമൊരേമട്ടാ, ശ്ശുഭാനന്ദവാത്താ-
ഹരനെ,യിമപെടാതേ നിശ്ചലം നോക്കി നിന്നാർ. ൬൯

'കാമിനീമണിസമേതനായിളയ തമ്പുരാൻ
വിപിനസീമ്നി മൽ-
സ്വാമിയാമരിയ വിന്ധ്യകേതുവിനടുക്കലു-
ണ്ടു,നഗർ പൂകും!

ഥാം (വില്ല്‌യ) ചഹാദ്രി=മേരുപർവ്വതം. ഭുവനം തുടന്നിടാൻ= ചുപാ മിയെ രക്ഷിപ്പാൻ.

൬൭. ഹുതവഹൻ= അഗ്നി. നൈഷ—ശന്മാർ= മഹാസേന വസുദത്തന്മാർ. നിയ—ഗതർ= വ്രതംകൊണ്ടു ചടച്ച ശരീരത്തോടു കൂടിയവർ. കരു—രവം= ദീനമായ കളകളശബ്ദം.

൬൮. സുത—ത്താപം= മക്കളെ കണ്ടുകിട്ടാഞ്ഞതിനാലുള്ള സന്താപം. പ്രതിനിമിഷം= ക്ഷണംതോറും. ഉപ—തലൻ= പുകച്ചിൽ ഉള്ള കൈപ്പടത്തോടു കൂടിയവർ. ദ്രുതായാസശ്വാസം= ശീഘ്രഗമനംകൊണ്ടുള്ള കിതപ്പ്. വനഭടൻ= വേടൻ.

൬൯. ധരണിപർ= മഹാസേനവസുദത്തന്മാർ. ഉദ്ഭ്രമം= തിയ്യിൽ ചാടാനുള്ള ഒരുക്കം. നരർ= ആളുകൾ. അഖിലം= മുഴുവൻ. ശുഭാ—ഹരൻ= നല്ല സന്തോഷവർത്തമാനം കൊണ്ടുചെന്നവൻ.

Digitized By Kerala Sahitya Akademi

ഈ മികച്ച മൊഴിയാകിയോരമൃതമാശു തൂ-
കി, നിഖിലക്ഷമാ-
ശ്യാമികാവൃതശരീരമാം ശബരമേഘമ-
ങ്ങു കുളിരേകിനാൻ. ൩൪

പൌരശ്രേണിയിൽവെച്ചു, തത്ര, ജയപാ-
ലശോകസേനാദ്യരു-
ള്ളാരണ്ടുത്സുകരാം കലാപികൾ വിശേ-
ഷിച്ചും രസിച്ചാടവേ,
ആരണ്യേന്ദ്രഭടൻ കൊടുത്ത വിവര-
ക്കത്തൊക്കെ വായിച്ചു കേ-
ട്ടോരക്ഷോണിഭൃദഗ്രിമർക്കരുവി പോ-
ലുണ്ടായിബാഷ്പസ്രവം. ൩൫

തിക്കിൽചാടാൻ തുടങ്ങിട്ടു,മൃതസരസി പോയ്
വീഴ്കയാലുള്ള ഹർഷം
മെയ്യിൽ സാക്ഷാൽ വഹിച്ചാത്തവശനില പെട്ടും
രാജ്ഞിമാരോടു കൂടി,

൩൪. കാമി—ജേതൻ=സ്ത്രീജനത്തോടു (താരാവലിയോടു) കൂടിയവൻ. വിപിനസീമ്നി—കാട്ടിൽ. അനുഗർ=അനുചരന്മാർ. അമൃതം—വെള്ളം. ശ്യാമി—രീരം—കറുപ്പിനാൽ വ്യാപിക്കപ്പെട്ട മേഘങ്ങളോടുകൂടിയത്. ശബരമേഘം—കാട്ടാളനാകുന്ന കാറ്.

൩൫. പൌരശ്രേണി—പൌരസമൂഹം. കലാപികൾ=മയിലുകൾ. ആടവേ—നൃത്തം ചെയ്യവേ. ബാഷ്പസ്രവം—കണ്ണീരൊഴുക്കം. ശബരമേഘത്തിന്റെ അമൃതവർഷം ആണല്ലോ മുൻശ്ലോകത്തിൽ ഉപന്യസിച്ചതു്; വർഷത്തിൽ മയിലുകൾ രസിച്ചു നൃത്തം വെക്കുന്നതും, ക്ഷോണിഭൃദഗ്രിമർക്കു് (വലിയ പർവ്വതങ്ങൾക്കു്) അരുവിയൊഴുകുന്നതും സാധാരണം.



Digitized By Kerala Sahitya Akademi

ഇയ്യിഷ്ടോദന്തമെത്തിച്ചുവന്ന സമുചിത-
  പ്രീതിസൽക്കാരമെല്ലാം
ചെയ്യിച്ചാപ്പാർത്ഥിവന്മാർ സുരുചിരപുരി പൂ-
  കീടിനാരൂഢഘോഷം. ൫൬

വെളിവാറിരുന്ന നില വിട്ടു, സാമ്പ്രതം
തെളിവാർന്ന നാഥനൊടു ചേർന്ന കാരണം,
ലലിതാളകാങ്ഗനയലംകൃതാങ്ഗിയാ-
യൊളി കൈവളർത്തി നിതരാം വിളങ്ങിനാൾ. ൫൭

വളരമൃതസരസിൽ നിമിഷം പോ-
ലളകയിൽത്തിഥികൾ മൂന്നു കഴിഞ്ഞു;
ഇളയ ഭൂപനെഴുനള്ളിട്ടമാ നൃ-
ളിളയിൽ വന്നവതരിച്ചു മനോജ്ഞം. ൫൮

നിഷധഭൂപതനുനാളിൽ നിജേഷ്ട-
സ്നുഷയെ വർത്മനി മുറയ്ക്കെതിരേല്പാൻ,
വിഷഗളന്റെ കൃപയാത്തമനോവാ-
ഗതിശയഹർഷനെഴുനള്ളി സദ്യം. ൫൯

൫൬. അമൃതസരസി= അമൃതിൻ പൊയ്കയിൽ. ഇഷ്ടോദന്തം= പ്രിയപ്പെട്ട വർത്തമാനം. സമു——ക്കാരം= തക്ക പ്രീതിയോടുകൂടിയുള്ള സംഭാവന. സുരുചിരപുരി= അപ്പോൾ ചെയ്ത അലങ്കാരങ്ങൾകൊണ്ടു ഏറ്റവും ശോഭിക്കുന്ന രാജധാനി (അളക).

൫൭. സാമ്പ്രതം= ഇപ്പോൾ. നാഥൻ= മഹാസേനൻ. ലലിതാളകാംഗന= ലലിതയായ അളകയാകുന്ന സ്ത്രീ; ലലിതാളക (നല്ല അളകങ്ങളുള്ളവൾ) ആയ സ്ത്രീ എന്നും. ഒളി= ശോഭ.

൫൮. തിഥികൾ= പക്കങ്ങൾ (ദിവസങ്ങൾ). അവതരിച്ചു= പിറന്നു.

൫൯. നിജേഷ്ടസ്നുഷ= തന്റെ പ്രിയപുത്രഭാര്യ. വർത്മനി= വഴിക്കുവെച്ചു. വിഷഗളൻ= ശിവൻ. അത്ത—ഹർഷൻ= മനസ്സിനും, വാ

Digitized By Kerala Sahitya Akademi

പെരുത്ത പൌരപൃതനാവൃതനായാ-
ത്തിരുമനസ്സു വസുമതീശനൊടൊപ്പം
ഒരു മഹാരഥമേറി വിളങ്ങീ:
വരുണനൊത്ത വലവൈരി കണക്കെ. ൧൦

സ്ഫുടതരം മുരജകാഹളഢക്കാ-
പടഹശംഖമുഖവാദ്യനിനാദം
പടകൾതൻ പല തരം ധ്വനിതത്തോ-
ടിടകലൎന്നു ദിശി പൊങ്ങി മുഴങ്ങീ. ൧൧

അകലെനിന്നഥ വനേചരസേനാ-
നകഘനദ്ധ്വനികൾ കേട്ടു തുടങ്ങീ;
വികചഹൎഷമിഹ ചാതകമട്ടു-
ത്സുകത പൂണ്ടിളകി നൈഷധസൈന്യം. ൧൨

അതിനുമേലകലെ, ഹന്ത! യുവോൎവ്വീ-
പതി വരും വരവു കണ്ടു തുടങ്ങീ;
മതിയുദിച്ചളവു കടൽ തേടും
സ്ഥിതിയിലായി നൃപസേന തദാനീം. ൧൩

ക്കിന്നും ഗോചരമല്ലാത്ത ഹൎഷത്തോടു കൂടിയവൻ. സുദൂരം=വളരെ ദൂരം.

൧൦. പൌര—വൃതൻ=പൌരന്മാരാലും, സേനയാലും ചുറ്റപ്പെട്ടവൻ. മഹാരഥം=മേത്തരം തേർ. വലവൈരി=ഇന്ദ്രൻ.

൧൧. മുര—നാദം=മദ്ദളം, കാഹളം, ഇടക്ക, പെരുമ്പറ, ശംഖു മുതലായ വാദ്യങ്ങളുടെ ശബ്ദം. ധ്വനിതം=ശബ്ദം.

൧൨. വനേ—നികൾ=കാട്ടാളസൈന്യത്തിന്റെ പെരുമ്പറകളുടെ കനത്ത ശബ്ദങ്ങൾ. വികചഹൎഷം=വികസിച്ച സന്തോഷത്തോടുകൂടുംവണ്ണം. നൈഷധസൈന്യം=മഹാസേനന്റെ സേന. ഘനദ്ധ്വനികൾ (ഇടിമുഴക്കങ്ങൾ) ചാതകങ്ങളെ (വേഴാമ്പൽപ്പക്ഷികളെ) ഹൎഷതരളിതങ്ങളാക്കുമല്ലോ.

൧൩. അതിനു മേൽ=അനന്തരം. യുവോൎവ്വീപതി=ഇളയ രാജാ

Digitized By Kerala Sahitya Akademi

ചല നിറമിടചേർന്നോരഗ്ര്യമാം വാജിതൻ മേൽ,
കലജവധുവിനോടും കൂടി മേവും കുമാരൻ,
സുലളിതമയില്മേൽദ്ദേവസേനേശനൻ പോ-
ലധമനിമഷരാമിപ്പൌരരാൽ ദൃഷ്ടനായീ! ൧൮

വാനവപ്പുഴ കളിന്ദകന്യകയൊടെന്നപോ-
ലമലവേഷമാം
മാനവേന്ദ്രനുടെ സൈന്യമംശുമഹാസേന ത-
ന്നൊടിടചേരവേ,
യാനഖിന്നതുരഗത്തിൽനിന്നുടനിറങ്ങി,യി-
ഷ്ടജനയുക്തനായ്-
ത്താനണഞ്ഞഥ രഥാവരൂഢപിതൃപാദസീ-
മനി വണങ്ങിനാൻ. ൧൯

ഹാ! കല്യാണാംഗി താരാവലി നിഷധനരേ-
ന്ദ്രന്റെ പെൺപൈതലേ! നീ,
ശ്രീകണ്ഠം ചന്ദ്രസേനൻ തിരുവടി വസുദേ-
വാഖ്യന്റെ സൽപുത്രനെന്നും

വ്. മതി=ചന്ദ്രൻ. നൃപസേന=മഹാസേനസൈന്യം. ഒമനിം=
ങ്ങപ്പോൾ,

൧൮. അഗ്ര്യം=ശ്രേഷ്ഠം. വാജി=അശ്വം. കലജവധു=കലീനയാ
യ പ്രിയതമ. ദേവസേനേശാൻ=ദേവസേന എന്നവളുടെ ഭർത്താവ്.
(സുബ്രഹ്മണ്യൻ). അനിമിഷർ=കണ്ണിമയ്ക്കാത്തവർ; ദേവന്മാർ എന്നും.
ദൃഷ്ടനായ്=കാണപ്പെട്ടു.

൧൯. വാനവപ്പുഴ=ഗംഗ. കളിന്ദകന്യക=കാളിന്ദീനദി. അമ
ലവേഷം=നിർമ്മലമായ ഉടുപ്പോടുകൂടിയത്. യാനഖിന്നതുരഗം=യാ
ത്രകൊണ്ടു ക്ഷീണിച്ച കുതിര. ഇഷ്ടജനയുക്തൻ=പ്രിയയോടും, സുഹൃത്തു
ക്കളോടും കൂടിയവൻ. രഥാവരൂഢപിതൃ=തേരിൽനിന്നിറങ്ങിനില്ക്കുന്ന പി
താക്കന്മാരുടെ (മഹാസേനവസുദേവന്മാരുടെ) കാല്ക്കൽ;

Digitized By Kerala Sahitya Akademi

ലോകം മാറിൽ ധരിയ്ക്കും പടി; വിനതവധൂ-
കാന്തരെത്തൽപ്പിതാക്ക-
ന്മാർ കണ്ണീരിൽക്കുളിപ്പിച്ചതിരമരിമ-
യ്യോത്തു ലാളിച്ചു മേന്മേൽ. ൧൬

"ദൈവഭക്തി, ദയ, സൌഹൃദം മുതലനേക-
സൽഗുണമിണങ്ങിടു-
ന്നീ വനാധിപതിയാണു തന്നതു, നമുക്കു
നമ്മുടെ കിടാങ്ങളെ"
ഏവമശ്രുഗളനായുരച്ചു സമുൽക്ക-
ലേശനും, യഥോചിതം
കൈവണങ്ങുമൊരു വിന്ധ്യകേതുവെ മനസ്സി-
ലാക്കിയളകേശ്വരൻ. ൧൭

ദാഹം മൂത്തവർ പൊയ്ക കണ്ടു ധൃതിയിൽ-
പ്പാഞ്ഞെത്തിടും പോലണ-
ഞ്ഞാഹന്താംഘ്രിതലത്തിൽ വീണ ജയപാ-
ലാശോകസേനാത്മജരെ
സ്നേഹവ്യാകുലനാം കുമാരനെഴുന്നേ-
ല്പിച്ചും, കിരാതായുധ-
വ്യൂഹം തട്ടി മുറിഞ്ഞതിൻവടുവെഴും
മാറത്തണച്ചാൻ ദൃഢം. ൧൮

൧൬. വിനതവധൂകാന്തർ=വണങ്ങിയ വധൂവരന്മാർ. തൽപിതാക്കന്മാർ=അവരുടെ അച്ഛന്മാർ. അരിമ=സ്നേഹം. മഹാസേനൻ താരാവലിയിലും, വസുഭൂതൻ ചന്ദ്രസേനനിലും സ്വസന്താനനിർവിശേഷമായ പ്രേമത്തെ പ്രകാശിപ്പിച്ചു എന്നു താൽപ്പര്യം.

൧൭. സൌഹൃദം=സ്നേഹം. അശ്രുഗളനായ്=തൊണ്ടയിടച്ചുകൊണ്ടേ. ഉൽക്കലേശനും=വസുഭൂതനും.

൧൮. അംഘ്രിതലത്തിൽ=കാല്ക്കൽ. കിരാതായുധവ്യൂഹം=കാട്ടാ

Digitized By Kerala Sahitya Akademi

പ്രിയസഖസചിവന്മാരെവരും, പ്രാണതുല്യ-
പ്രിയയുമഹഹ! രക്ഷപ്പെട്ടു കൈവന്നമൂലം
സ്വയമൊരു കൃതകൃത്യാവസ്ഥ പൂണ്ടുൾ കുളിർക്കും
പ്രയതമതി കുമാരൻ പൌരമദ്ധ്യേ വിളങ്ങീ. ൯൩

സാരോല്ലാസിവചോവിലാസഹസിത-
സ്നിഗ്ദ്ധാവലോകാദിയാ-
ലോരോ കൂട്ടരെയും യഥാർഹമഭിന-
ന്ദിച്ചാ യുവക്ഷ്മാവരൻ
ഓരോപേതമുദാരമാമൊരു രഥം
കേറി,പ്പിതാക്കൾക്കു പി-
മ്പാരോമന്നഗരിക്കു, സൈന്യയുഗളം
ചൂഴെഴുന്നള്ളിനാൻ. ൱

ചോണർന്നോരു തുറന്ന തേരിനകമേ,
സൌഭാഗ്യസർവ്വസ്വമാ-
മേണാങ്കാനനയൊത്തു മേവിന മഹാ-
സേനാത്മജന്മാവിനെ,
പ്രാണാപായമുറച്ചിരുന്ന നരർ ക-
ണ്ടിട്ടത്ഭുതാങ്ങളെ-
ക്കാണാൻ കൺ കഴകേണ്ട മെന്ന നിലയിൽ-
ക്കണ്ണീരു പൂണ്ടീടിനാർ. ൱൧

ഉന്മാദരുടെ ആയുധക്കൂട്ടം. വട്ടം=കിണ്ണം. ദൃഢം=മുറുകെ.

൯൩. പ്രിയസഖസചിവന്മാർ=പ്രിയസുഹൃത്തുക്കളായമന്ത്രിമാർ. കൃതകൃത്യാവസ്ഥ=കൃതാർത്ഥത. പ്രയതമതി=പരിശുദ്ധഹൃദയൻ.

൱. സാരോ—കാദി=സാരവത്തായ വാക്ക്, പുഞ്ചിരി, സ്നേഹത്തോടു കൂടിയ നോട്ടം മുതലായത്. യഥാർഹം=തക്കപോലെ. ഓരോപേതം=ഓജസ്സോടുകൂടി. ഉദാരം=ഉൽകൃഷ്ടം. സൈന്യയുഗളം=മഹാസേനന്റെയും, വിന്ധ്യകേതുവിന്റെയും സേനകൾ.

൱൧. ഏണാങ്കാനന=ചന്ദ്രമുഖി. മഹാ—ന്മാവ്=മഹാസേന

Digitized By Kerala Sahitya Akademi

തങ്കം തന്നൊത്തൊടിമ്മാതിരി നിയതമിണ-
ങ്ങീടുവാൻ ഹേതുവായി-
സ്സങ്കല്പിച്ചിട്ടു കാത്യായനിയെ വളരെ വാ-
ഴ്ത്തുന്ന വാമാക്ഷിമാർകൾ
തൻകൺനോട്ടക്കരിങ്കുവളമലർനിരയെ-
സ്സൌധവാതായനൌഘ-
ത്തിങ്കൽച്ചാർത്തിത്തിളങ്ങുന്നളകയിലഥ ചെ-
ന്നെത്തിനാൻ ചന്ദ്രസേനൻ. വൃ൨

“ജയിക്കു യുവമന്നവൻ സുമതി ചന്ദ്രസേനൻ ചിരം,
ജയിക്കു വസുദത്തപുത്രരമണപുത്രി താരാവലി!”
ലയിച്ചിതി, ത്തുമട്ടിലുള്ളുത്സവമങ്ങളാശംസയിൽ,
‘ക്ഷയിച്ചു നിജപുണ്യ’ മെന്നിരുളടഞ്ഞിരുന്നാപ്പുരം.

പാരാതന്തഃപുരം പുക്കു,ടി തൊഴുമളവ-
ങ്ങമ്മമാർ ചെയ്തു തൃക്ക-
ണ്ണീരാം തീർത്ഥം തലയ്ക്കാടിയ സുഭഗവധൂ-
കാന്തർതൻ വേളി പിന്നെ,
പാരാം പാരാകെ, രമ്യോത്സവലഹരികളിൽ-
ത്തത്തുമാറെന്തു,ത്ത ലഗ്നം
നേരായ്‌ച്ചേർന്നോരു നാളിൽ, വെളുസ്സുകൃതി മഹാ-
സേനഭൂപൻ നടത്തി. വൃ൪

ന്റെ പുത്രൻ. പ്രാണാപായമുറച്ചിരുന്നു=മരിച്ചതായി വിശ്വസിച്ചിരുന്നു.

വൃ൨. ഹേതു=കാരണമത്രെ. സൌധനൌഘം=മാളികകളുടെ ജനാൽക്കൂട്ടം.

വൃ൩. ഇതുവരെ, തന്റെ സുകൃതമെല്ലാം ക്ഷയിച്ചുപോയി എന്നോർത്തു വ്യസനിച്ചിരുന്ന ആ പുരം ഇപ്പോൾ, ഇത്തരത്തിലുള്ള മംഗളാശംസകളിൽ മഗ്നമായിത്തീർന്നു.

വൃ൪. ഉത്ത ലഗ്നം=രണ്ടുപേർക്കും യോജിച്ച മുഹൂർത്തം.

Digitized By Kerala Sahitya Akademi

തന്നുള്ളിൽ തുങ്ങതങ്ങ്ളോ, വിഭവമികവിനും,
പുത്രവാത്സല്യപൂര-
ത്തിന്നും യോജിയ്ക്കുമാറു, നൃപതിമണി നട-
ത്തും വിവാഹോത്സവത്തിൽ,
ചിന്നും മോദേന താരാവലിയുടെ ജനകൻ
രത്നസമ്പൂർണ്ണമാം തൻ-
മന്നും കൂടിത്തനുജാവരനു സമുചിത-
സ്ത്രീധനത്തെന്ന നൽകീ. വൃ൭

അന്നദഗ്രസ്യമഹോത്സവത്തിലിഹ പങ്കുകൊൾവാ-
നതിന്നു വന്നോരായ്
വന്നുചേർന്ന ജയകേതു, ദമ്പതികളാലനാ-
ല്പമനുമോദിതൻ
'ഇന്നു താൻ ബത! തൃതീയമായ പുരുഷാർത്ഥമ-
ത്ര ചരിതാർത്ഥമാ-
യെ'ന്നു സന്തുഷ്ടനായി മിത്രാദികളുമായ് വസി-
ച്ചു മരുവീ ചിരം. വൃ൮

കാലത്താൽ വന്നു വൃത്തിപ്രണിഹിത മതിയാം-
മച്ഛനപ്പിച്ച ഭോഗ,-
ജ്ജാലപ്പൊണ്മൗലി താരാവലിയൊടു ശരിയാ-
യ്യെച്ച ലാളിച്ചുകൊണ്ടും

വൃ൭. ഉള്ളിൻതുംഗത്ത = മനസ്സുകൊണ്ട്. വിഭവമികവ് = സമ്പൽ പുഷ്ടി. മന്നു = രാജ്യവും. തനുജാവരനു = [illegible]. സമു—ത്തെ ഉചിതമായ സ്ത്രീധനമെന്ന നിലയിൽ [illegible]വലിയുടെ ജനകൻ എന്നതുകൊണ്ട് വസുദത്തനു വേറെ സന്താന[illegible] സൂചിപ്പിക്കുന്നു.

വൃ൮. ഇഹ = ഈ. ഉദഗ്രസ്യമഹോത്സവ[illegible] മഹത്തരോത്സവത്തിൽ. ദമ്പതികളാൽ = ത[illegible] [illegible]നാരാൽ. അനല്പം = ഏററവും. അനുമോദിതൻ = [illegible] തൃതീയമായ പുരുഷാർത്ഥം = കാമം. ചരിതാർത്ഥം = കൃതാർത്ഥം, ചിരം = വളരെ ദിവസം.

Digitized By Kerala Sahitya Akademi

സ്ഥൂലക്ഷേമം പുലർത്തി, പ്രിയസഖ സചിവ-
പ്രൌഢരഞ്ചാളുമൊന്നി-
ച്ച്വാ, ലക്ഷ്മീലാസ്യഭൂവാമളകയിൽ വിളയാ-
ടീടിനാൻ ചന്ദ്രസേനൻ.

ബന്ധുസമാഗമം പതിനെട്ടാം സർഗ്ഗം കഴിഞ്ഞു.

സമാപ്തം

---

വൃ൭. കാലത്താൽ=കാലക്രമേണ. വന്യ—മതി=വാനപ്രസ്ഥാശ്രമത്തിൽ മനസ്സുവെച്ചവൻ. അപ്പിച്ച=ഏല്പിച്ചുകൊടുത്തു. ഭൂമൌ=ഭൂമിയെ. അജസ്രം=എപ്പോഴും. സ്ഥൂലക്ഷേമം=മഹത്തായ സുഖം. ലക്ഷ്മീലാസ്യഭൂവ്=ശ്രീഭഗവതിയുടെ നൃത്തരംഗം

ശ്രീരസ്തു.

Digitized By Kerala Sahitya Akademi

# ശുദ്ധിപത്രം

| ഭാഗം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ൫ | ൧൦ | നിറവേററി | നിറവേററി |
| ൩ | ൧൧ | പോരിന്നാൽ | പോരിനാൽ |
| ൧൪ | ൧൦ | ഐശ്വമര്യാദാ | ഐശ്വൎയ്യമദാ |
| ടി | ൧൪ | ഭ്രശം | ബ്ഭ്രശം |
| ടി | ൨൪ | ദാഷം | ദോഷം |
| ൧൬ | ൧ | സപ്തസന്തു | സപ്തതന്തു |
| ൧൩ | ൭ | ച്ഛ്വാര | ല്പ്വാര |
| ടി | ൧൫ | സിതച്ശത്ര | സിതച്ഛത്ര |
| ൨൨ | ൧൮ | നായ്ഥൻ | നായകൻ |
| ൨൪ | ൯ | പോരാലിലക്ഷ | പേരാലിലജ്ഞ |
| ടി | ൧൬ | വലികുളാ | വലികളാ |
| ടി | ൧൯ | സിരങ്ങളാം | സിജ്ഞങ്ങളാം |
| ടി | ൨൦ | എന്നു | എന്നും |
| ടി | ൨൧ | പോററാത്ത | പൊററാത്ത |
| ൨൮ | ൧൦ | ശ്രീമത്വ | ശ്രീമത്വ |
| ടി | ൧൩ | രാജൽകു | രാജൽകള |
| ൨൩ | ൯ | മില്ലാത | മില്ലാതെ |
| ടി | ൧൮ | കേശൻ=വൈശ്ര<br>വണൻ | കേശർ=വൈശ്ര<br>വണർ |
| ൩൨ | ൧൧ | യഥേച്ശ | യഥേച്ഛ |
| ൩൫ | ൧൦ | ടെതിത്തകഴത്തി | ടെതിത്തൊരുതോ<br>ളി |
| ൩൭ | ൧൧ | വേറെ | വേറേ |
| ൩൬ | ൨൪ | ത്മക്ഷീണ | അക്ഷീണ |

Digitized By Kerala Sahitya Akademi

| ഭാഗം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ൩൯ | ൧൧ | ൧൦ | ൧൫ |
| ടി | ൧൪ | ൧൫ | ൧൨ |
| ടി | ൧൫ | ൧൨ | ൧൩ |
| ൪൦ | ൬ | ലുണ്ടോ? | ലുണ്ടോ? |
| ൪൧ | ൧൨ | തപസ്വനി | തപസ്വിനി |
| ൪൨ | ൨൭ | കാത്യായിനി | കാത്യായനി |
| ടി | ൧൪ | ഉത്ഭടന്മാർ | ഉത്ഭടഭടന്മാർ |
| ൪൩ | ൬ | ഭള | ഒള |
| ടി | ൯ | പ്പോത്തു | പോത്തു |
| ൪൪ | ൧൧ | അശ്വലായന | ആശ്വലായന |
| ൪൯ | ൬ | കൊതിയോടെ | കൊതിയോടേ |
| ടി | ൯ | ലവാഹരി | ലവഹരി |
| ൫൧ | ൨൨ | ആഗമ (വൃക്ഷ) | അഗമ (വൃക്ഷ) |
| ടി | ൨൭ | ഉതിർന്ന് | ഉതിർന്ന |
| ൫൩ | ൧൨ | ധൃതിയോട്ട | ധൃതിയൊട്ട |
| ടി | ൧൧ | ഐന്താ | അയ്ന്താം |
| ൫൬ | ൨ | കുടിലചാട്ടല | കുടിലകറിന |
| ടി | ൧൦ | ഇളകുന്ന | കട്ടത്ത |
| ൬൧ | ൯ | ഗളമിവ | ചുമലിവ |
| ൬൨ | ൭ | നിയലത്തി | നിലയത്തി |
| ൬൩ | ൨൦ | തൽക്കള്ളർ | നൽക്കള്ളർ |
| ടി | ൧൯ | ഗോരക്ഷയാൽ | ഗോരക്ഷയിൽ |
| ൬൪ | ൧൬ | ശ്ശുദ്ധം | ശ്ശുദ്ധാ |
| ടി | ൧൭ | വത്തി | വൃത്തി |
| ൬൭ | ൨൯ | വരുന്നു? എന്നു | വരുന്നു? എങ്ങോട്ടുപോകുന്നു? എന്നു |
| ൬൮ | ൨൩ | കാത്യായിനി | കാത്യായനി |
| ൬൯ | ൨൧ | വണ്ണ | വണ്ണ് |

Digitized By Kerala Sahitya Akademi

| ഭാഗം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ടി | ൧൮ | ഏ്യകദാ | ഹ്യകദാ |
| ൬൨ | ൨൩ | ഭാരം | ഭരം |
| ൬൪ | ൨൪ | മാന്നിട്ടും | മേന്തിട്ടും |
| ൬൫ | ൧൩ | തിമ്മട്ടി | തിന്മട്ടി |
| ൬൭ | ൧൨ | ളളവോട്ടു | ളവളോട്ടു |
| ൬൮ | ൨൨ | വിദശ്ധത=സമ ർത്ഥത | വിദശ്ധ=സമർത്ഥ |
| ൭൬ | ൫ | നാതപ | നാത്തപ |
| ൭൭ | ൧൬ | ചേന്നു | ചേന്നു |
| ൮൩ | ൫ | യേപ്പെട | യേപ്പെട്ടു |
| ൮൫ | ൨ | കുളുക്കവേ! | കുളുർക്കവേ |
| ടി | ൧൬ | വിട്ടു%ത്താ | വിട്ടുത്തൊ |
| ൮൯ | ൧൭ | പുണ— | പുണ്യ— |
| ൧൧൨ | ൧ | ശൈവ | ശൈശവ |
| ൧൧൫ | ൨൨ | പാർപ്പിടം | സ്വന്തം പാർപ്പിടം |
| ൧൧൭ | ൧൭ | നിട്ടി | നീട്ടി |
| ൧൨൪ | ൨൯ | പിളക്കു | വിളക്കു |
| ൧൨൬ | ൨൫ | സഭ്രാന്തി | സംഭ്രാന്തി |
| ൧൨൭ | ൯ | ചൊന്നോറെ | ച്ചൊന്നോറെ |
| ൧൩൦ | ൨൦ | കുറവു | കുറവു |
| ടി | ൨൪ | ച്ചേഷ്ടം | ച്ചേഷ്ടം |
| ൧൩൧ | ൧൫ | മറെറാരു | മാറെറാരു |
| ടി | ടി | ചുറം | മുറം |
| ൧൩൫ | ൫ | സുപ്രിയ | സല്പ്രിയ |
| ടി | ൮ | തൽഗുരു | തൻഗുരു |
| ൧൩൬ | ൧൭ | കോടി | കൊടി |
| ൧൪൨ | ൧൫ | കുളത്തി | കുളുത്തി |
| ൧൪൫ | ൧൦ | രാശവാതം | രാശിവാതം |
| ൧൪൬ | ൧൫ | ശ്രീഫ— | ശ്രീവി— |

Digitized By Kerala Sahitya Akademi

| ഭാഗം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| ൨൪൩ | ൧൦ | ജ്വാല | ലാജ്വ |
| ടി | ൧൫ | വരഷം | വർഷം |
| ൨൫൫ | ൨ | സത— | സത്ത— |
| ൨൯൦ | ൧൪ | ന്ന | ന്ന്* |
| ടി | ൧൫ | മൈചലൽാ | മൈലാൽ |
| ൨൯൪ | ൨൯ | സത— | സത്ത— |
| ൨൯൯ | ൨൮ | ലോചൻമുകിൽ | ലോലമുകിൽ |
| ടി | ൧൮ | മൃദ്വപടം | മൃട്ടപടം |
| ടി | ൧൯ | ത്തൊലി | ത്തോലി |
| ൨൯൩ | ൧൦ | സ്ലേതാ | സ്ലേതാ |
| ൨൬൦ | ൧൯ | ഭൃവ— | ഭൃവ— |
| ൨൭൧ | ൩ | കുടസ്ത്രീ | കുടക്കീ |
| ടി | ൧൦ | മിരിച്ച | മരിച്ച |
| ൨൮൪ | ൨൪ | ജീവച്ഛവ | ജീവച്ഛവ |
| ൨൮൯ | ൯ | ദ്വിജൃംഭിതം | ദ്വിജൃംഭിതം |
| ൨൮൬ | ൨൬ | പ്പട്ടം | പട്ടം |
| ൨൮൭ | ൧൭ | ത്തിന്നു | ത്തിന്നു |
| ൨൭൮ | ൨൧ | ച്യുതന്നാ | ച്യുതന്നാ |
| ൨൭൧ | ൩ | സ്ലേഴന്നൊള്ളി | സ്ലേഴനള്ളി |
| ടി | ൨൮ | ബന്ധവാഗ്നി | ബന്ധബാഗ്നി |
| ടി | ൨൬ | ചിര | ചിര |
| ൨൭൰ | ൧൰ | ചേക്കവാൻ | ചേക്ഷവാൻ |
| ൨൭൪ | ൨൯ | ബൃവ | ബൃവ |
| ൨൭൫ | ൧൫ | മരിപ്പിക്കാഞ്ഞ് | മരിപ്പിക്കാഞ്ഞ |
| ൨൩൦ | ൨൪ | മഗ്ഗണ | മാഗ്ഗണ |
| ൨൩൫ | ൧ | ചൈത്തിനാൻ | ചൈത്തിനാർ |
| ടി | ൧൯ | മതരായ് | തരായ് |
| ൨൩൬ | ൨൩ | കുനൽ | കുനൽ |
| ൨൩൩ | ൨൬ | ശ്രയമെന്തെ | ശ്രയമില്ലെ |

Digitized By Kerala Sahitya Akademi

| ഭാഗം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ടി | ൨൮ | ഭത്താ | ഭത്താ |
| ൨൦൧ | ൧൮ | ശ്ലേഴനെള്ളി | ശ്ലേഴനള്ളി |
| ടി | ൨൫ | അനന്ന്യമസ്സൻ | അനന്ന്യമനസ്സൻ |
| ൨൦൨ | ൮ | തപൊരതൻ | തപോരതൻ |
| ൨൦൩ | ൧൩ | തള്ളി | ത്തള്ളി |
| ൨൦൯ | ൧൮ | മിശ്രൻ | മിത്രൻ |
| ൨൧൨ | ൨൭ | ചെയ്യേത്തുണ്ട് | ചെയ്യേണ്ടത്തു് |
| ൨൧൪ | ൨൬ | പ്രവത്തി | പ്രവത്ത്തി |
| ൨൧൩ | ൧൬ | നിജാംലഗക്ഷ്മീ | നിജാംഗലക്ഷ്മീ |
| ൨൨൩ | ൧൩ | സത്താധികർ | സത്താധികന്മാർ |
| ൨൩൮ | ൨൭ | മൌക്തിമാല | മൌക്തികമാല |
| ൨൩൩ | ൨൮ | രചി | രീചി |
| ൨൪൦ | ൨൫ | ൪ന്ന | ന്നർ |
| ടി | ൨൭ | നിച്ഛിത | നിശ്ചിത |
| ൨൪൧ | ൧൯ | ആശ്രമത്തിൽ | ആശ്രമത്താൽ |
| ൨൪൨ | ൧൧ | ച്ചരച്ച | ച്ചറച്ച |
| ൨൪൫ | ൮ | ട്ടല്പസിപ്പൂ | ട്ടല്പസിപ്പൂ |
| ടി | ൧൫ | പേരാന്ന് | പേരാന്ന് |
| ടി | ൨൨ | ഒളങ്ങൾ | പത്രങ്ങൾ |
| ൨൫൦ | ൩ | പുനരെണ്ണു | പുനരെന്തു |
| ടി | ൧൨ | സാതിപ്പൂ | സാദിപ്പൂ |
| ടി | ൨൨ | ക്ഷേത്രു | ക്ഷേച്ഛ്രു |
| ൨൫൭ | ൨൪ | ദയ | ദയം |
| ടി | ൨൮ | പ്പതിന്നു | പ്പതിനു |
| ൨൬൧ | ൨൮ | തടസ്ഥിതൻ | തടസ്ഥിതനു |
| ൨൬൨ | ൧൦ | വിടർന്നാഴം | വിടരുന്നാഴം |
| ൨൬൩ | ൬ | ളേങ്ങളാൽ | ളേങ്ങളിൽ |
| ൨൬൮ | ൫ | ലിയററ | ലിയററ |
| ൨൬൯ | ൨൯ | സമീരമണ | സമീരണ |

Digitized By Kerala Sahitya Akademi

| ഭാഗം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ൨൩൦ | ൧൭ | കുടുംബെനി | കുടുംബിനീ |
| ൨൩൧ | ൧൭ | ചുട്ട | ച്ചുട്ട |
| ൨൩൨ | ൧൮ | ചേരു | പൈരു |
| ൨൩൪ | ൮ | ധരിത്ര | ധരിത്രി |
| ടി | ൨൧ | ത്തങ്ങളിർ | ത്തളിർ |
| ൨൩൫ | ൪ | ന്തിതഭ്യ | ന്തിനഭ്യ |
| ൨൩൬ | ൬ | മുദനേചതം | മുദനേചിതം |
| ടി | ൧൬ | ജ്ജനഃ | ജ്ജനം? |
| ൨൯൨ | ൧൭ | പിഗള | പിംഗള |
| ൨൯൮ | ൧ | ചേത്ത | ചേൎത്ത |
| ടി | ൨൪ | യാണീ | യാണ് |
| ൨൯൯ | | ൮-ാംവരിയ്ക്കു ചോടെയുള്ള “കുളുകം” | രണ്ടാംവരിക്കുചോടേ |
| ൨൭൦ | ൧൭ | ഒന്നാന്തരം ഭാഷ്യ | ഒന്നാംഗ്രഥണി- ഒന്നാന്തരംഭാഷ്യ |
| ടി | ൨൯ | പരം—കനം=ശ്രേഷ്ഠ | പര—കനം=ശ്രേഷ്ഠ |
| ൨൭൮ | ൯ | തന്നെ | തന്ന |
| ൨൭൪ | ൧൦ | ത്തീന്നു | ത്ത്.ന്നു |
| ൨൭൩ | ൧൮ | ചേർന്ന | ചേൎത്ത . |
| ൨൩൩ | ൨൧ | ത്തരുണ | അരുണ |
| ടി | ൨൪ | ... | വരവ് |
| ടി | ൧൬ | തിലകപര്യായം | തിലകം |
| ൩൦൦ | ൨൦ | ശങ്ങബ്ദം | ശബ്ദങ്ങൾ |
| ൩൦൨ | ൨൦ | പ്പെട്ടി | പ്പെട്ടു |
| ൩൦൮ | ൭ | മാന്നു | മാന്ന |
| ൩൦൪ | ൧൮ | കളയായ | കളായ |
| ടി | ൨൦ | ദരശന | ദശ്ന |

Digitized By Kerala Sahitya Akademi

| ഭാഗം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ന ൦൯ | ന | ടദര | ട്ടദയ |
| ടി | ൨ ൦ | എന്നഥം | എന്നത്ഥം |
| ന ൦൭ | ൨ ന | മുഖസാമ്യ | മുഖത്തോട്ട സാമ്യ |
| ന ൦ ന | ൔവ്വ | സ്കംഭിക്ക | സ്കംഭിക്കു |
| ന ൔൔ | ൔ | തഴക്കകെ | തഴക്കക |
| ന ൟവ്വ | ൯ | ചടന്നു | ചടന്നു |
| ടി | ന | നീതനാം | നീതയാം |
| ന ൨ ൔ | ന | വരികടോ | വരികെടോ |
| ടി | ൨ ന | പവ്വതങ്ങൾ | പവ്വതങ്ങൾ |
| ന ൨ ന | ൬ | സ്മൃതി | ധൃതി |
| ടി | ൨ ൨ | ജുഗുപസയെ് | ജുഗുപ്സയെ |
| ന ൨ ൪ | ൔൔ | തനയാം | നതയാം |
| ടി | ൔ൬ | യതോത്ര | യതോത്ര |
| ന ൨ വ്വ | ൨ | തമ്പി | തമ്പി |
| ടി | ൨ ൪ | മാമണെല്ലോ | മണെല്ലോ |
| ന ൨ ന | ൨ ൯ | ഹൃദയമെന്നും | ഹൃദയമെന്നും |
| ന ന ൦ | ൨ ൪ | പാതങ്ങൾ | പാതകങ്ങൾ |
| ന ൪ ൨ | ൔ൬ | ചേന്നു | ചേന്നു |
| ടി | ൨ ൬ | മാംസഭോജി | മാംസഭോജി |
| ന ൪ ന | ൨ ൨ | സരത്തിൽ | സരിത്തിൽ |
| ടി | ൨ ൬ | വാരഞ്ചം | വാരഞ്ചും |
| ന ൪ ൪ | ൔ൭ | ശാസ്ത്രങ്ങൾ | ശസ്ത്രങ്ങൾ |
| ന ൪ ന | ൔവ്വ | സദ്വൃത്തി | സദ്വൃത്ത |
| ന ൯ ൪ | ൔന | ദൃഢദ | ദൃഢദ |
| ന ൯ ൬ | ൭ | വരളും | വരളും |
| ന ൬ ൔ | ൨ ൔ | ദുഖങ്ങൾ | ദുഃഖങ്ങൾ |
| ന ൬ ൨ | ൔ | ചുറ | ചുറ |
| ടി | ൔ ൯ | പ്രാപ | പ്രാപി |
| ടി | ൔവ്വ | സ്സാര | സ്ഥാര |

Digitized By Kerala Sahitya Akademi

| ഭാഗം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ൩൱൨ | ൨൩ | രുണി | രിണി |
| ൩൱൩ | ൧൯ | ധാത്രു | ധാതു |
| ൩൱൪ | ൧൨ | ശങ്കയോടേ | ശങ്കയൊടേ |
| ൩൱൬ | ൧൬ | നരരോട്ടു | നരരൊട്ടു |
| ൩൨൧ | ൧൭ | ന്നുടനേ | ന്നുടനെ |
| ടി | ൨൯ | പൂവ്വാഢം | പൂൎവ്വാഢം |
| ൩൨൨ | ൨൩ | ജയകതു | ജയകേതു |
| ൩൨൭ | ൯ | ഹന്ത്യാര്യ | ഹന്താൎയ്യ |
| ൩൨൩ | ൧൩ | ചല്ലി | ചില്ലി |
| ൩൩൪ | ൪ | നിന്ദിമെടൻറ | നിന്ദിതമെൻറ |
| ടി | ൬ | ങ്ങളെറി | ങ്ങളറി |
| ടി | ൨൫ | വിരലിൽ | വിരലിൻ |
| ടി | ൨൪ | ലയെയുള്ള | ലെയുള്ള |
| ൩൩൯ | ൩ | ബിംബശ്രീ | ബിംബശ്രീ |
| ടി | ൧൭ | ഉപകാരം | ഉപചാരം |
| ടി | ൧൮ | രാദ്ധം | രംഗം |
| ടി | ൧൬ | ലാവ | ലാവു |
| ൩൩൩ | ൧ | കാത്താ | കാത്യാ |
| ൩൩൭ | ൧൪ | നടജ്ജി | നടജ്ജ |
| ൩൩൮ | ൧൧ | ശ്രുഭാ | ശ്രൂഭാ |
| ടി | ൨൮ | ശ്രുാ | ശ്രുഭാ |
| ൩൬൧ | ൨൦ | വലവൈര | വലവൈരി |
| ൩൬൨ | ൬ | ന്നുട | ന്നവ |
| ൩൬൩ | ൧൮ | ക്ഷിരാധായുധ | ക്ഷിരാതായുധ |
| ൩൬൪ | ൨ | കൊവന്ന | കൈവന്ന |
| ടി | ൪ | യതതതി | യതമതി |
| ൩൬൯ | ൧൪ | ചെയ്യു | പെയ്യു |
| ൩൬൰ | ൧ | തന്നുള്ളിൽ | തന്നുള്ളിൻ |
| ടി | ൯ | തരാവലി | താരാവലി |
| ടി | ൧൨ | മോലിതനു | മോദിതൻ |

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi